# കേരള നിയമസഭാ നടപടികൾ

## പതിനാലാം കേരള നിയമസഭ

## പന്ത്രണ്ടാം സമ്മേളനം

2018 ആഗസ്റ്റ് 30, വ്യാഴം

# ഔദ്യോഗിക റിപ്പോർട്ട്

## വാല്യം 173- നമ്പർ 1

വില : ₹ 50

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം

# കേരള നിയമസഭാ നടപടികൾ

## പതിനാലാം കേരള നിയമസഭ

### പന്ത്രണ്ടാം സമ്മേളനം

2018 ആഗസ്റ്റ് 30, വ്യാഴം

സ്പീക്കർ
**ശ്രീ. പി. ശ്രീരാമകൃഷ്ണൻ**

ഡെപ്യൂട്ടി സ്പീക്കർ
**ശ്രീ. വി. ശശി**

സെക്രട്ടറി
**ശ്രീ. വി. കെ. ബാബുപ്രകാശ്**

ചീഫ് എഡിറ്റർ
**ശ്രീമതി വി. ചെറുപുഷ്പം**

എഡിറ്റിംഗ് ബ്രാഞ്ച്
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം

778/2020

# മന്ത്രിസഭാംഗങ്ങൾ

| | | |
|---|---|---|
| മുഖ്യമന്ത്രി | : | ശ്രീ. പിണറായി വിജയൻ |
| പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി | : | ശ്രീ. എ. കെ. ബാലൻ |
| റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി | : | ശ്രീ. ഇ. ചന്ദ്രശേഖരൻ |
| ഉന്നത വിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫും ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി | : | ഡോ. കെ. ടി. ജലീൽ |
| വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി | : | ശ്രീ. ഇ. പി. ജയരാജൻ* |
| വൈദ്യുതി വകുപ്പുമന്ത്രി | : | ശ്രീ. എം. എം. മണി |
| ജലവിഭവ വകുപ്പുമന്ത്രി | : | ശ്രീ. മാത്യു ടി. തോമസ് |
| മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി | : | ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ |
| തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി | : | ശ്രീ. എ. സി. മൊയ്തീൻ |
| വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി | : | ശ്രീ. കെ. രാജു |
| തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി | : | ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി |
| തൊഴിലും എക്സൈസും വകുപ്പുമന്ത്രി | : | ശ്രീ. റ്റി. പി. രാമകൃഷ്ണൻ |
| പൊതുവിദ്യാഭ്യാസ വകുപ്പുമന്ത്രി | : | പ്രൊഫ. സി. രവീന്ദ്രനാഥ് |
| ഗതാഗത വകുപ്പുമന്ത്രി | : | ശ്രീ. എ. കെ. ശശീന്ദ്രൻ |
| ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശുവികസനവും വകുപ്പുമന്ത്രി | : | ശ്രീമതി കെ. കെ. ശൈലജ ടീച്ചർ |
| പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി | : | ശ്രീ. ജി. സുധാകരൻ |
| കൃഷി വകുപ്പുമന്ത്രി | : | ശ്രീ. വി. എസ്. സുനിൽ കുമാർ |
| സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി | : | ശ്രീ. കടകംപള്ളി സുരേന്ദ്രൻ |
| ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി | : | ശ്രീ. പി. തിലോത്തമൻ |
| ധനകാര്യവും കയറും വകുപ്പുമന്ത്രി | : | ഡോ. ടി. എം. തോമസ് ഐസക് |

*14-8-2018—ന് മന്ത്രിയായി സത്യപ്രതിജ്ഞ ചെയ്തു.

## പതിനാലാം കേരള നിയമസഭ

## (അംഗങ്ങൾ)

1. ശ്രീ. അബ്ദുൽ ഹമീദ് പി. (വള്ളിക്കുന്ന്)
2. ശ്രീ. കെ. വി. അബ്ദുൾ ഖാദർ (ഗുരുവായൂർ)
3. ശ്രീ. പാറക്കൽ അബ്ദുല്ല (കുറ്റ്യാടി)
4. ശ്രീ. പി. കെ. അബ്ദു റബ്ബ് (തിരൂരങ്ങാടി)
5. ശ്രീ. വി. അബ്ദുറഹിമാൻ (താനൂർ)
6. ശ്രീ. പി. ബി. അബ്ദുൽ റസ്സാക്ക് (മഞ്ചേശ്വരം)
7. പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ (കോട്ടയ്ക്കൽ)
8. ശ്രീ. വി. എസ്. അച്യുതാനന്ദൻ (മലമ്പുഴ)
9. ശ്രീ. അടൂർ പ്രകാശ് (കോന്നി)
10. ശ്രീ. ടി. എ. അഹമ്മദ് കബീർ (മങ്കട)
11. ശ്രീമതി പി. അയിഷാ പോറ്റി (കൊട്ടാരക്കര)
12. ശ്രീ. മഞ്ഞളാംകുഴി അലി (പെരിന്തൽമണ്ണ)
13. ശ്രീ. അനിൽ അക്കര (വടക്കാഞ്ചേരി)
14. ശ്രീ. എ. പി. അനിൽ കുമാർ (വണ്ടൂർ - എസ്. സി.)
15. ശ്രീ. അനൂപ് ജേക്കബ് (പിറവം)
16. ശ്രീ. കെ. ആൻസലൻ (നെയ്യാറ്റിൻകര)
17. ശ്രീ. ആന്റണി ജോൺ (കോതമംഗലം)
18. ശ്രീ. പി. വി. അൻവർ (നിലമ്പൂർ)
19. ശ്രീ. അൻവർ സാദത്ത് (ആലുവ)
20. ശ്രീ. എ. എം. ആരിഫ് (അരൂർ)
21. പ്രൊഫ. കെ. യു. അരുണൻ (ഇരിങ്ങാലക്കുട)
22. ശ്രീമതി സി. കെ. ആശ (വൈക്കം- എസ്. സി.)

23. ശ്രീ. കെ. ബാബു (നെന്മാറ)
24. ശ്രീ. ഐ. സി. ബാലകൃഷ്ണൻ (സുൽത്താൻ ബത്തേരി-എസ്.ടി)
25. ശ്രീ. എ. കെ. ബാലൻ (തരൂർ - എസ്. സി.)
26. ശ്രീ. വി. ടി. ബൽറാം (തൃത്താല)
27. ശ്രീ. പി. കെ. ബഷീർ (ഏറനാട്)
28. ശ്രീമതി ഇ. എസ്. ബിജിമോൾ (പീരുമേട്)
29. ശ്രീ. ഇ. ചന്ദ്രശേഖരൻ (കാഞ്ഞങ്ങാട്)
30. ശ്രീ. കെ. ദാസൻ (കൊയിലാണ്ടി)
31. ശ്രീ. ബി. ഡി. ദേവസ്സി (ചാലക്കുടി)
32. ശ്രീ. സി. ദിവാകരൻ (നെടുമങ്ങാട്)
33. ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് (കളമശ്ശേരി)
34. ശ്രീ. എൽദോ എബ്രഹാം (മൂവാറ്റുപുഴ)
35. ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ (പെരുമ്പാവൂർ)
36. ശ്രീ. കെ. ബി.ഗണേഷ് കുമാർ (പത്തനാപുരം)
37. ശ്രീമതി ഗീതാ ഗോപി (നാട്ടിക -എസ്. സി.)
38. ശ്രീ. ജോർജ് എം. തോമസ് (തിരുവമ്പാടി)
39. ശ്രീ. പി. സി. ജോർജ് (പൂഞ്ഞാർ)
40. ശ്രീ. ചിറ്റയം ഗോപകുമാർ (അടൂർ - എസ് സി.)
41. ശ്രീ. സി. കെ. ഹരീന്ദ്രൻ (പാറശ്ശാല)
42. ശ്രീ. ഹൈബി ഈഡൻ (എറണാകുളം)
43. ശ്രീ. ടി. വി. ഇബ്രാഹിം (കൊണ്ടോട്ടി)
44. ഡോ. കെ. ടി. ജലീൽ (തവനൂർ)
45. ശ്രീ. ജെയിംസ് മാത്യു (തളിപ്പറമ്പ്)
46. ശ്രീ. ജി. എസ്. ജയലാൽ (ചാത്തന്നൂർ)

47. ഡോ. എൻ. ജയരാജ് (കാഞ്ഞിരപ്പള്ളി)
48. ശ്രീ. ഇ. പി. ജയരാജൻ (മട്ടന്നൂർ)
49. ശ്രീ. ജോൺ ഫെർണാണ്ടസ് (ആംഗ്ലോ ഇന്ത്യൻ പ്രതിനിധി)
50. ശ്രീ. കെ. സി. ജോസഫ് (ഇരിക്കൂർ)
51. ശ്രീ. പി. ജെ. ജോസഫ് (തൊടുപുഴ)
52. ശ്രീ. വി. ജോയി (വർക്കല)
53. ശ്രീ. ഒ.ആർ. കേളു (മാനന്തവാടി-എസ്. ടി.)
54. ശ്രീ. കെ. എൻ. എ. ഖാദർ (വേങ്ങര)
55. ശ്രീ. സി. കൃഷ്ണൻ (പയ്യന്നൂർ)
56. ശ്രീ. കെ. കൃഷ്ണൻകുട്ടി (ചിറ്റൂർ)
57. ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ)
58. ശ്രീ. കോവൂർ കുഞ്ഞുമോൻ (കുന്നത്തൂർ-എസ് സി.)
59. ശ്രീ. വി. കെ. സി. മമ്മത് കോയ (ബേപ്പൂർ)
60. ശ്രീ. സി. മമ്മൂട്ടി (തിരൂർ)
61. ശ്രീ. കെ. എം. മാണി (പാലാ)
62. ശ്രീ. എം. എം. മണി (ഉടുമ്പൻചോല)
63. ശ്രീ. മാത്യു ടി. തോമസ് (തിരുവല്ല)
64. ശ്രീ. കെ. ജെ. മാക്സി (കൊച്ചി)
65. ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ (കുണ്ടറ)
66. ശ്രീ. എ. സി. മൊയ്തീൻ (കുന്നംകുളം)
67. ശ്രീ. മോൻസ് ജോസഫ് (കടുത്തുരുത്തി)
68. ശ്രീ. മുഹമ്മദ് മുഹസിൻ പി. (പട്ടാമ്പി)
69. ശ്രീ. എം. മുകേഷ് (കൊല്ലം)
70. ഡോ. എം. കെ. മുനീർ (കോഴിക്കോട് സൗത്ത്)

71. ശ്രീ. കെ. മുരളീധരൻ (വട്ടിയൂർക്കാവ്)
72. ശ്രീ. ഡി. കെ. മുരളി (വാമനപുരം)
73. ശ്രീ. മുരളി പെരുനെല്ലി (മണലൂർ)
74. ശ്രീ. സി. കെ. നാണു (വടകര)
75. ശ്രീ. എൻ. എ. നെല്ലിക്കുന്ന് (കാസർഗോഡ്)
76. ശ്രീ. എം. നൗഷാദ് (ഇരവിപുരം)
77. ശ്രീ. ഉമ്മൻ ചാണ്ടി (പുതുപ്പള്ളി)
78. ശ്രീ. യു. ആർ. പ്രദീപ് (ചേലക്കര)
79. ശ്രീ. എ. പ്രദീപ്കുമാർ (കോഴിക്കോട് നോർത്ത്)
80. ശ്രീ. കെ. ഡി. പ്രസേനൻ (ആലത്തൂർ)
81. ശ്രീമതി യു. പ്രതിഭ (കായംകുളം)
82. ശ്രീ. പുരുഷൻ കടലുണ്ടി (ബാലുശ്ശേരി - എസ്. സി.)
83. ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ (കോട്ടയം)
84. ശ്രീ. പി. ടി. എ. റഹീം (കുന്ദമംഗലം)
85. ശ്രീ. ഒ. രാജഗോപാൽ (നേമം)
86. ശ്രീ. എം. രാജഗോപാലൻ (തൃക്കരിപ്പൂർ)
87. ശ്രീ. കെ. രാജൻ (ഒല്ലൂർ)
88. ശ്രീ. എസ്. രാജേന്ദ്രൻ (ദേവികുളം-എസ്. സി.)
89. ശ്രീ. ആർ. രാജേഷ് (മാവേലിക്കര-എസ്. സി.)
90. ശ്രീ. റ്റി. വി. രാജേഷ് (കല്യാശ്ശേരി)
91. ശ്രീ. കെ. രാജു (പുനലൂർ)
92. ശ്രീ. രാജു എബ്രഹാം (റാന്നി)
93. ശ്രീ. ആർ. രാമചന്ദ്രൻ (കരുനാഗപ്പള്ളി)
94. ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി (കണ്ണൂർ)

95. ശ്രീ. റ്റി. പി. രാമകൃഷ്ണൻ (പേരാമ്പ്ര)
96. ശ്രീ. രമേശ് ചെന്നിത്തല (ഹരിപ്പാട്)
97. ശ്രീ. മുല്ലക്കര രത്നാകരൻ (ചടയമംഗലം)
98. പ്രൊഫ. സി. രവീന്ദ്രനാഥ് (പുതുക്കാട്)
99. ശ്രീ. കാരാട്ട് റസാഖ് (കൊടുവള്ളി)
100 ശ്രീ. റോജി എം. ജോൺ (അങ്കമാലി)
101. ശ്രീ. റോഷി അഗസ്റ്റിൻ (ഇടുക്കി)
102. ശ്രീ. കെ. എസ്. ശബരീനാഥൻ (അരുവിക്കര)
103. ശ്രീ. വി. പി. സജീന്ദ്രൻ (കുന്നത്തുനാട്-എസ് സി.)
104. ശ്രീ. സജി ചെറിയാൻ (ചെങ്ങന്നൂർ)
105. ശ്രീ. എൻ. ഷംസുദ്ദീൻ (മണ്ണാർക്കാട്)
106. ശ്രീ. എസ്. ശർമ്മ (വൈപ്പിൻ)
107. ശ്രീ. എ. കെ. ശശീന്ദ്രൻ (എലത്തൂർ)
108. ശ്രീ. സി. കെ. ശശീന്ദ്രൻ (കൽപ്പറ്റ)
109. ശ്രീ. പി. കെ. ശശി (ഷൊർണ്ണൂർ)
110. ശ്രീ. വി. ശശി (ചിറയിൻകീഴ്-എസ്. സി.)
111. ശ്രീ. വി. ഡി. സതീശൻ (പറവൂർ)
112. ശ്രീ. ഐ. ബി. സതീഷ് (കാട്ടാക്കട)
113. ശ്രീ. ബി. സത്യൻ (ആറ്റിങ്ങൽ-എസ് സി.)
114. ശ്രീ. ഷാഫി പറമ്പിൽ (പാലക്കാട്)
115. ശ്രീ. കെ. എം. ഷാജി (അഴീക്കോട്)
116. ശ്രീ. എ. എൻ. ഷംസീർ (തലശ്ശേരി)
117. ശ്രീമതി കെ. കെ. ശൈലജ ടീച്ചർ (കൂത്തുപറമ്പ്)
118. ശ്രീ. വി. എസ്. ശിവകുമാർ (തിരുവനന്തപുരം)

119. ശ്രീ. പി. ശ്രീരാമകൃഷ്ണൻ (പൊന്നാനി)

120. ശ്രീ. ജി. സുധാകരൻ (അമ്പലപ്പുഴ)

121. ശ്രീ. വി. ആർ. സുനിൽ കുമാർ (കൊടുങ്ങല്ലൂർ)

122. ശ്രീ. വി. എസ്. സുനിൽ കുമാർ (തൃശ്ശൂർ)

123. ശ്രീ. സണ്ണി ജോസഫ് (പേരാവൂർ)

124. ശ്രീ. കടകംപള്ളി സുരേന്ദ്രൻ (കഴക്കൂട്ടം)

125. ശ്രീ. കെ. സുരേഷ് കുറുപ്പ് (ഏറ്റുമാനൂർ)

126. ശ്രീ. എം. സ്വരാജ് (തൃപ്പൂണിത്തുറ)

127. ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ (കയ്പമംഗലം)

128. ശ്രീ. പി. തിലോത്തമൻ (ചേർത്തല)

129. ശ്രീ. സി. എഫ്. തോമസ് (ചങ്ങനാശ്ശേരി)

130. ശ്രീ. പി. ടി. തോമസ് (തൃക്കാക്കര)

131. ശ്രീ. തോമസ് ചാണ്ടി (കുട്ടനാട്)

132. ഡോ. ടി. എം. തോമസ് ഐസക് (ആലപ്പുഴ)

133. ശ്രീ. പി. ഉബൈദുള്ള (മലപ്പുറം)

134. ശ്രീ. എം. ഉമ്മർ (മഞ്ചേരി)

135. ശ്രീ. പി. ഉണ്ണി (ഒറ്റപ്പാലം)

136. ശ്രീമതി വീണാ ജോർജ്ജ് (ആറന്മുള)

137. ശ്രീ. കെ. വി. വിജയദാസ് (കോങ്ങാട്-എസ് സി.)

138. ശ്രീ. ഇ. കെ. വിജയൻ (നാദാപുരം)

139. ശ്രീ. പിണറായി വിജയൻ (ധർമ്മടം)

140. ശ്രീ. എൻ. വിജയൻ പിള്ള (ചവറ)

141. ശ്രീ. എം. വിൻസെന്റ് (കോവളം)

## വിവിധ മന്ത്രിമാർ ചുമതല വഹിക്കുന്ന വിഷയങ്ങളുടെ പട്ടിക

ശ്രീ. പിണറായി വിജയൻ, മുഖ്യമന്ത്രി

പൊതുഭരണം

അഖിലേന്ത്യാ സർവ്വീസുകൾ

ആസൂത്രണവും സാമ്പത്തികകാര്യവും

ശാസ്ത്രം, സാങ്കേതികശാസ്ത്രം, പരിസ്ഥിതി

മലിനീകരണ നിയന്ത്രണം

സയന്റിഫിക് ഇൻസ്റ്റിറ്റ്യൂട്ട്

പേഴ്സണൽ ആൻഡ് അഡ്മിനിസ്ട്രേറ്റീവ്  റിഫോംസ്

തെരഞ്ഞെടുപ്പ്

ഇന്റഗ്രേഷൻ

ഇൻഫർമേഷൻ ടെക്നോളജി

സൈനികക്ഷേമം

ദുരിതാശ്വാസം

സ്റ്റേറ്റ് ഹോസ്പിറ്റാലിറ്റി

എയർപോർട്ട്സ്

മെട്രോ റെയിൽ

അന്തർ സംസ്ഥാന നദീജലം

ഇൻഫർമേഷൻ ആൻഡ് പബ്ലിക് റിലേഷൻസ്

നോർക്ക

ആഭ്യന്തരം

വിജിലൻസ്

അഡ്മിനിസ്ട്രേഷൻ ഓഫ് സിവിൽ ആൻഡ് ക്രിമിനൽ ജസ്റ്റിസ്

അഗ്നിശമനം

ജയിലുകൾ

അച്ചടിയും സ്റ്റേഷനറിയും

ഇൻലാന്റ് നാവിഗേഷൻ (ജലപാത നിർമ്മാണം)

കേരള ഷിപ്പിംഗ് ആൻഡ് ഇൻലാന്റ് നാവിഗേഷൻ കോർപ്പറേഷൻ

രാജീവ്ഗാന്ധി അക്കാദമി ഫോർ ഏവിയേഷൻ ടെക്നോളജി

മറ്റെങ്ങും പരാമർശിച്ചിട്ടില്ലാത്ത വിഷയങ്ങൾ

<u>ശ്രീ. എ. കെ. ബാലൻ, പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി</u>

പട്ടികജാതിക്ഷേമം

പട്ടികവർഗ്ഗക്ഷേമം

പിന്നോക്കസമുദായക്ഷേമം

നിയമം

സാംസ്കാരികം

പാർലമെന്ററികാര്യം

കേരള സംസ്ഥാന സാംസ്കാരിക പ്രവർത്തക ക്ഷേമനിധി ബോർഡ്

കേരള സ്റ്റേറ്റ് ഫിലിം ഡെവലപ്മെന്റ് കോർപ്പറേഷൻ

കേരള ചലച്ചിത്ര അക്കാദമി

<u>ശ്രീ. ഇ. ചന്ദ്രശേഖരൻ, റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി</u>

ലാന്റ് റവന്യൂ

സർവ്വേയും ലാന്റ് റെക്കോർഡ്സും

ലാന്റ് റിഫോംസ്

ഭവനനിർമ്മാണം

<u>ഡോ. കെ. ടി. ജലീൽ, ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫും ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി</u>

കോളേജ് വിദ്യാഭ്യാസം

സാങ്കേതിക വിദ്യാഭ്യാസം

സർവ്വകലാശാലകൾ (കാർഷിക വെറ്ററിനറി, ഫിഷറീസ്),

മെഡിക്കൽ സർവ്വകലാശാല ഒഴികെ)

പ്രവേശന പരീക്ഷകൾ

എൻ.സി.സി.

അസാപ് (ASAP)

ന്യൂനപക്ഷക്ഷേമം

വഖഫും ഹജ്ജ് തീർത്ഥാടനവും

ശ്രീ. ഇ. പി. ജയരാജൻ, വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി

വ്യവസായം (സഹകരണ വ്യവസായ സ്ഥാപനങ്ങൾ ഉൾപ്പെടെ)

വാണിജ്യം

കൈത്തറിയും ടെക്സ്റ്റൈലും

ഖാദി ആൻഡ് വില്ലേജ് ഇൻഡസ്ട്രീസ്

മൈനിംഗ് ആൻഡ് ജിയോളജി

സ്പോർട്സും യുവജനകാര്യവും

ശ്രീ. എം. എം. മണി, വൈദ്യുതി വകുപ്പുമന്ത്രി

വിദ്യുച്ഛക്തി

ശ്രീ. മാത്യു ടി. തോമസ്, ജലവിഭവ വകുപ്പുമന്ത്രി

ജലസേചനം

കമാൻഡ് ഏരിയ ഡെവലപ്മെന്റ് അതോറിറ്റി

ഗ്രൗണ്ട് വാട്ടർ ഡെവലപ്മെന്റ്

ശുദ്ധജലവിതരണവും ശുചീകരണവും

ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ, മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി

മത്സ്യബന്ധനം

ഹാർബർ എഞ്ചിനീയറിംഗ്

കശുവണ്ടി വ്യവസായം

ഫിഷറീസ് സർവ്വകലാശാല

<u>ശ്രീ. എ. സി. മൊയ്തീൻ, തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി</u>

പഞ്ചായത്തുകളും മുനിസിപ്പാലിറ്റികളും കോർപ്പറേഷനുകളും

(തദ്ദേശസ്വയംഭരണം)

ഗ്രാമവികസനം

ടൗൺ പ്ലാനിംഗ്

കില

പ്രാദേശിക വികസന അതോറിറ്റികൾ

<u>ശ്രീ. കെ. രാജു, വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി</u>

വനം

വന്യജീവി സംരക്ഷണം

മൃഗസംരക്ഷണം

ക്ഷീരവികസനം, ക്ഷീരസഹകരണ സ്ഥാപനങ്ങൾ

മൃഗശാലകൾ

<u>ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി, തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി</u>

തുറമുഖം

കാഴ്ചബംഗ്ലാവുകൾ

പുരാവസ്തു

പുരാരേഖ

<u>ശ്രീ. റ്റി. പി. രാമകൃഷ്ണൻ, തൊഴിലും എക്സൈസും വകുപ്പുമന്ത്രി</u>

തൊഴിൽ

നൈപുണ്യം

തൊഴിലും പരിശീലനവും

പുനരധിവാസം

ഫാക്ടറീസ് ആൻഡ് ബോയിലേഴ്സ്

ഇൻഷ്വറൻസ് മെഡിക്കൽ സർവ്വീസ്

ഇൻഡസ്ട്രിയൽ ട്രൈബ്യൂണൽസ്

എക്സൈസ്

ലേബർ കോർട്ട്സ്

പ്രൊഫ. സി. രവീന്ദ്രനാഥ്, പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി

പൊതുവിദ്യാഭ്യാസം

സാക്ഷരതാ പ്രവർത്തനം

ശ്രീ. എ. കെ. ശശീന്ദ്രൻ, ഗതാഗത വകുപ്പുമന്ത്രി

റോഡ് ഗതാഗതം

മോട്ടോർ വാഹനങ്ങൾ

ജലഗതാഗതം

ശ്രീമതി കെ. കെ. ശൈലജ ടീച്ചർ, ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി

ആരോഗ്യം

കുടുംബക്ഷേമം

മെഡിക്കൽ വിദ്യാഭ്യാസം

ഇൻഡിജിനസ് മെഡിസിൻ

മെഡിക്കൽ സർവ്വകലാശാല

ഡ്രഗ്സ് കൺട്രോൾ

ഹോമിയോപ്പതി

പ്രകൃതി ചികിത്സ

ആയുഷ്

സാമൂഹ്യനീതി

<u>ശ്രീ. ജി. സുധാകരൻ, പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി</u>

പൊതുമരാമത്ത്

രജിസ്ട്രേഷൻ
കമ്പിത്തപാൽ

റെയിൽവേ

<u>ശ്രീ. വി. എസ്. സുനിൽ കുമാർ, കൃഷി വകുപ്പുമന്ത്രി</u>

കൃഷി

സോയിൽ സർവ്വേ

സോയിൽ കൺസർവേഷൻ

കാർഷിക സർവ്വകലാശാല

വെറ്ററിനറി സർവ്വകലാശാല

വെയർഹൗസിംഗ് കോർപ്പറേഷൻ

<u>ശ്രീ. കടകംപള്ളി സുരേന്ദ്രൻ, സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി</u>

സഹകരണം

വിനോദസഞ്ചാരം

ദേവസ്വം

<u>ശ്രീ. പി. തിലോത്തമൻ, ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി</u>

ഭക്ഷ്യവും സിവിൽ സപ്ലൈസും

ഉപഭോക്തൃകാര്യം

ലീഗൽ മെട്രോളജി

<u>ഡോ. ടി. എം. തോമസ് ഐസക്, ധനകാര്യവും കയറും വകുപ്പുമന്ത്രി</u>

ധനകാര്യം

നാഷണൽ സേവിംഗ്സ്

സ്റ്റോർ പർച്ചേസ്

വാണിജ്യനികുതി

കാർഷികാദായ നികുതി

ട്രഷറീസ്

ലോട്ടറീസ്

സ്റ്റേറ്റ് ഓഡിറ്റ്

കേരള ഫിനാൻഷ്യൽ കോർപ്പറേഷൻ

കേരള സ്റ്റേറ്റ് ഫിനാൻഷ്യൽ എന്റർപ്രൈസസ്

സ്റ്റേറ്റ് ഇൻഷ്വറൻസ്

സ്റ്റാമ്പ് ആൻഡ് സ്റ്റാമ്പ് ഡ്യൂട്ടീസ്

കയർ.

# ഉള്ളടക്കം

*പേജ്*


**I ചരമോപചാരം**

അടൽ ബിഹാരി വാജ്പേയി, സോമനാഥ് ചാറ്റർജി, എം. കരുണാനിധി, ചെർക്കളം അബ്ദുള്ള, ടി. കെ. ആറുമുഖൻ എന്നിവരുടെയും പ്രളയ ദുരന്തത്തിൽ ജീവൻ നഷ്ടപ്പെട്ടവരുടെയും നിര്യാണം ...1

**II ചട്ടം 130 അനുസരിച്ചുള്ള ഉപക്ഷേപത്തിന്മേലുള്ള ചർച്ച**

കാലവർഷക്കെടുതി ...7

**III ചട്ടം 275 പ്രകാരമുള്ള സബ്സ്റ്റാന്റീവ് മോഷൻ**

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ) ...197

**IV പ്രമേയം**

സഭ അനിശ്ചിതകാലത്തേയ്ക്ക് പിരിയുന്നത് സംബന്ധിച്ച്

– മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ) ...200

**കേരള നിയമസഭാ നടപടികൾ**

**പതിനാലാം കേരള നിയമസഭ**

**പന്ത്രണ്ടാം സമ്മേളനം**

*2018 ആഗസ്റ്റ് 30, വ്യാഴം*

| വാല്യം 173] | ഔദ്യോഗിക റിപ്പോർട്ട് | [നമ്പർ 1 |
|---|---|---|

പതിനാലാം കേരള നിയമസഭയുടെ പന്ത്രണ്ടാം സമ്മേളനം 2018 ആഗസ്റ്റ് മാസം 30-ാം തീയതി വ്യാഴാഴ്ച രാവിലെ 09.00 മണിക്ക് ദേശീയഗാനാലാപനത്തോടെ ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. പി. ശ്രീരാമകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ ചേർന്നു.

മി. സ്പീക്കർ: ഓർഡർ... ഓർഡർ... ചോദ്യം നമ്പർ *31

## I ചരമോപചാരം

## അടൽ ബിഹാരി വാജ്പേയി, സോമനാഥ് ചാറ്റർജി, എം. കരുണാനിധി, ചെർക്കളം അബ്ദുള്ള, ടി. കെ. ആറുമുഖൻ എന്നിവരുടെയും പ്രളയ ദുരന്തത്തിൽ ജീവൻ നഷ്ടപ്പെട്ടവരുടെയും നിര്യാണം

മുൻപ്രധാനമന്ത്രി അടൽ ബിഹാരി വാജ്പേയി, മുൻലോക്സഭാ സ്പീക്കർ സോമനാഥ് ചാറ്റർജി, തമിഴ്നാട് മുൻമുഖ്യമന്ത്രി എം. കരുണാനിധി, മുൻമന്ത്രി ചെർക്കളം അബ്ദുള്ള, മുൻ നിയമസഭാംഗം ടി. കെ. ആറുമുഖൻ എന്നിവർ അടുത്തിടെ നിര്യാതരായി. കൂടാതെ സംസ്ഥാനത്ത് അടുത്തകാലത്തുണ്ടായ പ്രളയദുരന്തത്തിൽ നിരവധിപേർ മരണപ്പെടുകയുണ്ടായി.

### അടൽ ബിഹാരി വാജ്പേയി

മുൻഇന്ത്യൻ പ്രധാനമന്ത്രി അടൽ ബിഹാരി വാജ്പേയി 2018 ആഗസ്റ്റ് 16-ാം തീയതി അന്തരിച്ചു.

1924 ഡിസംബർ 25-ന് മധ്യപ്രദേശിലെ ഗ്വാളിയോറിൽ കൃഷ്ണബിഹാരി വാജ്പേയിയുടെയും കൃഷ്ണദേവിയുടെയും മകനായി അടൽ ബിഹാരി വാജ്പേയി ജനിച്ചു. ഗ്വാളിയോറിലെ വിക്ടോറിയ കോളേജിൽനിന്നും ബിരുദവും തുടർന്ന് കാൺപൂർ ഡി.എ.വി. കോളേജിൽനിന്നും രാഷ്ട്രതന്ത്രത്തിൽ ബിരുദാനന്തര ബിരുദവും കരസ്ഥമാക്കിയ അദ്ദേഹം ആര്യസമാജത്തിലൂടെയാണ് പൊതു പ്രവർത്തനം ആരംഭിച്ചത്.

ക്വിറ്റ് ഇന്ത്യാ സമരത്തിൽ പങ്കെടുത്ത് ജയിൽവാസം അനുഷ്ഠിച്ച അദ്ദേഹം 'ദീൻദയാൽ ഉപാദ്ധ്യായ'-യുടെ നേതൃത്വത്തിൽ 1951-ൽ ഭാരതീയ ജനസംഘത്തിന്റെ രൂപീകരണത്തിൽ പങ്കാളിയായി. വാജ്പേയി 1952-ലെ ലക്നൗ സെൻട്രൽ ഉപതെരഞ്ഞെടുപ്പിൽ മത്സരിച്ചുവെങ്കിലും പരാജയപ്പെട്ടു. തുടർന്ന് 1959-ൽ ബൽറാംപൂരിൽനിന്നും ലോക്സഭയിൽ എത്തി. 1968 മുതൽ 1972 വരെ ജനസംഘത്തിന്റെ ദേശീയ അദ്ധ്യക്ഷനായി പ്രവർത്തിച്ചു. 1972-ലെ മൊറാർജി ദേശായി സർക്കാരിൽ വിദേശകാര്യ മന്ത്രിയായ അദ്ദേഹം ഐക്യരാഷ്ട്രസഭയിൽ ഹിന്ദി ഭാഷയിൽ പ്രസംഗിച്ച് ശ്രദ്ധയാകർഷിക്കുകയുണ്ടായി. ലോക്സഭയിലേയ്ക്ക് 9 തവണയും രാജ്യസഭയിലേയ്ക്ക് 2 തവണയും തെരഞ്ഞെടുക്കപ്പെട്ട വാജ്പേയി പ്രഗത്ഭനായ ഒരു പാർലമെന്റേറിയനായിരുന്നു.

1996-ൽ ദേശീയ ജനാധിപത്യസഖ്യ സർക്കാർ അധികാരത്തിൽ എത്തിയപ്പോൾ പ്രധാനമന്ത്രിയായ വാജ്പേയി 13 ദിവസത്തിനുശേഷം രാജിവച്ചു. തുടർന്ന് 1998-1999 കാലയളവിലും 1999 മുതൽ 2004 വരെയും അദ്ദേഹം പ്രധാനമന്ത്രിയായിരുന്നു.

അദ്ദേഹം പ്രധാനമന്ത്രിയായിരുന്ന കാലത്ത് ഇന്ത്യാ-പാക് ബന്ധം മെച്ചപ്പെടുത്തുന്നതിന് സ്വീകരിച്ച നടപടികൾ ശ്രദ്ധേയമാണ്. മികച്ച പ്രാസംഗികനും അറിയപ്പെടുന്ന കവിയുമായിരുന്ന വാജ്പേയി 7 കവിതാ സമാഹാരങ്ങളുൾപ്പെടെ നാൽപ്പതോളം പുസ്തകങ്ങൾ രചിച്ചിട്ടുണ്ട്.

2005-ൽ സജീവ രാഷ്ട്രീയത്തിൽനിന്ന് വിരമിച്ച അദ്ദേഹം ദീർഘനാളായി രോഗബാധിതനായിരുന്നു. 2015-ൽ രാഷ്ട്രം അദ്ദേഹത്തിന് 'ഭാരതരത്ന പുരസ്കാരം' നൽകി ആദരിച്ചു.

അടൽ ബിഹാരി വാജ്പേയിയുടെ നിര്യാണത്തോടെ സൗമ്യതയുടെ പ്രതീകമായിരുന്ന ഒരു രാഷ്ട്രീയ നേതാവിനെയും മികവുറ്റ ഒരു ഭരണാധികാരിയെയും മാത്രമല്ല സർഗ്ഗാത്മകത കാത്തുസൂക്ഷിച്ച ഒരു മഹത് വ്യക്തിത്വത്തെയും കൂടിയാണ് നമുക്ക് നഷ്ടമായിരിക്കുന്നത്.

## സോമനാഥ് ചാറ്റർജി

മുൻലോക്സഭാ സ്പീക്കറും ഇന്ത്യകണ്ട എക്കാലത്തേയും മികച്ച പാർലമെന്റേറിയൻമാരിലൊരാളുമായ സോമനാഥ് ചാറ്റർജി 2018 ആഗസ്റ്റ് 13-ാം തീയതി നിര്യാതനായി. ആസ്സാമിലെ തേജ്പൂരിൽ അഭിഭാഷകനായിരുന്ന നിർമ്മൽ ചന്ദ്ര ചാറ്റർജിയുടെയും ബീണാപാണി ദേബിയുടെയും മകനായി 1929 ജൂലൈ 25-ന് സോമനാഥ് ചാറ്റർജി ജനിച്ചു.

കൊൽക്കത്തയിലെ പ്രസിഡൻസി കോളേജ്, കേംബ്രിഡ്ജിലെ ജീസസ് കോളേജ് എന്നിവിടങ്ങളിലായിരുന്നു വിദ്യാഭ്യാസം. തുടർന്ന് കൊൽക്കത്തയിൽ സ്ഥിരതാമസമാക്കിയ അദ്ദേഹം 1971-ൽ സി.പി.ഐ. (എം.) പിന്തുണയോടെ സ്വതന്ത്രനായി മത്സരിച്ച് ആദ്യമായി പാർലമെന്റ് അംഗമായി.

പത്ത് തവണ ലോക്സഭാംഗമായിരുന്ന സോമനാഥ് ചാറ്റർജി 1989-1991, 1999-2004 കാലത്ത് സി.പി.ഐ.(എം)-ന്റെ ലോക്സഭാ കക്ഷിനേതാവായി തെരഞ്ഞെടുക്കപ്പെട്ടു.

2004 മുതൽ 2009 വരെ ലോക്സഭാ സ്പീക്കറായി സേവനമനുഷ്ഠിച്ചു. എതിരില്ലാതെ തെരഞ്ഞെടുക്കപ്പെട്ട അദ്ദേഹം ആ സ്ഥാനത്തെത്തുന്ന ആദ്യ കമ്മ്യൂണിസ്റ്റുമായിരുന്നു. സഭ നിയന്ത്രിക്കുന്നതിൽ അദ്ധ്യക്ഷനെന്ന നിലയിൽ അദ്ദേഹം പ്രദർശിപ്പിച്ച അസാധാരണ വൈഭവവും ചരിത്രപ്രധാനമായ റൂളിംഗുകളും ഇന്ത്യൻ പാർലമെന്ററി ജനാധിപത്യത്തിന് മാർഗ്ഗദീപങ്ങളായി നിലനിൽക്കുന്നു.

ജനാധിപത്യ ധ്വംസനങ്ങൾക്കെതിരെ അദ്ദേഹം പാർലമെന്റിൽ നടത്തിയിട്ടുള്ള പ്രഭാഷണങ്ങൾ ശ്രദ്ധേയമായിരുന്നു. ജനാധിപത്യ സമൂഹത്തിൽ നിയമനിർമ്മാണ സഭകളുടെ പരമാധികാരം ഉയർത്തിപ്പിടിക്കാൻ എക്കാലത്തും അദ്ദേഹം ബദ്ധശ്രദ്ധനായിരുന്നു. ലോക്സഭാ നടപടികൾ തത്സമയം വീക്ഷിക്കാൻ ജനങ്ങൾക്ക് അവസരം നൽകിയ ലോക്സഭാ ടെലിവിഷൻ അദ്ദേഹത്തിന്റെ സംഭാവനയാണ്.

പാർലമെന്ററി ജനാധിപത്യത്തിന്റെയും ഭരണഘടനയുടെയും മൂല്യങ്ങൾ ജാഗ്രതയോടെ സംരക്ഷിച്ചിരുന്ന പ്രതിഭാശാലിയായ ഒരു രാഷ്ട്രീയ പ്രവർത്തകനെയാണ് സോമനാഥ് ചാറ്റർജിയുടെ മരണത്തോടെ നമുക്ക് നഷ്ടമായിരിക്കുന്നത്.

## എം. കരുണാനിധി

മുൻതമിഴ്നാട് മുഖ്യമന്ത്രിയും ഡി.എം.കെ. അദ്ധ്യക്ഷനുമായിരുന്ന മുത്തുവേൽ കരുണാനിധി 2018 ആഗസ്റ്റ് 7-ാം തീയതി അന്തരിച്ചു.

അയ്യാതുരൈ മുത്തുവേലരുടെയും അഞ്ചുഗത്തിന്റെയും മകനായി 1924 ജൂൺ 3-ാം തീയതി നാഗപട്ടണം ജില്ലയിലെ തിരുക്കുവളൈ ഗ്രാമത്തിൽ എം. കരുണാനിധി ജനിച്ചു. 1938-ൽ ഹിന്ദി ഭാഷ അടിച്ചേൽപ്പിക്കുന്നതിന് എതിരെ നടന്ന സമരങ്ങളിൽ വിദ്യാർത്ഥികളെ സംഘടിപ്പിച്ചുകൊണ്ടാണ് അദ്ദേഹം പൊതുരംഗത്തേയ്ക്ക് പ്രവേശിച്ചത്. ഈ സമരത്തെത്തുടർന്ന് ചെറുപ്രായത്തിൽത്തന്നെ ജയിൽവാസം അനുഭവിക്കേണ്ടിവന്നു.

പെരിയാർ ഇ. വി.രാമസ്വാമി നായ്ക്കരുടെ ആത്മാഭിമാനപ്രസ്ഥാനത്തിൽ ആകൃഷ്ടനായ കരുണാനിധി ആരംഭിച്ച മാസിക 'മുരശൊലി'-യാണ് പിന്നീട് ഡി.എം.കെ.-യുടെ മുഖപത്രമായി വളർന്നത്.

സി. എൻ. അണ്ണാദുരൈ ദ്രാവിഡ മുന്നേറ്റ കഴകം രൂപീകരിച്ചപ്പോൾ പെരിയാർ രൂപീകരിച്ച ദ്രാവിഡർ കഴകത്തിൽനിന്ന് വിട്ടുപോയി കരുണാനിധി അതിന്റെ യുവജന വിഭാഗമായ 'തമിഴ് മാനവർ മൺറ'-ത്തിന്റെ മുൻനിര പ്രവർത്തകനായി.

തമിഴിലെ അറിയപ്പെടുന്ന സാഹിത്യകാരനായി പേരെടുത്ത കരുണാനിധിയുടെ തൂലികയിൽനിന്ന് തമിഴ് ജനതയുടെ ആത്മാഭിമാനം തിളയ്ക്കുന്ന വാക്കുകൾ ഒഴുകിവന്നു. സാഹിത്യകാരൻ, വാഗ്മി, അഭിനേതാവ്, തിരക്കഥാകൃത്ത്, ഗാനരചയിതാവ്, നിർമ്മാതാവ് തുടങ്ങി വിവിധ മേഖലകളിൽ തിളങ്ങിയ അദ്ദേഹത്തെ തമിഴകം ആദരപൂർവ്വം 'കലൈഞ്ജർ' എന്നുവിളിച്ചിരുന്നു.

മുഖ്യമന്ത്രിയായിരുന്ന സി. എൻ. അണ്ണാദുരൈയുടെ നിര്യാണത്തെ തുടർന്ന് 1969-ൽ ആദ്യമായി മുഖ്യമന്ത്രിയായി സ്ഥാനമേറ്റു. അതിനുശേഷം 1971, 1989, 1996, 2006 എന്നീ വർഷങ്ങളിലും അദ്ദേഹം തമിഴ്നാടിന്റെ മുഖ്യമന്ത്രിയായി. എഴുപത്തിയഞ്ചിലേറെ തിരക്കഥകളും നൂറിലേറെ പുസ്തകങ്ങളും അദ്ദേഹം രചിച്ചിട്ടുണ്ട്. തമിഴ്നാട് നിയമസഭയിൽ ആദ്യമായി 50 വർഷം പൂർത്തിയാക്കിയ സാമാജികനായ അദ്ദേഹം മരണംവരെ തുടർച്ചയായി 49 വർഷം ഡി.എം.കെ. അദ്ധ്യക്ഷപദവിയിൽ തുടർന്നു.

ദ്രാവിഡ രാഷ്ട്രീയത്തിന്റെ തന്ത്രശാലിയായ ഈ അപൂർവ്വ നേതൃത്വം കവിത തുളുമ്പുന്ന വാക്ധോരണിയിലൂടെ തമിഴ് ജനതയുടെ മനംകവർന്നു. ഭരണഘടന അനുശാസിക്കുന്ന ഫെഡറൽ മൂല്യങ്ങളുടെ കാവലാളും പ്രഘോഷകനുമായിരുന്ന, ദ്രാവിഡ ജനതയുടെ ആത്മവീര്യം പ്രോജ്ജ്വലിപ്പിച്ച, കലൈഞ്ജർ എം. കരുണാനിധിയുടെ വിയോഗം തമിഴ് ജനതയുടെ മനസ്സിൽ സൃഷ്ടിച്ച ശൂന്യത നീങ്ങാൻ ഏറെക്കാലം വേണ്ടിവരുമെന്നുള്ളത് തീർച്ചയാണ്. എം. കരുണാനിധിയുടെ മരണത്തോടെ ദ്രാവിഡ പ്രസ്ഥാനത്തിന്റെ അവസാനത്തെ ശക്തമായ ഒരു കണ്ണിയേയും കേരളത്തിന്റെ ഒരു നല്ല സുഹൃത്തിനേയും പ്രതിഭാശാലിയായ ഒരു ഭരണാധികാരിയേയുമാണ് നമുക്ക് നഷ്ടമായിരിക്കുന്നത്.

## ചെർക്കളം അബ്ദുള്ള

മുൻതദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി ചെർക്കളം അബ്ദുള്ള 2018 ജൂലൈ 27-ന് അന്തരിച്ചു. ബാരിക്കാട് മുഹമ്മദ്ഹാജിയുടെയും ആസ്യുമ്മയുടെയും മകനായി 1942 സെപ്റ്റംബർ 15-ന് ചെർക്കളം അബ്ദുള്ള ജനിച്ചു.

1957-ൽ സ്വതന്ത്ര വിദ്യാർത്ഥി സംഘടനയിലൂടെ പൊതുരംഗത്തേയ്ക്ക് വന്നു. അരനൂറ്റാണ്ടിലേറെയായി ഇന്ത്യൻ യൂണിയൻ മുസ്ലീംലീഗ് നേതൃത്വ നിരയിലുണ്ടായിരുന്നു. മുസ്ലീംലീഗ് ദേശീയ നിർവ്വാഹക സമിതി അംഗവും സംസ്ഥാന ഖജാൻജിയുമായിരിക്കവേയാണ് അദ്ദേഹം അന്തരിച്ചത്.

1987 മുതൽ 2006 വരെ തുടർച്ചയായി 4 തവണ മഞ്ചേശ്വരം നിയോജകമണ്ഡലത്തിൽനിന്ന് നിയമസഭയിൽ എത്തി. 2001-2004 കാലയളവിൽ ശ്രീ. എ. കെ. ആന്റണി മന്ത്രിസഭയിൽ തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രിയായി പ്രവർത്തിച്ച അദ്ദേഹം കുടുംബശ്രീ പദ്ധതി ശക്തിപ്പെടുത്തുന്നതിന് നിർണ്ണായക പങ്കുവഹിച്ചു.

2004 മുതൽ 2006 വരെ കേരള നിയമസഭയുടെ പിന്നോക്ക സമുദായക്ഷേമം സംബന്ധിച്ച സമിതിയുടെ അദ്ധ്യക്ഷനായി പ്രവർത്തിച്ചു. കാസർഗോഡ് പ്രഥമ ജില്ലാ കൗൺസിൽ അംഗമായും കാലിക്കറ്റ് സർവ്വകലാശാലയുടെ സെനറ്റ് അംഗമായും മുസ്ലീംലീഗ് സംസ്ഥാന എക്സിക്യൂട്ടീവ് കമ്മിറ്റി അംഗമായും കാസർഗോഡ് ജില്ലാ പ്രസിഡന്റായും പ്രവർത്തിച്ചിട്ടുണ്ട്.

ചെർക്കളം അബ്ദുള്ളയുടെ നിര്യാണത്തോടെ മികച്ച ഒരു പൊതു പ്രവർത്തകനെയും കഴിവുറ്റ ഒരു ഭരണാധികാരിയെയുമാണ് നമുക്ക് നഷ്ടമായിരിക്കുന്നത്.

## ടി. കെ. ആറുമുഖൻ

മുൻനിയമസഭാംഗം ടി. കെ. ആറുമുഖൻ 2018 ആഗസ്റ്റ് 22-ാം തീയതി നിര്യാതനായി. മാത്തൂർ തച്ചൻകാട് അയ്യപ്പൻകാവ് വീട്ടിൽ കുപ്പൻ-തായൻ കാളി ദമ്പതികളുടെ മകനായി 1947 ആഗസ്റ്റ് 15-ന് ജനിച്ചു.

1968-ൽ സി.പി.ഐ.(എം) അംഗമായ ടി. കെ. ആറുമുഖൻ അടിയന്തരാവസ്ഥയ്ക്കെതിരായ സമരത്തിൽ പങ്കെടുക്കുകയും കർഷകത്തൊഴിലാളി സമരത്തിന് നേതൃത്വം നൽകുകയും ചെയ്തു.

1980 മുതൽ 1991 വരെ 6, 7, 8 നിയമസഭയിൽ കുഴൽമന്ദം നിയോജകമണ്ഡലത്തെ പ്രതിനിധീകരിച്ചു.

1980 മുതൽ 2004 വരെ സി.പി.ഐ. (എം.) ജില്ലാ കമ്മിറ്റി അംഗമായും പാലക്കാട് ജില്ലാ സഹകരണ ബാങ്ക് ഡയറക്ടറായും തണ്ണിരൻകാട് സർവ്വീസ് സഹകരണ ബാങ്ക് പ്രസിഡന്റായും മാത്തൂർ പഞ്ചായത്ത് വൈസ്-പ്രസിഡന്റായും കെ.എസ്.കെ.ടി.യു. സംസ്ഥാന കമ്മിറ്റി അംഗമായും പ്രവർത്തിച്ചിട്ടുണ്ട്. അക്ഷരാർത്ഥത്തിൽ ജനകീയനായ ഒരു പൊതുപ്രവർത്തകനെയാണ് ടി. കെ. ആറുമുഖന്റെ നിര്യാണത്തോടെ നമുക്ക് നഷ്ടമായിരിക്കുന്നത്.

## പ്രളയദുരന്തത്തിൽ ജീവൻ നഷ്ടപ്പെട്ടവർ

2018 ആഗസ്റ്റ് മാസം 16-ാം തീയതിയാണ് കേരളത്തെ ഏതാണ്ട് സമ്പൂർണ്ണമായി ദുരിതത്തിലാക്കിയ പ്രളയദുരന്തം ഉണ്ടായത്. 94 വർഷങ്ങൾക്കുശേഷം കേരളം കണ്ട ഏറ്റവും ഭയാനകമായ പ്രളയത്തിനാണ് തുടർന്നുള്ള ദിവസങ്ങളിൽ നാം സാക്ഷ്യംവഹിച്ചത്. സംസ്ഥാനത്ത് നിലവിലുള്ള സംവിധാനങ്ങൾക്ക് പരിഹരിക്കാവുന്നതിലുമേറെ വ്യാപ്തിയും ആഴവുമേറിയ ഈ മഹാദുരന്തത്തിൽ കേരളത്തിലെ 10 ജില്ലകൾ ഏകദേശം പൂർണ്ണമായും ബാക്കിയുള്ളവ ഭാഗികമായും കെടുതിയിൽ അകപ്പെട്ടു. നാളിതുവരെയുള്ള കണക്കുകൾ പ്രകാരം പ്രളയക്കെടുതിയിൽ ഏകദേശം 300-ൽപ്പരം ജീവനുകൾ നഷ്ടപ്പെട്ടുകഴിഞ്ഞു. ഒത്തൊരുമിച്ചുള്ള പ്രവർത്തനത്തിലൂടെ മരണസംഖ്യ കൂടുതൽ ഉയരാതെ നോക്കാൻ നമുക്ക് കഴിഞ്ഞുവെങ്കിലും നഷ്ടമായ വിലപ്പെട്ട ജീവനുകൾക്ക് പകരംവയ്ക്കാൻ മറ്റൊന്നുമില്ല എന്നത് വേദനിപ്പിക്കുന്ന ഒരു യാഥാർത്ഥ്യമാണ്. വെള്ളപ്പൊക്കത്തിലും വ്യാപകമായ ഉരുൾപൊട്ടലിലും മരിച്ചവർ, രക്ഷാ പ്രവർത്തനത്തിനിടെ ജീവൻ ബലികൊടുക്കേണ്ടിവന്ന ത്യാഗസന്നദ്ധരായ സന്നദ്ധ പ്രവർത്തകർ എന്നിവർക്ക് നമുക്ക് ബാഷ്പാഞ്ജലി അർപ്പിക്കാം.

അന്തരിച്ച മഹത് വ്യക്തികളോടും മഹാപ്രളയത്തിൽ ജീവൻ നഷ്ടപ്പെട്ടവരോടും ഉള്ള ആദരസൂചകമായി നമുക്ക് അൽപ്പസമയം എഴുന്നേറ്റ് നിൽക്കാം.

(പരേതരോടുള്ള ആദരസൂചകമായി സഭാംഗങ്ങൾ അല്പനേരം എഴുന്നേറ്റുനിന്ന് മൗനം ആചരിച്ചു.)

## II ചട്ടം 130 അനുസരിച്ചുള്ള ഉപക്ഷേപത്തിൻമേലുള്ള ചർച്ച

### കാലവർഷക്കെടുതി

മി. സ്പീക്കർ: വളരെ അസാധാരണമായൊരു സാഹചര്യത്തിലാണ് നിയമസഭയുടെ അടിയന്തര സമ്മേളനം ചേരുന്നത് എന്ന് നമുക്കെല്ലാവർക്കും അറിയാം. കേരളം അതിന്റെ ചരിത്രത്തിലെ ഏറ്റവും ഭയാനകമായ ഒരു മഹാപ്രളയത്തിൽ അമർന്നു. പ്രളയത്തിൽ നഷ്ടപ്പെട്ടുപോയ സൗഭാഗ്യങ്ങളെയോ സ്വപ്നങ്ങളെയോ ഓർത്ത് വിലപിക്കുകയല്ല പകരം എങ്ങനെ കേരളത്തെ പുതുക്കിപ്പണിയാം എന്ന കൂട്ടായ ആലോചനയിലാണ് നമ്മൾ എല്ലാവരും ഇപ്പോഴുള്ളത്. പലതുകൊണ്ടും വ്യത്യസ്തതകളുടെ വസന്തം സൃഷ്ടിച്ച കേരളം ഈ ദുരന്ത പ്രതിരോധത്തിലും ലോകത്തെ വിസ്മയിപ്പിച്ച ഒരുമയുടെയും കൂട്ടായ്മയുടെയും മാതൃക സൃഷ്ടിക്കുകയുണ്ടായി. പ്രളയബാധിത പ്രദേശങ്ങൾ സന്ദർശിക്കാൻ മുഖ്യമന്ത്രിയും പ്രതിപക്ഷനേതാവും ഒരുമിച്ച് തുടങ്ങിയ യാത്രയിൽനിന്ന് ആരംഭിച്ച ആ ഒരുമ ലോകത്തെല്ലാമുള്ള മലയാളികളുടെ കൈ-മെയ് മറന്നുള്ള സഹായപ്രവാഹമായി വളർന്നു. അച്ഛൻ തന്റെ ഭാവിക്കായി കരുതിവച്ച ഒരേക്കർ കൃഷിസ്ഥലം ദുരിതാശ്വാസത്തിനായി മാറ്റിവച്ച 'സ്വാഹ' എന്ന വിദ്യാർത്ഥി തൊട്ട് പാട്ടുപാടി പ്രളയദുരന്തത്തിൽ സഹായിക്കാനുള്ള ധനസമാഹരണത്തിന് നേതൃത്വം നൽകിയ സുപ്രീംകോടതി ജഡ്ജിമാർ, ചിക്കാഗോയിൽനിന്ന് നവമാധ്യമങ്ങളുടെ കൂട്ടായ്മയുമായി 10 കോടി രൂപയിലധികം സമാഹരിച്ച് നേരിട്ടെത്തിയ സഹോദരന്മാർ, കേരളത്തിന്റെ തീരദേശങ്ങളിൽ സ്നേഹത്തിന്റെ സുരക്ഷാവലയം തീർത്ത യഥാർത്ഥ സുരക്ഷാസൈന്യമായ മത്സ്യത്തൊഴിലാളികൾ തുടങ്ങി ഈ സ്നേഹവായ്പ് മലയാള മനസ്സിന്റെ അഭിമാനസ്തംഭമായി എല്ലാക്കാലത്തും അറിയപ്പെടും. ജലദുരന്തത്തിന്റെ അനുഭവത്തിൽ ചില ക്ലേശകരമായ തീരുമാനങ്ങളിലേയ്ക്ക് പോകാനുള്ള ആരോഗ്യകരമായ ചർച്ചകൾക്കുകൂടി തുടക്കം കുറിക്കേണ്ടതുണ്ടെന്ന് തോന്നുകയാണ്.

മണ്ണ് സംരക്ഷണം, ഭവന നിർമ്മാണത്തിലുള്ള നമ്മുടെ പരമ്പരാഗതമായ രീതികൾ, ജലസമ്പത്ത്, ഊർജ്ജോൽപ്പാദനത്തെ സംബന്ധിച്ചുള്ള രീതികൾ, അണക്കെട്ടുകളുടെ സംഭരണശേഷി തുടങ്ങിയ കാര്യങ്ങളെല്ലാം സംബന്ധിച്ച് വ്യത്യസ്ത അഭിപ്രായങ്ങൾ സമൂഹത്തിൽ ഉയർന്നുവന്നിട്ടുണ്ട്. അതെല്ലാം പരിഗണിക്കാനും മുഖവിലയ്ക്കെടുക്കാനും സംവാദത്തിന് സാധ്യതയൊരുക്കാനും കഴിയുമെന്ന് പ്രതീക്ഷിക്കുകയാണ്.

കേരളത്തിന്റെ കുറവുകൾ പരിഹരിക്കാനുള്ള ഒരു പാഠമായി ഈ ദുരന്തത്തെ അഭിമുഖീകരിക്കാൻ ഈ സഭയ്ക്കാകണം. പ്രളയത്തെ പ്രതിരോധിക്കാൻ ലോകം പൊതുവെയും മലയാളികൾ പ്രത്യേകിച്ചും കാണിച്ച അനിതരസാധാരണമായ സ്നേഹവായ്പ്പിനും പിന്തുണയ്ക്കും ഈ സഭ നന്ദിരേഖപ്പെടുത്തുന്നു.

ആരോഗ്യകരമായ തുടർചർച്ചയ്ക്കും സംവാദങ്ങൾക്കും വേദിയായി പ്രത്യേക സഭാസമ്മേളനം മാറട്ടെ എന്നാഗ്രഹിക്കുന്നു. 'Ernest Hemingway'-യുടെ വിശ്വപ്രസിദ്ധമായ ഒരു നോവലാണ് ' The Old Man and the Sea' . “ Now is no time to think of what you do not have. Think of what you can do with that there is” എന്ന സുപ്രസിദ്ധമായ ഒരു വാചകം നമുക്ക് വളരെ പ്രസക്തമായ സാഹചര്യത്തിലാണ് ഈ സമ്മേളനം ചേരുന്നത്. സാർത്ഥകമായ ചർച്ചകളിലൂടെ നമ്മുടെ അനുഭവത്തെ പരിശോധിക്കാനും പുതുജീവിതം സൃഷ്ടിക്കാനും കഴിയട്ടെയെന്ന് ചെയർ ആഗ്രഹിക്കുന്നു.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, "സംസ്ഥാനത്ത് പൊതുവിലുണ്ടായ കാലവർഷക്കെടുതിമൂലം ഉളവായിരിക്കുന്ന ഗുരുതരമായ സ്ഥിതിവിശേഷവും പുനർനിർമ്മാണത്തിനായി സ്വീകരിക്കേണ്ട നടപടികളും ഈ സഭ ചർച്ച ചെയ്യണം" എന്ന ഉപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി (ശ്രീ. ഇ. പി. ജയരാജൻ): സർ, ഞാൻ ഉപക്ഷേപത്തെ പിന്താങ്ങുന്നു.

ശ്രീ. പിണറായി വിജയൻ: സർ, ഈ നൂറ്റാണ്ട് കണ്ട ഏറ്റവും വലിയ കാലവർഷക്കെടുതിക്കാണ് കേരളം സാക്ഷ്യം വഹിച്ചത്. മൺസൂണിന്റെ തുടക്കത്തിൽത്തന്നെ ദുരന്തങ്ങൾ വിതച്ച കാലവർഷം ആഗസ്റ്റ് മാസമാകുമ്പോഴേയ്ക്കും മഹാപ്രളയത്തിലേയ്ക്ക് എത്തുകയാണുണ്ടായത്. ഈ ദുരിതത്തിൽ കേരളത്തിലെ ലക്ഷക്കണക്കിന് ജനതയുടെ ജീവിതം അതീവ ദുരിതമായി മാറുകയും ചെയ്തു. ചോര നീരാക്കി സമ്പാദിച്ചതെല്ലാം നഷ്ടപ്പെടുന്ന സാഹചര്യം പലർക്കും അഭിമുഖീകരിക്കേണ്ടി വന്നിരിക്കുകയാണ്. ദുരന്തത്തെ താങ്ങാനാകാതെ മരണപ്പെട്ടവരുമുണ്ട് എന്നത് ദുരന്തത്തിന്റെ നിജസ്ഥിതിയെ പുറത്തുകൊണ്ട് വരുന്നതാണ്. കനത്ത കാലവർഷത്തെ തുടർന്ന് സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിലുണ്ടായ ശക്തമായ ഉരുൾപൊട്ടലിലും വെള്ളപ്പൊക്കത്തിലും മണ്ണിടിച്ചിലിലും 483 പേരുടെ ജീവൻ നഷ്ടപ്പെടുകയും 14 പേരെ കാണാതായിട്ടുമുണ്ട്. 140 പേർ ആശുപത്രിയിൽ പ്രവേശിപ്പിക്കപ്പെട്ടു. കാലവർഷം ശക്തമായ ആഗസ്റ്റ് 21-ന് 391494 കുടുംബങ്ങളിലായി 1450707 പേർ ദുരിതാശ്വാസ ക്യാമ്പുകളിൽ ജീവിക്കേണ്ട നിലയിലേക്ക് എത്തി. ഇന്നത്തെ സ്ഥിതിയനുസരിച്ച് 305 ക്യാമ്പുകളിലായി 16767 കുടുംബങ്ങളിലെ 59296 ആളുകളുണ്ട്. ചിലർ ബന്ധുവീട്ടുകളിലും മറ്റും അഭയംപ്രാപിച്ചാണ് ദുരന്തത്തിൽനിന്ന് രക്ഷ നേടിയത്. സമാനതകളില്ലാത്ത രക്ഷാപ്രവർത്തനത്തിന്റെ തീക്ഷ്ണമായ ഇടപെടലുകളാണ് മരണസംഖ്യ താരതമ്യേന കുറയ്ക്കുന്ന സാഹചര്യം രൂപപ്പെടുത്തിയത്. സ്വന്തം

ജീവൻപോലും പണയപ്പെടുത്തിക്കൊണ്ടുള്ള രക്ഷാപ്രവർത്തനമായിരുന്നു നാട് ദർശിച്ചത്. രക്ഷാപ്രവർത്തകർ ബോട്ട് മറിഞ്ഞും മറ്റും അപകടത്തിൽപ്പെട്ടു. എന്നിട്ടും രക്ഷാപ്രവർത്തനത്തിൽനിന്നും പിൻമാറാതെയും പതറാതെയും സ്വന്തം സഹോദരൻമാരെ എന്നപോലെ രക്ഷപ്പെടുത്താൻ സാഹസികമായ പരിശ്രമങ്ങൾ നടത്തിയ എല്ലാവർക്കും നമുക്ക് ബിഗ് സല്യൂട്ട് നൽകാം. വീടുകൾക്കും പശ്ചാത്തല സൗകര്യങ്ങൾക്കും ഉണ്ടായിട്ടുള്ള കെടുതി സംസ്ഥാനത്തിന്റെ വികസന പ്രക്രിയയെത്തന്നെ തകിടംമറിക്കുന്ന വിധത്തിൽ വന്നിരിക്കുകയാണ്. വീടുകൾക്കുണ്ടായ തകർച്ച, ഗൃഹോപകരണങ്ങളുടെ നഷ്ടം, കാർഷിക നഷ്ടം, വളർത്തുമൃഗങ്ങളുടെ നഷ്ടം, ജീവനോപാധികളുടെ നഷ്ടങ്ങൾ, വ്യാപാരമടക്കമുള്ള സ്ഥാപനങ്ങളുടെ തകർച്ച, വിദ്യാലയങ്ങളും ആശുപത്രികളും സർക്കാർ ഓഫീസുകളും ഉൾപ്പെടെയുള്ള പൊതുസ്ഥാപനങ്ങളുടെ നഷ്ടം, പാരിസ്ഥിതികമായ മാറ്റങ്ങൾ ഇവയെല്ലാം കണക്കിലെടുക്കുമ്പോൾ സംസ്ഥാനത്തിനുണ്ടായ നഷ്ടം വളരെ വലുതാണ്. ടൂറിസം പോലുള്ള മേഖലകൾക്കും ഇത് തിരിച്ചടിയായിട്ടുണ്ട്. പ്രാഥമിക കണക്കുകൾ സൂചിപ്പിക്കുന്നത് സംസ്ഥാനത്തെ വാർഷിക പദ്ധതിയെക്കാൾ കൂടിയ തോതിലുള്ള നഷ്ടം നമുക്കുണ്ടായി എന്നതാണ്.

ഏതൊരു ദുരന്തത്തെയും അതിജീവിക്കുന്നതിന് മൂന്ന് ഘട്ടങ്ങളാണുള്ളത്. ആദ്യഘട്ടമായ രക്ഷാപ്രവർത്തനം അവസാനിച്ചുകഴിഞ്ഞു. രണ്ടാം ഘട്ടമായ പുനരധിവാസം നടന്നുകൊണ്ടിരിക്കുകയാണ്. അത് വിജയകരമായി പൂർത്തിയാക്കുന്നതിനുള്ള ഇടപെടലുകൾ നടന്നുകൊണ്ടിരിക്കുന്നു. പുനർനിർമ്മാണ മെന്ന ഏറ്റവും പ്രധാനപ്പെട്ട കടമ ഇനി നമുക്ക് ഏറ്റെടുക്കാനുണ്ട്. അത് ഏത് വിധത്തിലാകണമെന്നത് പുതിയ കേരള സൃഷ്ടിയെക്കൂടി അടിസ്ഥാനമാക്കി യുള്ളതാണ്. അതിനുതകുന്ന ക്രിയാത്മകമായ ചർച്ചകൾ ഇവിടെ ഉയർന്ന് വരേണ്ടതുണ്ട്. അതിനുവേണ്ടി കൂടിയാണ് ഇത്തരമൊരു പ്രത്യേക സമ്മേളനം വിളിച്ചുചേർത്തത്.

ഇവിടെ നിലനിൽക്കുന്ന മാനവികതയും അതിന്റെ അടിത്തറയിൽ രൂപപ്പെട്ടുവന്ന ഐക്യവുമാണ് ഇത്തരമൊരു മഹാദുരന്തത്തെ മറികടക്കുന്നതിനുള്ള നമ്മുടെ കരുത്ത്. ലോകത്തെമ്പാടുമുള്ള ജനത ഐക്യത്തിൽ, പ്രചോദനമായി നിൽക്കുന്ന സുപ്രധാന ഘടകങ്ങളിലൊന്ന് ഒറ്റക്കെട്ടായുള്ള നമ്മുടെ സമീപനമാണ്. അതിനെ കൂടുതൽ കരുത്തോടെ മുന്നോട്ടുകൊണ്ടുപോകുന്നതിനും നാട് നേരിടുന്ന ഈ പ്രതിസന്ധിയെ മറികടക്കുവാനുള്ള ക്രിയാത്മകമായ ചർച്ചകളും നിർദ്ദേശങ്ങളും ഇവിടെ ഉണ്ടാകുമെന്നാണ് സർക്കാർ പ്രതീക്ഷിക്കുന്നത്. ദുരന്തഘട്ടത്തിൽ സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ ജനങ്ങൾക്കൊപ്പം നിന്ന് പ്രവർത്തിച്ച വരാണ് ഈ സഭയിലെ അംഗങ്ങൾ. അതിന് കക്ഷി ഭേദമുണ്ടായിരുന്നില്ല.

രക്ഷാപ്രവർത്തനങ്ങളിലും ദുരിതാശ്വാസ പ്രവർത്തനങ്ങളിലും ഭരണ-പ്രതിപക്ഷ വ്യത്യാസമില്ലാതെ എല്ലാവരും ഒന്നിച്ച് അണിനിരന്നു. അവരുടെ അഭിപ്രായങ്ങളും നിർദ്ദേശങ്ങളും രക്ഷാപ്രവർത്തന ഘട്ടത്തിൽ സർക്കാരിന് ഏറെ സഹായകരമായിരുന്നു. പുതിയ കേരളത്തിന്റെ സൃഷ്ടിക്കായുള്ള പുനർനിർമ്മാണ പ്രവർത്തനത്തിനും ഇത്തരത്തിലുള്ള ക്രിയാത്മകമായ ഇടപെടലാണ് സർക്കാർ പ്രതീക്ഷിക്കുന്നത്.

സംസ്ഥാനത്ത് കാലവർഷക്കെടുതി ഉണ്ടാകുമെന്നുള്ള സൂചന കേന്ദ്ര കാലാവസ്ഥാ വകുപ്പിൽനിന്നും ഉണ്ടായപ്പോൾ അതിനെ നേരിടാനുള്ള ക്രിയാത്മക ഇടപെടലുകൾ സർക്കാർ നടത്തിയിരുന്നു. എന്നാൽ പ്രവചിച്ചതിനേക്കാൾ എത്രയോ വലിയ കാലവർഷമാണ് ഏതാനും ദിവസങ്ങളിൽ ഇവിടെ ഉണ്ടായത്. അത് സവിശേഷമായ നമ്മുടെ ഭൂഘടനയ്ക്ക് താങ്ങാവുന്നതിലും അപ്പുറമായിരുന്നു. ഈ സവിശേഷ സാഹചര്യമാണ് കാലവർഷക്കെടുതിയുടെ വിവിധ രൂപങ്ങളിലേക്ക് സംസ്ഥാനത്തെ എത്തിച്ചത്. 2018 മേയ് 16 മുതൽ ഇക്കാര്യത്തിൽ സർക്കാർ തയ്യാറെടുപ്പുകൾ തുടങ്ങുകയും ഇതുമായി ബന്ധപ്പെട്ട് സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിയുടെ യോഗം ഉൾപ്പെടെ വിവിധ തലങ്ങളിലെ യോഗങ്ങൾ ചേർന്ന് പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുകയും ചെയ്തിരുന്നു. കാലവർഷക്കെടുതി രൂക്ഷമായ തരത്തിൽ വരുന്നത് കോഴിക്കോട് ജില്ലയിലെ മലയോര മേഖലയായ കട്ടിപ്പാറയിൽ ശക്തമായ ഉരുൾപൊട്ടൽ ഉണ്ടായതോടെയാണ്. വീടുകൾ പലതും തകരുന്നതിനും വമ്പിച്ച കൃഷി നാശത്തിലേക്കും ഇത് നയിച്ചു. ഭൂമിയുടെ പ്രതല ഘടനയുതന്നെ മാറ്റമുണ്ടായി. മലപ്പുറം, കണ്ണൂർ, കോഴിക്കോട്, പാലക്കാട് തുടങ്ങിയ ജില്ലകളിൽ വലിയ നാശനഷ്ടം വിതച്ചുകൊണ്ട് ഉരുൾപൊട്ടലും വെള്ളപ്പൊക്കവും വ്യാപകമായി. വയനാട് ജില്ല തികച്ചും ഒറ്റപ്പെട്ടു. ആലപ്പുഴ, കോട്ടയം, കൊല്ലം ജില്ലകളിലെ വിവിധ പ്രദേശങ്ങളിൽ കനത്ത മഴയിൽ വെള്ളം കയറിയതിനെത്തുടർന്ന് ജനങ്ങളെ ക്യാമ്പുകളിലേയ്ക്ക് മാറ്റിപ്പാർപ്പിക്കേണ്ട സ്ഥിതിയുമുണ്ടായി. ആഗസ്റ്റ് 8-ാം തീയതി രാവിലെ സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ കനത്ത മഴ ആരംഭിച്ചതോടെയാണ് കാലവർഷക്കെടുതി ഈ നൂറ്റാണ്ടിലെ ഏറ്റവും വലിയ ദുരന്തമായി മാറിയത്. കാലാവസ്ഥാ പ്രവചനത്തിന്റെ എല്ലാ കണക്കുകളെയും തെറ്റിച്ചുകൊണ്ടാണ് സംസ്ഥാനത്ത് കനത്ത മഴ തുടർച്ചയായി പെയ്തത്. ആഗസ്റ്റ് 9 മുതൽ 15 വരെയുള്ള ഘട്ടത്തിൽ സംസ്ഥാനത്ത് കണക്കുകൂട്ടിയ മഴ 98.5 മില്ലീമീറ്റർ ആയിരുന്നു. എന്നാൽ പെയ്തത് 352.2 മില്ലീമീറ്റർ മഴയാണ്. അതായത് കേരളത്തിൽ പെയ്യുമെന്ന് കേന്ദ്ര കാലാവസ്ഥാ നിരീക്ഷണ വകുപ്പ് കണക്ക് കൂട്ടിയതിനേക്കാൾ മൂന്നിരട്ടിയിലധികം മഴയാണ് സംസ്ഥാനത്തുണ്ടായത്. മഴ കനത്തതോടെ കേരളത്തിലെ നദികളിലെല്ലാം

വൻതോതിൽ വെള്ളം കയറി. ഭാരതപ്പുഴ, പെരിയാർ, പമ്പ, ചാലക്കുടിപ്പുഴ, അച്ചൻകോവിലാർ തുടങ്ങിയ നദികൾ കരകവിഞ്ഞൊഴുകി. കേരളത്തിലെ 82 ഡാമുകളും നിറഞ്ഞുകവിഞ്ഞു. മഴ താങ്ങാനാകാതെ ഉരുൾപൊട്ടലും മണ്ണിടിച്ചിലും വ്യാപകമായി. ചില സ്ഥലങ്ങളിൽ നദി വഴിമാറി ഒഴുകുന്ന സാഹചര്യവുമുണ്ടായി. മഴവെള്ളത്തിന്റെ കുത്തൊഴുക്കിലും വെള്ളപ്പൊക്കത്തിലും ലക്ഷക്കണക്കിന് വീടുകളിൽ വെള്ളം കയറി. പതിനായിരക്കണക്കിന് വീടുകൾ മുങ്ങിപ്പോയി. റോഡുകളും പാലങ്ങളും വ്യാപകമായി തകർന്നു. 57000-ത്തോളം ഹെക്ടർ കൃഷിഭൂമി വെള്ളത്തിനടിയിലായി. ഇവിടങ്ങളിൽ ജീവനോപാധികൾ പൂർണ്ണമായും തകർന്നുപോയി. വളർത്തുമൃഗങ്ങളും പക്ഷികളും വെള്ളപ്പൊക്കത്തിൽ ചത്തുമലച്ചു. സർക്കാർ സ്ഥാപനങ്ങൾ വ്യാപകമായി വെള്ളത്തിനടിയിലായി. വിലപ്പെട്ട രേഖകൾ പലതും മഴയിൽ കുതിർന്ന് നശിച്ചു. ഉരുൾപൊട്ടലിലും മലയിടിച്ചിലിലും ഭൂമിയുടെ പ്രതലത്തിന്റെ ഘടനതന്നെ മാറിപ്പോയി. ചുരുക്കത്തിൽ കാലവർഷ ക്കെടുതിക്ക് ഇരയായ പ്രദേശങ്ങളിലെ ജനജീവിതവും സാമ്പത്തികക്രമവും പാരിസ്ഥിതികമായ അവസ്ഥയും തകിടംമറിഞ്ഞു. കാലവർഷക്കെടുതിയും വെള്ളപ്പൊക്കവും പതിനായിരക്കണക്കിന് ജനതയുടെ ജീവൻതന്നെ പ്രതിസന്ധിയിലാക്കുന്ന സ്ഥിതിയായി മാറി. അങ്ങനെ ഈ നൂറ്റാണ്ട് കണ്ട ഏറ്റവും വലിയ പ്രളയത്തിലേയ്ക്ക് കേരളം എടുത്തെറിയപ്പെട്ടു. സംസ്ഥാനത്തുണ്ടായ ഈ പ്രളയക്കെടുതിയെ നേരിടുന്നതിന് സർക്കാർ സംവിധാനത്തെ ഫലപ്രദമായി ചലിപ്പിച്ചുകൊണ്ടും ജനങ്ങളെയാകമാനം ദുരിതാശ്വാസ പ്രവർത്തനങ്ങളിൽ അണിനിരത്തിക്കൊണ്ടുമാണ് സർക്കാർ ഇടപെട്ടത്. പോലീസ്, ഫയർഫോഴ്സ് സംവിധാനം തുടക്കത്തിൽത്തന്നെ സജീവമായി. വെള്ളപ്പൊക്കത്തിന്റെ രൂക്ഷത ബോധ്യമായയുടൻ കേന്ദ്രസേനകളെയും സൈന്യത്തെയും അണിനിരത്തി ക്കൊണ്ടുള്ള സമാനതകളില്ലാത്ത രക്ഷാപ്രവർത്തനത്തിലേക്ക് നീങ്ങി. യുദ്ധകാലാടിസ്ഥാനത്തിലുള്ള ഈ ഇടപെടലുകളാണ് മരണസംഖ്യ കുറച്ചുകൊണ്ട് വരുന്നതിന് നിദാനമായത്. കാലവർഷക്കെടുതിയുടെ തുടക്കത്തിൽ ജനങ്ങളുടെ ജീവൻ സംരക്ഷിക്കുന്നതിനുള്ള രക്ഷാപ്രവർത്തനത്തിനാണ് സർക്കാർ ഊന്നൽ നൽകിയത്. രക്ഷാപ്രവർത്തനങ്ങളെ നിയന്ത്രിക്കുന്നതിനായി 24 മണിക്കൂറും പ്രവർത്തിക്കുന്ന കൺട്രോൾ റൂം സെക്രട്ടേറിയറ്റിൽ ആഗസ്റ്റ് 9-ാം തീയതി ആരംഭിച്ചു. ജില്ലാ കേന്ദ്രങ്ങളിലും കൺട്രോൾ റൂമുകൾ പ്രവർത്തിക്കാൻ തുടങ്ങി. ജില്ലാ കളക്ടർമാരെ ജില്ലകളിലെ ദുരിതാശ്വാസ പ്രവർത്തനങ്ങളെ ഏകോപിപ്പിക്കുന്നതിന് നിശ്ചയിച്ചു. ഐ.എ.എസ്. ഉദ്യോഗസ്ഥരെ ദുരന്തബാധിത പ്രദേശങ്ങളിൽ സ്പെഷ്യൽ ഓഫീസർമാരായി നിയോഗിച്ചു. രക്ഷാപ്രവർത്തനത്തിന്റെ ചുമതല പോലീസിന് കൈമാറി. ജില്ലാ പോലീസ് മേധാവികൾക്ക് പുറമെ ജില്ലകളിൽ ഐ.പി.എസ്. ഉദ്യോഗസ്ഥരെ പ്രത്യേക ചുമതല നൽകി

നിയോഗിച്ചു. ഓരോ ജില്ലയിലും മന്ത്രിമാർക്ക് പ്രത്യേക ചുമതല നൽകുകയും അവരുടെ നേതൃത്വത്തിൽ ജില്ലകളിൽ അവലോകന യോഗങ്ങൾ നടത്തുകയും അതിലൂടെ രക്ഷാപ്രവർത്തനങ്ങളുടെ ഏകോപനം നിർവ്വഹിക്കുകയും ചെയ്തു. സന്നദ്ധ സംഘടനകളെയും ജനങ്ങളെയും ഉൾപ്പെടുത്തിയുള്ള രക്ഷാപ്രവർത്തനങ്ങൾ ദുരിതബാധിത പ്രദേശങ്ങളിൽ തീവ്രമായി നടപ്പിലാക്കി. കടലിലെ ശക്തമായ തിരകളെയും ഒഴുക്കിനെയും നിത്യജീവിതത്തിൽ നേരിട്ട് അനുഭവമുള്ള മത്സ്യത്തൊഴിലാളികളെയും രക്ഷാപ്രവർത്തനത്തിന് അണിനിരത്തുന്നതിനുള്ള ഇടപെടൽ സർക്കാർ നടത്തി. ദുരന്തവ്യാപ്തി കണക്കിലെടുത്ത് അടിയന്തര പ്രധാന്യത്തോടെ കേന്ദ്രസേനയുടെയും സൈനികവിഭാഗങ്ങളുടെയും സേവനം ആവശ്യപ്പെട്ടു. കാലവിളംബം കൂടാതെ അവയുടെ വിന്യാസം ഉറപ്പുവരുത്തി. ഇവർ രക്ഷാപ്രവർത്തനങ്ങളിൽ സജീവമായതോടെ ലക്ഷക്കണക്കിന് ജനങ്ങളെ ദുരിതബാധിത പ്രദേശങ്ങളിൽനിന്ന് സുരക്ഷിത സ്ഥാനത്തേയ്ക്ക് മാറ്റാൻ സാധിച്ചു. ഓരോ ദിവസത്തെയും പ്രവർത്തനങ്ങളെ ഏകോപിപ്പിക്കുന്നതിന് സംസ്ഥാന തലത്തിൽ രാവിലെയും വൈകുന്നേരവും അവലോകന യോഗങ്ങൾ വിളിച്ചുചേർത്ത് സ്ഥിതിഗതികൾ വിലയിരുത്തി, നിർദ്ദേശങ്ങൾ നൽകിയതിന്റെ അടിസ്ഥാനത്തിലാണ് രക്ഷാപ്രവർത്തനങ്ങൾ പുരോഗമിച്ചത്.

പ്രളയദുരിതം സൃഷ്ടിച്ച പ്രശ്നങ്ങളെക്കുറിച്ച് ചർച്ച ചെയ്യുന്നതിന് 2018 ആഗസ്റ്റ് 21-ന് സർവ്വകക്ഷി യോഗം വിളിച്ചുചേർത്തു. ദുരിതാശ്വാസ പ്രവർത്തനങ്ങളിൽ യോജിച്ചുനിന്ന് പ്രവർത്തിക്കാനും അവയെ കൂടുതൽ ശക്തിപ്പെടുത്തി മുന്നോട്ടു കൊണ്ടുപോകുന്നതിനും യോഗത്തിൽ ഉയർന്നുവന്ന നിർദ്ദേശങ്ങൾ സഹായകമായി. പ്രളയം സംസ്ഥാനത്തെ ബാധിച്ച ഘട്ടത്തിൽ, വിവിധ ഘട്ടങ്ങളിലായി പലതവണ മന്ത്രിസഭാ യോഗങ്ങൾ ചേരുകയും അതത് ഘട്ടത്തിലെ പ്രശ്നങ്ങൾ പരിശോധിച്ചുകൊണ്ട് അടിയന്തര ഇടപെടലുകളുമുണ്ടായി. ഇക്കാര്യത്തിൽ ഇടപെടുന്നതിനും ആവശ്യമായ തീരുമാനങ്ങൾ എടുക്കുന്നതിനും സർവ്വശ്രീ ഇ. പി. ജയരാജൻ, ഇ. ചന്ദ്രശേഖരൻ, മാത്യു ടി. തോമസ്, എ. കെ. ശശീന്ദ്രൻ, രാമചന്ദ്രൻ കടന്നപ്പള്ളി എന്നിവരെ അംഗങ്ങളാക്കി മന്ത്രിസഭാ ഉപസമിതിയെ നിശ്ചയിച്ചു. പുനർനിർമ്മാണത്തിനുള്ള അധിക വിഭവസമാഹരണവും അടിയന്തര ധനസഹായവും ഉൾപ്പെടെയുള്ള തീരുമാനങ്ങളെടുത്തത് മന്ത്രിസഭാ യോഗങ്ങളിലാണ്. കൃത്യ സമയത്തുള്ള ഇത്തരം ഇടപെടലുകൾ ദുരിതാശ്വാസ പ്രവർത്തനത്തെ ശരിയായ പാതയിലൂടെ നയിക്കുന്നതിന് വഴിതെളിച്ചു. കേരളം ഇന്നേവരെ കണ്ടിട്ടില്ലാത്ത രക്ഷാപ്രവർത്തനമാണ് സംസ്ഥാനത്ത് നടന്നത്. മനുഷ്യസ്നേഹത്തിന്റെ മഹത്തായ സന്ദേശങ്ങൾ ഹൃദയത്തിലേറ്റുവാങ്ങി രക്ഷാപ്രവർത്തനത്തിന്റെ പുതിയ

അധ്യായങ്ങൾ ഇതിന്റെ ഭാഗമായി രചിക്കപ്പെട്ടു. ത്യാഗസന്നദ്ധതയുടെയും ആത്മ സമർപ്പണത്തിന്റെയും വഴികളിലൂടെ അത് മുന്നേറി. ഇത് നമ്മുടെ നാടിന്റെ മാത്രമല്ല, ലോകത്തിന്റെ ആകെ അംഗീകാരം നേടിയെടുത്തിരിക്കുകയാണ്. തങ്ങളേക്കാൾ മറ്റുള്ളവരുടെ ജീവന് പ്രാധാന്യം നൽകിയ ജനകീയ പ്രവർത്തന മായിരുന്നു അത്. രക്ഷാപ്രവർത്തനത്തിൽ സജീവമായ എല്ലാവരുടെയും സേവനത്തെ സർക്കാർ മാനിക്കുന്നു. രക്ഷാപ്രവർത്തനത്തിന്റെ ഭാഗമായി വീടുകളിൽനിന്ന് ജനങ്ങളെ സുരക്ഷിത കേന്ദ്രങ്ങളിലേയ്ക്ക് മാറ്റി. ക്യാമ്പുകളിലുള്ളവർക്ക് ഭക്ഷണവും അടിസ്ഥാനസൗകര്യങ്ങളും ഒരുക്കുന്നതിൽ വലിയ സഹായമാണ് കേരളത്തിന്റെയും രാജ്യത്തിന്റെയും ലോകത്തിന്റെയും വിവിധ ഭാഗങ്ങളിൽനിന്ന് ഉണ്ടായത്. അത്തരം പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകിയ എല്ലാവരുടെയും സേവനത്തെ സർക്കാർ ഏറെ വിലമതിക്കുന്നു.

രക്ഷാപ്രവർത്തനത്തെ മുന്നോട്ടുകൊണ്ടുപോകുന്നതിന് സഹായകമായ ചില ഘടകങ്ങളുണ്ട്. പോലീസിനെ രക്ഷാപ്രവർത്തനത്തിന്റെ ചുമതല ഏൽപ്പിച്ചതും സൈന്യത്തെ കൃത്യസമയത്ത് ആവശ്യപ്പെടുകയും അവയെ ഫലപ്രദമായി വിന്യസിപ്പിച്ചതും പ്രധാനമാണ്. ആർമി, എയർഫോഴ്സ്, നാവികസേന, കോസ്റ്റ് ഗാർഡ്, എൻ.ഡി.ആർ.എഫ്., ബി.എസ്.എഫ്., സി.ആർ.പി.എഫ്. തുടങ്ങിയ കേന്ദ്രസേനകളിൽ നിന്നായി 7443 പേരാണ് അണിനിരന്നത്. നാൽപ്പതിനായിരത്തോളം വരുന്ന പോലീസ് സേനയും മൂവായിരത്തി ഇരുന്നൂറോളം വരുന്ന ഫയർഫോഴ്സ് അംഗങ്ങളും രക്ഷാപ്രവർത്തനത്തിൽ നേതൃത്വപരമായ പങ്ക് വഹിച്ചു. വനം, എക്സൈസ്, ജയിൽ, മോട്ടോർ വാഹന വകുപ്പുകളിലെ ജീവനക്കാരും റവന്യൂ വകുപ്പിലെ ജീവനക്കാരും രക്ഷാപ്രവർത്തനങ്ങളിലൊപ്പം ചേർന്നു. ഇതോടൊപ്പം നാട്ടുകാരും ചേർന്നതോടെയാണ് രക്ഷാപ്രവർത്തനം സജീവമായത്.

പോലീസിന്റെയും സൈന്യത്തിന്റെയും ജില്ലാ ഭരണകൂടത്തിന്റെയും ഏകോപനം ഉറപ്പുവരുത്തുന്ന തരത്തിൽ സംസ്ഥാനതലത്തിൽ രാവിലെയും വൈകുന്നേരവും നടന്ന അവലോകന യോഗങ്ങളും ഇത്തരം പ്രവർത്തനങ്ങളുടെ കാര്യക്ഷമത ഉറപ്പുവരുത്തി. മത്സ്യത്തൊഴിലാളികളെ രക്ഷാപ്രവർത്തനത്തിന് നിയോഗിക്കുകയെന്ന സുപ്രധാനമായ തീരുമാനവും രക്ഷാപ്രവർത്തനത്തെ ലക്ഷ്യത്തിലേക്കെത്തിക്കുന്നതിന് സുപ്രധാന ഘടകമായി. നമ്മുടെ നാട്ടിലെ പ്രളയബാധിത പ്രദേശങ്ങളിലെ രക്ഷാപ്രവർത്തനത്തിനുള്ള സേന എന്ന നിലയിൽ ഉയരുന്നതിന് മത്സ്യത്തൊഴിലാളികൾക്ക് കഴിയുന്ന സ്ഥിതിയുണ്ടായി. സർക്കാർ സംവിധാനങ്ങളെയും സന്നദ്ധ സംഘടനകളെയും ബഹുജനങ്ങളെയും തമ്മിൽ വിളക്കിച്ചേർത്തുകൊണ്ടുള്ള ശൈലി രക്ഷാപ്രവർത്തനത്തിന്റെ കരുത്ത് വർദ്ധിപ്പിച്ചു.

ദുരിതത്തിന്റെ ഒന്നാംഘട്ട രക്ഷാപ്രവർത്തനം പൂർത്തീകരിച്ചശേഷം പുനരധിവാസത്തിനുവേണ്ടിയുള്ള പ്രവർത്തനങ്ങളിലേയ്ക്ക് നാം ഇപ്പോൾ കടന്നിരിക്കുകയാണ്. വീടുകൾ താമസയോഗ്യമാക്കുന്നതിനുള്ള പ്രവർത്തനങ്ങളും അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാക്കുന്നതിനുള്ള നടപടികളും ലക്ഷ്യത്തോടടുക്കുകയാണ്. ഗതാഗത സൗകര്യങ്ങൾ, വൈദ്യുതി, കുടിവെള്ളം, ഭക്ഷണം എന്നിവ ലഭ്യമാക്കുന്നതിനുള്ള പ്രവർത്തനങ്ങളും നല്ല നിലയിൽ പുരോഗമിക്കുന്നുണ്ട്. നാടിന്റെ വിവിധ മേഖലകളിൽ നിന്നുള്ളവർ ഈ പ്രവർത്തനങ്ങളിൽ ഒറ്റക്കെട്ടായി അണിചേർന്ന് മുന്നോട്ടുപോകുകയാണ്. കേരളത്തിന്റെ വിവിധ ഭാഗങ്ങളിൽനിന്ന് യുവജനങ്ങൾ ഈ പ്രവർത്തനത്തിൽ ഏറെ സജീവമായി പങ്കെടുക്കുകയാണ്. പോലീസും ഫയർ ഫോഴ്സും സർക്കാരിന്റെ ഭരണ സംവിധാനങ്ങളും ബഹുജനങ്ങളുമായി കൈകോർത്ത് പ്രവർത്തനരംഗത്ത് സജീവമായി നിലയുറപ്പിച്ചിരിക്കുകയാണ്. വീടുകളിൽ താമസം തുടങ്ങുന്നതിന് അടിസ്ഥാനപരമായ സൗകര്യങ്ങൾ ലഭ്യമാക്കുന്ന നടപടിയും പുരോഗമിക്കുകയാണ്. പ്രാഥമിക ചെലവിന് 10,000 രൂപ സർക്കാർ ഓരോ കുടുംബത്തിനും നൽകുന്ന നടപടികളാരംഭിച്ചിട്ടുണ്ട്. അതിനുവേണ്ടിയുള്ള തുക എസ്.ഡി.ആർ.എഫ്., സി.എം.ഡി.ആർ.എഫ്. എന്നിവയിൽനിന്നും കളക്ടർക്ക് അനുവദിച്ചിട്ടുണ്ട്. കേന്ദ്ര ദുരന്തനിവാരണ മാർഗ്ഗരേഖയനുസരിച്ച് ഒരു കുടുംബത്തിന് 3,800 രൂപ മാത്രമാണ് നൽകാൻ കഴിയുന്നത്. അത് പരിമിതമായതിനാൽ 6,200 രൂപ വീതം മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്നുമാണ് നൽകുന്നത്. വീടുകളിൽ താമസമുറപ്പിക്കുന്നതിനായി അത്യാവശ്യ വസ്തുക്കളുടെ കിറ്റും സൗജന്യമായി നൽകിത്തുടങ്ങിയിട്ടുണ്ട്. ഇത്തരം ദുരന്തങ്ങൾ ഉണ്ടാകുന്നിടത്ത് പകർച്ച വ്യാധികളുടെ വ്യാപനവും സംഭവിക്കാൻ സാധ്യതയുള്ളതിനാൽ അത് തടയുന്നതിന് ആരോഗ്യ പ്രവർത്തകരുടെ സജീവമായ ഇടപെടലും നടത്തിക്കൊണ്ടിരിക്കുന്നു. പാഠപുസ്തകം നഷ്ടപ്പെട്ട കുട്ടികൾക്ക് അത് തിരിച്ചു നൽകുന്നതിനുള്ള പദ്ധതികൾ നടപ്പിലാക്കുകയാണ്. നഷ്ടപ്പെട്ട രേഖകൾ തിരിച്ചുനൽകാൻ ഐ.ടി. സംവിധാനത്തിന്റെ സഹായത്തോടെയുള്ള നടപടികളും ശരിയായ ദിശയിലാണ്. പ്രളയദുരിതത്തിൽ തകർന്നുപോയ ജനജീവിതത്തെ തിരികെ കൊണ്ടുവരാനുള്ള ഇടപെടലാണ് നടന്നുകൊണ്ടിരിക്കുന്നത്. വീട് തകർന്നപ്പോൾ തങ്ങളുടെ ജീവനോപാധിയായ കന്നുകാലികളോടൊപ്പമാണ് ചിലർ ക്യാമ്പുകളിലെത്തിയത്. കാലിത്തീറ്റ നൽകി അവയെ സംരക്ഷിക്കുന്നതിനുള്ള നടപടിയും സ്വീകരിച്ചിട്ടുണ്ട്. എല്ലാ വിഭാഗങ്ങളുടെയും പിന്തുണയോടെ ഇതെല്ലാം നടപ്പാക്കുകയാണ്. അങ്ങനെ ഒരു വലിയ വിഭാഗം ജനതയെ ജീവിതത്തിന്റെ വഴിത്താരകളിലേയ്ക്ക് തിരിച്ചുകൊണ്ടുവരാനുള്ള പാതയിലൂടെ നാം മുന്നേറുകയാണ്.

ദുരന്തത്തെ മറികടക്കാനുള്ള പ്രവർത്തനത്തിലെ സുപ്രധാനമായ ഘട്ടമാണ് പുനർനിർമ്മാണത്തിന്റേത്. ക്രിയാത്മകമായ ചർച്ചയുടെയും ശരിയായ പഠനത്തിന്റെയും അടിസ്ഥാനത്തിൽ നടപ്പിലാക്കേണ്ട ഒന്നാണിത്. അതുസംബന്ധിച്ച വിശദമായ ചർച്ചകൾ ഈ സഭയിൽ ഉണ്ടാകുമെന്ന പ്രതീക്ഷയാണ് സർക്കാരിനുള്ളത്. നാല് ഘടകങ്ങളാണ് ഇതുമായി ബന്ധപ്പെട്ട് നിലനിൽക്കുന്നത്. ഒന്നാമതായി, ആവശ്യമായ സമ്പത്ത് കണ്ടെത്തുക എന്നതാണ്. ഏതുതരത്തിലുള്ള പുനർനിർമ്മാണമാണ് നടത്തേണ്ടത് എന്നത് രണ്ടാമതായി വരുന്നു. പുനർനിർമ്മാണത്തിന് ആവശ്യമായ അസംസ്കൃത വസ്തുക്കൾ കണ്ടെത്തുകയെന്ന ഏറെ ശ്രമകരമായ ദൗത്യവും നമുക്ക് ഏറ്റെടുക്കാനുണ്ട്. അതോടൊപ്പം ജീവനോപാധികൾ ഉറപ്പുവരുത്തിക്കൊണ്ടു മാത്രമേ ജനജീവിതത്തെ സാധാരണ നിലയിലേയ്ക്ക് എത്തിക്കാനാകുകയുള്ളൂ. അത്തരം പ്രവർത്തനങ്ങൾക്ക് ഊന്നൽ നൽകുക എന്നത് പ്രധാനമാണ്. ഇത്തരം പ്രവർത്ത നങ്ങൾ ഏതൊക്കെ നിലയിൽ സംഘടിപ്പിക്കാനാകും എന്ന കാര്യം പുനർ നിർമ്മാണത്തിന്റെ ഭാഗമായി ചർച്ച ചെയ്യപ്പെടേണ്ടതാണ്. ഏറ്റവും അനിവാര്യമായത് അതിനുള്ള പണം കണ്ടെത്തുക എന്നതാണ്. ഇക്കാര്യത്തിൽ ഏറ്റവും കരുത്തു പകരുന്ന ഘടകമായിട്ടുള്ളത് ഓരോ കേരളീയനും നാടിനെ സംരക്ഷിക്കുന്നതിന് ഇറങ്ങേണ്ടതുണ്ട് എന്ന പൊതുബോധം ഉയർന്നുവന്നിട്ടുണ്ട് എന്നതാണ്. ഈ ജനപിന്തുണയാണ് പ്രതിസന്ധിയെ അതിജീവിക്കാമെന്ന ആത്മവിശ്വാസം സർക്കാരിന് പ്രദാനം ചെയ്യുന്നത്. സംസ്ഥാനത്തിനകത്തും പുറത്തുമുള്ളവരും ലോകത്തിന്റെ വിവിധ രാജ്യങ്ങളിൽ കഴിയുന്നവരും ഈ പ്രതിസന്ധിയുടെ ഘട്ടത്തിൽ നമ്മെ സഹായിക്കാൻ മുന്നോട്ടുവന്നുകൊണ്ടിരിക്കുകയാണ്. ഓണാഘോഷവും വിവാഹവും ഉൾപ്പെടെയുള്ള ചടങ്ങുകൾ മാറ്റിവച്ച് അതിന്റെ തുകപോലും മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നൽകിയവർ നിരവധിയാണ്. ചെറിയ കുട്ടികളുടെ സമ്പാദ്യകുടുക്കയിലെ പണംമുതൽ മുതിർന്ന പൗരന്മാരുടെ പെൻഷൻ തുകവരെ നൽകിയവരുണ്ട്. സ്വന്തമായുള്ള വസ്തു സർക്കാരിന്റെ പേരിൽ കൈമാറിയും സഹായങ്ങൾ നൽകിയവരുണ്ട്. ഇത്തരത്തിൽ മാതൃകാപരമായി സംഭാവന നൽകിയ നിരവധി പേരുണ്ട്. എല്ലാം ഇവിടെ വിസ്തരിക്കുന്നില്ല. പതിവ് രീതികളെ മറികടന്നുകൊണ്ട് ഇത് സംഭവിക്കുന്നുവെന്നത് നമുക്കെല്ലാം ഏറെ ആത്മ വിശ്വാസം പകരുന്നതാണ്. ഒരു മാസത്തെ വേതനം പുനർനിർമ്മാണത്തിനായി ലഭ്യമാക്കണമെന്ന നിർദ്ദേശം മുന്നോട്ടുവച്ചപ്പോൾ വലിയ തോതിലുള്ള പിന്തുണയാണ് ഉണ്ടായത്. ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽനിന്നുള്ള മലയാളികൾ അനുകൂലമായിത്തന്നെയാണ് പ്രതികരിച്ചു കൊണ്ടിരിക്കുന്നത്. ഇതും ആത്മവിശ്വാസം പകരുന്ന സുപ്രധാന ഘടകമാണ്. മിക്ക സർവ്വീസ് സംഘടനകളും ഈ നിർദ്ദേശത്തെ സ്വാഗതം ചെയ്തുവെന്നതും സംസ്ഥാനത്ത് ഉയർന്നുവന്നിരിക്കുന്ന

ഗുണപരമായ അന്തരീക്ഷത്തിന്റെ സാക്ഷ്യപത്രമാണ്. മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിലേയ്ക്ക് 2018 ആഗസ്റ്റ് 29 വരെ 730 കോടി രൂപയാണ് ലഭിച്ചത്. ചെക്ക്, ഭൂമി, ആഭരണങ്ങൾ, മറ്റ് വാഗ്ദാനങ്ങൾ എന്നിവയായി ലഭിച്ചത് ഇതിന് പുറമെ വരും. പ്രധാനമന്ത്രിയും കേന്ദ്ര ആഭ്യന്തരമന്ത്രിയും പ്രളയബാധിത പ്രദേശങ്ങൾ സന്ദർശിച്ചപ്പോൾ അടിയന്തരാശ്വാസമായി പ്രഖ്യാപിച്ച 600 കോടി രൂപ സംസ്ഥാനത്തിന് ലഭിച്ചിട്ടുണ്ട്. കേന്ദ്രസംഘത്തിന്റെ പരിശോധനയ്ക്കുശേഷം കെടുതിയുടെ വ്യാപ്തികൂടി കണക്കിലെടുത്തുകൊണ്ട് കൂടുതൽ തുക ലഭിക്കുന്ന സാഹചര്യമുണ്ടാകുമെന്നാണ് സർക്കാരിന്റെ പ്രതീക്ഷ. ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽനിന്ന് സഹായ വാഗ്ദാനങ്ങൾ പ്രവഹിക്കുന്നുണ്ട്. അവ നിയമപരമായ രീതികളിലൂടെ ലഭ്യമാക്കുന്നതിനുള്ള നടപടികളിലേയ്ക്കും സർക്കാർ നീങ്ങുകയാണ്. ലോകത്തിന്റെ എല്ലാ മേഖലകളിൽനിന്നും നീണ്ടുവരുന്ന സഹായഹസ്തങ്ങൾ സംസ്ഥാനത്തിന് ആത്മവിശ്വാസം പകരുന്നതാണ്. സഹായിക്കുന്നതിനായി ലോകത്തെമ്പാടുമുള്ള വിവിധ ഏജൻസികളും രംഗത്തുവരുന്നുണ്ട്. ഇന്നലെ ലോക ബാങ്കിന്റെ സംഘം കേരളത്തിൽ വന്ന് ചീഫ് സെക്രട്ടറി ഉൾപ്പെടെയുള്ളവരുമായി ചർച്ച നടത്തിക്കഴിഞ്ഞു. നമ്മുടെ സംസ്ഥാനത്തിന്റെ താൽപ്പര്യത്തിനനുസൃതമായ സഹായങ്ങൾ ആരുടെ ഭാഗത്തുനിന്നുണ്ടായാലും അത് സ്വീകരിക്കുക എന്നതാണ് സർക്കാർ നയം. പ്രവാസികളെ നമ്മുടെ വികസന പ്രവർത്തനങ്ങളുമായി കണ്ണിചേർക്കുക എന്ന ലക്ഷ്യത്തോടെ രൂപീകരിച്ചിട്ടുള്ളതാണ് ലോക കേരളസഭ. ഈ സഭയുടെ ശേഷി ഉപയോഗപ്പെടുത്തി ഈ മേഖലയിലെ സഹായം ഉറപ്പുവരുത്തുന്നതിനുള്ള സംവിധാനങ്ങളും കൊണ്ടുവരാൻ സർക്കാർ ആലോചിക്കുന്നുണ്ട്.

പുനർനിർമ്മാണം ഏത് വിധത്തിലായിരിക്കണമെന്നത് ഗൗരവതരമായ ഒരു വിഷയമാണ്. പ്രളയദുരന്തം പാരിസ്ഥിതികമായ ചില കാര്യങ്ങൾ മുന്നോട്ടു കൊണ്ടുവന്നിട്ടുണ്ട്. പ്രളയവും മണ്ണിടിച്ചിലും ഉരുൾപൊട്ടലും എളുപ്പം ബാധിക്കാവുന്ന സ്ഥലങ്ങളിൽ പുനരധിവാസം നടത്തണമോയെന്നത് പ്രധാനപ്പെട്ട പ്രശ്നമാണ്. ഇന്നത്തെ ചർച്ചയിൽ ഇക്കാര്യത്തിലൊരു വ്യക്തത നമുക്കെല്ലാവർക്കുംകൂടി ഉണ്ടാക്കാനാകണം. പരിസ്ഥിതി കാര്യങ്ങൾ കണക്കിലെടുത്തുകൊണ്ടുള്ള നിർമ്മാണ പ്രവർത്തനത്തിന്റെ സാധ്യതകൾ ആരായേണ്ടതുണ്ട്. റോഡുകളും പാലങ്ങളും ഉൾപ്പെടെയുള്ളവ വലിയ തോതിൽ തകർന്നുപോയിട്ടുണ്ട്. ഉൾനാടുകളിലെ പശ്ചാത്തല സൗകര്യങ്ങൾ ഏറെ പരിതാപകരമാണ്. അവ പുനഃസ്ഥാപി ക്കുന്നതിലൂടെ മാത്രമേ ജനജീവിതത്തെ സാധാരണനിലയിലേയ്ക്ക് കൊണ്ടു വരാനാകുകയുള്ളൂ. ഇതിനുള്ള അസംസ്കൃത വസ്തുക്കൾ കണ്ടെത്തുക എന്നുള്ളത് നാം

മറികടക്കേണ്ട അതീവ ഗൗരവമായ മറ്റൊരു പ്രശ്നമാണ്. ഇത് സൂക്ഷ്മമായി പരിശോധിച്ചുകൊണ്ടുമാത്രമേ പുനർ നിർമ്മാണ പ്രവർത്തനങ്ങളുടെ കാഴ്ചപ്പാടുകൾ പൂർണ്ണതയിലെത്തിക്കാനാകുകയുള്ളൂ.

ജനജീവിതം മുന്നോട്ടുപോകണമെങ്കിൽ ജീവനോപാധികൾ ഉറപ്പ് വരുത്താനാകണം. നിലവിൽ പ്രളയബാധിത പ്രദേശങ്ങളിൽ ഇക്കാര്യത്തിൽ വലിയ തകർച്ചയാണ് സംഭവിച്ചിട്ടുള്ളത്. കാർഷിക മേഖല തകർന്നിരിക്കുകയാണ്. വ്യാപാര സ്ഥാപനങ്ങൾ നാശോന്മുഖമായി. ചെറുകിട വ്യവസായങ്ങളുടെ നിലയും വ്യത്യസ്തമല്ല. വളർത്തു മൃഗങ്ങൾ ചത്തുപോയതും പലരുടെയും ജീവിതത്തെ പ്രതിസന്ധിയിലാക്കിയിട്ടുണ്ട്. ജനങ്ങൾ നേരിടുന്ന ഇത്തരം പ്രശ്നങ്ങൾ പരിഹരിച്ചാൽ മാത്രമേ അവരെ സാധാരണ ജീവിതത്തിലേയ്ക്ക് മടക്കികൊണ്ടു വരാനാകുകയുള്ളൂ. അതിനായുള്ള പ്രവർത്തനങ്ങൾ പുനർനിർമ്മാണത്തിലെ പ്രധാന ഉത്തരവാദിത്വങ്ങളിൽ ഒന്നായാണ് സർക്കാർ കാണുന്നത്. കൊച്ചി വിമാനത്താവളമടക്കം ഒട്ടേറെ പൊതുമേഖലാ സ്ഥാപനങ്ങൾക്ക് പ്രവർത്തനം നിർത്തിവയ്ക്കേണ്ടി വന്നിട്ടുണ്ട്. എല്ലാ ആധുനിക സംവിധാനങ്ങളുമുള്ള അന്താരാഷ്ട്ര വിമാനത്താവളംപോലും പ്രവർത്തനക്ഷമമായത് രണ്ടാഴ്ചയോളം കഴിഞ്ഞാണ് എന്നത് പരിഗണിച്ചാൽ പ്രളയബാധിതമായ ചെറിയ സ്ഥാപനങ്ങൾ സാധാരണഗതിയിൽ എത്താൻ എത്രത്തോളം സമയമെടുക്കുമെന്ന് ആലോചിക്കാവുന്നതേയുള്ളൂ. ഈ പ്രളയ ഘട്ടത്തിൽ സംഭവിച്ചത് ചെറുകിട കച്ചവടക്കാരും വ്യവസായ സ്ഥാപനങ്ങളും അടങ്ങുന്ന ഒരു വലിയ സമ്പദ്‌വ്യവസ്ഥ നിശ്ചലാവസ്ഥയിലായി എന്നതാണ്. ഇത് പൂർവ്വസ്ഥിതിയിലെത്തിക്കാൻ ബാങ്കുകളുടെ വായ്പാ പുനഃക്രമീകരണം കൊണ്ടും നിലവിലെ ദുരന്തനിവാരണ ചട്ടക്കൂടിൽ നിന്നുള്ള ഇടപെടലുകൾകൊണ്ടും മാത്രം സാധ്യമാകുകയുമില്ല. പാലിലും പച്ചക്കറിയിലും ഏകദേശം സ്വയംപര്യാപ്തതയിലേയ്ക്കടുത്തു നിൽക്കുമ്പോഴാണ് കാലവർഷക്കെടുതിയിൽ നാം അകപ്പെട്ടത്. ഇത് അസംഖ്യം കുടുംബങ്ങളുടെ ജീവനോപാധിയെയാണ് തകർത്തിരിക്കുന്നത്. ഇവ എങ്ങനെ പുനരുജ്ജീവിപ്പിക്കാം എന്ന കാര്യവും വിശദമായ ചർച്ചയ്ക്ക് വിധേയമാക്കേണ്ടതുണ്ട്. ഓഖി ദുരന്തത്തെയും നിപ വൈറസിനെയും അതിജീവിച്ച നമുക്ക് ഈ വലിയ ദുരന്തത്തെയും മറികടക്കുന്നതിന് കഴിയുന്ന രീതിയിലുള്ള പ്രവർത്തനങ്ങളാണ് ഇപ്പോൾ നടന്നുകൊണ്ടിരിക്കുന്നത്. നമ്മൾ യോജിച്ചു നിന്നാൽ പ്രളയത്തിൽ തകർന്ന കേരളത്തെ കൂടുതൽ പ്രൗഢോജ്ജ്വലമായി തിരിച്ചു പിടിക്കാനാകും. ദുരന്തങ്ങളിൽ തകരുന്നവരല്ല അതിനെ അതിജീവിച്ച് കുതിക്കുന്ന

വരാണ് നാം. ചരിത്രത്തിൽ അതിജീവനത്തിന്റെ പുതിയ അധ്യായം രചിച്ചവരാണ് കേരളീയർ എന്ന അഭിമാനബോധത്തോടെ തലയുയർത്തി നിൽക്കാൻ നമുക്ക് കഴിയണം. നമ്മെ സ്നേഹിക്കുന്നവരോടൊപ്പം കൈകോർത്തുപിടിച്ചുകൊണ്ട് മുന്നോട്ടു പോകാനാകണം. അതിന്റെ അടിസ്ഥാനം നമ്മുടെ ഐക്യവും യോജിപ്പുമാണ്. അതാണ് അതിജീവനത്തിന്റെ അടിസ്ഥാനപാഠം എന്നതാണ് സർക്കാർ നിലപാട്. നമ്മുടെ യോജിപ്പിന്റെയും ത്യാഗത്തിന്റെയും സാഹോദര്യസ്നേഹത്തിന്റെയും രീതികളാണ് ലോകജനതയെ മുഴുവൻ ആകർഷിച്ചിട്ടുള്ളത്. ഐക്യത്തോടെ നിന്ന് അതിജീവിക്കുകയെന്നതാണ് സർക്കാരിന്റെ കാഴ്ചപ്പാട്. പ്രളയ ദുരിതത്തിൽ മുങ്ങിക്കിടക്കുന്ന കേരളത്തെ ഉയർത്തെഴുന്നേൽപ്പിക്കുന്നതിനുള്ള പ്രയത്നങ്ങളിൽ എല്ലാ വിഭാഗം ജനങ്ങളുടെയും പിന്തുണയും സഹകരണവും സർക്കാർ പ്രതീക്ഷിക്കുന്നു. ഒറ്റക്കെട്ടായി നമുക്ക് നിൽക്കാനായിട്ടുണ്ട്. അവ കൂടുതൽ കരുത്തോടെ മുന്നോട്ടു കൊണ്ടുപോകാനായാൽ അതിജീവനത്തിന്റെ പുതിയ പാഠങ്ങൾ ലോകത്തിനു സമ്മാനിക്കാൻ കഴിയും. അതിനുള്ള സഹകരണവും പിന്തുണയും അഭ്യർത്ഥിക്കുന്നു.

<u>മി. സ്പീക്കർ</u>: ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഉപക്ഷേപം അവതരിപ്പിച്ച് സംസാരിച്ചിരിക്കുകയാണ്. ഓരോരുത്തരുടെയും അനുഭവങ്ങളുടെ സംഭരണി ഒരു ദിവസം പറയാനുള്ള അവസ്ഥയിലാണെന്ന് എല്ലാവർക്കുമറിയാം. ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവിന്റെ അഭിപ്രായംകൂടി പരിഗണിച്ചുകൊണ്ട് പരമാവധി സമയം കൊടുത്തിട്ടുണ്ട്. ചർച്ച ആരംഭിക്കുകയാണ്. ചർച്ചയിൽ സമയനിഷ്ഠ പാലിക്കാൻ കർശനമായി ശ്രദ്ധിക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്.

<u>ശ്രീ. എസ്. ശർമ്മ</u>: സർ, ചട്ടം 130 അനുസരിച്ചുള്ള ഉപക്ഷേപത്തിൽ സംസ്ഥാന മുഖ്യമന്ത്രി അവതരിപ്പിച്ചിട്ടുള്ള പ്രമേയത്തെ ഞാൻ പൂർണ്ണമായും പിന്തുണയ്ക്കുകയാണ്. കേരളം കണ്ടതിൽവച്ച് ഏറ്റവും വലിയ ദുരന്തത്തെ നേരിട്ടത് ലോകം കണ്ടതിൽവച്ച് ഏറ്റവും മികച്ച രക്ഷാപ്രവർത്തനത്തിന്റെ ദൗത്യത്തിലൂടെയാണ്. അതിൽ നമുക്ക് ഏവർക്കും അഭിമാനിക്കാം. ആത്മസമീപനത്തോടെയും ചങ്കുറ്റത്തോടെയും വെല്ലുവിളി ഏറ്റെടുത്തുകൊണ്ട് കേരളത്തിലെ ജനങ്ങളെ നയിച്ച പിണറായി സർക്കാരിന് ഹൃദയം നിറഞ്ഞ അഭിനന്ദനങ്ങൾ അർപ്പിക്കുകയാണ്.

വിശുദ്ധ ഖുർ-ആൻ അഞ്ചാം അദ്ധ്യായത്തിൽ പരാമർശിക്കുന്നത് 'വല്ലവനും ഒരാളെ കൊലപ്പെടുത്തിയാൽ അത് ഭൂമിയിലെ മൊത്തം മനുഷ്യരെയും കൊലപ്പെടുത്തുന്നതിന് തുല്യമാണ്, ഒരാളുടെ ജീവൻ രക്ഷിച്ചാൽ അത് ഭൂമിയിലുള്ള മനുഷ്യരുടെ ജീവൻ രക്ഷിച്ചതിനു തുല്യമാകും' എന്നാണ്. ഈ മഹത് വചനത്തിന്റെ

ഹൃദയം കാത്തുസൂക്ഷിച്ചുകൊണ്ടാണ് ജീവൻരക്ഷാ പ്രവർത്തനങ്ങളിൽ ജനങ്ങൾ അണിനിരന്നത്. ജാതി-മത-രാഷ്ട്രീയ ഭേദമില്ലാതെ സഹനത്തിന്റെയും ത്യാഗത്തിന്റെയും ഐക്യത്തിന്റെയും മാനവികതയുടെയും പ്രത്യാശയുടെയും അതിജീവനത്തിന്റെയും വഴികളിലൂടെ മുന്നിട്ടിറങ്ങുവാൻ നമുക്ക് കഴിഞ്ഞു. ഒരുമയുടെ ഈ അനുപമമായ നേർകാഴ്ചയ്ക്കപ്പുറം മറ്റെന്താണ് ഭാവികേരളത്തിന് മുമ്പിൽ നമുക്ക് സമർപ്പിക്കാനുള്ളത്? ഏതൊരു തൊഴിൽ മേഖലയെടുത്താലും നമുക്ക് മഹത് വ്യക്തിത്വങ്ങളുണ്ട്. പത്രപ്രവർത്തനരംഗത്തും ശാസ്ത്രലോകത്തും രാഷ്ട്രമീമാംസയിലും വിദ്യാഭ്യാസ മേഖലയിലും തുടങ്ങി എല്ലാ തലങ്ങളിലും മഹത് വ്യക്തിത്വങ്ങളെ കാണാം.

ഇവിടെ ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞതുപോലെ കേരള ചരിത്രത്തിലും ലോകചരിത്രത്തിലും പുതിയൊരദ്ധ്യായം എഴുതിച്ചേർത്ത് ശരീരത്തിലും മനസ്സിലും കാരിരുമ്പിന്റെ കരുത്തുനിറച്ച് സ്വജീവനും ജീവനോപാധിയും പണയംവച്ച് മരണ മുഖത്തുനിന്നും ജീവിതത്തിലേയ്ക്ക് തിരിച്ചുകൊണ്ടുവന്ന്, ആയിരക്കണക്കിന് ആളുകളുടെ ജീവൻ സംരക്ഷിച്ച മത്സ്യത്തൊഴിലാളികൾ ജീവൻരക്ഷാ ചരിത്രത്തിലെ മഹത് വ്യക്തികളായി കാലത്തിന്റെ മുമ്പിൽ കണ്ണാടിപോലെ തെളിഞ്ഞുനിൽക്കുകതന്നെ ചെയ്യും.

ജീസസ് ക്രൈസ്റ്റിന്റെ പന്ത്രണ്ട് ശിഷ്യൻമാരിൽ പത്ത് പേരും മത്സ്യത്തൊഴിലാളികളായിരുന്നു. അദ്ദേഹം വിശ്വസ്തതയോടെ അവരുടെകൂടെ ജീവിക്കുകയായിരുന്നു. ജീസസ് ക്രൈസ്റ്റ് കൂടുതൽ സമയവും ചെലവഴിച്ചിട്ടുള്ളത് മത്സ്യത്തൊഴിലാളികളോടൊപ്പമായിരുന്നു. ആ മത്സ്യത്തൊഴിലാളികൾ ഈ നാടിന്റെ ചരിത്രത്തിൽ പുതിയ അദ്ധ്യായം എഴുതിച്ചേർക്കുമ്പോൾ, 669 മീൻ പിടുത്തബോട്ടുകളും വള്ളങ്ങളും മറ്റ് നൗകകളും ഉപയോഗപ്പെടുത്തി 3525-ൽപ്പരം മത്സ്യത്തൊഴിലാളികൾ ഒരു സേനയെപ്പോലെ തങ്ങളുടെ ധീരതയും വൈഭവവും കർമ്മകുശലതയും പ്രയോഗിച്ച് ദുരന്തമുഖത്തുനിന്നും അറുപത്തി അയ്യായിര ത്തിലധികംപേരെ രക്ഷിച്ചെടുത്ത സ്വാത്മപ്രചോദിതമായ ദൗത്യനിർവ്വഹണം അനിതരസാധാരണവും അഭിനന്ദനാർഹവുമാണ്. രാജ്യരാജ്യാന്തരങ്ങളിൽ ശ്രദ്ധ നേടിയ പ്രസ്തുത സംഭവം നാളിതുവരെ അവഗണിക്കപ്പെട്ടു കിടന്നിരുന്ന മത്സ്യത്തൊഴിലാളികളുടെ തൊപ്പിയിൽ പൊൻതൂവൽ ചാർത്തുന്ന ചരിത്ര സംഭവമാണ്. ബഹുമാനപ്പെട്ട കേരള മുഖ്യമന്ത്രി ഈ തൊഴിലാളികളെ 'കേരളത്തിന്റെ സേന' എന്ന് വിശേഷിപ്പിച്ചതും കേരള മോഡലിന് ഇണങ്ങുന്ന തിലകച്ചാർത്താണ്.

യുദ്ധസമാനമായ സാഹചര്യങ്ങളിലെപ്പോലെ ശാസ്ത്രീയമായ സാങ്കേതികത്തികവുള്ള രക്ഷാദൗത്യമാണ് നമ്മുടെ സേനാവിഭാഗം നടത്തിയത്. രാപ്പകൽ ഭേദമില്ലാതെ ഈ ധീരദൗത്യത്തിൽ പങ്കാളികളായ മുഴുവൻ സൈനികരോടും ഈ നാടും നാട്ടാരും കടപ്പെട്ടിരിക്കുകയാണ്. കരുണയും നന്മയും ഉത്തരവാദിത്വ ബോധവുമുള്ള യുവതയാണ് തങ്ങളെന്ന് തെളിയിക്കുന്ന പ്രവർത്തനമാണ് കേരളത്തിലെ യുവജനങ്ങൾ നിർവ്വഹിച്ചത്. പലതരം കൂട്ടായ്മകളിലൂടെ ഒത്തുചേർന്ന് കൈകോർത്തുപിടിക്കുന്ന, മഹാനായ മാർക്സ് നിരീക്ഷിച്ച യുവജനങ്ങളെക്കുറിച്ചുള്ള, സോഷ്യൽ ക്യാപ്പിറ്റലിനുമുന്നിൽ പ്രളയം സൃഷ്ടിച്ചേക്കാമായിരുന്ന മഹാദുരന്തം ഒഴിവായിപ്പോവുകയായിരുന്നു. അതോടൊപ്പം പ്രളയദുരന്തത്തെ സംബന്ധിച്ച് വാർത്തകൾ യഥാവിധം ലോകത്തിനുമുന്നിൽ എത്തിച്ച മുഴുവൻ മാധ്യമ പ്രവർത്തകരേയും ഹൃദയത്തിൽതൊട്ട് അഭിവാദ്യം ചെയ്യുകയാണ്.

പ്രളയം ഏത് രൂപത്തിൽ വളർന്നുവെന്നും അതിന് ഭാവിയിൽ സ്വീകരിക്കേണ്ട സമീപനത്തിനുംകൂടി ഈ ചർച്ചകൾ പ്രയോജനകരമായി തീരുമെന്ന് ഞാൻ കണക്കാക്കുകയാണ്. ഞാൻ ചില നിർദ്ദേശങ്ങൾ ഇവിടെ സമർപ്പിക്കുകയാണ്. വ്യാവസായിക വിപ്ലവത്തിന്റെ ഉപോല്പന്നമായി ലോകമെമ്പാടും ഇപ്പോൾ അനുഭവിച്ചുകൊണ്ടിരിക്കുന്ന ഏറ്റവും വലിയ വിപത്ത് കാലാവസ്ഥാ വ്യതിയാനത്തിന്റേതാണ്. പ്രകൃതിയെ വിസ്മരിച്ചുകൊണ്ടുള്ള മനുഷ്യന്റെ വിവേകരഹിതമായ പ്രവർത്തനം, പ്രത്യേകിച്ച് കഴിഞ്ഞ ഒരു നൂറ്റാണ്ടായി അന്തരീക്ഷത്തിൽ മാറ്റിമറിച്ചിലുകൾ ഉണ്ടായിക്കൊണ്ടിരിക്കുകയാണ്. ഊഷ്മാവിന്റെ ക്രമാതീതമായ വർദ്ധനവിനും കാർബൺഡയോക്സൈഡ് ഉൾപ്പെടെയുള്ള വാതകങ്ങളുടെ അനിയന്ത്രിതമായ പെരുപ്പത്തിനും ഇടവരുത്തിയിട്ടുണ്ട്. ഹരിതഗൃഹ വാതകങ്ങളായ കാർബൺ ഡയോക്സൈഡ്, സൾഫർഡയോക്സൈഡ്, മീഥൈൻ, ഓസോൺ, ഏറോസോൾസ് അഥവാ അന്തരീക്ഷത്തിലെ പൊടിപടലങ്ങൾ, നീരാവി, ഹൈഡ്രോ ക്ലോറോഫ്ലൂറോ കാർബൺ എന്നിവയുടെ തോത് ആശ്ചര്യകരമായ രീതിയിൽ വർദ്ധിക്കുകയും കാലാവസ്ഥാ വ്യതിയാനത്തിന് വേഗത കൂട്ടുകയും ചെയ്യുന്നു. തുടർഫലമായി നിനച്ചിരിക്കാത്തവിധം വരൾച്ച, ഓരു വെള്ളത്തിന്റെ തള്ളിക്കയറ്റം, മേഘ വിസ്ഫോടനം, കൊടുങ്കാറ്റ്, പേമാരി, വെള്ളപ്പൊക്കം, ധ്രുവപ്രദേശങ്ങളിൽ പോലും ഹിമപാളികൾ ഉരുകൽ, കടൽനിരപ്പ് ഉയരൽ, ജൈവവൈവിധ്യശോഷണം എന്നീ വിപത്തുകൾക്ക് ഇടവരുത്തുകയും ചെയ്യുന്നു. മനുഷ്യരാശിയുടെ വിശപ്പ് വർദ്ധിപ്പിക്കുന്നതിലും അവർക്ക് സ്ഥാനചലനം വരുത്തുന്നതിലും അത് അനല്പമായ പങ്കുവഹിക്കുന്നുണ്ടെന്ന് ആഗോള സംഘടനയുടെ 2018-ലെ സുസ്ഥിര വികസന റിപ്പോർട്ടിൽ വെളിപ്പെടുത്തുന്നുണ്ട്.

കൃഷിനാശംമൂലം ഭക്ഷ്യക്ഷാമത്തിനും പോഷകാഹാരത്തിന്റെ ലഭ്യതയ്ക്കും വല്ലാത്ത കോട്ടം സംഭവിക്കുന്നുണ്ട്. കൂടാതെ വെള്ളക്കെട്ടുമൂലം വിവിധതരം അണുക്കളും ക്ഷുദ്രജീവികളും അമ്പരിപ്പിക്കുംവിധം പെരുകുകയും ആരോഗ്യ പ്രശ്നങ്ങളും തീരാരോഗങ്ങളും നിത്യസംഭവമായി മാറുകയും ചെയ്യുന്നു. ഇത് ശ്രദ്ധിച്ചില്ലെങ്കിൽ ഇത്തരം രോഗങ്ങൾമൂലം അടുത്ത 25 വർഷത്തിനുള്ളിൽ ശരാശരി 2.50 ലക്ഷം പേർക്ക് ആഗോളവ്യാപകമായി ജീവഹാനി സംഭവിക്കുമെന്ന് അടുത്തകാലത്ത് ലോകാരോഗ്യ സംഘടന ചൂണ്ടിക്കാണിക്കുന്നു.

ഈ നൂറ്റാണ്ടിന്റെ പ്രാരംഭം മുതൽ ഇൻഡോ - പസഫിക് സമുദ്ര മേഖലയിലും അറ്റ്ലാന്റിക് സമുദ്ര മേഖലയിലും അടിക്കടി അനുഭവപ്പെട്ടുകൊണ്ടിരിക്കുന്ന കൊടുങ്കാറ്റും കാട്ടുതീയും വെള്ളപ്പൊക്കവും മനുഷ്യരാശിയെ നിരന്തരമായി ഭീഷണിപ്പെടുത്തുകയും വെല്ലുവിളി ഉയർത്തുകയും ചെയ്യുന്നു. അന്താരാഷ്ട്ര ഗവേഷണ പാനലിന്റെ 2006-ലെ റിപ്പോർട്ട് അതിന്റെ ഭീതിദമായ അവസ്ഥയിലേയ്ക്ക് വെളിച്ചം വീശുന്നുണ്ട്. പരിസ്ഥിതി തകർച്ചയും വനനശീകരണവുംമൂലം അന്തരീക്ഷ ഊഷ്മാവിൽ കാർബൺ സംയുക്തങ്ങളുടെ ക്രമാതീതമായ വർദ്ധനവും കാലാവസ്ഥാ വ്യതിയാനത്തിന് ഇടവരുത്തുന്നുണ്ടെന്ന് റിപ്പോർട്ട് സ്പഷ്ടമാക്കുന്നുണ്ട്. സംഗതികൾ വേണ്ടവിധം ഉൾക്കൊണ്ടില്ലെങ്കിൽ 2004-ലെ സുനാമിയും 2015-ൽ അമേരിക്കയിലുണ്ടായ കൊടുങ്കാറ്റും 2017-ലെ ഓഖി ചുഴലിക്കാറ്റും വരുത്തിയ വിനകൾ കൂടെക്കൂടെ അനുഭവിക്കേണ്ടതായി വരും. ഇത്തരം ദുരിതങ്ങൾമൂലം ആൾനാശം കൂടാതെ ഇന്ത്യയുടെ ദേശീയ വരുമാനത്തിന്റെ ശരാശരിയിൽ 2.8 ശതമാനത്തിന്റെ കുറവുണ്ടാകുമെന്ന് കണക്കാക്കപ്പെടുന്നു. പരിസ്ഥിതി സന്തുലിതാവസ്ഥ നിലനിർത്തിയും ജൈവവൈവിദ്ധ്യം സംരക്ഷിച്ചുകൊണ്ടുള്ള വികസന തന്ത്രം അനുവർത്തിക്കലുമാണ് കൂടുതൽ അഭികാമ്യം. ഉപരിയായി പ്രകൃതിയുടെ താങ്ങുശേഷിക്കനുസൃതമായ പ്രവർത്തനങ്ങൾ നിർവ്വഹിക്കപ്പെടണം. ഈ പശ്ചാത്തലത്തിൽ കേരളത്തിലുണ്ടായ മഹാപ്രളയത്തെ അവലോകനം ചെയ്യുകയും വിലയിരുത്തുകയും മോചനത്തിന്റെ തന്ത്രം ആവിഷ്കരിക്കുകയും വേണം. സീസണിലെ നിരന്തരമായ മഴയും ആഗസ്റ്റ് 15, 17 തീയതികളിലുണ്ടായ അതിവൃഷ്ടിയും മഹാപ്രളയത്തിന്റെ തോത് 1924-ലെ പ്രളയത്തേക്കാൾ ഭീതിദമാക്കി. ലക്ഷക്കണക്കിനുപേർ ഭവനരഹിതരായി, ഉദ്ദേശം 483 പേർക്ക് ജീവഹാനി സംഭവിച്ചു. കൃഷി, മൃഗസംരക്ഷണം, മത്സ്യമേഖല, അടിസ്ഥാന സൗകര്യം, വ്യവസായം, വാണിജ്യം, ഊർജ്ജ മേഖല എന്നിവയിൽ പ്രാഥമികമായി കണക്കാക്കിയതിനേക്കാൾ എത്രയോ ഇരട്ടി നഷ്ടം വരുമെന്ന് ഇന്നലെത്തന്നെ ബഹുമാനപ്പെട്ട മുഖ്യമന്ത്രി വ്യക്തമാക്കിക്കഴിഞ്ഞിട്ടുണ്ട്. വീടുകൾ, റോഡ്, വൈദ്യുതി, കുടിവെള്ളം, ശുചിത്വസംവിധാനങ്ങൾ എന്നിവ താറുമാറായി. ജനങ്ങൾ അക്ഷരാർത്ഥത്തിൽ ഭയന്ന് വിറങ്ങലിച്ചുപോയതെല്ലാം പരിഗണിക്കുമ്പോൾ കേരളത്തിന്റെ നഷ്ടക്കണക്ക് ഉയർന്ന തോതിലായിരിക്കും.

സന്ദർഭത്തിനനുസരിച്ച് സർക്കാരും ജനങ്ങളും വളരെ ജാഗ്രതയോടെ ഉണർന്നു പ്രവർത്തിച്ചതിനാൽ പൊലിഞ്ഞുപോയേക്കാമായിരുന്ന പതിനായിരക്കണക്കിന് മനുഷ്യജീവനുകളെ ദുരന്തമുഖത്തുനിന്നും അത്ഭുതകരമായി രക്ഷപ്പെടുത്താൻ കഴിഞ്ഞു. ഇക്കാര്യത്തിൽ സർക്കാരിന്റെ നേതൃത്വത്തിൽ മത്സ്യമേഖലയിലെ തൊഴിലാളികളും ആർമിയും നേവിയും കോസ്റ്റ് ഗാർഡും ദുരന്തനിവാരണ സേനയും പോലീസും സന്നദ്ധ പ്രവർത്തകരും മറ്റുള്ളവരും അനുഷ്ഠിച്ച സേവനങ്ങൾ വിവരണാതീതവും അതിരുകളില്ലാത്ത അഭിനന്ദനമർഹിക്കുന്നതുമാണ്.

എറണാകുളം ജില്ലയിൽ 975-ഓളം ക്യാമ്പുകളിലായി നാല് ലക്ഷത്തോളം പേരെയാണ് മാറ്റിപ്പാർപ്പിച്ചത്. 65-ഓളം മരണം റിപ്പോർട്ട് ചെയ്തിട്ടുണ്ട്. രക്ഷാപ്രവർത്തനത്തിനിടയിൽ എന്റെ മണ്ഡലത്തിൽ നിന്നും കാണാതായ ചെറുപ്പക്കാരനെ ഇനിയും കണ്ടുകിട്ടിയിട്ടില്ല. അതിന്റെ വിശദാംശങ്ങളിലേയ്ക്ക് സമയക്കുറവുമൂലം ഞാൻ കടക്കുന്നില്ല.

മഹാപ്രളയംമൂലം കേരള ഭൂപ്രകൃതിയും ആവാസകേന്ദ്രങ്ങളും അടിസ്ഥാന സൗകര്യങ്ങളും ജനജീവിതവും താറുമാറായ പശ്ചാത്തലത്തിൽ സർക്കാർ ഉത്തര വാദിത്വത്തിൽ നവകേരളം സൃഷ്ടിച്ചെടുക്കാൻ ആസൂത്രിതമായ രീതിയിൽ ഏകോപിതവും കാര്യക്ഷമവുമായ പദ്ധതി പ്രവർത്തനങ്ങൾ നിർവ്വഹിക്കേണ്ടി യിരിക്കുന്നു. പുനഃസൃഷ്ടി വിഭാവന ചെയ്യുന്ന ഭഗീരഥ യത്നത്തിൽ ശ്രദ്ധയൂന്നേണ്ടി വരുന്ന ഘട്ടത്തിൽ ഇനി വിവരിക്കുന്ന നിർദ്ദേശങ്ങൾ പരിഗണിക്കുന്നത് ഉചിതമായിരിക്കുമെന്ന് ഞാൻ കണക്കാക്കുന്നു.

1. മഹാപ്രളയത്തിൽ ആകമാനം സംഭവിച്ച വെള്ളപ്പൊക്കത്തിന്റെ ഉയർന്ന ലെവൽ അതതിടത്ത് അളന്ന് തിട്ടപ്പെടുത്തുക.

2. 1991-ലും 2003-ലും ബഹുമാനപ്പെട്ട സുപ്രീംകോടതി ആവർത്തിച്ച് ഉത്തരവിട്ടതുപോലെ കാലാവസ്ഥാ വ്യതിയാനത്തെ സംബന്ധിച്ച് ഗ്രാമീണ - നഗരവാസികളെ ബോധവത്കരിക്കുക.

3. കാലാവസ്ഥാ സാക്ഷരതയെക്കുറിച്ച് ശരിയായ അറിവ് നൽകുക.

4. പ്രകൃതി ദുരന്തങ്ങൾ അതിജീവിക്കാൻ പരിശീലനം കൊടുക്കുക.

5. കാലാവസ്ഥാ വ്യതിയാനത്തിന്റെ ആഘാതം ലഘൂകരിക്കാൻ മാർഗ്ഗങ്ങൾ സ്വീകരിക്കുക.

6. പരിസ്ഥിതി വ്യതിയാനവുമായി പൊരുത്തപ്പെട്ട് ജീവിക്കാൻ പ്രേരിപ്പിക്കുക.

7. പരിസ്ഥിതിക്കിണങ്ങിയ സുസ്ഥിര വികസന രീതി അനുവർത്തിക്കുക; സന്തുലിതമായ ആവാസവ്യവസ്ഥ നിലനിർത്തുക.

8. കാറ്റാടി-കണ്ടൽ വനവത്കരണത്തിലൂടെ ജൈവകവചവും ജൈവ വേലിയും പടുത്തുയർത്തി തീരദേശങ്ങൾ സംരക്ഷിക്കുക.

9. മണ്ണ്, വായു, വെള്ളം തുടങ്ങിയവ ഗുണസവിശേഷതയോടെ പരിരക്ഷിക്കുക.

10. കാലാവസ്ഥാ വ്യതിയാനം മുതൽമുടക്കിനുള്ള മേഖലകൂടിയായി മാറ്റിയെടുക്കണം.

11. പ്രകൃതിയുടെ താങ്ങുശേഷിക്കനുസൃതമായ വികസനരീതികൾ മാത്രമേ പിന്തുടരാവൂ.

12. നദികളിലും ജലാശയങ്ങളിലും അടിഞ്ഞുകൂടിയ എക്കലും മണ്ണും നിശ്ചിത സമയത്തിനുള്ളിൽത്തന്നെ നീക്കംചെയ്ത് അവയുടെ ജൈവോത്തേജനശേഷി വർദ്ധിപ്പിക്കണം. അഴിമുഖങ്ങളിലും തുറ മുഖങ്ങളിലും അടിഞ്ഞു കൂടിയിട്ടുള്ള എക്കലും മണ്ണും യുദ്ധകാലാടി സ്ഥാനത്തിൽ നീക്കം ചെയ്യുക. നീക്കം ചെയ്യപ്പെട്ട പോഷകസമൃദ്ധമായ എക്കൽ ഉപയോഗപ്പെടുത്തി കൃഷിരീതികൾ വികസിപ്പിക്കുക.

13. കുടിവെള്ള സ്രോതസ്സുകൾ ഫലപ്രദമായി സംരക്ഷിക്കുക.

14. നൂതന സാങ്കേതികവിദ്യകൾ ഉപയോഗിച്ച് മാലിന്യ നിർമ്മാർജ്ജനം കാര്യക്ഷമമായി നിർവ്വഹിക്കുക.

15. അതിനൂതനവും മാലിന്യരഹിതവുമായ സാങ്കേതിക വിദ്യകൾ പ്രയോജനപ്പെടുത്തി ജനജീവിതം ഉന്മേഷദായകമാക്കുക.

16. ജഡാവസ്ഥയിലായ കലയും സംസ്കാരവും ശുഭാപ്തിവിശ്വാസവും മറ്റ് മൂല്യങ്ങളും വീണ്ടെടുക്കാൻ ഉചിതമായ നടപടികൾ ആവിഷ്കരിക്കുക.

17. നിശ്ചലാവസ്ഥയിലായ പ്രതാപം പൂർവ്വസ്ഥിതിയിലേക്കല്ല മറിച്ച് നവകേരളം അതിന്റെ മഹനീയമായ അർത്ഥത്തിൽ സൃഷ്ടിച്ചെടുക്കലാണ് സർവ്വപ്രധാനമായ ലക്ഷ്യമെന്ന ബോധം ജനങ്ങളിലുണർത്തുക.

18. വെല്ലുവിളികൾ സമർത്ഥമായി തരണം ചെയ്യാൻ ആത്മാർത്ഥവും സത്യസന്ധവുമായ സേവനം സമർപ്പിക്കലാണ് ദൗത്യ നിർവ്വഹണ ത്തിന്റെ ആണിക്കല്ല് എന്ന മുദ്രാവാക്യം പൗരജനങ്ങൾ ഏറ്റെടുക്കണം.

19. സേവനസന്നദ്ധരായ യുവജനങ്ങളുടെയും സർക്കാരിതര കർമ്മ സംഘടനകളുടെയും വ്യക്തികളുടെയും കഴിവും കർമ്മശേഷിയും നവകേരള സൃഷ്ടി എന്ന ദൗത്യം സാക്ഷാത്കരിക്കാൻ വിനിയോഗിക്കുക.

20. വിവിധ വകുപ്പുകൾ, കുടുംബശ്രീ, യുവജനകൂട്ടായ്മകൾ, സന്നദ്ധ പ്രവർത്തകർ എന്നിവരെ ഉൾപ്പെടുത്തി വില്ലേജടിസ്ഥാനത്തിൽ ഡിസാസ്റ്റർ മാനേജ്മെന്റ് സെൽ പ്രവർത്തനം ആരംഭിക്കുക.

വൈപ്പിൻ മണ്ഡലത്തിൽ 78 റിലീഫ് ക്യാമ്പുകളിലായി 75000 പേരെ മാറ്റിപ്പാർപ്പിച്ചു. വൈപ്പിൻ ഫിഷിംഗ് ഹാർബർ കേന്ദ്രീകരിച്ച് സംഘടിപ്പിച്ച 200 വള്ളങ്ങൾ ദുരന്തമേഖലയിൽ അയച്ച് പതിനായിരക്കണക്കിന് ജനങ്ങളുടെ ജീവൻ രക്ഷിക്കുവാൻ 900-ത്തോളം മത്സ്യത്തൊഴിലാളികൾ പങ്കുവഹിച്ചു. ഇവരെ കോ-ഓർഡിനേറ്റ് ചെയ്യാൻ കഴിഞ്ഞതിൽ സന്തോഷിക്കുന്നു. ജില്ലാ കളക്ടറുടെ നേതൃത്വത്തിൽ കൺട്രോൾ റൂം തുറന്ന് ദുരിതാശ്വാസപ്രവർത്തനത്തിൽ നല്ല പങ്ക് വഹിച്ചു. മണ്ഡലത്തിലെ മിഥുൻ എന്ന ചെറുപ്പക്കാരൻ രക്ഷാപ്രവർത്തനത്തിൽ പങ്കെടുക്കുമ്പോൾ ഒഴുക്കിൽ ഒലിച്ചുപോയി. കോങ്ങാട് റോക്കി എന്നയാൾ മനംനൊന്ത് ആത്മഹത്യ ചെയ്തു.

കൊല്ലവർഷം 1099-ൽ അതിദാരുണമായ വെള്ളപ്പൊക്കം ഉണ്ടായപ്പോൾ രക്ഷാപ്രവർത്തനത്തിനുവേണ്ടി നേതൃത്വം കൊടുത്തവരിൽ പ്രമുഖസ്ഥാനീയൻ രാഷ്ട്രപിതാവായ മഹാത്മാഗാന്ധിയായിരുന്നു. അദ്ദേഹം 1099-ലെ വെള്ളപ്പൊക്കത്തിന്റെ കെടുതിയിൽ അകപ്പെട്ടവരെ സഹായിക്കാൻ വേണ്ടി ഫണ്ട് നൽകണമെന്ന് അഭ്യർത്ഥന നടത്തുകയുണ്ടായി. ഒരു മാസത്തെ ശമ്പളത്തിനും മറ്റ് സഹായത്തിനുമുള്ള അഭ്യർത്ഥന ഇന്നത്തെ കാലഘട്ടത്തിന്റെ ചരിത്രത്തിൽ സഖാവ് പിണറായി വിജയന്റെ നേതൃത്വത്തിൽ നടത്തുന്നു. 1099-ൽ ഗാന്ധിജി നടത്തിയ അഭ്യർത്ഥനയുടെ ഫലമായി ഒരുലക്ഷം രൂപയാണ് കിട്ടിയത്. ഒരു മഹാമുന്നേറ്റമായിരുന്നു അത്. അന്ന് ഗാന്ധിജിയുംകൂടി സഹായിച്ച് കേരളത്തെ കൈപിടിച്ചുയർത്തി. കേരളമൊട്ടാകെ സഹായിച്ച് മുഖ്യമന്ത്രിയുടെയും പ്രതിപക്ഷത്തിന്റെയും മറ്റെല്ലാ വിഭാഗം ജനങ്ങളുടെയും നേതൃത്വത്തിൽ കൈപിടിച്ചുയർത്താൻ ഒരുമിച്ച് മുന്നോട്ട് പോകാൻ നമുക്ക് കഴിയണം. അക്കാലത്ത് ഒരു പവൻ സ്വർണ്ണത്തിന്റെ വില 15 രൂപയായിരുന്നു. 6542 പവന്റെ വിലയാണ് ഗാന്ധിജി നടത്തിയ ആഹ്വാനത്തിന്റെ ഫലമായി ലഭിച്ചത്. ഈ സർക്കാരിനെ സംബന്ധിച്ചിടത്തോളം തുറന്ന മനസ്സോടെ ബഹുമാനപ്പെട്ട മുഖ്യമന്ത്രി നടത്തിയിട്ടുള്ള സഹായഹസ്തങ്ങൾ വൃഥാവിലാകില്ല. അതിന് പൂർണ്ണ പിന്തുണ പ്രഖ്യാപിച്ച് ഒരു ജനമുന്നേറ്റം ജാതി-മത-രാഷ്ട്രീയ വ്യത്യാസങ്ങൾക്കപ്പുറം

ഉയർന്നുവന്നിട്ടുണ്ട്. ഈ സർക്കാരിനെ സംബന്ധിച്ചിടത്തോളം ഡോ. മാർട്ടിൻ ലൂഥർ കിംഗ് പറഞ്ഞ കാര്യങ്ങളാണ് അനുയോജ്യമായിട്ടുള്ളതെന്ന് ഞാൻ വിശ്വസിക്കുന്നു. അദ്ദേഹം പറഞ്ഞു "നിങ്ങളുടെ ജീവിതത്തിൽ സങ്കീർണ്ണമായ ഒരു സാമൂഹ്യപ്രശ്നം ഉയർന്നുവരുമ്പോൾ നിങ്ങൾ മൗനമാണ് സ്വീകരിക്കുന്നതെങ്കിൽ മരണത്തെ സ്വയം സ്വീകരിക്കുന്നതിന് തുല്യമായിരിക്കും, നിങ്ങൾ ശക്തമായി പ്രതികരിക്കുന്നുവെങ്കിൽ ജീവിതത്തെ ഇഷ്ടപ്പെടുന്നതായി കണക്കാക്കാം. മരണത്തെ സ്വീകരിക്കണമോ അതോ ജീവിതത്തെ സ്വീകരിക്കണമോ എന്ന് നിങ്ങൾക്ക് നിശ്ചയിക്കാം". ഡോ. മാർട്ടിൻ ലൂഥർ കിംഗ് പറഞ്ഞതുപോലെ ജീവനെ സ്നേഹിക്കാനും ജീവിതത്തെ സ്വീകരിക്കാനുമാണ് ശ്രീ. പിണറായി വിജയന്റെ നേതൃത്വത്തിലുള്ള ഗവൺമെന്റ് ഈ കാലത്തിൽ മുന്നോട്ടുവന്നത്. അങ്ങനെ മുന്നോട്ടുവന്നത് ഒറ്റപ്പെട്ടതായിരുന്നില്ല, ഒട്ടാകെയുള്ള ഒരുമയുടെ സംസ്കാരമായിരുന്നു. കാലത്തെയും ചരിത്രത്തെയും സാക്ഷിനിർത്തി അത് പങ്ക് വയ്ക്കുകയും ചെയ്യുന്നു. നവകേരള സൃഷ്ടിക്കായി ഭിന്നിപ്പിന്റെ വഴികൾ മാറ്റുക, രാജ്യം അസാധാരണമായ പ്രതിസന്ധി നേരിടുന്ന സന്ദർഭത്തിൽ അതിജീവിക്കാൻ ഒരുമയുടെ കരുത്തിൽ വിശ്വാസം അർപ്പിച്ച് ഭിന്നിപ്പിന്റെ വഴികൾ മറക്കുക. ഒന്നിപ്പിന്റെ വഴികളിലൂടെ സഞ്ചരിക്കുക. അതിനുള്ള ചർച്ചകളും തീരുമാനങ്ങളുമായി കയ്യുംമെയ്യും മറന്ന് നവകേരള സൃഷ്ടിക്കുള്ള പ്രതിജ്ഞയാകട്ടെ ഈ സമ്മേളന ചർച്ച എന്നാഗ്രഹിച്ചുകൊണ്ട് എന്റെ വാക്കുകൾ ചുരുക്കുന്നു.

<u>ശ്രീ. വി. ഡി. സതീശൻ</u>: സർ, ഉപക്ഷേപത്തെ പിന്താങ്ങുന്നു. സാധാരണക്കാരായ മനുഷ്യരുടെ ജീവിതത്തിനും അവരുടെ സ്വപ്നങ്ങൾക്കും മുകളിൽ ഒഴുകിയെത്തിയ ഒരു മഹാപ്രളയത്തിനുശേഷമാണ് നാം ഒരുമിച്ചുകൂടുന്നത്. ലക്ഷക്കണക്കിന് മലയാളികളുടെമേൽ ദുരിതമായി പെയ്തിറങ്ങിയ ഈ മഹാദുരന്തം കേരളത്തിന്റെ വലിയൊരു ഭാഗത്തെ മുഴുവൻ തകർത്ത് തരിപ്പണമാക്കി യിരിക്കുകയാണ്. ഉടുതുണിക്ക് മറുതുണിയില്ലാതെ ദുരിതാശ്വാസ ക്യാമ്പുകളിലേക്ക് ജീവനുംകൊണ്ട് രക്ഷപ്പെട്ട് ഓടിയെത്തിയ പാവപ്പെട്ട മനുഷ്യരുടെ ദൈന്യതയാർന്ന മുഖം നമ്മളെയെല്ലാവരെയും അലട്ടുകയാണ്. നിസ്സഹായരായ മനുഷ്യരിൽ ചിലർ ക്യാമ്പുകളിൽനിന്നും തകർന്ന വീടുകളുടെ മുന്നിൽപ്പോയിനിന്ന് മാറത്തടിച്ച് നിലവിളിക്കുകയാണ്, ചിലർ നമ്മളെ കാണുമ്പോൾ വിതുമ്പുകയാണ്, ചിലരുടെ മുഖത്ത് നിസ്സംഗഭാവമാണ്, നമ്മെ പേടിപ്പെടുത്തുന്ന മുഖഭാവങ്ങളുമായി ചില ആളുകൾ നിൽക്കുന്നു. ഒരു മനുഷ്യായുസ്സ് മുഴുവൻ ചോരനീരാക്കി പണിയെടുത്ത് ഇൻസ്റ്റാൾമെന്റ് വ്യവസ്ഥയിലും കടംവാങ്ങിയും ബാങ്കുകളിൽനിന്ന് ലോണെടുത്തും വാങ്ങിക്കൂട്ടിയ വീട്ടുസാമഗ്രികളും വീടുമെല്ലാം വെള്ളത്തിൽ ഒഴുകിപ്പോയ ദൗർഭാഗ്യകരമായ സ്ഥിതിവിശേഷമാണുണ്ടായത്.

10.00 AM]

ക്യാമ്പുകളിൽനിന്ന് തിരിച്ച് വീടുകളിലേയ്ക്ക് എത്തുമ്പോൾ ഭക്ഷണത്തിന് വകയില്ലാതെ, കിടക്കാൻ പായയില്ലാതെ, പുതപ്പിലാതെ, വസ്ത്രങ്ങളില്ലാതെ, പാത്രങ്ങളില്ലാതെ, അടുപ്പില്ലാതെ എന്താണ് ചെയ്യേണ്ടതെന്നറിയാതെ ജീവിതം വഴിമുട്ടി നിൽക്കുന്ന ലക്ഷക്കണക്കിന് ആളുകളാണുള്ളത്. അങ്ങനെയുള്ള അമ്പതിനായിരം വീടുകളെ പ്രതിനിധാനം ചെയ്യുന്ന എം.എൽ.എ. കൂടിയാണെന്ന ദൗർഭാഗ്യവുമായാണ് ഞാൻ ഇവിടെ നിൽക്കുന്നത്.

ലാവാ പ്രവാഹംപോലെ ഒഴുകിയെത്തിയ മലയുടെയും വെള്ളത്തിന്റെയും അടിയിൽപ്പെട്ട് തകർന്നുപോയ കുടുംബങ്ങൾ, രക്ഷാപ്രവർത്തനത്തിനിടയിലും രക്ഷപ്പെടുന്നതിനിടയിലും ജീവിതം ഹോമിക്കേണ്ടിവന്ന പാവപ്പെട്ട മനുഷ്യർ, അങ്ങനെ കേരളം സങ്കടങ്ങളുടെയും ദുരിതങ്ങളുടെയും ദുരിതപർവ്വത്തിലാണ് നിൽക്കുന്നത്. നമുക്ക് ഇവരെ ജീവിതത്തിലേയ്ക്ക് തിരിച്ചുകൊണ്ടുവരണം. നിസ്സഹായരായും നിസ്സംഗരായും നിൽക്കേണ്ടവരല്ല നമ്മൾ. നഷ്ടപ്പെട്ട വീടും ഉപജീവനമാർഗ്ഗങ്ങളും കുഞ്ഞുങ്ങളുടെ പഠനസാമഗ്രികളും വീട്ടുപകരണങ്ങളും ജീവിതത്തിലെ പ്രതീക്ഷകളുമെല്ലാം അവരുടെ മനസ്സിലേയ്ക്ക് തിരിച്ചെത്തിച്ച് അവരെ സാധാരണ ജീവിതത്തിലേയ്ക്ക് എത്തിക്കുക എന്ന ഏറ്റവും വലിയ വെല്ലുവിളിയാണ് കേരളം നേരിടുന്നത്. അതിനായി കേരളം ഒന്നാകണം, ഒരുമിച്ച് നിന്ന് നാം അത് നേടിയെടുക്കണം. അക്കാര്യത്തിൽ ഞങ്ങളുടെ എല്ലാവരുടെയും പൂർണ്ണ പിന്തുണ ഉണ്ടാകുമെന്ന് ഞാൻ ഉറപ്പു നൽകുന്നു. ജീവിതം ആരംഭിക്കാനുള്ള എല്ലാ പിന്തുണയും അവർക്ക് നൽകണം. ഗവൺമെന്റ് പ്രഖ്യാപിച്ച പതിനായിരം രൂപയുടെ അടിയന്തരസഹായം എത്രയുംപെട്ടെന്ന് വിതരണം ചെയ്യാനുള്ള സംവിധാനം ഏർപ്പെടുത്തണം. ഇത്രയും ദിവസമായിട്ടും സർക്കാർ പ്രഖ്യാപിച്ച ഭക്ഷ്യസാധനങ്ങളുടെ കിറ്റ് നൂറിൽ ഒരാൾക്കുപോലും കൊടുക്കാൻ കഴിഞ്ഞിട്ടില്ല. വിതരണത്തിലെ പാളിച്ചകൾ പരിഹരിച്ചുകൊണ്ട് എല്ലാ വീടുകളിലും ഭക്ഷ്യ സാധനങ്ങളുടെ കിറ്റ് എത്തിക്കാനുള്ള ശ്രമമുണ്ടാകണം.

ഡാമുകളിൽനിന്ന് ഇനിയും വെള്ളം തുറന്നുവിടുമോ എന്നാണ് ഇപ്പോഴും അവർ ചോദിക്കുന്നത്. മാനസികമായും ശാരീരികമായും തകർന്ന് കൗൺസിലിംഗിന് വിധേയമാക്കേണ്ട ഒരു മരണഭയം അവരെ വല്ലാതെ അലട്ടുന്നു. ഈ മഹാദുരന്തം ഇനി ആവർത്തിക്കപ്പെടരുത്. It was not a natural calamity, it was a man made disaster എന്നാണ് ഞാൻ കരുതുന്നത്. ഇതൊരു

മനുഷ്യനിർമ്മിതമായ ദുരന്തമാണ്. മഴ തകർത്ത് പെയ്യുമ്പോൾ നദികൾ നിറയാൻ കാത്തുനിന്ന് എല്ലാ ഡാമുകളും ഒരുമിച്ച് തുറന്ന് മഹാപ്രളയം സൃഷ്ടിച്ചതിന്റെ ഉത്തരവാദികൾ ആരാണ്? രാഷ്ട്രീയമായ ആരോപണം ഉന്നയിച്ച് ഈ ചർച്ചയുടെ ഗൗരവം ചോർത്തിക്കളയാൻ ഞാൻ ആഗ്രഹിക്കുന്നില്ല. പക്ഷെ, കെടുകാര്യസ്ഥതയുടെ, ആസൂത്രണമില്ലായ്മയുടെ, കുറ്റകരമായ അനാസ്ഥയുടെ ബാക്കിപത്രമാണ് ഈ മഹാദുരന്തമെന്ന് ചരിത്രം വിധിയെഴുതാൻ പോവുകയാണ്. ഡാം മാനേജ്മെന്റിന്റെ ആദ്യാക്ഷരംപോലും അറിയാത്ത ആളുകളെ അതിന്റെ ഉത്തരവാദിത്വം ഏൽപ്പിച്ചത് ആരാണ്? അതിനെ നിരീക്ഷിക്കാൻ, ഗൗര വപൂർണ്ണമായ നടപടികൾ സ്വീകരിക്കാൻ നമുക്ക് കഴിയാത്തത് എന്തുകൊണ്ടാണ്? ഡാം മാനേജ്മെന്റ് എന്ന് പറഞ്ഞാൽ, ആ ഡാമിലേയ്ക്ക് ഒഴുകിയെത്തുന്ന വെള്ളം, ഡാമിൽ വെള്ളം അധികം ആകുമ്പോൾ നിയന്ത്രിതമായി പുറത്തേയ്ക്ക് വിടേണ്ട വെള്ളത്തിന് ഒരു വാട്ടർ മാനേജ്മെന്റും ഫ്ലോ ചാർട്ടുമുണ്ട്. രണ്ടാമത്തെ ഘടകം കാലാവസ്ഥാ പ്രവചനമാണ്. മൂന്ന്, നദീതടത്തിന്റെ പ്രത്യേകതകളാണ്. ഹൈഡ്രോളജിക്കൽ ഡാറ്റയും മീറ്ററോള ജിക്കൽ ഡാറ്റയും. നാല്, വെള്ളം ഒഴുകിപ്പോകേണ്ട കടലിലെ ഔട്ട്ലെറ്റാണ്.

ഇടുക്കി ഡാം രാത്രി തുറന്ന് ഏഴ് മണിക്കൂർ കഴിഞ്ഞ് വെള്ളം കടലിലേയ്ക്ക് എത്തുമ്പോൾ വേലിയേറ്റമായിരുന്നു. ഇറക്കിവിട്ട വെള്ളം മുഴുവൻ കടൽ കിഴക്കോട്ട് തള്ളി. അങ്ങനെയാണ് പറവൂർ ഉൾപ്പെടെയുള്ള സ്ഥലങ്ങൾ മുങ്ങിപ്പോയത്. ഡാമിൽനിന്ന് വെള്ളം തുറന്നുവിടുമ്പോൾ വേലിയിറക്കമുള്ള സമയത്ത് വെള്ളം തുറന്നുവിടണമെന്നുള്ള പ്രാഥമിക പാഠംപോലും അറിയാതെയാണ് ചെയ്തിരി ക്കുന്നത്. എല്ലാ മാൻഡേറ്ററി പ്രൊസീഡ്യുവറുകളും ലംഘിച്ചുകൊണ്ട് രാത്രി മനുഷ്യൻ വീടുകളിൽ കിടന്ന് ഉറങ്ങുമ്പോൾ മുന്നറിയിപ്പില്ലാതെ വെള്ളം തുറന്നുവിടുകയാണുണ്ടായത്.

.....(ബഹളം)....

<u>ശ്രീ. എസ്. രാജേന്ദ്രൻ</u> : സർ,......

<u>ശ്രീ. എ. എൻ. ഷംസീർ</u>: സർ, ......

<u>മി. സ്പീക്കർ</u>: ശ്രീ. എ. എൻ. ഷംസീർ.....ചർച്ചയിൽ നിങ്ങൾ പങ്കെടുക്കുമ്പോൾ പറയാനുള്ളത് പറഞ്ഞാൽ പോരെ; ഇതൊന്നും ശരിയല്ല. വ്യത്യസ്ത അഭിപ്രായം ഉണ്ടെങ്കിൽ അത് ചർച്ചയിൽ പറഞ്ഞാൽ മതി. അങ്ങയുടെ സമയം കഴിഞ്ഞു. അങ്ങ് കൺക്ലൂഡ് ചെയ്യണം.

<u>ശ്രീ. വി. ഡി. സതീശൻ</u>: സർ, ജൂൺ, ജൂലൈ മാസങ്ങളിൽ കനത്ത മഴയായിരുന്നു. ജൂലൈ 17-ാം തീയതി സംസ്ഥാനം കണ്ട second highest record മഴ പെയ്തു. 8-ാം തീയതി മുതൽ 18-ാം തീയതി വരെ Heavy to very heavy rain falls എന്നായിരുന്നു കാലാവസ്ഥാ പ്രവചനം. 15 മുതൽ 20 ദിവസം വരെ ഡാമിൽ നിന്ന് നിയന്ത്രിതമായ അളവിൽ വെള്ളം തുറന്നുവിടാനുള്ള സമയം ഉണ്ടായിട്ടും നിഷ്ക്രിയരായി ഒരുമാസക്കാലത്തോളം നോക്കി നിന്നു. ഇടുക്കി ഡാം 2397 അടി ആയാൽ ഞങ്ങൾ ട്രയൽ റൺ നടത്തുമെന്ന് വൈദ്യുതി വകുപ്പുമന്ത്രി പറഞ്ഞപ്പോൾ ഒരു കാരണവശാലും വെള്ളം തുറന്നുവിടില്ലെന്ന് ജലവിഭവ വകുപ്പുമന്ത്രി പറഞ്ഞു. ഇക്കാര്യത്തിൽ വകുപ്പുകൾ തമ്മിൽ തർക്കമുണ്ടായിരുന്നു. ഇതിന് ഉത്തരവാദികളായ ഉദ്യോഗസ്ഥർ ആരാണ്? നൂറുക്കണക്കിന് ആളുകളെ കൊല ചെയ്തു, എല്ലാവർക്കും എല്ലാം നഷ്ടപ്പെട്ടതിനുള്ള ഉത്തരവാദികൾ ആരാണ്? ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ പ്രസംഗത്തിൽ കാലാവസ്ഥാ പ്രവചനത്തെപ്പറ്റിയുള്ള അബദ്ധജടിലമായ കാര്യങ്ങൾ എഴുതിത്തന്നിരിക്കുന്നു. കൃത്യമായ കാലാവസ്ഥാ പ്രവചനം ഉണ്ടായിട്ടും നദികൾ നിറഞ്ഞു കവിഞ്ഞിട്ടും ഡാമുകൾ നിറയാറായിട്ടും ആ ഡാമുകളിൽനിന്ന് വെള്ളം തുറന്നുവിടാൻ 20 ദിവസം ഉണ്ടായിട്ടും ചലനമറ്റുനിന്ന സംവിധാനമായിരുന്നു ഈ ഗവൺമെന്റിന്റെ കീഴിൽ പ്രവർത്തിച്ചതെന്ന് ദു:ഖത്തോടെ പറയാൻ ഞാൻ ആഗ്രഹിക്കുകയാണ്.

ഇവിടെ എന്ത് രക്ഷാപ്രവർത്തനമാണ് നടന്നത്? ആദ്യത്തെ ദിവസം ഒരു രക്ഷാപ്രവർത്തനവും നടന്നില്ല. രണ്ടാമത്തെ ദിവസം സർക്കാർ സംവിധാനം അനങ്ങിയില്ല. ഐ.പി.എസ്., ഐ.എ.എസ്. ഉദ്യോഗസ്ഥരെ ചുമതലപ്പെടുത്തി എന്നാണ് ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞത്. രണ്ട് സി.ഐ.-യും രണ്ട് എസ്.ഐ.-യും അടക്കം ഏഴ് പോലീസ് ഉദ്യോഗസ്ഥരെ വച്ചുകൊണ്ടാണ് 25000 പേരെ രക്ഷിക്കാനുള്ള രക്ഷാപ്രവർത്തനം പറവൂരിൽ നടന്നത്. വൈപ്പിൻ എം.എൽ.എ. ശ്രീ. എസ്. ശർമ്മ ഇവിടെയുണ്ട്. അദ്ദേഹം പറഞ്ഞുവിട്ട മത്സ്യത്തൊഴിലാളികളുടെ വള്ളങ്ങൾ രക്ഷാപ്രവർത്തനത്തിന് ഇറങ്ങിയതല്ലാതെ ഉദ്യോഗസ്ഥർ പറഞ്ഞുവിട്ട ഒരു മത്സ്യത്തൊഴിലാളികളുടെ വള്ളങ്ങളും ഞങ്ങളുടെ പ്രദേശത്ത് ഇറങ്ങിയിട്ടില്ല. വെള്ളം ഇറങ്ങിയപ്പോഴാണ് രക്ഷാപ്രവർത്തനം തുടങ്ങുന്നത്. 60 ശതമാനത്തിലധികം ആളുകൾ രക്ഷപ്പെട്ടത് വെള്ളം ഇറങ്ങിയതിനുശേഷമാണ്. നാല് ദിവസത്തോളം വെള്ളമില്ലാതെ, ഭക്ഷണമില്ലാതെ, ഒറ്റപ്പെട്ട ക്യാമ്പുകളിലാണ് അവർ കഴിഞ്ഞത്. രക്ഷാപ്രവർത്തനത്തിന്റെ ആദ്യഭാഗം സുഖമില്ലാത്ത ആളുകളെ രക്ഷപ്പെടുത്തി കൊണ്ടുവരിക എന്നുള്ളതാണ്. അതിനൊരു ആംബുലൻസുപോലും അവിടെ ഉണ്ടായിരുന്നില്ല. ക്യാമ്പിൽവച്ച് മരിച്ച രണ്ട് പേരുടെ ശവം സംസ്കരിക്കാൻ പറവൂരിൽ സ്ഥലമില്ലാത്തതുകൊണ്ട്

എറണാകുളത്തുള്ള ശ്മശാനത്തേയ്ക്ക് കൊണ്ടുപോകാൻ ആംബുലൻസ് ഇല്ലാത്തതിനാൽ ട്രാൻസ്പോർട്ട് ബസ്സിൽ ബന്ധുക്കളോടൊപ്പം രണ്ട് ശവശരീരങ്ങളെയും കയറ്റിവിടാൻ ദൗർഭാഗ്യമുണ്ടായ ജനപ്രതിനിധിയാണ് ഞാൻ. രക്ഷാപ്രവർത്തനങ്ങളും സംവിധാനങ്ങളും എവിടെയാണ് ഉണ്ടായിരുന്നതെന്ന് നിങ്ങൾ പറയണം. ആർമിയെയും നേവിയെയും കൊണ്ടുവന്ന കാര്യം പറഞ്ഞു. ആർമിക്ക് ബോട്ട് അംബാലയിൽ നിന്നും രാജസ്ഥാനിൽനിന്നും കൊണ്ടുവരേണ്ടി വന്നു. ഇങ്ങനെയൊരു രക്ഷാപ്രവർത്തനം നടത്തേണ്ടി വരുമെന്ന കൃത്യമായ മുന്നറിയിപ്പുപോലും സേനാവിഭാഗങ്ങൾക്ക് നൽകിയില്ല. പാവപ്പെട്ട മത്സ്യത്തൊഴിലാളികൾ, നാട്ടുകാർ, എല്ലാ പാർട്ടിയിലുമുള്ള രാഷ്ട്രീയ പ്രവർത്തകർ, പൊതുപ്രവർത്തകർ എന്നിവർ ജീവൻ പണയം വച്ച് നടത്തിയ രക്ഷാപ്രവർത്തനത്തിന്റെ പേരിൽ ആരും അഭിമാനം കൊള്ളേണ്ട കാര്യമില്ല. എന്റെ പ്രദേശത്ത് ഈ രക്ഷാപ്രവർത്തനങ്ങളെ ഏകോപിപ്പിക്കാനുണ്ടായ ഏറ്റവും വലിയ ഉദ്യോഗസ്ഥൻ തഹസിൽദാർ ആയിരുന്നു. അതിനേക്കാൾ വലിയ ഉദ്യോഗസ്ഥരാരും ആ പ്രദേശത്തെങ്ങും ഉണ്ടായിരുന്നില്ല. നിങ്ങൾ നിയോഗിച്ച ഐ.എ.എസ്., ഐ.പി.എസ്. ഉദ്യോഗസ്ഥർ എവിടെപ്പോയി? രക്ഷാപ്രവർത്തനത്തിന്റെ ഏകോപനംപോലും എം.എൽ.എ.-മാർക്ക് നിർവ്വഹിക്കേണ്ടി വന്ന സ്ഥിതിയായിരുന്നു. കുറ്റകരമായ അനാസ്ഥയോടുകൂടി ഡാമിലെ ജലം മുഴുവൻ തുറന്നുവിട്ടു. ഡാം തുറന്നുവിട്ടതു കൊണ്ടല്ല, മഴ പെയ്തതുകൊണ്ടാണ് ദുരന്തം ഉണ്ടായതെന്നാണ് മുഖ്യമന്ത്രി പറഞ്ഞ് ഫലിപ്പിക്കാൻ ശ്രമിച്ചത്. സെൻട്രൽ വാട്ടർ കമ്മീഷന്റെ പഴയ റിപ്പോർട്ടാണ് മുല്ലപ്പെരിയാർ കേസ്സിൽ നമുക്കെതിരെയുണ്ടായ എല്ലാ വിധികൾക്കും കാരണം. മുല്ലപ്പെരിയാർ കേസ്സിൽ കേരളത്തിന്റെ നട്ടുവൊടിക്കാൻ പോകുന്നതാണ് അങ്ങയുടെ നിലപാട്. പ്രളയത്തിന് ഉത്തരവാദികളായ ആളുകളെ, കുറ്റകരമായ കൃത്യം നിർവ്വഹിച്ച ആളുകളെ പ്രോസിക്യൂട്ട് ചെയ്യാനുള്ള നടപടികൾ സ്വീകരിക്കണം. ദുരിതാശ്വാസ പ്രവർത്തനങ്ങളിലും ഈ നാട്ടിലെ മുഴുവൻ ജനങ്ങളെയും സാധാരണ ജീവിതത്തിലേയ്ക്ക് മടക്കി കൊണ്ടുവരാനുള്ള പ്രവർത്തനങ്ങളിലും ഞങ്ങൾ കൂടെയുണ്ടാകും. മന്ത്രി ശ്രീ. എം. എം. മണി എന്നെ പരിഹാസത്തോടുകൂടി നോക്കി ചേഷ്ട കാണിച്ചു. അദ്ദേഹം നല്ല പൊതുപ്രവർത്തകനും രാഷ്ട്രീയ പ്രവർത്തകനുമാണ്. അദ്ദേഹം മന്ത്രിയായപ്പോൾ സന്തോഷിച്ച ആളാണ് ഞാൻ. പക്ഷെ, വൈദ്യുതി വകുപ്പ് അദ്ദേഹത്തിന് കൊടുത്തപ്പോൾ ഞാനൊന്ന് നെറ്റിചുളിച്ചു. അത് ശരിയാണെന്ന് ഇന്ന് ഇക്കാര്യങ്ങളെല്ലാം നമ്മളെ ബോധ്യപ്പെടുത്തുന്നു. കേരളത്തെ തിരിച്ചുകൊണ്ടുവരാനുള്ള എല്ലാ ശ്രമങ്ങളും നടത്താൻ നമുക്ക് ഒന്നിച്ചിറങ്ങണമെന്ന് മാത്രം പറഞ്ഞുകൊണ്ട് എന്റെ വാക്കുകൾ ചുരുക്കുന്നു.

മി. സ്പീക്കർ: ശ്രീ. വി. ഡി. സതീശൻ എടുത്ത അധികസമയം അദ്ദേഹത്തിന്റെ പാർട്ടിയിലെ മറ്റ് അംഗങ്ങളിൽനിന്ന് ക്രമീകരിക്കാമെന്ന് എഴുതി നൽകിയതുകൊണ്ടാണ് അദ്ദേഹത്തിന് സമയം കൊടുത്തത്. ഇതൊരു ശീലമാക്കി മറ്റുള്ളവർ മാറ്റരുത്.

ശ്രീ. വി. എസ്. അച്ചുതാനന്ദൻ: സർ, ഉപക്ഷേപത്തെ പിന്താങ്ങുന്നു. കേരളം ഇതുവരെ കണ്ടിട്ടില്ലാത്തത്ര വിപുലമായ ദുരന്തത്തിലൂടെയാണ് നാം കടന്നു പോകുന്നത്. മഴ തോർന്നാലും മരം പെയ്യുമെന്ന് പറയുന്നതുപോലെ പ്രളയ ദുരിതങ്ങൾ അവസാനിച്ചിട്ടില്ല. നമുക്ക് പരിചയമില്ലാത്ത പ്രളയ ദുരന്തത്തെ കേരള ജനത ഒറ്റമനസ്സായി നേരിടുകയാണ്. നമുക്കിപ്പോൾ രണ്ട് കാര്യങ്ങളിലാണ് പ്രധാനമായും ശ്രദ്ധ പതിപ്പിക്കേണ്ടത്. ആദ്യത്തേത്, ദുരിതാശ്വാസ പ്രവർത്തനങ്ങളാണ്. ഒപ്പം രണ്ടാമത്തെ ദൗത്യവും ഏറ്റെടുത്തേ തീരൂ. ദുരന്തങ്ങൾ ആവർത്തിക്കാതിരിക്കാനുള്ള മുൻകരുതലുകളാണത്. ആസുരമായ കാലത്താണ് നാം അതിജീവനത്തിന്റെ മാർഗ്ഗങ്ങൾ തേടുന്നത്. സംഘ് പരിവാർ രാഷ്ട്രീയത്തിന്റെ കുടിലതകൾ ഒരു വശത്ത് ജനങ്ങളെ വേട്ടയാടുമ്പോൾ മറുവശത്ത് പ്രകൃതിയാണ് ദുരന്തമായി പെയ്തിറങ്ങുന്നത്. ഇക്കഴിഞ്ഞ ദിവസങ്ങളിലാണ് അഞ്ച് മനുഷ്യാവകാശ പ്രവർത്തകരെ ഭരണകൂട ഭീകരത അറസ്റ്റ് ചെയ്തത്. ജനങ്ങളോട് സംസാരിക്കുന്നു എന്നതാണ് അവർ ചെയ്ത കുറ്റം. അതിന്റെതന്നെ മറുവശമാണ് പ്രളയ ദുരന്തത്തിൽപ്പെട്ട് നട്ടംതിരിയുന്ന ജനങ്ങളുടെ മോചനമാർഗ്ഗങ്ങളടയ്ക്കാൻ നടത്തുന്ന ശ്രമം. ദേശീയ തലത്തിൽ മാത്രമല്ല അന്തർദേശീയ തലത്തിലും വലിയ തോതിലുള്ള പ്രതികരണങ്ങൾ ഉയർന്നുവരുമ്പോഴാണ് ഇത് സംഭവിക്കുന്നത്. ഇതിന്റെ വിശദീകരണത്തിലേയ്ക്ക് തൽക്കാലം ഞാൻ കടക്കുന്നില്ല.

കേരളം നേരിട്ട പ്രളയത്തിന് കാരണം കനത്ത മഴ തന്നെയാണ്. പക്ഷേ ദുരന്തത്തിന്റെ ആക്കംകൂട്ടിയത് കുന്നിടിച്ചിലും ഉരുൾപൊട്ടലുമാണെന്നത് തർക്കമില്ലാത്ത സംഗതിയാണ്. ആ കുന്നിടിച്ചിലുകൾക്ക് ആക്കംകൂട്ടിയത് നാം പ്രകൃതിയിൽ നടത്തിയ ഇടപെടലുകളാണ്. സ്വയം വിമർശനപരമായി പറഞ്ഞാൽ നമ്മുടെ നയരൂപീകരണത്തിലാണ് പിഴവ് സംഭവിച്ചത്. ഇത് എന്റെയൊരു പുതിയ വെളിപ്പെടുത്തലല്ല. എത്രയോ കാലമായി ശാസ്ത്രീയമായി നടത്തിയ പഠനങ്ങളുടെ അടിസ്ഥാനത്തിൽ നാം കേട്ടുവരുന്നതാണ്. പക്ഷേ നിരവധി സങ്കുചിതതാല്പര്യങ്ങളുടെ സമ്മർദ്ദത്തിൽ എല്ലാം നാം അവഗണിച്ചുവരികയാണ്. ഇപ്പോൾ നമ്മുടെ ശ്രദ്ധ പുതിയൊരു കേരളത്തിന്റെ നിർമ്മാണത്തിലാണ്. വികസനമെന്ന മന്ത്രം വികസന ആക്രോശമായി മാറരുത്. വികസനത്തിന്റെയും സുസ്ഥിര വികസനത്തിന്റെയും അതിർവരമ്പുകൾ തീർച്ചപ്പെടുത്താനുള്ള അവസരമാണിത്. കുന്നിടിച്ചും വനം കയ്യേറിയും വയൽ നികത്തിയും തടയണകൾ

കെട്ടിയും നടത്തുന്ന അനധികൃതമോ അശാസ്ത്രീയമോ ആയ നിർമ്മാണങ്ങളും മറ്റ് പ്രർത്തനങ്ങളും ഇനിയും കണ്ടില്ലെന്ന് നടിക്കാനാകില്ല. ആയിരക്കണക്കിന് നിരപരാധികളായ മനുഷ്യരുടെ ജീവനും ജീവനോപാധികളും വച്ചുള്ള കളിയാണിത്. ദുരന്തനിവാരണ പ്രവർത്തനങ്ങളിലേർപ്പെടുന്നതിൽ കാണിക്കുന്ന ശുഷ്കാന്തി, ദുരന്തങ്ങൾ ഒഴിവാക്കാനുള്ള പ്രവർത്തനങ്ങളിലും നാം കാണിക്കേണ്ടതുണ്ട്.

ഇപ്പോഴത്തെ ദുരന്തത്തിന്റെ പശ്ചാത്തലത്തിൽ വികസനത്തെക്കുറിച്ചുള്ള കാഴ്ചപ്പാടുകൾ കുറേക്കൂടി ശാസ്ത്രീയമായി പുനർനിർവ്വചിക്കാൻ സർക്കാർ തയ്യാറാകേണ്ട സമയമാണ്. വികസനമെന്ന ലേബലിൽ പ്രകൃതിയിലെ അനിയന്ത്രിതമായ ഇടപെടലുകൾക്ക് നിയന്ത്രണം വന്നേ തീരൂ. നിയമങ്ങൾ കുറേക്കൂടി കർശനവും പഴുതടച്ചിട്ടുള്ളതുമാകണം. മൂന്നാറിലും പരിസര പ്രദേശങ്ങളിലുമുള്ള അനധികൃത നിർമ്മാണങ്ങൾ പൊളിച്ചുമാറ്റുന്നതിനും അനധികൃത കയ്യേറ്റങ്ങൾ ഒഴിപ്പിക്കു ന്നതിനും തുടക്കമിട്ടത് ഇടതുപക്ഷ മുന്നണിയാണ്. മന്ത്രിസഭ തീരുമാനിച്ചാണ് അതിനുവേണ്ടി പ്രത്യേകമൊരു ദൗത്യസംഘം രൂപീകരിച്ചത്. ആ പ്രക്രിയ ഇടയ്ക്കുവച്ച് നിൽക്കാനിടയായ സാഹചര്യങ്ങൾ പുന:പരിശോധിക്കണം. മൂന്നാറിൽ മാത്രമല്ല കേരളത്തിലെമ്പാടും നടക്കുന്ന അനധികൃത നിർമ്മാണങ്ങൾ പൊളിച്ചു കളയുകയും കയ്യേറ്റങ്ങൾ ഒഴിപ്പിക്കുകയും ചെയ്യുന്ന പ്രക്രിയ പുനരാരംഭിക്കണം. കുന്നിടിച്ചിലിനും ഉരുൾ പൊട്ടലിനും കാരണമാകുന്ന അനധികൃത ക്വാറികളുടെ പ്രവർത്തനം അവസാനിപ്പിക്കണം. പരിസ്ഥിതിലോല പ്രദേശം എന്നതിന്റെ അർത്ഥം പ്രകൃതി തന്നെ പഠിപ്പിക്കാൻ ഇനിയും ഇടവരുത്തരുത്. ക്വാറികൾക്ക് നിയമപരമായി നൽകിയ ഇളവുകൾ പിൻവലിച്ചുകൊണ്ടാകട്ടെ നമ്മുടെ തുടക്കം. നെൽവയൽ തണ്ണീർത്തട സംരക്ഷണത്തിനായി നിയമമുണ്ടാക്കിയവരാണ് നാം. അതിന്റെ സത്ത ചോർത്തിക്കളയാനല്ല, ആ നിയമത്തെ കൂടുതൽ കർശനമാക്കാനും അത് മാതൃകാപരമായി പ്രാവർത്തികമാക്കാനുമാണ് കേരളം മുന്നോട്ടുവരേണ്ടത്.

മാധവ് ഗാഡ്ഗിൽ നടത്തിയ പ്രവചനങ്ങൾ ഇപ്പോൾ തെളിയിച്ചു കൊണ്ടിരിക്കുന്നു. പക്ഷേ കേരളം ആ റിപ്പോർട്ടിനെ ശാസ്ത്രീയമായല്ല, രാഷ്ട്രീയമായി മാത്രമാണ് പരിഗണിച്ചത്. പശ്ചിമഘട്ടത്തോട് മല്ലിടാൻ കേരളത്തിന് കെൽപ്പില്ലായെന്ന തിരിച്ചറിവ് ഇപ്പോൾ കേരളത്തിനുണ്ടായിട്ടുണ്ട്. നമ്മുടെ പഴയ പഠനറിപ്പോർട്ടുകൾ ഒരിക്കൽക്കൂടി പഠനവിധേയമാക്കാനുള്ള സമയമാണിത്. വൻകിടക്കാർ കാടും കായലും കയ്യേറി നിർമ്മിക്കുന്ന ഫ്ലാറ്റ് സമുച്ചയങ്ങളും അനധികൃത ഭൂവിനിയോഗവും നിസ്സാരമായി പിഴയൊടുക്കി കോടതികളിലൂടെ സാധിച്ചെടുക്കുന്നത് അങ്ങും കാണുന്നില്ലേ? മേലിൽ അതിനുള്ള അവസരമുണ്ടാകരുത്.

പരമ്പരാഗത ജലനിർഗമന മാർഗ്ഗങ്ങൾ അടച്ചുകളഞ്ഞതിനാലാണ് വെള്ളപ്പൊക്കം രൂക്ഷമായത്. മനുഷ്യനിർമ്മിതികൾ തകർത്തുകൊണ്ടാണ് പ്രളയജലം ഒഴുകാൻ വഴി കണ്ടെത്തിയത്. തകർന്നുപോയ വീടുകൾ, പാലങ്ങൾ, റോഡുകൾ എന്നിവയുടെ പുനർനിർമ്മിതിയും അതോടൊപ്പം നമ്മുടെ പരമ്പരാഗത ജലനിർഗമന പാതകളിലെ പുനരുദ്ധാരണവും ആരംഭിക്കേണ്ടതുണ്ട്. വിഴിഞ്ഞം തുറമുഖ പദ്ധതിയടക്കം കൊട്ടിഘോഷിച്ച മഹാവികസനങ്ങളിൽ ഏതെല്ലാമാണ് മഹാദുരന്തങ്ങൾക്ക് കാരണമായതെന്നുള്ള ശാസ്ത്രീയമായ വിലയിരുത്തലിനും ഇതുതന്നെയാണ് പറ്റിയ സന്ദർഭം. അശാസ്ത്രീയമായ വികസന പ്രവർത്തനങ്ങൾ ക്കെല്ലാം വില കൊടുക്കേണ്ടി വരുന്നത് പശ്ചിമഘട്ടം അടക്കമുള്ള നമ്മുടെ ഭൂപ്രകൃതിയാണ്. വികസനം വേണ്ടെന്ന് ആരും പറയില്ല. എന്നാൽ കൃത്യമായ ആസൂത്രണത്തിന്റെയും മാസ്റ്റർപ്ലാനിന്റെയും അടിസ്ഥാനത്തിലല്ലാതെ വ്യക്തിഗത വികസന പദ്ധതികൾ നടപ്പിലാക്കരുത്.

വികസനം തടസ്സപ്പെടുത്തുന്ന പ്രകൃതി സംരക്ഷണമല്ല പ്രകൃതിയെ നശിപ്പിക്കാത്ത വികസനമാണ് ഇടതുപക്ഷജനാധിപത്യ മുന്നണി സർക്കാരിന്റെ മുദ്രാവാക്യം. ചിലർക്കു മുന്നിൽ നിയമം വഴിമാറുന്ന സ്ഥിതി ഉണ്ടാകരുത്. വികസനം ഒരിടത്തും പരിസ്ഥിതി സംരക്ഷണം മറ്റൊരിടത്തും ആസൂത്രണം ചെയ്യുന്ന വൈരുദ്ധ്യം അവസാനിപ്പിക്കണം. വികസനം ജനങ്ങൾക്കുമേൽ നിരന്തരമായി വീഴാൻ പാടില്ല. ഇത്തരം നിർദ്ദേശങ്ങളെ വികസന വിരുദ്ധമെന്നും കേവല പരിസ്ഥിതിവാദമെന്നും പറഞ്ഞ് കളിയാക്കുന്നവർക്ക് വേറെ ലക്ഷ്യങ്ങളാണുണ്ടാവുക.

നവകേരള സൃഷ്ടിക്കായി ആദ്യം വേണ്ടത് സമഗ്രമായ ഒരു മാസ്റ്റർപ്ലാനാണ്, അല്ലാതെ വ്യക്തിഗത പദ്ധതികളല്ല. ആ മാസ്റ്റർപ്ലാനിന് രൂപം നൽകാൻ കേരളത്തിലെ യുവജനങ്ങളുടെയും കേരളത്തിനകത്തും പുറത്തുമുള്ള വിദഗ്ദ്ധരുടെയും വിപുലമായ സഹായം തേടണം. ഡോക്ടർമാരും എഞ്ചിനീയർമാരും നിയമജ്ഞരും അദ്ധ്യാപകരും ബ്യൂറോക്രാറ്റുകളും സാമൂഹ്യപ്രവർത്തകരും ഉൾപ്പെടുന്ന വിപുലമായ ഒരു കർമ്മസേനയ്ക്ക് രൂപംനൽകി അതിന് ടേംസ് ഓഫ് റഫറൻസ് തയ്യാറാക്കണം. അവിടെ മാറ്റിനിർത്തലുകളില്ല. തീരദേശ മത്സ്യത്തൊഴിലാളികളാണ് കേരളം കണ്ട മഹത്തായ ദുരിതാശ്വാസ പ്രവർത്തനങ്ങളിൽ മുന്നിട്ടുനിന്നത് എന്നത് നാം തിരിച്ചറിയണം. എല്ലാ വികസന പ്രവർത്തനങ്ങളും പുനരുദ്ധാരണ പ്രവർത്തനങ്ങളും ആ മാസ്റ്റർപ്ലാനിന്റെ അടിസ്ഥാനത്തിലായിരിക്കും. ബോധവൽക്കരണത്തിന്റെ കാര്യത്തിൽ കേരളം മുൻപന്തിയിലാണെന്ന് ബോദ്ധ്യപ്പെടുത്തേണ്ട മറ്റൊന്നു കൂടിയുണ്ട്. ദുരിതാശ്വാസ പ്രവർത്തനങ്ങളിൽ സർവ്വാത്മനാ സഹകരിച്ച കേരളീയ കർമ്മശേഷി ഇനിയും വിന്യസിപ്പിക്കാനുള്ളത് ഭാവികേരളം കെട്ടിപ്പടുക്കുന്നതിനു വേണ്ടിയാണ്. ബൗദ്ധികമായും ധനപരമായും അവർക്കത് സാദ്ധ്യമാണ്. വ്യക്തമായ

പദ്ധതികളോടെ മാർഗ്ഗനിർദ്ദേശങ്ങൾ നൽകി സർക്കാർ ഒപ്പമുണ്ടാകുമെന്ന് ആശിക്കാം. ദുരിതാശ്വാസ പ്രവർത്തനങ്ങളിൽ ഏർപ്പെട്ടവരും ഏർപ്പെട്ടിരിക്കുന്നവരുമായ എല്ലാവരെയും നാം ഈ സന്ദർഭത്തിൽ അനുമോദിക്കേണ്ടതുണ്ട്. കേന്ദ്രസർക്കാരിൽനിന്നും സഹകരണമുണ്ടെന്നും കൂടുതൽ സഹായം വാഗ്ദാനം ചെയ്തിട്ടുണ്ടെന്നും മുഖ്യമന്ത്രി പറഞ്ഞിട്ടുണ്ട്. എന്നാലും കൂടുതൽ സഹായത്തിനായി കൂട്ടായ സമ്മർദ്ദം ചെലുത്താൻ മറ്റെല്ലാ പരിഗണനകളും മാറ്റിവച്ച് നാം പരിശ്രമിക്കുകയും വേണം.

ശ്രീ. ചിറ്റയം ഗോപകുമാർ: സർ, ഉപക്ഷേപത്തെ പിന്താങ്ങുന്നു. കേരളം കണ്ട ഏറ്റവും വലിയ പ്രളയത്തെ അതിജീവിച്ചാണ് നാം ഇന്ന് ഈ സഭ ചേരുന്നത്. കേരളത്തിലെ മുഴുവൻ ജില്ലകളെയും പ്രളയം ബാധിച്ചു. നദി ഗതിമാറി ഒഴുകുകയും ഉരുൾപൊട്ടൽമൂലം ധാരാളം നാശനഷ്ടങ്ങളുണ്ടാകുകയും ചെയ്തു. അനേകം വീടുകൾ കുടുംബാംഗങ്ങൾക്കൊപ്പം ഒലിച്ചുപോയ അതിദാരുണമായ സംഭവവും നമ്മുടെ നാട്ടിലുണ്ടായി. കേരളം വല്ലാതെ പകച്ചുപോയ ഒരവസരമായിരുന്നു അത്. എന്നാൽ ആ അവസ്ഥയെ മാറ്റിയെടുക്കുന്നതിൽ സംസ്ഥാന ഗവൺമെന്റ് ബഹുമാന്യനായ മുഖ്യമന്ത്രിയുടെ നേതൃത്വത്തിലെടുത്ത നടപടികൾ അങ്ങേയറ്റം ശ്ലാഘനീയമാണ്.

കേരളത്തിൽ പ്രളയം ബാധിച്ച എല്ലാ ജില്ലകളിലെയും മിക്ക വീടുകളും സർക്കാർ സ്ഥാപനങ്ങളും വെള്ളത്തിനടിയിലായി. ആശുപത്രികൾ, സ്കൂളുകൾ എന്നിവ പൂർണ്ണമായും പ്രവർത്തിക്കാൻ പറ്റാത്ത അവസ്ഥയുണ്ടായി. അതിനെയെല്ലാം നേരിടാൻ സംസ്ഥാന ഗവൺമെന്റ് വളരെ ശ്രദ്ധയോടെയും ജാഗ്രതയോടെയുമാണ് എല്ലാ തയ്യാറെടുപ്പുകളും നടത്തിയതെന്ന് ഇന്നുവരെയുള്ള പ്രവർത്തനങ്ങൾ പരിശോധിച്ചാൽ നമുക്ക് മനസ്സിലാക്കാൻ സാധിക്കും.

ഞാൻ വരുന്നത് പത്തനംതിട്ട ജില്ലയിൽ നിന്നാണ്. ഒരുപക്ഷെ, കേരളത്തിൽ ഏറ്റവും കൂടുതൽ നാശനഷ്ടമുണ്ടായത് പത്തനംതിട്ട ജില്ലയിലും തൊട്ടടുത്തുള്ള ആലപ്പുഴ ജില്ലയിലുമായിരിക്കും. പത്തനംതിട്ട ജില്ലയും ആലപ്പുഴ ജില്ലയിലെ ചെങ്ങന്നൂരും പൂർണ്ണമായി ഒറ്റപ്പെട്ടു. ഗുരുതരമായ പ്രളയബാധിത സമയത്ത് അനേകായിരങ്ങൾ കുടുങ്ങിക്കിടന്ന ചെങ്ങന്നൂരിലേയ്ക്ക് പോകാൻ മത്സ്യത്തൊഴിലാളികൾ ബോട്ടുകളുമായി വരുമ്പോൾ പന്തളം ടൗണിൽ അച്ചൻകോവിലാർ ഗതിമാറിയൊഴുകി കുത്തൊഴുക്കിൽപ്പെട്ടതുമൂലം പോകാൻ പറ്റാത്ത അവസ്ഥയുണ്ടായി. വളരെ ഗുരുതരമായ ഒരു സ്ഥിതിവിശേഷമായിരുന്നു പത്തനംതിട്ട ജില്ലയിലും ചെങ്ങന്നൂർ, ആലപ്പുഴ, കുട്ടനാട് പ്രദേശങ്ങളിലും അന്നുണ്ടായത്. പത്തനംതിട്ട ജില്ലയിലെ ആറന്മുളയിൽ ഏഷ്യയിലെ ഏറ്റവും

വലിയ കോളനിയായ എഴിക്കാട്ടൂർ കോളനി പൂർണ്ണമായും തകർന്നു. ഞാൻ അതിന്റെ എല്ലാ കണക്കുകളും ഇവിടെ പറയാൻ ആഗ്രഹിക്കുന്നില്ല. നിരവധി വീടുകൾ നശിച്ചു. ഇപ്പോഴും വീടുകളിൽ താമസിക്കാൻ പറ്റാത്ത അവസ്ഥയുണ്ട്. ഈ സന്ദർഭങ്ങളിലെല്ലാം സംസ്ഥാന സർക്കാർ ഈ സ്ഥിതിവിശേഷത്തെ നേരിടാൻവേണ്ടി വളരെ ജാഗ്രതയോടെ പ്രവർത്തിച്ചു.

ഇവിടെ ശ്രീ. വി. ഡി. സതീശൻ പ്രസംഗിച്ചപ്പോൾ സംസ്ഥാന സർക്കാർ എന്ത് ചെയ്തുവെന്ന് ചോദിച്ചു. സംസ്ഥാന സർക്കാരിന്റെ മേൽനോട്ടത്തിൽ പോലീസ്, ഫയർഫോഴ്സ്, കര-നാവിക-വ്യോമസേനാ വിഭാഗങ്ങൾ, കോസ്റ്റ് ഗാർഡ്, എൻ.ഡി.ആർ.എഫ്., മത്സ്യത്തൊഴിലാളികൾ, നാട്ടുകാർ എന്നിവരെയെല്ലാം യോജിപ്പിച്ചുകൊണ്ട് ബഹുമാന്യനായ മുഖ്യമന്ത്രിയും റവന്യൂ വകുപ്പുമന്ത്രിയുമടക്കമുള്ളവർ കൂടിയാലോചിച്ച് കൃത്യമായ മാനേജ്മെന്റിന്റെ അടിസ്ഥാനത്തിൽ ഓരോ പ്രദേശത്തും എന്ത് ചെയ്യണമെന്ന തീരുമാനമെടുത്ത് ഉദ്യോഗസ്ഥർക്ക് ആവശ്യമായ നിർദ്ദേശം കൊടുക്കുകയാണ്. കൃത്യമായ മാനദണ്ഡത്തിന്റെ അടിസ്ഥാനത്തിൽ ഹെലികോപ്റ്റർ, വ്യോമസേന, ബോട്ടുകൾ, ഫയർഫോഴ്സ് എന്നിവ എവിടെയെത്തണമെന്നുള്ള കൃത്യമായ നിർദ്ദേശം കൊടുക്കുകയും അതിന്റെയടിസ്ഥാനത്തിൽ എല്ലാ പ്രവർത്തനങ്ങളും ഏറ്റെടുത്ത് മുന്നോട്ടുപോകുന്നതിന് മുഖ്യമന്ത്രി തിരുവനന്തപുരത്തു മാത്രമല്ല എല്ലാ പ്രദേശങ്ങളിലും നിരന്തരമായി ബന്ധപ്പെട്ടുകൊണ്ട് അതിനാവശ്യമായിട്ടുള്ള എല്ലാ നിർദ്ദേശങ്ങളും കൊടുക്കുകയാണ്. അതിന്റെയടിസ്ഥാനത്തിലാണ് അനേകായിരം മനുഷ്യ ജീവനുകൾ രക്ഷപ്പെടുത്താൻ ഈ സർക്കാരിന് കഴിഞ്ഞിട്ടുള്ളത്. അതിൽ മത്സ്യത്തൊഴിലാളികളുടെ സേവനം എടുത്തുപറയേണ്ടതാണ്.

പന്തളത്ത് വെള്ളപ്പൊക്കമുണ്ടായി കുത്തൊഴുക്ക് അനുഭവപ്പെട്ടപ്പോൾ റോഡ് മുറിച്ചുകടക്കാൻ കഴിയാതെ 14 ദിവസം പ്രായമായ ഒരു കൊച്ചുകുട്ടിയും അമ്മയുമടക്കമുള്ളവർ മുകളിലത്തെ നിലയിൽ ഒറ്റപ്പെട്ടുപോയി. ഞാൻ നെയ്യാറ്റിൻകര എം.എൽ.എ. ശ്രീ. കെ. ആൻസലനെ വിളിച്ച് ബോട്ട് ഏർപ്പെടുത്തി കുട്ടിയെയും അമ്മയെയും രക്ഷപ്പെടുത്തുകയാണുണ്ടായത്. അങ്ങനെ എല്ലാ ജനപ്രതിനിധികളും രാഷ്ട്രീയ പ്രവർത്തകരും സന്നദ്ധ സംഘടനകളും മത്സ്യത്തൊഴിലാളികളടക്കമുള്ളവർ രക്ഷാപ്രവർത്തനങ്ങളിൽ ഏർപ്പെട്ടു. തിരുവനന്തപുരത്ത് കഴിഞ്ഞ ദിവസം ബഹുമാനപ്പെട്ട മുഖ്യമന്ത്രി മത്സ്യത്തൊഴിലാളികളെ ആദരിച്ചു. പന്തളത്ത് നാളെ വൈകുന്നേരം മത്സ്യത്തൊഴിലാളികളെ ആദരിക്കാൻ തീരുമാനമെടുത്തിട്ടുണ്ട്. അവരടക്കം കേരളത്തിലെ മുഴുവൻ ജനങ്ങളെയും ഒരുമിച്ച് നിർത്താനായത് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ നിശ്ചയദാർഢ്യംമൂലമാണെന്ന് പറയാൻ ഈ അവസരത്തിൽ ഞാൻ ആഗ്രഹിക്കുകയാണ്.

ഡാമുകൾ കൃത്യമായി തുറന്നുവിടാത്തതിനാലും കൃത്യമായ മാനേജ്മെന്റ് ഇല്ലാത്തതിനാലുമാണ് സംസ്ഥാനത്ത് വെള്ളപ്പൊക്കം ഉണ്ടായതെന്നാണ് ശ്രീ. വി. ഡി. സതീശൻ സൂചിപ്പിച്ചത്. എന്ത് അടിസ്ഥാനത്തിലാണ് അങ്ങനെ പറഞ്ഞതെന്ന് എനിക്ക് മനസ്സിലാകുന്നില്ല. എന്തെങ്കിലുമൊരു ശാസ്ത്രീയമായ പഠനത്തിന്റെ അടിസ്ഥാനത്തിലാണോ അങ്ങനെയൊരു അഭിപ്രായം ഉണ്ടായത്? വെള്ളപ്പൊക്ക ത്തിനൊപ്പം ഉരുൾപൊട്ടലുമുണ്ടായി. കോന്നിയിൽ ഉരുൾപൊട്ടലുണ്ടായതിന്റെ ഫലമായി അച്ചൻകോവിലാർ വഴിയാണ് പന്തളത്ത് വെള്ളം കയറിയത്. അച്ചൻ കോവിലാറിൽ ഡാമില്ല. ഡാമുകൾ തുറന്നുവിട്ടതുകൊണ്ടാണ് പ്രളയമുണ്ടായതെന്ന് പറഞ്ഞ് സർക്കാരിനെ കുറ്റപ്പെടുത്തുകയാണ് നിങ്ങൾ ചെയ്തത്. ഡാമില്ലാത്ത മണിമലയാറിലും അച്ചൻകോവിലാറിലും ചാലിയാർ പുഴയിലുമെല്ലാം ഉരുൾപൊട്ടലും നിർത്താതെ പെയ്ത മഴയും കാരണം പ്രളയമുണ്ടായി. ഇത്തരം സന്ദർഭങ്ങളിൽ നമ്മൾ ബോധപൂർവ്വം ചെയ്യേണ്ടതെന്താണ്? കേരളത്തെ എങ്ങനെ രക്ഷപ്പെടുത്താം; കേരളത്തിലെ ജനങ്ങളെ എങ്ങനെ ഒരുമിച്ച് നിർത്താം; കേരളത്തെ രക്ഷപ്പെടുത്താൻ, ദുരിതാശ്വാസ ക്യാമ്പുകളിൽ കഴിയുന്നവരെ തിരിച്ച് ജീവിതത്തിലേയ്ക്ക് കൊണ്ടു വരാൻ കഴിയുന്ന കാര്യങ്ങൾ ചെയ്യുന്നതിനുവേണ്ടി ലോകത്തിലെ മുഴുവൻ മലയാളികളും മുഴുവൻ ജനങ്ങളും മറ്റ് സംസ്ഥാനങ്ങളും കേരളത്തിനൊപ്പം നിൽക്കുമ്പോൾ ഗവൺമെന്റിന്റെ ചെറിയ പിഴകൾ ചൂണ്ടിക്കാണിക്കാനോ കുറ്റപ്പെടു ത്താനോ അല്ല മറിച്ച് കേരളത്തിന്റെ പുനഃസൃഷ്ടിക്കായി ഗവൺമെന്റിനോടൊപ്പം നിൽക്കേണ്ട സമീപനമാണ് യു.ഡി.എഫ്. സ്വീകരിക്കേണ്ടത്. ജനങ്ങളെല്ലാം ഒരുമിച്ചുനിന്ന് കേരളത്തെ രക്ഷപ്പെടുത്താൻ ശ്രമിക്കുമ്പോൾ കേരള ഗവൺമെന്റിനെ കുറ്റപ്പെടുത്തി അതിനെതിരായിട്ടുള്ള നിലപാട് സ്വീകരിക്കുന്നത് ശരിയല്ലെന്നാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്. കൃഷി നശിച്ചു, കന്നുകാലികൾക്കും ആളുകൾക്കും ജീവനോപാ ധികൾക്കും നാശനഷ്ടമുണ്ടായി. അതുകൊണ്ട് ഇനിയൊരു വെള്ളപ്പൊക്കമുണ്ടായാൽ, ഒരു ദുരന്തമുണ്ടായാൽ അതിനെ അതിജീവിക്കാൻ കഴിയുന്ന തരത്തിലുള്ള നടപടികൾ സംസ്ഥാന ഗവൺമെന്റ് സ്വീകരിക്കണ മെന്നാണ് എനിക്ക് നിർദ്ദേശിക്കാനുള്ളത്.

ആലപ്പുഴയെക്കാൾ ഭൂവിസ്തൃതി കുറഞ്ഞ പത്തനംതിട്ടയിൽ ആറ് മഴമാപിനി കളുണ്ട്. എന്നാൽ ആലപ്പുഴയിൽ ഒന്നോ രണ്ടോ എണ്ണം മാത്രമേയുള്ളൂ. അതുകൊണ്ട് മഴമാപിനികൾ നിർബന്ധമാക്കാനുള്ള നിർദ്ദേശമുണ്ടാകണം. എത്ര ശ്രമിച്ചാലും വെള്ളപ്പൊക്കംമൂലമുണ്ടാകുന്ന ദുരിതങ്ങളെ പൂർണ്ണമായും നമുക്ക് മാറ്റാൻ സാധിക്കില്ല. അതുകൊണ്ട് ഇത്തരം മേഖലയിൽ താമസിക്കുന്നവർക്ക് ഒരു ഇൻഷ്വറൻസ് പദ്ധതി ഏർപ്പെടുത്തുന്നതിനെക്കുറിച്ച് ആലോചിക്കണം.

അതുപോലെതന്നെ കൃത്യമായ ഭൂവിനിയോഗ നയം രൂപപ്പെടുത്തണം. എല്ലാ പ്രദേശങ്ങളിലും ശാസ്ത്രീയമായ രീതിയിൽ മഴക്കുഴികൾ നിർമ്മിക്കാനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ നൽകണം. ദേശീയ കെട്ടിട നിർമ്മാണ ചട്ടങ്ങൾക്കനുസൃതമായി സംസ്ഥാന കെട്ടിട നിർമ്മാണ ചട്ടങ്ങൾ രൂപപ്പെടുത്തുകയും അവ നടപ്പിലാക്കുകയും വേണം. സ്വകാര്യ വ്യക്തികളുടെ വീടുകളുടെ തറവിസ്തീർണ്ണത്തിന് പരിധി ഏർപ്പെടുത്തണം. അതുപോലെ ഒരു കെട്ടിടം നിർമ്മിക്കുമ്പോൾ ആ കെട്ടിടത്തിന് ഏതെങ്കിലും പ്രകൃതിദുരന്ത അപകട സാധ്യതയുണ്ടോയെന്നും ആ കെട്ടിടം നിർമ്മിക്കുന്നതുകൊണ്ട് ആ പ്രദേശത്തിന് ഉരുൾപൊട്ടൽ പോലുള്ള എന്തെങ്കിലും ദുരന്തമുണ്ടാകാനുള്ള സാധ്യതയുണ്ടോയെന്നും പരിശോധിക്കേണ്ടതുണ്ട്.

കുന്നുകൾ ഭൂമിയുടെ തണ്ണീർക്കുടങ്ങളാണ്. കുന്നുകളും മലകളും ഇല്ലെങ്കിൽ ഭൂമി ഒരു പരന്ന പ്രദേശം പോലെയാകും. വെള്ളം ഒഴുകിപ്പോകണമെങ്കിൽ ചരിവുള്ള കുന്നുകൾ വേണം. കുന്ന് കയറിയിറങ്ങി വെള്ളം അൽപ്പം താമസിച്ചേ സമതലത്തിലെത്തുകയുള്ളൂ. അതുകൊണ്ടുതന്നെ വരുന്ന വഴിയിൽ ഈ വെള്ളം അൽപ്പാൽപ്പമായി ഭൂമിയിലേയ്ക്ക് ആഴ്ന്നിറങ്ങാൻ സമയം കിട്ടും. പ്രകൃത്യാലുള്ള വെള്ളപ്പൊക്ക നിയന്ത്രണമാണ് കുന്നുകളും മലകളും നടത്തുന്നത്. അതിനാൽ ഇനിയുള്ള കുന്നുകളും മലകളും സംരക്ഷിക്കാനുള്ള നിയമം നടപ്പാക്കണം, അതിനുവേണ്ടി തീരുമാനമെടുക്കണം. നദീതീരത്ത് ഒരു തരത്തിലുള്ള കയ്യേറ്റവും അനുവദിക്കാൻ പാടില്ലെന്ന കാര്യങ്ങളിലേയ്ക്ക് തീരുമാനമെടുത്ത് നിയമസഭ ഒറ്റക്കെട്ടായി ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോടൊപ്പം നിന്ന് പ്രമേയം പാസ്സാക്കണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്.

<u>ശ്രീ. പി. കെ. ബഷീർ</u>: സർ, ഉപക്ഷേപത്തെ പിന്താങ്ങുന്നു. ഈ കാലവർഷക്കെടുതിയിൽ മലപ്പുറത്ത് 47 ആളുകളാണ് മരണപ്പെട്ടത്. അതിൽ എന്റെ നിയോജകമണ്ഡലമായ ഏറനാട്ടിൽ 14 ആദിവാസികൾ ഉരുൾപൊട്ടൽമൂലം മരണപ്പെടുകയുണ്ടായി. ചാലിയാർ പഞ്ചായത്തിൽ ആറുപേരും ഊർങ്ങാട്ടിരി പഞ്ചായത്തിൽ ഏഴുപേരും എടവണ്ണ പഞ്ചായത്തിൽ ഒരാളും മരണപ്പെട്ടു. അതുപോലെ ഒരാൾ പ്രളയത്തിൽ ഒലിച്ചുപോയി.

പുനരധിവാസത്തെ സംബന്ധിച്ച ഒരുപാട് കാര്യങ്ങൾ ബഹുമാന്യനായ മുഖ്യമന്ത്രിയുടെ പത്രസമ്മേളനങ്ങളിൽ വരാറുണ്ട്. പുതിയൊരു കേരളം പുനർനിർമ്മിക്കണമെന്നും വീടുകൾ നിർമ്മിക്കുന്നതിന് പുതിയ നിയമങ്ങൾ ഉണ്ടാകണമെന്നും ഇവിടെ പറഞ്ഞു. ഉരുൾപൊട്ടലുണ്ടായതുമൂലം കൃഷിയും ഭൂമിയും നശിച്ചുപോയി. ആദിവാസികളായവർക്ക് ടൗണിൽ ഫ്ലാറ്റുകൾ നിർമ്മിച്ച് നൽകിയാൽ അവിടെ താമസിക്കാൻ അവർക്ക് സാധിക്കുകയില്ല. അതുകൊണ്ട് അതാത് പ്രദേശങ്ങളിൽ റവന്യൂ/വനം വകുപ്പുകൾ സ്ഥലം നൽകി അവിടെ വീട്

നിർമ്മിക്കാനുള്ള സംവിധാനമുണ്ടാക്കണം. അതുപോലെ, നാട്ടിൽ അഞ്ച് /പത്ത് സെന്റിൽ സ്വന്തം വീടിന്റെയടുത്ത് ഒരു ചെറിയ കുന്നുണ്ടെങ്കിൽ, അതിടിഞ്ഞുവീണ് അടുക്കളയും ബെഡ് റൂമും മറ്റും നശിച്ചവർക്ക് അവിടെ ഇനി വീട് നിർമ്മിക്കാൻ സാധിക്കുകയില്ല. മൂന്ന് സെന്റ് /അഞ്ച് സെന്റ് സ്ഥലം അല്ലെങ്കിൽ പത്തോ ഇരുപതോ ആളുകൾക്ക് ഒരേക്കർ സ്ഥലമോ നൽകാൻ ചിലയാളുകൾ തയ്യാറായിട്ടുണ്ട്. ആറ് ലക്ഷം രൂപ സ്ഥലത്തിനും നാല് ലക്ഷം രൂപ വീട് വയ്ക്കുന്നതിനുമാണെന്നാണ് സർക്കാർ പ്രഖ്യാപിച്ചിട്ടുള്ളത്. അതിൽ മാറ്റം വരുത്തണം. വീടിനും സ്ഥലത്തിനും കൂടി പത്ത് ലക്ഷം രൂപ എന്നുള്ള സംവിധാനത്തിലേയ്ക്ക് സർക്കാർ വരണമെന്നാണ് ആമുഖമായി എനിക്ക് പറയാനുള്ളത്.

എന്റെ മണ്ഡലത്തിൽത്തന്നെ ഒരേക്കർ സ്ഥലം തരാമെന്ന് ഒരാൾ പറഞ്ഞിട്ടുണ്ട്. ഒരു സെന്റിന് മാർക്കറ്റ് റേറ്റ് നാല് ലക്ഷം രൂപയാണ്. ഒരു ലക്ഷം രൂപവച്ച് അദ്ദേഹത്തിന് കൊടുത്താൽ ഒരേക്കർ സ്ഥലം കിട്ടും. അവിടെ നമുക്ക് ഈ ആളുകളെ പുനരധിവസിപ്പിക്കാൻ സാധിക്കും. ചാലിയാർ പഞ്ചായത്തിലെ മയിലാടിയിൽ 282 ആളുകളാണ് ഒരു ക്യാമ്പിൽ കഴിയുന്നത്. സ്വന്തമായി വീടും സ്ഥലവും ലഭ്യമാകാതെ അവർക്ക് തിരിച്ച് പോകാൻ സാധിക്കാത്ത അവസ്ഥയാണ്. ഇക്കാര്യങ്ങളിലൊക്കെ ഒരു സമീപനമുണ്ടാകണം. ആശ്വാസ പദ്ധതിയായി 3,800 രൂപ നൽകുമെന്നും പിന്നീട് അത് 6,200 രൂപയാണെന്നും പറഞ്ഞു. ഇതുമായി ബന്ധപ്പെട്ട് ഞാൻ ഒരു മീറ്റിംഗ് വിളിച്ചപ്പോൾ 3,800 രൂപയ്ക്കും 6200 രൂപയ്ക്കും വെവ്വേറെ അപേക്ഷകൾ നൽകണമെന്നാണ് റവന്യൂ ഉദ്യോഗസ്ഥർ പറയുന്നത്. അത് എന്തിനാണ്? ഇത്തരം ആളുകൾക്ക് പതിനായിരം രൂപ കൊടുത്താൽ പോരേ?

അതുപോലെ, വില്ലേജ് ഓഫീസറെ ഫോട്ടോ കാണിക്കണമെന്ന് പറയുന്നു. മനുഷ്യർ ജീവനുംകൊണ്ട് ഓടുമ്പോൾ അവന്റെ വീടിന്റെ ഫോട്ടോ എടുക്കാൻ നിൽക്കുമോ? ഈയൊരു സംവിധാനം മാറ്റണ്ടേ? വില്ലേജ് ഓഫീസർ സാക്ഷ്യപ്പെടുത്തിയാൽ ഈ ദുരന്തത്തിൽപ്പെട്ടയാളുകൾക്ക്, ക്യാമ്പുകളിൽ അല്ലെങ്കിൽ ബന്ധു വീട്ടിൽ താമസിക്കുന്നവർക്ക് സാമ്പത്തിക സഹായം നൽകണ്ടേ? ഇതിനൊക്കെ നമ്മളെല്ലാവരും ഒരുമിച്ച് നിൽക്കണം. വയനാട്ടിൽ ബാണാസുരസാഗർ അണക്കെട്ട് രാത്രി പെട്ടെന്ന് തുറന്നതു കൊണ്ടാണ് ഏഴ് പഞ്ചായത്തിൽ ഒന്നിച്ച് വെള്ളം കയറിയതെന്ന് ഇവിടെ പറഞ്ഞു. മുൻകാലങ്ങളിലും നമ്മുടെ നാട്ടിൽ ഉരുൾപൊട്ടൽ ഉണ്ടാകാറുണ്ട്. ആ ഉരുൾപൊട്ടലിൽ ആളുകൾ മരണപ്പെടാറുമുണ്ട്. മലമ്പുഴ ഡാം തുറന്നതു കൊണ്ടല്ലേ ഭാരതപ്പുഴ നിറഞ്ഞ് കവിഞ്ഞൊഴുകിയത്. വേറെ എവിടെയാണുള്ളത്? സാധാരണഗതിയിൽ കരുവാരക്കുണ്ടിലും നിലമ്പൂർ മേഖലയിലും

ഊർങ്ങാട്ടിരി മേഖലയിലുമൊക്കെ ഉരുൾപൊട്ടലുണ്ടാകാറുണ്ട്. അതുപോലെ തന്നെ കട്ടിപ്പാറയിൽ ഉരുൾപൊട്ടലുണ്ടായി. അന്ന് നമ്മൾ ആ ദുരന്തത്തിൽ നിന്നും ഒരു പാഠവും പഠിച്ചില്ല. ശക്തമായ മഴ പെയ്ത സമയത്ത് ഈ ആളുകളെ മാറ്റിപാർപ്പി ക്കാനുള്ള ഒരു സംവിധാനത്തിലേയ്ക്ക് നമ്മൾ വന്നില്ല. അതാണ് നമുക്ക് പറ്റിയ തകരാറ്. അതുപോലെതന്നെ നമ്മുടെ വീഴ്ചകൾ വീഴ്ചകളായി തന്നെ കാണണം. എല്ലാ കാര്യങ്ങളും സംബന്ധിച്ച് നമുക്കൊരു പാഠമാണിത്. ഇതിൽ രാഷ്ട്രീയമില്ല. രാഷ്ട്രീയമുണ്ടോ? ബഹുമാന്യനായ മുഖ്യമന്ത്രി പിണറായി വിജയന്റെ സർക്കാർ ആണെന്ന് ഇവിടെ പലരും പറഞ്ഞു. ഇപ്പോൾ നമ്മുടെ ബാപ്പ കേരളത്തിലെ പിണറായിയാണ്. അതുകൊണ്ട് എല്ലാവരും പിണറായി സർക്കാരെന്ന് പറയേണ്ടി വരും. ഒരു ഗവൺമെന്റല്ലേ; ഒരു മുഖ്യമന്ത്രിയല്ലേ; മുഖ്യമന്ത്രിയല്ലേ ചെയ്യേണ്ടത്. ആ ഗവൺമെന്റിനെ നമുക്ക് സപ്പോർട്ട് ചെയ്യാനല്ലേ സാധിക്കുകയുള്ളൂ. നിങ്ങൾ അങ്ങനെ പറയുന്നല്ലോ, പ്രതിപക്ഷമെന്ന് പറയുന്നത് എന്താണ്? ഇതിൽ എന്തെങ്കിലും പാളിച്ചകൾ /അപാകതകൾ ഉണ്ടെങ്കിൽ ചൂണ്ടിക്കാണിക്കണ്ടേ; തിരുത്തി മുന്നോട്ട് പോകണ്ടേ? അവിടെയാണ് നിങ്ങൾ ഈ ചർച്ച പോസിറ്റീവായി കാണേണ്ടത്. കേരളത്തിൽ മലപ്പുറം ജില്ലയിൽ 80 ലക്ഷം രൂപ സാധനങ്ങൾ വാങ്ങുന്നതിന് കൊടുത്തു. 15 ലക്ഷം രൂപയേ ചെലവായിട്ടുള്ളൂ. ബാക്കിയൊക്കെ നാട്ടുകാർ, സന്നദ്ധ സംഘടനകൾ, മത സംഘടനകൾ, രാഷ്ട്രീയ പാർട്ടികൾ എല്ലാവരുമാണ് ദുരിതാശ്വാസ ക്യാമ്പുകളിലേയ്ക്ക് സാധനങ്ങൾ എത്തിച്ചത്. അവസാനം എന്തായി; ക്യാമ്പ് കഴിഞ്ഞപ്പോൾ നിങ്ങളുടെ കുറച്ച് പാർട്ടിക്കാർ അത് ഏറ്റെടുക്കുകയുണ്ടായി. ഇതൊന്നും ശരിയായ രാഷ്ട്രീയമല്ല. ക്യാമ്പ് പിടിച്ചെടുക്കുന്നത് ഒരു രാഷ്ട്രീയമല്ല. അത് വില്ലേജ് ഓഫീസർമാർ/ ഉദ്യോഗസ്ഥർ അർഹരായ ആളുകൾക്ക് കൊടുക്കുകയാണ് വേണ്ടത്. എന്താ ഞങ്ങൾക്ക് അവിടെ ഭൂരിപക്ഷമില്ലേ? ഞങ്ങൾ ആളുകൾക്ക് കൊടുത്തിട്ടുണ്ടല്ലോ, കുറച്ച് ചിഹ്നവും ബോർഡുംവച്ച് നടന്നാൽ മതിയോ? അങ്ങനെയല്ല. കൈ മറന്ന് എല്ലാവരും ദുരിതത്തിൽപ്പെട്ടയാളുകളെ സഹായിക്കുകയെന്നതാണ്. ആ ഒരു മനോഭാവത്തിലേയ്ക്ക് സി.പി.ഐ.(എം) വരണമെന്നാണ് എനിക്ക് നിങ്ങളോട് പറയാനുള്ളത്. അല്ലാതെ എല്ലാ കാര്യത്തിലും രാഷ്ട്രീയം കാണലല്ല. ഇപ്പോൾ ആളുകൾക്ക് ഇതൊക്കെ ചിരിയാണ്. നമ്മളെക്കാളും ബുദ്ധിയും വിവരവും അവർക്കുണ്ടെന്നത് നിങ്ങൾ മനസ്സിലാക്കണം. ക്യാമ്പിൽനിന്നുള്ള സാധനങ്ങൾ വില്ലേജ് ഓഫീസർ വാങ്ങുക, സ്റ്റോർ റൂമിന്റെ ചാർജ് രണ്ടാൾ എടുക്കുക, അവരുടെ ഔദാര്യമായി സാധനങ്ങൾ കൊടുക്കുന്നതുപോലെ, പോകുന്നവഴിക്ക് ഇവരുടെ വക ലോറിയിൽകൊണ്ടുവന്ന 50 കിലോ ഭക്ഷണം കൊടുക്കുക, എന്തൊരു ഏർപ്പാടാണ്? ഇങ്ങനെയൊക്കെ ചെയ്യാൻ നാണമുണ്ടോ?

അനധികൃത നിർമ്മാണങ്ങളെക്കുറിച്ച് ബഹുമാന്യനായ വി. എസ്. അച്യുതാനന്ദൻ ഇവിടെ പ്രസംഗിച്ചു. അനധികൃതമായ എല്ലാ കെട്ടിടങ്ങളും റെഗുലറൈസ് ചെയ്ത് 2017-ൽ നിയമം പാസ്സാക്കിയത് ഞങ്ങളുടെ ഗവൺമെന്റല്ല. അത് ചെയ്തത് നിങ്ങളുടെ ഗവൺമെന്റാണെന്ന കാര്യം മനസ്സിലാക്കണം. എല്ലാം നിങ്ങൾ പറയും, എല്ലാം നിങ്ങൾ തന്നെ ചെയ്യുകയും ചെയ്യും. അനധികൃത കെട്ടിട നിർമ്മാണങ്ങളും കുന്നിടിച്ചതും പാടം നികത്തിയതുമെല്ലാം 2017-ൽ ഫൈനടച്ച് റെഗുലറൈസ് ചെയ്യാൻ പറഞ്ഞത് നിങ്ങളല്ലേ? ഈ ഗവൺമെന്റല്ലേ? നിങ്ങൾ ഇതിൽ നിന്നൊക്കെ പഠിക്കണം. ആളുകളെ സഹായിക്കാൻ നാമെല്ലാം ഒരുമിച്ച് നിൽക്കണം. അതുപോലെ പ്രോജക്ടുകൾ നടപ്പിലാക്കുമ്പോൾ എം.എൽ.എ. -മാരും പഞ്ചായത്ത് പ്രസിഡന്റുമാരും റവന്യൂ ഉദ്യോഗസ്ഥരുമായി ഏകോപനം ഉണ്ടാകണം. നാട്ടിൽ നടക്കുന്ന കാര്യങ്ങൾ ആ വാർഡിന്റെ ജനപ്രതിനിധികൾക്ക് മാത്രമേ അറിയുകയുള്ളൂ. ഒരു നിയോജക മണ്ഡലത്തിലെ വിഷയങ്ങൾ പ്രസ്തുത മണ്ഡലത്തിലെ എം.എൽ.എ.-യുമായും പഞ്ചായത്ത് പ്രസിഡന്റുമായും മറ്റ് ജനപ്രതിനിധികളുമായും റവന്യൂ ഉദ്യോഗസ്ഥരുമായും ബന്ധപ്പെട്ട മറ്റ് വകുപ്പുകളിലെ ഉദ്യോഗസ്ഥരുമായും ചർച്ച ചെയ്തുവേണം കാര്യങ്ങൾ നടത്തേണ്ടത്.

<u>മി. സ്പീക്കർ</u>: പ്ലീസ്.........കൺക്ലൂഡ്.

<u>ശ്രീ. പി. കെ. ബഷീർ</u>: സർ, എന്റെ മണ്ഡലത്തിൽ ഒരു തോണി അപകട ദുരന്തത്തിൽ എട്ട് കുട്ടികൾ മരണപ്പെട്ടിരുന്നു. 2008-ൽ അവിടെ പുതിയ പാലം നിർമ്മിച്ചതും ഒലിച്ചുപോയി. എന്റെ മണ്ഡലത്തിൽ മാത്രമല്ല, ജില്ലയിലും സംസ്ഥാനത്തുമൊക്കെ ഇത്തരത്തിലുള്ള ധാരാളം നാശനഷ്ടമുണ്ടായിട്ടുണ്ട്. ഇതൊക്കെ യുദ്ധകാലാടിസ്ഥാനത്തിൽ പുനർനിർമ്മിക്കണം. ഇതിലൊന്നും രാഷ്ട്രീയമില്ല. ഇതിലെല്ലാവരും ഒറ്റക്കെട്ടായി നിന്നുകൊണ്ട് എല്ലാവിധത്തിലും എല്ലാവരെയും സഹായിക്കണം. ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ സാങ്കേതിക വിദഗ്ദ്ധരായ ധാരാളം മലയാളികളുണ്ട്. അവരെ വിളിച്ചുകൂട്ടി അഭിപ്രായം ചോദിക്കണം. അല്ലാതെ ലോക കേരളസഭ വിളിച്ചുകൂട്ടി പിരിഞ്ഞിട്ട് കാര്യമില്ല. അത്തരത്തിലുള്ള സാങ്കേതിക വിദഗ്ദ്ധരെക്കൂടി വിളിച്ച് ചർച്ച ചെയ്യണമെന്ന് അഭ്യർത്ഥിക്കുന്നു.

<u>ശ്രീ. റോഷി അഗസ്റ്റിൻ</u>: സർ, ബഹുമാനപ്പെട്ട മുഖ്യമന്ത്രി സഭയിൽ സംസാരിച്ചപ്പോൾ ഇടുക്കി ജില്ല പരാമർശിക്കപ്പെട്ടില്ല.

മി. സ്പീക്കർ: ചർച്ചയിൽ അങ്ങ് സംസാരിക്കുമ്പോൾ അതുസംബന്ധിച്ച് പറയാമല്ലോ?

ശ്രീ. റോഷി അഗസ്റ്റിൻ: സർ, ഇടുക്കി ജില്ലയിൽ 56 മരണം സംഭവിക്കുകയും ധാരാളം നാശനഷ്ടങ്ങൾ സംഭവിക്കുകയും ചെയ്തു. ചർച്ച നടക്കുമ്പോൾ ബഹുമാന്യനായ മുഖ്യമന്ത്രി ഇടുക്കി ജില്ലയെക്കുറിച്ച് പരാമർശിക്കാതെ പോയത് ശരിയായില്ല.

മി. സ്പീക്കർ: ആ വിഷയങ്ങൾ നമ്മൾ ചർച്ച ചെയ്തശേഷം എല്ലാ അംഗങ്ങളുടെയും യോജിപ്പോടുകൂടി റൂൾ 275 പ്രകാരം നടപടിയെടുക്കും.

(അദ്ധ്യക്ഷവേദിയിൽ മി. ഡെപ്യൂട്ടി സ്പീക്കർ)

ശ്രീ. കെ. കൃഷ്ണൻകുട്ടി: സർ, ബഹുമാനപ്പെട്ട മുഖ്യമന്ത്രി അവതരിപ്പിച്ച ഉപക്ഷേപത്തെ പരിപൂർണ്ണമായി പിന്തുണയ്ക്കുകയാണ്. ഇത്രയും ധീരമായി ഈ വിപത്തിനെ നേരിടുന്നതിന് നേതൃത്വം നൽകിയ അദ്ദേഹത്തെ എത്ര അഭിനന്ദിച്ചാലും മതിയാവില്ല. കാർഷിക മേഖലയിൽ ഉൾപ്പെടെ പല നഷ്ടങ്ങളെ സംബന്ധിച്ചും ഇവിടെ സൂചിപ്പിച്ചു. കാർഷിക മേഖലയുടെ നഷ്ടത്തിന്റെ കണക്കെടുക്കുന്നതിൽ ഒരു നിർദ്ദേശം സഭയ്ക്കുമുന്നിൽ കൊണ്ടുവരാൻ ഞാൻ ആഗ്രഹിക്കുന്നു. വെള്ളപ്പൊക്കം വന്ന് നെൽകൃഷി മുഴുവൻ നശിച്ചത് നേരാണ്. ഈ മഴയുടെ ഫലമായി പാലക്കാട് ജില്ലയിൽ മുഴുവൻ നെൽച്ചെടികൾക്കും ഓലകരിച്ചിൽ എന്ന രോഗം വന്നിട്ടുണ്ട്. അതിന്റെ ഫലമായി ഒരു നെന്മണി എന്നല്ല വയ്ക്കോൽ പോലും അതിൽ നിന്നും കിട്ടില്ല. ഒരേക്കർ കൃഷി നശിച്ചാൽ 57,000 രൂപ ഒരു കർഷകന് നഷ്ടം വരും. അതുപോലെ ഒരു ജാതിമരം കായ്ക്കണമെങ്കിൽ 15 വർഷം കഴിയണം. അതിന്റെ ചെലവ് കണക്കുകൂട്ടിയാൽ, ഒരു ജാതിമരം നശിച്ചാൽ മൊത്തം 30,000 രൂപ ഒരു കർഷകന് നഷ്ടം വരും. നെൽകൃഷിക്കാരൻ വരുന്ന ആറ് മാസത്തെ ചെലവ് മുഴുവൻ കാണുന്നത് ഈ 57,000 രൂപയിലാണ്. അടുത്ത കൃഷി എങ്ങനെ ഇറക്കും; ഇപ്പോൾ ഉണ്ടായ കടം എഴുതിത്തള്ളിയാൽ പ്പോലും അടുത്ത കൃഷിക്കുള്ള തുക ലഭിക്കാതിരുന്നാൽ അവർക്ക് എന്ത് ചെയ്യാൻ കഴിയും; പന്ത്രണ്ട് മാസത്തെ വരുമാനമാണ് ഒരു കൃഷിക്കാരന് നഷ്ടമായിരിക്കുന്നത്. അവരുടെ കുടുംബം എങ്ങനെ ജീവിക്കും? എങ്ങനെ അവരെ സംരക്ഷിക്കാമെന്നത് സംബന്ധിച്ച് ഗൗരവമായി ആലോചിക്കണം.

അതുപോലെ ദീർഘകാലാടിസ്ഥാനത്തിൽ കൃഷി ചെയ്യുന്ന നാണ്യവിളകളിൽ ഫംഗസ് ബാധ ഉണ്ടായിരിക്കുകയാണ്. ഈ വിവരം ഞാൻ ബഹുമാനപ്പെട്ട കൃഷി വകുപ്പുമന്ത്രിയെ വിളിച്ചുപറഞ്ഞു. കുറേ മരുന്നുകളൊക്കെ പ്രയോഗിച്ചെങ്കിലും യാതൊരു രക്ഷയുമില്ല. എല്ലാം നശിച്ചുപോകുകയാണ്. ഒരു നിയന്ത്രണവും സാധ്യമാകാത്ത രീതിയിലുള്ള ഈ ദുരന്തത്തിൽനിന്നും എങ്ങനെ കരകയറാൻ സാധിക്കുമെന്നതിനെ സംബന്ധിച്ച് വളരെ ഗൗരവമായി ആലോചിക്കണം. ഇല്ലെങ്കിൽ നമ്മുടെ കാർഷിക മേഖല തകർന്ന് തരിപ്പണമാകും. ഇതിനാവശ്യമായ ഫണ്ട് എങ്ങനെ കണ്ടെത്തുമെന്ന് മുഖ്യമന്ത്രി ഇവിടെ ചോദിച്ചു. ആ ഫണ്ട്

കണ്ടെത്താനുള്ള സംവിധാനങ്ങളിൽ അടിയന്തരമായി ഇടപെടണം. World Bank-നെ സംബന്ധിച്ച് പറഞ്ഞപ്പോൾ വിട്ടുപോയ ഒരു കാര്യം ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ ശ്രദ്ധയിൽ കൊണ്ടുവരാൻ ഞാൻ ആഗ്രഹിക്കുന്നു. International Fund for Agriculture Development, U.N.-ന്റെ ഫണ്ട് ലഭിക്കാനുള്ള നിർദ്ദേശം കേന്ദ്രഗവൺമെന്റ് നൽകിയതനുസരിച്ച് സംസ്ഥാന ഗവൺമെന്റ് അതിനുള്ള കത്ത് മേയ് 20-ാം തീയതിക്കകം കൊടുക്കണമെന്നത് ജൂൺ 8-ാം തീയതി വരെ നീട്ടി. ആ കൊടുത്ത റിപ്പോർട്ടുണ്ടെങ്കിൽ, അതിൽ എല്ലാ ഘടകങ്ങളും ഉൾപ്പെടുത്തി അതിലേയ്ക്ക് ശ്രദ്ധ കേന്ദ്രീകരിച്ചാൽ യു.എൻ.-ന്റെ 40 വർഷം പലിശയില്ലാത്ത ഫണ്ടാണ് കിട്ടാൻ പോകുന്നത്. ആ കത്ത് കൊടുത്തിട്ടുണ്ടെങ്കിൽ ഇതെല്ലാം ഉൾപ്പെടുത്തി പുതുക്കിയ രൂപത്തിൽ കൊടുക്കാനുള്ള നിർദ്ദേശമാണ്, ബഹുമാന്യരായ കൃഷി വകുപ്പുമന്ത്രിയും ധനകാര്യ വകുപ്പുമന്ത്രിയും പ്രത്യേക താൽപ്പര്യമെടുത്താൽ ആ തുക ലഭിക്കാനുള്ള സാധ്യതയുണ്ട്. നബാർഡിന്റെയും മറ്റ് ഏജൻസികളുടെയും ഫണ്ട് സംബന്ധിച്ചും പരിശോധിക്കാവുന്നതാണ്.

വലിയ ഡാമുകൾ Dam Safety Authority സ്ഥിരമായി പരിശോധിക്കാറുണ്ട്. പക്ഷേ ചെറിയ ഡാമുകളും കുളങ്ങളുമൊക്കെ പൊട്ടിപ്പോയിട്ടുണ്ട്. അവ ഇപ്പോൾ ശരിയാക്കിയില്ലെങ്കിൽ കൃഷിയിറക്കാൻ സാധിക്കില്ല. ഡാമിന്റെ ജലവിതരണത്തിനുള്ള കനാലുകൾ മുഴുവൻ പൊട്ടിപ്പോയി. എന്തെങ്കിലും സഹായം ചെയ്ത് കൃഷി ചെയ്താൽതന്നെ കൃഷിക്കാവശ്യമായ ജലം വിതരണം ചെയ്യാൻ സാധിക്കാത്ത സാഹചര്യമാണ്. അടിയന്തരമായി കനാലുകൾ റിപ്പയർ ചെയ്യാനുള്ള തുക അനുവദിച്ചില്ലെങ്കിൽ സെക്കന്റ് ക്രോപ്പ് കൃഷിചെയ്യാൻ സാധിക്കാത്ത അവസ്ഥയുണ്ടാകും. ഡാമുകളുടെ സ്പിൽവേ തുറക്കുന്നതും പുഴയിലെ ജലത്തിന്റെ അളവ് കൂടുന്നതും സംബന്ധിച്ച് സ്റ്റിമുലേഷൻ സ്റ്റഡി നടത്തി പരമാവധി പ്രളയനിരപ്പ് വ്യക്തമായി കാണത്തക്കവിധം ഓരോ പ്രദേശത്തും സ്ഥാപിക്കണം. ഡാമുകളുടെ Emergency Action Plan, Operation and Maintenance Manual എന്നിവ അടിയന്തരമായി ഉണ്ടാക്കണം. ഇപ്പോൾ ഉണ്ടോയെന്ന് എനിക്കറിയില്ല. അതുണ്ടായിരുന്നുവെങ്കിൽ നമുക്ക് ഇങ്ങനെയൊരു അപകടം വരില്ലായിരുന്നു. അതില്ലാത്ത ഡാമുകളിൽ അത് നടപ്പാക്കുന്നതിനുള്ള നടപടിയുണ്ടാകണം. സമഗ്രമായ റിസർവോയർ പരിപാലനം വരൾച്ചയും വെള്ളപ്പൊക്കവും നേരിടാനുള്ള രീതിയിൽ വേണം കൈകാര്യം ചെയ്യേണ്ടത്. അതിനായി National Hydrology Project (NHP) പ്രയോജന പ്പെടുത്തണം. അതിനുവേണ്ടി 82 കോടി രൂപ കേന്ദ്രഗവൺമെന്റ് അനുവദിച്ചിട്ടുണ്ട്. ആ തുക പരമാവധി ഉപയോഗപ്പെടുത്തണം. ഇത്ര മഴപെയ്താൽ ഓരോ ഡാമുകളിൽ എത്ര ജലമെത്തും, അത് എപ്പോൾ തുറക്കണമെന്നുള്ളതിന്റെ കൃത്യമായ കണക്ക് കണ്ടുപിടിക്കാൻ സാധിക്കും. ജലസേചനത്തിനും വൈദ്യുതിക്കും മാത്രമാണ് നാം ഇപ്പോൾ ഡാം നിർമ്മിക്കുന്നത്. ഭാവിയിൽ ഡാമുകൾ നിർമ്മിക്കുമ്പോൾ, ആയത്

വെള്ളപ്പൊക്കത്തിനുംകൂടി സഹായകരമാകുന്ന രീതിയിൽ നിർമ്മിക്കണം. കുരിയാർകുറ്റി പുഴയിൽ ജലം കൂടുതൽ വന്നതുകൊണ്ടാണ് ചാലക്കുടിപ്പുഴയിൽ വെള്ളപ്പൊക്കമുണ്ടായതിന് പ്രധാന കാരണം. കുരിയാർകുറ്റിയിൽ ഒരു ഡാം നിർമ്മിച്ചാൽ വെള്ളപ്പൊക്കത്തെ നിയന്ത്രിക്കാം; വൈദ്യുതി ഉല്പാദിപ്പിക്കാം; പാലക്കാട് ജില്ലയിലെ വരൾച്ചബാധിത പ്രദേശങ്ങളിൽ ജലസേചനത്തിനും ഉപയോഗിക്കാം. ഈ മൂന്ന് കാര്യങ്ങളും ആലോചിച്ചുകൊണ്ടുള്ള ഡാം നിർമ്മാണ രീതിയാണ് ആവശ്യം. ഇപ്പോൾ ജലസേചനത്തിനോ വൈദ്യുതി ഉല്പാദനത്തിനോ ആണ് ഡാം നിർമ്മിക്കുന്നത്. ഈ മൂന്ന് ആവശ്യങ്ങളും നിറവേറ്റുന്ന രീതിലുള്ള ഡാം നിർമ്മാണമാണ് ഇനി നാം ആലോചിക്കേണ്ടത്.

പുതിയ ദീർഘകാല പദ്ധതികൾ, റോഡ് നിർമ്മാണത്തിന് ശാസ്ത്രീയമായ പുതിയ സാങ്കേതികവിദ്യ എന്നിവ ഉപയോഗിക്കണം. കേന്ദ്രഗവൺമെന്റ് പുതിയ കോൺക്രീറ്റ് റോഡുകളാണ് ഇപ്പോൾ ഏറ്റവും കൂടുതൽ ഉപയോഗിക്കുന്നത്. ഇവിടെ മഴ കൂടുതലുള്ള സാഹചര്യമായതിനാൽ ഇത്തരം കോൺക്രീറ്റ് റോഡുകൾ നിർമ്മിക്കുന്നതായിരിക്കും ഉചിതം. കുറച്ച് ചെലവ് കൂടിയാലും ദീർഘകാലം നിലനിൽക്കുന്നവയാണിത്. മണ്ണ് പരിശോധനയോ മണ്ണിന്റെ ഘടനയോ നോക്കാതെയാണ് ബഹുനില കെട്ടിടങ്ങൾ നിർമ്മിക്കുന്നത്. അതിനുള്ള നടപടി സ്വീകരിക്കണം. ഞാൻ നേരത്തെ സൂചിപ്പിച്ചതുപോലെ, കൃഷി നിലനിർത്തണ മെങ്കിൽ വലിയ രീതിയിലുള്ള ഇടപെടൽ സർക്കാരിന്റെ ഭാഗത്തുനിന്നുണ്ടാകണം. ഏതെല്ലാം സഹായം എവിടെനിന്നെല്ലാം കിട്ടുമോ, അത് നോക്കി ചെയ്തില്ലെങ്കിൽ പാലക്കാട് ജില്ലയിൽ അടുത്ത കൃഷിയിറക്കാൻ പറ്റാത്ത ഒരു സ്ഥിതിയാണ് നിലനിൽക്കുന്നത്. സഹായം ലഭിച്ചില്ലെങ്കിൽ കൃഷിക്കാരൻ ആത്മഹത്യ ചെയ്യുമെന്ന നിലയാണുള്ളത്. ഓരോ കർഷക കുടുംബങ്ങളിലും കുട്ടികളുടെ വിദ്യാഭ്യാസവും മറ്റും നടത്തുന്നത് കൃഷിയെ ആശ്രയിച്ചാണ്. അതുകൊണ്ട് ഗവൺമെന്റ് അത്തരത്തിലുള്ള ഇടപെടലുകൾ നടത്തണമെന്ന് അഭ്യർത്ഥിക്കുകയാണ്. മുഖ്യമന്ത്രി അവതരിപ്പിച്ച പ്രമേയത്തിന് എല്ലാ പിന്തുണയും നൽകുന്നു.

<u>ശ്രീ. കെ. എം. മാണി</u>: സർ, ഉപക്ഷേപത്തെ പിന്താങ്ങുന്നു. നമ്മുടെ സംസ്ഥാനം അഭിമുഖീകരിച്ച, ഏറ്റവും വലിയ വിനാശം വരുത്തിവച്ച ഒരു പ്രളയമാണ് സംസ്ഥാനത്തുണ്ടായത്. ഇതിനിടയിൽ സമാശ്വാസമായിട്ടുള്ളത് വിവിധ സന്നദ്ധ സംഘടനകൾ, മത-സാമൂഹിക-രാഷ്ട്രീയ സംഘടനകൾ എന്നുവേണ്ട കേരള ജനതയൊന്നാകെ ആ ദുരിതാശ്വാസ പ്രവർത്തനങ്ങൾ ഏറ്റെടുത്തു എന്നതാണ്. പക്ഷേ ഈ പ്രളയക്കെടുതിയിൽ സംസ്ഥാനത്ത് 1,35,454 ഏക്കർ സ്ഥലത്തെ കൃഷി മുഴുവൻ നഷ്ടപ്പെടുകയുണ്ടായി. ഒരു കാലത്തും ഉണ്ടാകാത്ത ഭീമമായ നഷ്ടമാണ് കാർഷിക മേഖലയ്ക്ക് ഉണ്ടായിരിക്കുന്നത്. 25,000 ഹെക്ടർ

നെൽകൃഷി മുഴുവനും നശിച്ചു. പക്ഷേ കർഷകരെ സഹായിക്കാൻ, കയ്യയച്ച് സഹായിക്കാൻ ഗവൺമെന്റ് ഔദാര്യ മനോഭാവത്തോടുകൂടി ഇപ്പോൾ നടപടികൾ സ്വീകരിക്കണം, അല്ലെങ്കിൽ നമ്മുടെ നാട്ടിലെ ഒരു വലിയ സമ്പദ്‌വ്യവസ്ഥതന്നെ തകരാൻ പോവുകയാണ്. ഇടുക്കിയിൽ 278 സ്ഥലത്ത് ഉരുൾപൊട്ടിയെന്നാണ് കണക്കുകൾ സൂചിപ്പിക്കുന്നത്. 1800-ലേറെ സ്ഥലത്ത് ഇടുക്കിയിൽ മണ്ണിടിച്ചിൽ ഉണ്ടായി. ഇടുക്കിയിലേയ്ക്കുള്ള റോഡുകൾ മുഴുവൻ തകർന്നു, അവിടേക്ക് പോകാൻ സാധിക്കില്ല. അതിന്റെ വിവരങ്ങൾ ശ്രീ. റോഷി അഗസ്റ്റിൻ ഇവിടെ വിവരിക്കുമെന്ന് ഞാൻ വിശ്വസിക്കുകയാണ്. 70000 വീടുകളെങ്കിലും വാസയോഗ്യമാക്കി തീർക്കേണ്ടതായിട്ടുണ്ട്. ഇതിനെല്ലാം യുദ്ധകാലാടിസ്ഥാനത്തിൽ പ്രവർത്തനങ്ങൾ ആരംഭിക്കേണ്ടിയിരിക്കുന്നു. വീട് പോയവർക്കെല്ലാം വീട് വച്ചുകൊടുക്കണം, വീടും സ്ഥലവും നഷ്ടപ്പെട്ടവർതന്നെ മൂവായിരത്തിലേറെയുണ്ട്. കാർഷിക മേഖലയിലെ തേയില, കാപ്പി, ഏലം, കുരുമുളക്, റബ്ബർ, വാഴ, പച്ചക്കറി കൃഷി, മത്സ്യകൃഷി തുടങ്ങി എല്ലാ കൃഷികളും പ്രളയത്തിൽ നശിച്ചുപോയി. കൃഷി നാശം സംഭവിച്ച എല്ലാ കർഷകർക്കും പൂർണ്ണ നഷ്ടപരിഹാരം കൊടുക്കാൻ ഗവൺമെന്റ് തയ്യാറാകണം. കാർഷിക കടങ്ങൾ മാത്രമല്ല കർഷകർ എടുത്തിട്ടുള്ള കടങ്ങൾ മുഴുവൻ എത്ര പ്രയാസമുണ്ടെങ്കിലും എഴുതിത്തള്ളാൻ ബഹുമാനപ്പെട്ട മുഖ്യമന്ത്രി ശ്രദ്ധിക്കണം. പുനരുദ്ധാരണത്തിന് ദീർഘകാല പലിശ, പലിശരഹിത വായ്പകൾ എന്നിവ അനുവദിക്കണം. കൃഷിയിൽനിന്നും വരുമാനം ലഭിക്കുംവരെ ആറ് മാസത്തേയ്ക്കെങ്കിലും പാവപ്പെട്ട ജനങ്ങൾക്ക് ഉപജീവന അലവൻസ് നൽകണം.

അതിവൃഷ്ടിയാണ് ദുരന്തത്തിന് കാരണമെങ്കിലും കാര്യക്ഷമമായ ഡാം മാനേജ്മെന്റ് ഉണ്ടായിരുന്നുവെങ്കിൽ പ്രളയക്കെടുതിയുടെ രൂക്ഷത കുറയ്ക്കുവാൻ കഴിയുമായിരുന്നു. ചെറുതോണി, ഇടമലയാർ, ലോവർ പെരിയാർ, കല്ലാർകുറ്റി, ഭൂതത്താൻകെട്ട്, പൊന്മുടി, മാട്ടുപ്പെട്ടി, ചെങ്കുളം തുടങ്ങിയ എല്ലാ ഡാമുകളും കൂട്ടത്തോടെ തുറന്നുവിടുകയുണ്ടായി എന്നതാണ് പ്രളയ ദുരിതത്തിന്റെ പ്രധാന കാരണങ്ങളിലൊന്ന്. ഇതിൽ ഗവൺമെന്റ് തർക്കിക്കുകയൊന്നും വേണ്ട. ഗവൺമെന്റ് സുപ്രീംകോടതിയിൽ കൊടുത്തിട്ടുള്ള അഫിഡവിറ്റിൽ മുല്ലപ്പെരിയാർ ഡാം 144 അടിവരെ ഉയർന്നുവെന്ന് റിപ്പോർട്ടുണ്ടെന്ന് പറഞ്ഞിട്ടുണ്ട്. അപ്പോൾ ഇതിനിടയിൽ എന്തുകൊണ്ട് ഗവൺമെന്റ് ഇടപെട്ടില്ല? ഗവൺമെന്റ് ശക്തമായി ഇടപെടേണ്ടതായിരുന്നില്ലേ? അങ്ങനെ ഇടപെട്ടിരുന്നുവെങ്കിൽ നമുക്ക് ഇത്രയും നാശനഷ്ടം ഉണ്ടാകുകയില്ലായിരുന്നു. ഒന്നിച്ച് തുറന്നുവിടാതെ ഘട്ടംഘട്ടമായി ഷട്ടറുകൾ തുറക്കേണ്ടതായിരുന്നു. ആഗസ്റ്റ് 15-ാം തീയതി അർദ്ധരാത്രി 2.40-ന് മുല്ലപ്പെരിയാറിന്റെ 13 ഷട്ടറുകളും തുറന്നതാണ് ഇടുക്കിയിലേയ്ക്ക് മുഴുവൻ വെള്ളവും ഒഴുകിയെത്താൻ കാരണമായത്. ആ നിലയ്ക്ക് ഡാമുകൾ തുറന്നുവിട്ടതാണ് വലിയൊരു ദുരന്തത്തിന് കാരണമാക്കിയതെന്നുള്ളത് നിഷേധിക്കാനാകുമോ?

പമ്പയിൽ 9 ഡാമുകൾ ഒന്നിച്ച് തുറന്നു. ഇടുക്കി, എറണാകുളം ജില്ലകളിലെ 11 ഡാമുകളും ചാലക്കുടിയിലെ 6 ഡാമുകളും ഒന്നിച്ച് തുറന്നു. ഇതിന് ഗവൺമെന്റ് ഉത്തരവാദിയാണ്. ഗവൺമെന്റ് തീർച്ചയായും ജനങ്ങളോട് മാപ്പ് പറയേണ്ടതാണ്. ഡാം മാനേജ്മെന്റ് യാതൊരു തത്വദീക്ഷയുമില്ലാതെ ഈ നിലയിൽ പ്രവർത്തിച്ചതിന്റെ ഫലമായിട്ടുണ്ടായതാണ് ഈ വെള്ളപ്പൊക്കം. തോട്ടപ്പള്ളി സ്പിൽവേയിൽക്കൂടിയാണ് വെള്ളം ഒലിച്ച് കടലിലേയ്ക്ക് പോകേണ്ടത്. നിർഭാഗ്യവശാൽ സ്പിൽവേ തുറന്നെങ്കിലും അതിൽക്കൂടി വെള്ളം ഒഴുകിയില്ല. ചാനലുകളിൽ മണ്ണടിഞ്ഞുകിടക്കുന്നതുകൊണ്ട് വെള്ളം ഒഴുകിപോകുന്നില്ല. അതുകൊണ്ട് ആദ്യം അടിഞ്ഞുകിടക്കുന്ന മണ്ണെല്ലാം എടുത്തുമാറ്റി വെള്ളമൊഴുക്ക് സുഗമമാക്കണം.

മുല്ലപ്പെരിയാർ ജലനിരപ്പ് 144 അടിയിലേയ്ക്ക് ഉയർന്നു. തമിഴ്നാടിന്റെ താൽപ്പര്യം അവർ സംരക്ഷിച്ചു. നമ്മുടെ കാര്യത്തിൽ കേരളം ശക്തമായി ഇടപെട്ടില്ലെന്നുള്ളതാണ് ഗവൺമെന്റിന്റെ ഏറ്റവും പ്രധാനപ്പെട്ട കൃത്യ വിലോപമായി ഞാൻ കാണുന്നത്. സംസ്ഥാനത്ത് 379 കേന്ദ്രങ്ങളിൽ early warning system സ്ഥാപിച്ചിട്ടുണ്ട്. ഗവൺമെന്റിന് വേണ്ട സമയത്ത് റിപ്പോർട്ടുകൾ സമർപ്പിക്കാത്തതുകൊണ്ടും റിപ്പയേഴ്സ് നടത്താത്തതുകൊണ്ടും 289 ഇൻസ്റ്റലേഷൻസ് പ്രവർത്തനരഹിതമായി കിടക്കുകയാണെന്ന് സി &എ.ജി. റിപ്പോർട്ടിൽ കുറ്റപ്പെടുത്തിയിട്ടുണ്ട്.

ശാസ്ത്രീയമായ പഠനം നടത്തിയശേഷമേ ഇങ്ങനെയുള്ള കാര്യങ്ങളെ സംബന്ധിച്ചിടത്തോളം അന്തിമതീരുമാനം ഉണ്ടാകൂവെന്ന് ഗവൺമെന്റ് പറഞ്ഞിരിക്കുന്നത് ആശ്വാസകരമായ ഒരു കാര്യമാണ്. ഉരുൾപൊട്ടൽ ഉണ്ടായ പ്രദേശത്തും സമീപപ്രദേശങ്ങളിലും യാതൊരു നിർമ്മാണ പ്രവർത്തനവും നടത്തുവാൻ പാടില്ല. അങ്ങനെയെങ്കിൽ ഇടുക്കിയിൽ ഇനിയൊരു പ്രവർത്തനവും നടത്താൻ കഴിയുകയില്ല. ചീഫ് സെക്രട്ടറി ഇറക്കിയ ഒരു സർക്കുലറാണ്, അവിടെ ഒരു നിർമ്മാണ പ്രവർത്തനവും നടത്താൻ പാടില്ല എന്നുള്ളത്. ഇങ്ങനെ കർഷകരെ ദ്രോഹിക്കരുത്. കസ്തൂരിരംഗൻ റിപ്പോർട്ടിലെ 9-ാം ഖണ്ഡികയിൽ ഇത്തരം പ്രദേശങ്ങളിൽ 20,000 സ്ക്വയർ മീറ്റർ വിസ്തൃതിയിൽ കൂടുതലുള്ള കെട്ടിടങ്ങൾ മാത്രമാണ് നിരോധിച്ചിട്ടുള്ളത്. അല്ലാതെ ആ മേഖലയിലെ മുഴുവൻ നിർമ്മാണ പ്രവർത്തനങ്ങളും നിരോധിക്കാൻ പറ്റുകയില്ല. പക്ഷേ പ്രളയദുരന്തത്തിൽ മുഖ്യമന്ത്രിയുടെ ഫണ്ടിലേയ്ക്ക് കിട്ടുന്ന തുക പ്രത്യേകം അക്കൗണ്ടിൽ സൂക്ഷിക്കണമെന്ന് ഹൈക്കോടതി തന്നെ നിരീക്ഷിച്ചിട്ടുള്ള സാഹചര്യത്തിൽ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ ഫണ്ട് എന്നതിനുപകരം ഒരു പ്രത്യേക അക്കൗണ്ടിൽ ഈ രൂപ കൊടുക്കണം. ഓഖി ഫണ്ട് സർക്കാർ കണക്കനുസരിച്ച് 111 കോടി രൂപ കിട്ടി. ചെലവഴിച്ചത് 65 കോടി രൂപയേയുള്ളൂ. ആ അനുഭവം ഇതിന് ഉണ്ടാകാൻ പാടില്ല. കിട്ടുന്ന തുക മുഴുവൻ ദുരിതാശ്വാസ പ്രവർത്തനത്തിനായി ചെലവഴിക്കണമെന്ന് മാത്രം പറഞ്ഞുകൊണ്ട് ഞാനെന്റെ വാക്കുകൾ ഉപസംഹരിക്കുകയാണ്.

<u>ശ്രീ. തോമസ് ചാണ്ടി</u>: സർ, ഉപക്ഷേപത്തെ പിന്താങ്ങുന്നു. ശ്രീ. കെ. എം. മാണി ഇവിടെ ഒരു കാര്യം സമ്മതിച്ചു. ഇടുക്കിയിൽത്തന്നെ 285 സ്ഥലത്ത് ഉരുൾപൊട്ടിയെന്ന് അദ്ദേഹം പറഞ്ഞു. ഡാമിൽനിന്ന് വരുന്ന വെള്ളം തുറന്നുവിട്ടാൽ ഒരു മിനിറ്റിൽ എത്രയായിരം cubic മീറ്റർ വെള്ളം പോകുമെന്ന് ഒരു കണക്കുണ്ട്. അത് നമുക്ക് കണ്ടുപിടിക്കാം. ഉരുൾപൊട്ടിയാൽ എത്ര ആയിരം കോടി cubic മീറ്റർ ജലമാണ് വരുന്നതെന്നുള്ളത് സ്വർഗ്ഗ ദൈവത്തിനുമാത്രമേ അറിയൂ; ഭൂമിയിലെ ഒരു മനുഷ്യനും അതറിയില്ല. കുട്ടനാട്ടിൽ ഞാൻ ഒരുപാട് വെള്ളപ്പൊക്കം കണ്ടവനാണ്. പക്ഷേ എന്റെ വീടിനകത്തിപ്പോൾ ഒന്നരയടി ചെളിയുണ്ട്. ഈ ചെളിവെള്ളം എവിടെനിന്ന് വന്നതാണ്. ഡാമിൽനിന്നും വരുന്ന വെള്ളം കണ്ണുനീർപോലെയാണിരിക്കുന്നത്. ഇത്രയും ചെളി അടിഞ്ഞു കൂടണമെങ്കിൽ നമ്മൾ അറിഞ്ഞും അറിയാത്തതുമായി ആയിരക്കണക്കിന് ഉരുളുകൾ പൊട്ടിക്കാണും. ഞങ്ങൾക്ക് ഒരു സന്തോഷമുണ്ട്; അടുത്ത പ്രാവശ്യം കൃഷിക്ക് വളം ഇടണ്ട. പാടത്ത് ഒന്നരയടി കനത്തിൽ മലയിലെ നല്ല വളക്കൂറുള്ള മണ്ണ് വന്നടിഞ്ഞിട്ടുണ്ട്. എനിക്ക് മുഖ്യമന്ത്രിയോട് പറയാനുള്ളത്, 10,000 രൂപ ഓരോ കുടുംബത്തിനും കൊടുക്കുമെന്ന് അങ്ങ് ഒരു പ്രസ്താവന നടത്തി. ആളുകളുടെ ബി.പി. 250-ൽനിന്ന് 120-ലേക്ക് താഴ്ന്നു. അതുകൊണ്ട് എത്രയും വേഗം ആ തുകയൊന്ന് കിട്ടിയാൽ നല്ലതായിരുന്നു. ഞങ്ങൾ നേരിട്ട ചോദ്യങ്ങളിൽ ഒന്ന് അതായിരുന്നു. ഞങ്ങൾ വീട്ടിലേയ്ക്ക് ചെന്നാൽ ഉടുതുണിയ്ക്ക് മറുതുണിയില്ല, പാത്രങ്ങളെല്ലാം ഒഴുകിപ്പോയി, വീട്ടിൽ ഒന്നുമില്ല, എങ്ങനെ, എവിടെനിന്ന് തുടങ്ങും? പാവപ്പെട്ടവരായ അവർക്ക് രണ്ടാഴ്ച പിടിച്ചുനിൽക്കാൻ ഒരാശ്വാസമായിരുന്നു അങ്ങയുടെ വാക്കുകൾ. അത് എത്രയുംവേഗം നടപ്പിലാക്കണം.

എല്ലായിടത്തുനിന്നും വെള്ളം ഇറങ്ങിപ്പോയി, പക്ഷെ കുട്ടനാട്ടിലാണെങ്കിൽ ആയിരക്കണക്കിന് വീടുകൾ ഇപ്പോഴും വെള്ളത്തിനടിയിലാണ്. കാരണം, ആറ്റിലെ ജലനിരപ്പും പാടത്തെ ജലനിരപ്പും തമ്മിൽ 3 അടി വ്യത്യാസമുണ്ട്. എത്രയുംവേഗം കേടായ മോട്ടോറുകൾ റിപ്പയർ ചെയ്ത് അല്ലെങ്കിൽ പമ്പ് സെറ്റുകൾ വാങ്ങിച്ചുകൊടുത്ത് പാടത്തുനിന്നും വെള്ളം വറ്റിക്കാതെ കുട്ടനാട്ടിൽ വെള്ളം ഇറങ്ങുകയില്ല. എനിക്കുതോന്നുന്നത് കേരളത്തിൽ ആലപ്പുഴയിലെ ദുരിതാശ്വാസ ക്യാമ്പുകളിലാണ് ഏറ്റവും കൂടുതൽ ആളുകൾ വസിക്കുന്നത്. അവർ വീട്ടിലേയ്ക്ക് പോവുകയില്ല. ഞാൻ പലരേയും ക്യാമ്പിൽനിന്നും വീട്ടിലേയ്ക്ക് കൊണ്ടുവരാൻ ബോട്ടിൽ പോയി. പക്ഷേ വീട്ടിൽ കയറാനും കിടക്കാനും കഴിയാത്തതിനാൽ ആ ബോട്ടിൽത്തന്നെ അവർ തിരിച്ചുവന്നു. അതുകൊണ്ട് കുട്ടനാട്ടിലെ പാടശേഖരങ്ങളിലുള്ള വെള്ളത്തിൽ മുങ്ങിക്കിടക്കുന്ന വീടുകൾ സംരക്ഷിക്കാൻ അടിയന്തര നടപടിയും പ്രത്യേക നിർദ്ദേശവും നൽകണമെന്ന് അഭ്യർത്ഥിക്കുകയാണ്.

എല്ലാവരുടെയും വീടുകളൊന്നും പോയിട്ടില്ല. അവിടെ ബലമുള്ള വീടുകളും കോൺക്രീറ്റുള്ള വീടുകളും ഉണ്ടായിരുന്നു. പക്ഷേ നൂറുകണക്കിന് വീടുകൾ കുട്ടനാട്ടിൽ വാസയോഗ്യമല്ലാതായി. അവർ തിരിച്ചു ചെന്നാൽ അവർക്ക് കിടക്കാനുള്ള ഒരു സംവിധാനം അടിയന്തരമായി നടപ്പിലാക്കണം. അത് എങ്ങനെയാണ് നടപ്പിലാക്കുന്നതെന്ന് എനിക്കറിയില്ല. മുഖ്യമന്ത്രിയെ അഡ്വൈസ് ചെയ്യാൻ വിദഗ്ദ്ധന്മാരും വിദഗ്ദ്ധ സമിതിയുമുണ്ട്, അങ്ങയുടെ ഒരു ഇടപെടൽ പ്രതീക്ഷിക്കുന്നു.

അതുപോലെ പടർന്നുപിടിക്കുന്ന രോഗങ്ങൾ ഒരു വലിയ പ്രശ്നമാണ്. ബഹുമാനപ്പെട്ട ആരോഗ്യ വകുപ്പുമന്ത്രി ഇവിടെയില്ല, ഇന്നലെ ഞങ്ങളുടെ മുന്നിൽനിന്ന് പ്രവർത്തിച്ച നെടുമുടിയിലെ സി.പി.ഐ.(എം) എൽ.സി. സെക്രട്ടറി, ശ്രീ. ഷിബു ഭാര്യയെയും കുട്ടികളെയും ദുരിതാശ്വാസ ക്യാമ്പിലാക്കി. അദ്ദേഹത്തിന്റെ വീട്ടിലെ ടെറസ്സിലാണ് ഉറങ്ങിയത്. എന്റെ ടീമിനൊപ്പം പ്രവർത്തിച്ചയാളാണ്. അദ്ദേഹം ഇന്നലെ എലിപ്പനി മൂലം മരണപ്പെട്ടു. ലിസി ഹോസ്പിറ്റലിൽ കൊണ്ടുപോയിട്ടും രക്ഷപ്പെട്ടില്ല. അതുകൊണ്ട് ആളുകൾ തിരിച്ച് ചെന്ന് താമസിക്കുമ്പോൾ ഇനിയും എലിപ്പനി പോലെ മാരകമായ പകർച്ചവ്യാധികൾ പടരാതിരിക്കാൻ വേണ്ട മുൻകരുതലുകൾ സ്വീകരിക്കണം. കാലിൽ മുറിവുണ്ടായിരുന്നതുകൊണ്ടാണ് തോട്ടിൽക്കൂടി നീന്തി നടന്നപ്പോൾ എലിപ്പനി ഉണ്ടായത്. അതുകൊണ്ട് ഇനിയും ഇത്തരത്തിലുള്ള മരണങ്ങൾ ഉണ്ടാകാതിരിക്കാൻ, എലിപ്പനിക്കായി കുട്ടനാട്ടിന്റെ വിവിധ പ്രദേശങ്ങളിൽനിന്ന് ചെല്ലുന്ന രോഗികളായിട്ടുള്ള ആളുകൾക്ക് ഇത്തരം രോഗങ്ങളുണ്ടോയെന്ന് ഒരു ടെസ്റ്റ് നടത്തണം. അത് അവയവത്തെ ബാധിച്ച് കഴിഞ്ഞാൽപ്പിന്നെ രക്ഷപ്പെടുകയില്ല. രോഗങ്ങൾ ഉണ്ടാകാതിരിക്കാനും പകർച്ചവ്യാധികൾ പടർന്നുപിടിക്കാതിരിക്കാനും അടിയന്തരമായി അങ്ങയുടെ പ്രത്യേക ശ്രദ്ധ ഉണ്ടാകണം.

11.00 am]

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, മുറിവുണ്ടോ ഇല്ലയോ എന്ന് നോക്കേണ്ട കാര്യമില്ല, എലിപ്പനിക്കുള്ള പ്രതിരോധ മരുന്ന് ഇതുമായി ബന്ധപ്പെട്ട എല്ലാവരും കഴിക്കണം. മരുന്ന് കഴിക്കാത്തവരാണ് കുഴപ്പത്തിൽ പെടുന്നത്. രക്ഷാപ്രവർത്തനത്തിൽ ഏർപ്പെട്ടവരല്ല, വെള്ളം കണ്ടപ്പോൾ നീന്താൻ ഇറങ്ങിയവരെ ബാധിച്ചു എന്നാണ് വിവരം. അവർ ഇത് മനസ്സിലാക്കുന്നില്ല. എലിപ്പനിക്കുള്ള പ്രതിരോധ മരുന്ന് സുലഭമാണ്. ഇതുമായി ബന്ധപ്പെട്ടവരാണെങ്കിൽ മരുന്ന് കഴിക്കുക എന്നുള്ളതാണ് ഏറ്റവും ആവശ്യം.

ശ്രീ. തോമസ് ചാണ്ടി: സർ, വേമ്പനാട്ട് കായലിലൂടെ ബോട്ടിൽ പോകുമ്പോൾ ഡ്രൈവർമാർ ബോട്ട് ഇടത്തോട്ടും വലത്തോട്ടും മാറ്റിമാറ്റി കൊണ്ടുപോകും. കുമരകത്തേയ്ക്ക് ബോട്ട് നേരെ ഓടി പോകില്ലേ എന്ന് ചോദിച്ചപ്പോൾ 'സർ, പോകുകയില്ല, അവിടെയെല്ലാം പൊക്കമാണ് എന്നാണ് പറഞ്ഞത്. പമ്പാനദിയും അച്ചൻകോവിലാറും മണിമലയാറും മീനച്ചിലാറും ഒഴുകി വരുന്നത് ചെളിയുമായാണ്. അങ്ങനെ ചെളി അടിഞ്ഞുകൂടി ആഴം കുറഞ്ഞു. ഒരുകാലത്ത് കഴക്കോലിട്ട് താഴ്ത്തി തള്ളിയാൽ മാത്രമേ വള്ളം പോകുമായിരുന്നുള്ളൂ. ഇപ്പോൾ കഴക്കോലൊന്നും ഇടേണ്ട, അടിത്തട്ട് നമുക്ക് കാണാൻ സാധിക്കും. അവിടെനിന്നും മണ്ണെടുത്ത് ജീവിക്കുന്നവരുടെ വള്ളം പോലീസ് വെട്ടിക്കീറിയ കാലമുണ്ടായിരുന്നു. ആര് പറഞ്ഞിട്ടാണ് ഇതൊക്കെ ചെയ്യുന്നത്? അതുകൊണ്ട് അടിയന്തരമായി വേമ്പനാട്ട് കായലിന് ആഴം കൂടണം. സർക്കാർ പണം മുടക്കേണ്ട കാര്യമില്ല. അതിര് നിശ്ചയിച്ച് സ്വതന്ത്രമായി അതിൽ നിന്നും മണ്ണെടുക്കാൻ അനുവദിച്ചാൽ കൈനകരി, നെടുമുടി, കാവാലം, നീലംപേരൂർ പ്രദേശത്തെ ആളുകൾ അതുകൊണ്ട് ജീവിക്കുകയും ചെയ്യും. കുട്ടനാട്ടിലെ വരമ്പുകൾക്ക് ആവശ്യത്തിന് മണ്ണ് കിട്ടും. കിഴക്കുനിന്ന് മലയിടിച്ചുകൊണ്ട് വരേണ്ടതില്ല. മലയിടിക്കുന്നതുകൊണ്ടും ക്വാറിയുള്ളതു കൊണ്ടുമാണ് മഴ പെയ്യാത്തത് എന്നുപറഞ്ഞു. ഇപ്പോൾ എന്തായി? ക്വാറി വേണ്ടേ? ക്വാറി ഇല്ലെങ്കിൽ നിങ്ങൾ എങ്ങനെയാണ് റോഡിൽക്കൂടി കാറോടിച്ചു പോകുന്നത്? വേമ്പനാട്ട് കായലിന് ആഴം കൂട്ടുന്നതിന് അടിയന്തര ശ്രദ്ധയുണ്ടാകണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് ബഹുമാനപ്പെട്ട മുഖ്യമന്ത്രി അവതരിപ്പിച്ച പ്രമേയത്തെ പിന്തുണച്ചുകൊണ്ട് ഞാൻ നിർത്തുന്നു.

ശ്രീ. അനൂപ് ജേക്കബ്: സർ, ഉപക്ഷേപത്തെ പിന്താങ്ങുന്നു. കേരളം കണ്ട ഏറ്റവും വലിയ ഒരു ദുരന്തത്തെയും അത് നൽകിയ ദുരിത ചിത്രങ്ങളെയും അതിജീവിക്കാനുള്ള നടപടികളുമായി നമ്മൾ മുന്നോട്ടുപോകുകയാണ്. ഗവൺമെന്റ് സ്വീകരിക്കുന്ന അത്തരത്തിലുള്ള എല്ലാ നടപടികളിലും തീർച്ചയായും ഞങ്ങളുടെ പിന്തുണയുണ്ടാകും. പക്ഷേ ഇത് പ്രകൃതി മാത്രം നമ്മളിൽ ഏൽപ്പിച്ച ഒരു ദുരന്തമല്ല. ദുരന്തത്തിന്റെ വ്യാപ്തി വർദ്ധിച്ചതിൽ ഇവിടെ സൂചിപ്പിച്ചതുപോലെ വിവിധ വകുപ്പുകളുടെ ഏകോപനമില്ലായ്മയുണ്ട് എന്നത് ഞാൻ ആമുഖമായി പറയാൻ ആഗ്രഹിക്കുകയാണ്.

ഡാം മാനേജ്മെന്റ്/വാട്ടർ മാനേജ്മെന്റ് സിസ്റ്റം നമുക്കുണ്ടായിരുന്നില്ല എന്ന സത്യം ഗവൺമെന്റ് അംഗീകരിക്കേണ്ടതായിട്ടുണ്ട്. എന്റെ നിയോജക മണ്ഡലത്തിലെ മൂവാറ്റുപുഴയാർ കരകവിഞ്ഞ് പിറവം മുനിസിപ്പാലിറ്റി ഉൾപ്പെടെ രാമമംഗലം, മണീട് പഞ്ചായത്തുകൾക്ക് ശക്തമായ പ്രളയം അഭിമുഖീകരിക്കേണ്ടി വന്നു. എട്ടോളം പഞ്ചായത്തുകളെ ഭാഗികമായി ബാധിച്ചു. ആദ്യഘട്ടമായി 1600 പേരെ evacuate ചെയ്തു. രണ്ടാം ഘട്ടത്തിൽ 1000 പേരെക്കൂടി സുരക്ഷിത സ്ഥാനങ്ങളിലേയ്ക്ക് മാറ്റാൻ കഴിഞ്ഞു. ഏകദേശം 2500-ൽപ്പരം ആളുകളെ evacuate ചെയ്തപ്പോൾ 150 പേരാണ് നേവിയുടെ സംഭാവന. സാധാരണക്കാരായ ജനങ്ങൾ, ചെറുപ്പക്കാർ അവരുടെ ജീവൻ പണയംവച്ച് രംഗത്ത് വന്നതുകൊണ്ടാണ് ബാക്കിയുള്ളവരെയെല്ലാം സുരക്ഷിതമായി മാറ്റാൻ കഴിഞ്ഞത്. മത്സ്യത്തൊഴിലാളികളുടെ സേവനവും അവിടെ എത്തിയെന്നുള്ളത് സൂചിപ്പിക്കാൻ ആഗ്രഹിക്കുകയാണ്.

ഒന്നുരണ്ട് കാര്യങ്ങൾ ഗവൺമെന്റിന്റെ ശ്രദ്ധയിൽ കൊണ്ടുവരാൻ ഞാൻ ആഗ്രഹിക്കുകയാണ്. അടിയന്തര ധനസഹായമെന്ന നിലയിൽ ഗവൺമെന്റ് പ്രഖ്യാപിച്ചിരിക്കുന്ന 10,000 രൂപ അപര്യാപ്തമാണ്. പക്ഷേ ആ തുകതന്നെ കൊടുക്കാൻ കഴിയുന്നില്ല. അതിന്റെ കണക്കെടുപ്പ് ആരംഭിച്ചിട്ട് 2 ദിവസം മാത്രമേ ആയിട്ടുള്ളൂ. 305 ക്യാമ്പുകളാണ് ബാക്കിയുള്ളതെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞു. ബാക്കി അനവധി പേർ വീടുകളിലേയ്ക്ക് എത്തിക്കഴിഞ്ഞു. ഈ തുക എത്രയും പെട്ടെന്ന് അവരുടെ കൈകളിലെത്താനുള്ള നടപടി സ്വീകരിക്കണം. ഭാഗികമായും പൂർണ്ണമായും നശിച്ച വീടുകൾ, 15 ശതമാനമാണ് ഭാഗിക നാശനഷ്ടമായി ഗവൺമെന്റ് കണക്കാക്കുന്നത്. 75 ശതമാനത്തിന് മുകളിലാണ് പൂർണ്ണ നഷ്ടം കണക്കാക്കുന്നത്. ഭാഗികമായി നഷ്ടപ്പെട്ട വീടുകൾക്ക് 5200 രൂപയാണ് ഇപ്പോഴുമുള്ളത്. ആ തുക മാറ്റുമെന്നുള്ളത് സംബന്ധിച്ച് ഒരു പ്രഖ്യാപനം ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ ഭാഗത്തുനിന്നുണ്ടാകുമെന്ന് ഞാൻ കരുതുകയാണ്. ഇത് നിർണ്ണയിക്കുന്നതിൽ അശാസ്ത്രീയതയുണ്ട്. കൃത്യമായ നിലയിൽ ഇന്നത്തെ സാഹചര്യമനുസരിച്ച് വിലയിരുത്താനുള്ള നടപടി കളുണ്ടാകണം. അതോടൊപ്പം മൂവാറ്റുപുഴയാർ, പമ്പയാർ, പെരിയാർ അങ്ങനെ എല്ലാ പുഴകളുടെ തീരങ്ങളും പൂർണ്ണമായും തകർന്നിരിക്കുകയാണ്. പുഴത്തീരങ്ങൾ കെട്ടി സംരക്ഷിച്ചില്ലെങ്കിൽ വീടുകളും കൃഷിയിടങ്ങളും ഒലിച്ചുപോകുന്ന സാഹചര്യത്തിലേയ്ക്ക് വരും. സംരക്ഷണഭിത്തി നിർമ്മിക്കാനുള്ള നടപടികൾ സ്വീകരിക്കണം.

കാർഷിക ലോണുകളുടെ കാര്യത്തിൽ ആശ്വാസമുള്ളപ്പോൾ കർഷകർ എടുത്ത ലോണുകൾക്കും അതേ ആശ്വാസ പദ്ധതികൾ കൊടുക്കാനുള്ള നടപടികൾ ഗവൺമെന്റിന്റെ ഭാഗത്തുനിന്നുണ്ടാകണം. സ്വന്തം ജീവൻ മറന്ന് മുന്നോട്ടുവന്ന് രക്ഷാപ്രവർത്തനം നടത്തിയ ആളുകളുണ്ട്. അവരൊക്കെ അവരുടെ വീടുകളിൽ നിന്നിരുന്നുവെങ്കിൽ അവർ തന്നെ സുരക്ഷിതമാകുകയും അവരുടെ ജീവനോപാധി രക്ഷിക്കാനും കഴിയുമായിരുന്നു. സ്വയം മറന്ന് രക്ഷാപ്രവർത്തനത്തിൽ ഏർപ്പെട്ടവരുടെ കാര്യത്തിൽ ഗവൺമെന്റ് പ്രത്യേക പരിഗണന കൊടുക്കേണ്ടതായിട്ടുണ്ട്.

ഡ്രൗണിംഗ് കേസ്സുകൾക്ക് മാത്രമാണ് ദുരന്തത്തിന്റെ ഭാഗമായി നഷ്ടപരിഹാരമോ ആനുകൂല്യങ്ങളോ സർക്കാർ കൊടുക്കുന്നത്. ഹാർട്ട് അറ്റാക്കോ പനിയോ വന്ന് വെള്ളക്കെട്ട് കാരണം ആശുപത്രിയിൽ എത്തിക്കാൻ കഴിയാതെ ജീവൻ നഷ്ടപ്പെട്ട അനേകം ആളുകളുണ്ട്. അങ്ങനെയുള്ളവരെക്കൂടി ഇതിന്റെ പരിധിയിൽ കൊണ്ടുവരാനുള്ള നടപടി ഗവൺമെന്റ് സ്വീകരിക്കേണ്ടതായിട്ടുണ്ട്.

വൻകിട വ്യവസായികൾ/വ്യാപാരികൾ മാത്രമാണ് ഇൻഷ്വറൻസ് എടുത്തിട്ടുള്ളത്. ചെറുകിട വ്യാപാരികൾക്ക് ഇൻഷ്വറൻസ് ഇല്ല. വെള്ളം കയറി ആയിരക്കണക്കിന് ചെറുകിട വ്യാപാരികളുടെ ജീവനോപാധി നഷ്ടപ്പെട്ട സാഹചര്യമുണ്ട്. അവരെയും പരിഗണിക്കേണ്ടതായിട്ടുണ്ട്.

വളർത്തുമൃഗങ്ങളുടെ കാര്യം ഇവിടെ സൂചിപ്പിച്ചു. ധാരാളം വളർത്തുമൃഗങ്ങൾ ഒഴുക്കിൽപ്പെട്ട് പോയിട്ടുണ്ട്. ആ മൃഗങ്ങൾ പല കർഷകരുടെയും ജീവനോപാധിയാണ്. അക്കാര്യത്തിൽ ലിബറലായ ഒരു സമീപനം ഗവൺമെന്റ് സ്വീകരിക്കേണ്ടതായിട്ടുണ്ട്. തകർന്ന പി.ഡബ്ല്യു.ഡി. റോഡുകളുടെ കാര്യത്തിൽ ഒരു തീരുമാനം ഉണ്ടാകുമെന്ന് കരുതുന്നു. പക്ഷേ ഈ മഴയിൽ ധാരാളം പഞ്ചായത്ത് റോഡുകൾ തകർന്നിട്ടുണ്ട്. വൺടൈം മെയിന്റനൻസ് എന്ന നിലയിൽ അതിന് ഗ്രാന്റ് അനുവദിക്കേണ്ടതുണ്ട്. ഗവൺമെന്റ് രക്ഷാപ്രവർത്തനങ്ങളെക്കുറിച്ച് ഇവിടെ സൂചിപ്പിച്ചു. എന്റെ നിയോജകമണ്ഡലത്തിൽ എനിക്ക് ഒരനുഭവമുണ്ടായി. രാവിലെ 6 മണി മുതൽ നേവിയുടെ സഹായത്തിനായി വിളിച്ചിട്ട് വൈകുന്നേരം 3 മണിയായപ്പോഴാണ് അവരുടെ സഹായം ലഭിക്കുന്നത്. ഞാൻ ബഹുമാനപ്പെട്ട റവന്യൂ വകുപ്പുമന്ത്രിയെ വിളിച്ചപ്പോൾ അദ്ദേഹം അന്ന് എന്നോട് പറഞ്ഞത് ചാലക്കുടിയിൽ കഴുത്തറ്റം വെള്ളത്തിൽ നിൽക്കുകയാണ്, അവരെ രക്ഷിച്ചതിന് ശേഷം മാത്രമേ ടെറസിലുള്ളവരെ രക്ഷിക്കാൻ കഴിയൂ എന്നാണ്.

<u>മി. ഡെപ്യൂട്ടി സ്പീക്കർ</u>:....പ്ലീസ് ...പ്ലീസ്... രണ്ടുമിനിട്ട് കൂടുതൽ എടുത്തു.

<u>ശ്രീ. അനൂപ് ജേക്കബ്:</u> സർ, അദ്ദേഹത്തിന്റെ നിസ്സഹായാവസ്ഥ കൊണ്ടാണ് അദ്ദേഹത്തിന് അങ്ങനെ പറയേണ്ടിവന്നത്. കൃത്യമായ നിലയിൽ രക്ഷാപ്രവർത്തനങ്ങളിലേയ്ക്ക് കൊണ്ടുവരാൻ കഴിയാത്ത സാഹചര്യം അവിടെ വന്നുവെന്നുള്ളതുകൊണ്ടാണ് അങ്ങനെ പറയേണ്ടി വന്നത്.

<u>മി. ഡെപ്യൂട്ടി സ്പീക്കർ:</u> ശ്രീ. അനൂപ് ജേക്കബ്....പ്ലീസ് കൺക്ലൂഡ്....

<u>ശ്രീ. അനൂപ് ജേക്കബ്:</u> സർ, ഞാൻ അവസാനിപ്പിക്കുകയാണ്. ദുരന്തമുഖത്ത് ആദ്യം ഓടിയെത്തുന്നത് ഫയർ ഫോഴ്സാണ്. അവർ ഒട്ടും എക്വിപ്ഡ് അല്ല എന്നുള്ളത് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ ശ്രദ്ധയിൽ കൊണ്ടുവരികയാണ്. 6 ഫയർഫോഴ്സ് ഉദ്യോഗസ്ഥർ 4 ട്യൂബുമായിവന്ന് നിന്നുകഴിഞ്ഞാൽ എത്രപേരെ രക്ഷിക്കാൻ കഴിയുമെന്നുള്ളത് നമ്മൾ ചിന്തിക്കേണ്ട കാര്യമാണ്. അവരെ പൂർണ്ണമായും സജ്ജീകരിക്കാനുള്ള നടപടികൾ ഗവൺമെന്റിന്റെ ഭാഗത്ത് നിന്നുണ്ടാകണം.

കാലാവസ്ഥാ മുന്നറിയിപ്പ് പൂർണ്ണമായി അവഗണിച്ചുവെന്നുള്ളത് പരാമർശിക്കാതിരിക്കാൻ കഴിയുകയില്ല. മഴ കൂടുമ്പോൾ ഡാമുകളിലെ വെള്ളം ഉയരുമെന്നും അത് തുറന്നുവിടേണ്ടതായി വരുമെന്നും അങ്ങനെ പ്രളയത്തിലേയ്ക്ക് നീങ്ങുമെന്നും മനസ്സിലാക്കാൻ വിദഗ്ദ്ധ ഉപദേശമൊന്നും വേണ്ട. കോമൺസെൻസ് മാത്രം മതി. ഇക്കാര്യത്തിൽ വലിയൊരു വീഴ്ച സംഭവിച്ചിട്ടുണ്ട്. ജലസേചന വകുപ്പിന്റെയും വൈദ്യുതി വകുപ്പിന്റെയും റവന്യൂ വകുപ്പിന്റെയും ഏകോപനമില്ലായ്മ ഈ ദുരന്തത്തിന്റെ വ്യാപ്തി കൂട്ടിയിട്ടുണ്ട് എന്നത് ഞാൻ ഈ സന്ദർഭത്തിൽ സൂചിപ്പിക്കാൻ ആഗ്രഹിക്കുന്നു.

<u>ശ്രീ. കെ. ബി. ഗണേഷ് കുമാർ:</u> സർ, ഈ മഹാദുരന്തത്തെക്കുറിച്ച് ചർച്ച ചെയ്യാൻ സഭാസമ്മേളനം വിളിച്ചുചേർത്ത ബഹുമാന്യരായ സഭാനാഥനെയും മുഖ്യമന്ത്രിയെയും പ്രതിപക്ഷനേതാവിനെയും ഞാൻ അഭിനന്ദിക്കുകയാണ്. ഈ ഉപക്ഷേപത്തെ ഞാൻ അനുകൂലിക്കുന്നു. കാരണം, കേരളംകണ്ട ഏറ്റവും വലിയ ഈ ദുരന്തത്തിൽ നമ്മൾ കുറെ പാഠങ്ങൾ ഉൾക്കൊള്ളണമായിരുന്നു. ബഹുമാനപ്പെട്ട മുഖ്യമന്ത്രി അദ്ദേഹത്തിന്റെ പ്രമേയത്തിൽ പറയുകയുണ്ടായി, 140 മണ്ഡലത്തെയും ബാധിച്ച ഒരു വിഷയമാണിതെന്ന്. ഞാൻ 2 ദിവസം എന്റെ സഹപ്രവർത്തകനായ ശ്രീ. സജി ചെറിയാനോടൊപ്പം ചെങ്ങന്നൂരിൽ ഉണ്ടായിരുന്നു. അവരുടെ ബുദ്ധിമുട്ടും ശ്രീ. സജി ചെറിയാന്റെയൊക്കെ മാനസികാവസ്ഥയും കണ്ടുകൊണ്ടാണ് ഞാൻ അവിടെ എത്തുന്നത്. അവിടത്തെ സ്ഥിതി കണ്ടുനിൽക്കാൻ കഴിയാത്തതാണ്, വർണ്ണിക്കാൻ കഴിയില്ല. വീടുകളുടെയൊക്കെ ഇടയിൽ കൂടി മലവെള്ളം കുത്തി ഒഴുകി, നദി മാറി ഒഴുകുമ്പോൾ

ഉണ്ടാകുന്ന ഒരു ഭയാനകമായ അന്തരീക്ഷമായിരുന്നു. അത് കാണുമ്പോൾ ശ്രീ. സജി ചെറിയാൻ പൊട്ടിക്കരഞ്ഞു പോയെങ്കിൽ അതിൽ എനിക്ക് തെറ്റ് പറയാൻ കഴിയില്ല. ശ്രീമതി വീണാ ജോർജ്ജ്, ശ്രീ. രാജു എബ്രഹാം ശ്രീ. വി. ഡി. സതീശൻ, ശ്രീ. അൻവർ സാദത്ത് ഇവരെല്ലാം അനുഭവിച്ച ബുദ്ധിമുട്ടുകൾ നിസ്സാരമായി കാണരുത്. കാരണം, അവരുടെ ശബ്ദത്തിലൂടെയാണ് ലോകം മാധ്യമങ്ങളിലൂടെ ഇത് അറിയുകയും അതിലൂടെ ഇന്ന് കോടിക്കണക്കിന് രൂപയുടെ സഹായം നമ്മുടെ നാട്ടിലേയ്ക്ക് ഒഴുകുകയും ചെയ്യുന്നത്. ഈ സഹായം കൃത്യമായി ഉപയോഗിക്കുന്ന എന്നുള്ളതിൽ ഒരു തർക്കവും ഉന്നയിക്കരുത്. കാരണം, ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഓഖി ദുരന്തത്തിലെ ഒരു പൈസപോലും വകമാറ്റി ചെലവഴിച്ചിട്ടില്ല. അദ്ദേഹം ഇനിയത് ചെയ്യുകയുമില്ല. സുനാമി ഫണ്ട് കടൽ ഇല്ലാത്ത കോട്ടയത്ത് ചെലവാക്കിയെന്നുള്ള അനുഭവം ചില ആൾക്കാർക്കുണ്ട്. ഇതുമായി അത് ബന്ധപ്പെടുത്തരുത്. പ്രതിപക്ഷനേതാവിൻെറ നിലപാടിനെ ഞാൻ അഭിനന്ദിക്കുകയാണ്. അദ്ദേഹത്തെക്കൊണ്ട് രാഷ്ട്രീയം പറയിക്കേണ്ട. അദ്ദേഹം ആദ്യം എടുത്ത നിലപാട് ശരിയാണ്. ഈ നാടിൻെറ ഒരു ദുരന്തത്തിൽ ഭരണ പ്രതിപക്ഷ വ്യത്യാസങ്ങളില്ല. നമ്മൾ ഒന്നിച്ചുനിന്ന് നേടാവുന്നതെല്ലാം നേടിയെടുക്കണം. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയെ ഞാൻ അഭിനന്ദിക്കുന്നത്, ഒരു സ്ഥലത്ത് ഇരുന്നുകൊണ്ട് ഒരു കൺട്രോൾ റൂമിനെ ചലിപ്പിച്ചതിനാണ്. അങ്ങ് ഓടിനടന്ന് ഹെലികോപ്റ്ററിൽ കയറി അങ്ങോട്ടും ഇങ്ങോട്ടും നടന്നിരുന്നെങ്കിൽ ഇതൊന്നും നടക്കില്ല. ഒരു സ്ഥലത്തിരുന്നുകൊണ്ട് ഒരു ലീഡർഷിപ്പ് കൊടുത്ത ബഹുമാനപ്പെട്ട മുഖ്യമന്ത്രിയെ ഞാൻ ഈ അവസരത്തിൽ അഭിനന്ദിക്കുകയാണ്. ഒരിടത്തിരുന്നുകൊണ്ട് യന്ത്രം ചലിപ്പിക്കാൻ കഴിയണം. ഇവിടെ ശ്രീ. അനൂപ് ജേക്കബ് പറഞ്ഞ ഒരു കാര്യം ഞാൻ ആവർത്തിക്കുകയാണ്. എന്റെ അനുഭവത്തിന്റെ വെളിച്ചത്തിൽ ഞാൻ പറയുകയാണ്, ഡിസാസ്റ്റർ മാനേജ്മെന്റ് എന്ന ഡിപ്പാർട്ട്മെന്റുണ്ട്. സത്യത്തിൽ ധനം വേസ്റ്റാക്കാൻ അങ്ങനെ ഒരു ഡിപ്പാർട്ട്മെന്റിന്റെ ആവശ്യമുണ്ടോയെന്ന് മുഖ്യമന്ത്രി പരിശോധിക്കണം. ഇവിടെ ഈ ഓപ്പറേഷന് ഇറങ്ങിയത് ആരാണ്? നമ്പർ വൺ ആയി പ്രവർത്തിച്ചത് കേരള പോലീസാണ്. അതുകഴിഞ്ഞാൽ ഫയർ ഫോഴ്സാണ്. പിന്നെ നമ്മളെ സഹായിക്കാനെത്തിയ മത്സ്യത്തൊഴിലാളികൾ, ഇന്ത്യൻ നേവി, എയർ ഫോഴ്സ്, ആർമി ഇവരെല്ലാം നന്നായി പ്രവർത്തിച്ചു. നാഷണൽ ഡിസാസ്റ്റർ മാനേജ്മെന്റിന്റെ ഒരു ടീം വന്നു. അവർ കരയിലിരിക്കുന്ന നാലഞ്ച് ബംഗാളികളെയാണ് ചെങ്ങന്നൂരിൽ രക്ഷിച്ചുകൊണ്ട് വന്നത്. 50 പേരെ നേവി രക്ഷിക്കുന്ന സമയത്ത് ഇവർ 5 പേരെപ്പോലും രക്ഷിക്കില്ല. അതുപോലൊരു സ്ഥാപനം കേരളത്തിൽ വേണോ? ഇനി ഒരുകാരണവശാലും പണം ചെലവഴിച്ച്

ഇത്തരം സ്ഥാപനങ്ങൾ തുടങ്ങരുത്. ഡിസാസ്റ്റർ മാനേജ്മെന്റിന് കോടിക്കണക്കിന് രൂപയുടെ ഫണ്ടുമുണ്ട്. ആ ഫണ്ടുപയോഗിച്ച് സാധനം വാങ്ങി ഫയർ ഫോഴ്സിന് കൊടുക്കില്ല. 10 മണിക്ക് ഓഫീസിൽ വന്ന് 5 മണിക്ക് പോകുന്ന അവർക്ക് ഈ ആയുധങ്ങൾ കയ്യിൽ വേണോ? മരം മുറിക്കാനുള്ള മെഷീൻ പോലും ഫയർ ഫോഴ്സിന്റെ കയ്യിലില്ല. ഇവിടെയുള്ള എം.എൽ.എ.-മാർ അക്കാര്യങ്ങൾ പറഞ്ഞു. വടം പോലും ഇല്ല. ബഹുമാനപ്പെട്ട മുഖ്യമന്ത്രി, വെള്ളം കയറ്റിയ ഒരു ടാങ്കർ വണ്ടിയുമായി വരുന്ന ഫയർഫോഴ്സുകാർക്ക് വെള്ളപ്പൊക്ക സ്ഥലത്ത് ഇറങ്ങാൻ ഡിങ്കികളില്ല. അതുകൊണ്ട് എന്താണ് നമ്മൾ ചെയ്യേണ്ടത്? നദികളുടെയും പുഴകളുടെയും കായലുകളുടെയും കടലിന്റെയും അടുത്തുള്ള എല്ലാ പോലീസ് സ്റ്റേഷനുകളിലും ഫയർ സ്റ്റേഷനുകളിലും 2 ഡിങ്കികളും 100 ബി.എച്ച്.പി. പവറുമുള്ള എൻജിനോടുകൂടിയ ബോട്ടുകളും നൽകണം. ഈ ഒഴുക്കിലൂടെ പോകണമെങ്കിൽ അത്രയും ബി.എച്ച്.പി. വേണം.

നദികളിൽ മണൽ വാരിയതിന്റെ പുറ്റുകളുണ്ട്. ഐലന്റുകൾ രൂപപ്പെട്ടിരിക്കുന്നത് ഭാരതപ്പുഴയിലും ചെങ്ങന്നൂർ പുഴയിലും തിരുവല്ലയിലും കാണാം. ഈ പുറ്റുകൾ തൊഴിലുറപ്പുകാരെക്കൊണ്ട് നീക്കം ചെയ്യണം. രണ്ട് വശത്തുനിന്നും മണൽ വാരിക്കൊണ്ടിരിക്കുകയാണ്, മദ്ധ്യത്തിൽ ഐലന്റുകളാണ്, അതിൽ വെള്ളം തടഞ്ഞ് വെള്ളം പൊങ്ങുകയാണ്. ഇത്തരം കാര്യങ്ങളിലൊക്കെ നമ്മൾ വളരെ ശ്രദ്ധ ചെലുത്തണം.

ഡിസാസ്റ്റർ മാനേജ്മെന്റ് എന്ന ഡിപ്പാർട്ടുമെന്റ് അവിടെ ഇരുന്നോട്ടെ. ഇതിന് ഒരു കാരണവശാലും മറ്റൊരു ഫോഴ്സിനെ ട്രെയിൻ ചെയ്യേണ്ട കാര്യമില്ല. ഓരോ ജില്ലയിലും 200 റിട്ടയേർഡ് ആർമി ഉദ്യോഗസ്ഥരെയും നേവി ഉദ്യോഗസ്ഥരെയും ഫയർഫോഴ്സ് എടുത്തിട്ടുണ്ട്. എന്നിട്ട് അവരെ ഉപയോഗിക്കുന്നത് ആരാണ്? ട്രാഫിക് നിയന്ത്രിക്കാൻ പോലീസിനെ ഉപയോഗിച്ചു കൊണ്ടിരിക്കുകയാണ്. അവർക്ക് ട്രെയിനിംഗ് കൊടുത്ത് സജ്ജമാക്കിയില്ല. ഡിസാസ്റ്റർ വരുമ്പോൾ ഉപയോഗിക്കുന്നതിന് നല്ല ഏണി ഇല്ല, ഇലക്ട്രിസിറ്റി ബോർഡ് ഉപയോഗിക്കുന്ന പോലെ ലിഫ്റ്റ് ചെയ്യാൻ പറ്റിയ ലിഫ്റ്റും ഫയർഫോഴ്സിനില്ല. ഒരെണ്ണം വാങ്ങി തിരുവനന്തപുരത്ത് വയ്ക്കും. ഒരുപാട് ബഹുനില മന്ദിരങ്ങളുണ്ട്. ഈ ദുരന്തം നമ്മൾ ഒരു പാഠമാക്കണം. അതുകൊണ്ട് പണം ദുർവിനിയോഗം ചെയ്യുകയല്ല, ഫോഴ്സിനെ ശക്തിപ്പെടുത്തണം.

ചെങ്ങന്നൂരിൽ ചെന്നപ്പോൾ, മത്സ്യത്തൊഴിലാളികളെ സംഘടിപ്പിച്ച് അയയ്ക്കുന്നതിൽ കൊല്ലം കളക്ടർ കാണിച്ച താത്പര്യത്തെ അഭിനന്ദിക്കാതിരിക്കാൻ കഴിയില്ല. റവന്യൂ വകുപ്പിലെ ഒരുകൂട്ടം ഉദ്യോഗസ്ഥർ വളരെ നല്ല പ്രവർത്തനങ്ങൾ നടത്തി. പക്ഷെ വട്ടം കിടന്നവരുമുണ്ട്. അതിനെക്കുറിച്ചുള്ള വിവരങ്ങൾ

ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ ഓഫീസിൽ അറിയിക്കുകയും അപ്പോൾത്തന്നെ നടപടി വരികയും ചെയ്തു. ചെങ്ങന്നൂരിൽ ഒരുദ്യോഗസ്ഥൻ വളരെ മോശമായിട്ടാണ് പ്രതികരിച്ചത്. അത് ഞാൻ അറിയിച്ചപ്പോൾ മുഖ്യമന്ത്രിയുടെ ഓഫീസിൽനിന്ന് നടപടി വന്നു. അയാളെ മാറ്റി സമർത്ഥനായ മറ്റൊരു ഉദ്യോഗസ്ഥനെ നിയമിച്ചു. ഇത് ഒരു ഉദ്യോഗസ്ഥന്റെ ജോലിയല്ല ഇത് മനസ്സിന്റെ താത്പര്യമാണ്. നമ്മൾ സ്നേഹത്തോടെ ഇറങ്ങി സഹായിക്കാനുള്ള മനസ്സാണ് വേണ്ടത്. അതിന് നേതൃത്വം കൊടുത്തതിൽ വലിയ പങ്ക് നമ്മുടെ എം.എൽ.എ.-മാർ വഹിച്ചിട്ടുണ്ട്. അതിൽ ഒരു തെറ്റും പറയാൻ പറ്റില്ല. നെന്മാറ എം.എൽ.എ. ശ്രീ. കെ. ബാബു അടക്കമുള്ളവർ വളരെ നല്ല പ്രവർത്തനങ്ങൾ നടത്തിയിട്ടുണ്ട്. ജനപ്രതിനിധികൾ ജനങ്ങളോടൊപ്പം നിന്നിട്ടുണ്ട്.

ഈ മഴയിൽ 140 മണ്ഡലത്തിലേയും റോഡുകൾ തകർന്ന് പോയിരിക്കുകയാണ്. കുടിവെള്ള പദ്ധതികൾ മുഴുവൻ ചെളി കയറിയിരിക്കുകയാണ്. ഇവ യുദ്ധകാലാടിസ്ഥാനത്തിൽ നന്നാക്കണം. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും ധനകാര്യ വകുപ്പുമന്ത്രിയും ഒരുമിച്ചിരുന്ന് പി.ഡബ്ല്യൂ.ഡി. മാന്വലിൽ ചില മാറ്റങ്ങൾ വരുത്തണം. ധനകാര്യ വകുപ്പിന്റെ ഭാഗത്തുനിന്നുള്ള തടസ്സങ്ങൾ നീക്കണം. ഒറ്റയടിക്ക് കേരളത്തിലെ മുഴുവൻ വർക്കുകളും ടെണ്ടർ ചെയ്യാനും സമയബന്ധിതമായി തീർക്കാനും കഴിയണം. കോൺട്രാക്ട് എടുക്കുന്നവർ ഇത്ര ദിവസത്തിനുള്ളിൽ തീർത്തില്ലെങ്കിൽ പെനാൽറ്റി ക്ലാസോടുകൂടി കോൺട്രാക്ടുകൾ കൊടുക്കത്തക്കരീതിയിൽ നടപടിയെടുത്താൽ ഈ നാടിൻെറ പുനർനിർമ്മാണത്തിൽ, മുഖ്യമന്ത്രി ഉദ്ദേശിക്കുന്ന തരത്തിൽ, ജനങ്ങൾ ആഗ്രഹിക്കുന്ന തരത്തിൽ പരിസ്ഥിതി സൗഹൃദമായ നിലയിൽ ജനങ്ങളുടെ ജീവിതത്തെയും ഈ നാടിനെയും നമുക്ക് പുനർനിർമ്മിക്കാൻ കഴിയും. അതിന് സമയബന്ധിതമായ പദ്ധതി വേണം. അതിൽ നിയമങ്ങളിൽ വേണ്ട മാറ്റങ്ങൾ ബഹുമാനപ്പെട്ട മുഖ്യമന്ത്രി തന്നെ മുൻകയ്യെടുത്ത് നടത്തണം. നമ്മൾ ഒറ്റക്കെട്ടായി നിൽക്കുക. കോടിക്കണക്കിന് രൂപയുടെ സഹായം ഇനിയും തരാൻ സന്മനസ്സുള്ളവർ ലോകത്തുണ്ട്. അവർ വരുമ്പോൾ നമ്മൾ കലഹിച്ചാൽ, നമ്മൾ പരസ്പരം കുറ്റം പറഞ്ഞാൽ ഉള്ളതുകൂടി ഇല്ലാതാക്കും.

<u>മി. ഡെപ്യൂട്ടി സ്പീക്കർ:</u> പ്ലീസ് ..... കൺക്ലൂഡ്.....

<u>ശ്രീ. കെ. ബി. ഗണേഷ് കുമാർ:</u> സർ, എല്ലാ സഹായവും, എല്ലാ സ്നേഹവും സ്വീകരിച്ചുകൊണ്ട് കേരളത്തിന്റെ പുനസൃഷ്ടിക്കുവേണ്ടി ബഹുമാനപ്പെട്ട മുഖ്യമന്ത്രി നൽകുന്ന ഈ പ്രവർത്തനങ്ങൾക്ക് എല്ലാവിധ പിന്തുണയും നൽകിക്കൊണ്ട് ഈ പ്രമേയത്തെ ഒരിക്കൽക്കൂടി പിന്തുണയ്ക്കുന്നു.

<u>ശ്രീ. ഒ. രാജഗോപാൽ:</u> സർ, ഒട്ടേറെ കാര്യങ്ങളൊക്കെ ശ്രദ്ധയിൽപ്പെടുത്തിക്കഴിഞ്ഞു. ഞാൻ അതിലേയ്ക്ക് കടക്കുന്നില്ല. എന്റെ നിയോജക മണ്ഡലമായ നേമത്ത് മലയിടിച്ചിലൊന്നും സംഭവിച്ചിട്ടില്ല. പക്ഷെ, മറ്റ് ഭാഗങ്ങളിലുണ്ടായ മലയിടിച്ചിലിന്റെയെല്ലാം ഫലമായി നദികളിലൊക്കെ വെള്ളം കൂടി നഗരത്തിനകത്ത് ഉണ്ടാകുന്ന പ്രത്യേക പ്രശ്നങ്ങൾ, അതായത് എന്റെ മണ്ഡലത്തിൽ 8 ക്യാമ്പുകൾ നടത്തേണ്ടി വന്നു. എന്തുകൊണ്ടാണ് അത് നടത്തേണ്ടിവന്നത്? കരമനയാറിൽനിന്നും കിള്ളിയാറിൽനിന്നും ധാരാളം വെള്ളം കയറിയതുകൊണ്ടാണ്. സാധാരണ താഴ്ന്നനിൽക്കുന്ന സ്ഥലങ്ങളിൽ പാവപ്പെട്ടവരാണ് താമസിക്കുന്നത്. അവർക്കെല്ലാം മാറി താമസിക്കേണ്ടിവന്നു. ആദ്യം മഴ തുടങ്ങിയ അവസരത്തിൽ സഹായിക്കാൻ ഒരു വ്യവസ്ഥയും ഉണ്ടായിരുന്നില്ല. നാട്ടുകാരും സന്നദ്ധസംഘടനകളുമെല്ലാം മുന്നോട്ടുവന്ന് പ്രവർത്തനങ്ങൾ ആരംഭിച്ചതിനുശേഷമാണ് സർക്കാരിന്റെ ആളുകൾ വരികയും അതിനെ നിയന്ത്രിക്കാൻ മറ്റ് പാർട്ടിക്കാർ വരികയും ചെയ്തത്. ക്യാമ്പുകൾ പിടിച്ചെടുക്കുകയെന്ന പുതിയൊരു രീതികൂടി ഇക്കാര്യത്തിൽ വന്നുവെന്നുള്ളത് നിർഭാഗ്യകരമായ ഒരു വശമാണ്. പക്ഷെ പോസിറ്റീവായ കാര്യം, എല്ലാ ജനങ്ങളും സഹകരിച്ചുകൊണ്ടാണ് അഭിമാനകരമായ രീതിയിൽ ഈ നേട്ടങ്ങൾ കൈവരിക്കാൻ സാധിച്ചിട്ടുള്ളത് എന്നതാണ്. ഇതൊരു ഗുണപാഠമാകണം. പല രാജ്യങ്ങളിലും വലിയ രീതിയിൽ ഫയർ ഉണ്ടായശേഷം അതിനെ പുനരുദ്ധരിക്കുന്നത് ഒക്കേഷണലായി മാറി. അതുപോലെ നമുക്ക് ഈ ഒക്കേഷനെ പ്രയോജനപ്പെടുത്തണം. അത് രാഷ്ട്രീയക്കാരെക്കൊണ്ട് ചെയ്യാൻ കഴിയുന്ന പണിയല്ല. അതിന് എക്സ്പെർട്ട്സിനെ വച്ച് വളരെ സിൻസിയറായിട്ടുള്ള ആളുകളെ ഉൾപ്പെടുത്തി ചർച്ചകൾ നടത്തി ചെയ്യണം. അത് സുതാര്യമായിരിക്കണം. അതിന് വരുന്ന പണം അതിനുവേണ്ടി മാത്രമേ ഉപയോഗിക്കാവൂ. പണ്ട് സുനാമി ഫണ്ട് സുനാമി ഏൽക്കാത്ത ഭാഗത്ത് ചെലവഴിച്ചതുപോലെ ആകാൻ പാടില്ല. ഓഖി ഫണ്ടിൽ പണം നീക്കിവച്ചെങ്കിലും ചെലവഴിച്ചില്ല. അത്തരത്തിലൊന്നും വരാതെ ശാസ്ത്രീയമായ യൂട്ടിലൈസേഷൻ ഉറപ്പുവരുത്താനുള്ള വ്യവസ്ഥയുണ്ടാകണം. ജുഡീഷ്യൽ സ്കൂട്ടിനി നടത്തുന്നതിനുള്ള എക്സ്പെർട്ട്സ് അടങ്ങുന്നതും സെപ്പറേറ്റ് അക്കൗണ്ടുള്ളതും അക്കൗണ്ട്സ് സോഷ്യൽ ഓഡിറ്റ് ചെയ്യുന്നതിനുമുള്ള വ്യവസ്ഥയുണ്ടെങ്കിലേ ജനങ്ങൾക്ക് വിശ്വാസം ഉണ്ടാകുകയുള്ളൂ. വെറും രാഷ്ട്രീയകളിക്കുള്ള ഉപകരണമായി കാണാതെ, കേരളത്തിന്റെ പുനർനിർമ്മാണത്തിനുള്ള ഒരു സന്ദർഭമായി കണ്ട് അതിന്റേതായ ഗൗരവത്തിലെടുക്കാൻ ശ്രമിക്കണമെന്നാണ് എനിക്ക് പറയാനുള്ളത്.

എന്റെ മണ്ഡലം പ്രധാനമായും നഗരത്തിലാണ്. കുറച്ച് ഭാഗത്ത് നെൽകൃഷിയുണ്ട്. അതെല്ലാം പൂർണ്ണമായും നശിച്ചിരിക്കുന്നു. 25000 ഏക്കർ നെൽകൃഷിയാണ് നശിച്ചതെന്ന് പറയുന്നു. അവർ ഒച്ചപ്പാടുണ്ടാക്കാൻ കഴിവുള്ള സംഘടിതരല്ല. അതുകൊണ്ട് അവരുടെ കാര്യം പ്രത്യേകം ശ്രദ്ധിക്കണം. രണ്ടാമതായി, നഗരത്തിനകത്തുകൂടി പോകുന്ന നദികളിൽ വെള്ളം വന്നാൽ പ്രശ്നമുണ്ടാകുന്നതിന്റെ പ്രധാന കാരണമെന്താണ്? നദിയുടെ കര കെട്ടിയിട്ടില്ല. കര കെട്ടിയിട്ടുളള ചില ഭാഗങ്ങളിൽ വെള്ളം കയറിയിട്ടില്ല. കര കെട്ടാത്ത ഭാഗങ്ങളിൽ വെള്ളം കയറുകയും പാവപ്പെട്ടവർക്കും കൃഷിക്കും ദോഷമുണ്ടാകുകയും ചെയ്യു. അതുകൊണ്ട് ബഹുമാനപ്പെട്ട മന്ത്രിയോട് പ്രത്യേകിച്ചും നഗരങ്ങളിലുള്ള ആളുകൾ തിങ്ങിപ്പാർക്കുന്ന സ്ഥലങ്ങളിൽ നദികളുടെ കര കെട്ടി വെള്ളം ഓവർ ഫ്ലോ ചെയ്യാതിരിക്കുന്നതിനുള്ള പ്രത്യേക എഫർട്ട് നേമം മണ്ഡലത്തിൽ ആവശ്യമാണെന്നുള്ളത് ഊന്നിപ്പറഞ്ഞുകൊണ്ട് ഞാൻ അവസാനിപ്പിക്കുന്നു.

<u>ശ്രീ. കോവൂർ കുഞ്ഞുമോൻ</u>: സർ, മുഖ്യമന്ത്രി അവതരിപ്പിച്ച ഉപക്ഷേപത്തെ പൂർണ്ണമായും പിന്തുണയ്ക്കുകയാണ്. കേരളം ഒരു ദുരന്ത ഭൂമിയായി മാറിയിരിക്കുന്നു. മനുഷ്യനെ മനുഷ്യനായി, സ്നേഹത്തോടെ, സഹജീവികളെപ്പോലെ കണ്ട അപൂർവ്വ ദിനങ്ങളായിരുന്നു അത്. മുഖ്യമന്ത്രിയുടെ ദൃഢനിശ്ചയത്തോടുകൂടിയുള്ള പ്രവർത്തനം കേരളത്തിന് ഏറെ കരുത്തേകിയെന്ന് കരുതുന്ന ഒരാളാണ് ഞാൻ.

എനിക്ക് ഒന്നുരണ്ട് നിർദ്ദേശങ്ങളാണ് വയ്ക്കാനുള്ളത്. നമ്മുടെ നദികളും ആറുകളും കരകവിഞ്ഞൊഴുകിയതിന്റെ ഫലമായാണ് ഇത്രയധികം ദുരന്ത മുണ്ടായിട്ടുള്ളത്. ആറുകളുടെ തീരം പ്രധാനമായും സംരക്ഷിക്കപ്പെടണം. ഇപ്പോൾ തകർന്നുപോയ എല്ലാ റോഡുകളും പുനർനിർമ്മിക്കണം. ഡാമുകൾ തുറക്കുന്നതിനും മേൽനോട്ടം വഹിക്കുന്നതിനും ജലസംബന്ധമായ വിദഗ്ദ്ധരുടെ സേവനവും നിർദ്ദേശവും ലഭിക്കുന്ന തരത്തിലുള്ള സംവിധാനം ഏർപ്പെടുത്തണം. മറ്റൊന്ന് ഓറഞ്ച് അലെർട്ട്, റെഡ് അലെർട്ട് എന്നീ മുന്നറിയിപ്പുകൾ ജനങ്ങളെ അറിയിക്കാനും അതിന്റെ ആപത്ത് ജനങ്ങളെ ബോധ്യപ്പെടുത്താനും ഇന്നത്തെ സംവിധാനത്തിന് കഴിയുന്നില്ല. അതിനായി ശാസ്ത്രീയവും ജനകീയവുമായ സംവിധാനം ഏർപ്പെടുത്തണം. അതുപോലെ പണം സമാഹരിക്കുന്നതിനും ജനമനോഭാവം ഐക്യത്തോടെ നിലനിർത്തുന്നതിനും ഒരു വർഷക്കാലത്തെ എല്ലാ ആർഭാട ഉദ്ഘാടനങ്ങളും അനാവശ്യചെലവെന്ന് ജനം കരുതുന്ന എല്ലാ പരിപാടികളും നിർത്തലാക്കേണ്ടതാണ്. നവകേരളത്തെ സൃഷ്ടിക്കാൻ ഒരു സ്പെഷ്യൽ പാക്കേജ്തന്നെ തയ്യാറാക്കണം. മുഖ്യമന്ത്രി അതുതന്നെയാണ് ആവർത്തിച്ച് പറയുന്നത്. നവകേരള സൃഷ്ടിക്കായി കേരളം ഒറ്റക്കെട്ടായി നിൽക്കണം. കേരളത്തിന്റെ പൂർണ്ണപിന്തുണ അക്കാര്യത്തിലുണ്ട്. ഗവൺമെന്റും

മുഖ്യമന്ത്രിയും വളരെ കാര്യമായി ഇടപെട്ടു. ബഹുമാനപ്പെട്ട കെ. ബി. ഗണേഷ് കുമാർ സൂചിപ്പിച്ചതുപോലെ മുഖ്യമന്ത്രിക്ക് ഒരു സ്ഥാനത്തിരുന്ന് പതിനാല് ജില്ലകളെയും നിയന്ത്രിക്കാൻ സാധിച്ചു. കേരളത്തിലെ മൂന്നരക്കോടി ജനങ്ങളെ ഒറ്റക്കെട്ടായി കണ്ടുകൊണ്ടാണ് അദ്ദേഹം പ്രവർത്തിച്ചത്. അദ്ദേഹത്തിന്റെ ധീരതയെ ഞാൻ അഭിനന്ദിക്കുന്നു. വകുപ്പുകളിലെ എല്ലാ ഉദ്യോഗസ്ഥരെയും ഞാൻ അഭിനന്ദിക്കുന്നു. എല്ലാ ജനപ്രതിനിധികളും ആത്മാർത്ഥമായി സഹകരിച്ചു. കേരളം കൈകോർത്തു. ഇതാണ് കേരളം. ഒരു നല്ല മനസ്സിന്റെ ഉടമയായി കേരളം മാറി. അതാണ് വരുംനാളുകളിൽ കേരളം കാണാൻ പോകുന്നത്. നവകേരളം ഇവിടെ സൃഷ്ടിക്കാൻ നമുക്ക് ഒത്തൊരുമയോടുകൂടി പ്രവർത്തിക്കാമെന്ന് പറഞ്ഞുകൊണ്ട് മുഖ്യമന്ത്രിക്കും സർക്കാരിനും എല്ലാവിധ പിന്തുണയും അറിയിച്ചുകൊണ്ട് നിർത്തുന്നു.

ശ്രീ. പി. സി. ജോർജ്: സർ, ഈ കൊടിയ ദുരന്തത്തിൽ കോട്ടയം ജില്ലയിൽമാത്രം പത്ത് മനുഷ്യജീവനുകളാണ് നഷ്ടപ്പെട്ടത്. അതിൽ ഏഴെണ്ണവും കഷ്ടകാലമെന്ന് പറയട്ടെ, എന്റെ നിയോജകമണ്ഡലമായ പൂഞ്ഞാറിലാണ് നടന്നത്. 7 മരണങ്ങൾ നേരിട്ട് കാണേണ്ടിവന്ന ഗതികെട്ട സാഹചര്യമാണ് ദൈവം എനിക്ക് നൽകിയത്.

ഈരാറ്റുപേട്ട-വാഗമൺ റോഡ് സൈഡിൽ ഒരൊറ്റ ഉരുൾപൊട്ടലിൽ ഒരു വീട്ടിലെ നാല് ആളുകളാണ് മരിച്ചത്. ഈരാറ്റുപേട്ടയിലെ നന്മക്കൂട്ടവും അതുപോലെ ബഹുമാനപ്പെട്ട സണ്ണി ജോസഫ് എം.എൽ.എ.-യുടെ നേതൃത്വത്തിലുള്ള രക്ഷാപ്രവർത്തനവും നടത്തിയതുകൊണ്ട് 3 ജീവനുകൾ രക്ഷപ്പെടുത്താൻ സാധിച്ചു. 4 പേരുടെ ജീവൻ രക്ഷിക്കാനായില്ല. അവിടെ പിറ്റേ ദിവസമുണ്ടായ ഉരുൾപൊട്ടലിൽ മോട്ടോർ സൈക്കിളിൽ യാത്ര ചെയ്ത ഒരു ചെറുപ്പക്കാരനും മരിക്കാനിടയായി. ഇതിന്റെ തൊട്ടടുത്തായുള്ള പാറമടകളെല്ലാം നിയമവിരുദ്ധമായി പ്രവർത്തിക്കുന്നവയാണെന്ന് പറയേണ്ടിവരും. ഇക്കാര്യത്തിൽ പ്രത്യേക ശ്രദ്ധയുണ്ടാകണമെന്ന് ഗവൺമെന്റിനോട് അഭ്യർത്ഥിക്കുകയാണ്. പ്രളയവുമായി ബന്ധപ്പെട്ടുള്ള ഗവൺമെന്റിന്റെ നടപടികളെ ഞാൻ ആത്മാർത്ഥമായി അഭിനന്ദിക്കുകയാണ്. അതിൽ ഒരു തർക്കവും വേണ്ട. ഒറ്റ മനസ്സോടുകൂടി കേരളത്തിലെ ജനങ്ങൾക്ക് പോകാൻ കഴിഞ്ഞുവെന്നതാണ് ഏറ്റവും വലിയ ഐശ്വര്യം. പക്ഷെ നമ്മുടെ ശാസ്ത്രജ്ഞൻമാരുടെ അഭിപ്രായത്തോട് പൂർണ്ണമായും യോജിക്കുവാൻ കഴിയുന്നില്ല. കാരണം മാധവ് ഗാഡ്ഗിൽ കമ്മീഷൻ പറയുന്നത് എല്ലാം കുഴപ്പമെന്നാണ്. ഗാഡ്ഗിൽ പറയുന്നത് ശരിയാണെങ്കിൽ വനപ്രദേശങ്ങളിൽ എങ്ങനെയാണ് ഇതുപോലെ ഉരുൾപൊട്ടലുണ്ടാകുന്നത്? അപ്പോൾ അത്തരത്തിലുള്ള ശാസ്ത്രജ്ഞൻമാരെ മാറ്റിനിർത്തി കർഷകർക്കുണ്ടായ ബുദ്ധിമുട്ടുകൾക്ക് പരിഹാരം കാണുന്നതിനെപ്പറ്റി ചർച്ച ചെയ്യണമെന്നാണ് എന്റെ അഭിപ്രായം.

ഇവിടെ പല പദ്ധതികളും പ്രഖ്യാപിച്ചിട്ടുണ്ട്. വളരെ വിനയത്തോടെ എനിക്ക് പറയാനുള്ളത് ഇതെല്ലാം സുതാര്യമാകണം എന്നാണ്. ഉദ്യോഗസ്ഥരെ വിശ്വസിക്കുന്ന ഒരു ചെറിയ ലാഞ്ഛന കാണുന്നുണ്ട്. നമുക്കത് വേണ്ട. ഓരോ നിയോജകമണ്ഡലത്തിനെയും പ്രതിനിധീകരിച്ച് എം.എൽ.എ.-മാരുണ്ട്, ത്രിതല പഞ്ചായത്ത് മെമ്പർമാരുണ്ട്, അവരുടെ നേതൃത്വത്തിലുള്ള ഒരു കമ്മിറ്റി ഇതിന്റെ പണം മൊത്തമായി വിനിയോഗിക്കുമ്പോൾ അത് ദുർവിനിയോഗം ചെയ്യാതിരിക്കാൻ ഒരു ജനകീയ കമ്മിറ്റിക്ക് രൂപംകൊടുത്താൽ ഗുണകരമാകുമെന്നാണ് എന്റെ അഭിപ്രായം.

1924-ൽ ഉണ്ടായ വലിയ വെള്ളപ്പൊക്കത്തെപ്പറ്റി ഇവിടെ പറയുന്നുണ്ട്. അന്ന് മലയാള മനോരമ പത്രം പ്രസിദ്ധീകരിച്ച ഒരു വാർത്ത കഴിഞ്ഞ 25-ാം തീയതി മലയാള മനോരമ പത്രം പുന:പ്രസിദ്ധീകരിച്ചിരുന്നു. 1924-ൽ എവിടെയൊക്കെ വെള്ളപ്പൊക്കമുണ്ടായോ അതേസ്ഥലങ്ങളിൽ തന്നെയാണ് ഇപ്പോഴും വെള്ളപ്പൊക്കവും ദുരിതവുമുണ്ടായിരിക്കുന്നത്. അപ്പോൾ ആ പ്രതിഭാസം കണ്ടില്ലെന്ന് നടിച്ച് പോകേണ്ട കാര്യമില്ല. അതായത് ഇനിവരാൻ പോകുന്നതും ഇതുപോലെ തന്നെയായിരിക്കുമെന്നാണ് ആ ദിവസത്തെ മലയാള മനോരമ പത്രം വായിച്ചാൽ മനസ്സിലാകുന്നത്. കോട്ടയം ജില്ലയിലെ രണ്ട് പ്രമുഖ പട്ടണങ്ങളാണ് പാലായും ഈരാറ്റുപേട്ടയും. അവിടെ മീനച്ചിൽ റിവർ വാലി പദ്ധതി വന്നു, ആ ഡാം പണിയാൻ പാടില്ലെന്ന് പറഞ്ഞ് തടഞ്ഞു. അന്ന് പാലാക്കാർ എന്നെ കുറ്റം പറഞ്ഞു. ഇന്ന് പാലാക്കാർ രക്ഷപ്പെട്ടത് ആ ഡാം പണിയാതിരുന്നതുകൊണ്ടാണ്. അതുപോലെ മീനച്ചിലാറിൽക്കൂടി വരുന്ന വെള്ളം തടയുന്നതിനായി 2006-ൽ വഴിക്കടവിൽ ഒരു ഡാം നിർമ്മിച്ചു, ആ ഡാമിലെ വെള്ളവും ഇടുക്കിയിലേയ്ക്ക് വിട്ടതോടുകൂടി ഈരാറ്റുപേട്ടയും പാലായും രക്ഷപ്പെട്ടുവെന്നതാണ് സത്യം.

മൊറട്ടോറിയം പ്രഖ്യാപിക്കുന്നതിനെപ്പറ്റി ഇവിടെ പറഞ്ഞു. ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി തോമസ് ഐസകിന് അറിയാവുന്ന കാര്യമാണ്, കെ.എസ്.എഫ്.ഇ. എന്ന സാമ്പത്തിക സ്ഥാപനത്തിൽ പിടിച്ചുപറിയും ജപ്തി നടപടികളും ഇപ്പോഴും തുടരുകയാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി അക്കാര്യത്തിൽ പേഴ്സണലായി ഇടപെടണമെന്നാണ് ഞാൻ ആവശ്യപ്പെടുന്നത്. ഒരു വർഷത്തേക്കെങ്കിലും പൂർണ്ണമായ മൊറട്ടോറിയം കൊടുക്കണം. കർഷകർ മാത്രമല്ല ചെറുകിട കച്ചവടക്കാരും തകർന്നുതരിപ്പണമായിരിക്കുകയാണ്. അതുകൊണ്ട് അവരെക്കൂടി സംരക്ഷിക്കാനുള്ള നടപടിയുണ്ടാകണം.

വൈദ്യുതി ബോർഡ് വൈദ്യുതി ചാർജ് വർദ്ധിപ്പിക്കുമെന്ന് പറഞ്ഞ് ചില ചാനലുകളിൽക്കൂടി വാർത്ത കാണിച്ചുകൊണ്ടിരിക്കുകയാണ്. ദൈവത്തെ ഓർത്ത് വൈദ്യുതി ചാർജ് ഇപ്പോൾ കൂട്ടരുത്. ഒരു കാരണവശാലും ജനങ്ങൾ സഹിക്കില്ല, അതൊഴിവാക്കണമെന്നുകൂടി ഞാൻ അഭ്യർത്ഥിക്കുകയാണ്.

<u>ശ്രീമതി യു. പ്രതിഭ</u>: സർ, ബഹുമാനപ്പെട്ട മുഖ്യമന്ത്രി അവതരിപ്പിച്ച ഉപക്ഷേപത്തെ ഞാൻ പൂർണ്ണമനസ്സോടെ പിന്തുണയ്ക്കുന്നു. ലോകംതന്നെ ശ്രദ്ധയോടെ വീക്ഷിച്ച ഒരു മഹാപ്രളയം, അതിനുശേഷം നടന്ന ഐതിഹാസികമായിട്ടുള്ള ദുരിതാശ്വാസ പ്രവർത്തനം, അതിനാണ് കേരളം ഇപ്പോൾ സാക്ഷ്യം വഹിച്ചിട്ടുള്ളത്. ഇവിടെ എടുത്ത് പറയേണ്ട ഒരു കാര്യം ഞങ്ങളൊക്കെ പറയാറുണ്ട് നമ്മുടെ മുഖ്യമന്ത്രി അധികം ചിരിക്കാറില്ലെന്ന്, പക്ഷെ കേരളത്തിന്റെ മുഖ്യമന്ത്രി സഖാവ് പിണറായി വിജയൻ എന്ന വലിയ മനുഷ്യനെ ലോകം അറിഞ്ഞ സമയമാണിത്. അചഞ്ചലനായി നിന്നുകൊണ്ട് മന്ത്രിമാരുടെ പ്രവർത്തനങ്ങളെയും വിവിധ വകുപ്പുകളെയും ഏകോപിപ്പിച്ചുകൊണ്ട്, മാധ്യമങ്ങളെ കാണേണ്ട സമയത്ത് കണ്ട്, ജനങ്ങളുടെ ഭയം അകറ്റി, എല്ലാത്തിനും ധീരമായി നേതൃത്വം കൊടുത്തിട്ടുള്ള മുഖ്യമന്ത്രിയുടെ നേതൃത്വത്തിനു മുന്നിൽ ഇവിടെ പ്രതിപക്ഷം പറഞ്ഞ ആശങ്കയ്ക്ക് അടിസ്ഥാനമില്ല. ഇവിടെ കിട്ടിയ ഒരു പണംപോലും സുനാമി ഫണ്ട് പാലായിൽ ചെലവഴിച്ചതുപോലെ വകമാറ്റില്ലെന്ന് ധൈര്യത്തോടെ പറയാൻ ഞങ്ങൾക്ക് കഴിയും. അതാണ് കേരളത്തിന്റെ നേതൃത്വം. എന്തായിരുന്നു കഴിഞ്ഞ കുറച്ച് കാലമായി കുട്ടനാട് അടക്കം കേരളത്തിലെ പ്രളയബാധിത പ്രദേശങ്ങളിൽ നമ്മൾ കണ്ടത്? കേരളത്തിലെ മുഖ്യമന്ത്രി ആവശ്യപ്പെട്ടതനുസരിച്ച് നാനാഭാഗങ്ങളിൽനിന്നും സഹായമെത്തുന്നു, എം.എൽ.എ.-മാരും ഉദ്യോഗസ്ഥരും ധീരമായി നേതൃത്വം കൊടുക്കുന്നു. മുമ്പെങ്ങും ഇല്ലാത്ത തരത്തിൽ ദുരിതാശ്വാസ ക്യാമ്പുകളിൽ എത്തിയ ജനങ്ങൾക്ക് എല്ലാം നൽകാനുള്ള സന്നദ്ധ കൂട്ടായ്മ കേരളത്തിലുണ്ടാകുന്നു. ഇവിടെ ഡാമുകൾ തുറന്നുവിട്ടതിനെ വിമർശിച്ചുകൊണ്ട് പറഞ്ഞു, എന്നാൽ മുഖ്യമന്ത്രി അവതരിപ്പിച്ച ഉപക്ഷേപത്തിൽത്തന്നെ എത്രയധികം മഴയാണ് ഇപ്രാവശ്യം കേരളത്തിൽ അധികമായി ലഭിച്ചതെന്ന് പറയുന്നുണ്ട്. ആ മഴ മറ്റൊരു തരത്തിലേക്കുള്ള ദുരന്തമായും പേമാരിയായും മാറിയപ്പോഴാണ് ഡാമുകൾ നിറഞ്ഞത്. എങ്ങനെയാണ് നിങ്ങൾക്ക് കണ്ണടച്ച് ഇരുട്ടാക്കി ഈ അവസരത്തിൽ രാഷ്ട്രീയം കാണാൻ സാധിക്കുന്നത്? പ്രതിപക്ഷ നേതാവടക്കം ആദ്യം മുഖ്യമന്ത്രിയോടൊപ്പം യാത്ര ചെയ്ത് പ്രശ്നങ്ങൾക്ക് കൃത്യമായ പരിഹാരം കാണാൻ ശ്രമിച്ചപ്പോൾ ചില നേതാക്കന്മാർ പ്രതിപക്ഷ നേതാവിന്റെ ശ്രദ്ധ തിരിച്ച് ഈ പ്രശ്നങ്ങളിൽനിന്നും കേരളത്തിലെ ഗവൺമെന്റിനെ മനഃപൂർവ്വമായി വിമർശിച്ചു.

ഞാൻ കുട്ടനാട്ടിൽ ജനിച്ചുവളർന്ന ആളാണ്. ഇപ്പോൾ ശരിക്കും ഒരു ഫ്ലഡ് വിക്ടിം കൂടിയാണ്. ബഹുമാന്യനായ ഡെപ്യൂട്ടി സ്പീക്കറും എല്ലാ മന്ത്രിമാരും ഞങ്ങളുടെ നാട്ടിൽ വന്നിട്ടുണ്ടായിരുന്നു. ഇവിടെ ഇരിക്കുന്ന നിങ്ങൾക്കറിയാം സർവ്വതും നശിച്ച്, രണ്ട് മുറി വീട്ടിൽ കഴിയുന്നവർ, തന്റെ ജീവിതകാലം മുഴുവൻ

ഉണ്ടാക്കിയ സമ്പാദ്യം ഒലിച്ചുപോയവർ, ജീവിതത്തിൽ പ്രതീക്ഷയില്ലാത്തവർ, അങ്ങനെയുള്ളവരോട് കഴിഞ്ഞ ദിവസം കേരളത്തിലെ യു.ഡി.എഫ്. നേതൃത്വം ഈ അവസരം മുതലെടുത്ത് രാഷ്ട്രീയം പറയാൻ പോയി, എല്ലാവരും ഒന്നിച്ചുനിന്ന് ഈയൊരു മഹാപ്രളയത്തെ നേരിടാൻ തയ്യാറെടുപ്പ് നടത്തുമ്പോൾ ഇത്തരത്തിൽ ഉണ്ടായത് ദൗർഭാഗ്യകരമാണ്. കഴിഞ്ഞ ദിവസം കുട്ടനാട്ടിലും ആലപ്പുഴയിലും നടന്ന ഒരു ശുചീകരണ യജ്ഞമുണ്ടായിരുന്നു, എനിക്ക് തോന്നുന്നു ചരിത്രത്തിൽ ഇടം പിടിക്കുന്ന ഒരു ശുചീകരണ യജ്ഞമായിരുന്നു നടന്നത്. പതിനായിര ക്കണക്കിന് വോളന്റിയർമാർ, സന്നദ്ധ പ്രവർത്തകർ, അവർ നാട്ടിലെ എല്ലാ ഭാഗങ്ങളിലും വന്ന് സ്വയം സന്നദ്ധരായി ഇറങ്ങുന്ന അവസരത്തിലാണ് ശ്രീ. രാഹുൽ ഗാന്ധിയുടെ സന്ദർശനം. അദ്ദേഹം വന്നതിൽ ഞങ്ങൾക്ക് എതിർപ്പൊന്നുമില്ല. കോൺഗ്രസ് നേതാക്കന്മാർ ശ്രീ. രാഹുൽ ഗാന്ധിയുമായി ആലപ്പുഴയിലെ പല പ്രദേശങ്ങളിലും വന്നിരുന്നു. അദ്ദേഹം പ്രതിപക്ഷ നേതാവുമായി ഹെലികോപ്റ്ററിന്റെ അറ്റത്ത് പിടിച്ചുകൊണ്ട് നിൽക്കുന്ന ചിത്രങ്ങൾ പല പത്രങ്ങളും പ്രസിദ്ധീകരിക്കുകയുണ്ടായി. കുട്ടനാട്ടിലും ആലപ്പുഴയിലുമൊക്കെ നടന്ന പ്രവർത്തനങ്ങൾ ചരിത്രത്തിൽ ഇടംപിടിക്കുന്നവയാണ്. എല്ലാം നഷ്ടപ്പെട്ട് ഗതികെട്ട് നിൽക്കുന്ന മനുഷ്യരാണ് അവിടെയുള്ളത്. ബഹുമാനപ്പെട്ട കുട്ടനാട് എം.എൽ.എ. പറഞ്ഞതുപോലെ, നല്ല പൊക്കത്തിൽ ഉണ്ടായിരുന്ന അദ്ദേഹത്തിന്റെ വീട് ഉൾപ്പെടെ ചേറിൽ താഴ്ന്ന് അങ്ങോട്ട് കയറാൻപോലും കഴിയാതിരുന്നവരുടെ ഇടയിലേയ്ക്കാണ് സന്നദ്ധ പ്രവർത്തകർ ഒഴുകിയെത്തുകയും എല്ലാവരുംചേർന്ന് അവിടെ പ്രവർത്തിക്കുകയും ചെയ്തത്. അവിടെ രാഷ്ട്രീയമല്ല, നവകേരളത്തിനുവേണ്ട വലിയ രൂപത്തിലുള്ള ഇടപെടലാണ് നടക്കുന്നത്.

ആലപ്പുഴക്കാർക്ക് അഭിമാനിക്കാൻ ഏറെയുണ്ട്. ബഹുമാനപ്പെട്ട ചെങ്ങന്നൂർ എം.എൽ.എ. സഹായം അഭ്യർത്ഥിക്കുമ്പോൾ നേവി, ഡിസാസ്റ്റർ മാനേജ്മെന്റ്, ആർമി എന്നിവരോടൊപ്പം ആലപ്പുഴയിലെ മത്സ്യത്തൊഴിലാളികളാണ് ആദ്യം അവിടേക്ക് എത്തുന്നത്. വെള്ളത്തിനെ ഭയമില്ലാത്തവരാണ് മത്സ്യത്തൊഴിലാളികൾ. അതുകൊണ്ടുതന്നെ അവരിൽനിന്ന് സമർത്ഥരായ ചെറുപ്പക്കാരെ കണ്ടെത്തി കേരളത്തിന്റെ സ്ഥിരം തീരദേശസേനയാക്കി മാറ്റുന്നതിനുള്ള പ്രവർത്തനത്തെക്കുറിച്ച് ആലോചിക്കുന്നത് നന്നായിരിക്കും എന്നൊരു നിർദ്ദേശം ഈ അവസരത്തിൽ ഞാൻ മുന്നോട്ടുവയ്ക്കുകയാണ്.

വെള്ളത്തിന്റെ കെടുതി ഏറ്റവും കൂടുതൽ അനുഭവിച്ച പ്രദേശമാണ് ആലപ്പുഴയിലെ കുട്ടനാട്. മൂന്ന് വെള്ളപ്പൊക്കമാണ് അടുത്തടുത്തായി അവിടെ അനുഭവിച്ചത്. ആദ്യം ആറുപങ്ക് പാടശേഖരത്തിന്റെ ബണ്ട് തകർന്നുണ്ടായ വെള്ളപ്പൊക്കം. അതിനുശേഷം മറ്റ് പാടശേഖരങ്ങളുടെ ബണ്ട് തകർന്നുണ്ടായ

വെള്ളപ്പൊക്കം. പിന്നീട് ഉരുൾപൊട്ടലിലൂടെയും മറ്റും വന്ന വെള്ളം കുട്ടനാടിനെ അക്ഷരാർത്ഥത്തിൽ മഹാപ്രളയത്തിൽ മുക്കിക്കളയുകയായിരുന്നു. അവിടെയുള്ള സ്കൂളുകളുടെ അവസ്ഥ വളരെ പരിതാപകരമാണ്. ബഹുമാനപ്പെട്ട വിദ്യാഭ്യാസ മന്ത്രിയടക്കമുള്ളവർ സന്നദ്ധ പ്രവർത്തനങ്ങളിൽ അവിടെ ഉണ്ടായിരുന്നു. മൂന്നാം തീയതി സ്കൂൾ തുറക്കുന്നതുകൊണ്ട് ഓട് വരെ വെള്ളം കയറിയ സ്കൂളുകളുടെ ബലക്ഷയം മാത്രമല്ല, അവിടെ കുട്ടികൾക്ക് ഇരിക്കാൻ കഴിയുമോ എന്നത് പരിശോധിക്കണം. സ്കൂളുകളിലെ ലാബ്, ലൈബ്രറി, കമ്പ്യൂട്ടർ തുടങ്ങിയ സംവിധാനങ്ങളെല്ലാം താറുമാറായിരിക്കുകയാണ്. അവർക്ക് പ്രത്യേക സഹായം കൊടുക്കുന്നതിനുവേണ്ടിയുള്ള ഇടപെടൽ നടത്തണം.

'ലൈഫ്' പദ്ധതി പ്രകാരം കേരളത്തിലാകെ 2.50 ലക്ഷം വീടുകൾ നിർമ്മിക്കുകയാണ്. പക്ഷേ നമ്മൾ പ്രതീക്ഷിക്കാതെയുണ്ടായ ഒരു ദുരന്തമാണിത്. അതിനാൽ ഈ പദ്ധതിയുടെ മാനദണ്ഡങ്ങളിൽ വലിയ ഇളവ് നൽകി കുട്ടനാടിനെ സഹായിക്കണം. Delhi Schedule of Rates ആണ് ഇന്ന് കേരളത്തിലെമ്പാടും അനുശാസിച്ചുപോരുന്നത്. അതിൽ റിലാക്സേഷൻ വരുത്തണം. കാരണം, അത്യധികം റോഡുകൾ തകർന്നുപോയിട്ടുണ്ട്. ചെളി നിറഞ്ഞ താഴ്ന്ന പ്രദേശങ്ങളായതിനാൽ ആ റേറ്റുകളിലെ നോംസിൽ വലിയതോതിലുള്ള റിലാക്സേഷൻ നൽകാനുള്ള ഇടപെടലുണ്ടാകണം. പാടശേഖരങ്ങളിൽനിന്നും വെള്ളം പുറത്തേയ്ക്ക് പമ്പുചെയ്ത് കളയാൻ സാധിക്കാത്ത അവസ്ഥയുണ്ട്. പെട്ടിയും പറയുമെല്ലാം വെള്ളത്തിലാണ്. എ.സി.റോഡിലെ (ആലപ്പുഴ - ചങ്ങനാശ്ശേരി റോഡ്) വെള്ളം കിർലോസ്കർ പമ്പ് ഉപയോഗിച്ച് കളയുന്നതുപോലെ പെട്ടിയിലും പറയിലുമുള്ള വെള്ളവും കിർലോസ്കർ പമ്പ് ഉപയോഗിച്ച് കളയുന്നതിനുള്ള ഇടപെടൽകൂടി നടത്തേണ്ടതുണ്ട്.

വലിയൊരു ദുരന്തമാണ് നമ്മൾ നേരിട്ടത്. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ എല്ലാ ഡിപ്പാർട്ടുമെന്റുകളെയും ഏകോപിപ്പിച്ചുകൊണ്ട് ഒറ്റക്കെട്ടായി, അചഞ്ചലമായിനിന്ന് ആ ദുരന്തത്തെ നേരിടാനും മരണം വലിയതോതിൽ കുറയ്ക്കാനും കഴിഞ്ഞു. ഈ പ്രവർത്തനങ്ങളിൽ ആരൊക്കെയാണ് പങ്കെടുത്തത് എന്നൊന്നുമറിയില്ല. എല്ലാവരോടുമുള്ള നന്ദി ഈ അവസരത്തിൽ പറയാതിരിക്കാൻ കഴിയില്ല. പലർക്കും ആധാർ കാർഡ് പോലെയുള്ള വിലപ്പെട്ട രേഖകൾ നഷ്ടപ്പെട്ടുപോയി. അക്കാര്യങ്ങളിലെല്ലാം കൃത്യമായി ഇടപെടാമെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞിട്ടുണ്ട്. അതത് വാർഡുകളിൽ അദാലത്തുകൾ നടത്തി, നഷ്ടപ്പെട്ട രേഖകൾ കൊടുക്കാനുള്ള നടപടികൾ ഉണ്ടാകണം. മാനസികമായി തകർന്നുപോയ വലിയൊരു വിഭാഗം ജനങ്ങൾക്ക് അവരുടെ വീട്ടുപടിക്കൽ അവ എത്തിക്കാൻ കഴിയുന്ന തരത്തിലേയ്ക്കുള്ള ഒരു ഇടപെടൽ നടത്തണമെന്ന്

ഒരിക്കൽക്കൂടി അഭ്യർത്ഥിക്കുന്നു. ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഒരു മാസത്തെ ശമ്പളം തരാൻ കഴിയുമോ എന്ന് ചോദിച്ചതേയുള്ളൂ, പതിനായിരക്കണക്കിന് ഉദ്യോഗസ്ഥർ ഒരേ മനസ്സോടുകൂടി അതിലേയ്ക്ക് സംഭാവന നൽകാൻ തയ്യാറായി എന്നതുകൂടി ഈ അവസരത്തിൽ പറയുകയാണ്. സമാനതകളില്ലാത്ത ജലദുരന്തത്തെ നേരിടുന്നതിനുവേണ്ടി അചഞ്ചലമായി മുന്നിൽനിന്ന് നയിച്ച ബഹുമാനപ്പെട്ട മുഖ്യമന്ത്രിയെ ഒരിക്കൽക്കൂടി ഹൃദയത്തോട് ചേർത്തുപിടിച്ച് അഭിനന്ദിക്കാൻ ഈ അവസരം ഉപയോഗിച്ചുകൊണ്ട് നിർത്തുന്നു.

<u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u>: സർ, ഉപക്ഷേപത്തെ പിന്താങ്ങുന്നു. ഇവിടെ നടക്കുന്ന ചർച്ചകൾ കേട്ടപ്പോൾ പൊതുവായി ഗവൺമെന്റ് എടുക്കുന്ന നല്ല കാര്യങ്ങൾക്കെല്ലാം നല്ല പിന്തുണയുണ്ട് എന്നുകാണാം. കേരളത്തിന്റെ പുനർസൃഷ്ടിക്കുവേണ്ടി പ്രതിപക്ഷത്തെ വിശ്വാസത്തിലെടുത്ത് ഗവൺമെന്റ് ഏത് നീക്കം നടത്തിയാലും അതിനോടൊപ്പം ഞങ്ങളുണ്ടാകും. ഒരു മാസത്തെ ശമ്പളം കൊടുക്കണമെന്ന് പറഞ്ഞ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ ആഹ്വാനം ഞങ്ങൾ പൂർണ്ണമായി ഉൾക്കൊള്ളുകയും ഒരു മാസത്തെ ശമ്പളം നൽകുകയും ചെയ്യും. അങ്ങനെ ഈ നാടിന്റെ പുനർസൃഷ്ടിക്കുവേണ്ടിയുള്ള പ്രവർത്തനത്തിൽ ഒരുമിച്ച് നിൽക്കാം.

ഈ ദുരന്തം വരാനുള്ള കാര്യത്തെക്കുറിച്ച് ആലോചിക്കുമ്പോൾ സ്വാഭാവികമായും ഈ ദുരന്തമുണ്ടായതെങ്ങനെയെന്ന് രണ്ട് രൂപത്തിലുള്ള ചർച്ചയുണ്ടാകും. മഴയാണ് ഇതിലെ പ്രധാനപ്പെട്ട കാരണമെന്ന ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ ഓപ്പൺ സ്റ്റേറ്റ്മെന്റ് ഞാൻ കണ്ടു. ഡോ. എം. രാജീവൻ പ്രധാനപ്പെട്ടൊരു ഭൗമശാസ്ത്ര വിദഗ്ധനാണ്. അദ്ദേഹം ഇന്ത്യാ ഗവൺമെന്റിലെ സെക്രട്ടറിയാണ്. സംസ്ഥാന അതോറിറ്റികൾക്ക് ഇതുസംബന്ധിച്ച് പ്രവചനം ലഭ്യമാക്കിയിട്ടുണ്ടെന്നും ഇത്തവണ കനത്ത മഴയുണ്ടാകുമെന്നുള്ള വിവരം അഡീഷണൽ ചീഫ് സെക്രട്ടറിയെയൊക്കെ നേരിട്ട് വിളിച്ചുപറഞ്ഞിട്ടുണ്ടെന്നുമാണ് അദ്ദേഹം പറഞ്ഞത്. ഇക്കാര്യത്തിൽ കേരളത്തിന് മുന്നറിയിപ്പ് ഉണ്ടായിരുന്നു വെന്ന്, ഇന്റഗ്രിറ്റി ഇതുവരെ ചോദ്യം ചെയ്യപ്പെടാത്ത ഭൗമശാസ്ത്ര വിദഗ്ധനായ ഡോ. എം. രാജീവൻ പരസ്യമായി പറഞ്ഞത് പത്രത്തിലെ ലേഖനത്തിൽ വന്നിട്ടുള്ളതാണ്. നമുക്ക് അഞ്ച് ഏജൻസികളുണ്ട്. ഒന്നാമത്, കാലാവസ്ഥാ പ്രവചനം IMD (India Meteorological Department) അത് ഇന്ത്യാ ഗവൺമെന്റിന്റെ കീഴിലാണുള്ളത്. Central Water Commission എല്ലാ കാലത്തും നമുക്കെതിരാണ്. മുല്ലപ്പെരിയാർ പ്രശ്നത്തിൽ കേരളത്തിന് ഏറ്റവും കൂടുതൽ ദ്രോഹം ചെയ്തിട്ടുള്ളത് അവരാണ്. ആ Central Water Commission-നെ ഒരിക്കലും സാക്ഷിപ്പട്ടികയിൽ ചേർത്ത് കേരളത്തിന്റെ കേസ് ദുർബലപ്പെടുത്തരുത്

എന്നതാണ് എന്റെ അഭ്യർത്ഥന. പിന്നീട്, Dam Safety Authority, State Disaster Management, State Emergency Operation Centre എന്നിവ യെല്ലാമുണ്ട്. ഇതെല്ലാം സംസ്ഥാന ഗവൺമെന്റിന്റെ അധീനതയിലുള്ളതാണ്. നമ്മുടെ സമൂഹത്തിലുണ്ടാകുന്ന ഓരോ ചലനങ്ങളും പ്രത്യേകിച്ച് വാട്ടർ ഇഷ്യൂസിൽ ഉണ്ടാകുന്ന ഓരോ ചലനങ്ങളും പ്രത്യേകമായി ശ്രദ്ധിച്ച് അതിന്റെ അടിസ്ഥാനത്തിൽ തീരുമാനമെടുക്കാനുള്ള കൃത്യമായ ഉപകരണങ്ങളും അതിനുള്ള ഏജൻസിയും നമുക്കുണ്ട്. തിരുവനന്തപുരത്തും കൊച്ചിയിലുമായി രണ്ട് ഡോപ്ലർ റഡാറുകൾ കേരളത്തിലുണ്ട്. ഇവ എല്ലാ രൂപത്തിലും വിദഗ്ദ്ധമായി കാലാവസ്ഥാ പ്രവചനം നടത്തുന്നതിന് കഴിവുള്ളതാണ്.

ഇടുക്കി ഡാം പ്രവർത്തിപ്പിക്കേണ്ടവർ ഇലക്ട്രിസിറ്റി ബോർഡാണ്. പെരിങ്ങൽകുത്ത് ഡാം കവിഞ്ഞൊഴുകി, കക്കി ഡാം കവിഞ്ഞൊഴുകുന്ന രൂപത്തിൽവന്നു. അവസാനം തുറന്നുവിട്ടു. കക്കി ഡാം മാത്രമല്ല, ശബരിഗിരി പ്രോജക്ടിലെ ഡാമുകളെല്ലാം തുറന്നുവിട്ടു. എല്ലാ ഡാമുകളും ഒരുമിച്ച് തുറന്നു. നമ്മുടെ കേരളം മൊത്തത്തിൽ വെള്ളത്തിനടിയിലായി. ഞാൻ ഇതൊരു വിമർശനമായി പറയുന്നതല്ല. ഇത്രയും എക്യുപ്മെന്റ്സും വിദഗ്ദ്ധ സമിതികളും മിടുക്കരായ ആളുകളുമുണ്ടായിട്ടും ഫലത്തിൽ ഗുണം ചെയ്തില്ല എന്ന എന്റെ പരിഭവവും വിഷമവും വേദനയുമാണ് ഞാനിവിടെ സൂചിപ്പിക്കുന്നത്. ഇടുക്കിയിൽ 14-ാം തീയതി മൂന്നടി വെള്ളമാണ് തുറന്നത്. മൂന്നടി തുറന്ന് സാവകാശം വെള്ളം ഒഴുക്കിക്കൊണ്ടിരുന്നു. ഒരു ദിവസത്തിന്റെ ഗ്യാപ്പിൽ 16-ാം തീയതി 25 അടി ജലമാണ് ഇടുക്കിയിൽനിന്ന് തുറന്നുവിടുന്നത്. 25 അടി വെള്ളം ഒരുമിച്ച് ഉയരുകയാണ്. താഴ്ന്ന പ്രദേശങ്ങളിലുള്ളവർ പിന്നെ എങ്ങനെയാണ് രക്ഷപ്പെടുന്നത്; ആളുകൾക്ക് എന്തെങ്കിലും മുന്നറിയിപ്പ് നൽകേണ്ടതല്ലേ? ഇടുക്കി ഡാമിനെക്കുറിച്ച് പറഞ്ഞാൽ അതിന് പ്രത്യേക സവിശേഷതകളുണ്ട്. Dam Safety Authority-യുടെ ചെയർമാൻ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയാണ്. എന്നാൽ അങ്ങല്ല ഇതിന്റെ അനുദിന കാര്യങ്ങൾ ചെയ്യുന്നതെന്ന് എനിക്ക് കൃത്യമായി അറിയാം. അതിനൊരു എക്സിക്യൂട്ടീവ് കമ്മിറ്റിയുണ്ട്. ആ എക്സിക്യൂട്ടീവ് കമ്മിറ്റിയിൽ ചീഫ് സെക്രട്ടറിയാണ് ചെയർമാൻ. ഇത് അനവസരത്തിലാണോ തുറന്നതെന്നും നേരത്തെ തുറക്കുന്നതിനുവേണ്ടി നടപടിയുണ്ടായിരുന്നോ എന്നതും ബഹുമാനപ്പെട്ട മുഖ്യമന്ത്രി പരിശോധിക്കണം. കേരളത്തിലെ മൺസൂൺ ബ്രേക്കിനെക്കുറിച്ച് പലരും ഇവിടെ സംസാരിച്ചതിനാൽ ഞാൻ ആവർത്തിക്കുന്നില്ല. ആ മൺസൂൺ ബ്രേക്കിന്റെ സമയത്ത് വേണമെങ്കിൽ വളരെ സാവകാശം ഒഴുക്കിക്കളയാമായിരുന്ന വെള്ളം കെട്ടി കാത്തുസൂക്ഷിച്ചു. ഡെയ്ഞ്ചർ ലൈനിലേക്ക് ഇടുക്കി ഡാം വന്നപ്പോൾ അതിലെ വെള്ളം മുഴുവൻ ഒഴുക്കിവിട്ടാൽ താഴ്ന്ന പ്രദേശങ്ങളിൽ എന്ത് സംഭവിക്കുമെന്ന് എല്ലാവർക്കും

അറിയില്ലേ? ശ്രീ. കെ. കൃഷ്ണൻകുട്ടി സംസാരിച്ചപ്പോൾ പറമ്പിക്കുളത്തെക്കുറിച്ച് പറയുമെന്ന് കരുതി. ജൂലൈ 24 മുതൽ പറമ്പിക്കുളത്തെ വെള്ളം കേരളത്തിന്റെ കനാലിലേയ്ക്ക് തുറന്നുവിട്ടപ്പോൾ വെള്ളം കുത്തൊഴുക്കോടെ വന്നു.

കേരളമാണ് ജോയിന്റ് വാട്ടർ റെഗുലേറ്ററി ബോർഡിന്റെ ചെയർമാൻ. നമ്മുടെ പെർമിഷൻ ഇല്ലാതെ തമിഴ്നാട്ടുകാർക്ക് അത് ചെയ്യാൻ പറ്റുമോ; സാധ്യമല്ലല്ലോ? അധികജലം ഒഴുക്കുന്നതിനുള്ള കുപ്പത്തൊട്ടിയാണോ കേരളം? അവർ അധികജലം ഒഴുക്കി, നമ്മൾ എന്തെങ്കിലും പ്രതിഷേധം പറഞ്ഞോ; അതിനെ എതിർത്തോ? ജോയിന്റ് വാട്ടർ റെഗുലേറ്ററി ബോർഡിന്റെ ചെയർമാൻ, അങ്ങയുടെ കീഴിലുള്ള ഉദ്യോഗസ്ഥൻ ഈ സമയത്ത് എന്തുചെയ്യുവെന്ന് ചോദിച്ചിട്ടുണ്ടോ? പെരിങ്ങൽകുത്ത് അവിടെ നിറഞ്ഞൊഴുകി. ഒരു ഡാം നിറഞ്ഞൊഴുകിയാൽ എവിടെപ്പോയി നിൽക്കും?

ഇതൊന്നും രാഷ്ട്രീയമല്ല, രാഷ്ട്രീയംവച്ച് വിമർശിക്കുന്നതുമല്ല. പെരിങ്ങൽകുത്ത് ഡാം എങ്ങനെ നിറഞ്ഞൊഴുകി, നാളെ ഇത് വരാതിരിക്കേണ്ടതല്ലേ? ഉത്തരവാദിത്വപ്പെട്ട ആളുകൾ അത് ചെയ്യേണ്ടതല്ലേ?2005-ലെ ഡിസാസ്റ്റർ മാനേജ്മെന്റ് അതോറിറ്റി ആക്ടിലെ സെക്ഷൻ 22(g)-യിൽ ഒരു ഡാം തുറന്നു വിടണമെങ്കിൽ ഇന്ന ഇന്ന കാര്യങ്ങൾ ചെയ്യണമെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. അത് പാലിച്ചിട്ടുണ്ടോയെന്ന് നമ്മൾ പരിശോധിക്കേണ്ടതല്ലേ? നമുക്ക് പുതിയ കേരളത്തെ സൃഷ്ടിക്കാം. അതിനുവേണ്ടി കേരളത്തിലെ ജനസമൂഹം ഒരുമിച്ച് നിൽക്കാം, എവിടെവരെ വേണമെങ്കിലും പോകാം, ഒരു സംശയവുമില്ല. പക്ഷെ കേരളത്തെ വെള്ളത്തിൽ മുക്കിക്കൊന്ന ചില ആളുകൾ, 358 ആളുകൾ മരിച്ചതിന്റെ vicarious liability ഈ ഡാം തുറന്നുവിട്ട ആളുകൾക്കില്ലെന്ന് നമുക്ക് പറയാൻ സാധിക്കുമോ? അതിന്റെ ഉത്തരവാദിത്വം അവർ ഏൽക്കണം, ആ ഉത്തരവാദിത്വം അവരിൽ ഫിക്സ് ചെയ്യണം. ഞാനാരെയും വ്യക്തിപരമായി ആക്ഷേപിക്കുകയല്ല. രണ്ടു വെള്ളപ്പൊക്കമാണ് എന്റെ പ്രദേശത്തുണ്ടായത്. പത്തു ദിവസം രാവും പകലുമില്ലാതെ വെള്ളത്തിൽ നടന്ന് വേദനിച്ച് ക്ഷീണിച്ച ഒരു വ്യക്തിയാണ്. ഞാൻ ചെയ്തത് മാത്രം ഒരു വലിയ കാര്യം എന്നൊന്നും എനിക്ക് അഭിപ്രായമില്ല. പക്ഷെ എല്ലാവരും ചെയ്തതിനൊപ്പം നമ്മളും ചെയ്തു.

ഞാൻ രണ്ട് നിർദ്ദേശം മാത്രം സമർപ്പിക്കുകയാണ്. പ്രളയബാധിതരായ മുഴുവൻ ജനങ്ങൾക്കും പണം നൽകുമെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞു. അതിൽ ഒരുകൂട്ടം ആളുകളെ ഒഴിവാക്കിയിരിക്കുന്നു, ക്യാമ്പിൽ താമസിച്ച ആളുകൾക്ക് മാത്രം കൊടുക്കുമെന്ന് ഉദ്യോഗസ്ഥർ പറയുകയാണ്. മറ്റുള്ളവരുടെ അപേക്ഷകൾ വാങ്ങുന്നില്ല. രണ്ട് ദിവസം വെള്ളം കയറിയ സ്ഥലത്തു മാത്രമേ ഈ

പണം കൊടുക്കുകയുള്ളൂവെന്ന് ഇന്നത്തെ പത്രത്തിൽ ഒരു വാർത്തയുണ്ട്. അത് ശരിയല്ല, പ്രളയബാധിതരായ മുഴുവൻ ആളുകളേയും ഒരുപോലെ കാണണം. ഇപ്പോൾ മൊറട്ടോറിയത്തെക്കുറിച്ച് പറയുന്നു, കർഷകർക്കുള്ള മൊറട്ടോറിയം ഇതുമതിയോ? കടങ്ങൾ എഴുതിത്തള്ളണമെന്നതാണ് കേരളത്തിലെ കർഷകരുടെ ആവശ്യം. ഇതുപോലെയുള്ള സാഹചര്യം വന്നപ്പോൾ അങ്ങയുടെ പാർട്ടി മഹാരാഷ്ട്രയിൽ സമരം ചെയ്തിട്ടുണ്ട്. കടം എഴുതിത്തള്ളണമെന്ന് പറഞ്ഞിട്ടുണ്ട്. സഹകരണ വകുപ്പിലെ കടങ്ങൾ എഴുതിത്തള്ളി കേരളത്തെ രക്ഷിക്കുന്നതിനു വേണ്ടിയുള്ള നടപടികൾ എടുക്കണം. കേരളം ഒരുമിച്ച് നിൽക്കണം, അതിനുള്ള അന്തരീക്ഷമുണ്ട്, ആ അന്തരീക്ഷം പൂർണ്ണമായും വിനിയോഗിക്കണം, അത് വിനിയോഗിക്കുന്നതിനോടൊപ്പംതന്നെ അതിൽനിന്ന് വിഭിന്നമായി കാര്യങ്ങൾ പറയുന്ന ആളുകളുടെ അഭിപ്രായം കേൾക്കണം. ഉദ്യോഗസ്ഥരിൽ വീഴ്ച വന്നിട്ടുണ്ടെങ്കിൽ ജുഡീഷ്യൽ അന്വേഷണം നടത്തി അവരുടെ റെസ്പോൺസിബിലിറ്റി ഫിക്സ് ചെയ്യണമെന്നതാണ് എന്റെ ആവശ്യം.

<u>ശ്രീ. എൽദോ എബ്രഹാം</u>: സർ, ഉപക്ഷേപത്തെ പിന്താങ്ങുന്നു. മുഖ്യമന്ത്രി സഭയിൽ പറഞ്ഞ രണ്ടു വാചകങ്ങൾ ഞാൻ ഇവിടെ പ്രതിപാദിക്കുകയാണ്. 2018 മാർച്ച്-ഏപ്രിൽ മാസങ്ങളിൽ ഈ നൂറ്റാണ്ടിലെ തന്നെ ഏറ്റവും വലിയ വേനൽ ഉണ്ടായ സന്ദർഭമാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി അന്ന് സഭയിൽ പറഞ്ഞത്, നൂറ്റാണ്ടിലെ ഏറ്റവും ശക്തമായ വരൾച്ചയെ കേരളം നേരിടുമെന്നാണ്. ആ പ്രഖ്യാപനം കേരളത്തിൽ നടപ്പിലാക്കാൻ ഈ ഗവൺമെന്റിന് കഴിഞ്ഞു. സമാനമായ സാഹചര്യമാണ് ഇന്ന് കേരളത്തിലുള്ളത്. കഴിഞ്ഞ രണ്ടര മാസക്കാലമായി മഴയെത്തുടർന്നുണ്ടായ വെള്ളപ്പൊക്കവും കാലവർഷക്കെടുതിയെ തുടർന്നുണ്ടായിട്ടുള്ള പ്രത്യാഘാതങ്ങളെയും വളരെ മികച്ച നിലയിൽ കൈകാര്യം ചെയ്ത ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്കും റവന്യൂ വകുപ്പുമന്ത്രി ശ്രീ. ഇ. ചന്ദ്രശേഖരനും ഓരോ ജില്ലകളിലേയും വിവിധ പ്രദേശങ്ങളിലേയും ചുമതല കൊടുത്തപ്പോൾ ആ ചുമതല വളരെ കൃത്യതയോടുകൂടി നടപ്പിലാക്കിയ ഓരോ മന്ത്രിമാരെയും ഈ ഗവൺമെന്റിനേയും ഞാൻ ഈ അവസരത്തിൽ അഭിനന്ദിക്കുകയാണ്.

സമാനതകളില്ലാത്തതാണ് കേരളത്തിലുണ്ടായ വെള്ളപ്പൊക്കം എന്നതിൽ തർക്കമില്ല. 1924-നുശേഷം നമ്മുടെ നാട് ദർശിച്ച ഏറ്റവും വലിയ വെള്ളപ്പൊക്കമാണിത്. കാസർഗോഡും തിരുവനന്തപുരവും കൊല്ലവും ഒഴിവാക്കിയാൽ സംസ്ഥാനത്തിന്റെ ഭൂരിപക്ഷം വരുന്ന പ്രദേശങ്ങളിലും വെള്ളമുയർന്ന് ഡാമുകൾ തുറന്നുവിടേണ്ട സാഹചര്യമുണ്ടായപ്പോൾ അതിനെ അതിജീവിക്കാൻ കേരളത്തിന് കഴിഞ്ഞുവെന്നതാണ് ഏറെ സന്തോഷകരമായ കാര്യം. ഇവിടെ ശ്രീ. വി. ഡി. സതീശൻ ചർച്ച തുടങ്ങിയപ്പോൾ സഭയെ തെറ്റിദ്ധരിപ്പിച്ച ഒരു കാര്യം ഞാൻ

സൂചിപ്പിക്കുകയാണ്. എറണാകുളം ജില്ലയിൽ വെള്ളപ്പൊക്കത്തെത്തുടർന്ന് ഏറ്റവും കൂടുതൽ ദുരിതമനുഭവിക്കേണ്ടി വന്ന പ്രദേശം ആലുവയും പറവൂരുമാണ് എന്നതിൽ സംശയമില്ല. ആലുവയിലും പറവൂരിലും വലിയ ദുരിതമുണ്ടായപ്പോൾ പറവൂർ താലൂക്കിൽ മാത്രം 81242 വീടുകൾ വെള്ളപ്പൊക്കത്തിന്റെ ഭാഗമായി മാറിയിട്ടുണ്ടെന്ന് കണക്കുകൾ നമ്മെ പഠിപ്പിക്കുകയാണ്. ഇവിടെ അദ്ദേഹം പറഞ്ഞത് യാതൊരു സൗകര്യവും ഗവൺമെന്റ് ചെയ്തുകൊടുത്തിട്ടില്ലെന്നാണ്. എനിക്ക് വളരെ വ്യക്തമായി അറിയാം, എറണാകുളം ജില്ലയിൽ പറവൂർ നിയോജകമണ്ഡലത്തിലാണ് ഈ സർക്കാരിന്റെ രക്ഷാപ്രവർത്തനവുമായി ബന്ധപ്പെട്ട് ഏറ്റവുമധികം സൗകര്യങ്ങൾ ക്യാമ്പുകളിൽ നൽകിയത്. പറവൂർ, ആലുവ പ്രദേശങ്ങൾ കൂടുതൽ ദുരിതബാധിത മേഖലകളായപ്പോൾ, മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ ജില്ലയുടെ ചുമതല വഹിക്കുന്ന കേരളത്തിന്റെ ബഹുമാന്യനായ തദ്ദേശ സ്വയം ഭരണ വകുപ്പുമന്ത്രി ശ്രീ. എ. സി. മൊയ്തീൻ ആ മേഖലകളിൽ വളരെയധികം ശ്രദ്ധ നൽകി. സഭയ്ക്കകത്ത് ഒരു തെറ്റിദ്ധരിപ്പിക്കലാണ് ചിലർ നടത്തിയതെന്ന് ഈ അവസരത്തിൽ പറയുകയാണ്.

കേരളത്തിന്റെ പുനർനിർമ്മാണത്തിനും പുനർസൃഷ്ടിക്കും ഭാവി കേരളം സുരക്ഷിതമാക്കുന്നതിനുംവേണ്ട പ്രവർത്തനങ്ങളിൽ ഏർപ്പെടുമ്പോൾ അതിലേറ്റവും സുപ്രധാനമായി തോന്നിയത് കാലാവസ്ഥാ വ്യതിയാനവുമായി ബന്ധപ്പെട്ട് നമ്മുടെ പ്രവർത്തനങ്ങൾ കൂടുതൽ മെച്ചപ്പെടുത്തി മുന്നോട്ട് പോകേണ്ടതുണ്ടെന്നാണ്. 50 വർഷം മുന്നിൽ കണ്ടുകൊണ്ട്, കാലാവസ്ഥാ വ്യതിയാനം സംഭവിച്ചു കൊണ്ടിരിക്കുമ്പോൾ ഉണ്ടാകുന്ന പ്രതിസന്ധികളെ അതിജീവിക്കാൻ കഴിയുന്ന നിലയ്ക്കുള്ള പ്രവർത്തനങ്ങളാണ് നമ്മുടെ സംസ്ഥാനത്ത് ഒരുക്കേണ്ടത്. അതിനനുയോജ്യമായ ക്രമീകരണങ്ങൾ സംസ്ഥാനത്ത് കൊണ്ടുവരണമെന്നാണ് എനിക്ക് ഈ അവസരത്തിൽ അഭ്യർത്ഥിക്കാനുള്ളത്. ഓരോ നഗരങ്ങൾക്കും ഒരു മാസ്റ്റർപ്ലാൻ തയ്യാറാക്കാൻ നമ്മുടെ ഗവൺമെന്റിന് കഴിയണം. ഈ കെടുതിയുമായി ബന്ധപ്പെട്ട് ഇതര സംസ്ഥാന തൊഴിലാളികൾ പശ്ചിമ ബംഗാളിലേക്കും ബീഹാറിലേക്കും മറ്റു സംസ്ഥാനങ്ങളിലേക്കും ഒഴിഞ്ഞ് പോകുമ്പോൾ കേരളത്തിന്റെ വിവിധ മേഖലകളിൽ പണിയെടുക്കുന്ന ഇതര സംസ്ഥാന തൊഴിലാളികളെ കേരളത്തിൽ സംരക്ഷിക്കാൻ വേണ്ട നടപടി തീർച്ചയായും ഗവൺമെന്റ് സ്വീകരിക്കണം. കോടിക്കണക്കിന് രൂപയുടെ നഷ്ടമാണ് വ്യാപാരികൾക്ക് കേരളത്തിലുണ്ടായിട്ടുള്ളത്. വ്യാപാരികൾക്ക് ഉണ്ടായിട്ടുള്ള നഷ്ടം അല്ലെങ്കിൽ കെടുതികൾമൂലം ഈ രംഗത്തുണ്ടായ പ്രതിസന്ധികൾ പരിഹരിക്കാൻ എന്താണ് മാർഗ്ഗം? ദീർഘ വീക്ഷണത്തോടു കൂടിയുള്ള ആലോചനകൾ നടത്തേണ്ടതാണ്. സംസ്ഥാനത്തെ Flood Warning System, ഡാമുകളുടെ ഷട്ടറുകൾ ഉയർത്തി വെള്ളം

കടന്നുവരുമ്പോൾ, ഷട്ടറുകൾ എത്രമീറ്റർ ഉയർത്തുന്നുവെന്ന് ജനങ്ങൾക്കറിയാം. പക്ഷേ എത്രമാത്രം ജലം ഒഴുകുന്നു, അത് എവിടെയെല്ലാം അഫക്ട് ചെയ്യുന്നു, എത്ര മീറ്റർ ജലം ഒരു നഗരത്തിൽ ഉയരുന്നു എന്നത് സംബന്ധിച്ചുള്ള മുന്നറിയിപ്പുകൾ കുറേക്കൂടി ശ്രദ്ധാപൂർവ്വം നടത്തണമെന്നാണ് എനിക്ക് പറയാനുള്ളത്. എന്റെ നിയോജകമണ്ഡലമായ മൂവാറ്റുപുഴ താലൂക്കിൽ മാത്രം 31000 ആളുകളെ ക്യാമ്പുകളിൽ അധിവസിപ്പിക്കേണ്ടതായി വന്നു. മലങ്കര ഡാമിന്റെ അഞ്ച് ഷട്ടറുകളിൽ മൂന്നെണ്ണം രണ്ടര മീറ്ററും രണ്ട് ഷട്ടറുകൾ രണ്ടു മീറ്ററും ആഗസ്റ്റ് മാസം 15-ാം തീയതി രാത്രി 9.45-ന് ഉയർത്തിയപ്പോൾ അതിന്റെ പ്രതിധ്വനിയും പ്രത്യാഘാതവും 16-ാം തീയതി പുലർച്ചയോടെ ഉണ്ടായപ്പോൾ ജലവിഭവ വകുപ്പുമന്ത്രി ശ്രീ. മാത്യു ടി. തോമസിനെ വിളിച്ചത് ഞാൻ ഇപ്പോഴും ഓർക്കുകയാണ്. ഇനി ഒരിഞ്ച് ഷട്ടർ വീണ്ടും ഉയർത്തിയാൽ ആയിരക്കണക്കിന് ആളുകൾ മരണപ്പെടാനുള്ള സാധ്യതയുണ്ടെന്ന് ആ സമയത്ത് ഞാൻ പറഞ്ഞപ്പോൾ ദ്രുതഗതിയിലുള്ള ഇടപെടലാണ് മന്ത്രി ശ്രീ. മാത്യു ടി. തോമസിന്റെ ഭാഗത്തുനിന്നും ഉണ്ടായത്. മലങ്കരഡാമോ അല്ലെങ്കിൽ മറ്റേതെങ്കിലും ഡാമോ അവയുടെ ഷട്ടറുകൾ തുറക്കുമ്പോൾ ആ വെള്ളം പതിക്കുന്ന പ്രദേശങ്ങളിൽ എത്രമാത്രം ബാധിക്കുന്നു വെന്ന് നമുക്ക് മുൻകൂട്ടി ജനങ്ങളെ അറിയിക്കാൻ കഴിഞ്ഞാൽ തീർച്ചയായും അത് ഏറെ പ്രയോജനകരമായി മാറും. നമുക്ക് ആവശ്യമായ മുൻകരുതലുകൾ എടുക്കാനും ആളുകളെ മാറ്റി പാർപ്പിക്കാനും സാധിക്കും. കുറച്ചുകൂടി ജാഗ്രത ഇത്തരം കാര്യങ്ങളിൽ നടത്തണമെന്നാണ് ഈ അവസരത്തിൽ എനിക്ക് പറയാനുള്ളത്. ഈ മേഖലയുമായി ബന്ധപ്പെട്ട് കേളത്തിലെ ആരോഗ്യവകുപ്പ് വളരെ മികച്ച പ്രവർത്തനങ്ങളാണ് നടത്തിയിട്ടുള്ളത്.

സാധാരണ ഒരു കെടുതിയുണ്ടായാൽ അതിനെത്തുടർന്ന് പകർച്ചവ്യാധി പടർന്നു പിടിക്കാറുണ്ട്. എന്നാൽ പകർച്ചവ്യാധികളൊന്നും പടർന്നു പിടിക്കാതിരിക്കാൻവേണ്ടി ആരോഗ്യവകുപ്പ് മന്ത്രിയുടെ നേതൃത്വത്തിൽ സംസ്ഥാനത്തുടനീളം നടത്തിയ പ്രവർത്തനങ്ങളെ ഈ അവസരത്തിൽ ഞാൻ അഭിനന്ദിക്കുന്നു. താഴ്ന്ന പ്രദേശങ്ങളിൽ കെട്ടിട നിർമ്മാണത്തിന് നമുക്ക് നിയന്ത്രണങ്ങൾ ഏർപ്പെടുത്തേണ്ടതുണ്ട്. പുഴയുടെ ഓരങ്ങളിൽ താമസിക്കുന്നവർക്ക് ഇന്ന് സുരക്ഷിതത്വം ഇല്ലാതായിട്ടുണ്ട്.

മുല്ലപ്പെരിയാർ ഡാമിന് സമീപത്ത് താമസിക്കുന്ന ഇരുന്നൂറോളം കുടുംബങ്ങളെ പുനരധിവസിപ്പിക്കേണ്ടതുണ്ട്. അക്കാര്യങ്ങളിൽ നമുക്ക് ശ്രദ്ധയുണ്ടാകണം. വല്ലപ്പോഴും മഴ ലഭിക്കുന്ന വിദേശ വികസിത രാജ്യങ്ങളിൽ കനത്ത മഴ പെയ്താൽ ആ ജലത്തെ ഉപയോഗപ്പെടുത്തുവാനുള്ള സംവിധാനങ്ങൾ നിലവിലുണ്ട്. എറണാകുളം പോലുള്ള നഗരങ്ങളിൽ ഒട്ടേറെ വലിയ കോൺക്രീറ്റ് സൗധങ്ങൾ

നിർമ്മിക്കുന്നുണ്ട്. ഇങ്ങനെ നിർമ്മിക്കപ്പെടുന്ന കെട്ടിടങ്ങൾ ഭാവിയിൽ എവിടെയാണ് നിർമ്മിക്കപ്പെടേണ്ടത് എന്നത് മുന്നിൽ കണ്ടുകൊണ്ടുള്ള കെട്ടിട നിർമ്മാണ സംവിധാനവും നമുക്ക് ആവശ്യമാണ്. കൃഷി രീതി ഏതു നിലയ്ക്കായിരിക്കണമെന്ന കാഴ്ചപ്പാട് കേരളത്തിനുണ്ടാകണം. ദൂരക്കാഴ്ചയോടു കൂടിയുള്ള പ്രവർത്തനങ്ങളാണ് നാം അവലംബിക്കേണ്ടത്. ലോകനിലവാരത്തിലുള്ള ദുരന്തനിവാരണ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്ന വ്യക്തിയാണ് എറണാകുളം സ്വദേശിയായ ശ്രീ. മുരളി തുമ്മാരുകുടി. അദ്ദേഹം ബഹുമാനപ്പെട്ട സ്പീക്കറുടെ നിർദ്ദേശപ്രകാരം എം.എൽ.എ.-മാർക്കും മന്ത്രിമാർക്കും കാലാവസ്ഥാ വ്യതിയാനത്തെപ്പറ്റി 2017 ആഗസ്റ്റ് മാസം ഒരു ക്ലാസ് നടത്തിയിരുന്നു. നഗരസഭാ ചെയർപേഴ്സൺമാർ, ചെയർമാൻമാർ, എന്നിവരെയെല്ലാം വിളിച്ചു ചേർത്ത് ഭാവികേരളം കെട്ടിപ്പടുക്കുന്നതിനായി, കാലാവസ്ഥാ വ്യതിയാനം സംബന്ധിച്ചുണ്ടായിക്കൊണ്ടിരിക്കുന്ന മാറ്റങ്ങൾ തിരിച്ചറിഞ്ഞു കൊണ്ടുള്ള ക്ലാസുകൾ നൽകി അവബോധം സൃഷ്ടിക്കുകയും ജനങ്ങൾക്കിടയിൽ ബോധവത്ക്കരണ പരിപാടികൾ സംഘടിപ്പിക്കുകയും ചെയ്യേണ്ടതുണ്ട്.

ശ്രീ. പി. സി. ജോർജ്: സർ, കേരളത്തിന്റെ വിവിധ മേഖലകളിൽ നിന്നും പ്രമുഖരായ ആളുകൾ കേരളത്തെ സഹായിക്കാനായി തയ്യാറാകുകയാണ്. പക്ഷേ നമ്മുടെ ചില സാഹിത്യ നായകന്മാരേയും ആസ്ഥാന ഗായകനായ ശ്രീ. യേശുദാസിനെയും കാണാൻ പോലുമില്ല. അവരെപ്പോലുള്ളവർ മാറി നിൽക്കുന്നത് ശരിയല്ല.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, ബഹുമാന്യനായ യേശുദാസിനെ ഇവിടെ പരാമർശിച്ചുകൊണ്ട് പറയുകയാണ്. അദ്ദേഹം ഇപ്പോൾ അമേരിക്കയിലാണുള്ളത്, എന്നെ വിളിച്ചിരുന്നു, ഈ സാഹചര്യത്തിൽ എല്ലാ സഹായവും ചെയ്യാൻ തയ്യാറാണെന്നും കേരളത്തോടൊപ്പം പൂർണ്ണമായും ഉണ്ടാകുമെന്നും അറിയിച്ചിട്ടുണ്ട്.

ശ്രീ. പി. ടി. തോമസ്: സർ, ബഹുമാനപ്പെട്ട യുവ സ്നേഹിതൻ മൂവാറ്റുപുഴ എം.എൽ.എ. ഇവിടെ ശ്രീ. മുരളി തുമ്മാരുകുടിയെ പരാമർശിച്ചുകൊണ്ട് പറയുകയാണ്. അദ്ദേഹം ഐക്യരാഷ്ട്ര സഭയുടെ ദുരന്ത നിവാരണ പ്രവർത്തനങ്ങളുടെ ചീഫാണ്. കേരളത്തിൽ വലിയ മഴ വരാൻ പോകുന്നു, വലിയ ദുരന്തമുണ്ടാകാൻ പോകുന്നു എന്ന് ജൂൺ മാസം 14-ാം തീയതി അദ്ദേഹം ഒരു മുന്നറിയിപ്പ് നൽകിയിരുന്നു. അതിന്റെ കോപ്പിയാണിത്. ആ മുന്നറിയിപ്പ് കേരളം അവഗണിച്ചത് അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

<u>ശ്രീ. എൽദോ എബ്രഹാം</u>: സർ, ഞാൻ ചുരുക്കുകയാണ്, കേരളത്തിന്റെ ബഹുമാന്യനായ മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ കേരളത്തിന്റെ പുനർ നിർമ്മാണ ത്തിനായുള്ള പ്രവർത്തനങ്ങൾ നടത്തുമ്പോൾ വിദേശ രാജ്യങ്ങളിൽ ജോലി ചെയ്യുന്നവരടക്കം ലോകത്താകമാനമുള്ള മലയാളികളിൽനിന്നും വലിയ പിന്തുണ നമുക്ക് ലഭിച്ചുകൊണ്ടിരിക്കുകയാണ്. അങ്ങനെ ലഭിച്ചു കൊണ്ടിരിക്കുമ്പോൾ കേന്ദ്രം അൽപ്പം ഉറങ്ങുന്നുണ്ടോ എന്ന സംശയവും ഞാൻ പങ്കുവയ്ക്കുകയാണ്. പ്രധാനമന്ത്രി ശ്രീ. നരേന്ദ്ര മോദിയും കേന്ദ്രമന്ത്രിമാരും ഉൾപ്പെടെയുള്ളവർ കേരളത്തിലെ പ്രളയ മേഖലകളിലേയ്ക്ക് കടന്നുവന്നപ്പോൾ, കേരളത്തിലുണ്ടായ പ്രളയം അവർ കണ്ടില്ലേ എന്ന് ഞാൻ ചോദിക്കുകയാണ്. കേരളത്തിലെ മൂന്ന് കോടി മനുഷ്യരുടെ ശബ്ദം കേന്ദ്രം ശ്രദ്ധിക്കുന്നുണ്ടോ എന്നുള്ള ആശങ്കകൂടി ഈ സന്ദർഭത്തിൽ പറയുകയാണ്. രണ്ട്-മൂന്ന് പുതിയ നിർദ്ദേശങ്ങൾ കൂടി ഈയവസരത്തിൽ സൂചിപ്പിക്കുകയാണ്. നവകേരളത്തിന് നിർണ്ണായക സംഭാവന ചെയ്യാൻ കഴിയുന്ന പ്ലാനിംഗ് ബോർഡ് വിപുലീകരിക്കണം. രക്ഷാപ്രവർത്തനത്തിൽ ഏർപ്പെട്ട് ജീവൻ നഷ്ടപ്പെട്ടവർക്കുള്ള നഷ്ടപരിഹാരം ഉയർത്തി 25 ലക്ഷം രൂപയാക്കണം, പരിക്കുപറ്റിയവർക്കുള്ള നഷ്ടപരിഹാരം ഉയർത്തണം, വീട് നഷ്ടപ്പെട്ടവർ, സ്ഥലം നഷ്ടപ്പെട്ടവർ, കൃഷി നാശം സംഭവിച്ചവർ എന്നിവർക്ക് വേണ്ടിയുള്ള ധനസഹായത്തിന്റെ വിഷയങ്ങളിൽ ഗൗരവതരമായ ഇടപെടൽ നടത്തണം. ബാങ്ക് വായ്പകൾ എഴുതിത്തള്ളാൻ കഴിയുന്ന തരത്തിലുള്ള ആലോചനകൾ നടത്തണം. പുതിയ വായ്പകൾ നൽകണം, കച്ചവടക്കാരെ സംരക്ഷിക്കണം, കുടിവെള്ള വിതരണവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളിൽ കാര്യക്ഷമമായ ഇടപെടലുണ്ടാകാനും കഴിയണം.

<u>ശ്രീ. പിണറായി വിജയൻ</u>: സർ, ഇപ്പോൾ കൊടുക്കുന്നത് എത്രയാണെന്നറിയാമോ; കേന്ദ്രം അനുവദിച്ച തുക എത്രയാണ്; സംസ്ഥാനം എത്ര തുകയാണ് വർദ്ധിപ്പിച്ചിട്ടുള്ളത് എന്നതിനെപ്പറ്റി വല്ല ധാരണയും അംഗത്തിനുണ്ടോ; എന്താണ് സ്ഥിതി?

(അദ്ധ്യക്ഷവേദിയിൽ മി. സ്പീക്കർ)

<u>ശ്രീ. എൽദോ എബ്രഹാം</u>: സർ, കേന്ദ്രസഹായം അപര്യാപ്തമാണ് എന്നതിൽ ഒരു സംശയവുമില്ല. കേരളത്തിന്റെ ധനസ്ഥിതിയിൽ ഗുരുതരമായ പ്രത്യാഘാതമുണ്ടായിരിക്കുന്ന ഇപ്പോഴത്തെ സാഹചര്യത്തിൽ ചെയ്യാൻ കഴിയുന്ന കാര്യങ്ങളത്രയും ഈ ഗവൺമെന്റ് ചെയ്യുമെന്ന കാര്യത്തിൽ ഉറപ്പുണ്ട്. നിയമസഭാ സാമാജികരുടെ ഒരു മാസത്തെ ഓണറേറിയം മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേയ്ക്ക് കൊടുക്കണമെന്നാണ് എന്റെ പാർട്ടി നിശ്ചയിച്ചിട്ടുള്ളത്. മൂവാറ്റുപുഴ എം.എൽ.എ. എൽദോ എബ്രഹാം രണ്ടുമാസക്കാലത്തെ ഓണറേറിയം മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേയ്ക്ക് നൽകും എന്നുകൂടി ഈയവസരത്തിൽ പറയുകയാണ്. കേരളത്തിലെ ഗവൺമെന്റ് ഇച്ഛാശക്തിയോടെ നടത്തുന്ന എല്ലാ പ്രവർത്തനങ്ങൾക്കും എല്ലാവിധ പിന്തുണയും സഹായവും ഉണ്ടാകുമെന്ന് പറഞ്ഞുകൊണ്ട് നിർത്തുന്നു.

ശ്രീ. പി. ജെ. ജോസഫ്: സർ, ഉപക്ഷേപത്തെ പിന്താങ്ങുന്നു. ലക്ഷക്കണക്കിന് ആളുകളുടെ ജീവിതത്തെ ബാധിച്ച, അവരുടെ ജീവനോപാധികളും കിടപ്പാടങ്ങളും നഷ്ടപ്പെട്ട ഈ വലിയ ദുരന്തം കേരളം ഇതുവരെ കാണാത്തതാണ്. ഈയവസരത്തിൽ ഒട്ടേറെ വിദഗ്ദ്ധർ അഭിപ്രായം പറഞ്ഞിട്ടുണ്ടാകും, അതിനു നേരെയൊന്നും കണ്ണടയ്ക്കാൻ പാടില്ല. ഭാവിയിൽ എങ്ങനെ ഇതിനെ നേരിടണമെന്നതിന് ഈ നിർദ്ദേശങ്ങളൊക്കെ സമചിത്തതയോടെ കേൾക്കണം എന്നാണ് പറയാനുള്ളത്. ഡാമുകളുടെ ഫസ്റ്റ് പ്രയോറിറ്റി എന്തിനായിരിക്കണമെന്നത് കേന്ദ്ര ജലകമ്മീഷന്റെ പ്രതിനിധി ഇന്നലെ പറഞ്ഞു, അത് ഇലക്ട്രിസിറ്റിയ്ക്കായിരിക്കണമോ എന്നതാണ്. അത് പാടില്ല; കേരളത്തിന്റെ ഇന്നത്തെ അനുഭവത്തിൽ വെള്ളപ്പൊക്ക നിയന്ത്രണത്തിനായിരിക്കണം ഫസ്റ്റ് പ്രയോറിറ്റി എന്നാണ് പറഞ്ഞത്. തുലാവർഷം വരാൻ പോകുന്നു, നമ്മുടെ ഡാമുകളുടെയെല്ലാം ജലനിരപ്പ് അതിനനുസരിച്ച് താഴ്ത്തി നിർത്തുന്നതിനുള്ള മുൻകരുതലെടുക്കണമെന്ന് പറയാൻ ആഗ്രഹിക്കുകയാണ്. വളർത്തുമൃഗങ്ങൾ, കിടപ്പാടങ്ങൾ തുടങ്ങിയവയെല്ലാം നഷ്ടപ്പെട്ടിട്ടുണ്ട്. സ്ഥലം നഷ്ടപ്പെട്ടവർ എവിടെയാണ് വീട് വയ്ക്കുക? ഇക്കാര്യങ്ങളെല്ലാം പ്രത്യേകമായി കണ്ടുകൊണ്ടുള്ള നടപടികൾ ഉണ്ടാകണം. മുല്ലപ്പെരിയാറിലെ ജലനിരപ്പുയർന്ന വേളയിൽ അതിന്റെ ഗൗരവം മനസ്സിലാക്കാതെയല്ല ഞാൻ നിശ്ശബ്ദത പാലിച്ചത്, ജനങ്ങൾക്ക് ആശങ്കയുണ്ടാകരുത് എന്നു കരുതിയാണ്. സുപ്രീംകോടതിയിൽ ഫയൽ ചെയ്തിരിക്കുന്ന ഒരു കേസ് നമ്മുടെയൊക്കെ ശ്രദ്ധയിൽപ്പെടണം. 999 കൊല്ലക്കാലം ഈ ഡാം നിലനിൽക്കുമോ എന്നതാണ് ആ കേസ്. ഒരു അന്താരാഷ്ട്ര വിദഗ്ദ്ധ സമിതി ഇക്കാര്യം പരിശോധിക്കണം. എന്നത്തേയ്ക്ക് ഈ ഡാം ഡീ-കമ്മീഷൻ ചെയ്യാൻ സാധിക്കും? ഏറ്റവും പ്രധാനപ്പെട്ട കാര്യം, വെള്ളപ്പൊക്കമുണ്ടായ മൂന്ന് ദിവസം ഇടുക്കി ഡാമിന്റെ വൃഷ്ടി പ്രദേശത്ത് 825 മില്ലീ മീറ്റർ മഴ പെയ്തപ്പോൾ മുല്ലപ്പെരിയാറിന്റെ വൃഷ്ടി പ്രദേശത്ത് 250 മില്ലീ മീറ്റർ മഴ മാത്രമേ പെയ്തിട്ടുള്ളൂ എന്നതാണ്. എന്നിട്ടും ജലനിരപ്പ് 144 അടിയെത്തി. 650 മില്ലീ മീറ്റർ മഴ രണ്ടു ദിവസം തുടർച്ചയായി പെയ്താൽ മുല്ലപ്പെരിയാറിലെ ജലനിരപ്പ് ഉയർന്ന് 187 അടിയാകും, ഡാം ഓവർ ഫ്ലോ ചെയ്യും, ആ ഡാമിന് അപകടമുണ്ടാകും എന്ന് ഡൽഹി ഐ.ഐ.ടി. വിദഗ്ദ്ധൻ പ്രൊഫ. എ. കെ. ഗൊസെയിൻ പറഞ്ഞിരുന്നു. ഇടുക്കിയിലുണ്ടായ മഴ മുല്ലപ്പെരിയാറിന്റെ വൃഷ്ടിപ്രദേശത്ത് ഉണ്ടായിരുന്നെങ്കിൽ ഇത്തവണ തന്നെ ആ അപകടം സംഭവിക്കുമായിരുന്നു, ദൈവാനുഗ്രഹം കൊണ്ട് അതുണ്ടായില്ല. അതുകൊണ്ട് സുപ്രീംകോടതിയിലെ ആ കേസ്സിൽ ഒരു അന്താരാഷ്ട്ര വിദഗ്ദ്ധസമിതിയെ കൊണ്ടുവന്ന് എന്ന് ഡീ-കമ്മീഷൻ ചെയ്യണമെന്ന ഒരു ഉത്തരവുണ്ടാക്കണം. തമിഴ്നാടുമായുള്ള ചർച്ച വേണമെന്നതിൽ സംശയമില്ല.

പക്ഷേ വിദഗ്ധസമിതി അത്യാവശ്യമാണ്. ഡാം സേഫ്റ്റി നിയമം പല രാജ്യങ്ങളും നടപ്പിലാക്കിയിട്ടുണ്ട്. അതുകൊണ്ട് ഈയവസരത്തിൽ പുനർ നിർമ്മാണ പ്രവർത്തനങ്ങൾ അതിശക്തമായി മുന്നോട്ടുകൊണ്ടുപോകണം. അതോടൊപ്പം ഡാം മാനേജ്മെന്റിനുള്ള പിശകുകൾ പരിശോധിക്കണം. ജനങ്ങൾക്കുവേണ്ടി പുനർ നിർമ്മാണ പ്രക്രിയയിൽ എല്ലാവരും ഒറ്റക്കെട്ടായി മുന്നോട്ടുനീങ്ങണം. വാസ യോഗ്യമല്ലാത്ത മുഴുവൻ വീടുകളും പുനർനിർമ്മിക്കണം.

അതുപോലെ കുടിവെള്ളത്തിന്റെ പ്രശ്നവും പ്രധാനമാണ്. മാലിന്യങ്ങൾ കുന്നുകൂടിയിരിക്കുന്നത് ഏറ്റവും വലിയ പ്രശ്നമാണ്. അവ കളക്ട് ചെയ്ത് എവിടെയെങ്കിലും കൊണ്ടുപോയി നശിപ്പിക്കാനും ആരോഗ്യത്തെ ബാധിക്കാതിരിക്കാനുമുള്ള അടിയന്തര നടപടികൾ ഉണ്ടാകണം. നമുക്ക് ഒത്തൊരുമിച്ച് മുന്നോട്ടുപോകാം, ഇപ്പോഴുള്ള പാഠങ്ങൾ പഠിച്ച് മുന്നോട്ടു പോകാൻ കേരള ജനത തയ്യാറാകണം.

12.00 PM]

ശ്രീമതി വീണാ ജോർജ്ജ്: സർ, ബഹുമാനപ്പെട്ട മുഖ്യമന്ത്രി അവതരിപ്പിച്ച ഉപക്ഷേപത്തെ ഞാൻ പിന്തുണയ്ക്കുകയാണ്. പ്രളയ ദുരന്തത്തിനും ജീവനു വേണ്ടിയുള്ള നിലവിളികൾക്കും ശേഷം ജീവിതത്തിന്റെ ഇരുളടഞ്ഞ യാഥാർത്ഥ്യങ്ങളിലേയ്ക്ക്, വീട് പൂർണ്ണമായും തകർന്ന അവസ്ഥയിലേയ്ക്ക്, വീട്ടിൽ ഒരു പാത്രംപോലും എടുക്കാനില്ലാത്ത അവസ്ഥയിലേയ്ക്ക്, ഒരു മെത്തയോ ഷീറ്റോ ഇല്ലാത്ത, പായ ഇല്ലാത്ത അവസ്ഥയിലേയ്ക്ക് പതിനായിരങ്ങൾ തള്ളപ്പെട്ട സാഹചര്യത്തിൽ, കേരള നിയമസഭയുടെ പ്രൗഢഗംഭീരമായ ഈ അന്തരീക്ഷത്തിൽ ഇങ്ങനെ ഇരിക്കാൻ വാസ്തവത്തിൽ എനിക്ക് കഴിയുന്നില്ല. കഴിഞ്ഞ 16 ദിവസത്തെ ഓർമ്മകൾ അതിശക്തമായ ജലഇരമ്പത്തോടെ മനസ്സിലേയ്ക്ക് തള്ളിക്കയറുകയാണ്. 7 മാസം മാത്രം പ്രായമായ കുഞ്ഞ്, ജലത്തിന്റെ കുത്തൊഴുക്കുമൂലം അവിടേയ്ക്ക് എത്താൻ കഴിയാത്ത രക്ഷാപ്രവർത്തകർ, മഴവെള്ളം ചുണ്ടിൽ ഇറ്റിച്ചുകൊടുത്താണ് ആ കുഞ്ഞിന്റെ ജീവൻ നാലുദിവസവും നിലനിർത്തിയത്. വീടിന്റെ രണ്ട് ജനാലകളുടെ വെന്റിലേഷനുകൾ തമ്മിൽ ബന്ധിപ്പിച്ച് പലകവച്ചുകൊണ്ട് തൊട്ടുതാഴെയുള്ള വെള്ളത്തിൽ സ്പർശിച്ചുകൊണ്ട് അവിടെയിരുന്ന് രക്ഷപ്പെട്ട ജനങ്ങൾ, വീടിന്റെ ഉത്തരത്തിൽ തൂങ്ങിക്കിടന്നുകൊണ്ട് എങ്ങനെയോ രക്ഷപ്പെട്ട ജനങ്ങൾ, ഈ സ്ഥലങ്ങളിലൊക്കെ കുത്തൊഴുക്കുമൂലം രക്ഷാപ്രവർത്തകർക്ക് എത്താൻ കഴിയാത്ത സാഹചര്യമുണ്ടായിരുന്നു. അത്ര തീവ്രമായ, തീക്ഷ്ണമായ അനുഭവങ്ങൾ നമ്മിലും നമുക്ക് ചുറ്റിലുമുള്ളപ്പോൾ ഞാൻ ദുഃഖത്തോടെ അത്ഭുതപ്പെടുകയാണ്. കാരണം അല്പം മുൻപ് പ്രതിപക്ഷ ബഞ്ചിൽനിന്നുംകേട്ട അട്ടഹാസവും കയ്യടിയും എന്നെ അത്ഭുതപ്പെടുത്തുന്നു. പ്രതിപക്ഷത്തിന്റെ വിമർശനത്തിന് പിന്നിലെ ആർജ്ജവവും

സത്യസന്ധതയും ഞാൻ അംഗീകരിക്കുമായിരുന്നു. പക്ഷേ കഴിഞ്ഞ ദിവസം മാധ്യമങ്ങളിൽ കണ്ടത് കോൺഗ്രസ്സിന്റെ അദ്ധ്യക്ഷൻ ശ്രീ. രാഹുൽ ഗാന്ധി കേരളത്തിൽ എത്തിയപ്പോൾ, ആറന്മുള നിയോജക മണ്ഡലത്തിലും ചെങ്ങന്നൂരിലും ചെന്നപ്പോൾ, കേരളത്തിലെ ഏറ്റവും വലിയ രണ്ടാമത്തെ കോളനിയായ ആറന്മുളയിലെ എഴിക്കാട് ചെന്നപ്പോൾ അവിടത്തെ പാവപ്പെട്ടവർ, ഇത്രയും ദിവസം വരാത്ത നിങ്ങൾ, കോൺഗ്രസ് നേതാക്കൾ ഇനി അങ്ങോട്ട് വരേണ്ടാ എന്നുപറഞ്ഞ് കയറാൻ അനുവദിച്ചില്ല.* അതിനുശേഷം .......... (ബഹളം) ...........

<u>മി. സ്പീക്കർ</u>: പ്ലീസ്.......പ്ലീസ്..... ഇരിക്കൂ. ഇതൊന്നും ശരിയല്ല. അങ്ങ് പ്രസംഗം തുടരൂ.

<u>ശ്രീമതി വീണാ ജോർജ്ജ്</u>: സർ, ഞാൻ പറഞ്ഞത് മാധ്യമങ്ങൾ റിപ്പോർട്ട് ചെയ്ത കാര്യമാണ്. ഞാൻ കണ്ടതല്ല. മാധ്യമങ്ങൾ റിപ്പോർട്ട് ചെയ്തതാണ്...... (ബഹളം)........

<u>മി. സ്പീക്കർ</u>: പ്ലീസ്....... ഇതൊന്നും ശരിയല്ല. അടുത്ത ആൾ സംസാരിക്കുമ്പോൾ നിങ്ങൾക്ക് മറുപടി പറയാം. പ്ലീസ്.... ദയവായി സീറ്റിൽ ഇരിക്കൂ.

<u>ശ്രീമതി വീണാ ജോർജ്ജ്</u>: സർ, ഇതുതന്നെയാണ് ഞാൻ പറഞ്ഞത്. പതിനായിരക്കണക്കിന് ആളുകളുടെ തകർന്ന സ്വപ്നങ്ങൾക്കുമേൽ നിന്നുകൊണ്ട് അട്ടഹസിക്കാൻ എങ്ങനെയാണ് കഴിയുന്നത്; (ബഹളം)........

<u>മി. സ്പീക്കർ</u>: പ്ലീസ്.......... പ്ലീസ്....... സീറ്റിൽ ഇരിക്കൂ. ഇങ്ങനെ ബഹളം ഉണ്ടാക്കരുത്. പ്ലീസ്..... അങ്ങ് സംസാരിക്കൂ.

<u>ശ്രീമതി വീണാ ജോർജ്ജ്</u>: സർ, നമുക്ക് ഒരുമിച്ച് പ്രവർത്തിക്കാം എന്നുപറയുമ്പോൾ അത് പൂർണ്ണമായ അർത്ഥത്തിൽ ഒരുമിച്ച് പ്രവർത്തിക്കാം എന്നുതന്നെയാകണം. വിമർശനങ്ങൾ ഉൾക്കൊള്ളാം. എങ്ങനെയാണ് ഈ സർക്കാരിനെ മാത്രം നിങ്ങൾക്ക് പഴിക്കുവാൻ കഴിയുന്നത്; പോലീസ് സ്റ്റേഷനുകളിൽ, ഫയർ ആന്റ് റെസ്ക്യൂ വിഭാഗങ്ങളിൽ നിങ്ങളുടെ ഭരണകാലത്ത് ആവശ്യമായ എക്വിപ്മെന്റ്സ് എത്തിച്ചുകൊടുത്തിരുന്നോ? ഈ മഹാ പ്രളയത്തിൽ, എന്തുകൊണ്ടാണ് തീരദേശങ്ങളിൽനിന്നും മത്സ്യത്തൊഴിലാളികൾക്ക് രക്ഷാ പ്രവർത്തനത്തിന് ഉൾനാടുകളിലേയ്ക്ക് എത്തേണ്ടിവന്നത്? ഞാൻ രാഷ്ട്രീയം പറയുന്നില്ല. നമുക്ക് ഒരുമിച്ചുനിന്ന് പ്രവർത്തിക്കാം.

---

* സഭാദ്ധ്യക്ഷന്റെ ഉത്തരവിൻപ്രകാരം (ഫ.നമ്പർ 4971/ഇ.ബി.12/9/2018/നി.സെ.) രേഖയിൽ നിലനിർത്തി.

14-ാം തീയതി രാത്രി 27 സെ.മീ. മഴയാണ് ആറന്മുള-പത്തനംതിട്ട ഭാഗങ്ങളിൽ പെയ്തത്. അതായത് കേരളത്തിൽ ഒരു വർഷം ആകെ പെയ്യേണ്ടതിന്റെ 8 ശതമാനം മഴ അന്ന് രാത്രി മാത്രം പെയ്തു. നേരത്തെ അടൂർ എം.എൽ.എ. ഇവിടെ സൂചിപ്പിച്ച, അച്ചൻകോവിലാറിൽ ഡാം ഇല്ല. എന്റെ വീട് ഉൾപ്പെടെയുള്ള പ്രദേശങ്ങളിൽ അച്ചൻകോവിലാർ നിറഞ്ഞു കവിഞ്ഞു, ഓമല്ലൂർ പ്രദേശങ്ങൾ വെള്ളത്തിൽ മുങ്ങി. നമുക്ക് വസ്തുതാപരമായി കാര്യങ്ങളെ അവലോകനം ചെയ്യാം.

ഈയവസരത്തിൽ നിയമസഭ ചേരുമ്പോൾ, രക്ഷാപ്രവർത്തനത്തിന് നേതൃത്വം നൽകിയ മത്സ്യത്തൊഴിലാളികളോട് ഒരു നന്ദി വാക്ക് പറയാതെ സംസാരിക്കുന്നത് ശരിയല്ലെന്ന് ഞാൻ ചിന്തിക്കുകയാണ്. അവർ പതിനായിരം രൂപ ഷെയറിട്ടും മറ്റും കടലിൽപ്പോയി മത്സ്യബന്ധനം നടത്തുന്നവരാണ്. അവർ രക്ഷിച്ച ജീവനുകൾക്ക് വിലയില്ല. പക്ഷേ അവർ ആറന്മുളയിൽനിന്നും മടങ്ങിപ്പോകുമ്പോൾ, ആ നാട്ടുകാരെല്ലാവരും ചേർന്ന് ഒരു ചെറിയ തുക സമ്മാനിക്കാൻ ശ്രമിച്ചപ്പോൾ വളരെ സ്നേഹത്തോടെ 'ഞങ്ങൾ ഇത് സ്വീകരിച്ചിരിക്കുന്നു' എന്നുപറഞ്ഞ് തുക തിരികെതന്നുകൊണ്ട് 'ഇത് ഇവിടത്തെ രക്ഷാപ്രവർത്തനത്തിന് എടുത്തുകൊള്ളൂ' എന്നാണ് പറഞ്ഞത്. ഫയർഫോഴ്സ്, പോലീസ്, ആർമി, എയർഫോഴ്സ്, യുവാക്കൾ, മുങ്ങൽ വിദഗ്ദ്ധർ, ഈ യാഥാർത്ഥ്യങ്ങളെ പുറംലോകത്തെത്തിക്കുന്നതിൽ ഊണും ഉറക്കവുമില്ലാതെ രക്ഷാപ്രവർത്തകർക്കൊപ്പം കഷ്ടപ്പെട്ട മാധ്യമ പ്രവർത്തകർ ഇവരുടെയൊക്കെ സേവനം ഞാൻ ഈ അവസരത്തിൽ എടുത്തുപറയാൻ ആഗ്രഹിക്കുകയാണ്.

ആറന്മുളയുടെ, ചെങ്ങന്നൂരിന്റെ, തിരുവല്ലയുടെ അതിരുകളിലൂടെ ഒഴുകുന്ന വരട്ടാർ, ഈ സർക്കാർ വന്നതിനുശേഷമാണ് വീണ്ടെടുത്തത്. വരട്ടാർ വീണ്ടെടുത്തില്ലായിരുന്നുവെങ്കിൽ ആ ഭാഗത്തെ പ്രളയദുരന്തം ഇതിലും ഭീകരമാകുമായിരുന്നു. നമുക്ക് ഒരുപാട് കാര്യങ്ങളിൽ, കാഴ്ചപ്പാടുകളിൽ മാറ്റം ഉണ്ടാകേണ്ടതുണ്ട്. നമ്മുടെ പ്രവർത്തനങ്ങൾ പുനഃക്രമീകരിക്കേണ്ടതുണ്ട്. നമ്മൾ സംസാരിക്കേണ്ടത് ഡിസാസ്റ്റർ മാനേജ്മെന്റിനെക്കുറിച്ചാണെങ്കിൽ, ഡിസാസ്റ്റർ മാനേജ്മെന്റ് സംവിധാനം പുനഃക്രമീകരിക്കേണ്ടതിന്റെ ആവശ്യകതയാണ് വാസ്തവത്തിൽ ഈ പ്രളയദുരന്തം നമ്മെ പഠിപ്പിക്കുന്നത്. " First Attempt in Learning" ആണ് ഇതെങ്കിൽ നിശ്ചയമായും ഈ ദുരന്തത്തിൽനിന്നും ദുരന്തത്തിന്റെ പാഠങ്ങളിൽനിന്നും ഒരുപാട് കാര്യങ്ങൾ നമുക്ക് ഉൾക്കൊള്ളേണ്ടതുണ്ട്. ഹ്രസ്വ - ദീർഘകാല അടിസ്ഥാനത്തിൽ പുനരധിവാസത്തെ നാം കാണണം. ഈ പുനരധിവാസ പ്രക്രിയയിൽ ഹ്രസ്വകാലാടിസ്ഥാനത്തിൽ, കഴുത്തറ്റം വെള്ളത്തിൽ അല്ലെങ്കിൽ മൂക്കിനുതാഴെവരെ വെള്ളത്തിൽ മൂന്ന്-നാലുദിവസം കിടന്നവരോട്

'ഫോം വാങ്ങി കൊണ്ടുവരൂ, കോപ്പി എടുത്തുകൊണ്ടുവരൂ' എന്ന സംവിധാനം പാടെ മാറ്റി ഇപ്പോൾ എല്ലാ വകുപ്പുകളും ഇടപെട്ട് ചെയ്യുന്നതുപോലെ അവരുടെ അടുത്തേയ്ക്ക് അപേക്ഷാഫോമുകളെത്തിച്ച്, അത് കെ.എസ്.ഇ.ബി. ആണെങ്കിലും മറ്റേത് വകുപ്പാണെങ്കിലും പൂരിപ്പിച്ചുവാങ്ങുന്ന ഒരു സംവിധാനം ഉണ്ടാകണം. ദീർഘകാലാടിസ്ഥാനത്തിൽ, ഈ പ്രമേയത്തിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞ പ്രധാനപ്പെട്ട കാര്യം ഞാൻ ഒരിക്കൽക്കൂടി ആവർത്തിക്കാൻ ആഗ്രഹിക്കുകയാണ്. വീണ്ടും പാർപ്പിടങ്ങൾ നിർമ്മിക്കുമ്പോൾ താഴ്ന്ന പ്രദേശങ്ങളിൽനിന്ന് അല്ലെങ്കിൽ എപ്പോഴും വെള്ളം കയറുന്ന പ്രദേശങ്ങളിൽ നിന്നും പാർപ്പിടങ്ങൾ മാറ്റി നിർമ്മിക്കേണ്ടതിന്റെ അനിവാര്യത നമ്മുടെ മുൻപിലുണ്ട്. എഴിക്കാട് കോളനിയിൽ ഈ വർഷം നാലാം തവണയാണ് ഈ കോളനിയിൽ വെള്ളം കയറുന്നത്. അവിടത്തെ വീടുകൾ തകർന്നിട്ടുണ്ട്. അവിടെനിന്ന് ആളുകളെ കുറച്ചുകൂടി ഉയർന്ന പ്രദേശത്തേയ്ക്ക് അല്ലെങ്കിൽ വെള്ളം കയറാത്ത സ്ഥലങ്ങളിലേയ്ക്ക് മാറ്റിപ്പാർപ്പിക്കണം എന്നതുൾപ്പെടെയുള്ള, കേരളത്തിന്റെ ഈ ദുരന്തബാധിത മേഖലകളുടെയെല്ലാം ആവശ്യങ്ങളെ ആ രീതിയിൽ പരിഗണിക്കണമെന്ന് ഞാൻ ആവശ്യപ്പെടുകയാണ്. ഏറ്റവും അടിയന്തരമായി, ഇപ്പോൾ കോഴഞ്ചേരി, മാരാമൺ ഭാഗത്തെയൊക്കെ വീടുകളിൽ 99-ലെ വെള്ളപ്പൊക്കം മാർക്ക് ചെയ്തിട്ടുണ്ട്. ഇത്തവണ അതിലും ഉയരെയാണ് വെള്ളത്തിന്റെ അളവ് വന്നത്. നമുക്കൊരു ഫ്ലഡ് മാപ്പിംഗ് ഉണ്ടാകണം. ഹൈഡ്രോളജി വിംഗിൽ ആവശ്യമായ ഡേറ്റയുണ്ട്. ഐ.ഐ.റ്റി.-യുടെ സഹായത്തോടെ ഇറിഗേഷൻ വകുപ്പും വൈദ്യുതി വകുപ്പും ഒന്നിച്ചു ചേർന്ന് ഒരു ഫ്ലഡ് മാപ്പിംഗ് തയ്യാറാക്കണം. ഈ രീതിയിൽ ഒരു പ്രളയം ഉണ്ടാകുകയാണെങ്കിൽ എവിടെയൊക്കെയാണ് വെള്ളം ഒഴുകിയെത്തുകയെന്നത് നിശ്ചയമായും നമുക്കറിയണം. 'കക്കി ഡാമിൽനിന്നും വെള്ളം തുറന്നുവിട്ടിരിക്കുന്നു, തീരദേശത്തുള്ളവർ മാറണം' എന്ന രാത്രിയിലെ അനൗൺസ്മെന്റ് എല്ലാവരും ശ്രദ്ധിക്കണമെന്നില്ല, പകരം ആധുനിക സാങ്കേതികവിദ്യ ഉപയോഗിച്ച് നമ്മുടെ മൊബൈൽ ഫോണിലേയ്ക്ക് ഒരു മെസേജ്, റിഫ്ലക്ട് ഇന്റിമേഷൻ, അയച്ചാൽ മതി. ആ രീതിയിൽ ആളുകളിലേയ്ക്ക് ഈ സന്ദേശം എത്തിക്കുന്നതിനുള്ള സംവിധാനങ്ങൾ പുനഃക്രമീകരിക്കണം.

ഇപ്പോൾ ആരോഗ്യ വകുപ്പിൽ കുഞ്ഞുങ്ങൾക്കുവേണ്ടി കൗൺസിലിംഗ്, അവരുടെ മാനസികോല്ലാസത്തിനു വേണ്ടിയുള്ള കാര്യങ്ങൾ, സ്ത്രീകൾക്കും പുരുഷൻമാർക്കും എല്ലാവർക്കും വേണ്ടി ഒരുപാട് കാര്യങ്ങൾ ചെയ്യുന്നുണ്ട്. കാരണം നിരാശയുടെ പടുവക്കിൽ നിൽക്കുന്ന ജനതയെ ജീവിതത്തിന്റെ വെളിച്ചത്തിലേയ്ക്ക് തിരിച്ചുകൊണ്ടുവരുന്നതിനുവേണ്ടിയുള്ള വലിയ ഇടപെടൽ നടത്തുവാൻ സംവിധാനങ്ങളുണ്ടാകണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്. അതുപോലെ,

വരട്ടാർ വീണ്ടെടുത്തതുകൊണ്ടാണ് ആ പ്രദേശത്ത് കൂടുതൽ ദുരന്തം ഉണ്ടാകാഞ്ഞതെന്ന് പറഞ്ഞു. പുഴകൾ സംരക്ഷിക്കപ്പെടണം. ഈ ദുരന്തം നമ്മെ ഓർമ്മിപ്പിക്കുന്നത്, സാമൂഹ്യ ഉത്തരവാദിത്വം നിറവേറ്റുന്നതിനൊപ്പം സാമ്പത്തിക വികസന കാര്യങ്ങളും പുനർനിർമ്മാണ കാര്യങ്ങളും പാരിസ്ഥിതികമായിട്ടുള്ള ഉത്തരവാദിത്വവുംകൂടി നിറവേറ്റണം. പമ്പാ സംരക്ഷണ പദ്ധതിയുൾപ്പെടെ എവിടെയോ നിന്നുപോയ കുറെ കാര്യങ്ങൾ നാം ഏറ്റെടുത്ത് ചെയ്യേണ്ടതുണ്ട് എന്നുകൂടി പറഞ്ഞുകൊണ്ട് എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

ശ്രീ. പി. ടി. തോമസ്: സർ, പോയിന്റ് ഓഫ് ഓർഡർ .....

മി. സ്പീക്കർ: എന്താണ് പോയിന്റ് ഓഫ് ഓർഡർ ?

ശ്രീ. പി. ടി. തോമസ്: സർ, ശ്രീ. രാഹുൽ ഗാന്ധി കേരളത്തിൽ എത്തിയപ്പോൾ ഒരു കോളനിയിൽ കയറ്റിയില്ലെന്ന് ബഹുമാനപ്പെട്ട ആറന്മുള എം.എൽ.എ. പറയുകയുണ്ടായി. ബഹുമാനപ്പെട്ട ശ്രീ. രാഹുൽ ഗാന്ധിയോടൊപ്പം പ്രതിപക്ഷനേതാവും ഞാനും മുഴുവൻസമയവും ആ യാത്രയിലുണ്ടായിരുന്നു. അങ്ങനെയൊരു സംഭവം നടന്നിട്ടില്ല. മറ്റെന്തെങ്കിലും പബ്ലിസിറ്റി കിട്ടാൻവേണ്ടി ഇത്തരത്തിലുള്ള പരാമർശങ്ങൾ നടത്താൻ പാടില്ല. അതുകൊണ്ട് ആ പരാമർശം രേഖയിൽനിന്ന് നീക്കംചെയ്യണം.

മി. സ്പീക്കർ: അതു പരിശോധിച്ച് നടപടി സ്വീകരിക്കാം. *

ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്: സർ, ഉപക്ഷേപത്തെ പിന്താങ്ങുന്നു. വ്യക്തിപരമായി പറഞ്ഞാൽ ഈ മഹാപ്രളയത്തിൽ ഞാനും ഒരു ഇരയാണ്. പക്ഷേ എന്റെ സ്വകാര്യ ദുഃഖങ്ങളെക്കാൾ എത്രയോ വലുതാണ് കേരളത്തിലെ ലക്ഷക്കണക്കിന് ജനങ്ങൾ അനുഭവിച്ച വേദന. അതുപോലെ എന്റെ നിയോജകമണ്ഡലത്തിലെയും അടുത്ത നിയോജകമണ്ഡലങ്ങളിലെയും ജനങ്ങൾ അനുഭവിച്ച വേദനയും ജീവൻ നഷ്ടപ്പെട്ടവരുടെ, ബന്ധുക്കളുടെ വ്യഥയും എത്രമാത്രമാണെന്ന് പറയാൻ സാധിക്കുകയില്ല. എറണാകുളത്തും ഇടുക്കിയിലുമുള്ള ആളുകൾ ഒരു വലിയ ജലഗോപുരത്തിന്റെ അടിയിലാണ് താമസിക്കുന്നത്. ദുർബലമായ ഗോപുരമാണ് അതെന്ന് സർക്കാർ മനസ്സിലാക്കണം. ഏറ്റവും മുകളിൽ മുല്ലപ്പെരിയാറും അതിനുതാഴെ ഇടുക്കി ഡാമുകളും അതിനുംതാഴെയായി ഇടമലയാർ, ഭൂതത്താൻകെട്ട് എന്നിങ്ങനെയാണ്. ഈ ജലഗോപുരം എന്നാണ് മറിഞ്ഞുവീഴുന്നതെന്ന് നമുക്കാർക്കും നിശ്ചയിക്കാൻ പറ്റാത്ത സ്ഥിതിയാണ്. ഇത്

---

* സഭാദ്ധ്യക്ഷന്റെ ഉത്തരവിൻപ്രകാരം (ഫയൽ നമ്പർ 4971/ഇ.ബി.12/9/2018/നി.സെ.) രേഖയിൽ നിലനിർത്തി.

ഡീ-കമ്മീഷൻ ചെയ്യുന്ന കാര്യങ്ങളൊക്കെ ബഹുമാനപ്പെട്ട പി. ജെ. ജോസഫ് പറഞ്ഞു. ഗവൺമെന്റ് ഇക്കാര്യത്തിൽ വളരെ ശക്തമായ നിലപാടെടുത്ത് മുന്നോട്ട് പോകണം. സുപ്രീംകോടതിയിലും സെൻട്രൽ വാട്ടർ കമ്മീഷനിലും ശക്തമായ നിലപാടുകൾ സ്വീകരിക്കണമെന്ന് ഞാൻ ആവശ്യപ്പെടുകയാണ്. ഈ പ്രളയത്തിന്റെ ഉത്തരവാദിത്വം ബന്ധപ്പെട്ട ഡിപ്പാർട്ട്മെന്റുകൾ ഏറ്റെടുക്കണം. ഡാമുകൾ യഥാസമയം തുറക്കാത്തതാണ് പ്രളയത്തിന് കാരണമായത് എന്ന കാര്യത്തിൽ യാതൊരു സംശയവുമില്ല. ഒരുവിധത്തിൽ പറഞ്ഞാൽ പണത്തിന്റെ ആർത്തിയാണ് നൂറുകണക്കിന് ജനങ്ങളുടെ ജീവൻ അപഹരിച്ച, കോടാനുകോടി രൂപയുടെ നഷ്ടം സംഭവിച്ച ഈ ദുരന്തത്തിന് വഴിവച്ചത്. ചെറുതും വലുതുമായി ആകെ 44 നദികൾ മാത്രമാണ് നമ്മുടെ സംസ്ഥാനത്തുള്ളത്. ഒരേ സമയത്ത് സംസ്ഥാനത്തെ 33 ഡാമുകൾ തുറന്നുവിട്ട് പ്രളയം വരുത്തിവച്ചതിന്റെ ക്രെഡിറ്റ് ഈ സർക്കാരിന് മാത്രമാണ്. ഡാമുകളിൽ വെള്ളം നിറഞ്ഞപ്പോൾ അത് തുറക്കണോ വേണ്ടയോ എന്ന് ജലവിഭവ വകുപ്പുമന്ത്രിയും വൈദ്യുതി വകുപ്പുമന്ത്രിയും തമ്മിൽ തർക്കമുണ്ടായത് ഇതിനുദാഹരണമാണ്. ജൂലൈ 1-ന് എറണാകുളം കളക്ടറേറ്റിൽ ചേർന്ന അവലോകന യോഗത്തിൽ ഘട്ടംഘട്ടമായി വെള്ളം തുറന്നുവിടണമെന്ന് ഞാൻ സൂചിപ്പിച്ചിരുന്നു. ബഹുമാന്യരായ പല എം.എൽ.എ.-മാരും ആ യോഗത്തിൽ സന്നിഹിതരായിരുന്നു. ഇടുക്കി ഡാം ഉൾപ്പെടെയുള്ള ഡാമുകൾ ഇടവപ്പാതി മഴയിൽ സാധാരണഗതിയിൽ നിറയാറില്ല. തുലാവർഷത്തിലാണ് ഡാമുകൾ സാധാരണ നിറയാറുള്ളത്. ഇടവപ്പാതിയിൽ ഡാമുകൾ നിറഞ്ഞപ്പോൾ എന്തോ അസാധാരണ സംഭവമുണ്ടാകാൻ പോകുന്നുവെന്ന കാഴ്ചപ്പാട് ഗവൺമെന്റിന് ഉണ്ടാകണമായിരുന്നു. ഗവൺമെന്റ് ഇക്കാര്യത്തിൽ യാതൊരു നടപടിയും സ്വീകരിച്ചില്ല.

എന്റെ മണ്ഡലത്തിലാണ് പ്രളയക്കെടുതി ഏറ്റവും കൂടുതൽ ബാധിച്ചത്. കളമശ്ശേരി മുനിസിപ്പൽ പ്രദേശമൊഴികെ എല്ലാ പ്രദേശങ്ങളും വെള്ളത്തിനടിയിലായി. അവിടെ പതിനായിരത്തിലധികം കന്നുകാലികൾ നഷ്ടപ്പെട്ടു, ആയിരം വീടുകൾ പൂർണ്ണമായി നശിക്കുകയും 20000 വീടുകൾ വാസയോഗ്യമല്ലാതായിത്തീരുകയും ചെയ്തു. കളമശ്ശേരി മുനിസിപ്പൽ പ്രദേശത്തുള്ള അബ്ദുൾ ജലീൽ എന്നയാൾ 3 പേരെ രക്ഷിക്കുന്നതിനിടയിൽ മരണപ്പെട്ടു. കുത്തിയതോട് ചർച്ചിന്റെ മേട തകർന്ന് 6 പേരുൾപ്പെടെ 12 പേർക്ക് ജീവൻ നഷ്ടപ്പെട്ടു. 200 ഏക്കർ കൃഷി പരിപൂർണ്ണമായി നശിച്ചു. ചെറിയ കച്ചവട സ്ഥാപനങ്ങളുൾപ്പെടെയുള്ള വ്യവസായ വാണിജ്യ സ്ഥാപനങ്ങളുടെ നഷ്ടം കോടിക്കണക്കിനാണ്. സർക്കാർ പ്രഖ്യാപിച്ചിട്ടുള്ള നഷ്ടപരിഹാരം ഉടനെ ജനങ്ങൾക്കെത്തിക്കണം. ക്യാമ്പുകളിൽ എത്താതെ പോയവർ നിരവധിയാണ്. അവർക്ക് എല്ലാ ആനുകൂല്യങ്ങളും നൽകുമെന്ന്

സർക്കാർ പ്രഖ്യാപിച്ചിരുന്നു. അത് ലഭ്യമാക്കണം. വീടുകൾ പുനർനിർമ്മിക്കാനും കേടുപാടുകൾ തീർക്കാനുമുള്ള സഹായം ഉടനെയുണ്ടാകണം. പാഠപുസ്തകങ്ങളും പഠനോപകരണങ്ങളും നഷ്ടപ്പെട്ട വിദ്യാർത്ഥികൾക്ക് അവ എത്തിക്കണം. അൺ-എയ്ഡഡ് സ്കൂളിൽ പഠിക്കുന്ന എല്ലാ വിദ്യാർത്ഥികളും പണക്കാരുടെ മക്കളാണ് എന്ന ധാരണ ശരിയല്ല. പല പാവപ്പെട്ടവരുടെ മക്കളും ഗ്രാമങ്ങളിലുള്ള അൺ-എയ്ഡഡ് സ്കൂളുകളിൽ പഠിക്കുന്നുണ്ട്. അവർക്കും സഹായം ലഭിക്കണം.

അതുപോലെ നദികളിൽ അടിഞ്ഞുകൂടിയിട്ടുള്ള മണൽ അനധികൃതമായി ദുരുപയോഗം ചെയ്യാൻ സാധ്യതയുണ്ട്. ഗ്രാമപഞ്ചായത്തുകളുടെ നേതൃത്വത്തിൽ മണലെടുത്ത് വീടുകൾ നിർമ്മിക്കാനും പുതുക്കിപ്പണിയാനും ഉപയോഗിക്കണമെന്ന് ആവശ്യപ്പെടുകയാണ്. സംസ്ഥാനത്തെ ഫയർ ആന്റ് റെസ്ക്യൂ ഉദ്യോഗസ്ഥർ വളരെയേറെ അദ്ധ്വാനികളാണ്. പക്ഷേ അവരുടെ കൈവശം ആവശ്യത്തിന് എക്വിപ്മെന്റ്സില്ല. ഇപ്രാവശ്യം വെള്ളം കയറിയപ്പോൾ അവരുടെ കൈവശമുണ്ടായിരുന്നത് എവിടെയെങ്കിലും മുട്ടിയാൽ കീറുന്ന പ്ലാസ്റ്റിക് ബോട്ട് മാത്രമാണ്. പ്രളയത്തെ നേരിടുന്നതിനുള്ള സജ്ജീകരണങ്ങൾ എല്ലാ ജില്ലാ ആസ്ഥാനങ്ങളിലുമുള്ള ഫയർ ആന്റ് റെസ്ക്യൂ വിഭാഗത്തിന് നൽകണം. കൂടാതെ സ്പീഡ് ബോട്ടുകൾ നൽകണമെന്നും പുതിയ എക്വിപ്മെന്റുകൾ വിദേശത്തുനിന്ന് ഇറക്കുമതി ചെയ്ത് ലഭ്യമാക്കണമെന്നും ആവശ്യപ്പെടുകയാണ്. പ്രതിപക്ഷാംഗങ്ങൾ പറയുന്നത് പോസിറ്റീവായി കണ്ട് ഈ ദുരന്തത്തിൽനിന്ന് പാഠമുൾക്കൊണ്ടുകൊണ്ട് ഇനിയൊരു പ്രളയമുണ്ടാകാതിരിക്കാൻ നമ്മൾ ശ്രദ്ധിക്കണം. ഇപ്പോൾ ലോകത്ത് ലഭ്യമായിട്ടുള്ള എല്ലാ ആധുനികവിദ്യകളും ഉപയോഗിക്കണം. നാസ (National Aeronautics and Space Administration)യുടെ സഹായവും അതുപോലുള്ള ഉപദേശങ്ങളും തേടാൻ നമുക്ക് സാധിക്കണം. ഈ ദുരന്തം നമുക്കൊരു പാഠമാകണം. ഈ മഹാപ്രളയത്തിന് ഇടയാക്കിയ കാര്യങ്ങളിൽ സമഗ്ര അന്വേഷണം വേണമെന്ന് ഞാൻ ആവശ്യപ്പെടുന്നു.

ശ്രീ. ബി. ഡി. ദേവസ്സി: സർ, ഉപക്ഷേപത്തെ പിന്താങ്ങുന്നു. പ്രളയത്തെ നേരിട്ട അനുഭവങ്ങളും ഇനി നടത്തേണ്ട തുടർപ്രവർത്തനങ്ങളും ചർച്ച ചെയ്യുന്നതിനുവേണ്ടി ഇങ്ങനെയൊരു പ്രത്യേക സമ്മേളനം ചേരുന്നതിന് മുൻകയ്യെടുത്ത ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്കും ബഹുമാനപ്പെട്ട സ്പീക്കർക്കും പ്രത്യേകം നന്ദി പ്രകാശിപ്പിക്കുകയാണ്. കേരളം ഇതുവരെ കാണാത്ത ഒരു ദുരന്തത്തെയാണ് നമ്മൾ നേരിട്ടത്. ഈ പ്രളയത്തെ നേരിടാൻ ഒരു സർക്കാരിനെ സംബന്ധിച്ചിടത്തോളം മനുഷ്യസാധ്യമായ എല്ലാ കാര്യങ്ങളും സർക്കാർ ചെയ്തിട്ടുണ്ട് എന്നതാണ് എന്റെ മണ്ഡലത്തിലെ കെടുതികളുമായി ബന്ധപ്പെട്ട് എന്റെ അനുഭവം. മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ സംസ്ഥാനാടിസ്ഥാനത്തിലുള്ള

കൺട്രോളിംഗും ജില്ലാ കളക്ടർമാരുടെ നേതൃത്വത്തിൽ ജില്ലാ തലത്തിലുള്ള കൺട്രോൾ റൂമുകളും കൂടുതൽ കെടുതി അനുഭവിക്കുന്ന പ്രദേശങ്ങളിൽ ആർ.ഡി.ഒ.-മാരുടെയും മറ്റ് ഉദ്യോഗസ്ഥരുടെയും നേതൃത്വത്തിലുള്ള കൺട്രോൾ റൂമുകളും തുറന്ന് ഔദ്യോഗിക തലത്തിലുള്ള സംവിധാനങ്ങളാണ് പൊതുവെ സ്വീകരിച്ചത്. ഇതിനുപുറമേ നിയോജകമണ്ഡലാടിസ്ഥാനത്തിൽ ജില്ലയിലും താഴെത്തട്ടിൽ പഞ്ചായത്ത് അടിസ്ഥാനത്തിലും ഏകോപനമുണ്ടാക്കി. അതിന്റെ ഭാഗമായി ദുരിതാശ്വാസ ക്യാമ്പുകളിലേയ്ക്കുള്ള പ്രവർത്തനം തികച്ചും ഔദ്യോഗികമായ സംവിധാനത്തിലൂടെയാണ് നിർവ്വഹിച്ചത്. ജില്ലാ കേന്ദ്രങ്ങളിൽ എത്തുന്ന സഹായങ്ങൾ ജില്ലാകളക്ടറുടെ നിർദ്ദേശപ്രകാരം നിയോജകമണ്ഡലങ്ങളിൽ എത്തിച്ചു. ആർ.ഡി.ഒ.-യുടെ നേതൃത്വത്തിലാണ് പി.ഡബ്ല്യു.ഡി. റെസ്റ്റ് ഹൗസിൽ കൺട്രോൾ റൂമുകൾ തുറന്നത്. വില്ലേജ് ഓഫീസർ, പഞ്ചായത്ത് പ്രസിഡന്റ്, പഞ്ചായത്ത് സെക്രട്ടറി എന്നിവർ കാര്യങ്ങൾ വിലയിരുത്തി അവരുടെ ആവശ്യപ്രകാരമാണ് അവിടെനിന്നും സാധനങ്ങൾ എത്തിച്ചത്. അതിൽ ഒരു വിവേചനവും കാണിച്ചിട്ടില്ല. പ്രളയത്തെ നേരിടുന്ന കാര്യത്തിൽ സർക്കാർ ഒരുവിധ വിവേചനവും കാണിച്ചിട്ടില്ലെന്നതിന് ഒരുദാഹരണം പറയാൻ ആഗ്രഹിക്കുകയാണ്. കേരള സമൂഹത്തെ ഒന്നായി കണ്ടുകൊണ്ട് സഹായങ്ങൾ എത്തിക്കാൻ സാധ്യമായ എല്ലാ കാര്യങ്ങളും ചെയ്തിട്ടുണ്ട്. എന്റെ മണ്ഡലത്തിൽ യു.ഡി.എഫ്. ഭരിക്കുന്ന ഏക പഞ്ചായത്ത് കാട്ടുകുറ്റി ഗ്രാമപഞ്ചായത്താണ്. ഏറ്റവും കൂടുതൽ നാശനഷ്ടമുണ്ടായതും ആ പഞ്ചായത്തിലാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ ഓഫീസ് ഇടപെട്ട് ഊരാളുങ്കൽ സൊസൈറ്റിയിലെ കാർപ്പെന്റർ, പ്ലംബർ, ഇലക്ട്രീഷ്യൻ, ക്ലീനിംഗ് ജോലികൾ ചെയ്യുന്നതിനായി 250 പേർ തുടങ്ങി എല്ലാ സന്നാഹങ്ങളുമായി, സൗജന്യമായി ആ പഞ്ചായത്തിൽ തങ്ങി മൂന്നുദിവസം കൊണ്ട് 500 വീടുകൾ ശുചീകരിച്ച് പ്രവർത്തനങ്ങൾ നടത്തുകയുണ്ടായി. അവിടെ സഞ്ചരിക്കുന്ന മാവേലിസ്റ്റോർ ഏർപ്പെടുത്തി. സിവിൽ സപ്ലൈസ് കോർപ്പറേഷൻ സൗജന്യമായി ഭക്ഷ്യധാന്യങ്ങളും അതുപോലുള്ള സാധനങ്ങളും വിതരണം ചെയ്യാനുള്ള നടപടി സ്വീകരിച്ചു. ഒരു വിവേചനവും കാണിച്ചിട്ടില്ല. ജില്ലയുടെ ചുമതല ഉണ്ടായിരുന്ന മൂന്ന് മന്ത്രിമാരും പ്രത്യേക അവലോകന യോഗങ്ങൾ നടത്തുകയും ഒരുമിച്ച് പ്രവർത്തനങ്ങൾക്കെല്ലാം നേതൃത്വം നൽകുകയും ചെയ്തു. എന്റെ മണ്ഡലത്തെ പ്രതിനിധീകരിക്കുന്ന എം. പി. ശ്രീ. ഇന്നസെന്റും ശ്രീ. പി. കെ. ബിജു ഉൾപ്പെടെയുള്ള എം. പി.-മാരും മണ്ഡലത്തിൽ വന്ന് ദുരിതാശ്വാസ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുകയുണ്ടായി. സംസ്ഥാനത്തെ പല എം.എൽ.എ.-മാരും എന്നെ വിളിച്ച് കാര്യങ്ങൾ അന്വേഷിക്കുകയും ദുരിതാശ്വാസ ക്യാമ്പുകളിലേയ്ക്ക് സഹായങ്ങൾ എത്തിക്കാൻ നടപടി

സ്വീകരിക്കുകയും ചെയ്തു. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ നല്ല ഇടപെടൽ നടത്തി സാധ്യമായ എല്ലാ കാര്യങ്ങളും ചെയ്തിട്ടുണ്ട്. എന്റെ മണ്ഡലത്തിൽ ഉൾപ്പെടാത്ത തദ്ദേശഭരണ സ്ഥാപനങ്ങൾ, കോർപ്പറേഷനുകൾ, മുനിസിപ്പാലിറ്റികൾ, ഗ്രാമപഞ്ചായത്തുകൾ, ജില്ലാ പഞ്ചായത്തുകൾ, ബ്ലോക്ക് പഞ്ചായത്തുകൾ എന്നിവ നേരിട്ട് ദുരിതാശ്വാസ പ്രവർത്തനങ്ങൾ നടത്താൻ സന്നദ്ധ സേവകരെ അറിയിക്കുകയും അവരെക്കൊണ്ട് കഴിയാവുന്ന എല്ലാ സഹായങ്ങളും അവിടെ എത്തിക്കുകയും ചെയ്തിട്ടുണ്ട്. സംസ്ഥാന സർക്കാരിനോടും ഇതുമായി സഹകരിച്ചവരോടും, കർണ്ണാടക, തമിഴ്നാട്, ആന്ധ്രപ്രദേശ് തുടങ്ങിയ സംസ്ഥാനങ്ങളിൽ നിന്നും സഹായവുമായി എത്തിയവരോടും ഞാൻ നന്ദി പറയുകയാണ്. രക്ഷാപ്രവർത്തനങ്ങളിൽ ഒറ്റക്കെട്ടായി നിന്നതുപോലെ പുനരധിവാസ-പുനർനിർമ്മാണ പ്രവർത്തനങ്ങളിലും ഒരുമിച്ച് നിൽക്കേണ്ടതുണ്ട്. അതിന് എങ്ങനെ പുനരധിവാസം സാധ്യമാക്കാമെന്നും കേരളത്തെ എങ്ങനെ പുനർ നിർമ്മിക്കാമെന്നും വിലപ്പെട്ട നിർദ്ദേശങ്ങളും അഭിപ്രായങ്ങളുമാണ് ഇവിടെ പറയേണ്ടത്. ഈ സഭ ചേർന്നതുതന്നെ അതിനുവേണ്ടിയാണെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. ദുരന്തങ്ങൾ ഉണ്ടായപ്പോൾ കണ്ട മറ്റൊരു ദുരന്തം, ഫെയ്ക്ക് ന്യൂസുകൾ അയച്ച് ദുരന്തത്തെ ആഘോഷിക്കുന്നതാണ്. പെരിങ്ങൽക്കുത്ത് ഡാം പൊട്ടി, ഷോളയാർ ഡാം പൊട്ടാൻ പോകുന്നു തുടങ്ങിയ തെറ്റായ വാർത്തകൾ പ്രചരിപ്പിച്ച് ജനങ്ങളെ പരിഭ്രാന്തരാക്കാൻ ശ്രമിക്കുകയുണ്ടായി. ഇത്തരത്തിലുള്ള വാർത്തകൾ തടയാനും അവർക്കെതിരെ നടപടി സ്വീകരിക്കാനും തയ്യാറാകണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. ദുരന്തം ഉണ്ടാകുമ്പോൾ ജനങ്ങൾക്ക് രക്ഷാബോധവും ആത്മവിശ്വാസവും പകരുന്നതിനുപകരം അവരിൽ പരിഭ്രാന്തി ഉണ്ടാക്കുന്ന വാർത്തകളാണ് പലരും പ്രചരിപ്പിച്ചതെന്നുള്ളത് ഇത്തരുണത്തിൽ നിർഭാഗ്യകരമായ കാര്യമാണ്. സംസ്ഥാനത്തൊട്ടാകെ ദുരന്തമുണ്ടായപ്പോൾ അതിനോട് സഹകരിച്ച മാധ്യമങ്ങളോട് പ്രത്യേകം നന്ദി പ്രകാശിപ്പിക്കുകയാണ്. പെരിങ്ങൽക്കുത്ത് ഡാമിനെക്കുറിച്ച് അന്വേഷിച്ചപ്പോൾ ആ ഡാമിൽ 30 ദശലക്ഷം ഘനമീറ്റർ വെള്ളം ഉൾക്കൊള്ളാൻ സാധിക്കും, എന്നാൽ രണ്ടുദിവസം കൊണ്ട് 360 എം.സി.എം. വെള്ളം ഡാമിലേയ്ക്ക് വന്നു. പറമ്പിക്കുളം, കുരിയാർകുറ്റി, കാരപ്പാറ ഡാമുകളിൽനിന്ന് വെള്ളം തുണക്കടവ് വഴി പെരിങ്ങൽക്കുത്തിലേയ്ക്ക് എത്തി. അപ്പർ ഷോളയാർ തുറന്നപ്പോൾ കേരള ഷോളയാറിന് താങ്ങാൻ കഴിയാത്ത സ്ഥിതി വരികയും കേരള ഷോളയർ തുറക്കുകയും ചെയ്തു. പെരിങ്ങൽക്കുത്തിൽ ഇത്രയധികം വെള്ളം വന്നപ്പോൾ അതിന് താങ്ങാൻ കഴിയാത്ത അവസ്ഥ വന്നു. പെരിങ്ങൽക്കുത്ത് ഡാമിന്റെ ഷട്ടറുകൾ മുമ്പേ തുറന്നുവെങ്കിലും ഡാമിന്റെ ഉയരം കുറഞ്ഞ ഭാഗത്തുകൂടി വെള്ളം ഒഴുകുന്ന സ്ഥിതി ഉണ്ടായി. ഡാമിന് കാര്യമായ കുഴപ്പമൊന്നും പ്രത്യക്ഷത്തിൽ

ഉണ്ടായിട്ടില്ലെങ്കിലും ബലക്ഷയം സംബന്ധിച്ച് ഒരു പരിശോധന നടത്തേണ്ടതുണ്ട്. ആ ഡാമിന്റെ ജലനിരപ്പിന്റെ ഉയരം 424 മീറ്ററാണ്. എന്നാൽ 428 മീറ്റർ ഉയരത്തിലായി ഫ്ലഡ് ലെവൽ. ഡാമിനെ കവർ ചെയ്ത് വെള്ളം ഒഴുകി.

ഇവിടെ പ്രചരിപ്പിച്ച മറ്റൊരു കാര്യം, ഇടമലയാറിലേയ്ക്ക് പോകുന്ന വാച്ച്മരം കനാൽ അടച്ചിരുന്നെങ്കിൽ ദുരന്തം തടയാമായിരുന്നുവെന്നതാണ്. അപ്പോഴും കൂടുതൽ വെള്ളം ഈ പ്രദേശങ്ങളിലേയ്ക്ക് തന്നെ വരും. അവിടെ അത്തരത്തിലൊരു ഷട്ടറില്ല. കാര്യങ്ങൾ മനസ്സിലാക്കാതെയാണ് പറയുന്നത്. അവിടെ 11 പൈപ്പുകളിൽ കൂടിയാണ് വെള്ളം ഇടമലയാറിലേയ്ക്ക് പോകുന്നത്. പൈപ്പുകളിൽ മരങ്ങൾ വീണ് തടസ്സപ്പെടുത്തുന്ന അവസ്ഥയുണ്ടായി. തമിഴ്നാട്ടിൽനിന്ന് വെള്ളം ഇവിടേയ്ക്ക് ഒഴുക്കിവിടുന്നത് മുൻകൂട്ടി അറിയിക്കാത്തതുകൊണ്ടാണ് നമുക്ക് താങ്ങാൻ കഴിയാത്ത സ്ഥിതി ഉണ്ടായത്. പിന്നീട് കളക്ടർമാരും മന്ത്രിമാരും ഇടപെട്ട് തുറന്ന ഡാമുകൾ ഭാഗികമായി അടച്ച് ആശ്വാസമുണ്ടാക്കാൻ നടപടി സ്വീകരിച്ച കാര്യവും ഈ സാഹചര്യത്തിൽ നന്ദിയോടെ ഓർക്കുകയാണ്. പെരിങ്ങൽക്കുത്ത് ഡാം ഭാഗികമായി പ്രവർത്തനമാരംഭിച്ചു. തൃശ്ശൂർ ജില്ലയിലുണ്ടായ കെടുതി വളരെ രൂക്ഷമാണ്. മരണം 62, ക്യാമ്പുകളിലെ മരണം ഉൾപ്പെടെ 78 മരണമാണ് ഉണ്ടായത്. 3597 വീടുകൾ പൂർണ്ണമായും 23172 വീടുകൾ ഭാഗികമായും നശിച്ചു. 67 ക്യാമ്പുകളിലായി 4333 പേർ ഇപ്പോഴുണ്ട്. തുടക്കത്തിൽ 788 ക്യാമ്പുകളിലായി 2.5 ലക്ഷം ആളുകളുണ്ടായിരുന്നു. കൃഷിനാശം 52.64 കോടി രൂപ, റോഡ് നാശനഷ്ടം 350 കോടി രൂപ, കെട്ടിടങ്ങളുടെ നാശനഷ്ടം 1 കോടി രൂപ, ഫിഷറീസ് നാശനഷ്ടം 33.5 കോടി രൂപ, മൃഗസംരക്ഷണം 3.55 കോടി രൂപ, കെ.എസ്.ഇ.ബി. നാശനഷ്ടം 10 കോടി രൂപ എന്നിങ്ങനെയാണ്. ഏറ്റവും കൂടുതൽ നാശനഷ്ടങ്ങളുണ്ടായത് ചാലക്കുടി മണ്ഡലത്തിലാണ്. മാർക്കറ്റ് പൂർണ്ണമായും തകർന്ന് കോടിക്കണക്കിന് രൂപയുടെ നഷ്ടമുണ്ടായി. നല്ല രീതിയിൽ പ്രവർത്തിച്ചിരുന്ന സർക്കാർ താലൂക്കാശുപത്രി പൂർണ്ണമായും നശിച്ചു. എസ്. എച്ച്. (Sacred Heart) കോളേജ് ഉൾപ്പെടെ നിരവധി വിദ്യാഭ്യാസ സ്ഥാപനങ്ങൾ തകരുകയുണ്ടായി. ആനമല റോഡ് അടിയന്തരമായി ഗതാഗതയോഗ്യമാക്കണം. വ്യാപാരികളുടെ നഷ്ടത്തിന് പ്രത്യേക പാക്കേജ് വേണം. പുറമ്പോക്കിൽ താമസിക്കുന്നവർക്ക് സഹായം ലഭ്യമാക്കാനും ആദിവാസികളുടെ പുനരധിവാസം ഉറപ്പാക്കാനും നടപടിയുണ്ടാകണം. വിദ്യാഭ്യാസ സ്ഥാപനങ്ങളും ആശുപത്രികളും പൂർവ്വ സ്ഥിതിയിലാക്കാൻ പാക്കേജ് തയ്യാറാക്കണം, പോലീസിനും ഫയർ ഫോഴ്സിനും ആധുനിക ഉപകരണങ്ങൾ ലഭ്യമാക്കണം, രേഖകൾ നഷ്ടപ്പെട്ടവർക്ക് അത് നൽകാനുള്ള നടപടി സ്വീകരിക്കണം, പഞ്ചായത്ത് അടിസ്ഥാനത്തിൽ കോൾ

അലർട്ട് സംവിധാനം ഉൾപ്പെടെ ദുരന്ത നിവാരണ സംവിധാനമുണ്ടാക്കണം. തൊഴിലുറപ്പ് പദ്ധതിയെ പ്രവർത്തനങ്ങളുമായി കോർത്തിണക്കാൻ കേന്ദ്ര ഗവൺമെന്റിൽ സമ്മർദ്ദം ചെലുത്തി കൂടുതൽ കാര്യങ്ങൾ ചെയ്യാൻ കഴിയണം എന്നിവയാണ് എനിക്ക് നിർദ്ദേശമായി പറയാനുള്ളത്. ഇവിടെ സംസാരിച്ചവർ, സംസ്ഥാന ഗവൺമെന്റിനെ കുറ്റപ്പെടുത്തുമ്പോൾ കേന്ദ്ര ഗവൺമെന്റിൽ നിന്ന് സഹായം കിട്ടുന്നതിനെക്കുറിച്ചും അതിൽ വന്നിട്ടുള്ള വീഴ്ചകളെപ്പറ്റിയും സംസാരിച്ചില്ലെന്നുള്ളത് പ്രത്യേകം ശ്രദ്ധിക്കേണ്ട കാര്യമാണ്. ഈ സാഹചര്യത്തിൽ കേന്ദ്ര ഗവൺമെന്റ് സംസ്ഥാന ഗവൺമെന്റിനെ സഹായിച്ചേ മതിയാകൂ. നിർമ്മാണ പ്രവൃത്തികൾക്ക് അസംസ്കൃത വസ്തുക്കൾ ആവശ്യമാണ്. പുഴയിലെ മണൽ, ചെളി എന്നിവ നിർമ്മാണ പ്രവൃത്തികൾക്കും ഇഷ്ടിക നിർമ്മാണത്തിനും പ്രയോജനപ്പെടുത്തണം. പാറ, മണൽ എന്നിവ ലഭിക്കാത്ത സാഹചര്യമുണ്ട്. വീടുകളുടെ പുനർനിർമ്മാണത്തിനും കെട്ടിടങ്ങളുടെ നിർമ്മാണത്തിനും റാ മെറ്റീരിയൽസ് ആവശ്യമാണ്. അവ ലഭ്യമാക്കാനുള്ള കാര്യങ്ങൾ ചെയ്യുന്നതോടൊപ്പം പുറമെനിന്നും അതിന്റെ ലഭ്യതയ്ക്ക് ആവശ്യമായ നടപടി സ്വീകരിക്കണം. മനുഷ്യസാധ്യമായ എല്ലാ കാര്യങ്ങളും ചെയ്ത്, ജനങ്ങളെ രക്ഷിക്കാൻ സ്വീകരിച്ച നടപടികളെ പ്രത്യേകം അഭിനന്ദിക്കുകയാണ്. ഏറ്റവും കൂടുതൽ കെടുതി ഉണ്ടായ എന്റെ മണ്ഡലത്തിൽ 5 മരണം മാത്രമേ സംഭവിച്ചുള്ളുവെന്ന കാര്യത്തിൽ ആശ്വാസം കൊള്ളുകയാണ്. യഥാർത്ഥത്തിൽ അവിടെയുണ്ടായ നാശനഷ്ടം കണക്കാക്കുമ്പോൾ മരണം ഇതിൽ കൂടുതൽ സംഭവിക്കേണ്ടതാണ്. എല്ലാവരും ഉണർന്ന് പ്രവർത്തിച്ചു. സംസ്ഥാന ഗവൺമെന്റിന്റെ നിർദ്ദേശപ്രകാരം കേന്ദ്രസേന നന്നായി സഹായിച്ചു. പോലീസ്, ഫയർഫോഴ്സ് തുടങ്ങി ഓരോരുത്തരും അവിടെ രക്ഷകരായി മാറി. പാത്രങ്ങളിലും വടംകെട്ടിയും ആളുകളെ രക്ഷിച്ചു. ആബാലവൃദ്ധം ജനങ്ങളും ജാതി-മത-രാഷ്ട്രീയ വ്യത്യാസമില്ലാതെ ഒരുമിച്ച് നിന്നതുകൊണ്ടാണ് മരണനിരക്ക് കുറയ്ക്കാനും ഇത്രയും ആശ്വസിക്കാനും കഴിഞ്ഞത്. അല്ലെങ്കിൽ മരണനിരക്ക് കൂടുമായിരുന്നു. സംസ്ഥാന ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം വരൾച്ചയും ഓഖി ചുഴലിക്കാറ്റും നിപ വൈറസ് ബാധയും ഉണ്ടായി. അതിനെയൊക്കെ വളരെ നല്ല രീതിയിൽ ഗവൺമെന്റ് നേരിട്ടു. അതുപോലെ ഈ ദുരന്തത്തെയും നേരിടാൻ സംസ്ഥാന സർക്കാർ ചെയ്ത പ്രവർത്തനങ്ങൾ മാതൃകാപരമാണ്. തുടർന്നുള്ള പുനരധിവാസ പ്രവർത്തനങ്ങളിലും രക്ഷാപ്രവർത്തനങ്ങളിൽ ഏർപ്പെട്ടതുപോലെ എല്ലാവരും ഒരുമിച്ച് നിന്ന് ജനങ്ങളെ രക്ഷിക്കണം. ജനങ്ങളുടെ ജീവിതമാണ് പ്രധാനപ്രശ്നം. സഹായങ്ങൾ ചെയ്ത എല്ലാവരെയും ഒരിക്കൽക്കൂടി നന്ദിയോടെ ഓർത്തുകൊണ്ട് ഞാൻ നിർത്തുന്നു.

മി. സ്പീക്കർ: ദുരന്തത്തിന്റെ ആഘാതം എല്ലാവരും ചർച്ചയിൽ ഗൗരവമായി കൊണ്ടുവരാൻ ശ്രമിക്കുന്നുണ്ട്. നവീനമായ നിർദ്ദേശങ്ങൾകൂടി കൊണ്ടു വരുന്നതിനുള്ള താല്പര്യം കാണിക്കുന്നത് നന്നായിരുന്നു.

ശ്രീ. സി. എഫ്. തോമസ്: സർ, ഉപക്ഷേപത്തെ പിന്താങ്ങുന്നു. ഇവിടെ സൂചിപ്പിച്ചതുപോലെ രക്ഷാപ്രവർത്തനത്തിൽ ഒരുമിച്ച് നിന്നതുപോലെ പുനരധിവാസ പുനർനിർമ്മാണ പ്രവർത്തനങ്ങളിലും എല്ലാവരെയും യോജിച്ച് നിർത്തണം. ആർക്കും എതിരഭിപ്രായമില്ല. ഇവിടെയിരിക്കുന്ന പ്രതിപക്ഷാംഗങ്ങളെല്ലാം എങ്ങനെ രക്ഷാപ്രവർത്തനത്തിൽ ഒരുമിച്ച് നിന്നുവോ അതുപോലെ അക്കാര്യത്തിലും സഹകരിക്കും. പക്ഷെ ഇതുപോലെ അസംബ്ലി വിളിച്ചുകൂട്ടുമ്പോൾ നമ്മുടെ അനുഭവപാഠങ്ങൾകൂടി ഉൾക്കൊള്ളണം. അക്കാര്യങ്ങളാണ് ഇവിടെ സൂചിപ്പിച്ചത്. ഇങ്ങനെയൊരു മഹാദുരന്തം നമ്മുടെ നാട്ടിൽ ഉണ്ടാകാനിടയായ സാഹചര്യവും കാരണവും ശരിയായി പഠിക്കണം. വിദഗ്ദ്ധർ അതിനെക്കുറിച്ച് പറഞ്ഞ അഭിപ്രായങ്ങളെല്ലാം പരിശോധിക്കണം. നിയന്ത്രിതമായി വെള്ളം തുറന്നുവിട്ടിരുന്നുവെങ്കിൽ ഇങ്ങനെയൊരപകടം ഉണ്ടാവുകയില്ലായിരുന്നു എന്ന അഭിപ്രായം പ്രതിപക്ഷത്തുനിന്ന് പറഞ്ഞാൽ അതിൽ രാഷ്ട്രീയമുണ്ടോ? അതുകൂടി പഠിക്കേണ്ടേ? അതാണ് ഇവിടെ പ്രതിപക്ഷാംഗങ്ങൾ സൂചിപ്പിച്ചത്. എന്റെ നിയോജകമണ്ഡലമായ ചങ്ങനാശ്ശേരിയുടെ പടിഞ്ഞാറൻ പ്രദേശങ്ങൾ എന്നുപറയുന്നത് കുട്ടനാട് പ്രദേശമാണ്. ഞങ്ങൾക്കുണ്ടായ ഒരു പ്രത്യേക അനുഭവം, ചങ്ങനാശ്ശേരിയിലെ എല്ലാ പഞ്ചായത്തുകളിലും ടൗണിലുമുണ്ടായ കെടുതികൾ, അതിൽ ദുരന്തമനുഭവിച്ച ആളുകൾക്കുവേണ്ടി പ്രവർത്തിച്ചതിനോടൊപ്പം കുട്ടനാട് നിയോജക മണ്ഡലത്തിന്റെ ഭൂരിപക്ഷം ജനങ്ങളെയും രക്ഷിക്കാൻ ചങ്ങനാശ്ശേരി നടത്തിയ ശ്രമങ്ങളിൽ ഞങ്ങൾക്ക് ചാരിതാർത്ഥ്യമുണ്ട്. ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി, ബഹുമാനപ്പെട്ട പൊതുമരാമത്ത് വകുപ്പുമന്ത്രി എന്നിവർ ആലപ്പുഴ കേന്ദ്രീകരിച്ചാണ് പ്രവർത്തിച്ചത്. പക്ഷെ കുട്ടനാടിന്റെ ബഹുഭൂരിപക്ഷം ആളുകളെയും ചങ്ങനാശ്ശേരിയിലേയ്ക്കാണ് ഞങ്ങൾ കൊണ്ടുവന്നത്. ചങ്ങനാശ്ശേരിയിൽ കൊണ്ടുവരാൻ ചങ്ങനാശ്ശേരി ആലപ്പുഴ തോട്, ബോട്ട് റൂട്ട് കനാൽ ഇവ ഞങ്ങൾ ഉപയോഗിച്ചു. ഇവിടെനിന്നും ടോറസ് വാഹനങ്ങൾ ഉപയോഗിച്ചാണ് ആളുകളെ കയറ്റിക്കൊണ്ടുവന്നത്. അതോടൊപ്പം കുട്ടനാട്ടിലെ ബോട്ടുകളും വള്ളങ്ങളും ഉപയോഗിച്ച് ആളുകളെ ഇപ്പുറത്തേയ്ക്ക് കൊണ്ടുവന്നു. പക്ഷെ അവിടെ കണ്ട ഒരു വലിയ ബുദ്ധിമുട്ട് അശാസ്ത്രീയമായി നിർമ്മിച്ച പാലങ്ങൾ വലിയ തടസ്സമുണ്ടാക്കി എന്നുള്ളതാണ്. ബഹുമാനപ്പെട്ട പൊതുമരാമത്ത് വകുപ്പുമന്ത്രി ഇക്കാര്യങ്ങൾ ഒരിക്കൽ സൂചിപ്പിക്കുകയുണ്ടായി. ഞാൻ അത് പറഞ്ഞില്ലെങ്കിൽ തെറ്റാകും. കുട്ടനാട്ടിൽനിന്ന് പുളിങ്കുന്ന് കിഴക്കുവശത്തുള്ള ജനങ്ങളെ മുഴുവൻ

കൊണ്ടെത്തിക്കാൻ നടത്തിയ ശ്രമത്തിൽ വന്ന കാലതാമസത്തിന്റെ പ്രധാനപ്പെട്ട കാരണം കിടങ്ങറയിൽ നിർമ്മിച്ചിരിക്കുന്ന കുപ്രസിദ്ധി നേടിയ കെ. സി. പാലമാണ്. ആ പാലം അടിയന്തരമായി പൊളിച്ചുനീക്കാൻ നടപടി സ്വീകരിക്കണം. ധനകാര്യ വകുപ്പുമന്ത്രിക്കും പൊതുമരാമത്ത് വകുപ്പുമന്ത്രിക്കും അവിടെ ബോട്ടുകൾ രണ്ടായിട്ടാണ് സർവ്വീസ് നടത്തിയത് എന്നറിയാം. കെ.സി. പാലം വരെ ഒരു സർവ്വീസ്, ആ പാലത്തിന് താഴെക്കൂടി ബോട്ട് സഞ്ചരിക്കുകയില്ല. അവിടെനിന്ന് വേറെ ഒരു സർവ്വീസ്. ഇനി തുലാവർഷം വരാൻ പോകുന്നു. അതുകൊണ്ട് ദീർഘകാല പദ്ധതിയിൽപ്പെടുത്താതെ ഇപ്പോൾ സെക്രട്ടേറിയറ്റിൽ ഇരിക്കുന്ന ഫയൽ അടിയന്തരമായി വിളിച്ചുവരുത്തി കെ.സി. പാലം പൊളിച്ചു പണിയാനുള്ള നടപടി സ്വീകരിക്കണമെന്ന് ഞാൻ പ്രത്യേകമായി അഭ്യർത്ഥിക്കുകയാണ്. 150-ഓളം ക്യാമ്പുകൾ പ്രവർത്തിച്ച ചങ്ങനാശ്ശേരിയിൽ കുട്ടനാട്ടിലെ ഭൂരിപക്ഷം ജനങ്ങളെയും കൊണ്ടുവന്ന് താമസിപ്പിക്കാൻ സാധിച്ചുവെന്നുള്ള സന്തോഷം ഞങ്ങൾക്കുണ്ട്. പക്ഷെ കാലതാമസം വരുത്തിയതിനുകാരണം ഈ പാലമാണ്. പ്രധാനപ്പെട്ട ഒരു കാര്യംകൂടി പറയാനുണ്ട്. 10,000 രൂപയുടെ സഹായം അടിയന്തരമായി നൽകുന്നതിന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി നിർദ്ദേശം നൽകണം. കണക്കെടുപ്പ് ഇന്നലെ തുടങ്ങിയിട്ടേയുള്ളൂ.

മറ്റൊരു പ്രധാനപ്പെട്ട പ്രശ്നം ക്യാമ്പുകൾ ഇപ്പോഴും പ്രവർത്തിക്കുന്നുണ്ട് എന്നതാണ്. സ്കൂളുകളിലെ ക്യാമ്പുകൾ മാറ്റി. പക്ഷെ ടൗൺ ഹാളുകളും പാരിഷ് ഹാളുകളുമൊക്കെ ഇപ്പോഴും ഉപയോഗിക്കുന്നുണ്ട്. കാരണം അവർക്ക് തിരിച്ചുപോകാൻ സാധിക്കുന്നില്ല. വാസയോഗ്യമല്ലാത്ത വീടുകൾ എങ്ങനെയാണ് പെട്ടെന്ന് ശരിയാക്കുന്നത്; കേടുപാടുകൾ എങ്ങനെ മാറ്റും? അടിയന്തരമായി മന്ത്രിസഭായോഗം ചേർന്ന് വിദഗ്ദ്ധരെ വച്ചോ തദ്ദേശ ഭരണ സ്ഥാപനങ്ങളെ ഏൽപ്പിച്ചോ ഇത്തരം വീടുകളുടെ നിർമ്മാണം പൂർത്തിയാക്കി കേടുപാടുകൾ തീർത്ത്, അവരവരുടെ വീടുകളിൽ ആളുകളെ എത്തിക്കണം. ആ ആഗ്രഹമാണ് അവർക്കുള്ളത്. അതുകൊണ്ട് ഈ വീടുകളുടെ പുനർനിർമ്മാണവും കേടുപാടുകൾ മാറ്റലും ഉടനെ ചെയ്യാനുള്ള നിർദ്ദേശങ്ങൾ കൊടുക്കേണ്ടതായുണ്ട്.

എന്റെ നിയോജകമണ്ഡലത്തിലെ പടിഞ്ഞാറൻ പ്രദേശങ്ങൾ ഉൾപ്പെടെ കുട്ടനാട്ടിലെ മറ്റൊരു പ്രധാനപ്പെട്ട പ്രശ്നം കുടിവെള്ളമാണ്. കുടിവെള്ളം പെട്ടെന്ന് എങ്ങനെ നൽകുമെന്നതാണ് പ്രശ്നം. കിണറുകൾ ശുചീകരിക്കണം, വാട്ടർ അതോറിറ്റിയുടെ പൈപ്പ്‌ലൈനുകൾ പലയിടത്തും കേടാണ്. അത് നന്നാക്കി കുട്ടനാട്ടിലെ ജനങ്ങൾക്ക് കുടിവെള്ളം നൽകണം. അത്തരം നടപടികളിലേയ്ക്ക് അടിയന്തരമായി നീങ്ങേണ്ടതായിട്ടുണ്ട്.

മി. സ്പീക്കർ: പ്ലീസ് ... കൺക്ലൂഡ്.

ശ്രീ. സി. എഫ്. തോമസ്: സർ, പുനർനിർമ്മാണം വളരെ പ്രധാനപ്പെട്ടതാണ്. പക്ഷെ പുനരധിവാസം പൂർത്തീകരിക്കാനുള്ള നടപടി എത്രയുംവേഗം സ്വീകരിക്കണമെന്ന് പറഞ്ഞുകൊണ്ട് എന്റെ വാക്കുകൾ ചുരുക്കുന്നു.

ശ്രീ. എസ്. രാജേന്ദ്രൻ: സർ, ബഹുമാനപ്പെട്ട മുഖ്യമന്ത്രി അവതരിപ്പിച്ച ഉപക്ഷേപത്തെ അനുകൂലിക്കുന്നു. ഈ അവസരത്തിൽ അദ്ദേഹത്തെ അഭിനന്ദിക്കുകയും ചെയ്യുന്നു. ചില കാര്യങ്ങൾക്കൂടി ഉൾപ്പെടുത്തണമെന്ന് അഭ്യർത്ഥിക്കുകയാണ്. അതോടൊപ്പം പ്രതിപക്ഷത്തെ ബഹുമാനിക്കുന്നു. ഈ പ്രവർത്തനങ്ങളിൽ വളരെയേറെ സജീവമായിട്ടുള്ള പോലീസ്, ഫയർഫോഴ്സ്, പി.ഡബ്ല്യു.ഡി. കോൺട്രാക്ടർമാർ എന്നിവരെല്ലാം വളരെ കാര്യക്ഷമമായി പ്രവർത്തിച്ചതുകൊണ്ടാണ് ഒരുപാട് അപകടങ്ങൾ ഒഴിവാക്കാൻ സാധിച്ചത്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി ആദ്യ സന്ദേശമായി ജീവൻ സംരക്ഷിക്കുന്നതിനുവേണ്ടി എല്ലാവരും ഇടപെടണമെന്ന് അഭ്യർത്ഥിച്ചതിലൂടെ ധാരാളം പേരുടെ ജീവൻ നഷ്ടപ്പെടാതിരിക്കാനുള്ള ഇടപെടൽ നടത്താൻ പലർക്കും സാധിച്ചുവെന്നതാണ് ഇതിന്റെ പ്രത്യേകത. മൂന്നാർ മേഖലയിൽ വളരെയേറെ പ്രധാനപ്പെട്ട ചില സംഭവ വികാസങ്ങൾ നടന്നു. മേഖലകൾ ഇപ്പോഴും ഒറ്റപ്പെട്ട മേഖലയായി കണക്കാക്കപ്പെടുന്നു. വാർത്താവിനിമയ സംവിധാനങ്ങളോ വാഹന സൗകര്യങ്ങളോ ഉണ്ടായിട്ടില്ല എന്നുള്ള വസ്തുത ഇപ്പോഴും നിലനിൽക്കുകയാണ്. മൂന്നാറിൽനിന്നും ഉദുമൽപേട്ട മുതൽ ചെന്നൈയിലേയ്ക്ക് പോകുന്ന പ്രദേശത്ത് ഡാമുകൾ ഇല്ലാത്ത മേഖലയാണെങ്കിലും ഇപ്പോഴും യാത്രായോഗ്യമായിട്ടില്ല. പാലം അടർന്നുപോയതു മെല്ലാം പ്രശ്നങ്ങളായി നിലനിൽക്കുകയാണ്. അടിമാലി, വെള്ളത്തൂവൽ, മാങ്കുളം, പള്ളിവാസൽ, ബൈസൺവാലി തുടങ്ങിയ മേഖലകളിലെല്ലാം വളരെയേറെ ദുരിതങ്ങളും ഏതാണ്ട് 18 മരണങ്ങളും ഉണ്ടായിട്ടുണ്ട്. മണ്ണിടിച്ചിലുമായി ബന്ധപ്പെട്ട് 9 മരണങ്ങളാണുണ്ടായിട്ടുള്ളത്. ചില വാഹനങ്ങൾ പോകാൻ സാധിക്കാത്ത സാഹചര്യങ്ങളിലും വെള്ളപ്പൊക്കത്തിലും മരണം ഉണ്ടായിട്ടുണ്ട്. 28-ാം തീയതിയാണ് ജില്ലാ കളക്ടർ ഉൾപ്പെടെയുള്ളവർക്കുപോലും അവിടെ എത്തിച്ചേരാൻ സാധിച്ചത്. ബഹുമാന്യനായ വൈദ്യുതി വകുപ്പുമന്ത്രി ശ്രീ. എം. എം. മണി, സ്ഥലം എം. പി. തുടങ്ങിയവരുടെ സാന്നിദ്ധ്യവും ഇടപെടലും ഫലപ്രദമായി ഉണ്ടായതിനെത്തുടർന്ന് ധാരാളം അപകടങ്ങൾ ഒഴിവാക്കാൻ സാധിച്ചിട്ടുണ്ട്.

22 സ്കൂളുകൾക്ക് കേടുപാടുകൾ സംഭവിച്ചിട്ടുണ്ട്. 55 ക്യാമ്പുകളിലായി ഏഴായിരത്തിലധികം പേരാണ് ഉണ്ടായിരുന്നത്. രണ്ടുമൂന്ന് ക്യാമ്പുകൾ ഇപ്പോഴും നിലവിലുണ്ട്. ഒരു സൗകര്യവുമില്ലാതെ വീടുകളിൽ തിരിച്ചെത്താൻ സാധിക്കാത്ത

ധാരാളം ആളുകളുണ്ട്. നിലവിൽ ലൈഫ് സ്കീമിൽ ഉൾപ്പെടുത്തിയിട്ടുള്ളവരെ ഫ്ലാറ്റുകളിലോ മറ്റേതെങ്കിലും കെട്ടിടങ്ങളിലോ താമസിപ്പിക്കാനുള്ള ഇടപെടലുകൾ ഗവൺമെന്റിന്റെ ഭാഗത്തുനിന്നും ഉണ്ടാകണം. തോട്ടം മേഖലയിൽ ചില ലയങ്ങൾ, തോട്ടം തൊഴിലാളികൾ താമസിക്കുന്ന തലയാറിലെ ചില പ്രദേശങ്ങൾ, പഴയ മൂന്നാർ മേഖലയിലുള്ള ചില സ്ഥലങ്ങൾ എന്നിവിടങ്ങളിൽ മണ്ണിടിച്ചിൽ ഉണ്ടായിട്ടുണ്ട്. ഇത്തരത്തിലുള്ള സ്ഥലങ്ങളിൽ കമ്പനികളുമായി ചർച്ച നടത്തി ആളുകൾക്ക് എത്രയുംപെട്ടെന്ന് താമസം മാറ്റുന്നതിനുള്ള നിലപാടുകൾ സ്വീകരിക്കേണ്ടതുണ്ട്. ആ പ്രദേശങ്ങളിലെല്ലാം നിയമപ്രശ്നമുണ്ട്. അവിടത്തെ സബ് കളക്ടർ എടുക്കുന്ന ചില നിലപാടുകളെത്തുടർന്ന് ഇപ്പോഴും ഗതാഗത സൗകര്യങ്ങൾ ഏർപ്പെടുത്താൻ സാധിക്കാത്ത സാഹചര്യങ്ങളുണ്ട്. ഇത്തരത്തിലുള്ള പ്രശ്നങ്ങളിൽ നിയമത്തിൽ ചില എക്സംപ്ഷൻസ് നൽകുന്നതിനുള്ള നിർദ്ദേശങ്ങളും ഉണ്ടാകേണ്ടതുണ്ട്. അതുപോലെ സ്വകാര്യ ബാങ്കുകളിൽനിന്ന് വിദ്യാഭ്യാസം, കൃഷി, വാഹനം എന്നിവയ്ക്കായി എടുത്തിട്ടുള്ള വായ്പാ തിരിച്ചടവിന് സാവകാശം നൽകുന്നതിനുള്ള നിലപാടും ധനകാര്യ വകുപ്പിൽനിന്ന് ഉണ്ടാകണം. എൽ.എസ്.ജി.ഡി. ചീഫ് എഞ്ചിനീയർ നൽകിയിട്ടുള്ള ചില ഉത്തരവിൽ ചില പ്രദേശങ്ങൾ ഉൾപ്പെട്ടിട്ടില്ലാത്തതുകൊണ്ട് അത് പൂർത്തീകരിക്കേണ്ട സാഹചര്യങ്ങളും ഉണ്ടാകേണ്ടതുണ്ട്.

ഇവിടെ പലരും ആവശ്യപ്പെട്ടതുപോലെ അടിമാലിയിലും മൂന്നാറിലുമുള്ള ഫയർഫോഴ്സുകൾ ശക്തിപ്പെടുത്താനും ഡിസാസ്റ്റർ മാനേജ്മെന്റിലേയ്ക്കുള്ള തുക അവർക്ക് നൽകാനും നടപടിയുണ്ടാകണം. വാസ്തവത്തിൽ ഡിസാസ്റ്റർ മാനേജ്മെന്റിന്റേതായ ഒരു പ്രവർത്തനവും കാണാൻ സാധിച്ചില്ല. ഫയർഫോഴ്സ് വിഭാഗത്തെ ശക്തിപ്പെടുത്തൽ കൊണ്ടുമാത്രമേ നമുക്കത് മുന്നോട്ടുകൊണ്ടുപോകാൻ സാധിക്കുകയുള്ളൂ. ദേവികുളം നിയോജക മണ്ഡലത്തിലെ ആദിവാസി-തോട്ടം മേഖലകളിൽ ഒരു മാസത്തേക്കെങ്കിലും സൗജന്യറേഷൻ സംവിധാനം ഏർപ്പെടുത്തണമെന്ന് ആവശ്യപ്പെടുകയാണ്. വളരെയേറെ പ്രയാസകരമായ രീതിയിൽ തിരിച്ചെത്തിയ ആളുകൾക്കും തൊഴിലവസരങ്ങളില്ലാതെ ഇത് ബുദ്ധിമുട്ടുണ്ടാക്കുന്നു എന്നതാണ് വസ്തുത.

കാലാവസ്ഥയുമായി ബന്ധപ്പെട്ട് ധാരാളം ചർച്ചകൾ ഇവിടെയുണ്ടായി. അവിടെ വളർത്തുമൃഗങ്ങൾ, മനുഷ്യജീവിതങ്ങൾ എന്നിവ ദുരിതത്തിലായത് 100 വർഷത്തിന് ശേഷമാണ്. 1924-നുശേഷം ഇപ്പോഴുണ്ടായിട്ടുള്ള ഈ സാഹചര്യം 1924-നെ ഓർമ്മപ്പെടുത്തുന്ന നിലയിലാണ് എന്ന് പലരും പ്രത്യേകിച്ച് മലയാള മനോരമ പത്രവും ബഹുമാനപ്പെട്ട പി. സി. ജോർജ് ഉൾപ്പെടെയുള്ളവരും

ചൂണ്ടിക്കാണിച്ചു. വാർത്താ വിനിമയങ്ങളും പത്രങ്ങളും ലഭ്യമാകാത്ത സാഹചര്യത്തിൽപ്പോലും പിന്നീട് അത് ഓർക്കുവാനും വായിക്കാനും അവസരം ലഭിച്ചു. 96 വർഷങ്ങൾക്കുശേഷമുണ്ടായ ഈ സംഭവം ഓർക്കുകയാണ്. ഇവിടെ ഗാഡ്ഗിലും കസ്തൂരിരംഗനും കാലാവസ്ഥാ നിരീക്ഷകരും പരിസ്ഥിതി വാദികളുമെല്ലാം പ്രഖ്യാപിച്ച പ്രവചനത്തിനപ്പുറം പ്രകൃതി ഒരു സന്ദേശവും വിധിയും നൽകി. ഇതൊന്നും അവരുടെ മുമ്പിലില്ല. ഇതെല്ലാം ഇപ്പോൾ ഉൾക്കൊള്ളേണ്ട ഒരു കാര്യവുമില്ല. പക്ഷെ, ഈ സാഹചര്യങ്ങളെ മനസ്സിലാക്കി പരസ്പര സഹകരണത്തിൽ പോകണം എന്ന അഭിപ്രായം തന്നെയാണുള്ളത്. ഡാമുകൾ തുറന്നതുകൊണ്ടോ കാലാവസ്ഥ സംരക്ഷിച്ചതുകൊണ്ടോ പ്ലം ജൂഡി റിസോർട്ട് പോലുള്ള ഏതെങ്കിലും ഹോട്ടലുകൾക്ക് സ്റ്റോപ്പ് മെമ്മോ നോട്ടീസ് കൊടുക്കുന്നതു കൊണ്ടോ ഒന്നും പ്രകൃതിയുടെ വിധിയെ നമുക്ക് അതിജീവിക്കാനാകില്ല. നിയമങ്ങൾകൊണ്ട് മാത്രമല്ല, പ്രായോഗികമായ ചിന്താഗതിയിലൂടെ എങ്ങനെ പ്രവർത്തനങ്ങളിൽ ഏർപ്പെടാമെന്ന സന്ദേശത്തിന് പ്രാധാന്യം നൽകേണ്ടതുണ്ട് എന്നാണ് ചൂണ്ടിക്കാണിക്കാനുള്ളത്.

ഇവിടെ നടന്ന ചർച്ചയിൽ ഇടുക്കിയുമായി ബന്ധപ്പെട്ട കാര്യങ്ങൾ ഒന്നുരണ്ടുപേർ പറഞ്ഞു. 1924-ൽ പ്രകൃതിക്ഷോഭംമൂലം വെള്ളപ്പൊക്കമുണ്ടായ സന്ദർഭത്തിൽ 'കർക്കിടകം ഒന്ന് ദേവികുളം' എന്ന തലക്കെട്ടിലാണ് അന്നത്തെ പത്രത്തിൽ വാർത്ത വന്നത്. ദേവികുളത്ത് കർക്കിടകം ഒന്നിന് 25 ഇഞ്ച് മഴ പെയ്തു. 'പി.ഡബ്ല്യു.ഡി.-യുടെ ഒരു മേസ്തിരി വെള്ളത്തിൽ ഒഴുകിപ്പോയി, നൂറിലധികംപേർ മരണപ്പെട്ടു, യഥാർത്ഥ കണക്ക് എത്രയാണെന്ന് തിട്ടപ്പെടുത്താനായിട്ടില്ല' എന്ന്. അന്ന് പ്രളയംകൊണ്ടോ ഡാമുകൾ തുറന്നുവിട്ടതുകൊണ്ടോ അല്ല വെള്ളപ്പൊക്കമുണ്ടായത്. അന്നത്തെ സാഹചര്യംവച്ച് കണക്കാക്കിയാൽ ഇപ്പോൾ മരണസംഖ്യയുടെ എണ്ണം വളരെ കുറവാണ്. ഇന്ന് സഹായിക്കുവാനും സഹകരിക്കുവാനും ഒരുപിടി ആളുകൾ ഓടിയെത്തി.

ഇടുക്കി ഡാം തുറന്നുവിട്ടത് രാത്രിയിലാണെന്നൊരു പരാമർശം ഇവിടെ ഉണ്ടായി. ബഹുമാനപ്പെട്ട വകുപ്പുമന്ത്രിയുടെയും പത്രപ്രവർത്തകരുടെയും സാന്നിധ്യത്തിൽ ആഗസ്റ്റ് 9-ാം തീയതി പകലാണ് ഡാം തുറന്നുവിട്ടത്. 10-ാം തീയതിയാണ് ബാക്കി ഷട്ടറുകൾ തുറക്കാൻ തുടങ്ങിയത്. ഇടമലയാറിലേയും മറ്റും വെള്ളം വരുന്നതും ഇതും ഒരേ സമയത്താകുമോ എന്നുള്ള ആശങ്ക കാരണമാണ് കുറച്ചുകുറച്ചായി വെള്ളം തുറന്നുവിട്ട സാഹചര്യമുണ്ടായത്. ബഹുമാനപ്പെട്ട വൈദ്യുതി വകുപ്പുമന്ത്രി മറ്റുമന്ത്രിമാരുമായും ഉദ്യോഗസ്ഥരുമായും കൂടിയാലോചിച്ചും നിരീക്ഷിച്ചും തന്നെയാണ് ഈ ഇടപെടലുകളെല്ലാം നടത്തിയത്. അങ്ങനെയൊരു സമീപനം സ്വീകരിച്ചത് കൊണ്ടുമാത്രമായിരിക്കും ആലപ്പുഴ, എറണാകുളം, ആലുവ

തുടങ്ങിയ മേഖലകളിൽ വെള്ളപ്പൊക്കം കൂടാതിരിക്കാനുള്ള സാഹചര്യമുണ്ടായത്. നിർവ്വചനത്തിന് അപ്പുറത്തേയ്ക്ക് എന്നൊരു വസ്തുതകൂടി ഇക്കാര്യത്തിൽ എല്ലാവരും കാണേണ്ടതുണ്ട്. പ്രതിപക്ഷത്തിന്റേതായുള്ള പ്രശ്നങ്ങൾ കണക്കിലെടുത്തു കൊണ്ടായിരിക്കും ഒരുപക്ഷെ ബഹുമാനപ്പെട്ട മുഖ്യമന്ത്രി പ്രതിപക്ഷനേതാവിനെക്കൂടെ ഹെലികോപ്റ്ററിൽ കയറ്റിയതെന്ന് ഞാൻ കണക്കാക്കുകയാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും മന്ത്രിമാരും പ്രതിപക്ഷവും എല്ലാവരും ചേർന്ന് ഇക്കാര്യത്തിൽ ഒരു വീഴ്ചയും വരാതിരിക്കുവാനും വളരെയേറെ പ്രയാസങ്ങൾ അതിജീവിക്കുവാനും ഒന്നിച്ചുനിന്നുവെന്നത് വസ്തുതതന്നെയാണ്.

ഇടുക്കി ജില്ലയെ പ്രത്യേകമായി കണക്കിലെടുത്ത് യോഗം വിളിച്ചുചേർത്ത് നിയമങ്ങളിൽനിന്നും പ്രായോഗിക പ്രവർത്തനങ്ങളിലേയ്ക്ക്, താമസസൗകര്യങ്ങളും മറ്റും ഒരുക്കുന്നതിനുവേണ്ട സാഹചര്യത്തെക്കുറിച്ചുകൂടി ആലോചിക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്. അതുപോലെ അന്യ സംസ്ഥാനങ്ങളിൽനിന്നും ധാരാളം പേർ നമ്മെ സഹായിക്കുവാൻ എത്തിച്ചേർന്നിരുന്നു. തമിഴ്നാട്ടിലെ കരൂർ മേഖലയിൽനിന്നും അക്ഷയ എന്നൊരു കുട്ടി ചികിത്സയ്ക്കുവേണ്ടി വച്ചിരുന്ന അയ്യായിരം രൂപ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേയ്ക്ക് നൽകിയതുൾപ്പെടെയുള്ള കാര്യങ്ങൾ, നമ്മളെയെല്ലാം സഹായിക്കുവാനും സഹകരിക്കുവാനുമുള്ള പ്രേരണയുടെ ഘടകമായി കണക്കാക്കുന്നു. തീർച്ചയായും ഇത്തരത്തിലുള്ള പ്രവർത്തനം സംഘടിപ്പിച്ച മുഖ്യമന്ത്രിയെ ഒരിക്കൽകൂടി അഭിനന്ദിച്ചുകൊണ്ടും എല്ലാവിധ സഹായവും പ്രതീക്ഷിച്ചുകൊണ്ടും എന്റെ വാക്കുകൾ ചുരുക്കുന്നു.

<u>ശ്രീ. അടൂർ പ്രകാശ്</u>: സർ, ഉപക്ഷേപത്തെ പിന്താങ്ങുന്നു. സംഹാരതാണ്ഡവമാടിയ തോരാമഴ കേരളം ഇതുവരെ കാണാത്തവിധം അസാധാരണമായ ദുരന്തസാഹചര്യമാണ് ഉണ്ടാക്കിയിട്ടുള്ളത്. സമാനതകളില്ലാത്ത പ്രളയദുരന്തത്തിൽനിന്നും കരകയറുന്ന ജനങ്ങളുടെ നാശനഷ്ടങ്ങൾക്കുമുമ്പിൽ കരൾ പിടയുന്ന കാഴ്ചകളാണ് എവിടെയും കാണാൻ കഴിയുന്നത്. ആയുഷ്കാല സമ്പാദ്യം മുഴുവൻ ഒറ്റദിവസം കൊണ്ട് തുടച്ചുനീക്കപ്പെട്ടു. ഏറ്റവും പ്രതികൂലവും അങ്ങേയറ്റം ക്ലേശകരവുമായ സാഹചര്യങ്ങളെ ലക്ഷ്യബോധവും ഇച്ഛാശക്തിയുംകൊണ്ട് നേരിട്ട ലക്ഷക്കണക്കിന് ആളുകളുടെ ജീവൻ തിരികെ നൽകിയ വിവിധ സേനാ വിഭാഗങ്ങൾ, സ്വമേധയാ രക്ഷാദൗത്യത്തിനിറങ്ങിയ പൊതുജനങ്ങൾ, വിശിഷ്യ മത്സ്യത്തൊഴിലാളികൾ, നാവികസേനയുടെ സേവനം എന്നിവ എക്കാലവും സ്മരിക്കപ്പെടുന്നതാണ്. അതോടൊപ്പം കോന്നി നിയോജക മണ്ഡലത്തിൽ ഇന്ന് നടപ്പാക്കിക്കൊണ്ടിരിക്കുന്ന കുട്ടവഞ്ചി സഞ്ചാരത്തിലെ ഇരുപതോളം തൊഴിലാളികൾ കുട്ടവഞ്ചിയുമായി എന്റെ ജില്ലയിൽപ്പെട്ട റാന്നി, ആറന്മുള

തുടങ്ങിയ പ്രദേശങ്ങളിൽ നൂറുകണക്കിന് ആളുകളെ രക്ഷപ്പെടുത്തുന്നതിനുവേണ്ടി എത്തിച്ചേരുകയുണ്ടായി. അത്തരം ആളുകളെ അനുമോദിക്കാനുള്ള അവസരമായി ഇതിനെ എടുക്കണമെന്ന് ഞാൻ ഈ അവസരത്തിൽ സൂചിപ്പിക്കുകയാണ്. പ്രളയദുരന്തത്തിന്റെ തീവ്രതയും വ്യാപ്തിയും കണക്കിലെടുത്ത് ഗുരുതരസ്വഭാവമുള്ള ദുരന്തമായി കേന്ദ്രം പ്രഖ്യാപിക്കുകയും പ്രളയമുറിവുകൾ ഉണക്കാൻ തക്കവണ്ണം പ്രത്യേക പാക്കേജ് ദുരന്ത പ്രതികരണ ഫണ്ടിലൂടെ പ്രഖ്യാപിക്കുവാനും വിദേശ സഹായം നേടിയെടുക്കുവാനും കൂട്ടായി കേന്ദ്രസർക്കാരിൽ സമ്മർദ്ദം ചെലുത്തുന്നതോടൊപ്പം കേരളത്തിന് മുന്നിലുള്ള അതിജീവന പാതയിൽ നമുക്ക് ഒരുമിച്ച് കൈകോർത്ത് നീങ്ങേണ്ടതായിട്ടുണ്ട്. കഴിഞ്ഞ മാസത്തിലുണ്ടായ മഴക്കെടുതിയെത്തുടർന്ന് ദുരന്തത്തിലകപ്പെട്ട കുട്ടനാട്ടിലെ ജനങ്ങളെ സർക്കാർ ആദ്യം അവഗണിച്ചു. ഇപ്പോൾ എന്താണ് സംഭവിച്ചത്? പ്രളയക്കെടുതിയുടെ രക്ഷാപ്രവർത്തനങ്ങൾ സർക്കാരിന്റെ മേൽനോട്ടത്തിൽ പൂർണ്ണമായും സൈന്യത്തെ ഏൽപ്പിക്കണമെന്ന് പ്രതിപക്ഷ നേതാവ് യഥാസമയം പറയുകയുണ്ടായി. എന്നാൽ മുഖ്യമന്ത്രി അതിനെ പുച്ഛിച്ചുതള്ളി. പട്ടാളം വന്നാൽ യന്ത്രത്തോക്കുമായി ദൂരെ നോക്കിനിൽക്കാനേ കഴിയുകയുള്ളൂവെന്ന് ഒരു മന്ത്രി പറഞ്ഞു. ഭരണം പട്ടാളത്തെ ഏൽപ്പിക്കൽ നടപ്പില്ല എന്ന് സി.പി.ഐ (എം)- ന്റെ സംസ്ഥാന സെക്രട്ടറി പറഞ്ഞു. അദ്ദേഹം മുമ്പൊരിക്കൽ പറഞ്ഞത് പട്ടാളം വന്നാൽ അവർക്ക് ആരെയും വെടിവയ്ക്കാം, അമ്മ - പെങ്ങമ്മാരെ ബലാത്സംഗം ചെയ്യും, സംസ്ഥാന ഭരണം അവർ പിടിച്ചെടുക്കും എന്നാണ്. സിവിൽ അധികൃതരുടെ അറിവും സമ്മതവു മില്ലാതെ സിവിൽ ഭരണകാര്യങ്ങളിൽ സൈന്യം ഇടപെടാൻ പാടില്ല എന്ന നിയമമുണ്ട്. സംസ്ഥാന ഭരണത്തിന്റെയും താലൂക്ക് ഭരണാധികാരികളുടെയും സഹായത്തോടെയാണ് പട്ടാളം ദുരന്തഭൂമിയിൽ പ്രവർത്തിക്കുന്നത് എന്നുള്ളത് നിങ്ങൾക്കും അറിവുള്ള കാര്യമാണ്. അന്ന് തന്നെ സൈന്യത്തെ ചുമതല ഏൽപ്പിച്ചിരുന്നുവെങ്കിൽ സംഗതി ഇത്രയും വഷളാകുമായിരുന്നില്ല. ഇത്രയധികം മരണം സംഭവിക്കുമായിരുന്നില്ല. സർക്കാരിന്റെ ദുരഭിമാനവും മെല്ലെപ്പോക്കുമാണ് ഇത്രയധികം ദുരിതം വരുത്തിവച്ചത്. ഈ ദുരന്തം നടക്കുമ്പോൾ ഇതൊന്നും ശ്രദ്ധിക്കാൻ നിങ്ങൾക്ക് സമയമുണ്ടായിരുന്നില്ല. ഒരു വനിത എം.എൽ.എ. ഉൾപ്പെടെ അനേകം ഭരണപക്ഷ എം.എൽ.എ. മാർ ഭരണകൂടത്തെ നിശിതമായി വിമർശിച്ചുകൊണ്ട് ദൃശ്യമാധ്യമങ്ങളിൽ പറഞ്ഞത് എല്ലാവരും കേട്ടതാണ്. പത്രക്കാരെ കാണാൻ തീരെ താൽപ്പര്യം ഇല്ലാത്ത മുഖ്യമന്ത്രി തന്നെ ഇപ്പോൾ എന്തിനാണ് രണ്ടും മൂന്നും പ്രാവശ്യം പത്രക്കാരെ കാണാൻ പോകുന്നത്? അത് അങ്ങേയ്ക്ക് എന്തൊക്കെയോ മറച്ചുവയ്ക്കുവാനും പ്രതിപക്ഷ നേതാവിനെ വിമർശിക്കുന്നതിനും അതിൽനിന്നും എന്തൊക്കെയോ സർക്കാരിന് ഒളിക്കാനുമുണ്ട് എന്നുള്ളതിന്റെ ഏറ്റവും പ്രധാനപ്പെട്ട തെളിവായി കാണുകയാണ്. സർക്കാർ

വരുത്തിവച്ച മഹാദുരന്തമാണ് ഇതെന്ന് പറയാതിരിക്കാൻ നിർവ്വാഹമില്ല. ഇവിടെ ഉണ്ടാകുന്ന പ്രകൃതിക്ഷോഭങ്ങളെ തടഞ്ഞുനിർത്താനാകില്ലെങ്കിലും പ്രളയത്തെ മുൻകൂട്ടി കണ്ട് തയ്യാറെടുക്കാൻ സർക്കാർ സംവിധാനങ്ങളും വേണ്ടത്ര സജ്ജമാകുന്നില്ല എന്നുവേണം അനുമാനിക്കാൻ. ഇടുക്കി ഡാമിന്റെ 5 ഷട്ടറുകളും ഒരുമിച്ച് തുറന്ന് വെള്ളം ഒഴുക്കിവിട്ട് പ്രതിസന്ധി മറികടക്കുവാൻ സർക്കാർ ശ്രമിച്ചു. ഡാം നിറയുന്ന അവസ്ഥ ഒരാഴ്ചമുമ്പ് ഉണ്ടായതാണ്. അപ്പോൾ കുറച്ച് വെള്ളം തുറന്ന് ഒഴുക്കിക്കളഞ്ഞിരുന്നുവെങ്കിൽ ഇത്ര വലിയ പ്രശ്നം ഉണ്ടാകുമായിരുന്നില്ല. അന്ന് തീരുമാനമെടുക്കുന്ന കാര്യത്തിൽ വൈദ്യുതി വകുപ്പും ജലവിഭവ വകുപ്പും തമ്മിൽ ധാരണയുണ്ടായില്ല. പരസ്പരം തർക്കിച്ചുനിന്നു. ഡാം തുറക്കുന്നത് വൈദ്യുതി വകുപ്പും തുറന്നാൽ മറ്റു കാര്യങ്ങൾ നോക്കേണ്ടത് ജലവിഭവവകുപ്പും റവന്യൂ വകുപ്പുമാണ്. റവന്യൂ-വൈദ്യുതി-ജലവിഭവ വകുപ്പു മന്ത്രിമാരെല്ലാം പറഞ്ഞത് പണ്ടും മഴയുണ്ടായിരുന്നു, പുഴകളെല്ലാം നിറഞ്ഞിരുന്നു, അപ്പോഴൊന്നും ഷട്ടർ ഉയർത്തിയിട്ടില്ല എന്നാണ്. ഇതിൽനിന്നും രക്ഷപ്പെടാൻ ഇന്ന് കെ.എസ്.ഇ.ബി.-യുടെ ചെയർമാൻ പറഞ്ഞത് തുറന്നുവിടുന്ന വെള്ളത്തിൽ നിന്നും മണിക്കൂറിൽ 10 ലക്ഷം രൂപ വീതം ഉണ്ടാക്കുവാൻ കഴിയുമെന്നാണ്. വൈദ്യുതി ഉല്പാദിപ്പിച്ച് വിറ്റ് പണം നേടാമെന്നുള്ള ശ്രമത്തിലായിരുന്നു വൈദ്യുതി വകുപ്പ്. കേരള ജനതയ്ക്കുണ്ടാകുന്ന വിപത്തിനെക്കുറിച്ച് ചിന്തിച്ചതേയില്ല. വൈദ്യുതി വകുപ്പിന്റേയും ജലവിഭവവകുപ്പിന്റേയും ഡാമുകൾ ഒരുമിച്ച് തുറന്നാൽ സംഭവിക്കുന്ന ദുരന്തത്തിന്റെ ആഴവും വ്യാപ്തിയും നിർണ്ണയിക്കുന്നതിൽ സർക്കാരിന് വീഴ്ച പറ്റി. പമ്പയിലെ 9 ഡാമുകളും ഇടുക്കി ജില്ലയിലെ 11 ഡാമുകളും ചാലക്കുടി പുഴയിലെ 6 ഡാമുകളും മുല്ലപ്പെരിയാർ, ബാണാസുരസാഗർ, ശബരിഗിരി മുതലായ ഡാമുകളും യാതൊരു മുന്നറിയിപ്പുമില്ലാതെ ജനങ്ങൾ ഉറങ്ങിക്കിടക്കുമ്പോൾ തുറന്നുവിട്ട് ജനത്തെ നിലയില്ലാക്കയത്തിലേയ്ക്ക് തള്ളിയിട്ട ക്രൂരതയാണ് കൈക്കൊണ്ടത്. പിടിപ്പുകേട് അലങ്കാരമായി കൊണ്ടുനടക്കരുത്. റവന്യൂ-ജലവിഭവ-വൈദ്യുതി വകുപ്പുമന്ത്രിമാർ തമ്മിൽ തർക്കം നിലനിന്നതും യഥാസമയം ഉണർന്ന് പ്രവർത്തിക്കാതിരുന്നതുമാണ് പ്രശ്നങ്ങൾ ഇത്രയേറെ രൂക്ഷമാക്കിയത്. മഴ കനക്കുമെന്ന് റവന്യൂ വകുപ്പ് കെ.എസ്.ഇ.ബി.-ക്ക് യഥാസമയം മുന്നറിയിപ്പ് നൽകണമായിരുന്നു. അതുണ്ടായില്ല. ഇപ്പോൾ യാതൊരു പ്രശ്നവുമില്ല, വേണ്ടിവന്നാൽ മുന്നറിയിപ്പ് നൽകി ട്രയൽ നടത്തും അതിനുശേഷം ഡാം തുറക്കും. ഇതാണ് സർക്കാർ തീരുമാനം എന്നാണ് വൈദ്യുതി വകുപ്പുമന്ത്രി പറഞ്ഞത്. ഷട്ടർ ഉയർത്തുന്നതുസംബന്ധിച്ച് ജില്ലാ ഭരണകൂടവും കെ.എസ്.ഇ.ബി.-യും തമ്മിലുള്ള നിഴൽയുദ്ധത്തെക്കുറിച്ച് സർക്കാർ അറിഞ്ഞിരുന്നോ എന്ന് വ്യക്തമാക്കണം.

<u>മി. സ്പീക്കർ</u>: ശ്രീ. അടൂർ പ്രകാശ്.. പ്ലീസ്...കൺക്ലൂഡ്

ശ്രീ. അടൂർ പ്രകാശ്: സർ, ഞാൻ അവസാനിപ്പിക്കുകയാണ്. എല്ലാവർക്കും അങ്ങ് മൂന്നുനാല് മിനിട്ട് അധികം നൽകി. എല്ലാവർക്കുമുള്ള അവകാശം എനിക്കുമുണ്ട്.

മി. സ്പീക്കർ: അങ്ങേയ്ക്കും അധികം സമയം തന്നുകഴിഞ്ഞു.

ശ്രീ. അടൂർ പ്രകാശ്: സർ, 1981-ലും 1992-ലും മുന്നറിയിപ്പ് നൽകിയിട്ടാണ് ഷട്ടർ ഉയർത്തിയത്. സർവ്വനാശം വന്നിട്ടും തണ്ണീർമുക്കത്തെ മൺചിറ ഇതുവരെയും മാറ്റിയിട്ടില്ല. ഇപ്പോൾ ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറയുന്നത് വലിയ ഡാമുകൾ തുറക്കുമ്പോൾ മാത്രം മുന്നറിയിപ്പ് നൽകിയാൽ മതിയെന്നാണ്. എല്ലാ ഡാമുകളും തുറന്നിട്ടിരുന്ന ദൃശ്യങ്ങൾ ദിവസങ്ങളോളം ലോകംമുഴുവൻ കണ്ട ജനങ്ങളോടാണ് മുഖ്യമന്ത്രി ഇതുപറയുന്നതെന്ന് ഓർക്കണം. ഷട്ടറുകൾ തുറക്കുന്നതിനുമുമ്പ് ബന്ധപ്പെട്ട ചീഫ് എഞ്ചിനീയർ, വകുപ്പ് മേധാവികൾ, ജില്ലാ കളക്ടർമാർ തുടങ്ങിയവർ ബന്ധപ്പെട്ട റവന്യൂ തദ്ദേശ സ്ഥാപനങ്ങളിൽ രേഖാമൂലം അറിയിക്കണം. ജനങ്ങൾക്ക് മുന്നറിയിപ്പ് നൽകി അവരെ മാറ്റി പാർപ്പിക്കണമായിരുന്നു. ദുരന്ത നിവാരണ വകുപ്പ് ഡാമുകളുമായി ബന്ധപ്പെട്ട് റിസർവോയർ പ്ലാനിംഗിലെയും വെള്ളപ്പൊക്ക ദുരന്ത നിവാരണത്തിലെയും ആധുനിക പാഠങ്ങൾ ഇനിയും പഠിച്ചിട്ടില്ല. അതിന് മാറ്റമുണ്ടാകണം. ദുരന്തങ്ങൾ പ്രവചിക്കുകയും നേരിടുകയും ചെയ്യുന്നതിൽ ശാസ്ത്ര സാങ്കേതിക രംഗത്ത് വലിയ കുതിച്ചുചാട്ടം ഉണ്ടായിട്ടുണ്ട്. ഉപഗ്രഹങ്ങളുടെ ഉപയോഗം, സെൽഫോൺ വഴി മുന്നറിയിപ്പ്, ബിഗ് ഡാറ്റാ അനാലിസിസിലൂടെ ദുരന്ത ഹോട്ട് സ്പോട്ടുകൾ വേഗത്തിൽ കണ്ടുപിടിക്കുന്ന രീതി, മാത്തമാറ്റിക്കൽ മോഡലിംഗിലൂടെ ദുരന്തങ്ങൾ മുൻകൂട്ടി പ്രവചിക്കുന്ന രീതി എന്നിങ്ങനെയുള്ള ആധുനിക മാറ്റങ്ങൾ നമ്മൾ സ്ഥാപിക്കാൻ ശ്രമിക്കുന്നില്ല.

മി. സ്പീക്കർ: ശ്രീ. അൻവർ സാദത്ത് അങ്ങ് സംസാരിക്കൂ.

ശ്രീ. അടൂർ പ്രകാശ്: സർ, ഇത്തരം പ്രശ്നങ്ങൾ നിലനിൽക്കുമ്പോൾ എന്റെ നിയോജകമണ്ഡലത്തിലും ചിറ്റാർ പഞ്ചായത്തിലും സീതത്തോട് പഞ്ചായത്തിലും ഉരുൾപൊട്ടലുണ്ടായി. ചിറ്റാർ പഞ്ചായത്തിൽ നാല് വാർഡുകളിൽ ഉരുൾപൊട്ടലുണ്ടായി. മണ്ണിടിച്ചിലിൽ നാലുപേർ മണ്ണിനടിയിൽപെട്ടു; ഒരാൾ മരണപ്പെട്ടു; മൂന്നുപേരെ രക്ഷപ്പെടുത്തി. വയ്യാറ്റുപുഴയിൽ കുളങ്ങരവാലി പ്രദേശത്ത് രണ്ടാളുകൾ മരണത്തിനിരയായി.

മി. സ്പീക്കർ: പ്ലീസ്.......കൺക്ലൂഡ്....... മണ്ഡലത്തിലെ ദുരന്തത്തിന്റെ എല്ലാ കാര്യങ്ങളും സംസാരിക്കാൻ സാധിക്കില്ല.

ശ്രീ. അടൂർ പ്രകാശ്: സർ, സീതത്തോട് പഞ്ചായത്തിൽ മുണ്ടൻപാറയിൽ ഉരുൾപൊട്ടലുണ്ടായി.

മി. സ്പീക്കർ: ശ്രീ. അടൂർ പ്രകാശ് നാല് മിനിട്ട് അധിക മെടുത്തിരിക്കുകയാണ്. ശ്രീ. അൻവർ സാദത്ത് അങ്ങേയ്ക്ക് സംസാരിക്കാം.

ശ്രീ. അടൂർ പ്രകാശ്: സർ, സീതത്തോട് പഞ്ചായത്തിൽ മുണ്ടൻപാറയിൽ ഉരുൾപൊട്ടി രണ്ടുപേർ മണ്ണിനടിയിൽപെട്ടു. ഇത്തരത്തിലുള്ള പല സംഭവങ്ങളും കേരളത്തിലുണ്ടായി. ഞങ്ങളാരും ഗവൺമെന്റിനെതിരെ പറയുന്നതല്ല. പത്തനംതിട്ട ജില്ലയിൽ എഴീക്കാട് കോളനിയിൽ ബഹുമാന്യനായ രാഹുൽ ഗാന്ധി എത്തിയതിനെ ഇവിടെ ഒരു എം.എൽ.എ. വിമർശിക്കുകയുണ്ടായി. ശ്രീ. രാഹുൽ ഗാന്ധി ഞങ്ങളുടെ പ്രദേശത്ത് എത്തുന്നതിനുമുമ്പുതന്നെ ഒരു വനിത ആ പ്രദേശത്ത് പോയി ശ്രീ. രാഹുൽ ഗാന്ധി വരുമ്പോൾ അദ്ദേഹത്തെ എതിർക്കണമെന്ന് ആളുകളോട് പറഞ്ഞതായി ഞങ്ങൾക്ക് മനസ്സിലാക്കാൻ കഴിഞ്ഞു. അവിടെ യൊക്കെ അത് അങ്ങാടിപ്പാട്ടായി മാറിയിരിക്കുന്നു. ഇപ്പോഴാണ് മനസ്സിലാക്കാൻ കഴിഞ്ഞത്.....(മൈക്ക് ഓഫ്).....

മി. സ്പീക്കർ: ശ്രീ. അൻവർ സാദത്ത് അങ്ങേയ്ക്ക് സംസാരിക്കാം.

ശ്രീ. അൻവർ സാദത്ത്: സർ, ഉപക്ഷേപത്തെ പിന്താങ്ങുന്നു. ഇവിടെ നേരത്തെ ശ്രീ. എൽദോ എബ്രഹാം സംസാരിച്ചപ്പോൾ എറണാകുളത്തും ആലുവയിലും തുടക്കം മുതലേ വൻ സന്നാഹമുണ്ടായിരുന്നുവെന്ന് ശ്രീ. വി. ഡി. സതീശൻ പറഞ്ഞത് നുണയാണെന്ന് പറഞ്ഞു. കൂടാതെ ശ്രീ. എ. സി. മൊയ്തീനെ ചുമതലയേൽപ്പിച്ചിട്ടുണ്ടെന്ന് പറഞ്ഞു. ഈ ദുരന്തം കഴിഞ്ഞതിനുശേഷമാണ് അദ്ദേഹം ദൗത്യം ഏറ്റെടുത്തത്. അത് നല്ല രീതിയിൽ തന്നെയാണ് ഇപ്പോൾ മുന്നോട്ടുപോകുന്നത്. അതിനുമുമ്പ് ഞങ്ങളൊക്കെ വേഴാമ്പൽ മഴ കാത്തിരിക്കുന്നതു പോലെ ഏതെങ്കിലും മന്ത്രിയുടെ ഫോൺ വിളിക്ക് കാത്തിരുന്നു. മുഖ്യമന്ത്രിയോ മറ്റേതെങ്കിലും മന്ത്രിമാരോ ദുരന്തമുഖത്തു നിൽക്കുന്ന ഞങ്ങളെ വിളിച്ച് ഒരു ആശ്വാസ വാക്ക് പറയുമെന്ന് പ്രതീക്ഷിച്ചു. ബഹുമാനപ്പെട്ട കൃഷി വകുപ്പുമന്ത്രി ആഗസ്റ്റ് 15-ന് എറണാകുളത്ത് അദ്ദേഹത്തിന് ചുമതലയുണ്ടായിരുന്നിടത്ത് വന്നശേഷം എന്റെ ക്യാമ്പിൽ വന്നിരുന്നു. ഒരു മന്ത്രി വിളിച്ചത് അവിടെ അദ്ദേഹത്തിന്റെ പരിചയത്തിലുള്ള അപകടത്തിൽപ്പെട്ടയാളെ രക്ഷിക്കുന്നതിനാണ്. അല്ലാതെ ഇതിനുവേണ്ടി വിളിക്കാനുള്ള സാഹചര്യമുണ്ടായില്ല. ഈ ദുരന്തം ആലുവക്കാരെ സംബന്ധിച്ച് മാനസികമായി വലിയ പ്രയാസമുണ്ടായ ഒരു കാര്യം തന്നെയാണ്. ദുരന്ത മുഖത്ത് നിസ്സഹായനായി നോക്കിനിൽക്കേണ്ടിവന്ന ഒരു ഗതികെട്ട ജനപ്രതിനിധിയായി എനിക്ക് മാറേണ്ടിവന്നു. കാരണം പാവപ്പെട്ട സഹോദരീ സഹോദരന്മാർ വിളിപ്പാടകലെ നിലവിളിക്കുമ്പോൾ അവരെ സഹായിക്കാൻ കഴിയാതെ പലപ്പോഴും നിസ്സഹായനായി നോക്കിനിൽക്കേണ്ടി വന്നു. അത് ഒരു ജനപ്രതിനിധിയെ സംബന്ധിച്ച് പ്രയാസമുള്ള ഒരു കാര്യം

തന്നെയാണ്. ഇന്ന് ഡാം എന്ന് കേൾക്കുമ്പോൾ ദുരന്തമനുഭവിച്ച എല്ലാവർക്കും അതൊരു വാട്ടർ ബോംബായാണ് നോക്കിക്കാണാൻ സാധിക്കുന്നത്. അതുകൊണ്ട് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോടും ഈ ഗവൺമെന്റിനോടും അഭ്യർത്ഥിക്കാനുള്ളത് ഡാമിന് ഞങ്ങൾ എതിരല്ല. പക്ഷെ ഡാം തുറക്കേണ്ട സാഹചര്യമുണ്ടാകുമ്പോൾ വെള്ളം സുരക്ഷിതമായി ഒഴുകിപ്പോകാനുള്ള സാധ്യതകളാണ് നമുക്ക് വേണ്ടത്. ഇത് മനുഷ്യൻ തന്നെ വരുത്തിവച്ച അപകടമാണെന്നതിൽ ഒരു സംശയവുമില്ല. ആ ആപകടം നമ്മൾ നോക്കിക്കാണണം. അല്ലാതെ ഡാമിനെയോ പ്രകൃതിയെയോ മാത്രം കുറ്റപ്പെടുത്തിയിട്ട് കാര്യമില്ല. ഇത് നിയന്ത്രിക്കാനുള്ള സാഹചര്യം നമുക്കുണ്ടായിരുന്നു. അത് നമ്മൾ തന്നെ ഉണ്ടാക്കിയ ഒരപകടമാണ്. അവിടെ ഗവൺമെന്റിനും ഉദ്യോഗസ്ഥർക്കും പറ്റിയ പാളിച്ചകൾ അന്വേഷിക്കണം. ദുരന്തം അനുഭവിച്ച ഞങ്ങൾക്ക് ആ ഭയം ഇന്നും മാറിയിട്ടില്ല.

പെരിയാർ ഗതിമാറിയൊഴുകിയപ്പോഴാണ് ദുരന്തം ഞങ്ങൾക്ക് ഏറ്റു വാങ്ങേണ്ടിവന്നത്. അതുകൊണ്ട് ജുഡീഷ്യൽ അധികാരമുള്ള പെരിയാർ റിവർ മാനേജ്മെന്റ് അതോറിറ്റി രൂപീകരിക്കണം. ഇക്കാര്യം പലതവണ സബ്മിഷനായി ഉന്നയിച്ചതാണ്. പെരിയാർ റിവർ മാനേജ്മെന്റ് അതോറിറ്റി രൂപീകരിച്ചാൽ കുറെ പരിഹാരം കണ്ടെത്താൻ സാധിക്കും. നെടുമ്പാശ്ശേരി വിമാനത്താവളത്തിൽ പ്രശ്നമുണ്ടായി. അവണംകോട്, ചെങ്കൽഭാഗം പ്രദേശങ്ങൾ നാമാവശേഷമായിപ്പോയത് ചെങ്കൽ തോടിന്റെ പ്രശ്നം കാരണമാണ്. അതിന് പരിഹാരം കണ്ടെത്തണം. മാലിന്യ പ്രശ്നത്തിന് പരിഹാരം കണ്ടെത്താൻ സാധിക്കണം. വീട് പൂർണ്ണമായി നഷ്ടപ്പെട്ടവർക്ക് വീട് നിർമ്മിച്ചുനൽകണം. നേവി, പോലീസ്, ഫയർഫോഴ്സ് ഇവയെല്ലാം ഉണ്ടായിരുന്നെങ്കിലും മത്സ്യത്തൊഴിലാളികൾ ചെയ്ത സേവനത്തെ ഞാൻ ഈ സഭയിൽ അഭിമാനത്തോടെ പറയാൻ ആഗ്രഹിക്കുന്നു.

മി. സ്പീക്കർ: അങ്ങ് രണ്ട് മിനിട്ട് അധികമെടുത്തു. അങ്ങ് നല്ല നിർദ്ദേശങ്ങൾ പറഞ്ഞു. ഇനിയുള്ള നിർദ്ദേശങ്ങൾ അങ്ങേയ്ക്ക് എഴുതി നൽകാം. കൺക്ലൂഡ് ചെയ്യൂ.

ശ്രീ. അൻവർ സാദത്ത്: സർ, സർക്കാർ നൽകാമെന്ന് പറഞ്ഞ പതിനായിരം രൂപ ഇന്നും കൊടുക്കാൻ സാധിച്ചിട്ടില്ല. ക്യാമ്പിൽ താമസിച്ചവർക്ക് ആദ്യം തുക നൽകുമെന്നാണ് പറഞ്ഞത്. അങ്ങനെ രണ്ടുതരം സമീപനം പാടില്ല. ക്യാമ്പിൽ വരാതെ വീടുകളിൽ പോയവർ ഗവൺമെന്റിനെ സഹായിക്കുകയാണ് ചെയ്തത്. അവർ കൂടി ക്യാമ്പിൽ വന്നാൽ നമുക്ക് കൂടുതൽ ബുദ്ധിമുട്ടുണ്ടാകുമായിരുന്നു. അവർക്കും ആ തുക നൽകണം. ഏറ്റവും അടുത്ത നിമിഷം തന്നെ അവരുടെ ബാങ്ക് അക്കൗണ്ടുകളിൽ ഈ പണം എത്തിക്കാൻ സാധിക്കണമെന്നാണ് എനിക്ക് പറയുവാനുള്ളത്. ....(മൈക്ക് ഓഫ്)

മി. സ്പീക്കർ: ശ്രീ. സി. കെ. ശശീന്ദ്രൻ, അങ്ങ് സംസാരിക്കൂ.

ശ്രീ. അൻവർ സാദത്ത്: സർ,..

മി. സ്പീക്കർ: ഒരു വാചകം കൂടി പറഞ്ഞ് കൺക്ലൂഡ് ചെയ്യൂ.

ശ്രീ. അൻവർ സാദത്ത്: സർ, പുതിയ കേരള നിർമ്മാണത്തിനുവേണ്ടി പ്രതിപക്ഷത്തിന്റെ എല്ലാ സപ്പോർട്ടുമുണ്ട്. ഞങ്ങളും 50,000 രൂപയുടെ ചെക്ക് ഇന്ന് മുഖ്യമന്ത്രിക്ക് നൽകുകയാണ്. മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേയ്ക്ക് ധാരാളം സുഹൃത്തുക്കൾ വഴിയും പണം നൽകിയിട്ടുണ്ട്. പുതിയ കേരളത്തിനുവേണ്ടി പ്രയത്നിച്ച് ഗവൺമെന്റ് മുന്നോട്ടുപോകുമ്പോൾ പൂർണ്ണപിന്തുണയും സഹായവും നൽകുമെന്ന് മാത്രം പറയുന്നു.

1.00 PM]

ശ്രീ. സി. കെ. ശശീന്ദ്രൻ: സർ, പ്രത്യേക നിയമസഭാ സമ്മേളനം വിളിച്ചുചേർത്തതിന് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയെയും ബന്ധപ്പെട്ടവരെയും അഭിനന്ദിക്കുന്നു. ബഹുമാനപ്പെട്ട മുഖ്യമന്ത്രി അവതരിപ്പിച്ച ഉപക്ഷേപത്തെ പൂർണ്ണമായും പിന്തുണയ്ക്കുന്നു. വയനാട് എല്ലാ അർത്ഥത്തിലും ഒറ്റപ്പെട്ടുപോകുന്ന അവസ്ഥയാണ് ഉണ്ടായിരുന്നത്. സമാനതകളില്ലാത്ത ദുരന്തമാണ് ജില്ല ഏറ്റു വാങ്ങേണ്ടി വന്നത്. ജില്ലയിൽ 11 പേരാണ് മരിച്ചത്. 1411 കോടി രൂപയുടെ നഷ്ടമുണ്ടായി എന്നാണ് പ്രാഥമികമായി കണക്കാക്കിയിരിക്കുന്നത്. 335 ക്യാമ്പുക ളിലായി 38,250 ആളുകളെയാണ് മാറ്റിപ്പാർപ്പിച്ചിരിക്കുന്നത്. 242 പ്രദേശങ്ങളിൽ ഉരുൾപൊട്ടലുണ്ടായി. 1256 കുടുംബങ്ങളെ മാറ്റിപാർപ്പിച്ചു. 676 ഏക്കർ സ്ഥലമാണ് ഉരുൾപൊട്ടലിന്റെ ഭാഗമായി നഷ്ടപ്പെട്ടുപോയത്. നല്ല മുൻകരുതലുകൾ സ്വീകരി ച്ചതിന്റെ ഫലമായാണ് വലിയ അപകടങ്ങൾ ഒഴിവാക്കാൻ സാധിച്ചത്. ആഗസ്റ്റ് 9-നാണ് ദുരന്തത്തിന്റെ തുടക്കം ഉണ്ടാകുന്നത്. ആ സന്ദർഭത്തിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുമായി ബന്ധപ്പെട്ട് ആർമി, നാവികസേന, ദുരന്തനിവാരണസേന എന്നിവരെ അന്ന് വൈകുന്നേരം തന്നെ എത്തിച്ച് വലിയ രീതിയിലുള്ള രക്ഷാ പ്രവർത്ത നങ്ങളിൽ ഏർപ്പെടാൻ കഴിഞ്ഞിരുന്നു. മുഖ്യമന്ത്രി, ആരോഗ്യ വകുപ്പുമന്ത്രി, റവന്യൂ വകുപ്പുമന്ത്രി, കൃഷി വകുപ്പുമന്ത്രി, തുറമുഖ വകുപ്പുമന്ത്രി തുടങ്ങിയവരെല്ലാം ജില്ലയിൽ വന്ന് ഈ പ്രവർത്തനങ്ങൾക്ക് നേതൃത്വം കൊടുത്തിട്ടുണ്ട്. 18 ക്യാമ്പുകളാണ് ഇപ്പോൾ തുടരുന്നത്. 213 കുടുംബങ്ങളിലെ 737 പേരുണ്ട്. ഉരുൾപൊട്ടലിലാണ് വലിയ പ്രയാസമുണ്ടായിട്ടുള്ളത്.

ഡാമുകളുമായി ബന്ധപ്പെട്ടാണ് വലിയ പ്രശ്നങ്ങൾ പറഞ്ഞത്. 1924-ലാണ് വലിയ ദുരന്തമുണ്ടായത്. അന്ന് മുല്ലപ്പെരിയാർ ഡാം മാത്രമാണ് ഉണ്ടായിരുന്നത്. ഇപ്പോൾ കേരളത്തിൽ 82 ഡാമുകളുണ്ട്. ഇതിലെല്ലാം കൂടി 6000 മില്ല്യൺ ക്യൂബിക് മീറ്റർ വെള്ളമാണ് ശേഖരിച്ചുവച്ചിരിക്കുന്നത്. ഈ ഡാമുകൾ

ഇല്ലായിരുന്നുവെങ്കിൽ കേരളം മുങ്ങിത്താഴുമായിരുന്നു. ബാണാസുര സാഗർ അണക്കെട്ടുമായി ബന്ധപ്പെട്ട് സൂചിപ്പിച്ച കാര്യങ്ങൾ അവാസ്തവവും തെറ്റിദ്ധരിപ്പിക്കുന്നതുമാണ്. IMD-യുടെ കാലാവസ്ഥാ പ്രവചനത്തിന് വ്യത്യസ്തമായി മഴ കൂടുതലുണ്ടാകുന്ന അവസ്ഥയുണ്ടായി. അവരുടെ പ്രവചനംപോലും തെറ്റിച്ചു കൊണ്ടുള്ള മേഘസ്ഫോടനമാണ് ഉണ്ടായത്. വയനാട്ടിൽ ജൂലൈ 14-ാം തീയതി മുതൽ തന്നെ ബാണാസുരസാഗർ ഡാം തുറന്നിരുന്നു. അന്ന് ആളുകളെല്ലാം മീൻ പിടിക്കാൻ ഓടിക്കൂടിയിരുന്നു. ഒരു പ്രശ്നവും അവിടെ ഉണ്ടായിരുന്നില്ല. ആഗസ്റ്റ് 6 വരെ തുടർച്ചയായി ഡാമിലെ വെള്ളം തുറന്നുവിട്ടിരുന്നു. ബാണാസുരസാഗർ എർത്ത് ഡാം (മണ്ണുകൊണ്ട് നിർമ്മിച്ച ഏറ്റവും വലിയ അണക്കെട്ട്) ആണ്. മറ്റുള്ള ഡാമുകളിൽനിന്ന് വ്യത്യസ്തമായി ഡാം തുറക്കുകയല്ലാതെ മറ്റൊരു മാർഗ്ഗവും ഉണ്ടായിരുന്നില്ല. ആഗസ്റ്റ് 9-ന് 442 മില്ലി ലിറ്റർ മഴയാണ് പെയ്തത്. ഇത്രയും മഴ ഒരിക്കലും രേഖപ്പെടുത്തിയിരുന്നില്ല. അന്ന് മേഘസ്ഫോടനത്തിന്റെ ഫലമായാണ് മഴ ഉണ്ടായത്. അതിന്റെ ഫലമായാണ് ഡാം തുറക്കേണ്ടി വന്നത്. ഏറ്റവും കൂടുതൽ വെള്ളം ഒഴുകിപ്പോകുന്നത് പടിഞ്ഞാറെത്തറ, പനമരം, കോട്ടത്തറ, പുൽപ്പള്ളി, മുള്ളൻകൊല്ലി, വെള്ളമുണ്ട എന്നീ പ്രദേശങ്ങളിലൂടെയാണ്. എന്നാൽ അവിടെയൊന്നുമല്ല അപകടമുണ്ടായത്. ഉരുൾപൊട്ടലിന്റെ ഫലമായി ജീവഹാനി ഉണ്ടായത് മറ്റ് പഞ്ചായത്തുകളിലാണ്. ഇതുമായി ബന്ധപ്പെട്ട് തെറ്റായ രീതിയിലുള്ള പ്രചരണങ്ങൾ സംഘടിപ്പിക്കുന്നതു കൊണ്ട് നമുക്ക് ഒരിക്കലും പ്രശ്നങ്ങൾക്ക് പരിഹാരം കാണാൻ കഴിയില്ല. ഡാം തുറന്ന് 12 ശതമാനം ജലം മാത്രമാണ് കബനി നദിയിലേക്ക് ഒഴുക്കിയത്, ബാക്കിയെല്ലാം മഴവെള്ളമാണ്. ഇതാണ് കണക്കുകൾ പറയുന്നത്. ആ അടിസ്ഥാനത്തിലാണ് കാര്യങ്ങൾ കാണേണ്ടത്. അതുപോലെ, വലിയ രീതിയിലുള്ള മുന്നൊരുക്കങ്ങൾ നമ്മുടെ ജില്ലയിൽ ഉണ്ടായിട്ടുണ്ട്. ഇവിടെ നേരത്തെ സൂചിപ്പിച്ച ശ്രീ. മുരളി തുമ്മാരുകുടി യു.എൻ.ഒ.-യുടെ പ്രതിനിധിയാണ്. അദ്ദേഹം മുഖ്യമന്ത്രിയെ അഭിനന്ദിച്ചു കൊണ്ടാണ് ലേഖനങ്ങൾ എഴുതിയിട്ടുള്ളത്. ഏറ്റവും നല്ല രീതിയിൽ, ഒരു സ്ഥാനത്തിരുന്ന് എല്ലാ കാര്യങ്ങളും നിയന്ത്രിക്കുന്ന രീതിയിൽ കേരളത്തിലെ ജനങ്ങൾക്ക് വലിയ ആത്മവിശ്വാസം പകർന്നുകൊണ്ട് ലോകജനതതന്നെ അഭിനന്ദിക്കുന്ന രീതിയിലാണ് കേരളത്തിലെ മുഖ്യമന്ത്രി ഇടപെട്ടിട്ടുള്ളതെന്ന് ആർക്കാണ് പറയാൻ കഴിയാത്തത്. പ്രതിപക്ഷം മനസ്സിലാക്കേണ്ടത്, ജനങ്ങൾ ഒറ്റക്കെട്ടായി, ഒരേ മനസ്സോടുകൂടി ഈ ദുരന്തത്തെ നേരിടാൻ നിൽക്കുകയാണ്. ആ സ്പിരിറ്റോടുകൂടി എന്റെ കേരളം പുതിയ കേരളം എന്ന രീതിയിൽ പുനർനിർമ്മാണത്തിൽ ഏർപ്പെടുകയാണ് നിങ്ങൾ എല്ലാവരും ചെയ്യേണ്ടത്. മനുഷ്യസാധ്യമായ കാര്യങ്ങൾ മാത്രമല്ല ഈ ഗവൺമെന്റ് ചെയ്തത്, അതിനപ്പുറത്ത് കാര്യങ്ങൾ ചെയ്യാനായിരുന്നു മുന്നോട്ടുവന്നതെന്ന് നമുക്ക് കാണാൻ കഴിയും. ആ അടിസ്ഥാനത്തിലാണ് ഇതിനെ കാണേണ്ടത്.

വയനാട് ജില്ലയിൽ 621 വീടുകൾ പൂർണ്ണമായും നശിച്ചുപോയി. 9250 വീടുകൾക്ക് കേടുപാടുകൾ സംഭവിച്ചിട്ടുണ്ട്. നിരവധി വീടുകൾ ചോർന്നൊലിക്കുന്ന സ്ഥിതിയുണ്ടായിട്ടുണ്ട്. അത്തരം വീടുകളുടെ കണക്കെടുക്കേണ്ടതുണ്ട്. വീട് പൂർണ്ണമായും നഷ്ടപ്പെട്ടവർക്ക് നാല് ലക്ഷം രൂപ കൊടുക്കാൻ കഴിയും. എന്നാൽ ഭാഗികമായി നാശം സംഭവിച്ച വീടുകൾക്കുള്ള നോംസിൽ മാറ്റം വരുത്തി പുതുക്കിപ്പണിയാനാവശ്യമായ കാര്യങ്ങൾ ചെയ്യണം.

വയനാട് തികച്ചും വ്യവസായരഹിത ജില്ലയാണ്. കൃഷി ആണ് ഏറ്റവും പ്രധാനപ്പെട്ട ജീവിതമാർഗ്ഗം. 331 കോടി രൂപയുടെ കൃഷിനാശമാണ് പ്രാഥമികമായി ഇപ്പോൾ കണക്കാക്കിയിരിക്കുന്നത്. നഷ്ടം ഇനിയും കണക്കാക്കേണ്ടതുണ്ട്. നെല്ല്, വാഴ തുടങ്ങിയവയുടെ നഷ്ടമാണ് പ്രധാനമായും കണക്കാക്കിയിരിക്കുന്നത്. ദീർഘകാല വിളകളാണ് അവിടെയുള്ളത്. കൃഷി വകുപ്പ് പ്രത്യേകം ശ്രദ്ധിക്കേണ്ട കാര്യങ്ങളാണിത്. അടയ്ക്ക പൂർണ്ണമായും കൊഴിഞ്ഞു പോയി, കാപ്പി കൊഴിഞ്ഞുകൊണ്ടിരിക്കുകയാണ്. 65 കോടി രൂപയുടെ നഷ്ടം ഉണ്ടാകുമെന്നാണ് കോഫി ബോർഡിന്റെ പ്രാഥമിക നിഗമനം. കുരുമുളകിന്റെ നഷ്ടം 23 കോടി രൂപയായി കണക്കാക്കിയിട്ടുണ്ട്. അത്തരത്തിൽ വലിയതോതിലുള്ള നഷ്ടമാണ് ഉണ്ടായിരിക്കുന്നത്. ആളുകൾക്ക് പുതിയ ജീവിതം കെട്ടിപ്പടുക്കാൻ വർഷങ്ങൾ എടുക്കും. കൃഷിക്കാരുടെ കൃഷി മുഴുവൻ നശിച്ചുപോയതുകൊണ്ട് വലിയ രീതിയിലുള്ള സഹായങ്ങൾ വയനാട് ജില്ല അർഹിക്കുന്നുണ്ടെന്ന കാര്യത്തിൽ യാതൊരു സംശയവുമില്ല. മൊറട്ടോറിയം പ്രഖ്യാപിച്ചത് നല്ല കാര്യമാണ്. ആ മൊറട്ടോറിയം പ്രഖ്യാപിച്ച കാലത്തെ പലിശ ഒഴിവാക്കാൻ കഴിയുമോയെന്നത് സംബന്ധിച്ച് ഗവൺമെന്റ് ആലോചിക്കണം. അല്ലെങ്കിൽ മൊറട്ടോറിയം പ്രഖ്യാപിച്ചാലും കർഷകർ വീണ്ടും പലിശ കൊടുക്കേണ്ട അവസ്ഥയിലേയ്ക്ക് കാര്യങ്ങൾ വരും. ഇക്കാര്യത്തിൽ എങ്ങനെ ഇടപെടാൻ കഴിയുമെന്നത് സംബന്ധിച്ച് ഗവൺമെന്റിന്റെ സാമ്പത്തിക പരിമിതിക്കുള്ളിൽ നിന്നുകൊണ്ട് ആലോചിക്കാൻ കഴിയണം.

കേരളത്തിൽ ഏറ്റവും കൂടുതൽ പാൽ ഉത്പാദിപ്പിക്കുന്ന രണ്ടാമത്തെ ജില്ലയാണ് വയനാട്. മൃഗസംരക്ഷണ മേഖലയിൽ 12 കോടി രൂപയുടെ നഷ്ടമാണ് കണക്കാക്കിയിരിക്കുന്നത്. ലക്ഷക്കണക്കിന് ലിറ്റർ പാൽ ഒഴുക്കി കളയേണ്ടിവന്നു. രണ്ട് ദിവസം പാൽ അളക്കാൻ കഴിഞ്ഞില്ല. 191 പശുക്കൾ, എരുമ, പന്നി മുതലായവയും ചത്തു. 22,657 കോഴികളും 18000 കാടകളും ഒലിച്ച് പോവുകയോ നഷ്ടപ്പെടുന്ന അവസ്ഥ ഉണ്ടാവുകയോ ചെയ്തിട്ടുണ്ട്. പശുക്കൾ നഷ്ടപ്പെട്ടില്ലെങ്കിലും അവയ്ക്ക് തീറ്റപ്പുല്ല് ഉൾപ്പെടെയുള്ളവ ലഭ്യമല്ലാത്ത അവസ്ഥയാണ്. മഴക്കാലം ആയതുകൊണ്ട് പുല്ല് വച്ചുപിടിപ്പിക്കാൻ കഴിയില്ല. മഴ കഴിഞ്ഞാൽ മാത്രമേ പുല്ല്

വച്ചുപിടിപ്പിക്കാൻ സാധിക്കൂ. അതുകൊണ്ട് തീറ്റയില്ലാത്ത അവസ്ഥയിലേയ്ക്ക് കാര്യങ്ങൾ വരികയാണ്. വെറ്ററിനറി ഡോക്ടർമാരെ പ്രത്യേക സംഘമായി ഓരോ പഞ്ചായത്തിലും അയയ്ക്കാൻ കഴിയണം. വയനാട് ജില്ലയിൽ 60000 ലിറ്റർ പാലിന്റെ ഉത്പാദനം കുറഞ്ഞിരിക്കുകയാണ്. കാർഷിക പ്രതിസന്ധി ഉണ്ടായപ്പോൾ വയനാട് ജില്ല പിടിച്ചുനിന്നത് ക്ഷീരമേഖലയിലൂടെയാണ്. ആ മേഖല ഇപ്പോൾ ആകെ തകർന്നുപോയിട്ടുണ്ട്. അതുകൊണ്ട് മൃഗസംരക്ഷണ വകുപ്പിന്റെ പ്രത്യേക ശ്രദ്ധ ആ മേഖലയിൽ ഉണ്ടാകണം. ക്ഷീരകർഷകരുടെ കടങ്ങൾക്ക് ആശ്വാസപരമായ നടപടികൾ സ്വീകരിക്കാൻ കഴിയണം. ക്ഷീരവായ്പ എടുത്തവർക്കുവേണ്ടി എന്തെല്ലാം കാര്യങ്ങൾ ചെയ്യാൻ കഴിയുമെന്നത് സംബന്ധിച്ച് ആലോചിക്കണം. വെറ്ററിനറി യൂണിവേഴ്സിറ്റിയുടെ തുമ്പൂർമൂഴിയിലുള്ള 40-ഓളം വെച്ചൂർ പശുക്കൾ ഒലിച്ചുപോയിട്ടുണ്ട്. അക്കാര്യത്തിലും പ്രത്യേക ശ്രദ്ധ ഉണ്ടാകണം. 1748 കിലോമീറ്റർ റോഡും 9 പാലങ്ങളും പൂർണ്ണമായും തകർന്നു പോയതിന് 178 കോടി രൂപയുടെ നഷ്ടമാണ് കണക്കാക്കിയിരിക്കുന്നത്. ഗ്രാമീണ റോഡുകളുടെ പുനരുദ്ധാരണത്തിന് വലിയ കാര്യങ്ങൾ ചെയ്യാൻ കഴിയണം.

തോട്ടം മേഖലയിൽ ഗവൺമെന്റ് സജീവമായി ഇടപെട്ടു. തോട്ടം തൊഴിലാളികൾക്ക് പ്രത്യേകമായി 15 കിലോ അരി കൊടുക്കാൻ തീരുമാനിച്ചിട്ടുണ്ട്. ഓണക്കാലത്ത് അരിയും കിറ്റും മറ്റുകാര്യങ്ങളുമെല്ലാം എത്തിച്ചു. ആദിവാസി ജനവിഭാഗങ്ങൾക്ക് 15 കിലോ അരിയും മറ്റ് സാധനങ്ങളുമെല്ലാം ഈ സമയത്ത് കൊടുക്കാൻ ശ്രദ്ധിച്ചു. ഒരു മാസക്കാലത്തേയ്ക്ക് ആദിവാസികൾക്ക് കൊടുക്കാനുള്ള അരി സ്റ്റോക്ക് ചെയ്തിട്ടുണ്ട്. ക്യാമ്പിൽ കഴിയുന്ന ആളുകൾക്ക് മാവേലി സ്റ്റോർ വഴി അരി കൊടുക്കുന്നതിനുള്ള തീരുമാനം എടുത്തിട്ടുണ്ട്. ഒരു പഞ്ചായത്തിൽ മാത്രമാണ് മാവേലി സ്റ്റോർ ഇല്ലാത്തത്. പട്ടികജാതി ജനവിഭാഗങ്ങൾക്ക് 5,000 രൂപയും പട്ടികവർഗ്ഗ ജനവിഭാഗങ്ങൾക്ക് 10,000 രൂപയും പ്രത്യേകമായി കൊടുക്കാൻ തീരുമാനിച്ചിട്ടുണ്ട്. ഈ പ്രശ്നങ്ങൾ വലിയ അനുഭവങ്ങളായി കാണാൻ കഴിയണം. ഒരു പുതിയ കേരളം സൃഷ്ടിക്കുമ്പോൾ ഭാവിയിൽ ഇത് ആവർത്തിക്കാതിരിക്കാനുള്ള എല്ലാ നിലപാടുകളും സ്വീകരിക്കാൻ കഴിയണം. വയനാട്ടിലേയ്ക്ക് പ്രത്യേക വിദഗ്ദ്ധ സംഘത്തെ അയയ്ക്കാനുള്ള നിലപാട് ഗവൺമെന്റിന്റെ ഭാഗത്തുനിന്നുണ്ടാകണം. പല സ്ഥലത്തും ആളുകൾക്ക് താമസിക്കാൻ കഴിയാത്ത അവസ്ഥയുള്ളതിനാൽ അതിനാവശ്യമായ നിലപാട് സ്വീകരിക്കണം. എവിടെ വീട് വയ്ക്കണം, എവിടെ കൃഷി ചെയ്യണം, കൃഷി സ്ഥലങ്ങളും വീട് വയ്ക്കാനുള്ള സ്ഥലങ്ങളും സംബന്ധിച്ചും കെട്ടിട നിർമ്മാണ ത്തിനുമെല്ലാം പ്രത്യേകം നിയമങ്ങൾ നടപ്പിലാക്കാൻ കഴിയണം. അതിൽ യാതൊരു വിട്ടുവീഴ്ചയും ചെയ്യാൻ പാടില്ല.

പുഴയോരങ്ങൾ നല്ലതുപോലെ സംരക്ഷിക്കണം. അവിടെ താമസിക്കുന്ന ആളുകളെ മാറ്റിപ്പാർപ്പിക്കാനുള്ള നടപടി സ്വീകരിക്കണം. ഇഷ്ടംപോലെ വന്നുകൂടിയിട്ടുള്ള മണൽ എങ്ങനെ ശേഖരിക്കാം എന്നതുസംബന്ധിച്ച് ഗവൺമെന്റ് തീരുമാനമെടുക്കണം. അല്ലെങ്കിൽ കുറേക്കഴിയുമ്പോൾ ആളുകൾ മണൽ വാരിക്കൊണ്ടുപോകുന്ന അവസ്ഥയുണ്ടാകും. ആ മണൽ സംരക്ഷിക്കാനും കല്ല് എടുക്കാനും ആവശ്യമായ നിലപാട് സ്വീകരിക്കാൻ കഴിയണം. കാർഷിക മേഖലയിലും കച്ചവടക്കാരുടെ കാര്യത്തിലും എന്ത് ചെയ്യാൻ കഴിയുമെന്നത് സംബന്ധിച്ച് ആലോചിക്കണം.

എന്റെ മണ്ഡലത്തിൽ 11 പഞ്ചായത്തുകളാണുള്ളത്. അവിടെ ഒരു ബോട്ട് മാത്രമാണ് ഉണ്ടായിരുന്നത്. മുഖ്യമന്ത്രി ഇടപെട്ട് നാവികസേനയുടെ ബോട്ട് എത്തിച്ചതുകൊണ്ടാണ് രക്ഷപ്പെടാൻ സാധിച്ചത്. അതുകൊണ്ട് ഫയർഫോഴ്സിന്റെ പ്രവർത്തനം കുറച്ചുകൂടി മെച്ചപ്പെടുത്താൻ കഴിയണം.

ഭാവിയിൽ പ്രളയം ആവർത്തിക്കാതിരിക്കാൻ എന്തെല്ലാം കാര്യങ്ങൾ ചെയ്യാൻ കഴിയുമെന്നത് സംബന്ധിച്ച് പഠനം നടത്താൻ കഴിയണം. പരിസ്ഥിതി പഠനം നല്ലതുപോലെ നടത്തി പഞ്ചായത്ത് അടിസ്ഥാനത്തിൽ കേരള സ്റ്റേറ്റ് ഡിസാസ്റ്റർ മാനേജ്മെന്റ് അതോറിറ്റിയെ ശക്തിപ്പെടുത്തി അവർക്കാവശ്യമായ സാധനങ്ങൾ എത്തിക്കണം. പുഴയോരങ്ങളിൽ താമസിക്കുന്ന മുഴുവൻ ആദിവാസി കളെയും ദുർബല ജനവിഭാഗങ്ങളെയും മാറ്റിപ്പാർപ്പിക്കാനുള്ള പദ്ധതി തയ്യാറാ ക്കണം. ഈ പ്രളയം വലിയൊരു പാഠമായി എടുക്കണം. ഇതിനെ നേരിടാനും പുനർനിർമ്മാണത്തിനുംവേണ്ടി കേരളജനത ഒറ്റക്കെട്ടായി നിൽക്കണം. 400 ടൺ അരിയാണ് വയനാട്ടിലേയ്ക്ക് വന്നിരിക്കുന്നത്. ആന്ധ്രാപ്രദേശ്, തമിഴ്നാട്, തെലുങ്കാന, കർണ്ണാടക, മഹാരാഷ്ട്ര തുടങ്ങിയ സംസ്ഥാനങ്ങളിൽനിന്ന് സാധനങ്ങൾ അയച്ചിട്ടുണ്ട്. ആ യോജിപ്പ് തുടർന്നും ഉണ്ടാകണം. അതിനുവേണ്ടി ഒറ്റക്കെട്ടായി നിൽക്കാനുള്ള സമീപനമാണ് വേണ്ടത്. പരസ്പരം കുറ്റം പറയുന്ന രീതിയല്ല ഉണ്ടാകേണ്ടതെന്ന് ഈ അവസരത്തിൽ അറിയിക്കുകയാണ്.

<u>ശ്രീ. സണ്ണി ജോസഫ്</u>: സർ, ഉപക്ഷേപത്തെ പിന്താങ്ങുന്നു. സംസ്ഥാനത്തൊട്ടാകെയുണ്ടായ ദുരിതങ്ങളുമായി താരതമ്യം ചെയ്യുമ്പോൾ കണ്ണൂരിൽ സ്ഥലവിസ്തൃതി കുറവാണ്. ഇരിട്ടി താലൂക്ക്, പേരാവൂർ നിയോജകമണ്ഡലം, സമീപ ത്തുള്ള ഉളിക്കൽ പഞ്ചായത്ത് ഉൾപ്പെടെയുള്ള വിസ്തൃതി കുറഞ്ഞ സ്ഥലങ്ങളിൽ ബാധിച്ച ദുരിതങ്ങളുടെ രൂക്ഷത വളരെ കൂടുതലായിരുന്നു. ഉരുൾപൊട്ടൽ, മണ്ണിടിച്ചിൽ, മണ്ണ് വിണ്ടുകീറി വീടുകളിൽ താമസിക്കാൻ സാധിക്കാത്ത സാഹചര്യം

എന്നിവയെല്ലാമുണ്ടായി. ഉരുൾപൊട്ടലിനെ ത്തുടർന്നുണ്ടായ വെള്ളപ്പാച്ചിലിൽ ഒരു വീടിന്റെ ഭിത്തി തകർന്ന് കോൺക്രീറ്റ് സ്ലാബ് താഴേയ്ക്കുവീണ് ആ വീട്ടിലുണ്ടായിരുന്ന ഷൈനി, തോമസ് എന്നിവരും പുഴയിൽ വീണ് ആളുകൾ മരിച്ച സംഭവങ്ങളുമുണ്ടായി. ഇരിട്ടി-പേരാവൂർ മെയിൻ റൂട്ടിലെ കെ.എസ്.ടി.പി. റോഡിൽ മരം വീണ് ഓട്ടോറിക്ഷയിൽ യാത്ര ചെയ്തിരുന്ന സിതാര എന്ന പെൺകുട്ടി മരിക്കുകയും കുടുംബാംഗങ്ങൾക്ക് പരിക്കേൽക്കുകയും ചെയ്തു. കൂടാതെ നിരവധി നാശനഷ്ടങ്ങളും ഉണ്ടായിട്ടുണ്ട്. അതിന്റെ കണക്കുകളെല്ലാം ശേഖരിച്ചിട്ടുണ്ട്. രക്ഷാപ്രവർത്തനങ്ങൾക്കായി മന്ത്രിമാർ, ജനപ്രതിനിധികൾ, തദ്ദേശഭരണ സ്ഥാപനങ്ങളിലെ ഉദ്യോഗസ്ഥർ, രാഷ്ട്രീയ പാർട്ടി നേതാക്കൾ എന്നിവരും അവിടെ എത്തിയിരുന്നു. വീടുകളുടെ നഷ്ടപരിഹാരമായി 4 ലക്ഷം രൂപയെന്നുള്ള ഒരു പ്രഖ്യാപനമുള്ളതായി മനസ്സിലാക്കുന്നു. അത് പോര, യഥാർത്ഥ നഷ്ടം കണക്കിലെടുത്ത് വീടുകളുടെ പുനർനിർമ്മാണത്തിനാവശ്യമായ സംഖ്യ നൽകാൻ കഴിയണം. പഴയ സ്ഥിതിയല്ല പുനഃസ്ഥാപിക്കുകയെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞു. പഴയതിനേക്കാൾ മോശമായ സ്ഥിതി വരാതെ അതിനേക്കാൾ മെച്ചപ്പെട്ട സ്ഥിതിയുണ്ടാക്കാൻ സാധിക്കണം. കല്പറ്റ എം.എൽ.എ. പറഞ്ഞതുപോലെ കേടുപാടുകൾ സംഭവിച്ച വീടുകൾക്ക് നഷ്ടപരിഹാരം നൽകുമ്പോൾ അത് പൂർണ്ണമായും പുനർനിർമ്മിക്കേണ്ടതുണ്ടെങ്കിൽ, മൺകട്ടയോ ഓടുമേഞ്ഞതോ ആയ വീടുകൾക്ക് വില്ലേജ് ഓഫീസർ ഒരു ലക്ഷം രൂപയാണ് എഴുതുന്നതെങ്കിൽ, ആ കോസ്റ്റ് നോക്കിയല്ലാതെ സുരക്ഷിതമായി അത് പുനർനിർമ്മിക്കാനാവശ്യമായ ഫണ്ട് ചെലവഴിക്കാൻ സാധിക്കണം. ഏതായാലും കോടിക്കണക്കിന് രൂപയുടെ നാശം വന്നിട്ടുള്ളതിന് പരിഹാരമുണ്ടാക്കിക്കൊണ്ടിരിക്കുകയാണ്.

ഭൂമി പൂർണ്ണമായും നഷ്ടപ്പെട്ടതിന്റെ കണക്കെടുക്കേണ്ടത് റവന്യൂ അധികാരികളാണോ കൃഷി വകുപ്പാണോ എന്നുള്ളത് സംബന്ധിച്ച ആശയക്കുഴപ്പം നിലനിൽക്കുകയാണ്. ഭൂമി പൂർണ്ണമായും ഒലിച്ചുപോയ സ്ഥലങ്ങളുമുണ്ട്. ഭൂമി വിണ്ടുകീറുന്ന പ്രതിഭാസം വയനാട്ടിലും കണ്ണൂരിലെ ഇരിട്ടി - പേരാവൂർ മേഖലയിലും ഇടുക്കിയിലുമാണ് കൂടുതലായും കണ്ടിട്ടുള്ളത്. അതിന് പരിഹാരമുണ്ടാക്കാനുള്ള പഠനങ്ങൾ വേണം. അത്തരത്തിലുള്ള സ്ഥലങ്ങൾ ഉടമസ്ഥർ വിട്ടുനൽകാൻ തയ്യാറാണെങ്കിൽ അവർക്ക് പ്രതിഫലം നൽകി ആ സ്ഥലം ഗവൺമെന്റ് ഏറ്റെടുത്ത് റവന്യൂ ഭൂമിയായോ വനഭൂമിയായോ മാറ്റി അവരെ പുനരധിവസിപ്പിക്കാനുള്ള നടപടികൾ സ്വീകരിക്കണം.

റോഡുകളുടെയും പാലങ്ങളുടെയും കാര്യം എല്ലാവർക്കുമറിയാം. ഗ്രാമീണ റോഡുകളെ കഴിയുന്നത്ര പി.എം.ജി.എസ്.വൈ. (പ്രധാനമന്ത്രി ഗ്രാമ സഡക് യോജന) പദ്ധതിയിൽ ഉൾപ്പെടുത്താൻ ശ്രമിക്കണം. പഞ്ചായത്തുകൾക്ക് പ്രത്യേക ധനസഹായം നൽകണം. പി.ഡബ്ല്യു.ഡി. റോഡുകളുടെ കാര്യങ്ങളെക്കുറിച്ച് മന്ത്രി പഠിച്ചിട്ടുണ്ട്. കണ്ണൂരിലുണ്ടായ ഉരുൾ പൊട്ടലിനെത്തുടർന്ന് കണ്ണൂരിൽനിന്ന് മൈസൂരിലേയ്ക്കുള്ള മൈസൂർ - ബാംഗ്ലൂർ ചുരംപാത വഴിയുള്ള ബസ് ഗതാഗതം ഇപ്പോൾ പൂർണ്ണമായും നിരോധിച്ചിരിക്കുകയാണ്. വയനാട്ടിലേയ്ക്കുള്ള പാൽച്ചുരം റോഡ് തടസ്സപ്പെട്ടിരിക്കുന്നത് പുനർനിർമ്മിക്കണം. സജീവ പരിഗണനയിലുള്ള കയറ്റം കുറഞ്ഞ സമാന്തരപാതയ്ക്ക് ആവശ്യമായ നടപടികൾ സ്വീകരിക്കണം. പ്രളയം ബാധിച്ച നിയോജകമണ്ഡലങ്ങളിലെ എം.എൽ.എ. മാർക്ക് 10 കോടി രൂപയെങ്കിലും ആസ്തി വികസന ഫണ്ടായി അധികം നൽകണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്.

കസ്തൂരിരംഗൻ/മാധവ്ഗാഡ്ഗിൽ റിപ്പോർട്ട് പരിഗണിക്കാത്തത് കൊണ്ടാണ് ഈ ദുരന്തമുണ്ടായതെന്ന് പറഞ്ഞാൽ അത് വിശ്വസിക്കാൻ കഴിയില്ല. കഴിഞ്ഞ തവണ കർണ്ണാടക ഉൾവനത്തിൽ 12 സ്ഥലത്താണ് ഉരുൾപൊട്ടിയ തെങ്കിൽ ഇപ്രാവശ്യം എന്റെ നിയോജകമണ്ഡലത്തിലെ അമ്പായത്തോട്ടിൽ (കേരള വനത്തിൽ) ഉരുൾ പൊട്ടി. അതാണ് ടി. വി. ചാനലുകളിലൊക്കെ പ്രധാന വാർത്തയുടെ ഭാഗമായി പലപ്പോഴും കാണിച്ചുകൊണ്ടിരുന്നത്. വനാതിർത്തിയിൽ നിന്നും നാല് കിലോമീറ്റർ ഉള്ളിലാണ് ഈ ഉരുൾപൊട്ടലുണ്ടായിട്ടുള്ളത്. കർണ്ണാടക സംസ്ഥാനത്തിന്റെ ഏറ്റവും വലിയ ടൂറിസ്റ്റ് കേന്ദ്രമായ കൂർഗ് ജില്ലയിലും ശക്തമായ ഉരുൾ പൊട്ടലും മണ്ണിടിച്ചിലും ഉണ്ടാകുകയും 20 ആളുകൾ മരിക്കുകയും 60 പേരെ കാണാതാവുകയും ചെയ്തു. അതുകൊണ്ട് കസ്തൂരിരംഗൻ റിപ്പോർട്ടോ മാധവ് ഗാഡ്ഗിൽ റിപ്പോർട്ടോ പരിഗണിക്കാത്തതാണ് ഇതിന്റെ വിഷയമെന്ന് പറഞ്ഞാൽ അതംഗീകരിക്കുന്നത് സാമാന്യബുദ്ധിക്ക് നിരക്കുന്നതല്ല.

എല്ലാ സഹായങ്ങളും തേടണം. കേന്ദ്ര സഹായം കൂടുതലായി ലഭ്യമാക്കാൻ നിയമസഭ ആവശ്യപ്പെടണം. വിദേശ ഏജൻസികൾ സഹായിക്കുമെങ്കിൽ അവരുടെ സഹായവും തേടണം. എ.ഡി.ബി. (Asian Development Bank) ഉൾപ്പെടെയുള്ള വായ്പാ സംവിധാനങ്ങളും ഉപയോഗപ്പെടുത്തണം. ആരുടെയും കരണത്തടിക്കാനും ആരെയും കരി ഓയിൽ ഒഴിക്കാനും കേരളം തയ്യാറാകരുത്. എല്ലാ വായ്പകളും എല്ലാ സഹായങ്ങളും സ്വീകരിച്ച് ഇതിൽനിന്നും കരകയറാൻ ഒന്നിച്ചുനിൽക്കാം.

<u>ശ്രീ. എ. പി. അനിൽ കുമാർ</u>: സർ, ഉപക്ഷേപത്തെ പിന്താങ്ങുന്നു. മഹാപ്രളയത്തിനുമുമ്പ് മലയാളികൾ ഭയപ്പെട്ടിരുന്നത് മുല്ലപ്പെരിയാർ ഡാം പൊട്ടിയാലുണ്ടാകുന്ന ദുരന്തം എത്ര വലുതാകുമെന്നായിരുന്നു. പക്ഷേ ഇന്ന് ഈ ഡാമുകളുടെ ഷട്ടറുകൾ തുറന്നാലുണ്ടാകുന്ന ദുരന്തത്തിന്റെ ഭയാശങ്കകളും ഭയപ്പെടുത്തലുകളുമാണ് കേരളം നേരിടുന്നത്. ഇതൊരു ദുരഭിമാന പ്രശ്നമായി എടുക്കേണ്ട കാര്യമില്ല. പ്രളയം അതിപ്രളയമായത് ഡാമുകൾ തുറന്നു വിട്ടതിലെ പാളിച്ചയാണെന്നുള്ളത് അംഗീകരിക്കാൻ തയ്യാറായില്ലെങ്കിൽ നവകേരള സൃഷ്ടിയെന്നുള്ളത് ഒരു തുടർപ്രക്രിയയായി എല്ലാ വർഷങ്ങളിലും നടത്തേണ്ടിവരും. കാലവർഷം ഇനിയും വരും. കാലവർഷവും ഡാമുകളും ഒരുമിച്ചുചേരുന്ന സാഹചര്യത്തിലുണ്ടാകുന്ന പ്രയാസങ്ങൾ എങ്ങനെ ഇല്ലാതാക്കാമെന്നതിനെ ക്കുറിച്ച് കാലവർഷത്തിനുമുമ്പുതന്നെ ജലവിഭവ വകുപ്പും വൈദ്യുതി വകുപ്പും ഡിസാസ്റ്റർ മാനേജ്മെന്റും കൂടിയിരുന്ന് ചർച്ച ചെയ്യണം. ഇനിയും ഇത്രയും വലിയൊരു ദുരന്തത്തിലേയ്ക്ക് കേരളത്തെ തള്ളിവിടാനുള്ള സാഹചര്യമുണ്ടാകരുത്.

പ്രളയത്തെ നേരിടുന്ന കാര്യത്തിൽ എല്ലാവരും ഒറ്റക്കെട്ടായി നിന്നു. ഒരു ദുരന്തമുണ്ടായിക്കഴിഞ്ഞാൽ നടക്കുന്ന കവർച്ചയോ കൊള്ളയോ ഒന്നുമില്ലാതെ കേരളം മാതൃക കാണിച്ചുവെന്ന് ലോക മാധ്യമങ്ങൾപോലും പറഞ്ഞു. പക്ഷേ അതിനിടയിൽ ഗവൺമെന്റ് ഒരു കൊള്ള നടത്തിയത് ഞാൻ സൂചിപ്പിക്കുകയാണ്. ജനങ്ങൾ ക്യാമ്പിൽനിന്ന് വീട്ടിലെത്തിയപ്പോൾ പെൻഷനില്ലെന്ന നോട്ടീസാണ് അവർക്ക് കിട്ടിയത്. കാറും ബസ്സുമൊക്കെ ഉണ്ടെന്നതാണ് കാരണം. ഒരു സൈക്കിൾ പോലുമില്ലാത്ത ആളുകൾക്ക് കാറുണ്ടെന്ന പേരിൽ ക്ഷേമപെൻഷൻ ഒഴിവാക്കുകയാണ്. ഇന്ന് നാട്ടിൽ മുഴുവൻ നടക്കുന്നത് പരേതരുടെ സംഗമമാണ്. ഈ ഗവൺമെന്റ് ജീവിച്ചിരിക്കുന്നവരെ മരിച്ചവരുടെ പട്ടികയിൽ ഉൾപ്പെടുത്തി യിരിക്കുന്നു. ദുരിതാശ്വാസ ക്യാമ്പിൽ രജിസ്റ്റർ ചെയ്തുപോയ ആളുകളെ ഗവൺമെന്റിന്റെ ക്ഷേമപെൻഷന്റെ കാര്യത്തിൽ മരിച്ചവരുടെ പട്ടികയിലാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. എല്ലാവരും പ്രയാസങ്ങൾ നേരിട്ട ഈ സാഹചര്യത്തിൽ ഒരു മാസത്തെ പെൻഷനുവേണ്ടി കേഴുന്ന ജനങ്ങൾക്കു മുമ്പിൽ ഇത്തരത്തിലുള്ള തീരുമാനങ്ങളെടുക്കരുത്. അനർഹരായിട്ടുള്ളവരെ മാറ്റിനിർത്തി മുൻകാലങ്ങളിൽ കൊടുത്തതുപോലെ അർഹരായ എല്ലാവർക്കും പെൻഷൻ നൽകാനുള്ള നടപടി യുണ്ടാകണമെന്ന് സൂചിപ്പിക്കുകയാണ്.

മലപ്പുറം ജില്ലയുടെ സാഹചര്യത്തെക്കുറിച്ച് ഞാൻ പ്രത്യേകിച്ച് പറയേണ്ട കാര്യമില്ല. ബഹുമാനപ്പെട്ട ചെയറിന് അറിയാവുന്നതുപോലെ പൊന്നാനി മേഖല തീരദേശമാണെങ്കിൽ എന്റെ മേഖല മലയോര മേഖലയാണ്. മലപ്പുറം ജില്ലയിൽ ഏറ്റവും വലിയ കൃഷിനാശമുണ്ടായത് എന്റെ നിയോജക മണ്ഡലത്തിലാണ്.

ഏതാണ്ട് 20 കോടിയോളം രൂപ നഷ്ടമുണ്ടായി. കരുവാരക്കുണ്ട് പഞ്ചായത്തിൽ മാത്രം ഏതാണ്ട് 5 കോടിയോളം രൂപ നഷ്ടമുണ്ടായി. കരുവാരക്കുണ്ട് പഞ്ചായത്തിലെ 62 ഹെക്ടർ സ്ഥലത്ത് ഇന്ന് കൃഷി ചെയ്യാൻ സാധിക്കാത്ത സാഹചര്യമാണ്. അത് അസസ്സ് ചെയ്യാനുള്ള അധികാരം തങ്ങൾക്കില്ലെന്നാണ് അഗ്രികൾച്ചർ ഡിപ്പാർട്ട്മെന്റും റവന്യൂ ഡിപ്പാർട്ട്മെന്റും പറയുന്നത്. ഇത്തരം കാര്യങ്ങൾ അസസ്സ് ചെയ്യാനുള്ള അധികാരം ആർക്കാണെന്ന് ഗവൺമെന്റ് തീരുമാനിക്കണമെന്നാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്.

വീടുകൾ നഷ്ടപ്പെട്ട കാര്യത്തിൽ എന്റെ ജില്ലയിലെ തദ്ദേശഭരണ സ്ഥാപനങ്ങളിലെ മേധാവികളും എം.എൽ.എ.-മാരും പങ്കെടുത്ത് യോഗം ചേർന്നു. അന്ന് ലഭിച്ച കണക്കും ഇന്ന് രാവിലെ ലഭ്യമായ കണക്കും രണ്ടാണ്. ഇത്തരം കാര്യങ്ങളിൽ അർഹതപ്പെട്ട ഒരാൾക്കുപോലും ആനുകൂല്യങ്ങൾ നിഷേധിക്കുന്ന സാഹചര്യമുണ്ടാകരുത്. കൃഷിയുടെ കാര്യത്തിലായാലും അതുപോലെ മറ്റ് നാശനഷ്ടങ്ങളുടെ കാര്യത്തിലായാലും അസസ്സ് ചെയ്യുന്ന കാര്യങ്ങളിൽ വളരെ കൃത്യതയുണ്ടാക്കി അവർക്ക് ലഭ്യമാകേണ്ട ആനുകൂല്യങ്ങൾ ലഭ്യമാക്കാൻ ശ്രമിക്കണം. ഇവിടെ സൂചിപ്പിച്ചതുപോലെ, വെള്ളം കയറിയ എല്ലാ വീടുകൾക്കും 10,000 രൂപ ലഭിക്കുമെന്നാണ് പറഞ്ഞത്, എന്നാൽ ഇന്ന് പറയുന്നത് 48 മണിക്കൂർ വെള്ളം നിന്നെങ്കിൽ മാത്രമേ അത് ലഭ്യമാകുകയുള്ളൂ എന്നാണ്. എത്ര മണിക്കൂർ വെള്ളം നിന്നുവെന്നല്ല, വെള്ളം കയറിയതിന്റെ ബുദ്ധിമുട്ട് അനുഭവിക്കുന്ന എം.എൽ.എ.-മാർ ഈ നിയമസഭയിലുണ്ട്. അതുകൊണ്ട് എത്ര മണിക്കൂർ വെള്ളം നിന്നു എന്നുള്ളതല്ല പാവപ്പെട്ട ആളുകളെ സംബന്ധിച്ചിടത്തോളം വെള്ളം കയറിക്കഴിഞ്ഞാൽ അത് ഏറ്റവും പ്രയാസമുണ്ടാക്കുന്ന ഒന്നാണ്. അതുകൊണ്ട് സമയത്തിന്റെ കണക്ക് വച്ചുകൊണ്ട് ആ പട്ടികയിൽനിന്ന് ആളുകളെ മാറ്റിനിർത്തുന്ന സാഹചര്യമുണ്ടാകരുതെന്നാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്.

സൗജന്യറേഷനുമായി ബന്ധപ്പെട്ട കാര്യങ്ങൾ വണ്ടൂർ നിയോജക മണ്ഡലത്തിൽ ഇതുവരെ ലഭ്യമായിട്ടില്ലെന്നുകൂടി സൂചിപ്പിക്കുന്നു. വണ്ടൂർ നിയോജക മണ്ഡലത്തെ സംബന്ധിച്ചിടത്തോളം തകർന്ന പാലങ്ങളുടെയും റോഡുകളുടെയും കണക്കുകൾ വളരെ ഭയാനകമാണ്. കേരളത്തിൽ മാത്രമല്ല ഇന്ത്യയിൽ മുഴുവൻ സമൂഹ മാധ്യമങ്ങളിൽ ചർച്ചയായ, വിള്ളലിലൂടെ ഒരു റോഡ് ഒന്നിച്ച് തകർന്നുപോയത് എന്റെ നിയോജക മണ്ഡലത്തിലാണ്. ഒട്ടനവധി പാലങ്ങൾ ഒലിച്ചുപോയ സാഹചര്യമുണ്ടായി. ഇത്തരം കാര്യങ്ങളിലൊക്കെ യഥാർത്ഥ കണക്ക് അസസ്സ് ചെയ്ത് നഷ്ടങ്ങൾ തിട്ടപ്പെടുത്തി അതിന് ആനുപാതികമായി അത്തരം നിയോജക മണ്ഡലങ്ങളിൽ സഹായം എത്തിക്കാൻ നമുക്ക് കഴിയണം. എങ്കിൽ മാത്രമേ ഉദ്ദേശിക്കുന്ന രീതിയിലുള്ള നവകേരള സൃഷ്ടി സാദ്ധ്യമാകുകയുള്ളൂ. അതുകൊണ്ട് അടിവരയിട്ട് പറയുന്നു, നവകേരള സൃഷ്ടിയെന്നുള്ളത് തുടർ പ്രക്രിയയാകാതെ മാറണമെങ്കിൽ ഗവൺമെന്റിന്റെ ഭാഗത്തുനിന്നും വന്ന വീഴ്ചകൾ ഇനി വരില്ലെന്ന് ഉറപ്പുവരുത്താനുള്ള സാഹചര്യം കൂടിയുണ്ടാകണമെന്ന് അഭ്യർത്ഥിക്കുകയാണ്.

ശ്രീ. റോഷി അഗസ്റ്റിൻ: സർ, ഉപക്ഷേപത്തെ പിന്താങ്ങുന്നു. ഈ നൂറ്റാണ്ട് കണ്ടിട്ടില്ലാത്ത ഏറ്റവും വലിയ മഹാവിപത്തിനാണ് കേരളം സാക്ഷ്യംവഹിച്ചത്. രക്ഷാപ്രവർത്തനങ്ങളിൽ കേരളീയർക്ക് ഒരുമിച്ചുനിന്ന് പ്രവർത്തിക്കാൻ സാധിച്ചു വെന്നുള്ള സംതൃപ്തിയോടുകൂടിയാണ് ഈ സഭാസമ്മേളനം ഇന്ന് ചേരുന്നത്. ചെറുതോണിയിലെ 5 ഷട്ടറുകൾ 26 വർഷങ്ങൾക്കുശേഷം തുറക്കേണ്ടിവന്ന ഒരു സാഹചര്യമുണ്ടായത് തുടർച്ചയായി വന്ന കാലവർഷം ശക്തിപ്രാപിച്ചതോ ടുകൂടിയാണ്. ഇടുക്കിയുടെ അന്തരീക്ഷമെല്ലാം മാറി ഭയാനകമായ ഒരവസ്ഥയി ലായിരുന്നു. സ്വാഭാവികമായും പറഞ്ഞറിയിക്കാൻ കഴിയാത്ത സാഹചര്യം. ആ മഴ 24 മണിക്കൂർകൂടി തുടർന്നിരുന്നെങ്കിൽ ഒരു രക്ഷാപ്രവർത്തനവും ഇടുക്കിയിൽ സാധ്യമല്ലാതെ വരുമായിരുന്നുവെന്ന് ഞാൻ ആത്മാർത്ഥമായി വിശ്വസിക്കുന്നു. ഈ സഭയിൽ തിരിച്ചെത്തി സംസാരിക്കാൻ സാധിക്കുമോയെന്നുള്ളത് തീർച്ചയായും സംശയിച്ച കാര്യം തന്നെയാണ്. വാർത്താ വിതരണരംഗമെല്ലാം പരാജയപ്പെട്ടു. പുറം ലോകത്തേയ്ക്കുള്ള റോഡുകൾ ഇല്ലാതായി. ബഹുമാന്യനായ മന്ത്രി ശ്രീ. എം. എം. മണി കമ്പം-തേനി വഴിയാണ് തിരുവനന്തപുരത്തേയ്ക്ക് യാത്ര തിരിച്ചത്. ഇടുക്കിയിൽ നിന്ന് ഒരിടത്തോട്ടും പോകാൻ സാധിക്കാത്ത അന്തരീക്ഷം സംജാതമായി. പല സ്ഥലങ്ങളിലും ചെല്ലുമ്പോൾ ക്യാമ്പുകളിലേക്ക് പോകുന്നവരെ കാണുമ്പോൾ ദുഃഖം തോന്നുന്നു. ഇരുമലക്കപ്പിൽനിന്ന് ഞാൻ പോരുമ്പോൾ പള്ളിയിലാണ് എല്ലാവരും താമസിച്ചിരുന്നത്. 12,600 പേർ ഇടുക്കി നിയോജക മണ്ഡലത്തിൽ തന്നെ 85 ക്യാമ്പുകളിലായി താമസിക്കുന്നു. ആ പള്ളിയിലെ ക്യാമ്പിൽ നിന്ന് രാത്രി പതിനൊന്നര മണിക്ക് തിരിച്ചിറങ്ങി വരുമ്പോൾ അവർ പായും തലയണയുമായി വഴിയെ നടന്നുപോകുകയാണ്. ഞങ്ങൾ ഭയന്ന് കുടുംബശ്രീയുടെ ഒരു സാംസ്കാരിക നിലയത്തിലേയ്ക്ക് താമസിക്കാൻ പോകുന്നു വെന്നാണ് അവർ പറഞ്ഞത്. ഏത് കുചേലനായാലും കുബേരനായാലും സ്വന്തം വീടിനെക്കുറിച്ചുള്ള അവന്റെ വിശ്വാസം നഷ്ടപ്പെട്ട, ആത്മബലം നഷ്ടപ്പെട്ട ഒരു സമൂഹത്തെയാണ് കാണാൻ കഴിഞ്ഞത്. 56 പേരിൽ 30 പേരും മരണപ്പെട്ടത് ഇടുക്കി നിയോജകമണ്ഡലത്തിലാണ്. ഉരുൾപൊട്ടലും മണ്ണിടിച്ചിലും വ്യാപകമായി. തുടർന്ന് രക്ഷപ്പെടാൻ മാർഗ്ഗമില്ലാതെ അഭയാർത്ഥികളെപ്പോലെ നടന്ന ഒരു സാഹചര്യമാണ് കാണാൻ സാധിച്ചത്. ഭയാനകമായ വിപത്തിൽനിന്ന് മോചനം നേടിയ നമ്മൾ രക്ഷാപ്രവർത്തനങ്ങൾക്കുശേഷം പുനർനിർമ്മാണത്തിലേയ്ക്കും പുതിയ കേരളത്തിലേയ്ക്കും പ്രവേശിക്കുകയാണ്. അതിന് വളരെയേറെ ഒരുക്കങ്ങൾ നമുക്ക് നടത്തേണ്ടതായിട്ടുണ്ട്. ഉപ്പുതോടിലുണ്ടായ ഉരുൾപൊട്ടലിന്റെ ഭീതി ഇപ്പോഴും മനസ്സിൽ തങ്ങിനിൽക്കുന്നു. അപ്പനും അമ്മയും ആങ്ങളയും ഒലിച്ചുപോയി, അവശേഷിച്ചത് ഒരു പെൺകുട്ടി മാത്രം. ബി.എസ്‌സി. നഴ്സിംഗ് കഴിഞ്ഞ് കൽക്കട്ടയിൽ ജോലിയിൽ പ്രവേശിച്ചെന്ന് പറയാനാവില്ല. അവിടെ താൽക്കാലികമായി നിൽക്കുന്ന സ്ഥിതിയാണ്. ആ കുട്ടിയുടെ കരച്ചിലും വിതുമ്പലും

നമ്മുടെ മനസ്സിൽ നിന്ന് മാറുന്നില്ല. അങ്ങനെ ധാരാളം ആൾക്കാരെ കാണാൻ കഴിയുന്നു. ബി.എസ്‌സി. നഴ്സിംഗ് കഴിഞ്ഞ ആ കുട്ടിയെ രക്ഷപ്പെടുത്താൻ നമ്മുടെ സംസ്ഥാന സർക്കാരിന് കഴിയണം. ക്യാമ്പിൽ താമസിച്ച ഒരാൾ ആത്മഹത്യ ചെയ്യാൻ കയറുമായി ഓടിയപ്പോൾ പോലീസുകാരാണ് അയാളെ കൂട്ടിക്കൊണ്ടുവന്നത്. അതിനുകാരണം അയാളുടെ വീട് ഇടിഞ്ഞതിലുണ്ടായ താങ്ങാൻ കഴിയാത്ത ദുഃഖംമൂലമാണ്. ഇടുക്കിയിൽ റോഡുകൾ പൂർണ്ണമായും തകർന്നു. അവിടെ ഗ്രാമീണ റോഡുകൾ, നാഷണൽ ഹൈവേ, പി.ഡബ്ള്യ.ഡി. റോഡുകൾ എന്നിവയില്ല. റോഡുകൾക്കുവേണ്ടി ഒരു പ്രത്യേക പാക്കേജുണ്ടാക്കണം. പി.ഡബ്ള്യ.ഡി. മന്ത്രി തന്നെ അവിടെ വരികയും അത്തരം കാര്യങ്ങൾ മോണിറ്റർ ചെയ്യുകയും ചെയ്യണം. ചെറുതോണി ഡാം തുറന്നുവിട്ടതോടുകൂടി ആദ്യം നഷ്ടപ്പെട്ട അങ്ങാടിയാണ് ചെറുതോണി. ചെറുതോണി പാലവും ദേശീയപാതയും നഷ്ടമായിരിക്കുന്നു. ഗതാഗതം പുനഃസ്ഥാപിക്കാൻ അത്ര എളുപ്പമല്ല. ചെറിയ വണ്ടികൾക്ക് പോകാൻ പാകത്തിന് നാഷണൽ ഹൈവേയിൽ ചെറിയ നിർമ്മാണ പ്രവർത്തനങ്ങളൊക്കെ നടത്തിവരുന്നു. ഈ സമയത്ത് ആ റോഡുകളുൾപ്പെടെയുള്ള കാര്യങ്ങളെക്കുറിച്ച് ചിന്തിക്കേണ്ടതുണ്ട്. ഇന്ന് ഇടുക്കി ഡാമിന്റെ മുകളിൽക്കൂടി ചെറുവാഹനങ്ങൾ കടത്തിവിടുന്നുണ്ട്. 1981-ലും 1992-ലും ഡാം തുറന്ന സന്ദർഭത്തിൽ അതിനുമുകളിൽക്കൂടി ഗതാഗതം അനുവദിച്ചിരുന്നു. സ്കൂൾ കുട്ടികൾക്കും ജീവനക്കാർക്കും പോകാൻ സാധിക്കാത്തതുകൊണ്ട് ഇടുക്കി ഡാമിന്റെ മുകളിൽക്കൂടി വലിയ വാഹനങ്ങൾ കടത്തിവിടാൻ സാധിക്കത്തക്ക നിലയിലുള്ള സാഹചര്യം സംജാതമാക്കണമെന്നാണ് സൂചിപ്പിക്കാനുള്ളത്. അതോടൊപ്പം തന്നെ ചെറുതോണി അങ്ങാടിയിൽ നഷ്ടമായിരിക്കുന്ന വ്യാപാര സ്ഥാപനങ്ങളുണ്ട്. അവരെ സഹായിക്കാനായി ചെറിയ കൈത്താങ്ങുണ്ടാകണം. നിലവിൽ ക്യാമ്പിൽ താമസിക്കുന്നവർക്ക് പതിനായിരം രൂപ കൊടുക്കുന്ന കാര്യം പറഞ്ഞു. എന്നാൽ അതിന്റെ മാനദണ്ഡത്തിൽ ചെറിയ മാറ്റമുണ്ടെന്ന് തോന്നുന്നു. ഉരുൾപൊട്ടലും മണ്ണിടിച്ചിലും ഭയന്ന് വീടുകളിൽനിന്ന് മാറിത്താമസിച്ചവർക്ക് പതിനായിരം രൂപ കൊടുക്കാൻ അർഹതയുണ്ടോ എന്ന സംശയം നിഴലിക്കുന്നുണ്ട്. അക്കാര്യം പുനഃപരിശോധിക്കണം. വീടുകൾ ഭാഗികമായി തകർന്നവർക്ക്, അവ താമസിക്കാൻ വാസയോഗ്യമല്ലെങ്കിൽ പൂർണ്ണമായും തകർന്ന വീടിന്റെ ഗണത്തിൽപ്പെടുത്തേണ്ടതായിട്ടുണ്ട്. അവരെ സംരക്ഷിക്കേണ്ട ചുമതലയും ഗവൺമെന്റ് ഏറ്റെടുക്കണം.

കാർഷികമേഖലയാകെ തകർന്നു. കൃഷിയിടങ്ങൾ പൂർണ്ണമായും മണ്ണൊലിച്ച് ഇല്ലാതെയായി. അവിടെ അസസ്സ് ചെയ്ത് പൂർണ്ണമായും കൃഷിനാശം സംഭവിച്ചവർക്ക് നഷ്ടം കൊടുക്കാനുള്ള നടപടികളുണ്ടാകണം. ഭൂമി ഒലിച്ചുപോയവർക്ക് പകരമായി താമസസ്ഥലമുണ്ടാക്കണം. പെരിയാർവാലി പോലുള്ള പ്രദേശങ്ങളിൽ ആൾക്കാരെ താമസിപ്പിക്കാൻ സാദ്ധ്യമല്ല. അവരെ

പുനരധിവസിപ്പിക്കാനാവശ്യമായ നടപടികളാണ് സ്വീകരിക്കേണ്ടതായിട്ടുള്ളത്. കാർഷിക വായ്പകൾ എഴുതിത്തള്ളണം. അവർ കൃഷി ഭൂമിയില്ലാതെ നിൽക്കുകയാണ്. അവരെ സംരക്ഷിക്കാൻ കഴിയണം. 5 ലക്ഷം രൂപ വരെ വായ്പ എടുത്തിട്ടുള്ളവരുടെ കാർഷികവായ്പകൾ എഴുതിത്തള്ളാനുള്ള തീരുമാനം കൈക്കൊള്ളണം. മൊറട്ടോറിയം ഒരു ആശ്വാസമാണെങ്കിൽപ്പോലും ഭാവിയിൽ എത്ര കാലം കൊണ്ടാണ് അവർക്ക് തിരിച്ചുവരാൻ സാധിക്കുന്നത്.

ഒരു കാര്യംകൂടി സൂചിപ്പിക്കട്ടെ, ഏറെ ബുദ്ധിമുട്ട് അനുഭവിക്കുന്ന പ്രദേശമാണിത്. ആ മേഖലയിലെ പ്രശ്നങ്ങൾ പൂർണ്ണമായും പരിഹരിക്കാൻ കഴിയുന്ന പുതിയ നിലപാടുകളാണ് ആവശ്യം. ധാരാളം ആശ്വാസകരമായ നടപടികളുണ്ടായി. ക്യാമ്പുകളിൽ ധാരാളം സഹായം കിട്ടി. എല്ലാവരുടെയും അന്വേഷണവുമുണ്ടായി.

<u>മി. സ്പീക്കർ</u>: .....പ്ലീസ്............ കൺക്ലൂഡ്...

<u>ശ്രീ. റോഷി അഗസ്റ്റിൻ</u>: സർ, എല്ലാ സ്കൂളുകളിലുമായിരുന്നു ക്യാമ്പ്. ഇടുക്കി രൂപതയും രൂപതയുടെ സ്കൂളുകളും എസ്.എൻ. മാനേജ്മെന്റുമെല്ലാം കൈകോർത്ത് നിന്ന് അടിസ്ഥാനസൗകര്യങ്ങളെല്ലാം ഒരുക്കി. ഇനിയുള്ള നാളുകളിലേയ്ക്കുള്ള യാത്രയിൽ വലിയ ദുരിതവും ബുദ്ധിമുട്ടുമുണ്ടാകും. രാഷ്ട്രീയപരമായ പക്ഷപാതം ഇങ്ങനെയുള്ള മേഖലകളിലുണ്ടാകരുത്. കൈകോർത്ത് ഒരുമിച്ച് നിൽക്കാൻ സാധിക്കണം. ചില സ്ഥലങ്ങളിൽ അതുണ്ടായിട്ടുണ്ട്. ഇടുക്കി ഡാം തുറന്ന സന്ദർഭത്തിൽ പഞ്ചായത്ത് കമ്മിറ്റികൾ ചേർന്ന് ഞങ്ങൾ ക്ലസ്റ്ററുകൾ രൂപീകരിച്ച് എല്ലാവരെയും മാറ്റിപാർപ്പിക്കാൻ സമയബന്ധിതമായി ഇടപെട്ടു. ഒരു രാഷ്ട്രീയ ഇടപെടലുമുണ്ടായില്ല.

<u>മി. സ്പീക്കർ</u>: .....പ്ലീസ്......പ്ലീസ്........ കൺക്ലൂഡ്... അങ്ങ് വളരെയധികം സമയമെടുത്തു.

<u>ശ്രീ. റോഷി അഗസ്റ്റിൻ</u>: സർ, അങ്ങനെയുള്ള രാഷ്ട്രീയ തീരുമാനമുണ്ടാകാതിരിക്കാൻ ഇനിയും ശ്രദ്ധിക്കേണ്ടതായിട്ടുണ്ട്. രണ്ട് ദിവസമായി എല്ലാ പഞ്ചായത്ത് കമ്മിറ്റിയും ഒത്തുകൂടാൻ തീരുമാനിച്ചതാണ്. മിക്ക പഞ്ചായത്ത് കമ്മിറ്റികളും ഒത്തുചേർന്നെങ്കിലും ചില പഞ്ചായത്ത് കമ്മിറ്റികൾ കൂടാൻ വിസമ്മതിച്ചു. ആ പഞ്ചായത്ത് മെമ്പർമാർ പോകരുതെന്ന് നിർദ്ദേശങ്ങൾ കൊടുത്തു. ഇതിൽ രാഷ്ട്രീയപരമായ വീഴ്ചയുണ്ടാകാതെ സൂക്ഷിക്കാൻ ഗവൺമെന്റ് തയ്യാറാകണം. വരാൻ പോകുന്ന, ഭാവി നടത്തിപ്പിൽ രാഷ്ട്രീയപരമായ നേട്ടങ്ങൾ കൊയ്യാൻ, ഗവൺമെന്റിന്റെ നേട്ടമാണെന്ന് വരുത്താൻ പ്രാദേശികമായ ചില നീക്കങ്ങളോ തീരുമാനങ്ങളോ ഉണ്ടെങ്കിൽ ഗവൺമെന്റ് അതിലിടപെടണം. കക്ഷിരാഷ്ട്രീയത്തിനതീതമായി ഭരണപക്ഷം പ്രതിപക്ഷത്തെ വിശ്വാസത്തിലെടുത്ത് വേണ്ട നടപടി സ്വീകരിക്കണം.

<u>ശ്രീ. കെ. ബാബു:</u> സർ, ഉപക്ഷേപത്തെ പിന്താങ്ങുന്നു. മഹാപ്രളയത്തെ അതിജീവിക്കാൻ കരുത്തിന്റെ പ്രതീകമായി നിന്ന്, ലോകരാജ്യങ്ങളുടെ ശ്രദ്ധയാകർഷിച്ച, കേരളത്തിന്റെ കാവലാളായി ജനങ്ങൾക്കൊപ്പമുണ്ടെന്ന് തെളിയിച്ച ബഹുമാന്യനായ മുഖ്യമന്ത്രി സഖാവ് പിണറായി വിജയനും കേരളത്തിലെ എൽ.ഡി.എഫ്. സർക്കാരിനും പ്രതിപക്ഷത്തിനും അഭിനന്ദനം അറിയിക്കുകയാണ്. 'മുഖ്യമന്ത്രി കേരളത്തിന്റെ വരദാനം'-മാർ ക്രിസോസ്റ്റം, 'പ്രളയം ആരുടെയും കുറ്റമല്ല, കണക്കുതെറ്റിച്ചത് പെരുമഴ'- ഡോ. എ. ബി. അനിത, 'സർക്കാരിന്റേത് സമാനതകളില്ലാത്ത പ്രവർത്തനം'-നടൻ ജയറാം, 'ദുരന്തകാലത്ത് നേതൃത്വം'- ഡോ. മുരളി തുമ്മാരുകുടി, 'മുഖ്യമന്ത്രി മുന്നിൽ നിന്ന് നയിച്ചു'- വ്യോമസേന, 'പിണറായി നേതൃത്വ മികവ് എന്തെന്ന് കാണിച്ചു'- എഴുത്തുകാരൻ ശ്രീ. രാധാകൃഷ്ണൻ, 'പ്രളയത്തെ നേരിട്ട പിണറായി രാജ്യത്തിന് മാതൃക'- ശ്രീ. ടി. പത്മനാഭൻ, 'കേരളം മാതൃക'- പി. കെ. കൃഷ്ണദാസ്, ബി.ജെ.പി. നേതാവ്, 'സർക്കാർ ഇടപെടൽ രാജ്യത്തിന് മാതൃക'- ശ്രീ. ഇ. ശ്രീധരൻ. ആർക്കാണ് കുറ്റം പറയാൻ കഴിയുക. ഇവിടെ കേന്ദ്ര ജലകമ്മീഷൻ ചെയർമാൻ കേന്ദ്ര സർക്കാരിന് സമർപ്പിച്ച റിപ്പോർട്ടിൽ 151 പേർ മരിച്ചത് ഉരുൾപൊട്ടലും മണ്ണിടിച്ചിലും മൂലമാണെന്നാണ് പറയുന്നത്. അച്ചൻകോവിലാറും മീനച്ചിലാറും ചാലിയാറും മണിമലയാറും ചെക്ക് ഡാമുകളുമല്ലാതെ മറ്റേത് ഡാം തുറന്നാണ് പ്രളയ ദുരന്തമുണ്ടായതെന്ന് ഇവിടെ സൂചിപ്പിക്കുന്നവർ മറച്ചുവയ്ക്കുന്ന സ്ഥിതിയാണ്.

പാലക്കാട് ജില്ലയിൽ 23 മരണവും ഒരു മിസ്സിംഗുമുണ്ടായി. 1117 വീടുകൾ പൂർണ്ണമായും 4,220 വീടുകൾ ഭാഗികമായും തകർന്നു. കൃഷിനാശം - 65 കോടി രൂപ, മൃഗസംരക്ഷണം - 35 ലക്ഷം രൂപ, വാട്ടർ അതോറിറ്റിക്ക് 20 കോടി രൂപ, പി.ഡബ്ല്യു.ഡി. റിപ്പയർ - 200 കോടി രൂപ, ബിൽഡിംഗ്സ് - 20 കോടി രൂപ, ജലസേചനം - 85 കോടി രൂപ, കെ.എസ്.ഇ.ബി.-ക്ക് - 20 കോടി രൂപ, തോട്ടം മേഖലയും വീട്ടുപകരണങ്ങളും കച്ചവടസ്ഥാപനങ്ങളിലെ നഷ്ടവും സമാനതകളില്ലാത്ത അവസ്ഥയിലാണ്. എല്ലാം നഷ്ടപ്പെട്ടവരും ഉരുൾപൊട്ടൽ ഭീഷണി നേരിടുന്നവരുമുൾപ്പെടെ ജില്ലയിൽ 164 ക്യാമ്പുകളിലായി 5,493 കുടുംബങ്ങളിലെ 17,711 പേരെ മാറ്റിപ്പാർപ്പിച്ചു. ഇപ്പോഴും 5 ക്യാമ്പുകളിലായി 480 പേർ താമസിച്ചുവരുന്നു. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ നിർദ്ദേശാനുസരണം പാലക്കാട് ജില്ലയിലേയ്ക്ക് ചുമതലപ്പെടുത്തിയ മന്ത്രി ശ്രീ. എ. കെ. ബാലൻ ഒരാൾക്കും ഒരാക്ഷേപത്തിനും ഇടവരുത്താത്ത വിധത്തിൽ എല്ലാ രാഷ്ട്രീയ കക്ഷികളെയും ഉദ്യോഗസ്ഥരെയും സമന്വയിപ്പിച്ചുകൊണ്ടുള്ള പ്രവർത്തനമാണ് നാളിതുവരെയും നടത്തിവരുന്നത്. പാലക്കാട് ശേഖരിച്ച ഭക്ഷ്യശേഖരത്തിൽനിന്നും 70 ടണ്ണിലധികം ഭക്ഷ്യധാന്യങ്ങൾ മറ്റ് ജില്ലകളിലേയ്ക്ക് കൊടുക്കാൻ ഞങ്ങൾക്ക് കഴിഞ്ഞു.

(അദ്ധ്യക്ഷവേദിയിൽ മി. ഡെപ്യൂട്ടി സ്പീക്കർ)

എന്റെ നിയോജകമണ്ഡലമായ നെന്മാറയിൽ, എന്റെ വീട്ടിൽനിന്നും ഒരു കിലോമീറ്ററിനകത്ത് അളുവശ്ശേരി ചേരുംകാട് എന്ന സ്ഥലത്ത് ആഗസ്റ്റ് 16-ന് രാവിലെ 6.15-നാണ് ഉരുൾപൊട്ടിയത്. ഇരുപത്തിയൊന്ന് ദിവസം പ്രായമായ കൈക്കുഞ്ഞും മൂന്നര വയസ്സായ ഒരു പെൺകുട്ടിയുമുൾപ്പെടെ മൂന്ന് കുടുംബത്തിലെ പത്ത് പേർക്കാണ് ജീവൻ നഷ്ടപ്പെട്ടത്. ആ കുടുംബങ്ങൾ താമസിച്ച മൂന്ന് വീടുകൾ പൂർണ്ണമായും തകർന്നടിഞ്ഞു. നട്ടെല്ലിനും കാലുകൾക്കും മാരകമായി പരിക്കേറ്റ് കോയമ്പത്തൂർ ഗംഗാ ആശുപത്രിയിൽ ചികിത്സയിൽ കഴിയുന്ന അഖിലയും അവരുടെ സഹോദരി അമിതയുമൊഴികെ ആ കുടുംബത്തിലെ ആറ് പേരും മരണപ്പെട്ടു. ഉരുൾപൊട്ടലറിഞ്ഞ് ഉടനെയെത്തിയ നാട്ടുകാരും പോലീസും ഫയർ ആന്റ് റസ്ക്യൂ ഉദ്യോഗസ്ഥരും റവന്യൂ ഉദ്യോഗസ്ഥരും തദ്ദേശസ്വയംഭരണ വകുപ്പിലെ ജനപ്രതിനിധികളും വനം വകുപ്പ് ഉദ്യോഗസ്ഥരും മറ്റുള്ളവരും ചേർന്നാണ് തെരച്ചിൽ നടത്തിയത്. ആദ്യ ദിവസം 7 മൃതദേഹങ്ങൾ മാത്രമാണ് കണ്ടെടുത്തത്. രണ്ടാം ദിവസമാണ് രണ്ട് മൃതദേഹങ്ങൾ കണ്ടെടുക്കാൻ കഴിഞ്ഞത്. മൂന്നാം ദിവസം ഒരു മൃതദേഹം കണ്ടെത്തിയതുൾപ്പെടെ പത്തെണ്ണം കണ്ടെത്തി. സർക്കാരിന്റെ ഇടപെടലിന്റെ ഭാഗമായി എൻ.ഡി.ആർ.എഫ്.-ന്റെ ഫോഴ്സ് വളരെ നല്ല രീതിയിലുള്ള പ്രവർത്തനമാണ് തെരച്ചിലുമായി ബന്ധപ്പെട്ട് നടത്തിയത്. വിവരം അറിഞ്ഞയുടൻതന്നെ ശ്രീ. എ. കെ. ബാലൻ സംഭവസ്ഥലത്തെത്തി. ആലത്തൂർ എം.പി. ശ്രീ. പി. കെ. ബിജു, എം.എൽ.എ. മാരായ ശ്രീ. കെ. ഡി. പ്രസേനൻ, ശ്രീ. കെ. കൃഷ്ണൻകുട്ടി, ശ്രീ. ഷാഫി പറമ്പിൽ തുടങ്ങിയവരും വിവിധ രാഷ്ട്രീയകക്ഷി പ്രതിനിധികളും സന്നദ്ധ സംഘടനാ പ്രവർത്തകരും അവിടെ ഓടിയെത്തുകയും ആവശ്യമായ നേതൃത്വം കൊടുക്കുകയും ചെയ്തു. മരണപ്പെട്ടവരുടെ കുടുംബങ്ങൾക്ക് അടിയന്തര സഹായമെന്ന നിലയിൽ പതിനായിരം രൂപ അന്നുതന്നെ വിതരണം ചെയ്യാൻ കഴിഞ്ഞു. 4 ലക്ഷം രൂപ വീതം മരണപ്പെട്ടവരുടെ ആശ്രിതരുടെ അക്കൗണ്ടുകളിലേക്ക് മാറ്റാൻ ഈ ഗവൺമെന്റിന് കഴിഞ്ഞിട്ടുണ്ട്. ഈ സംഭവമുണ്ടായതിനുശേഷമുള്ള ആദ്യ മന്ത്രിസഭായോഗത്തിൽത്തന്നെ മാരകമായി പരിക്കേറ്റ അഖിലയുടെ ചികിത്സയ്ക്കാവശ്യമായ 7 ലക്ഷം രൂപയും ഗവൺമെന്റ് അനുവദിച്ചു. വീടുകൾ പാടെ തകർന്ന മൂന്ന് കുടുംബങ്ങൾക്കും മൂന്ന് സെന്റ് സ്ഥലവും വീടും വച്ച് നൽകാൻ നെന്മാറയിലെ ബത്‌ലഹേം കമ്മ്യൂണിറ്റി ഇംഗ്ലീഷ് മീഡിയം സ്കൂൾ മാനേജ്മെന്റ് സന്നദ്ധത പ്രകടിപ്പിച്ചിട്ടുണ്ട്. എന്റെ നിയോജക മണ്ഡലത്തിലെ 110 ഇടങ്ങളിലാണ് ഉരുൾപൊട്ടലുണ്ടായത്. അയിലൂരിൽ പുഴ ഗതിമാറി ഒഴുകുകയും ചെയ്തു. നെല്ലിയാമ്പതി തികച്ചും ഒറ്റപ്പെടുന്ന അവസ്ഥയിലേയ്ക്ക് മാറി. നെന്മാറയിൽനിന്നും 31 കിലോമീറ്റർ ദൂരം വരുന്ന

ഒന്നാന്തരം റോഡിന്റെ 9-ാം കിലോമീറ്റർ മുതൽ 22-ാം കിലോമീറ്റർവരെ 73 സ്ഥലത്താണ് മലയിടിഞ്ഞ് പൂർണ്ണമായും നെല്ലിയാമ്പതി ഒറ്റപ്പെട്ടുപോയത്. ആർജ്ജവമുള്ള കേരള സർക്കാരിന്റെ ഇടപെടലും ജനങ്ങളുടെ കൂട്ടായ്മയും പ്രത്യേകിച്ച് തോട്ടം തൊഴിലാളികളുടെ കഠിനാദ്ധ്വാനവും ഉദ്യോഗസ്ഥതല സംയോജനവും ജനപ്രതിനിധികളുടെ നേതൃത്വവും നെല്ലിയാമ്പതിയിലെ 95 ശതമാനം വരുന്ന തോട്ടം തൊഴിലാളികളിൽ ഒരാൾക്കുപോലും ഒരു നേരംപോലും പട്ടിണിയില്ലാത്ത അവസ്ഥയിലേയ്ക്ക് മാറ്റാൻ ഞങ്ങൾക്ക് കഴിഞ്ഞിട്ടുണ്ട്. 3 ദിവസമായി ദുർഗ്ഗമമായ പാതയിലൂടെ 19 കിലോമീറ്റർ ദൂരം നടന്നാണ് എൻ.ഡി.ആർ.എഫ്.-ഉം തോട്ടം തൊഴിലാളികളും തലച്ചുമടായി 7 ടണ്ണിലധികം വരുന്ന ഭക്ഷ്യധാന്യം നെല്ലിയാമ്പതിയിൽ എത്തിച്ചത്. തൊഴിൽ നഷ്ടപ്പെട്ട് 38 സെന്ററുകളിലായി 4894 പേർക്കാണ് ഒരാഴ്ചക്കാലം ഭക്ഷണം കൊടുക്കാൻ കഴിഞ്ഞത്.

<u>മി. ഡെപ്യൂട്ടി സ്പീക്കർ</u>: പ്ലീസ്........ പ്ലീസ്..

<u>ശ്രീ. കെ. ബാബു</u>: സർ, നെന്മാറയിലെ Avitis Institute of Medical Sciences-ന്റെ സൂപ്പർ സ്പെഷ്യാലിറ്റി ഹോസ്പിറ്റൽ മാനേജ്മെന്റ് ഏർപ്പെടുത്തിയ ഹെലികോപ്റ്ററിലൂടെ മെഡിക്കൽ സംഘത്തേയും ഭക്ഷ്യധാന്യവും എത്തിക്കാനുള്ള ആദ്യ ശ്രമം പരാജയപ്പെട്ടപ്പോൾ സർക്കാർ തന്നെയാണ് നാവിക സേനയുടെ ഹെലികോപ്ടർ ഏർപ്പെടുത്തിയത്. മൂന്ന് ഗർഭിണികളുൾപ്പെടെ 11 പേരെ ജില്ലാ ആശുപത്രിയിൽ എത്തിക്കാനും ഒരു മെഡിക്കൽ സംഘത്തെ അവിടേയ്ക്ക് അയയ്ക്കാനും ആവശ്യമായ പരിചരണം എത്തിച്ചുകൊടുക്കാനും കഴിഞ്ഞു. 20 കിലോമീറ്ററിലധികം നടന്നാണ് വൈദ്യസഹായം എത്തിച്ചത്.

<u>മി. ഡെപ്യൂട്ടി സ്പീക്കർ</u>: പ്ലീസ്...... പ്ലീസ് ... കൺക്ലൂഡ്.

<u>ശ്രീ. കെ. ബാബു</u>: സർ, ഒരു മിനിറ്റ് കൂടി. സർക്കാർ ഇടപെടലിന്റെ ഭാഗമായി നെല്ലിയാമ്പതിയെ പുനഃസ്ഥാപിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടത്തിക്കൊണ്ടിരിക്കുകയാണ്. തകർന്നടിഞ്ഞ നെല്ലിയാമ്പതിയിലെ റോഡിലെ വൻമരങ്ങൾ മുറിച്ചുമാറ്റിയും പാറക്കഷ്ണങ്ങൾ പൊട്ടിച്ചും മണ്ണ് മാറ്റിയും ചെറിയ വാഹനങ്ങൾ കടന്നുപോകാവുന്ന തരത്തിലേയ്ക്ക് ഒരാഴ്ച കൊണ്ടുതന്നെ ഗതാഗതം പുനഃസ്ഥാപിച്ചു. ഇത്തരത്തിൽ എല്ലാം നഷ്ടപ്പെട്ടവരെയും ഉരുൾപൊട്ടൽ ഭീഷണിയെത്തുടർന്ന് മാറ്റിപാർപ്പിച്ചവരെയും പറമ്പിക്കുളം, നെല്ലിയാമ്പതി, അയിലൂർ, നെന്മാറ, മുതലമട, എലവഞ്ചേരി എന്നിവിടങ്ങളിലെ മുഴുവൻ ആളുകൾക്കും തിരിച്ച് വീട്ടിലേയ്ക്ക് പോകുമ്പോൾ പത്ത് ദിവസത്തിനാവശ്യമായ ഭക്ഷ്യധാന്യവും കൊടുക്കാൻ കഴിഞ്ഞിട്ടുണ്ട്. തകർന്നടിഞ്ഞ നെല്ലിയാമ്പതിയി

ലേയ്ക്കുള്ള പുതിയ റോഡ് നിർമ്മിക്കണമെങ്കിൽ വനം വകുപ്പുമായി യോജിച്ച് ബദൽ സംവിധാനം കണ്ടെത്തണം. ചെമ്മണാംപതി-തേക്കടി പാത യാഥാർത്ഥ്യമായില്ലെങ്കിൽ നെല്ലിയാമ്പതി ഒറ്റപ്പെടും. പശ്ചിമഘട്ട മലനിരയുടെ ഭാഗമെന്ന നിലയിൽ അവിടെ ജിയോളജിക്കൽ സർവ്വേയുടെ ഒരു പഠന റിപ്പോർട്ട് നടപ്പിലാക്കേണ്ടതുണ്ട്. പത്ത് ദിവസത്തിലധികം തൊഴിൽ നഷ്ടപ്പെട്ട തോട്ടം തൊഴിലാളികൾക്ക് തോട്ടം ഉടമസ്ഥരുമായി ചർച്ചചെയ്ത് പകുതി കൂലിയെങ്കിലും ലഭ്യമാക്കാൻ സൗകര്യമൊരുക്കണം. എല്ലാം നഷ്ടപ്പെട്ടവരെ സംരക്ഷിക്കുന്നതു പോലെ തന്നെ ഉരുൾപൊട്ടൽ ഭീഷണി നേരിടുന്ന പ്രദേശങ്ങളിലേയ്ക്ക് തിരിച്ച് പോകാൻ കഴിയാതെ വാടക വീടുകളെടുക്കുന്നവർക്ക് വാടകയും ആ കുടുംബങ്ങളെ പുനരധിവസിപ്പിക്കുന്നതിനുള്ള പദ്ധതികളും ആവിഷ്കരിക്കണം. ജില്ലാ ഭരണ കൂടത്തിന്റെയും മറ്റെല്ലാ വകുപ്പുകളുടെയും ഏകോപനവും പിന്തുണയും ലഭിച്ചിരുന്നു. പ്രത്യേകിച്ച് മാധ്യമ സുഹൃത്തുക്കളുടെ പിന്തുണയും ലഭിച്ചിരുന്നു. നെന്മാറ മണ്ഡല ത്തിലേയ്ക്ക് ലഭിച്ച വലിയ സഹായത്തിനും പിന്തുണയ്ക്കും എല്ലാ വിഭാഗങ്ങളുടെയും പ്രത്യേകിച്ച് കേരളത്തിലെ ഇടതുപക്ഷജനാധിപത്യ മുന്നണി സർക്കാരിന്റെയും മറ്റു ജനപ്രതിനിധികളുടെയും എല്ലാവിധത്തിലുള്ള സഹായത്തിനും എന്റെ മണ്ഡലത്തിലെ എല്ലാ ജനങ്ങളുടെയും പേരിലുള്ള നന്ദിയും കടപ്പാടും സർക്കാരിനെ അറിയിക്കുന്നു. പുതിയ കേരളത്തെ സൃഷ്ടിക്കുന്നതിന് നെന്മാറ മണ്ഡലത്തിലെ മുഴുവൻ ജനങ്ങളുടെയും പിന്തുണയും അർപ്പിക്കുന്നു.

<u>ശ്രീ. ഐ. സി. ബാലകൃഷ്ണൻ</u>: സർ, ഉപക്ഷേപത്തെ പിന്താങ്ങുന്നു. ബഹുമാനപ്പെട്ട മുഖ്യമന്ത്രി സൂചിപ്പിച്ചതുപോലെ ഇന്ന് വയനാട് ജില്ല നാല് ചുരത്തിന്റെ മുകളിൽ ഒറ്റപ്പെട്ടുകിടക്കുകയാണ്. ചരിത്രത്തിൽ ഇതുവരെ കണ്ടിട്ടില്ലാത്ത വലിയ ദുരന്തമാണ് ജില്ലയിൽ ഉണ്ടായിട്ടുള്ളത്. ഏതാണ്ട് 335 ക്യാമ്പുകളിൽ പതിനായിരത്തോളം കുടുംബങ്ങളും 33000 അംഗങ്ങളും താമസിക്കുന്നുണ്ട്. 15 പഞ്ചായത്തുകളാണ് പൂർണ്ണമായും വെള്ളത്താൽ ചുറ്റപ്പെട്ടിട്ടുള്ളത്. ഡാം തുറന്നതുമായി ബന്ധപ്പെട്ട് ഇവിടെ സൂചിപ്പിച്ചു. പടിഞ്ഞാറത്തറ, കോട്ടത്തറ, തരിയോട്, പനമരം, പുൽപ്പള്ളി, മുള്ളൻകൊല്ലി പഞ്ചായത്തുകളിൽ ഡാം തുറക്കലുമായി ബന്ധപ്പെട്ട് ഒരുപാട് കുടുംബങ്ങൾ വെള്ളത്തിലകപ്പെട്ടുകഴിഞ്ഞു. ഡാം തുറക്കുന്നതിനുമുമ്പ് ഒരു മുന്നറിയിപ്പും ജില്ലാ ഭരണകൂടം ജനങ്ങൾക്ക് നൽകാത്ത സാഹചര്യമാണ് ഉണ്ടായിട്ടുള്ളത്. രാത്രി ഉറങ്ങിക്കിടക്കുമ്പോൾ വെള്ളം കയറുകയും രാവിലെ അവരെ സംരക്ഷിക്കുകയുമാണ് ചെയ്തത്. ഡാം തുറക്കുന്നതുമായി ബന്ധപ്പെട്ട് യാതൊരു ആലോചനയും ജില്ലാ ഭരണകൂടവുമായി ഉണ്ടായിട്ടില്ലെന്ന് ജില്ലാ കളക്ടർ പറയുന്നു. ബഹുമാനപ്പെട്ട വൈദ്യുതി വകുപ്പുമന്ത്രി പിറ്റേ ദിവസം ജില്ലാ ഭരണകൂടത്തെ അവഹേളിച്ചുകൊണ്ടുള്ള പത്ര പ്രസ്താവനകൾ നടത്തുന്നു. ഇതിൽ

ഏതാണ് നമ്മൾ വിശ്വസിക്കേണ്ടത്? ഇന്ന് ജില്ലയിൽ വലിയ പ്രതിസന്ധി നേരിട്ടു കൊണ്ടിരിക്കുകയാണ്. ശ്രീ. സി. കെ. ശശീന്ദ്രൻ സൂചിപ്പിച്ചതുപോലെ നാല് ചുരം ബ്ലോക്കായപ്പോൾ അവിടെ ഭക്ഷ്യസാധനങ്ങൾ എത്തിച്ചത് കർണ്ണാടക-തമിഴ്നാട് മേഖലകളിൽ നിന്നാണ്. ബദൽ റോഡുമായി ബന്ധപ്പെട്ട കാര്യങ്ങൾ കുറെക്കാലമായി ചർച്ച ചെയ്യപ്പെടുന്ന വിഷയമാണ്. അത് യാഥാർത്ഥ്യമാക്കാൻ കഴിഞ്ഞിട്ടില്ല.

ഇന്ന് ജില്ലയിൽ പാർപ്പിടം നഷ്ടപ്പെട്ട നിരവധി കുടുംബങ്ങൾക്ക്, പട്ടികജാതി വിഭാഗക്കാർക്കും ജനറൽ വിഭാഗക്കാർക്കുമുൾപ്പെടെ പാർപ്പിടം നിർമ്മിച്ചു നൽകുന്ന നയസമീപനം യുദ്ധകാലാടിസ്ഥാനത്തിൽ ഉണ്ടാകണം. ഇപ്പോഴും പതിനെട്ടോളം ക്യാമ്പുകൾ തുടരുന്നു. വീടുകൾ വെള്ളത്തിനടിയിൽ ആയതിനാൽ തിരിച്ച് പോകാൻ കഴിയാത്ത കുടുംബങ്ങളാണ് ക്യാമ്പുകളിൽ കഴിയുന്നത്. അവരുടെ പാത്രങ്ങളും വീട്ടുപകരണങ്ങളും കുട്ടികളുടെ പഠനോപകരണങ്ങളുമൊക്കെ നഷ്ടപ്പെട്ടു. ഇന്നലെ സ്കൂൾ തുറന്നു. അവർക്ക് സ്കൂളിൽ പോകാൻ പുസ്തകങ്ങളോ പഠനോപകരണങ്ങളോ ഇല്ല. ക്യാമ്പിൽ നിന്നും പോകുമ്പോൾ നഷ്ടപ്പെട്ട സാധനങ്ങൾ വാങ്ങിക്കുന്നതിനുവേണ്ടി ഒരു ആശ്വാസ പദ്ധതിയായി 3800 രൂപ നൽകുമെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി വയനാട് ജില്ലയിൽ വന്നപ്പോൾ പറഞ്ഞു. ബഹുമാനപ്പെട്ട കൃഷി വകുപ്പുമന്ത്രി ജില്ലയിൽ വന്ന് റിവ്യൂ മീറ്റിംഗ് നടത്തിയപ്പോൾ 1000 രൂപ കൊടുക്കാമെന്ന് അദ്ദേഹവും പറഞ്ഞു. അത് ഇതുവരെ കൊടുത്തിട്ടില്ല. അത് കൊടുത്താൽ മാത്രമേ അവർക്ക് നഷ്ടപ്പെട്ട സാധനങ്ങൾ വാങ്ങി കുടിലുകളെങ്കിലും കെട്ടി താമസിക്കാൻ സാധിക്കുകയുള്ളൂ. ഉരുൾപൊട്ടി ഹെക്ടർ കണക്കിന് ഭൂമിയാണ് നഷ്ടപ്പെട്ടത്. ജില്ലാതലത്തിൽ വ്യത്യസ്ത രീതിയിലുള്ള കണക്കുകളാണ് ജില്ലാ ഭരണകൂടം തയ്യാറാക്കുന്നത്. ഇന്നലെ ഞാൻ ചോദിച്ചപ്പോൾ 685 കോടി രൂപയുടെ നഷ്ടമുണ്ടായെന്നും എന്റെ സഹപാഠിയായ ശ്രീ. സി. കെ. ശശീന്ദ്രന് കൊടുത്ത കണക്കിൽ 1411 കോടി രൂപയാണെന്നും കഴിഞ്ഞ 24-ാം തീയതി ജില്ലയുടെ ചാർജ്ജുള്ള ബഹുമാനപ്പെട്ട മന്ത്രി വന്ന് റിവ്യൂ മീറ്റിംഗ് വിളിച്ചപ്പോൾ 72 കോടി രൂപയുടെ നഷ്ടമാണുണ്ടായതെന്നും പറഞ്ഞു. അശാസ്ത്രീയമായ രീതിയിലാണ് ജില്ലാഭരണകൂടം കണക്കുകൾ നിരത്തുന്നത്. ജില്ലകൾ തമ്മിൽ ഒരു കോ-ഓർഡിനേഷൻ ഇല്ലാത്ത സാഹചര്യത്തിൽ ഞങ്ങൾ എങ്ങനെയാണ് പ്രതികരിക്കേണ്ടത്?

മേയ് മാസത്തിൽ ആരംഭിച്ച മഴ ആഗസ്റ്റിൽ വലിയ പ്രളയമായി മാറി. കാർഷികോൽപ്പന്നങ്ങൾ മുഴുവൻ തകർന്നു. ബഹുമാനപ്പെട്ട കൃഷി വകുപ്പുമന്ത്രിയും ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും ജില്ലയിൽ വന്നപ്പോൾ ജപ്തി നടപടികൾ മുഴുവൻ നിർത്തിവയ്ക്കണമെന്ന് ഞങ്ങൾ ആവശ്യപ്പെട്ടു. പ്രളയമുണ്ടായിക്കൊണ്ടിരിക്കുന്ന

സാഹചര്യത്തിൽ മനുഷ്യന്റെ ജീവൻ സംരക്ഷിക്കുന്നതിനുള്ള പോരാട്ടം നടത്തേണ്ട സമയത്ത് ബാങ്ക് ഉദ്യോഗസ്ഥർ വീടുകളിൽ കയറി സർഫാസി നിയമത്തിൽ ഉൾപ്പെടുത്തി ജപ്തി നോട്ടീസുകൾ നൽകുകയാണ്. വയനാട്ടിലെ കർഷകർ വലിയ പ്രതിസന്ധിയിലാണ്. എല്ലാം തകർന്നു. അവരുടെ കാർഷിക കടങ്ങളും മറ്റു കടങ്ങളുമൊക്കെ സർക്കാർ ഏറ്റെടുക്കണം. അവർക്ക് പലിശരഹിത വായ്പ 5 ലക്ഷം രൂപയായി വർദ്ധിപ്പിച്ച് അഞ്ച് വർഷം കാലാവധി നൽകുകയും വേണം. എന്നാലെ അവർക്ക് പിടിച്ചുനിൽക്കാൻ കഴിയുകയുള്ളൂ.

<u>മി. ഡെപ്യൂട്ടി സ്പീക്കർ</u>: പ്ലീസ് ...... കൺക്ലൂഡ്.

<u>ശ്രീ. ഐ. സി. ബാലകൃഷ്ണൻ</u>: സർ, ജില്ലാ ഭരണകൂടത്തിന്റെ പിടിപ്പുകേടിനെക്കുറിച്ച് അന്വേഷിച്ച് വ്യക്തമായ കണക്ക് ഗവൺമെന്റിന് സമർപ്പിക്കാനുള്ള നിലപാട് സ്വീകരിക്കണമെന്നാണ് ആവശ്യപ്പെടാനുള്ളത്. 685 കോടി രൂപയുടെ നഷ്ടമെന്നാണ് ഇന്നലെ 10.45-ന് എനിക്ക് നൽകിയ കണക്ക്. ഞങ്ങൾ അഭിപ്രായ വ്യത്യാസം പ്രകടിപ്പിച്ചു. ഇത്തരത്തിലുള്ള നിലപാടിൽനിന്നും മാറ്റമുണ്ടാകണമെന്നാണ് അഭ്യർത്ഥിക്കാനുള്ളത്. അതുകൊണ്ട് വയനാട്ടുകാരെ സംരക്ഷിക്കാനുള്ള നിലപാടുകൾ സ്വീകരിക്കണമെന്നും വയനാട്ടുകാർക്ക് സഞ്ചാരയോഗ്യമായ ബദൽറോഡുകൾ ഉണ്ടാകണമെന്നും കാർഷിക മേഖലയിലെ പ്രതിസന്ധി സംരക്ഷിക്കാൻ ഗവൺമെന്റ് തയ്യാറാകണമെന്നുമാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്.

<u>ശ്രീ. റോജി. എം. ജോൺ</u>: സർ, ഉപക്ഷേപത്തെ പിന്താങ്ങുന്നു. തെക്ക് പെരിയാറും വടക്ക് ചാലക്കുടിപ്പുഴയും യാതൊരു മുന്നറിയിപ്പുമില്ലാതെ കുത്തിയൊഴുകി അങ്കമാലിയിൽ പതിനായിരത്തോളം വീടുകളിൽ വെള്ളം കയറി, നാൽപ്പതിനായിരത്തിലധികം ആളുകൾ അഭയാർത്ഥികളായി, ആ വേദനയും അവരുടെ ആവശ്യങ്ങളും രണ്ടുമിനിറ്റിൽ പങ്കുവയ്ക്കാൻ ബുദ്ധിമുട്ടാണ്. യാതൊരു സർക്കാർ സംവിധാനവും ലഭിക്കാതെ നൂറോളം വോളന്റിയർമാർ ജീവൻ പണയംവച്ച് രക്ഷാപ്രവർത്തനം നടത്തിയതുകൊണ്ടാണ് നൂറുകണക്കിന് ആളുകളുടെ ജീവൻ രക്ഷിക്കാനായത്. സമയക്കുറവിനാൽ ദുരന്തത്തിന്റെ ഭീകരതയെക്കുറിച്ച് പറയുന്നില്ല. റോഡുകൾ മുഴുവൻ താറുമാറായി കിടക്കുന്നത് ബഹുമാന്യനായ മന്ത്രി ശ്രീ. എ. സി. മൊയ്തീൻ അവിടെ നേരിട്ടെത്തി കണ്ടതാണ്. പി.ഡബ്ല്യൂ.ഡി.-യുടെ സ്വാഭാവിക നടപടികളുമായി മുന്നോട്ടുപോയാൽ ഒരു വർഷമെടുത്താൽപ്പോലും ഈ റോഡുകളുടെ നിർമ്മാണം പൂർത്തിയാക്കാൻ കഴിയില്ല. വ്യവസ്ഥകളിൽ ഇളവുനൽകി ഓരോ മണ്ഡലത്തിലും യുദ്ധകാലാടിസ്ഥാനത്തിൽ റോഡുകൾ പണികഴിപ്പിക്കാൻ സാധിക്കുന്ന കോൺട്രാക്ടർമാരെ ചുമതല ഏൽപ്പിച്ച്

അടിയന്തരമായി ഇത് പൂർത്തീകരിക്കണം. ചെറുകിട വ്യാപാരികൾക്കുണ്ടായ നഷ്ടം കണക്കാക്കാനോ അത് പരിഹരിക്കാനോ യാതൊരു സംവിധാനവും ഇതുവരെ സർക്കാർ ഏർപ്പെടുത്തിയിട്ടില്ല. എന്ത് ചെയ്യണമെന്നറിയാതെ അവർ പകച്ച് നിൽക്കുകയാണ്. സംസ്കൃത സർവ്വകലാശാലയുൾപ്പെടെ നിരവധി വിദ്യാഭ്യാസ സ്ഥാപനങ്ങളിലും പൊതു സ്ഥാപനങ്ങളിലുമുണ്ടായ നഷ്ടം കണക്കാക്കുന്നതിനോ നഷ്ടപരിഹാരം കൊടുക്കുന്നതിനോ ഉള്ള സംവിധാനം ഇതുവരെ ഏർപ്പെടുത്തിയിട്ടില്ല. അടിയന്തരമായി സർക്കാർ ഇടപെട്ട് അവരുടെ നഷ്ടം പരിഹരിക്കുന്നതിനുവേണ്ട സംവിധാനം ഒരുക്കണം. പെരിയാറിന്റെ തീരത്തുള്ള കാലടിയിൽ ഒരു ഫയർസ്റ്റേഷൻ ഉണ്ടായിരുന്നുവെങ്കിൽ രക്ഷാപ്രവർത്തനത്തിന് എത്ര സഹായകരമായേനെ എന്ന് ആ നാട്ടിലെ ജനങ്ങൾ ഇന്ന് പറഞ്ഞു കൊണ്ടിരിക്കുകയാണ്. ഇത് ഗൗരവമായി പരിഗണിക്കണം. പെരിയാറിൽ മാത്രമല്ല എല്ലാ നദികളുടെയും തീരത്തുള്ള പോലീസ് സ്റ്റേഷനുകളുമായി ബന്ധപ്പെട്ട് ഫയർ സർവ്വീസ് സേവനങ്ങൾ ഏർപ്പെടുത്തുന്നതിനും പ്രത്യേകിച്ച് കാലടിയിൽ ഒരു ഫയർസ്റ്റേഷൻ സ്ഥാപിക്കുന്നതിനുമുള്ള നടപടിയുണ്ടാകണം. സാധാരണ കർഷകന്റെയും ക്ഷീരകർഷകന്റെയും ബാംബൂ കോർപ്പറേഷൻ, പ്ലാന്റേഷൻ കോർപ്പറേഷൻ എന്നിവിടങ്ങളിലെ തൊഴിലാളികളുടെയും ജീവിതം താറുമാറായി ആത്മഹത്യയുടെ വക്കിൽ നിൽക്കുകയാണ്. 'പണ്ടേ ദുർബ്ബല ഇപ്പോൾ ഗർഭിണി' എന്ന അവസ്ഥയിലാണ് അവരുടെ ജീവിതം. അവർക്ക് നഷ്ടപരിഹാരം നൽകാനുള്ള അടിയന്തര നടപടി സ്വീകരിക്കണം.

മി. ഡെപ്യൂട്ടി സ്പീക്കർ: യെസ്.....യെസ്.

ശ്രീ. റോജി. എം. ജോൺ: സർ, അതുപോലെ നെടുമ്പാശ്ശേരി എയർപോർട്ടും ചെങ്കൽത്തോടുമായി ബന്ധപ്പെട്ട് ആലുവ എം.എൽ.എ. ശ്രീ. അൻവർ സാദത്ത് ഉന്നയിച്ച ആശങ്ക ഞാനും ഇവിടെ പങ്കുവയ്ക്കുകയാണ്. അടിയന്തരമായി ആ വിഷയത്തിൽ പരിഹാരമുണ്ടാക്കണം. ഏറ്റവും പ്രധാനപ്പെട്ടത്, എല്ലാം നഷ്ടപ്പെട്ട സാധാരണക്കാരന്റെ ജീവിതമാണ്. ഒരായുസ്സിന്റെ സമ്പാദ്യം മുഴുവനും യാതൊരു മുന്നറിയിപ്പും കൂടാതെ ഡാമുകൾ തുറന്നുവിട്ട് ഒറ്റ രാത്രികൊണ്ട് നഷ്ടപ്പെട്ടവന് 10,000 രൂപ നഷ്ടപരിഹാരം നൽകുമെന്ന് പറയുന്നത്, കൊന്നതിനുശേഷം ഫ്രീയായി അടിയന്തിരം ചെയ്തുകൊടുക്കാമെന്ന് പറയുന്നതുപോലെയാണ്. ഇപ്പോൾ 10,000 രൂപ എങ്ങനെ കൊടുക്കാതിരിക്കാം എന്നതിനെക്കുറിച്ചുള്ള മാർഗ്ഗങ്ങൾ അന്വേഷിച്ച് സർക്കാർ ഗവേഷണം നടത്തിക്കൊണ്ടിരിക്കുകയാണ്. ഒരായുസ്സിന്റെ സമ്പാദ്യം മുഴുവൻ നഷ്ടപ്പെട്ടവന് 10,000 രൂപ കൊടുത്താൽ എന്ത് ചെയ്യാനാണ്? ആ തുക ഇന്ന്, ഈ നിമിഷം അല്ലെങ്കിൽ നാളെയെങ്കിലും കൊടുത്തുതീർക്കാൻ ആവശ്യമായ നടപടി സർക്കാർ സ്വീകരിക്കണം. അതുമാത്രമല്ല, അവർക്കുണ്ടായ

നഷ്ടം പൂർണ്ണമായി കണക്കാക്കി അത് എത്ര രൂപയാണെങ്കിലും ആ തുക പൂർണ്ണമായി കൊടുത്തുതീർക്കാനുള്ള നടപടി സർക്കാരിന്റെ ഭാഗത്തുനിന്നുണ്ടായില്ലെങ്കിൽ കേരളം വലിയ ദുരന്തത്തിലേക്കാണ് നടന്നുപോകുന്നത്. അതിലേയ്ക്ക് കേരളത്തിലെ ജനങ്ങളെ തള്ളിവിടാതെ ഉണ്ടായ നഷ്ടം മുഴുവൻ കൊടുത്തുതീർക്കാനുള്ള നടപടി സർക്കാർ സ്വീകരിക്കണമെന്ന് ഞാൻ ശക്തമായി ആവശ്യപ്പെടുകയാണ്.

ശ്രീ. കെ. എൻ. എ. ഖാദർ: സർ, ഉപക്ഷേപത്തെ പിന്താങ്ങുന്നു. നാം അഭിമുഖീകരിച്ച ഈ ദുരന്തത്തിന് ആരാണ് ഉത്തരവാദിയെന്ന് പരിശോധിക്കുന്ന ഒരു സന്ദർഭമാണിത്. ഇത്തരം ദുരന്തങ്ങൾക്ക് നാമെല്ലാം ഉത്തരവാദികളാണെന്നാണ് പൊതുവായി എനിക്ക് തോന്നുന്നത്. നമ്മുടെ സംസ്ഥാനത്തുള്ള നദികളും തണ്ണീർത്തടങ്ങളും കുന്നുകളും മലകളുമൊക്കെ നശിപ്പിച്ചതിന്റെ ഉത്തരവാദിത്വം എത്രയോ തലമുറകളായി നമുക്കെല്ലാവർക്കുമുള്ളതാണ്. പക്ഷേ അത്തരം നാശനഷ്ടങ്ങളുണ്ടാക്കുന്ന, പ്രകൃതിയെ തകർക്കുന്ന നടപടികൾക്കെതിരെ മിണ്ടാതിരുന്നവർക്കും അതിനുത്തരവാദിത്വമുണ്ട്. " The silence of good people is more dangerous than the violence of bad people" എന്ന് ആരോ പറഞ്ഞിട്ടുണ്ട്. മഹാഭൂരിപക്ഷം വരുന്ന ആളുകൾ ഇത്തരം നാശനഷ്ടമുണ്ടാകുമ്പോൾ നിശബ്ദത പാലിക്കുന്നുവെന്നത് ആ നാശനഷ്ടം വരുത്തിയവരേക്കാൾ ആപത്കരമായ നടപടിയാണെന്ന് പറയാതിരിക്കാൻ സാധിക്കില്ല. എന്തെല്ലാം പുനരുദ്ധാരണ പ്രവർത്തനങ്ങളും വികസന പ്രവർത്തനങ്ങളും നടത്തിയാലും ഇന്നുവരെ ലോകത്ത് ഒരു സർക്കാരും പുതിയ പുഴയോ മലയോ കുന്നോ നിർമ്മിച്ചിട്ടില്ലെന്ന യാഥാർത്ഥ്യം നാം വിസ്മരിക്കരുത്. ഈ ദുരന്തത്തിന് നമുക്കെല്ലാമുള്ള പങ്ക് ഉൾക്കൊണ്ടുതന്നെ വേണം ഇതിന്റെ പുനരുദ്ധാരണ പ്രവർത്തനത്തിനും നവകേരള സൃഷ്ടിക്കും നമ്മുടെ പ്രവർത്തനങ്ങൾ നടത്തേണ്ടത് എന്നതാണ് എനിക്ക് പറയാനുള്ള പ്രധാനപ്പെട്ട കാര്യം. ഇവിടെ മറ്റ് വിശദീകരണങ്ങളും അലങ്കാരവും ഉപമയും ചേർത്ത് നടന്ന സംഭവവികാസങ്ങളെ വർണ്ണിക്കുന്നതിൽ അർത്ഥമില്ല. അത് ധാരാളം കേട്ടതായതിനാൽ ഞാൻ അതിനെ സംബന്ധിച്ചൊന്നും പറയുന്നില്ല. പ്രളയബാധിതരായവർക്ക് സഹായം നൽകിയിരിക്കണം എന്നതാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ള ആദ്യത്തെ കാര്യം. രണ്ടാമത്, പതിനായിരം രൂപ കൊടുക്കുന്നത്, വളരെ വലിയ സംഖ്യയാണെന്ന് എനിക്ക് അഭിപ്രായമില്ല. എങ്കിലും സാധ്യതകൾക്കനുസരിച്ച് ഗവൺമെന്റിന് അത് വർദ്ധിപ്പിക്കാൻ തീരുമാനിക്കാവുന്നതാണ്. ഏറ്റവും ചുരുങ്ങിയത്, നൽകാമെന്ന് പറഞ്ഞ പതിനായിരം രൂപയെങ്കിലും കൃത്യസമയത്ത് കൊടുത്തുതീർക്കാൻ ആവശ്യമായ നടപടി സ്വീകരിക്കണം. വീട് പൂർണ്ണമായി

തകർന്നവർക്ക് 4 ലക്ഷം രൂപയും ഭൂമി വാങ്ങുന്നതിന് 6 ലക്ഷം രൂപയുമെന്ന് തീരുമാനിച്ചിട്ടുള്ളത് സ്വാഗതാർഹമായ കാര്യമാണെങ്കിലും അതും ആവശ്യത്തിന് തികയില്ലെന്ന് എല്ലാവർക്കുമറിയാം. ഗവൺമെന്റിന്റെ സമ്പത്തും വരുമാനവും ഫണ്ടിന്റെ ബലവും അനുസരിച്ച് ആ തുക വർദ്ധിപ്പിക്കുന്നത് നന്നായിരിക്കും. അതിനേക്കാളുപരി ഈ നടപടികൾ സമയബന്ധിതമായി നടപ്പിലാക്കുക എന്നതാണ് പ്രധാനപ്പെട്ട കാര്യം. വീട്ടുപകരണങ്ങൾ നഷ്ടമായതിനും ഉപയോഗ്യ ശൂന്യമായതിനും നഷ്ടപരിഹാരം നൽകുന്നതിന് പദ്ധതികളുള്ളതായി എനിക്കറിവില്ല. വീട്ടുപകരണങ്ങൾ നഷ്ടമായാൽ തിരിച്ച് വീട്ടിലെത്തുവർക്ക് അവിടെ താമസിക്കാൻ ആവശ്യമായ ഉപകരണങ്ങൾ ഇല്ലാത്ത സാഹചര്യമുണ്ടാകും. കടകമ്പോളങ്ങൾക്കും ചരക്ക് നഷ്ടങ്ങൾക്കും നഷ്ടപരിഹാരം തീരുമാനിച്ചിട്ടില്ല. ഇൻഷ്വറൻസുള്ളവർക്ക് അത് ലഭിക്കും, അല്ലാത്തവർക്ക് ചെറിയ കച്ചവടക്കാരാണെങ്കിലും എന്തെങ്കിലും സഹായം നൽകാൻ സാധിക്കുമോയെന്ന് ആലോചിക്കുന്നത് നല്ലതാണ്. കാർഷിക നഷ്ടം കേരളത്തിനേറ്റ ഏറ്റവും വലിയ അടിയാണ്. കൃഷിക്കാരുടെ കാർഷിക വായ്പ എഴുതിത്തള്ളുന്നതുപോലെ കാർഷിക നഷ്ടപരിഹാരം വർദ്ധിപ്പിക്കുകയും അത് കൃത്യമായി കൊടുക്കുകയും വേണം. സാധാരണ കൃഷിക്കാർക്കുണ്ടാകുന്ന നഷ്ടം ഗൗരവമായി ആരും എടുക്കാറില്ല. ഇടിഞ്ഞ പുഴയോരങ്ങളിൽ സംരക്ഷണഭിത്തി കെട്ടുകയും തകർന്ന എല്ലാ റോഡുകളും അടിയന്തരമായി നന്നാക്കുകയും ചെയ്യുന്നതിന് സമയബന്ധിതമായി നടപടി സ്വീകരിക്കണം. റവന്യൂ ഉദ്യോഗസ്ഥരാണ് കണക്കെടുപ്പ് നടത്തുന്നത്. കണക്കെടുപ്പുവേളയിൽ അതാത് പഞ്ചായത്തിലെ വാർഡ് മെമ്പർമാരെ കൂടെ കൊണ്ടുപോകണമെന്നാണ് എന്റെ നിർദ്ദേശം. ആ വാർഡ് മെമ്പർമാർക്ക് കണക്കെടുപ്പ് സമയത്ത് റവന്യൂ ഉദ്യോഗസ്ഥരെ സഹായിക്കാൻ സാധിക്കും. കുടിവെള്ള സംരക്ഷണത്തിനുള്ള നടപടി സ്വീകരിക്കണം. പരിസ്ഥിതിലോല പ്രദേശങ്ങളിലുള്ള കയ്യേറ്റങ്ങൾ പൂർണ്ണമായി ഒഴിപ്പിക്കണം. നേരത്തെ മാധവ് ഗാഡ്ഗിൽ കമ്മീഷൻ റിപ്പോർട്ട് നടപ്പിലാക്കുന്നതിനെതിരെ സഭ ഏകകണ്ഠമായി പ്രമേയം പാസ്സാക്കിയിട്ടുള്ളതാണ്. പക്ഷേ മാധവ് ഗാഡ്ഗിൽ കമ്മീഷൻ റിപ്പോർട്ട് നടപ്പിലാക്കുന്നതിനെപ്പറ്റി പുനരാലോചന നടത്തണമെന്നാണ് എന്റെ വിനീതമായ അഭിപ്രായം. കാർഷികവൃത്തിക്ക് ഗുണകരമായ ചില കാര്യങ്ങൾ ഈ വെള്ളപ്പൊക്കത്തിലൂടെ സംഭവിച്ചിട്ടുണ്ട്. എക്കൽ മണ്ണ് നിക്ഷേപിക്കപ്പെട്ടിട്ടുണ്ട്. അത് പ്രയോജനപ്പെടുത്തി ജൈവകൃഷി വ്യാപകമാക്കാനുള്ള നടപടി സ്വീകരിക്കണം. ഡിസാസ്റ്റർ മാനേജ്മെന്റ് സംബന്ധിച്ച ചട്ടങ്ങൾ വളരെ പഴയതാണ്. അത് പരിഷ്കരിച്ച് ഇന്നത്തെ കാലാവസ്ഥയ്ക്ക് അനുയോജ്യമായ രീതിയിൽ മാറ്റം വരുത്തണം.

ഫയർ ആൻഡ് റെസ്ക്യൂ സംവിധാനത്തെക്കുറിച്ച് പലരും പറഞ്ഞു. ആ വകുപ്പിന് പലതും ചെയ്യാൻ സാധിക്കും. എല്ലാ മണ്ഡലത്തിലും ഒരു ഫയർ സ്റ്റേഷൻ എന്നുപറയുമ്പോഴും ഞങ്ങളുടെ ജില്ലയിൽ ഏഴ് ഫയർ സ്റ്റേഷൻ മാത്രമേയുള്ളൂ; അതുമാത്രമല്ല, അവർക്കാവശ്യമായ ഉപകരണങ്ങൾ എവിടെയുമില്ല. അതിന് ജംങ്പാംഗി കമ്മീഷൻ റിപ്പോർട്ട് നടപ്പിലാക്കണം. റിവർ മാനേജ്മെന്റ് ഫണ്ട് അതത് ജില്ലകളിൽ പരിപൂർണ്ണമായി പ്രയോജനപ്പെടുത്തേണ്ടത് ആവശ്യമാണ്. നമ്മുടെ ജില്ലയിലൊന്നും റിവർ മാനേജ്മെന്റ് ഫണ്ട് ഫലപ്രദമായി പ്രയോജന പ്പെടുത്തിയിട്ടില്ലെന്ന വിമർശനമുണ്ട്. മലപ്പുറം ജില്ലയിലെ പ്രധാനപ്പെട്ട നദികളായ ചാലിയാർപ്പുഴയും കടലുണ്ടിപ്പുഴയും ഭാരതപ്പുഴയും കരകവി ഞ്ഞൊഴുകിയിട്ടുണ്ട്. അത് എല്ലാ തീരങ്ങളേയും നഗരങ്ങളേയും എന്റെ മണ്ഡലമായ വേങ്ങര ഉൾപ്പെടെയുള്ള എല്ലാ സ്ഥലങ്ങളിലും ബാധിച്ചിട്ടുണ്ട്. 30000 പേരെ റെസ്ക്യൂ ചെയ്തിട്ടുണ്ട്. ക്യാമ്പുകളിൽ 33000 ആളുകൾ വരെയുണ്ടായ സമയമുണ്ടായിട്ടുണ്ട്.

<u>മി. ഡെപ്യൂട്ടി സ്പീക്കർ</u>: പ്ലീസ്....കൺക്ലൂഡ്......... അങ്ങ് ഒരു മിനിറ്റ് കൂടുതലെടുത്തു.

<u>ശ്രീ. കെ. എൻ. എ. ഖാദർ</u>: സർ, എല്ലാവരും കൂടുതൽ സമയമെടുത്തു. ഞാൻ അനാവശ്യമായി ഒന്നും പറയുന്നില്ല. മലപ്പുറം ജില്ലയിൽ അധികം സ്ഥലത്തും ഗുരുതരമായ അവസ്ഥയുണ്ടായി. 116 വില്ലേജുകളെയാണ് പ്രളയം ബാധിച്ചത്. പഞ്ചായത്തിന്റെ വെബ്സൈറ്റിൽ 20-8-2018-ന് അപ്ലോഡ് ചെയ്തിട്ടുള്ളത് അഞ്ച് പഞ്ചായത്തുകളെ മാത്രമേ പ്രളയം ബാധിച്ചിട്ടുള്ളൂ എന്നാണ്. അത് തെറ്റായ വിവരമാണ്. പഞ്ചായത്ത് ഉദ്യോഗസ്ഥരാണ് ആ വിവരം അപ്ലോഡ് ചെയ്തതെങ്കിൽ അവർക്കെതിരെ നടപടിയെടുക്കണം. ആദ്യം തിരൂർ, തിരൂരങ്ങാടി താലൂക്ക് ഉൾപ്പെട്ടിരുന്നില്ല, പിന്നീടാണ് ഈ താലൂക്കുകൾ കൂടി ഉൾപ്പെടുത്തിയത്. സെപ്റ്റംബർ 15-ാം തീയതിക്കുമുമ്പ് കണക്കെടുപ്പ് പൂർത്തിയാക്കണമെന്നും എസ്റ്റിമേറ്റ് തയ്യാറാക്കണമെന്നും വീട് നന്നാക്കണമെന്നുമൊക്കെ പറഞ്ഞിട്ടുണ്ട്. ബഹുമാനപ്പെട്ട സ്പീക്കർ പ്രതിനിധാനം ചെയ്യുന്ന പൊന്നാനി ഉൾപ്പെടെ പെരുമ്പടപ്പ്, മങ്കട, പെരിന്തൽമണ്ണ തുടങ്ങിയ ബ്ലോക്കുകളിലെ എസ്റ്റിമേറ്റ് തയ്യാറാക്കാൻ സഹായം ചെയ്യേണ്ട 24 എ.ഇ.-മാരെയും 31 ഓവർസിയർമാരെയും സ്ഥലം മാറ്റിയിരിക്കുകയാണ്. ഇനി അവിടെ ആരാണ് കണക്കെടുക്കുന്നത്? അവരെ മറ്റ് ജില്ലകളിലേയ്ക്കയച്ചു. ഈ മാസം 28-ാം തീയതി എൽ.എസ്.ജി.ഡി. ചീഫ് എഞ്ചിനീയറുടെ ഓർഡർ പ്രകാരം 55 പേരെ സ്ഥലം മാറ്റിയത് റദ്ദാക്കി അവരെ തിരിച്ച് കൊണ്ടുവരാനുള്ള നടപടി സ്വീകരിക്കണം. 15-ാം തീയതിക്കുള്ളിൽ ഇവിടെ ആരാണ് കണക്കെടുക്കുന്നത്.

മി. ഡെപ്യൂട്ടി സ്പീക്കർ: പ്ലീസ്.... അങ്ങ് മൂന്ന് മിനിറ്റ് സമയം അധികമെടുത്തു. പ്ലീസ് കൺക്ലൂഡ്....

ശ്രീ. കെ. എൻ. എ. ഖാദർ: സർ, ഞാൻ നല്ല കാര്യങ്ങൾ മാത്രമേ സംസാരിക്കുന്നുള്ളൂ. നവകേരള സൃഷ്ടിയെ സംബന്ധിച്ച് തയ്യാറാക്കാൻ ഉദ്ദേശിക്കുന്ന പ്രോജക്ടിൽ വിദഗ്ദ്ധരേയും ജനപ്രതിനിധികളെയും ഉൾപ്പെടുത്തണം. ആ പ്രോജക്ട് ഒരിക്കൽക്കൂടി ചർച്ച ചെയ്യേണ്ടി വരുമെന്നാണ് എനിക്ക് തോന്നുന്നത്. ഇതുതന്നെയാണ് ശ്രീ. ഒ. എൻ. വി. കുറുപ്പ് ആദ്യമേ പറഞ്ഞുവച്ചത്,

" ഇനിയും മരിക്കാത്ത ഭൂമി!
നിന്നാസന്ന മൃതിയിൽ നിനക്കാത്മശാന്തി!
ഇത് നിന്റെ എന്റെയും ചരമശുശ്രൂഷയ്ക്ക്
ഹൃദയത്തിലിന്നേ കുറിച്ച ഗീതം
മൃതിയുടെ കറുത്ത വിഷപുഷ്പം വിടർന്നതിൻ
നിഴലിൽ നീ നാളെ മരവിക്കേ
ഉയിരറ്റ നിൻമുഖത്തശ്രുബിന്ദുക്കളാൽ
ഉദകം പകർന്നു വിലപിക്കാൻ
ഇവിടെയവശേഷിക്കയില്ലാരുമീ ഞാനും!
ഇതുനിനക്കായ് ഞാൻ കുറിച്ചിടുന്നു;"

ശ്രീ. ആന്റണി ജോൺ: സർ, ഉപക്ഷേപത്തെ പിന്താങ്ങുന്നു. നമ്മുടെ നാട് ഒരു മഹാദുരന്തത്തെയാണ് സമീപനാളുകളിൽ അഭിമുഖീകരിച്ചത്. ഈയൊരു അസാധാരണ സാഹചര്യത്തിൽ ഈ പ്രശ്നങ്ങളെല്ലാം ചർച്ച ചെയ്യുന്നതിനുവേണ്ടി ഒരു പ്രത്യേക നിയമസഭാ സമ്മേളനം വിളിച്ചുചേർത്ത സർക്കാരിനെയും ബഹുമാനപ്പെട്ട സ്പീക്കറെയും ഈയവസരത്തിൽ പ്രത്യേകം അഭിനന്ദിക്കുകയാണ്.

കേരളപ്പിറവിക്കുശേഷം ഒരു സർക്കാരിനും ഒരു മുഖ്യമന്ത്രിക്കും അഭിമുഖീകരിക്കേണ്ടിവന്നിട്ടില്ലാത്ത അസാധാരണ സാഹചര്യത്തെയാണ് കേരളത്തിന്റെ മുഖ്യമന്ത്രിയും കേരള ഗവൺമെന്റും വളരെ ആർജ്ജവത്തോടുകൂടി നേരിട്ടത്. കേരളത്തിലെ ജനങ്ങളെയെല്ലാം ഒത്തൊരുമയായി കൊണ്ടുവന്ന് ആ പ്രശ്നങ്ങളെയെല്ലാം നല്ലനിലയിൽ കൈകാര്യം ചെയ്യാൻ സാധിച്ചിട്ടുണ്ട്. ഏതാണ്ട് 10 ജില്ലകളിൽ പ്രളയക്കെടുതി പൂർണ്ണമായി അനുഭവപ്പെട്ടിട്ടുണ്ട്. സ്വാഭാവികമായും എറണാകുളം ജില്ലയിലും അതിന്റേതായ ഒട്ടനവധി ബുദ്ധിമുട്ടുകൾ ഉണ്ടായിട്ടുണ്ട്. അതിന്റെ വിശദാംശങ്ങളൊക്കെ മറ്റ് അംഗങ്ങൾ ഇവിടെ സൂചിപ്പിച്ചിട്ടുണ്ട്. ഞാൻ

അതിലേയ്ക്ക് കടക്കുന്നില്ല. എന്റെ മണ്ഡലമായ കോതമംഗലത്തും പ്രളയക്കെടുതിയുമായി ബന്ധപ്പെട്ട് ഒട്ടനവധി ബുദ്ധിമുട്ടുകൾ ഉണ്ടായിട്ടുണ്ട്. പ്രത്യേകിച്ച്, പെരിയാർ കടന്നുപോകുന്ന മേഖല എന്നുള്ള നിലയിൽ പ്രളയക്കെടുതിയുമായി ബന്ധപ്പെട്ടുണ്ടാകുന്ന പ്രശ്നങ്ങൾ സമയബന്ധിതമായി വകുപ്പുകളെയെല്ലാം കൂട്ടി യോജിപ്പിച്ചുകൊണ്ട് ജനകീയ പങ്കാളിത്തത്തോടുകൂടി ഒരുപകടവുമില്ലാതെ കൈകാര്യം ചെയ്യുന്ന കാര്യത്തിൽ നല്ല നിലയിൽ ഇടപെടാൻ കഴിഞ്ഞുവെന്നുള്ളത് പ്രത്യേകം സൂചിപ്പിക്കുകയാണ്. ഈ ദുരന്തവുമായി ബന്ധപ്പെട്ടുകൊണ്ട് ഒട്ടനവധി സഹായ പദ്ധതികൾ സർക്കാർ പ്രഖ്യാപിച്ചിട്ടുണ്ട്. വീടുകൾ നഷ്ടപ്പെട്ട ആളുകളെയാണ് എന്റെ മണ്ഡലത്തിൽ ഏറ്റവും കൂടുതലായി കണ്ടുവരുന്നത്. വീട് പൂർണ്ണമായി നഷ്ടപ്പെട്ടവരും വാസയോഗ്യമല്ലാത്തവയായി മാറിയവയുമുണ്ട്. ഡാമുകളുടെ ക്യാച്ച്മെന്റ് ഏരിയയിലും റോഡ് പുറമ്പോക്കിലുമായി പട്ടയമില്ലാത്ത ഭൂമികളിൽ ഉണ്ടായിരുന്ന വീടുകൾ പൂർണ്ണമായും തകർന്നിട്ടുണ്ട്. അവർക്കുകൂടി സർക്കാരിന്റെ സഹായം ലഭ്യമാകുന്ന തരത്തിലുള്ള ഒരിളവ് അക്കാര്യത്തിൽ ഉണ്ടാകണമെന്നാണ് ആമുഖമായി സൂചിപ്പിക്കാനുള്ളത്.

അതോടൊപ്പം നിരവധി ആദിവാസി ഊരുകളുള്ള ഒരു മണ്ഡലമാണ് കോതമംഗലം. അവിടെ ആദിവാസി സമൂഹത്തിന് ദിവസങ്ങളോളം ഉൾക്കാടുകളിൽ ഒറ്റപ്പെട്ടുകഴിയേണ്ട സാഹചര്യമുണ്ടായിരുന്നു. അവർക്കുവേണ്ട ഭക്ഷ്യധാന്യങ്ങളും മറ്റും വകുപ്പുമായി സഹകരിച്ച് എത്തിച്ചുകൊടുക്കാൻ നമുക്ക് സാധിച്ചിട്ടുണ്ട്. അവർ കഴിയുന്ന കുടിലുകളും വീടുകളും ശക്തമായ കാലവർഷത്തെത്തുടർന്ന് പൂർണ്ണമായി നശിച്ച അവസ്ഥയിലാണ്. അത്തരം കാര്യങ്ങൾകൂടി ഗവൺമെന്റ് സജീവമായി പരിഗണിക്കുമെന്ന് പ്രതീക്ഷിക്കുന്നു. കേരളം പോലുള്ള ഒരു സംസ്ഥാനത്തിന് മാത്രം കൈകാര്യം ചെയ്യാൻ കഴിയുന്നതിനപ്പുറത്താണ് ഇവിടെയുണ്ടായ മഹാപ്രളയം. തീർച്ചയായും കേന്ദ്രഗവൺമെന്റിന്റെ വലിയ തോതിലുള്ള സഹായം കേരളത്തിന് ഈയവസരത്തിൽ ലഭിക്കേണ്ടതുണ്ട്. ഇവിടെ വിഭവങ്ങളുടെ പങ്കുവയ്ക്കലിൽ വ്യക്തമായ വ്യവസ്ഥയുള്ള ഒരു ഭരണ സംവിധാനമാണ് ഫെഡറൽ ജനാധിപത്യം. സംസ്ഥാനങ്ങൾ വീണുപോയാൽ ആ സംസ്ഥാനങ്ങളെ സഹായിക്കാൻ മുന്നോട്ടുവരേണ്ടത് കേന്ദ്രഗവൺമെന്റാണ്. സമീപദിവസങ്ങളിൽ ബഹുമാനപ്പെട്ട പ്രധാനമന്ത്രി അദ്ദേഹത്തിന്റെ റേഡിയോ പ്രഭാഷണം ഉൾപ്പെടെയുള്ള സന്ദേശങ്ങളിൽ രാജ്യം ഒന്നായി കേരളത്തിനൊപ്പമുണ്ട് എന്നാണ് പറഞ്ഞിട്ടുള്ളത്. അതിൽ ആത്മാർത്ഥതയുണ്ടെങ്കിൽ വ്യവസ്ഥകളിൽ ഇളവ് നൽകി കേരളത്തെ നല്ല രീതിയിൽ സഹായിക്കുന്നതിന് കേന്ദ്രഗവൺമെന്റ് ഇടപെടണമെന്നാണ് ഈയവസരത്തിൽ അഭ്യർത്ഥിക്കാനുള്ളത്. യഥാർത്ഥത്തിൽ കേരളത്തിലെ

ഈ ദുരന്തത്തെ ഒരു ദേശീയ ദുരന്തമായി പ്രഖ്യാപിക്കേണ്ടതാണ്. 2005-ലെ ദേശീയ ദുരന്തനിവാരണ നിയമത്തിൽ അത്തരമൊരു പ്രഖ്യാപനം നടത്തുന്നതിനുള്ള വകുപ്പില്ലെന്നാണ് കേന്ദ്രഗവൺമെന്റ് പറയുന്നത്. എന്നാൽ മോദി സർക്കാർ തന്നെ 2014 സെപ്റ്റംബറിൽ ജമ്മു-കാശ്മീരിലുണ്ടായ വെള്ളപ്പൊക്കത്തെ ദേശീയ ദുരന്തമായി പ്രഖ്യാപിച്ചിട്ടുണ്ട്. ആ നിലയിലുള്ള എല്ലാ ആനുകൂല്യങ്ങളും കിട്ടുന്നതിനുവേണ്ടിയുള്ള അർഹത കേരളത്തിനുണ്ട്. അത്തരത്തിൽ ഒരു സമീപനം കേന്ദ്രഗവൺമെന്റ് സ്വീകരിക്കണമെന്നാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്.

ഇത്തരമൊരു കാലഘട്ടത്തിൽ ധാരാളം വിദേശസഹായങ്ങൾ ഉൾപ്പെടെ വാഗ്ദാനം ചെയ്തുകൊണ്ട് ആളുകൾ വരുന്നുണ്ട്. അത്തരം സഹായങ്ങൾ കേരളത്തിന് ലഭ്യമാകുന്ന തരത്തിൽ കേന്ദ്രഗവൺമെന്റ് അനുകൂലമായ നിലപാട് സ്വീകരിക്കണം. 2001-ൽ ഗുജറാത്തിൽ ഭൂകമ്പമുണ്ടായ സമയത്ത് ഏതാണ്ട് 150-ഓളം രാജ്യങ്ങളിൽനിന്നും സാങ്കേതികവും സാമ്പത്തികവുമായ വിദേശ സഹായമാണ് അന്നത്തെ എൻ.ഡി.എ. ഗവൺമെന്റ് സ്വീകരിച്ചിട്ടുള്ളത്. കേരളത്തിന്റെ കാര്യം വരുമ്പോൾ രണ്ടാമതൊരു സമീപനം കേന്ദ്രഗവൺമെന്റ് സ്വീകരിക്കരുത് എന്നാണ് അഭ്യർത്ഥിക്കാനുള്ളത്. മുൻകാലങ്ങളിൽ ജനപ്രതി നിധികൾ ക്യാമ്പുകളിലേക്ക് കടന്നുചെല്ലുമ്പോൾ ആളുകൾ ദേഷ്യത്തോടെ അല്ലെങ്കിൽ വലിയ ആശങ്കയോടുകൂടിയാണ് പ്രതികരിച്ചിരുന്നതെങ്കിൽ ഇന്ന് സന്തോഷത്തോടും പ്രതീക്ഷയോടുംകൂടി കേരളത്തിലെ ഗവൺമെന്റ് തങ്ങൾക്കൊപ്പമുണ്ട് എന്ന ആത്മവിശ്വാസത്തോടുകൂടി തന്നെയാണ് ക്യാമ്പുകളിലുള്ളവർ പ്രതികരിച്ചത്. അവർക്കുവേണ്ടി എല്ലാ സൗകര്യങ്ങളും ഗവൺമെന്റ് ചെയ്തുകൊടുത്തിട്ടുണ്ട്. കൂടാതെ തുടർച്ചയായ സഹായങ്ങൾ പ്രഖ്യാപിച്ചിട്ടുമുണ്ട്.

നമുക്കറിയാം കാർഷിക മേഖലയിൽ വലിയ നഷ്ടങ്ങളുണ്ടായിട്ടുണ്ട്. കാർഷിക മേഖലയുമായി ബന്ധപ്പെട്ടുള്ള സഹായങ്ങൾ ഗവൺമെന്റ് പ്രഖ്യാപിച്ചിട്ടുണ്ട്. റോഡ് ഉൾപ്പെടെയുള്ള അടിസ്ഥാന സൗകര്യങ്ങൾക്ക് വലിയ തോതിൽ തകർച്ച വന്നിട്ടുണ്ട്. അതെല്ലാം പുനർനിർമ്മിക്കണമെങ്കിൽ രാഷ്ട്രീയത്തിനതീതമായ വലിയൊരു കൂട്ടായ്മ നമ്മുടെ നാട്ടിൽ രൂപപ്പെടുത്തേണ്ടതുണ്ട്. സമീപദിവസങ്ങളിൽ ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവിനെപ്പോലെ ഉത്തരവാദിത്വമുള്ളവർ ചില നിരുത്തരവാദപരമായ പ്രസ്താവനകൾ ഇറക്കിയത് മാധ്യങ്ങളിലൂടെ ശ്രദ്ധിക്കുകയുണ്ടായി. '1924-ൽ നടന്നത് പ്രകൃതി ദുരന്തമാണ്, എന്നാൽ 2018-ൽ നടന്നത് ഒരു ഭരണകൂട സൃഷ്ടിയാണ് ' എന്ന രീതിയിൽ ജനങ്ങളെ തെറ്റിദ്ധരിപ്പിക്കുന്ന നിലപാട് സ്വീകരിക്കുന്നതിൽ നിന്ന് പ്രതിപക്ഷനേതാവ് മാറി ചിന്തിക്കണമെന്നാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്.

മറ്റൊരു കാര്യം, ഡാമുകൾ ഇല്ലാത്ത എത്ര പുഴകളാണ് കേരളത്തിൽ കരകവിഞ്ഞൊഴുകിയത്? മലപ്പുറം ജില്ലയിൽ 47 പേർക്കാണ് ജീവൻ നഷ്ടപ്പെട്ടത്; ആളുകളെ തെറ്റിദ്ധരിപ്പിക്കുന്ന തരത്തിലുള്ള നിലപാടുകൾ ഉത്തരവാദിത്വപ്പെട്ടവർ സ്വീകരിക്കരുത്. മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്ക് കൊച്ചുകുട്ടികൾ കുടുക്ക പൊട്ടിച്ച് കാശ് കൊടുത്തു. വയോവൃദ്ധർ അവരുടെ വാർദ്ധക്യകാല പെൻഷൻ ഉൾപ്പെടെ നൽകി സഹായിക്കാൻ മുന്നോട്ടുവരുമ്പോൾ 'അയ്യോ, അത് കൊടുക്കരുത്' എന്നുപറയുന്ന സമീപനം ഉത്തരവാദിത്വപ്പെട്ടവർ സ്വീകരിക്കുന്നുണ്ടെങ്കിൽ ആ സമീപനം തിരുത്തി, എല്ലാവരും ഒത്തുചേർന്നുനിന്ന് നാടിന്റെ പ്രത്യേക സാഹചര്യത്തെ അതിജീവിക്കുന്നതിനുവേണ്ട ശക്തമായ നിലപാട് സ്വീകരിക്കണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്.

കേരളത്തിലെ ദുരിതാശ്വാസ ക്യാമ്പുകൾ സി.പി.ഐ.(എം.) പിടിച്ചെടുത്തുവെന്നുള്ള ആരോപണം ചിലയാളുകൾ ഇവിടെ സൂചിപ്പിക്കുകയുണ്ടായി. എന്താണ് യഥാർത്ഥത്തിൽ സംഭവിച്ചത്; കേരളത്തിലെ ദുരിതാശ്വാസ ക്യാമ്പുകളിൽ ഇടപെട്ടിട്ടുണ്ട്. അവിടത്തെ ആളുകളെ മാറ്റിത്താമസിപ്പിക്കേണ്ടി വരുമ്പോൾ ആ ഘട്ടം മുതൽ റവന്യൂ വകുപ്പ് ഉൾപ്പെടെയുള്ള ഉദ്യോഗസ്ഥരോടൊപ്പം നിന്നുകൊണ്ട് ക്യാമ്പിൽ നിന്നും അവർ വീടുകളിലേക്ക് പോകുമ്പോൾ ആ വീടുകൾ ഞങ്ങൾ വൃത്തിയാക്കി കൊടുത്തിട്ടുണ്ട്. അവർക്കാവശ്യമായ ഭക്ഷ്യധാന്യങ്ങൾ എത്തിച്ചു കൊടുക്കുന്നതിനുവേണ്ടി കേരളത്തിലെ ഉത്തരവാദിത്വപ്പെട്ട രാഷ്ട്രീയ പ്രസ്ഥാനമെന്ന നിലയിൽ സി.പി.ഐ.(എം.) ഇടപെട്ടിട്ടുണ്ട്. നിങ്ങൾ ഇടപെടാത്തതുകൊണ്ട് ഞങ്ങളെ കുറ്റപ്പെടുത്തേണ്ട കാര്യമില്ല. ഉത്തരവാദിത്വമുള്ള രാഷ്ട്രീയ പ്രസ്ഥാനമെന്ന നിലയിൽ ജനങ്ങളുടെ ജീവിതപ്രശ്നവുമായി ബന്ധപ്പെട്ട് എല്ലാ നിലയിലും സഹായിക്കുന്ന നിലപാടുകൾ ഞങ്ങൾ സ്വീകരിച്ചിട്ടുണ്ട്. പ്രളയദുരിതകാലത്ത് ആ നിലപാട് തന്നെയാണ് കേരളത്തിലെ സി.പി.ഐ.(എം) സ്വീകരിച്ചിട്ടുള്ളത്. ഈ വിഷയത്തിൽ രാഷ്ട്രീയത്തിനപ്പുറമായിട്ടുള്ള ഒരു കൂട്ടായ്മയാണുണ്ടാകേണ്ടത്. ആദ്യഘട്ടത്തിൽ കേരളത്തിൽ ആ കൂട്ടായ്മയുണ്ടായിരുന്നു. എന്നാൽ സർക്കാരിനെന്തോ വലിയ നേട്ടമുണ്ടാകുമെന്ന് കണ്ടപ്പോൾ അതിൽ നിന്ന് പിന്തിരിഞ്ഞ് ഒറ്റപ്പെടുത്തുന്ന തരത്തിലുള്ള നില സ്വീകരിക്കുന്നതിൽനിന്നും കേരളത്തിലെ ബഹുമാനപ്പെട്ട പ്രതിപക്ഷം പിന്തിരിയണമെന്നും നമ്മുടെ നാടിനെ പഴയ രീതിയിൽ പുനർ നിർമ്മിക്കുന്നതിനുവേണ്ടിയുള്ള ഒരു കൂട്ടായ ഇടപെടൽ എല്ലാവരുടെ ഭാഗത്തുനിന്നും ഉണ്ടാകണമെന്നും മാത്രം ഈയവസരത്തിൽ സൂചിപ്പിച്ചുകൊണ്ട് നിർത്തുന്നു.

2.00 PM]

ശ്രീ. ഷാഫി പറമ്പിൽ: സർ, ഉപക്ഷേപത്തെ പിന്താങ്ങുന്നു. പാലക്കാട് ജില്ലയിൽ എല്ലാക്കാലത്തും ഉണ്ടാകാറുള്ളത് വെള്ളത്തിനുവേണ്ടിയുള്ള മുറവിളിയാണ്. കുടിവെള്ളമായിരുന്നു അവിടത്തെ ഏറ്റവും പ്രധാനപ്പെട്ട പ്രശ്നമെങ്കിൽ ഈ മഴക്കാലവും അതുമായി ബന്ധപ്പെട്ട സംഭവങ്ങളും ജില്ലയെ ആകെ ഉലച്ചിരിക്കുകയാണ്. ഒരുപക്ഷെ, ചെങ്ങന്നൂർ പോലെയോ ചാലക്കുടി പോലെയോ ആലുവ പോലെയോ പറവൂർ പോലെയോ അങ്കമാലി പോലെയോ റെസ്ക്യൂ പ്രവർത്തനങ്ങൾ അവസാന ഘട്ടത്തിലേയ്ക്ക് എത്തുന്ന സാഹചര്യം ഉണ്ടായില്ല എന്നുള്ളതുകൊണ്ട് ആ ജില്ലയിലുണ്ടായ നാശനഷ്ടങ്ങളെ ചെറുതായി കാണാൻ കഴിയില്ല. 1148 വീടുകൾ പൂർണ്ണമായി തകർന്നിരിക്കുകയാണെന്നും 4809 വീടുകൾക്ക് കേടുപാടുകൾ ഉണ്ടെന്നും ജില്ലാ അഡ്മിനിസ്ട്രേഷന്റെ കണക്കുകൾ പറയുന്നു. ആകെ ദുരന്തബാധിത കുടുംബങ്ങൾ 6668 ആണ്. മൊത്തം നിയോജക മണ്ഡലങ്ങളിലെ കണക്കെടുക്കുമ്പോൾ ഏറ്റവും കൂടുതൽ വീടുകൾ നഷ്ടപ്പെട്ട നിയോജകമണ്ഡലം പാലക്കാടായിരിക്കുമെന്നാണ് എനിക്ക് തോന്നുന്നത്. നഗരപ്രദേശം ആയതുകൊണ്ടും അടുത്തടുത്ത് വീടുകൾ ഉള്ളതുകൊണ്ടും പാലക്കാട് നിയോജകമണ്ഡലത്തിൽ ഇപ്പോൾ സർക്കാരിന്റെ കണക്കുകൾ പറയുന്നത് 226 വീടുകൾ പൂർണ്ണമായും തകർന്നുവെന്നാണ്. ഭാഗികമായി തകർന്ന 577 വീടുകൾ വാസയോഗ്യമല്ലാത്ത വീടുകളായി മാറി. ഗവൺമെന്റിന്റെ ഇപ്പോഴത്തെ കണക്കുകൾപ്രകാരം പാലക്കാട് 803 വീടുകൾ പൂർണ്ണമായും തകർക്കപ്പെട്ടിരിക്കുകയാണ്. റീഹാബിലിറ്റേഷന്റെ കാര്യത്തിൽ കാര്യമായ പരിഗണന പാലക്കാടിന് ലഭിക്കണം. സാധാരണക്കാരായ പാവങ്ങൾ താമസിക്കുന്ന മൺചുമരുകളുള്ള വീടാണ്. അല്ലെങ്കിൽ ആ പാവങ്ങൾക്ക് തിരിച്ചുചെല്ലാൻ ഒരു വീടുണ്ടാകില്ല. വീടിന്റെ ധനസഹായം ഗഡുക്കളായി കൈമാറിയാൽ ഇപ്പോൾ അവരെ ബുദ്ധിമുട്ടിക്കുന്ന പലിശക്കാരന്റെ കയ്യിലേക്കും പിരിവിന് വരുന്ന ധനകാര്യ സ്ഥാപനങ്ങളുടെ കൈകളിലേക്കും അല്ലെങ്കിൽ അടവ് തെറ്റിക്കിടക്കുന്ന വീട്ടുപകരണങ്ങളുടെ അടവിലേക്കും മാത്രമായി ആ പണം ചെലവഴിക്കപ്പെട്ടാൽ ഒരുകാലത്തും വീടില്ലാത്തവരായി അവർ മാറും. അതുകൊണ്ട് ബഡ്ജറ്റ് ഹൗസിംഗ് പ്ലാനിലൂടെ, ജില്ലാ കളക്ടർ ചെയർമാനായി ഒരു സൊസൈറ്റി രൂപീകരിച്ച് വീട് നഷ്ടപ്പെട്ടവരെ മുഴുവൻ അതിൽ അംഗങ്ങളായി ചേർത്ത് അവർക്ക് നൽകുന്ന സഹായം മുഴുവൻ ആ സൊസൈറ്റിക്ക് കൈമാറി ഒരു ഹൗസിംഗ് പ്രോജക്ടുതന്നെ ഗവൺമെന്റ് ഏറ്റെടുത്ത് നടപ്പിലാക്കിയില്ലെങ്കിൽ സാധാരണക്കാർക്ക് വീട് നഷ്ടപ്പെടുന്ന സാഹചര്യമുണ്ടാകും.

ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇവിടെ ദുരന്തം അവസാനിച്ചുവെന്നും നമ്മൾ മറ്റൊരു ഘട്ടത്തിലേയ്ക്ക് എത്തിയിരിക്കുകയുമാണെന്ന് പറഞ്ഞു. അങ്ങ് അത് പറഞ്ഞതുകൊണ്ട് ഞാൻ ഒരു കാര്യം സൂചിപ്പിക്കാൻ ആഗ്രഹിക്കുന്നു. ഞാനോ അവിടെയുള്ള ജനപ്രതിനിധികളോ എം. പി.-യോ മന്ത്രിയോ ഒന്നും അറിയാതെ 30 സെന്റിമീറ്ററിൽനിന്നും 150 സെന്റിമീറ്ററായി ഒറ്റയടിക്ക് മലമ്പുഴ ഡാമിന്റെ ഷട്ടർ ഉയർത്തിയതിന്റെ പേരിൽ വന്ന വെള്ളം പാലക്കാട് നഗരത്തിലും മലമ്പുഴ മണ്ഡലത്തിലും ഉണ്ടാക്കിയ നാശനഷ്ടങ്ങൾ, തുടർന്ന് കോങ്ങാട്, ഒറ്റപ്പാലം, ഷൊർണ്ണൂർ കടന്ന് പട്ടാമ്പിയിലും തൃത്താലയിലും എത്തിയതും തൃത്താലയിൽനിന്നും മലപ്പുറം ജില്ലയുൾപ്പെടെയുള്ള പ്രദേശങ്ങളിലേക്കും ഭാരതപ്പുഴയിലേക്കും ഒരുമിച്ച് വന്ന വെള്ളം കൊണ്ടുണ്ടായ ബുദ്ധിമുട്ടുകൾ നാം കണ്ടതാണ്.

ശ്രീ. രമേശ് ചെന്നിത്തല കേരളത്തിലെ ദുരന്തബാധിത പ്രദേശങ്ങളിലേയ്ക്ക് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോടൊപ്പം പോകണമെന്നുള്ള ആവശ്യം വന്നപ്പോൾ, അഭിപ്രായവ്യത്യാസമുള്ളവർ പലരും ഉണ്ടായിരുന്നിരിക്കാം. പക്ഷെ, ഇതൊരു ദുരന്തമുഖമാണെന്നും അതിനൊപ്പം നിൽക്കണമെന്നും സർക്കാരിന് പൂർണ്ണ പിന്തുണ നൽകുന്നുവെന്നും കേരളത്തിന്റെ പ്രതിപക്ഷനേതാവ് പ്രഖ്യാപിച്ച് മുഖ്യമന്ത്രിയോടൊപ്പം ദുരന്തബാധിത പ്രദേശങ്ങളിലേക്ക് എത്തുകയും പ്രതിപക്ഷത്തിന്റെ പൂർണ്ണ പിന്തുണയുണ്ടെന്നും പറഞ്ഞപ്പോൾ പ്രതിപക്ഷനേതാവിന് കയ്യടിച്ച ആളുകൾ ഡാം മാനേജ്മെന്റിലുണ്ടായ ചില വീഴ്ചകളെ പ്രതിപക്ഷത്തിന്റെ ഉത്തരവാദിത്വമെന്ന നിലയ്ക്ക് തുറന്നു കാണിക്കുമ്പോൾ ശ്രീ. രമേശ് ചെന്നിത്തലയും ചില ബി.ജെ.പി.ക്കാരുമെന്നുള്ള അർത്ഥത്തിലുള്ള ചില പ്രയോഗങ്ങൾ അങ്ങയുടെ ഭാഗത്തുനിന്നും ഒരു കാരണവശാലും ഉണ്ടാകാൻ പാടില്ലായിരുന്നു. ഇത് പ്രതിപക്ഷത്തിന്റെ ധർമ്മമല്ലേ?

<u>മി. ഡെപ്യൂട്ടി സ്പീക്കർ</u>: ശ്രീ. ഷാഫീ... പ്ലീസ് കൺക്ലൂഡ്.

<u>ശ്രീ. ഷാഫി പറമ്പിൽ</u> : സർ, ഇന്ന് ഞങ്ങളിരിക്കുന്ന കസേരയിൽ നിങ്ങളായിരുന്നുവെങ്കിൽ ഈ സംഭവങ്ങളുടെ പേരിൽ ഏതെല്ലാം തരത്തിലുള്ള സംഭവങ്ങളാണ് ഉണ്ടാകുകയെന്ന് നിങ്ങൾ ആലോചിച്ചു നോക്കുക. ചൂണ്ടിക്കാണിക്കാനുള്ള ഉത്തരവാദിത്വം പ്രതിപക്ഷത്തിനുണ്ട്. അതിൽ അസഹിഷ്ണുത കാണിക്കേണ്ട കാര്യമില്ല. അതിലെ കാര്യമായ കാര്യങ്ങളെടുത്ത് തെറ്റുകൾ തിരുത്തി അത് ആവർത്തിക്കാതെ മുന്നോട്ടുപോകാനുള്ള ശ്രമം നടത്താവുന്നതാണ്. പ്രതിപക്ഷം എന്നുള്ളത് അദ്ദേഹംതന്നെ സൂചിപ്പിച്ചതുപോലെ മംഗളപത്രം എഴുതലല്ലല്ലോ? ഒരാളുടെ വിയോജിപ്പാണെങ്കിലും ആ വിയോജിപ്പ് രേഖപ്പെടുത്താനുള്ള സ്പേസ് ഡെമോക്രസിയിൽ ഉണ്ടെന്ന് വിശ്വസിക്കുമ്പോൾ

അതിന്റെ ഉത്തരവാദിത്വം നിറവേറ്റുമ്പോൾ, ഇന്നലെ നമ്മൾ കാണുന്നതുപോലെ ചില സാഹിത്യകാരന്മാരെയെല്ലാം ജയിലറയ്ക്കുള്ളിൽ ആക്കാൻ ശ്രമിക്കുന്ന ആളുകളെപോലെ പെരുമാറേണ്ടവരല്ല കേരളത്തിലെ ഗവൺമെന്റെന്ന് വിനീതമായി ഓർമ്മപ്പെടുത്തുകയാണ്. നമ്മൾ ഒരുമിച്ചുതന്നെ ഇക്കാര്യത്തിൽ മുന്നോട്ടുപോകണം. പാലക്കാട് ഉൾപ്പെടെയുള്ള പ്രദേശങ്ങളിൽ, അവിടത്തെ മന്ത്രിയും എം.എൽ.എ.-യും എം.പി.-യുമൊക്കെ ഈ ദുരിതത്തിന്റെ സമയത്ത് ഒരു രാഷ്ട്രീയവ്യത്യാസവും നോക്കാതെ ജനങ്ങളോടൊപ്പം നിന്നിട്ടുണ്ട്. അങ്ങനെ കാര്യങ്ങൾ പറയുമ്പോൾ ശ്രീ. രാഹുൽ ഗാന്ധിയെ വരെ കയറ്റിയില്ലെന്ന തരത്തിൽ, അത്തരം ചർച്ചകളിലേയ്ക്ക് ഇവിടെ ആക്ഷേപം നടത്തേണ്ട കാര്യമുണ്ടായിരുന്നോ?

<u>മി. ഡെപ്യൂട്ടി സ്പീക്കർ:</u> യെസ്...... പ്ലീസ് കൺക്ലൂഡ്.....

<u>ശ്രീ. ഷാഫി പറമ്പിൽ:</u> സർ, ശ്രീ. രാഹുൽ ഗാന്ധിയോട് ഇതിന്റെ ഉത്തരവാദിത്വം ആർക്കാണെന്നുള്ള ചോദ്യം വന്നപ്പോൾ മറുപടി പറഞ്ഞത്, 'I am not here to answer such questions, I don't want to politicize the issue' എന്നാണ്. കേരളത്തിലെ ജനങ്ങൾക്കൊപ്പം നിൽക്കാനാണ് എന്ന് ഏറ്റവും മാന്യമായ സമീപനം പുലർത്തിയ ഒരു നേതാവിന്റെ സന്ദർശനം ജനങ്ങൾക്ക് ആശ്വാസമായിട്ടുണ്ടെങ്കിൽ അദ്ദേഹം മുഖ്യമന്ത്രിയുമായിട്ടുപോലും സംസാരിച്ചു. കേരളത്തിനൊപ്പമാണ് ഞങ്ങളും ഞങ്ങളുടെ പ്രസ്ഥാനവും, കോൺഗ്രസ് ഒരു തരത്തിലും ഇടപെടാതെ നിൽക്കുകയല്ല. കേരളത്തിൽ ആയിരത്തോളം വീടുകൾ നിർമ്മിച്ചുകൊടുക്കാനുള്ള ഉത്തരവാദിത്വംവരെ ഏറ്റെടുക്കാൻ തയ്യാറാണെന്ന് ഈ പ്രസ്ഥാനം പറയുകയുണ്ടായി, പ്രതിപക്ഷ പ്രസ്ഥാനമെന്ന നിലയ്ക്ക് ഈ ദുരന്തമുഖത്തെ പ്രവർത്തനങ്ങൾക്ക് ഞങ്ങൾ ഉണ്ടായിരുന്നു. ഇനിയും ഉണ്ടാകും. ഈ പറയുന്ന ആശ്വാസം ജനങ്ങളിലേയ്ക്ക് എത്തിക്കാൻ ഉണ്ടാകുമെന്ന് മാത്രം പറയുന്നു. ഇതിനൊപ്പം പരിഗണിക്കേണ്ട ആളുകൾ വാടക വീട്ടിൽ താമസിക്കുന്നവരാണ്. അവരുടെ വീട് തകർന്നു. പക്ഷെ, ഇനി ആ വീട് നേരെയാക്കാനുള്ള പണം അവർക്കല്ല കിട്ടുക. എല്ലാ ഉപകരണങ്ങളും പോയി. അവരെ മറന്നുപോകരുത്. സോഷ്യൽ മീഡിയയിൽ തലതാഴ്ത്തിയിരിക്കുന്നവരാണെന്ന് നമ്മൾ വിളിച്ചിരുന്ന കേരളത്തിലെ ചെറുപ്പക്കാരായ മുഴുവൻ ആളുകൾക്കും മുഖ്യമന്ത്രിയുടെ വാക്കുകൾ ഞാനും കടമെടുക്കുന്നു, ഒരു ബിഗ് സല്യൂട്ട് ഈ നിയമസഭ കൊടുക്കാൻ ആഗ്രഹിക്കുകയാണ്. ക്യാമ്പുകളിലും ദുരിതാശ്വാസ പ്രവർത്തനങ്ങളിലും സംസ്ഥാനത്തെ ചെറുപ്പക്കാരുടെ സാന്നിദ്ധ്യം ഉണ്ടായിരുന്നു. അതുകൊണ്ട് ഒരുമിച്ച് നിൽക്കാവുന്ന ഇടങ്ങളുണ്ട്. അതിനിടയ്ക്ക് വിയോജിപ്പ് രേഖപ്പെടുത്താനുള്ള സ്പേസുമുണ്ട്. ഇതിന്റെ രണ്ടിന്റെയും ബാലൻസ് തന്നെയാണ്

ജനാധിപത്യം. അതിനെ സംരക്ഷിച്ച് കേരളത്തിനെ തിരികെ കൊണ്ടുവരാനുള്ള പ്രവർത്തനങ്ങളിൽ നമുക്ക് ഒറ്റക്കെട്ടായി മുന്നോട്ടുപോകാം. അവിടെ തെറ്റുകൾ ചൂണ്ടിക്കാണിക്കാൻ ശ്രീ. രമേശ് ചെന്നിത്തലയ്ക്ക് ഉത്തരവാദിത്വമുണ്ട്. അത് ശ്രീ. രമേശ് ചെന്നിത്തല നിർവ്വഹിക്കുകതന്നെ ചെയ്യും. അതിനെ വ്യക്തിപരമായ ആക്ഷേപമായി മാറ്റരുത്. സർക്കാരിന്റെ ഹൗസിംഗ് പ്രോജക്ട് ഉൾപ്പെടെയുള്ള കാര്യങ്ങൾക്ക് എല്ലാവിധ പിന്തുണയും ഞങ്ങളുടെ ഭാഗത്തുനിന്നും ഉണ്ടായിരിക്കു മെന്ന് സൂചിപ്പിച്ചുകൊണ്ട് ഞാൻ അവസാനിപ്പിക്കുന്നു.

ശ്രീ. ഹൈബി ഈഡൻ: സർ, ഉപക്ഷേപത്തെ പിന്താങ്ങുന്നു. സ്വയം സന്നദ്ധരായവരുടെ ത്യാഗവും പോരാട്ടവും ഉത്തരവാദിത്വപ്പെട്ട സർക്കാർ സംവിധാനങ്ങൾ കാഴ്ചക്കാരായി നിൽക്കുകയും ചെയ്യുതാണ് ഈ പ്രളയത്തിന്റെ നേർക്കാഴ്ചയായി നമുക്ക് കാണാൻ സാധിക്കുന്നത്. എന്റെ നിയോജകമണ്ഡലമായ എറണാകുളത്തെ ചേരാനല്ലൂർ പഞ്ചായത്തിലേതടക്കം രണ്ട് ആശുപത്രികൾ മുങ്ങിപ്പോയി. 7500-ഓളം വീടുകളിലെ 25000-ത്തോളം ആളുകൾ ദുരിതാശ്വാസ ക്യാമ്പുകളിലേയ്ക്ക് പോകുന്ന സ്ഥിതിവിശേഷമുണ്ടായി. കൊച്ചി നഗരസഭയുടെ വിവിധ വാർഡുകളിലെ പല പ്രദേശങ്ങളും സാധാരണ നിശ്ചലമായി കിടക്കുന്ന പേരണ്ടൂർ കനാൽ പോലും കരകവിഞ്ഞൊഴുകി വീടുകളിലേക്ക് കയറി അവരുടെ മുഴുവൻ ഉപകരണങ്ങളും തകർന്നുപോകുന്ന സ്ഥിതിയാണുണ്ടായത്. ചരിത്രത്തിൽ ആദ്യമായാണ് നഗരപ്രദേശങ്ങളിലെ ആളുകൾപോലും ക്യാമ്പുകളിലേയ്ക്ക് വരുന്ന സ്ഥിതിയുണ്ടായത്. ഇതെല്ലാം ശ്രീ. വി. ഡി. സതീശൻ സൂചിപ്പിച്ചതുപോലെ man made disaster-ന്റെ ഭാഗമാണെന്നുള്ള കാര്യത്തിൽ യാതൊരു തർക്കവുമില്ല. ഇതിന്റെ റീഹാബിലിറ്റേഷനുമായും ശുചീകരണവുമായും ബന്ധപ്പെട്ടുള്ള പ്രവർത്തനങ്ങളിൽ രാഷ്ട്രീയ വ്യത്യാസമില്ലാതെ എല്ലാ സംഘടനകളും ഒരുമിച്ച് നീങ്ങുകയാണ്. റവന്യൂ ഡിപ്പാർട്ട്മെന്റുമായി ബന്ധപ്പെട്ട് ഗുരുതരമായ വീഴ്ച പല സന്ദർഭങ്ങളിലും ഉണ്ടായിക്കൊണ്ടിരിക്കുകയാണ്. ബി.എൽ.ഒ.-മാർ കണക്കെടുക്കുകയാണ്. ചേരാനെല്ലൂർ വില്ലേജിൽ മാത്രം 7500 പേർ ദുരിത ബാധിതരാണെന്നും അത് പ്രളയബാധിത വില്ലേജാണെന്നും പ്രഖ്യാപിക്കപ്പെട്ടതിനു ശേഷവും ഏകദേശം 2500 വീടുകൾ മാത്രം അഫക്ടഡാണെന്നുള്ള സ്ഥിതിയിലേയ്ക്ക് കണക്കുകൾ പോകുന്നത് ഇതിന്റെ ഗൗരവത്തെ കുറച്ച് കാണിക്കുന്നു. അഫക്ടഡായിട്ടുള്ള ആളുകൾക്ക് ധനസഹായം ലഭിക്കാതിരിക്കുന്ന സാഹചര്യമുണ്ടാകുന്നത് വളരെ കുറ്റകരമായ ഒരനാസ്ഥയായി ചൂണ്ടിക്കാണിക്കാൻ ആഗ്രഹിക്കുന്നു. കടലിന്റെ മക്കളെ ആദരിക്കുന്നത് വളരെ നല്ല കാര്യമാണ്, ഞങ്ങൾക്ക് സന്തോഷമുണ്ട്. അത് സ്വാഗതം ചെയ്യുകയാണ്. ഇന്ന് എല്ലാ മേഖലയിലും കടലിന്റെ മക്കളെ ഓർത്തതിൽ നന്ദിയുണ്ട്. എറണാകുളത്ത് ഞാൻ അദ്ധ്യക്ഷത

വഹിച്ച ഒരു ചടങ്ങിൽ ബഹുമാനപ്പെട്ട ഫിഷറീസ് വകുപ്പുമന്ത്രി ആയിരക്കണക്കിന് മത്സ്യബന്ധനയാനങ്ങൾ തയ്യാറാക്കി, ആളുകളെ മാറ്റിപ്പാർപ്പിക്കാനുള്ള തയ്യാറെടുപ്പുകൾ നടത്തി രക്ഷാപ്രവർത്തനങ്ങൾ നടത്തിയെന്ന് പറയുകയുണ്ടായി. ഇവിടെ എന്റെ സഹപ്രവർത്തകരായ ശ്രീ. എസ്. ശർമ്മയും ശ്രീ. കെ. ജെ. മാക്സിയും അവരവരുടെ മണ്ഡലങ്ങളിലുള്ള മത്സ്യത്തൊഴിലാളികളെ വാർ ഫൂട്ടിംഗ് അടിസ്ഥാനത്തിൽ വിളിച്ചുവരുത്തിയാണ് ആലുവ, പറവൂർ, കടമക്കുടി മേഖലകളിലേക്ക് പറഞ്ഞുവിട്ടത്. ഇത്രയും തയ്യാറെടുപ്പുകൾ ഉണ്ടായിരുന്നെങ്കിൽ അവർക്കുവേണ്ട മത്സ്യബന്ധനയാനങ്ങളും അതിനാവശ്യമായ ഡീസലും മണ്ണെണ്ണയുമെങ്കിലും കൊടുക്കാനുള്ള സംവിധാനങ്ങൾ ഈ ഗവൺമെന്റ് ഏർപ്പെടുത്തേണ്ടതായിരുന്നില്ലേ? പല സ്ഥലത്തും കണ്ടെയ്നറുകളിൽ മത്സ്യ ബന്ധനയാനങ്ങൾ കൊണ്ടുപോകാനുള്ള സൗകര്യമുണ്ടായിരുന്നില്ല. ആദ്യത്തെ മൂന്ന് ദിവസം രക്ഷാപ്രവർത്തനങ്ങൾ നിശ്ചലമായിരുന്നു. അതൊരു യാഥാർത്ഥ്യം തന്നെയാണ്. പരിപൂർണ്ണമായി പരാജയപ്പെട്ട രക്ഷാപ്രവർത്തന വേദിയിലേക്കാണ് മത്സ്യത്തൊഴിലാളികൾ കടന്നുവന്നത്. അതുകൊണ്ട് ഈ പരിതപിക്കുന്ന, ആദരിക്കുന്ന ആളുകളെല്ലാവരും അവർക്ക് സംരക്ഷണം നൽകാനായി കടൽഭിത്തി നിർമ്മിക്കാനുള്ള ഉത്തരവാദിത്വംകൂടി ഏറ്റെടുക്കണമെന്ന് ഈ അവസരത്തിൽ പറഞ്ഞുകൊണ്ട് നിർത്തുന്നു. നന്ദി. നമസ്കാരം.

<u>ശ്രീ. പി. വി. അൻവർ:</u> സർ, ഉപക്ഷേപത്തെ പിന്താങ്ങുന്നു. മൂന്ന് ദുരന്തങ്ങളും ഒരു വരൾച്ചയും നേരിട്ട ഒരു ഗവൺമെന്റാണ് ഇന്ന് കേരളം ഭരിച്ചു കൊണ്ടിരിക്കുന്നത്. അവസാനമായി നമ്മുടെ മുമ്പിലേയ്ക്ക് വന്ന ഈ മഴക്കെടുതിയും വളരെ അവധാനതയോടുകൂടിയും ആത്മാർത്ഥതയോടുകൂടിയും മറികടന്ന് കേരള സംസ്ഥാനം മുന്നോട്ട് പോകുകയാണ്. സംസ്ഥാനം അഭിമുഖീകരിച്ച കനത്ത പേമാരിയുടെയും ദുരിതങ്ങളുടെയും കെടുതികൾ ആദ്യഘട്ടത്തിൽ അനുഭവിച്ച ഒരു മേഖലയുടെ പ്രതിനിധിയാണ് ഞാൻ. മലപ്പുറം ജില്ലയിലെ മലയോര പ്രദേശമായ നിലമ്പൂർ താലൂക്കിലാണ് ആഗസ്റ്റ് ആദ്യവാരം മുതൽ കനത്ത മഴ തുടങ്ങിയത്. 400 മില്ലിമീറ്റർ മഴയാണ് ആഗസ്റ്റ് 8 ബുധനാഴ്ച രാവിലെ മുതൽ പിറ്റേദിവസം രാവിലെ വരെ ഒരു ദിവസം മാത്രം നിലമ്പൂരിൽ പെയ്തത്. ഇത് 24 മണിക്കൂറിനുള്ളിൽ സംസ്ഥാനത്ത് ലഭിച്ച മഴയുടെ അളവിൽ റെക്കോർഡായിരുന്നു. 1941-ൽ മാനന്തവാടിയിൽ ലഭിച്ച 325 മില്ലിമീറ്റർ മഴയായിരുന്നു അതുവരെ രേഖപ്പെടുത്തിയ റെക്കോർഡ്. 1961-ൽ നിലമ്പൂരിനടത്ത് കുതിരപ്പുഴയ്ക്ക് കുറുകെയുള്ള റെയിൽവേ പാലത്തിൽ രേഖപ്പെടുത്തിയ H.F.L. (Highest Flood Level) മാർക്കിനേക്കാൾ രണ്ട് മീറ്ററോളം കൂടുതലാണ് ഇത്തവണ കൂടുതൽ വെള്ളം പൊങ്ങിയത്. കോഴിക്കോട്-നിലമ്പൂർ-ഗൂഡല്ലൂർ അന്തർ സംസ്ഥാന പാതയിൽ പലയിടത്തും 2

മീറ്ററിലധികം വെള്ളപ്പൊക്കമുണ്ടായി ഗതാഗതം തടസ്സപ്പെടുകയും 12 ഇടങ്ങളിൽ ഉരുൾപൊട്ടലുണ്ടാകുകയും ചെയ്തു. ആഗസ്റ്റ് 8-ന് രാത്രിയിൽ കുറുമ്പലങ്ങോട് വില്ലേജിലെ എരുമമുണ്ടയ്ക്കടുത്ത് ചെട്ടിയാൻപാറ മലയിലുണ്ടായ ഉരുൾപൊട്ടലിൽ 6 പേരാണ് മരണപ്പെട്ടത്. പട്ടികജാതി വിഭാഗത്തിൽപ്പെട്ടവരാണിവർ. മറ്റ് പ്രകൃതിക്ഷോഭങ്ങൾ കാരണം 5 പേർക്കും ജീവഹാനിയുണ്ടായി. ആകെ 11 ആൾനാശമാണ് ഈ കാലയളവിൽ മാത്രം നിലമ്പൂർ താലൂക്കിലുണ്ടായത്. 143 പേർക്ക് പൂർണ്ണമായും വീട് നഷ്ടപ്പെടുകയും ആയിരത്തിലധികം ആളുകളുടെ ഭവനങ്ങൾ ഭാഗികമായി നശിക്കുകയും ചെയ്തു. 40 ദുരിതാശ്വാസ ക്യാമ്പുകളാണ് ഈ മേഖലയിൽ തുടങ്ങിയത്. ഇതിൽ എട്ട് ക്യാമ്പുകൾ നിലമ്പൂർ നിയോജകമണ്ഡലത്തിലാണ്. 1018 കുടുംബങ്ങളിലായി 3638 ആളുകൾക്ക് ക്യാമ്പിൽ കഴിയേണ്ടിവന്നു. ഇവർക്കുണ്ടായ നാശനഷ്ടം കോടികൾ വരുന്നതാണ്. ഇന്നത്തെ ഈ സമ്മേളനത്തിന്റെ ഉദ്ദേശ്യം ഈ ദുരന്തത്തെക്കുറിച്ച് ചർച്ച നടത്തി എം.എൽ.എ.-മാർക്ക് നിർദ്ദേശങ്ങളുണ്ടെങ്കിൽ അത് നിർദ്ദേശിക്കുകയും ചെയ്യുക യെന്നതാണ്. എനിക്ക് പ്രത്യേകിച്ച് പറയാനുള്ളത്, വിദ്യാഭ്യാസ രംഗത്തുണ്ടായ നഷ്ടത്തെക്കുറിച്ചാണ്. വിദ്യാലയങ്ങൾ അടച്ചിടേണ്ടിവരുന്ന നഷ്ടം നമ്മെ സംബന്ധിച്ച് വളരെ വലുതാണ്. പൊതുവിദ്യാഭ്യാസ യജ്ഞമെന്ന പേരിൽ വലിയ രീതിയിൽ വിദ്യാഭ്യാസം മുന്നോട്ട് പോകുമ്പോഴാണ് സ്കൂളുകൾ ഇങ്ങനെ അടച്ചിടേണ്ടിവരുന്നത്. പല സ്കൂളുകളും ഇനിയും തുറക്കാൻ കഴിയാത്ത അവസ്ഥയിലാണ്. പ്രധാനമായും കേരളത്തിൽ എക്സ്ട്രീം ക്ലൈമറ്റ് എന്നുപറയുന്നത് മേയ് മാസത്തിലെ വേനലും ജൂൺ മാസത്തിലെ മഴയുമാണ്. സ്കൂളുകൾ വേനലവധിക്കായി അടച്ചിടുന്നത് ഏപ്രിൽ-മേയ് മാസങ്ങളിലാണ്. ഈ വർഷം മുതൽ ആ അവധി മേയ് - ജൂൺ മാസങ്ങളിലാക്കി മാറ്റിയാൽ രണ്ട് എക്സ്ട്രീം ക്ലൈമറ്റിനെ മറികടക്കാൻ സാധിക്കുകയും ജൂൺ മാസത്തിൽ എല്ലാ കാലത്തും മഴമൂലമുണ്ടാകുന്ന ധാരാളം അവധിദിനങ്ങൾ നമുക്ക് മാറ്റിയെടുക്കാനും സാധിക്കും. അതുകൊണ്ട് വേനലവധിക്കാലം മഴ തുടങ്ങുന്ന കാലമായ മേയ്-ജൂൺ മാസങ്ങളാക്കി പരിഗണിക്കുകയാണെങ്കിൽ വലിയൊരു മാറ്റം നമുക്ക് ഈ മേഖലയിലുണ്ടാക്കാൻ സാധിക്കും. അത് ഗവൺമെന്റ് ശ്രദ്ധിക്കണമെന്നാണ് പറയാനുള്ളത്.

ദുരന്തബാധിതരായവരെ മാറ്റിപ്പാർപ്പിക്കുന്നതിനായി സ്കൂളുകളെ ഉപയോഗ പ്പെടുത്തുമ്പോൾ സ്ഥിരമായി മഴക്കെടുതികളുണ്ടാകാൻ സാദ്ധ്യതയുള്ള സ്കൂളുകൾ കണ്ടെത്തി ആ സ്കൂളുകളിൽ ക്യാമ്പുകൾ പണിയുന്നതിന് ഓഡിറ്റോറിയങ്ങൾ നിർമ്മിച്ചാൽ വിദ്യാഭ്യാസ ആവശ്യങ്ങൾക്ക് അത് ഉപയോഗിക്കാൻ സാധിക്കും. ഇതുപോലെയുള്ള ആവശ്യം വരുമ്പോൾ ഉപയോഗിക്കാൻ പറ്റുന്ന രീതിയിൽ

അക്കാര്യം ഗവൺമെന്റിന് ആലോചിക്കാവുന്നതാണ്. എക്കാലത്തും മഴ തുടങ്ങിയാൽ വെള്ളം കയറി പാർപ്പിട പ്രശ്നങ്ങൾ ഉണ്ടാകുന്ന സ്ഥലമാണ് കുട്ടനാട്. അവിടെ ഇനി നിർമ്മിക്കുന്ന വീടുകൾ ഇത്തരത്തിലുള്ള ദുരന്തങ്ങളുണ്ടാകാൻ സാദ്ധ്യതയുള്ള രാജ്യങ്ങളിലുണ്ടാക്കുന്നതുപോലെ മൂന്ന് - നാല് മീറ്റർ മണ്ണിൽനിന്നും ഉയർത്തിക്കൊണ്ടുണ്ടാക്കുന്ന എലിവേറ്റഡ് ഹൗസുകളുണ്ട്. നിർമ്മിതി കേന്ദ്രത്തിൽ ത്തന്നെ ആരംഭിക്കുകയാണെങ്കിൽ വലിയ ചെലവുകളില്ലാതെ, ഭൂപ്രതലത്തിൽ നിന്നും മൂന്നോ നാലോ മീറ്റർ ഉയർത്തി വീടുകളുണ്ടാക്കിയാൽ കുട്ടനാട് പ്രദേശങ്ങളിൽ അത്തരം പ്രതിസന്ധികൾ ഒരു പരിധിവരെ പരിഹരിക്കാൻ കഴിയുമെന്നാണ് എനിക്ക് പറയാനുള്ളത്. അതുപോലെ 'ലൈഫ്' പദ്ധതിയി ലുൾപ്പെടുത്തി ഭവനങ്ങൾ നിർമ്മിക്കുമ്പോൾ ഇത്തരം പ്രദേശങ്ങളിൽ സിംഗിൾ വീടുകൾ അനുവദിക്കാതെ അപ്പാർട്ടുമെന്റുകളുണ്ടാക്കിയാൽ ഒരു പരിധിവരെ ഈ പ്രതിസന്ധി പരിഹരിക്കാൻ സാധിക്കും.

ഇപ്പോൾ ഏറ്റവും കൂടുതൽ പ്രയാസങ്ങളുണ്ടായത് പെരിയാറിൽ നിന്നാണ്. പെരിയാറിലേക്കാണ് ഇടുക്കി ഉൾപ്പെടെയുള്ള ഡാമുകളിലെ വെള്ളം വരുന്നത്. പെരിയാറിൽ നിന്ന് പ്രത്യേകം കൈവഴികളുണ്ടാക്കി വെള്ളത്തെ തിരിച്ചുവിടാനുള്ള പദ്ധതിയുണ്ടാക്കിയാൽ ഭാവിയിൽ ഇങ്ങനെ ഡാമുകൾ തുറന്നുവിടേണ്ട ഒരു സാഹചര്യമുണ്ടായാലും ആ വെള്ളത്തെ തിരിച്ച് വിടാൻ നമുക്ക് സാധിക്കും. അത്തരം പ്രദേശങ്ങൾ കണ്ടെത്തി പുതിയ വലിയ കനാലുകളുണ്ടാക്കിയാൽ ഒരു പരിധിവരെ ഇന്ന് നമ്മൾ നേരിട്ട ഈ പ്രശ്നത്തിന് പരിഹാരം കാണാൻ സാധിക്കുമെന്നാണ് എനിക്ക് തോന്നുന്നത്.

സംസ്ഥാനത്തെ കാലാവസ്ഥാ നിരീക്ഷണ കേന്ദ്രത്തെപ്പറ്റിയുള്ള ജനങ്ങളുടെ അഭിപ്രായം വളരെ മോശമാണ്. മഴ പെയ്യുമെന്ന് പറയുമ്പോൾ പെയ്യില്ല, കാറ്റടിക്കുമെന്ന് പറയുമ്പോൾ കാറ്റടിക്കില്ല. ഈ അവസ്ഥാവിശേഷം നമ്മുടെ നാട്ടിലുണ്ട്. കൃത്യമായ പുതിയ സാങ്കേതിക സഹായത്തോടുകൂടിയും കേരളത്തിന് സ്വന്തമായി വികസിപ്പിച്ചെടുക്കാവുന്ന നല്ല രീതിയിലുള്ള വാനനിരീക്ഷണ കേന്ദ്രവും കാലാവസ്ഥാനിരീക്ഷണ കേന്ദ്രവും വളരെ അനിവാര്യമാണ്. അതിൽ നിന്നും ഇന്ന് നമുക്ക് വരാനിരിക്കുന്ന ദുരന്തങ്ങൾ കേന്ദ്ര ഗവൺമെന്റിന്റെ സഹായമില്ലാതെ സംസ്ഥാനത്തിന് നേരിട്ടറിയാൻ കഴിയത്തക്ക രീതിയിലുള്ള നിരീക്ഷണ കേന്ദ്രങ്ങൾ നമുക്കാവശ്യമാണെന്നാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്. അതുപോലെ ആയിരക്കണക്കിന് അല്ലെങ്കിൽ പതിനായിരക്കണക്കിന് ഉരുൾപൊട്ടലുകളാണ് കേരളത്തിലുണ്ടായിട്ടുള്ളത്. ജനവാസ പ്രദേശങ്ങളിൽ ഉണ്ടായ ഉരുൾപൊട്ടൽ മാത്രമാണ് ഇപ്പോൾ റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുള്ളത്. വനപ്രദേശങ്ങളിൽ ആയിര ക്കണക്കിന് ഉരുൾപൊട്ടലുകളുണ്ടായിട്ടുണ്ട്. അതിന്റെ കൃത്യമായ കണക്കെടുക്കാൻ

സാറ്റലൈറ്റ് സർവ്വേയിൽക്കൂടി മാത്രമേ സാധിക്കുകയുള്ളൂ. ഈ രാജ്യത്ത് നടക്കുന്ന പുരോഗമന പ്രവർത്തനങ്ങളുടെ ഭാഗമാണ് ഇവിടത്തെ കാലാവസ്ഥാ വ്യതിയാനവും ഉരുൾപൊട്ടലുകളും വെള്ളപ്പൊക്കവുമെന്ന് സ്ഥാപിക്കുവാൻ ചിലർ ശ്രമിക്കുന്നുണ്ട്. അതിന്റെ യാഥാർത്ഥ്യം കണ്ടെത്തണമെങ്കിൽ സാറ്റലൈറ്റ് സർവ്വേ നടത്തേണ്ടതാണ്. നൂറ്റാണ്ടുകളായി ജെ.സി.ബി. പോയിട്ട് ഒരു കൈക്കോട്ട് പോലും വയ്ക്കാത്ത ഡീപ് ഫോറസ്റ്റുകളിൽ ആയിരക്കണക്കിന് സ്ഥലത്ത് എന്തുകൊണ്ടാണ് മണ്ണൊലിപ്പും ഉരുൾപൊട്ടലുമുണ്ടായതെന്ന് പരിശോധിക്കേണ്ടതാണ്. സ്വന്തമായി ഒരു ദുരന്തനിവാരണ സേന ഉണ്ടാക്കാൻ നമുക്ക് സാധിക്കണം. ഇപ്പോൾ നിലമ്പൂർ നിയോജക മണ്ഡലത്തിലും മുനിസിപ്പാലിറ്റിയിലും തൊട്ടടുത്ത പഞ്ചായത്തുകളിലും ഫയർ ഡിപ്പാർട്ടുമെന്റുമായി ചേർന്ന് ട്രെയിനിംഗ് കൊടുത്ത നൂറുകണക്കിന് ചെറുപ്പക്കാരുണ്ട്. ഈ ദുരന്തത്തിൽ അവരുടെ സേവനം നല്ലതുപോലെ വിനിയോഗിക്കാൻ സാധിച്ചിട്ടുണ്ട്. കേരളത്തിലെ ഓരോ പഞ്ചായത്തുകളിലും യുവാക്കളെ ഉപയോഗപ്പെടുത്തി താൽക്കാലികമായി ഇതുപോലുള്ള ട്രെയിനിംഗ് കൊടുത്ത് ദുരന്തനിവാരണ സേന ഉണ്ടാക്കുകയാണെങ്കിൽ ചെലവില്ലാതെതന്നെ ഇത്തരത്തിലുള്ള ദുരന്തങ്ങളിൽ നമുക്ക് അവരെ പരമാവധി ഉപയോഗപ്പെടുത്താൻ സാധിക്കും. സർക്കാർ അതിനെപ്പറ്റി ആലോചിക്കണമെന്ന് പ്രത്യേകം ഓർമ്മ പ്പെടുത്തുകയാണ്.

അതുപോലെ മലപ്പുറം ജില്ലയിലുള്ള 64 കോടിയോളം രൂപയുടെ റിവർ മാനേജ്മെന്റ് ഫണ്ട് ജില്ലയിൽത്തന്നെ ഉപയോഗിക്കുന്നതിനുള്ള സാഹചര്യ മൊരുക്കണം. ഡാമുകൾ തുറന്നുവിട്ടതുമായി ബന്ധപ്പെട്ട് ഒരുപാട് ചർച്ചകൾ ഇവിടെ നടന്നു. ഏറ്റവും കൂടുതൽ ദുരന്തങ്ങളുണ്ടായ ഒരു ജില്ലയാണ് മലപ്പുറം ജില്ല. മലപ്പുറം ജില്ലയിൽ മാത്രം 48 ആളുകളാണ് മരണപ്പെട്ടത്. മലപ്പുറം ജില്ല കേന്ദ്രീകരിച്ച് ഒരു ഡാം പോലുമില്ല. ഓഗസ്റ്റ് മാസം പത്ത് മുതൽ പതിനഞ്ചാം തീയതി വരെ പെയ്ത മഴയാണ് മലപ്പുറം ജില്ലയിലുണ്ടായ മുഴുവൻ കെടുതികൾക്കും കാരണം. ഡാമുകൾ തുറന്നുവിട്ടതുകൊണ്ട് മാത്രമാണ് ഇവിടെ ഈ ദുരന്തങ്ങൾ ഉണ്ടായതെന്ന് സ്ഥാപിക്കുവാൻ ശ്രമം നടക്കുകയാണ്. ഡാമുകൾ മുൻകൂട്ടി തുറന്ന് വിടാമായിരുന്നു വെന്ന് ചിലർ ഇവിടെ പറയുകയുണ്ടായി. എങ്ങനെയാണ് ഡാമുകൾ മുൻകൂട്ടി തുറക്കുന്നത്? 2397 അടിയാണ് ഇടുക്കി ഡാമിന്റെ സ്പിൽവേയുടെ ഹൈറ്റ്. 2397 അടി ഉയരത്തിൽ വെള്ളം എത്തിച്ചേർന്നാൽ മാത്രമേ ആ വെള്ളം ഡാം കവിഞ്ഞ് പുറത്ത് വരികയുള്ളൂ. അതിന് മുമ്പ് ഡാം തുറന്ന് വിടണമെന്ന് പറയുന്നത് എന്ത് ശാസ്ത്രത്തിന്റെ അടിസ്ഥാനത്തിലാണെന്ന് മനസ്സിലാകുന്നില്ല. അതിന്റെ എഞ്ചിനീയറിംഗിലും മറ്റും മാറ്റം വരുത്തണമെങ്കിൽ, ഡാമുകളുടെ ഡിസൈനിൽ മാറ്റം വരുത്താതെ ഇവർ പറയുന്ന സമയത്ത് തുറന്നുവിടാൻ സാധിക്കില്ല.

മഴ അനിയന്ത്രിതമായി പെയ്തെന്ന് കേരളത്തിലെയും ഇന്ത്യയിലെയും ശാസ്ത്രജ്ഞൻമാർക്കെല്ലാം അറിയാം. ഇന്നലെ ലഭിച്ച കേന്ദ്ര ജല കമ്മീഷന്റെ റിപ്പോർട്ട് ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാക്കൾ കണ്ടിരുന്നെങ്കിൽ അവർ ഇന്ന് ഈ പ്രസ്താവന നടത്തില്ലായിരുന്നു. കേന്ദ്ര ജല കമ്മീഷൻ പ്രളയ മുന്നറിയിപ്പ് മേധാവി ശ്രീ. ശരത്ചന്ദ്ര പറയുന്നത്, ഡാമുകൾ തുറന്നതല്ല പ്രളയകാരണം, അതിശക്തമായ മഴ തുടർച്ചയായി ലഭിച്ചതാണ് വെള്ളപ്പൊക്കത്തിന് കാരണമെന്നാണ്. കേരളത്തിന്റെ ഭൂപ്രകൃതിയും ഇക്കാര്യത്തിൽ നിർണ്ണായക ഘടകമായി എന്നാണ് കേന്ദ്ര ജല കമ്മീഷൻ അഭിപ്രായപ്പെട്ടത്. ജല നിരപ്പ് ഉയർന്നത് വളരെ വേഗത്തിലായതിനാൽ ഡാമുകൾ നേരത്തെ തുറന്ന് വിട്ടിരുന്നെങ്കിൽപ്പോലും കാര്യമായ മാറ്റങ്ങൾ ഉണ്ടാകുമായിരുന്നില്ലെന്നും കമ്മീഷൻ പറയുന്നു. അസാധാരണമായ മഴയാണ് 1924-നുശേഷം കേരളത്തിൽ ഏറ്റവും വലിയ വെള്ളപ്പൊക്കമുണ്ടാക്കിയതെന്ന് അമേരിക്കൻ ബഹിരാകാശ ഏജൻസിയായ നാസയുടെ Earth Observatory Website-ലെ ലേഖനത്തിൽ റിപ്പോർട്ട് ചെയ്തു. ആഗസ്റ്റ് മാസത്തിലെ ആദ്യത്തെ ഇരുപത് ദിവസങ്ങളിൽ കേരളത്തിൽ പെയ്തത് 164% അധിക മഴയായിരുന്നെന്നും ഉപഗ്രഹ സഹായത്തോടെ ലഭ്യമായ വിവരങ്ങൾ മുൻനിർത്തി ഈ ലേഖനത്തിൽ ചൂണ്ടിക്കാണിക്കുന്നു. പിന്നെ എന്തടിസ്ഥാനത്തിലാണ് ഡാമുകൾ തുറന്നതാണ് കേരളത്തിൽ പ്രളയമുണ്ടാക്കിയത് എന്നുപറയുന്ന ഈ അവസ്ഥയിലേയ്ക്ക് എത്തിയത്. ജനങ്ങളുടെ ഇടയിൽ ഭിന്നിപ്പുണ്ടാക്കുന്നതിനുവേണ്ടിയാണ്. ജനങ്ങൾ ഒറ്റക്കെട്ടായി ഇന്ന് ഈ മന്ത്രിസഭയേയും ബഹുമാനപ്പെട്ട മുഖ്യമന്ത്രിയേയും പിന്തുണച്ചുകൊണ്ട് മുന്നോട്ട് പോകുകയാണ്.

മി. ഡെപ്യൂട്ടി സ്പീക്കർ: പ്ലീസ്.... കൺക്ലൂഡ്.

ശ്രീ. പി. വി. അൻവർ: സർ, കേരളത്തിലെ ജനങ്ങൾ ഇന്നുവരെ കണ്ടിട്ടില്ലാത്ത ഈ ദുരന്തത്തിൽ രക്ഷാപ്രവർത്തനത്തിന് നേതൃത്വം കൊടുത്ത മുഖ്യമന്ത്രിയെ കേരളത്തിലെ ജനങ്ങൾ മാറോട് ചേർത്ത് പിടിച്ചിരിക്കുകയാണ്. ആരെതിർത്താലും എന്ത് പ്രസ്താവനകൾ നടത്തിയാലും കേരളത്തിലെ ജനങ്ങളുടെ രക്ഷകനായി ഇടതുപക്ഷമെന്നോ വലതുപക്ഷമെന്നോ ഇല്ലാതെ ജനങ്ങൾ ഉൾക്കൊള്ളുന്ന ഒരു മുഖ്യമന്ത്രിയെ കരി വാരി തേയ്ക്കാനും ഈ ഗവൺമെന്റിന്റെ പ്രവർത്തനങ്ങൾക്ക് തടയിടാനും ഇന്ന് പ്രതിപക്ഷം നടത്തുന്ന എല്ലാ പ്രവർത്തനങ്ങളും നാളെ അവർക്കൊരു ശക്തമായ തിരിച്ചടിയായി മാറുമെന്ന് പ്രതിപക്ഷ നേതാക്കൾ മനസ്സിലാക്കിയാൽ നന്നായിരിക്കുമെന്ന് മാത്രം സൂചിപ്പിച്ചുകൊണ്ട് ഞാൻ നിർത്തുന്നു.

<u>ശ്രീ. എൻ. ഷംസുദ്ദീൻ</u>: സർ, ഉപക്ഷേപത്തെ പിന്താങ്ങുന്നു. ഈ നൂറ്റാണ്ടിൽ കേരളം കണ്ട വലിയ പ്രളയ ദുരന്തത്തെക്കുറിച്ചാണ് നമ്മൾ ചർച്ച ചെയ്യുന്നത്. ആ ദുരന്തത്തെ ഐക്യത്തോടെ, ഒറ്റ മനസ്സായി നിന്ന് നമ്മൾ നേരിട്ടു. ഈ ദുരന്തം ഉണ്ടാകാനിടയായ സാഹചര്യങ്ങളെ സംബന്ധിച്ച കാര്യങ്ങളും ഈ ചർച്ചയുടെ ഭാഗമായി വരേണ്ടതാണ്. പ്രശസ്ത പരിസ്ഥിതി പ്രവർത്തക ശ്രീമതി മേധാ പട്കർ ഈ സമയത്ത് കേരളത്തിൽ വന്നപ്പോൾ അവരോട് പത്രക്കാർ ചോദിച്ചു, " Is it a man made disaster?" അവർ പറഞ്ഞത് " Very clear, it is a dam made disaster എന്നാണ്. ഡാം ഉണ്ടാക്കിയ ദുരന്തമാണെന്ന് ഞങ്ങൾ മാത്രമാണോ പറയുന്നത്; അശാസ്ത്രീയമായി, മുന്നറിയിപ്പില്ലാതെ ഡാം തുറന്നതുകൊണ്ടാണ് പ്രളയം ഉണ്ടായതെന്ന് NASA, ബി.ബി.സി., ശ്രീ. മാധവ് ഗാഡ്ഗിൽ, ശ്രീ. ഇ. ശ്രീധരൻ, ശ്രീ. സുരേഷ് കുമാർ ഐ.എ.എസ്., ശ്രീ. ജോസഫ് സി. മാത്യു, ശ്രീ. രാജു എബ്രഹാം, ശ്രീ. ടോം ജോസഫ് എന്നിവരൊക്കെ പറയുന്നു. ഒരു തെറ്റും പറ്റിയിട്ടില്ല എന്നുപറയുന്നത് സഖാവ് എം. എം. മണിയാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്കും അതുതന്നെയാണ് അഭിപ്രായം. അതുപോലെ സൈബർ രംഗത്തും ധാരാളം ആളുകളുണ്ട്. പോരാളി ഷാജി, ബ്രാഞ്ച് സെക്രട്ടറിമാർ, ഡി.വൈ.എഫ്.ഐ. നേതാക്കൻമാർ എന്നിവരെല്ലാം ഒരു തെറ്റും പറ്റിയിട്ടില്ലെന്നാണ് പറയുന്നത്. എന്തിനാണ് നിങ്ങൾ ഇതിനെ ഇങ്ങനെ ന്യായീകരിക്കുന്നത്? നാൽപ്പതോളം ഡാമുകളുള്ള ഒരു സംസ്ഥാനത്ത് ഇക്കാര്യത്തിൽ വിശദമായ അന്വേഷണം നടക്കണം. ഇതിൽ വീഴ്ച പറ്റി എന്നുപറയുന്നത് ഞങ്ങൾ മാത്രമല്ല, വീഴ്ച പറ്റിയെന്ന് ശ്രീ. രാജു എബ്രഹാമും പറഞ്ഞിരുന്നു.

<u>ശ്രീ. രാജു എബ്രഹാം</u>: സർ, പോയിന്റ് ഓഫ് ഓർഡർ. മൂന്ന് തവണ മുന്നറിയിപ്പ് നൽകിയിരുന്നെന്നാണ് ഞാൻ മാധ്യമങ്ങളോട് പറഞ്ഞത്. മാത്രമല്ല, അവിടെ അഞ്ഞൂറോളം ഉരുളുകൾ പൊട്ടി. ആ വെള്ളമാണ് വന്നത്. ഇതെല്ലാമാണ് ഞാൻ പറഞ്ഞത്. രണ്ട് മാധ്യമങ്ങൾ, ഞാൻ പറഞ്ഞതിന്റെ രണ്ടരിക് കട്ട് ചെയ്ത് മധ്യഭാഗമാണ് പ്രസിദ്ധീകരിച്ചത്. എന്റെ സ്റ്റേറ്റുമെന്റ് You tube-ലുണ്ട്. മൂന്ന് തവണ മുന്നറിയിപ്പ് നൽകി എന്നുപറഞ്ഞുകൊണ്ടാണ് എന്റെ സ്റ്റേറ്റ്മെന്റ് തുടങ്ങുന്നത്. ആ ഭാഗം കട്ട് ചെയ്തു.

<u>ശ്രീ. എൻ. ഷംസുദ്ദീൻ</u>: സർ, ശ്രീ. സജി ചെറിയാന്റെ വാക്കുകൾ കേട്ട് നമ്മളൊക്കെ മാനസികമായി കുറേനേരം നടുക്കത്തിൽ നിൽക്കുകയായിരുന്നു. 'ഞങ്ങൾ വിളിച്ചിട്ടാരും വരുന്നില്ല, ഞങ്ങളെ ശ്രദ്ധിക്കുന്നില്ല. ഇവിടെ 50,000 ആളുകൾ മരണത്തിന്റെ വക്കത്താണ്' എന്നാണ് അദ്ദേഹം പറഞ്ഞത്. നാളെയും ഇതുപോലൊരു സാഹചര്യം ഉണ്ടാകുമ്പോൾ അതിനെയെല്ലാം നേരിടാൻ നമുക്ക് കഴിയണം. ഞാൻ കുറ്റപ്പെടുത്തുകയല്ല. തന്റെ നിയോജകമണ്ഡലത്തിലെ

ജനങ്ങളോടുള്ള ശ്രീ. സജി ചെറിയാന്റെ ആത്മാർത്ഥത വ്യക്തമാണ്. വളരെ ശക്തമായ ഇടപെടലുകളായിരുന്നു. പക്ഷേ അദ്ദേഹത്തിന്റെ ദൈന്യതയാർന്ന വിളി കേട്ടപ്പോൾ നമ്മൾ ഇവിടെ എല്ലാം ഭദ്രമാണെന്ന് പറയുന്നത് ശരിയാണോ ? നാളെ ഇതുപോലുള്ള സാഹചര്യങ്ങൾ നമ്മുടെ മുന്നിലും വരും. ഇന്ന് ശ്രീ. രാജു എബ്രഹാമും ശ്രീ. സജി ചെറിയാനും പ്രസംഗിക്കേണ്ടതായിരുന്നു. അവരൊക്കെ ഏറ്റവും കൂടുതൽ അനുഭവങ്ങളുള്ള ആളുകളാണ്. പക്ഷേ അവരത് പറഞ്ഞുകേട്ടില്ല. ഇത് സംബന്ധിച്ച് യു.ഡി.എഫ്. ആവശ്യപ്പെട്ടതുപോലെ ഒരു ജൂഡീഷ്യൽ അന്വേഷണം വേണം.

ഈ ദുരന്തം ഏറ്റവും കൂടുതൽ അനുഭവിച്ചിട്ടുള്ള ഒരു നിയോജകമണ്ഡലമാണ് മണ്ണാർക്കാട്. മണ്ണാർക്കാടിലെ ഉരുൾപൊട്ടലിൽ മൂന്ന് പേർ, ഒരു ആദിവാസി ബാലിക, മുത്തശ്ശൻ, മുത്തശ്ശിയും അടക്കം നഷ്ടമായി. മൂന്ന് ദിവസം കഴിഞ്ഞാണ് മണ്ണിനടിയിൽനിന്ന് അവരെ കിട്ടുന്നത്. രണ്ടുപേർ വെള്ളത്തിൽ ഒലിച്ചുപോയി. 63 വീടുകൾ പൂർണ്ണമായും തകർന്നു. 493 വീടുകൾ ഭാഗികമായി തകർന്നു. ഉരുൾപൊട്ടിയ മേഖലകളിലെ ജനങ്ങളെ അവിടെത്തന്നെ പുനരധിവസിപ്പിക്കരുത് എന്നൊരു നിർദ്ദേശം ഇവിടെ സമർപ്പിക്കുകയാണ്. മണ്ണാർക്കാടിലെ കരടിയോട്, അട്ടപ്പാടിയിലെ കള്ളമല എന്നിവയെല്ലാം വിണ്ടുകീറി നിൽക്കുകയാണ്. അവർക്ക് മറ്റിടങ്ങളിൽ ഭൂമി കണ്ടെത്തണം എന്നുള്ളതാണ് ഒരു നിർദ്ദേശം. അതുപോലെ, അട്ടപ്പാടി ചുരം റോഡ് പൂർണ്ണമായും തകർന്നു. ആദിവാസി മേഖല ഒറ്റപ്പെടുകയാണ്. ഇവിടേയ്ക്ക് ഒരു ബദൽ റോഡ് വേണം. അതിനുള്ള നിർദ്ദേശം ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്ക് കൊടുത്തിട്ടുണ്ട്. ഈ പുനരധിവാസ പദ്ധതിയിൽ അട്ടപ്പാടി ബദൽറോഡ് ഉൾപ്പെടുത്തണം.

വീഴ്ചകൾ പറയുക എന്നുള്ളത് ഞങ്ങളുടെ ദൗത്യമാണ്. മലയാളികൾ ഒറ്റ മനസ്സോടെയാണ് ഈ ദുരന്തത്തെ നേരിട്ടത് എന്നതിൽ ഒരു തർക്കവുമില്ല. രക്ഷാപ്രവർത്തനത്തിൽ മത്സ്യത്തൊഴിലാളികൾ വഹിച്ച പങ്ക് വലുതാണ്. അവർ ആരും വിളിച്ചിട്ട് വന്നതല്ല. സ്വയം സന്നദ്ധ പ്രവർത്തനം നടത്താൻ വന്നവരാണ്. ചെറിയ കുട്ടികൾ മുതൽ വൃദ്ധരായ ആളുകൾ വരെ അവിടെ പ്രവർത്തിച്ചിട്ടുണ്ട്. മറ്റുള്ളവർക്ക് ചവിട്ടിക്കയറാൻ തന്റെ ശരീരം ഒരു പടിയായി വച്ചുകൊടുത്ത ശ്രീ. കെ. പി. ജെയ്സൽ എന്ന ചെറുപ്പക്കാരനെ നമുക്ക് മറക്കാൻ സാധിക്കില്ല. ഞാൻ ഒന്നുരണ്ട് പേരുകൾ പറഞ്ഞു എന്നുമാത്രം. അങ്ങനെ എത്രയോ ആളുകൾ നടത്തിയ ഈ ദുരിതാശ്വാസ പ്രവർത്തനങ്ങളിലും ക്യാമ്പിലുമൊക്കെ ചില അപസ്വരങ്ങൾ ഉണ്ടായി. അതും ഭരണകക്ഷിയുടെ ഭാഗത്തുനിന്നാണുണ്ടായത്. അവയും ഭാവിയിൽ ഉണ്ടാകാൻ പാടില്ല. സി.പി.ഐ.(എം.)ന്റെ ആളുകൾ ചിലയിടത്ത് അടിയുണ്ടാക്കി. ചിലയിടത്ത് പ്രശ്നമുണ്ടായി. ക്യാമ്പ് പിടിച്ചടക്കാനുള്ള

ശ്രമമുണ്ടായി. പോലീസ് വന്നു. ഇതൊന്നും ഉണ്ടാകാൻ പാടില്ല. വേറെ ഒരാളെക്കുറിച്ചും ആക്ഷേപമില്ല. ഇത് സംബന്ധിച്ചെല്ലാം പത്രങ്ങളിൽ വാർത്തകൾ വന്നതാണ്. ദുരിതാശ്വാസ ക്യാമ്പിൽ പങ്കെടുത്തവർക്ക് 10,000 രൂപ കൊടുക്കുമെന്ന് പറഞ്ഞത് നല്ല കാര്യമാണ്. ക്യാമ്പിൽ പോകാതെ ബന്ധുവീടുകളിലും മറ്റും പോയ ദുരിതബാധിതരായ ആളുകളുമുണ്ട്. അവർക്കും 10,000 രൂപ കൊടുക്കണം. സി.എം.ഡി.ആർ.എഫ്.-ലേയ്ക്ക് മൊത്തം പണം വരുന്നതിലുപരി ഈ റിലീഫ് ഫണ്ടിന് പ്രത്യേകമായൊരു അക്കൗണ്ട് വേണമെന്നുള്ള നിർദ്ദേശവും ഞാൻ മുന്നോട്ട്വയ്ക്കുകയാണ്. കൃഷിനാശം സംഭവിച്ചവർക്ക് കൃഷി ഇറക്കണമെങ്കിൽ അടിയന്തര ധനസഹായം കൊടുക്കേണ്ടി വരും. അതിലും സർക്കാരിന്റെ ഇടപെടലുണ്ടാകണം. കേരളത്തിന്റെ പുനർനിർമ്മാണത്തിൽ നമുക്ക് ഒന്നായി, ഒറ്റക്കെട്ടായി മുന്നോട്ട് പോകാമെന്നുമാത്രം പറഞ്ഞുകൊണ്ട് ഞാനെന്റെ വാക്കുകൾ ഉപസംഹരിക്കുന്നു.

<u>ശ്രീ. കെ. രാജൻ</u>: സർ, ഉപക്ഷേപത്തെ പിന്താങ്ങുന്നു. കേരളം സമീപ കാലത്ത് ദർശിച്ചിട്ടില്ലാത്ത വളരെ ഗുരുതരമായ ഒരു അപകടത്തെയാണ് നേരിട്ടത്. ശ്രീ. എൻ. ഷംസുദ്ദീൻ, എം.എൽ.എ.-യെ പോലുള്ള ആളുകൾ അതിലും രാഷ്ട്രീയം കാണുന്നത് വളരെ മോശമാണ്. അതൊരു സഭയ്ക്ക് ചേരുന്നതുമല്ല. ഇതിനുമുൻപ് 1924-ൽ വെള്ളപ്പൊക്കമുണ്ടായിയെന്ന് പറയുന്നു. അന്ന് ഞങ്ങളാരും ജനിച്ചിട്ടില്ല. 1924-ൽ വെള്ളപ്പൊക്കം ഉണ്ടാകുമ്പോൾ കേരളത്തിൽ എത്ര ഡാമുകളുണ്ടെന്നുള്ള കാര്യം ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് പ്രസംഗിക്കുമ്പോഴെങ്കിലും പറഞ്ഞാൽ മതി. അന്ന് ഒരു ഡാം മാത്രമേ ഉണ്ടായിരുന്നുള്ളൂ. ഇതിനെ രാഷ്ട്രീയമായി നേരിടുന്നത് പ്രതിപക്ഷത്തിന് മറ്റ് അഭിപ്രായങ്ങൾ പറയാൻ പറ്റാത്ത ഘട്ടത്തിലാണ്.

സഖാവ് ശ്രീ. പിണറായി വിജയന്റെ നേതൃത്വത്തിലുള്ള കേരളത്തിലെ ഗവൺമെന്റ് വളരെ സമർത്ഥമായി ഈ ദുരന്തത്തെ നേരിടാൻ എല്ലാ അർത്ഥ ത്തിലുമുള്ള പരിശ്രമങ്ങളും നടത്തിയെന്ന കാര്യത്തിൽ യാതൊരു തർക്കവുമില്ല. അതിൽ ഭരണ-പ്രതിപക്ഷ ഭേദമെന്യേ എല്ലാവരും പങ്കാളികളായി. അതിനു വേണ്ടിയുള്ള വലിയ പരിശ്രമം നടത്തി. അക്കാര്യത്തിൽ കേരളത്തിന്റെ ബഹുമാന്യരായ മുഖ്യമന്ത്രിയും റവന്യൂ വകുപ്പുമന്ത്രിയും പ്രത്യേകമായി ഈ സഭയുടെ അഭിനന്ദനം അർഹിക്കുന്നു. അത് രേഖപ്പെടുത്താൻ ഞാൻ ഈ അവസരം ഉപയോഗിക്കുകയാണ്. കേരളത്തിൽ ദുരന്തപൂർണ്ണമായ ഈ അപകടമുണ്ടായപ്പോൾ അതിനെ നേരിടുന്ന കാര്യത്തിൽ സമാനതകളില്ലാതെ കേരളത്തിനകത്തും പുറത്തും വിദേശത്തുനിന്നും ഉൾപ്പെടെ സഹായം ലഭ്യമായി. അതൊക്കെ ഈ സഭ വളരെ നന്ദിയോടെ കാണേണ്ടതുണ്ട് എന്നതാണ് യാഥാർത്ഥ്യം. ഇവിടെ ചർച്ച ചെയ്തവരെല്ലാം പറയുന്നത് കേരളത്തിൽ പ്രളയമാണ് ഉണ്ടായതെന്നാണ്. പ്രളയം

എന്ന വാക്കുകൊണ്ട് പറഞ്ഞാൽ അവസാനിപ്പിക്കാൻ കഴിയാത്തതാണ്. ഇതൊരു ഭീകരമായ പ്രകൃതിക്ഷോഭമാണ്. അതിൽ പെയ്ത്തു വെള്ളത്തിന്റെയും പുഴ വെള്ളത്തിന്റെയും പ്രശ്നമുണ്ട്. അതിനേക്കാൾ ഭീകരമായി ഉരുൾപൊട്ടിയ പ്രശ്നം നിലനിൽക്കുന്നുണ്ട്. ഉരുൾപൊട്ടിയ സ്ഥലത്തെ പ്രശ്നങ്ങൾ ഉരുൾപൊട്ടിയതോടുകൂടി ചിലപ്പോൾ അവസാനിക്കും. പുഴ വെള്ളവും പെയ്ത്തു വെള്ളവും തീർന്നതോടുകൂടി അത് അവസാനിക്കും. എന്നാൽ നേരത്തെ ശ്രീ. എൻ. ഷംസുദ്ദീൻ ഇവിടെ സൂചിപ്പിച്ചതുപോലെ, മല വിണ്ടുകീറിയ സ്ഥലങ്ങളിലെ ആളുകൾ എത്രയോ കാലത്തേയ്ക്ക് അതിന്റെ ഭീഷണി നേരിടാൻ പോവുകയാണ്. നാം ഗൗരവമായി കാണേണ്ട ഏറ്റവും പ്രധാനപ്പെട്ട പ്രശ്നമാണത്. ഞാൻ ഒരു മണ്ഡലത്തിലെ വിഷയവുമായി ബന്ധപ്പെട്ട് പറയാൻ ആഗ്രഹിക്കുന്നില്ല. തൃശ്ശൂർ ജില്ലയിൽ വടക്കാഞ്ചേരി മണ്ഡലത്തിലെ കുറുവാഞ്ചേരി എന്ന സ്ഥലത്തുമാത്രം ഒറ്റ ഉരുൾപൊട്ടലിന്റെ ഭാഗമായി 19 ആളുകളാണ് മരണപ്പെട്ടത്. എന്റെ മണ്ഡലത്തിൽ പീച്ചി ഡാമിന്റെ പരിസരത്ത് വെള്ളം കയറിയതുകൊണ്ട് തൽക്കാലം ഭാര്യയേയും മക്കളേയും പൂമല എന്നുപറയപ്പെടുന്ന കുറുവാഞ്ചേരിയിൽ കൊണ്ടുവിട്ട് തിരിച്ചുവന്ന ഭർത്താവ് പിറ്റേന്ന് രാവിലെ അറിയുന്നത് ഭാര്യയും രണ്ട് കുട്ടികളും പൂമലയിലെ കുറുവാഞ്ചേരിയിൽവച്ച് മരണപ്പെട്ടെന്ന വാർത്തയാണ്. വളരെ ഭീകരമാണ് ഇത്തരം സംഭവങ്ങൾ. ചാലക്കുടി മണ്ഡലത്തിലെ കാര്യങ്ങൾ ബഹുമാനപ്പെട്ട ബി. ഡി. ദേവസ്സി, എം.എൽ.എ. സൂചിപ്പിച്ചു. കൊടുങ്ങല്ലൂർ മണ്ഡലത്തിൽ മാത്രം 70828 പേരാണ് ദിവസങ്ങളോളം 98 ക്യാമ്പുകളിലായി തങ്ങേണ്ടി വന്നത്. ബഹുമാനപ്പെട്ട കൊടുങ്ങല്ലൂർ എം.എൽ.എ. ശ്രീ. വി. ആർ. സുനിൽ കുമാർ കുഴൂരിൽ മൂന്ന് ദിവസം പുറത്തിറങ്ങാൻ കഴിയാത്ത വിധത്തിൽ പെട്ടുപോയതിന്റെ വാർത്തകൾ പത്രങ്ങൾ വളരെ വിശദമായി പ്രസിദ്ധീകരിച്ചിരുന്നു. യഥാർത്ഥത്തിൽ തൃശ്ശൂരിലുണ്ടായ വളരെ ഭീകരമായ പ്രകൃതിക്ഷോഭത്തിന്റെ പ്രശ്നങ്ങളെ നേരിടുന്നതിൽ തൃശ്ശൂരിലെ മൂന്ന് മന്ത്രിമാർ, ശ്രീ. വി. എസ്. സുനിൽ കുമാർ, ശ്രീ. എ. സി. മൊയ്തീൻ, പ്രൊഫ. സി. രവീന്ദ്രനാഥ് എന്നിവർ വളരെ ഗംഭീരമായി ഇടപെടുകയും ജില്ലാ ഭരണകൂടത്തെയും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെയും രാഷ്ട്രീയ ഭേദമെന്യേ എല്ലാവരേയും പങ്കാളികളാക്കി ആ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകാൻ ശ്രമിക്കുകയും ചെയ്തതുകൊണ്ടാണ് വലിയൊരപകടത്തിൽനിന്ന് അത്ര വലിയ ആളപായമില്ലാത്ത തരത്തിൽ രക്ഷപ്പെടാൻ തൃശ്ശൂർ ജില്ലയ്ക്ക് കഴിഞ്ഞതെന്നുള്ളതാണ് യാഥാർത്ഥ്യം. ഞാൻ ആഗസ്റ്റ് 14-ന്റെ പ്രശ്നം ഉണ്ടാകുന്നതിന് മൂന്ന് ദിവസം മുൻപ് വൈത്തിരിയിൽ രണ്ടു ദിവസം പെട്ടുപോയ ആളാണ്. ഞാനും ബഹുമാനപ്പെട്ട കൽപ്പറ്റ എം.എൽ.എ. ശ്രീ. സി. കെ. ശശീന്ദ്രനും കണ്ടുപിരിഞ്ഞതിനുശേഷം രണ്ടു ദിവസത്തേയ്ക്ക് പൂർണ്ണമായി വൈത്തിരിയും ചുണ്ടേലും ഒറ്റപ്പെട്ട സ്ഥിതിയുണ്ടായി. റോഡ് ഭീകരമായി തകർന്നു. തൃശ്ശൂരിൽനിന്ന് വടക്കോട്ടുള്ള ജില്ലകളിൽ ഒരുപക്ഷേ

കാസർഗോഡ് ഒഴിച്ചാൽ ബാക്കി എല്ലാ ജില്ലകളിലും ഈ പ്രശ്നം വളരെ ഗൗരവമായിരുന്നു. ഒരുപാട് ആൾനാശമുണ്ടായി. അതിനേക്കാൾ ഭീകരമായി മൃഗങ്ങളുടെയും കൃഷിയുടെയും നഷ്ടമുണ്ടായി. ഇത് എങ്ങനെ പരിഹരിക്കാൻ കഴിയുമെന്നതാണ് നാം ഇപ്പോൾ ചർച്ച ചെയ്യേണ്ട ഏറ്റവും പ്രധാനപ്പെട്ട പ്രശ്നം. ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവിനെ 21-ാം തീയതി കണ്ടതുപോലെയല്ല 22 മുതൽ കണ്ടുതുടങ്ങിയത് എന്ന യാഥാർത്ഥ്യം ഈ സഭ നല്ലതുപോലെ അറിയേണ്ടതുണ്ട്. "ക്ഷീരമുള്ളോരകിടിൻ ചുവട്ടിലും ചോരതന്നെ കൊതുകിന്നു കൗതുകം" എന്ന് ഇപ്പോൾ നാം ആലോചിക്കുന്നത് ഒരു ഗുണകരമായ സ്ഥിതിവിശേഷം ആയിരിക്കുകയില്ല.

കേരളം ഇപ്പോൾ ചർച്ച ചെയ്യാൻ പോകുന്നത് ബഹുമാനപ്പെട്ട മുഖ്യമന്ത്രി അവതരിപ്പിച്ച പ്രമേയത്തെക്കുറിച്ചാണ്. ഈ ദുരന്തം നടക്കുമ്പോൾ ഒരു പുതിയ കേരളത്തെ സൃഷ്ടിക്കുകയാണ് ഗവൺമെന്റിന്റെ ഇപ്പോഴത്തെ താല്പര്യമെന്ന് അദ്ദേഹം വളരെ വ്യക്തമായി സൂചിപ്പിച്ചിരുന്നു. ആ പുതിയ കേരളം എങ്ങനെയായിരിക്കണമെന്നതാണ് ഈ സഭ ചർച്ച ചെയ്യേണ്ട പ്രധാനപ്പെട്ട വിഷയം എന്നാണ് എന്റെ അഭിപ്രായം. ഇടതുപക്ഷ ജനാധിപത്യമുന്നണി അതിന്റെ പ്രകടനപത്രികയിൽ സൂചിപ്പിച്ചതുപോലെ മനുഷ്യനും പ്രകൃതിയും കേന്ദ്രബിന്ദുവായ സുസ്ഥിരമായ ഒരു വികസനത്തെക്കുറിച്ചാണ് കേരളം ഇപ്പോൾ ചർച്ച ചെയ്യേണ്ടത്. അതിന് പര്യാപ്തമായ ഒരു കേരളത്തെ സൃഷ്ടിക്കാൻ നമ്മൾ കൂട്ടായി ഇടപെടുകയും അതിന്റെ ധാരണകളെക്കുറിച്ച് അറിവുണ്ടാകുകയും വേണം. പുഴ സഞ്ചരിച്ച വഴികളെക്കുറിച്ചുള്ള ചരിത്രമല്ല നമുക്ക് ചർച്ച ചെയ്യേണ്ടത്. കേരളം കഴിഞ്ഞ കുറച്ച് ദിവസങ്ങളായി അഭിമുഖീകരിക്കേണ്ടി വന്ന അതിഭീകരമായ സ്ഥിതി വിശേഷത്തിൽ ഒരു പുതിയ കേരളത്തെ സൃഷ്ടിക്കുമ്പോൾ ആ പുതിയ കേരളത്തിൽ എന്തെല്ലാം ഉണ്ടായിരിക്കണമെന്നാണ്. പുതിയ കേരളത്തിന്റെ സൃഷ്ടിയിൽ പലതും പുതിയതായി ചർച്ച ചെയ്യേണ്ട ഒരു ഘട്ടമുണ്ട്. എന്റെ മണ്ഡലത്തിലെ പുത്തൻകാട് ഉരുൾപൊട്ടലും മലയിടിച്ചിലുമായി ബന്ധപ്പെട്ട് ലാന്റ് സ്കേപിംഗ് സംഘം വന്ന് അന്വേഷിച്ചപ്പോൾ സോയിൽ പൈപ്പിംഗ് എന്നുപറയുന്ന പുതിയ സ്ഥിതിവിശേഷം മലമ്പ്രദേശങ്ങളിൽ ഉണ്ടാകുന്നു എന്നാണ് പറഞ്ഞത്. സോയിൽ പൈപ്പിംഗ് വളരെ ഗൗരവമായ പ്രശ്നമാണ്. കുന്നിൽ നിന്ന് ആരംഭിച്ച് റോഡിനു താഴെ ഒരു പുതിയ കനാൽ സൃഷ്ടിച്ച് വെള്ളവും മണ്ണും കരിങ്കല്ലുമെല്ലാം ഒലിച്ചു പോകുന്ന സോയിൽ പൈപ്പിംഗ് വളരെ അപൂർവ്വമായി മാത്രം കാണാൻ കഴിയുന്ന സ്ഥിതിവിശേഷമാണ്. എങ്ങനെ അതിനെ നേരിടാമെന്ന് നാം ആലോചിക്കണം. വീടും ഭൂമിയും നഷ്ടപ്പെട്ടവർക്കെല്ലാം അവ കൊടുക്കാനുള്ള ഗവൺമെന്റിന്റെ തീരുമാനം വളരെ സ്തുത്യർഹമാണ്. ഗവൺമെന്റ് അക്കാര്യത്തിൽ നിലപാടു കളെടുത്ത് മുന്നോട്ട് പോകുകയാണ്.

കൃഷി വകുപ്പുമന്ത്രി പ്രഖ്യാപിച്ചതുപോലെ കർഷകരുടെ കടങ്ങൾക്ക് മൊറട്ടോറിയം പ്രഖ്യാപിക്കണമെന്ന തീരുമാനം തീർച്ചയായും ഈ രംഗത്ത് വടക്കൻ ജില്ലകളിലുള്ള കാർഷിക മേഖലയെമാത്രം ആശ്രയിച്ച് ജീവിക്കുന്നവർക്ക് വലിയ സഹായമാകും. ഇക്കാര്യം വളരെ ഗൗരവമായെടുക്കേണ്ടതുണ്ട്. കേരളത്തിൽ ഇത്ര ഗുരുതരമായ സ്ഥിതിവിശേഷമുണ്ടായപ്പോൾ ആരോഗ്യവകുപ്പ് അത് നേരിടാൻ കാണിച്ച ചങ്കൂറ്റം, അതിനുവേണ്ടിയെടുത്ത നടപടികൾ, പൊതു ജാഗ്രത, ഇതൊക്കെ വളരെ നന്നായി കേരളത്തെ സഹായിച്ചിട്ടുണ്ട്. കഴിഞ്ഞ വർഷങ്ങളിൽ ഉണ്ടായതുപോലെയുള്ള അസുഖങ്ങൾ വരാതെ നേരത്തെതന്നെ ശ്രദ്ധിക്കാൻ കഴിഞ്ഞതും ഇപ്പോൾ ഒരുഘട്ടത്തിൽ എല്ലാ ക്യാമ്പുകളിലും എല്ലാ ദിവസവും ആരോഗ്യവകുപ്പിലെ ജീവനക്കാരുടെയും കേരളത്തിനകത്തും പുറത്തുമുള്ള ഡോക്ടർമാരുടെയും സേവനം ലഭ്യമാക്കിയതും നമ്മൾ അംഗീകരിക്കേണ്ട പ്രധാന വസ്തുതയാണ്. റോഡുകളുടെ തകർച്ച വളരെ ഗൗരവമായ വിഷയമാണ്, കേരളത്തിലെ പൊതുമരാമത്ത് വകുപ്പുമന്ത്രി അതിൽ ഇടപെട്ടിട്ടുണ്ട്.

ശ്രീ. കെ. വി. അബ്ദുൾ ഖാദർ: സർ, അങ്ങ് കേരളത്തെ പുനർ നിർമ്മിക്കുന്നതിനെക്കുറിച്ചാണ് പറയുന്നത്. റോഡുകളുടെ നിർമ്മാണത്തിന് പാറ ആവശ്യമാണ്. നമുക്ക് പൊട്ടിക്കാൻ പാറയില്ല എന്നത് ഒരു വസ്തുതയാണ്. നമുക്ക് ആവശ്യമായ പാറയും മണലും മറ്റു സംസ്ഥാനങ്ങളിൽ നിന്ന് ഇറക്കാനുള്ള സംവിധാനത്തെക്കുറിച്ച് ആലോചിക്കേണ്ടതല്ലേ?

ശ്രീ. കെ. രാജൻ: സർ, സമയമില്ലാത്തതുകൊണ്ട് ഞാൻ ആ വിഷയത്തിലേയ്ക്ക് കടക്കുന്നില്ല. അതിനെക്കാൾ ഗൗരവമായ പ്രശ്നം, രണ്ട് ജില്ലകളെ, രണ്ട് സംസ്ഥാനങ്ങളെ തമ്മിൽ ബന്ധിപ്പിക്കുന്ന സ്ഥലമാണ് കുതിരാൻ. അവിടെ മലയിടിച്ചിൽമൂലം ഒരാൾ മരിക്കാനിടയായ ഗൗരവമായ സ്ഥിതിവിശേഷമുണ്ടായി. ബഹുമാനപ്പെട്ട മന്ത്രിമാരായ വി. എസ്. സുനിൽകുമാറും എ. സി. മൊയ്തീനും അവിടെ സന്ദർശിച്ച് താൽക്കാലികമായി തുരങ്കത്തിന്റെ ഒരു പാത തുറന്നു കൊടുത്തതിലൂടെ ഭക്ഷ്യ വസ്തുക്കളും മരുന്നും എത്തിക്കാൻ കഴിഞ്ഞു. മുഖ്യമന്ത്രിയുടെ തന്നെ പ്രത്യേകമായ പരിഗണനയുണ്ടായി, പൊതുമരാമത്ത് വകുപ്പുമന്ത്രി നേരത്തെ ഇടപെട്ട വിഷയമാണ്. അതിൽ കേന്ദ്ര ഗവൺമെന്റാണ് ഏറ്റവും അപകടകരമായ നിലപാടുകൾ എടുക്കുന്നത്. കേന്ദ്ര ഗവൺമെന്റ് ദേശീയപാത അതോറിറ്റിയെ കയ്യയച്ചു വിടുകയാണ്. ആ ഏജൻസിയെക്കൊണ്ട് അത് ചെയ്യിക്കാൻ പ്രേരിപ്പിക്കാത്ത വിധം അപകടകരമായ തരത്തിലുള്ള സ്ഥിതിവിശേഷമാണ് ഉണ്ടായിട്ടുള്ളത്. ഇവിടെ വീടുകൾ നഷ്ടപ്പെട്ടവരുടെ ധാരണയുണ്ടാക്കേണ്ടത് പഞ്ചായത്തുമായി ബന്ധപ്പെട്ട എ.ഇ.-മാരാണ്. അതിന്റെ കുറവുകൾ പരിഹരിച്ചു കൊണ്ട് വളരെ വേഗത്തിൽ നടപടികളെടുക്കാൻ വേണ്ട സംവിധാനമു

ണ്ടാക്കണമെന്നാണ് അഭ്യർത്ഥന. മത്സ്യത്തൊഴിലാളികൾ കേരളത്തിനുവേണ്ടി ചെയ്ത സഹായം സമാനതകളില്ലാത്തതാണ്. എവിടേയും ആർക്കും പറയാൻ കഴിയാത്തവിധം ഉജ്ജ്വലമായ ഇടപെടലുകളാണ് മത്സ്യത്തൊഴിലാളികളുടെ ഭാഗത്തുനിന്നുമുണ്ടായത്. പക്ഷെ കേന്ദ്ര ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെടുത്തേണ്ട പ്രധാന പ്രശ്നം, ഉപഭോക്തൃ സംസ്ഥാനമായ കേരളം ഈ അപകടത്തിൽപെട്ട് നിൽക്കുമ്പോൾ വീണ്ടും വീണ്ടും ഇന്ധനവില വർദ്ധിപ്പിക്കാനുള്ള തീരുമാനം കേരള ജനതയോട് കാണിക്കുന്ന അപകടകരമായ ഇടപെടലിന്റെ ഭാഗമാണ് എന്നുള്ളതാണ്.

ഞാൻ പലപ്പോഴും കേരളാ ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെടുത്തിയ വിഷയമാണ്, ഒല്ലൂർ മണ്ഡലത്തിൽ പ്രത്യേകിച്ച് non-revertible forest, തിരിച്ച് വനമാക്കിയെടുക്കാൻ കഴിയാത്ത മലയോരത്തുള്ള സ്ഥലങ്ങളിലും പുറമ്പോക്ക് പ്രദേശങ്ങളിലും താമസിക്കുന്നവരുടെ വസ്തുവകകൾ നഷ്ടപ്പെട്ടതിൽ സാധാരണ ആളുകളോടുള്ളതുപോലെയുള്ള ഒരു ഇടപെടൽ ഉണ്ടാകണം. തൃശ്ശൂർ ജില്ലയിൽ മാത്രം 38 തദ്ദേശഭരണ സ്ഥാപനങ്ങളുടെ രേഖകളാണ് നഷ്ടപ്പെട്ടത്. 32 സ്ഥലങ്ങളിൽ കമ്പ്യൂട്ടറിന്റെ കണക്ടിവിറ്റി പൂർണ്ണമായും നഷ്ടപ്പെട്ടു. ബഹുമാനപ്പെട്ട തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി പ്രത്യേക യോഗം വിളിച്ചുചേർത്ത് അവിടെ വളരെ മാതൃകാപരമായി ശുചീകരണ പ്രവർത്തനങ്ങൾ നടത്തിയിട്ടുണ്ട്. പൊതു വിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഗുണം കേരളത്തിന് ലഭ്യമായത് ഈ ഘട്ടത്തിൽ പറയാതിരിക്കാൻ കഴിയുകയില്ല. പുതിയതായി രൂപീകരിക്കപ്പെട്ട ഭൗതികസാഹചര്യങ്ങളുടെ വർദ്ധനവോടുകൂടി ഈ ക്യാമ്പുകൾ പൂർണ്ണമായും നടപ്പിലാക്കാൻ കഴിഞ്ഞത് പൊതു വിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി നടത്തിയിട്ടുള്ള നടപടികളിലൂടെയാണ്. പുസ്തകവും യൂണിഫോമും നഷ്ടപ്പെട്ട കുട്ടികൾക്ക് അവ കൊടുക്കാനുള്ള തീരുമാനത്തേയും അഭിനന്ദിക്കുന്നു. പുതിയതായി ഒരു കേരളം സൃഷ്ടിക്കാനുള്ള സഖാവ് പിണറായി വിജയൻ സർക്കാരിന്റെ നേതൃത്വത്തിലുള്ള ശ്രമങ്ങൾക്ക് എല്ലാ അർത്ഥത്തിലുമുള്ള പിന്തുണ വാഗ്ദാനം ചെയ്തുകൊണ്ട് നിർത്തുന്നു.

(അദ്ധ്യക്ഷവേദിയിൽ മി. സ്പീക്കർ)

<u>ഡോ. എം. കെ. മുനീർ:</u> സർ, ഉപക്ഷേപത്തെ പിന്താങ്ങുന്നു. നൂറ്റാണ്ടിലൊരിക്കൽ ഉണ്ടാകുന്ന ജലപ്രളയമാണ് കേരളത്തിൽ ഉണ്ടായതെന്നാണ് എല്ലാ വിദഗ്ധരും അഭിപ്രായപ്പെടുന്നത്. അതുകൊണ്ടുതന്നെ കേരളത്തെ സംബന്ധിച്ചിടത്തോളം നമ്മൾ ഒന്നിച്ചു നിന്നുകൊണ്ട് നേരിടേണ്ട പ്രതിസന്ധിയാണ്. അത് ക്യാമ്പുകൾ സന്ദർശിച്ച ആളുകൾക്ക് ബോധ്യമാകുന്ന കാര്യവുമാണ്. ഇപ്പോൾ

ജനങ്ങളാകെ വിഭ്രാന്തിയിലാണ്. പ്രളയം കഴിഞ്ഞാലുണ്ടാകുന്ന വിഭ്രാന്തിയുടെ പേര് Post - Traumatic Stress Disorder എന്നാണ്. നമ്മളിൽ പലർക്കും ഇത് വന്നുതുടങ്ങിയിരിക്കുന്നു. കുന്ദമംഗലത്ത് ഒരാൾ ആത്മഹത്യ ചെയ്യുന്നതിലേയ്ക്ക് കാര്യങ്ങൾ എത്തിയിരിക്കുന്നു. വിദ്യാർത്ഥികൾ വിഷാദരോഗത്തിന്റെ ലക്ഷണങ്ങൾ കാണിച്ചു തുടങ്ങുന്നുവെന്ന് മനോരമ പത്രത്തിൽ നമ്മൾ വായിച്ചു. അതുകൊണ്ടു തന്നെ കൗൺസിലിംഗ് വളരെ നിർബന്ധമായി നമ്മൾ ഏറ്റെടുക്കേണ്ട കാര്യമാണ്. കേരളത്തെ പുനർനിർമ്മിക്കുന്ന പ്രക്രിയയിൽ രാഷ്ട്രീയം നോക്കാതെ ഒന്നിച്ചു നിൽക്കാൻ ഞങ്ങളൊക്കെ തയ്യാറാണെന്ന് ആമുഖമായി പറയാൻ ആഗ്രഹിക്കുകയാണ്. അത് ഞങ്ങളുടെ ധാർമ്മികമായ ഉത്തരവാദിത്വമാണ്. മുഖ്യമന്ത്രി, അങ്ങേയ്ക്ക് ചുറ്റും കുറേ സ്തുതിപാഠകർ നിന്നുകൊണ്ട് അങ്ങ് അതാണ്, ഇതാണ് എന്നൊക്കെ പറയുമ്പോൾ അതിൽ വീഴുന്ന ഒരാളല്ല അങ്ങെന്ന് ഞങ്ങൾക്കറിയാം. ക്രിയാത്മകമായ വിമർശനങ്ങൾ ഉൾക്കൊള്ളാനുള്ള വിശാലമായ മനസ്സ് അങ്ങേയ്ക്കുണ്ടെന്ന് വിശ്വസിച്ചുകൊണ്ടാണ് ഞങ്ങൾ ഇക്കാര്യങ്ങൾ പറയുന്നത്. സത്യത്തിൽ ഈ പ്രളയദുരന്തം 25 ശതമാനം പേമാരി കൊണ്ടുണ്ടായതാണെങ്കിൽ ബാക്കി 75 ശതമാനവും ഡാമുകൾ തുറന്നു വിട്ടതുകൊണ്ടുണ്ടായതാണെന്ന് എല്ലാ വിദഗ്ദ്ധരും ഒരേ സ്വരത്തിൽ പറയുന്നു. കേരളം ജാഗ്രത പുലർത്തണമെന്ന് പറഞ്ഞുകൊണ്ട് പ്രമുഖ കാലാവസ്ഥാ ശാസ്ത്രജ്ഞനും കേന്ദ്ര ഭൗമശാസ്ത്ര മന്ത്രാലയത്തിന്റെ സെക്രട്ടറിയുമായ ശ്രീ. എം. രാജീവൻ പറഞ്ഞിരിക്കുന്നത് മഴവെള്ളം മാത്രമല്ല, അണക്കെട്ടുകൾ തുറന്നതും വെള്ളപ്പൊക്കത്തിന് കാരണമായെന്നാണ്. അണക്കെട്ട് തുറന്നതു സംബന്ധിച്ച് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോട് പറയാനുള്ളത് ജലവിഭവ വകുപ്പിന്റേയും വൈദ്യുതി വകുപ്പിന്റേയും വീഴ്ചയെക്കുറിച്ച് അങ്ങ് ഗൗരവമായി അന്വേഷിക്കണമെന്നാണ്. അവരെ സംബന്ധിച്ചിടത്തോളം അവർക്ക് വൈദ്യുതിയും ഇറിഗേഷനും മാത്രമാണ് പ്രശ്നം, ജനങ്ങളുടെ ജീവനല്ല. 40 കോടി രൂപ ലാഭിക്കുന്നതിനുവേണ്ടി 50,000 കോടി രൂപ കളഞ്ഞുകുളിച്ച ആ വകുപ്പുകളെ നിലയ്ക്കു നിർത്താൻ നമുക്ക് സാധിക്കണം.

ഇടുക്കി അണക്കെട്ട് തുറന്നതുകൊണ്ട് അതിന്റെ താഴെയുള്ള മറ്റ് അണക്കെട്ടുകളൊക്കെ തുറന്നു. ഇടമലയാർ തുറന്നതിന്റെ പേരിൽ ശ്രീ. വി. ഡി. സതീശൻ, ശ്രീ. വി.കെ. ഇബ്രാംഹിം കുഞ്ഞ് സാഹിബ്, ശ്രീ. അൻവർ സാദത്ത് ഒക്കെ അനുഭവിച്ച വേദന നമുക്കറിയാം. അതുപോലെ ശബരിഗിരി പ്രോജക്ടിന്റെ ഭാഗമായി പമ്പ, കക്കി, ആനത്തോട് ഡാമുകൾ തുറന്നപ്പോൾ ആദ്യം 47000 ലിറ്റർ വെള്ളമാണ് ഓരോ സെക്കന്റിലും വന്നതെങ്കിൽ പുലർച്ചെ ആറ് മണിയായപ്പോൾ ഓരോ സെക്കന്റിലും 9.39 ലക്ഷം ലിറ്റർ വെള്ളം ഡാമുകളിലൂടെ വന്ന് ആറന്മുള, റാന്നി, ചെങ്ങന്നൂർ എന്നീ മൂന്ന് കോൺസ്റ്റിറ്റ്യൂവൻസികളെയാണ് തച്ചുതകർത്ത്

തരിപ്പണമാക്കിയത്. ആറന്മുള എം.എൽ.എ. ഇവിടെയുണ്ട്. ഞാൻ പ്രിയപ്പെട്ട ചെങ്ങന്നൂർ എം.എൽ.എ.-യ്ക്കും റാന്നി എം.എൽ.എ.-യ്ക്കും ഇവിടെ സംസാരിക്കാൻ അവസരം ഇല്ലാത്തതുകൊണ്ട് അവർക്കുകൂടി വേണ്ടിയാണ് സംസാരിക്കുന്നത്. കുട്ടനാട്ടിലേയ്ക്ക് വെള്ളം വരുന്നതിനെക്കുറിച്ച് എന്തെങ്കിലും നിർദ്ദേശമുണ്ടായിരുന്നോ? കാരണം, ഇവിടെ ഇ.എ.പി. എമർജൻസി ആക്ഷൻ പ്ലാൻ എന്നുപറയുന്ന നിയമമുണ്ട്. പണ്ട് ഹിമാചൽ പ്രദേശിൽ ഒരു ഹൈഡ്രോ പവർ പ്രോജക്ട് ഡാം തുറന്നപ്പോൾ 25 ആളുകൾ മരണപ്പെടുകയുണ്ടായി. അങ്ങനെ 2014-ൽ ഉണ്ടാക്കിയതാണ് ഇ.എ.പി. നിയമം. അതിൽ ഒരു കാര്യം പറയുന്നുണ്ട്, കെ.എസ്.ഇ.ബി.-ക്കോ ഇറിഗേഷനോ ആർക്കാണ് ചുമതലയുള്ളത് അവർ Reservoir operation manual സൂക്ഷിക്കണമെന്നാണ്. അതനുസരിച്ച് മാത്രമേ വെള്ളം തുറന്ന് വിടാൻ പാടുള്ളൂ. രണ്ടാമതായി പറയുന്നത്, " it mandates that there should be an inundation map which clearly marks the level and extend to which water will submerge " ....മാത്രമല്ല, " that should be circulated to the stakeholders including district administration and elected representatives prior."

പ്രിയപ്പെട്ടവരേ, എം.എൽ.എ.-മാരെന്ന് പറയുന്നവർ വെറുതെ അവിടെ ഇരിക്കാനുള്ളവരല്ല. ഇത്തരം കാര്യങ്ങൾ നിങ്ങളെ അറിയിച്ച്, നിങ്ങൾ ജനങ്ങളെ അറിയിച്ച് evacuation നടത്തുന്നതിനുള്ള പ്രക്രിയയിൽ ഭാഗഭാക്കാകാൻ ഇ.എ.പി.-യിൽ പറയുന്നുണ്ടെങ്കിൽ എന്തുകൊണ്ട് ഇത് അറിയിച്ചില്ല? ഈ മൂന്ന് എം.എൽ.എ.-മാരോടും ഞാൻ ചോദിക്കാൻ ആഗ്രഹിക്കുകയാണ്, നിങ്ങളെ അറിയിച്ചോ; കളക്ടറെ അറിയിച്ചോ; ആ ഡാം തുറക്കുന്നതിനുമുമ്പ് പ്രിയപ്പെട്ട ശ്രീ. വി. ഡി. സതീശൻ, അങ്ങയെ അറിയിച്ചിരുന്നോ; ശ്രീ. ഇബ്രാഹിം കുഞ്ഞ്, അങ്ങയെ അറിയിച്ചിരുന്നോ? ബഹുമാനപ്പെട്ട മുഖ്യമന്ത്രി, അങ്ങയെക്കുറിച്ചല്ല ഞാൻ പറയുന്നത്. ഇത്രയും രാവും പകലും അങ്ങയുടെ ഓഫീസിലിരുന്ന് പണിയെടുപ്പിക്കുന്ന അവസ്ഥയുണ്ടാക്കാൻ അങ്ങയുടെ കീഴിലുള്ള ഈ ഡിപ്പാർട്ടുമെന്റുകളെ അനുവദിക്കാൻ പാടില്ലായിരുന്നു. ബാർ തുറക്കുന്ന ലാഘവത്തിൽ ഡാം തുറക്കരുത് എന്നാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്. അതുപോലെതന്നെ ഇവിടെ ഓരോ ആളുകളും പറഞ്ഞ കാര്യങ്ങളെടുത്തു നോക്കാം. റാന്നി, ആറന്മുള ഭാഗത്തുണ്ടായ വിഷയങ്ങളെ സംബന്ധിച്ച് വിദഗ്ദ്ധരുടെ കൃത്യമായ അഭിപ്രായങ്ങൾ പുറത്തു വന്നിട്ടുണ്ട്. അതുകൊണ്ട് എനിക്ക് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോട് പറയാനുള്ളത് ഞങ്ങൾ ജുഡീഷ്യൽ അന്വേഷണം ആവശ്യപ്പെട്ടിട്ടുണ്ടെങ്കിലും ക്ലൈമറ്റ് എക്സ്പെർട്ട്, എൻവയോൺമെന്റൽ എക്സ്പെർട്ട്, ഡാം എക്സ്പെർട്ട് എന്നിങ്ങനെ ദേശീയ തലത്തിൽ എക്സ്പെർട്ട്സ് ആയവരെ വച്ച് അങ്ങ് മൂന്ന് മാസത്തിനുള്ളിൽ എന്ത് സംഭവിച്ചു എന്നുള്ള റിപ്പോർട്ട് കൊണ്ടുവരണം എന്നാണ്. മുഖം നോക്കാതെ

തീരുമാനമെടുക്കുന്ന ഒരു മുഖ്യമന്ത്രി എന്ന നിലയ്ക്ക് ഇതിൽ ആരെങ്കിലും തെറ്റ് ചെയ്തിട്ടുണ്ടെങ്കിൽ നാന്നൂറിചില്വാനം ആളുകൾ മരിച്ചതിന്റെ പൂർണ്ണ ഉത്തരവാദിത്വം അവരുടെമേൽ കെട്ടിവച്ച് കൊലക്കുറ്റത്തിന് കേസെടുക്കണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. ......(ബഹളം).... ഞാൻ ഗവൺമെന്റിന്റെ കൂടെ നിന്നാണല്ലോ സംസാരിക്കുന്നത്, നിങ്ങൾക്കെന്തിനാണ് ഇത്രയും അസഹിഷ്ണത? നിങ്ങളെപ്പറ്റി എല്ലാം നല്ലതുമാത്രമേ പറയാൻപാടുള്ളുവെന്ന് നിർബന്ധിക്കാൻ ഞാൻ സി.പി.ഐ.(എം) മെമ്പറല്ല; പ്രതിപക്ഷത്തിരിക്കുന്ന ആളാണ്, എനിക്ക് സൂചിപ്പിക്കാനുള്ളത് സൂചിപ്പിക്കുന്നുവെന്നേയുള്ളു. ഞാൻ ആരേയും കുറ്റപ്പെടുത്തുന്നില്ല, വൈകാരികമായി പറയുമ്പോൾ ചിലപ്പോൾ കടന്നു പോയേക്കാം, എങ്കിലും അതിന്റെ ഉദ്ദേശ്യശുദ്ധിയാൽ മാപ്പുനൽകീടുക എന്നേ അതിനെ സംബന്ധിച്ച് പറയാനുള്ളു. "മധ്വജനങ്ങൾക്ക് മാർദ്ദവമില്ലെങ്കിൽ ഉദ്ദേശ്യശുദ്ധിയാൽ മാപ്പുനൽകീടുക" എന്നാണ്, ഉദ്ദേശ്യശുദ്ധി മാത്രം നിങ്ങൾ കണക്കിലെടുക്കുക.

നമുക്ക് ഏറ്റവും പ്രധാനപ്പെട്ടത് റീഹാബിലിറ്റേഷനാണ്. പ്രതിപക്ഷമെന്ന നിലയിൽ റീഹാബിലിറ്റേഷനുവേണ്ടി എന്ത് സഹായവും നൽകാൻ തയ്യാറാണ്. എന്നാൽ ഗവൺമെന്റ് ചെയ്യേണ്ട, ചെയ്യാമെന്നേറ്റ ധാരാളം കാര്യങ്ങളുണ്ട്, ആറ് ലക്ഷം രൂപ കൊടുക്കാം, നാല് ലക്ഷം രൂപ കൊടുക്കാം, പോകുമ്പോൾ പതിനായിരം രൂപ നൽകാം, സൗജന്യ റേഷൻ നൽകാം, ഇതെല്ലാം കൊടുക്കാതെ ഇനിയും ജനങ്ങൾ പണം തരണം എന്നാണോ? അങ്ങേയ്ക്കറിയാമോ, ആയിരം കോടി രൂപ ജനങ്ങൾ ഇപ്പോൾത്തന്നെ ചെലവഴിച്ചുകഴിഞ്ഞു. ഇല്ലെങ്കിൽ സൗജന്യറേഷൻ വിതരണം ചെയ്യാതിരുന്നിട്ടും ഏതെങ്കിലും ക്യാമ്പുകളിൽ ആർക്കെങ്കിലും എന്തെങ്കിലും നിരാശയുണ്ടായിട്ടുണ്ടോ? ഇത് ആര് തീർത്തതാണ്; നമ്മൾ എല്ലാവരുംകൂടി തീർത്തതാണ്. അങ്ങേയ്ക്ക് ഓർമ്മയില്ലേ, ഓഖി ദുരന്തമുണ്ടായപ്പോൾ ഇതിനകത്തിരിക്കുന്ന ഒരു മന്ത്രി അവിടെയുള്ള എല്ലാ മത്സ്യത്തൊഴിലാളികളെയും പരിഹസിച്ചില്ലേ; പത്രക്കാരെ പലപ്പോഴും ഈ ഗവൺമെന്റ് പരിഹസിച്ചില്ലേ? പക്ഷേ അങ്ങയെ സഹായിക്കാൻ അവസാനം ആ പത്രക്കാരും മത്സ്യത്തൊഴിലാളികളും വേണ്ടിവന്നു. ആരെയെങ്കിലും കുറ്റം പറയുന്നതിനുമുമ്പ് നമ്മൾ ആലോചിക്കേണ്ടത് അവരുടെ ആവശ്യം നമുക്ക് എപ്പോഴെങ്കിലും ഉണ്ടാകുമെന്നാണ്. ഞങ്ങളെ കുറ്റം പറയുമ്പോഴും ആലോചിക്കേണ്ടത് ഞങ്ങളുടെ ആവശ്യം ഉണ്ടാകുമെന്നാണ്. എൻ.ജി.ഒ.-മാരുടെ മുഴുവൻ സഹായവും വാങ്ങിയിട്ട്, ഇപ്പോൾ എയർപോർട്ടിൽ പോയിനോക്കിയാൽ കെട്ടുകണക്കിന് സാധനങ്ങൾ കിടക്കുന്നതുകാണാം. ആ വേദനകൊണ്ടാണ് ഞാൻ സംസാരിക്കുന്നത്. അതിലുള്ള ആഹാരസാധനങ്ങൾ പഴകി പുളിക്കുകയാണ്. ഇതുവരെ കൃൂവിൽ നിന്ന് നമ്മളെ സഹായിച്ചവരോട് 'നിങ്ങൾ മാറി നിൽക്ക്, ഇനി നിങ്ങളുടെ സഹായം

ആവശ്യമില്ല, ഞങ്ങൾ ഒറ്റയ്ക്ക് ചെയ്തുകൊള്ളാം' എന്നുപറയുന്ന നിലപാട് ബഹുമാനപ്പെട്ട മുഖ്യമന്ത്രി എടുക്കരുത്. പ്ലീസ്..., ഇനിയും ഈ സഹായം നമുക്കാവശ്യമാണ്. അതുപോലെ കേന്ദ്രത്തെ അങ്ങ് അനുകൂലിച്ച് സംസാരിച്ചു, അത് നല്ലതാണ്. ഒരു ഡിപ്ലോമസിയുടെ, ഫെഡറൽ സിസ്റ്റത്തിന്റെ ഭാഗമായി അദ്ദേഹത്തെ നമ്മൾ അഭിനന്ദിക്കണം. പക്ഷേ ഒരു സഹായവും കേന്ദ്രത്തിൽ നിന്നും നമുക്ക് കിട്ടുന്നില്ല. 600 കോടി രൂപയല്ല തരേണ്ടത്. അവരുടെ വാർഷിക ബഡ്ജറ്റായ 21 ലക്ഷം കോടി രൂപയിൽ നിന്നും നമുക്ക് 20,000 കോടിയുടെ നഷ്ടം ഉണ്ടായിട്ടുണ്ടെങ്കിൽ അതെല്ലാം പ്രധാനമന്ത്രി തരേണ്ടതാണ്. അതല്ലാതെ ജി.എസ്.ടി. ഇനിയും 10 ശതമാനം കൂട്ടാം, അതിനനുവദിക്കണം എന്നല്ല ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി അവിടെ പോയി പറയേണ്ടത്. ഇനിയും ജനങ്ങളുടെ തലയിലല്ല കെട്ടിവയ്ക്കേണ്ടത്. കേന്ദ്രം ഇവിടെനിന്നും കൊണ്ടു പോകുന്ന പത്ത് ശതമാനമെങ്കിലും ഈ പ്രതിസന്ധി തീരുന്നതുവരെ വാങ്ങാതിരിക്കു എന്ന് കൗൺസിലിൽ പോയി പറയുന്നതിന് ധൈര്യം കാണിക്കാൻ ധനകാര്യ വകുപ്പുമന്ത്രി തയ്യാറാകണം. അവരുടെ പത്ത് ശതമാനമാണ് നമുക്ക് വേണ്ടത്, അല്ലാതെ ഇനിയും ഇവിടെ ദുരിതമനുഭവിക്കുന്ന കച്ചവടക്കാരെ ബുദ്ധിമുട്ടിക്കരുത്. നമ്മുടെ സോഷ്യോ ഇക്കണോമിക് ഇംപാക്ട് നമ്മൾ പഠിക്കണം. നമ്മൾ പ്രവാസികളിൽ നിന്നും പണം പിരിക്കുന്നുണ്ട്, പ്രവാസികൾപോലും ഈ ദുരിതത്തിൽ അങ്ങേയറ്റം പ്രതിസന്ധിയിലാണ്. കുവൈറ്റിൽ ഇന്ത്യൻ സ്കൂളുകൾ തുറന്നിട്ടില്ല, കാരണം, കുട്ടികളൊക്കെ ഇവിടെക്കിടക്കുകയാണ്. പ്രവാസികൾക്കും കച്ചവടക്കാർക്കും സോഷ്യോ ഇക്കണോമിക് ഇംപാക്ട് ഉണ്ടായിട്ടുണ്ട്. കോഴിക്കോട് മൂന്ന് സീസണുകളാണ് അവർക്ക് നഷ്ടപ്പെട്ടത്. 'നിപ' യിൽ നഷ്ടപ്പെട്ടു, ചെറിയ പെരുന്നാളിനും വലിയ പെരുന്നാളിനും ഓണത്തിനും നഷ്ടപ്പെട്ടു. എന്നിട്ടും ചോദിക്കുമ്പോൾ അവർ വാരിക്കോരി തരാൻ തയ്യാറാകുന്നത് കേരളത്തിന്റെ പുനർനിർമ്മാണ പ്രക്രിയ യിലാണ് അങ്ങ് എന്ന വിശ്വാസം കൊണ്ടാണ്. അതേ വിശ്വാസം അവരോട് തിരിച്ചും കാണിക്കണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. അതുകൊണ്ട് അങ്ങ് ബാങ്കേഴ്സ് മീറ്റിംഗ് എത്രയും പെട്ടെന്ന് വിളിച്ചുകൂട്ടണം. വെള്ളത്തിലൂടെ ഒരാൾ നീന്തിപോകുന്നത് നിങ്ങൾ ചാനലിൽ കണ്ടില്ലേ? ആരെയെങ്കിലും രക്ഷിക്കാൻ പോകുകയാണെന്നാണ് ഞാൻ വിചാരിച്ചത്. എന്നാൽ ഈ തിരക്കിൽ റവന്യൂ റിക്കവറി നോട്ടീസ് ഒട്ടിക്കാൻ പോകുകയായിരുന്നു. ഇവരൊക്കെ മനുഷ്യരാണോ? അതുകൊണ്ട് അങ്ങ് ദയവുചെയ്ത് ബാങ്കേഴ്സ് മീറ്റിംഗ് വിളിച്ച് തൽക്കാലം മൊറട്ടോറിയം പ്രഖ്യാപിച്ച്, ഇതിൽനിന്നും രക്ഷപ്പെടുത്തുന്നതിനുവേണ്ടി ബാങ്കു കളോട് സഹകരിക്കാൻ പറയണം. ഇപ്പോൾ സെസ്സ് പിരിക്കേണ്ട സമയമല്ല.

ഈ സമയം ഇലക്ട്രിസിറ്റിചാർജ് കൂട്ടി അവരെ കൊല്ലരുതെന്ന് ഇലക്ട്രിസിറ്റി മിനിസ്റ്ററോട് പറയണം. അതുകൊണ്ട് ഞങ്ങളുടെ ഈ വിമർശനങ്ങളെ വിശാലമനസ്സോടുകൂടി എടുക്കണമെന്നാണ് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോട് അഭ്യർത്ഥിക്കാനുള്ളത്. നമുക്ക് ഒരുമിച്ച് നിന്നുകൊണ്ട് കേരളത്തെ രക്ഷപ്പെടുത്താം. അവിടെ മുഖ്യമന്ത്രി സ്ഥാനത്ത് ശ്രീ. പിണറായി വിജയനല്ല, ആരാണെങ്കിലും ഇത്തരമൊരു ദുരിതമുണ്ടായാൽ ഞങ്ങളിറങ്ങി ഒന്നിച്ചുനിന്ന് പ്രവർത്തിക്കും. ബഹുമാനപ്പെട്ട മന്ത്രി റ്റി. പി. രാമകൃഷ്ണനോട് ചോദിച്ചു നോക്കൂ, ഞങ്ങൾ കൈകോർത്ത് പിടിച്ച്, തോളുരുമ്മി നിന്നുകൊണ്ടാണ് കോഴിക്കോടിന്റെ ഓരോ പ്രശ്നങ്ങളും പരിഹരിച്ചിട്ടുള്ളത്. അപ്പോൾ ഏതാണ് രാഷ്ട്രീയം എന്ന് ഞങ്ങൾ നോക്കിയിട്ടില്ല, അവിടെ ഏത് മതസ്ഥരാണ് വന്നതെന്ന് നോക്കിയിട്ടില്ല, അതിനിയും തുടരാൻ തയ്യാറാണ്. പക്ഷേ അതിനുമുമ്പ് ഗവൺമെന്റ് ചെയ്യേണ്ട കാര്യങ്ങൾ അന്തസ്സായി ചെയ്തശേഷം ഞങ്ങളിതാ ചെയ്തിരിക്കുന്നു, ഇനി നിങ്ങൾ ചെയ്യൂവെന്ന് പറഞ്ഞാൽ ഞങ്ങൾ തയ്യാറാണ്. ഞങ്ങളൊന്നും ചെയ്യാൻ ഉദ്ദേശി ക്കുന്നില്ല, നിങ്ങൾ ചെയ്തുകൊണ്ടിരിക്കുക, ഇനി ചെയ്തുകൊണ്ടിരുന്നാലും അതിൽ ഞങ്ങൾ കൊണ്ടുപോയി കൈവച്ച് ഇത് ഞങ്ങളാണ് ചെയ്തത് എന്നുപറയുന്ന നിലപാടിനോട് യോജിക്കാൻ സാദ്ധ്യമല്ല. അതുപോലെതന്നെ കേന്ദ്രത്തെ നിർത്തേണ്ട പോലെ നിർത്തി വാങ്ങേണ്ടത് വാങ്ങിയെടുക്കാൻ സാധിക്കണം. അത് വാങ്ങിയെടുക്കാൻ നമുക്ക് കഴിയുന്നില്ലെങ്കിൽ ഒന്നിച്ചുനിന്നുകൊണ്ട് കേന്ദ്രത്തിനെതിരെ പോരാടാൻ അങ്ങയോടൊപ്പം ഞങ്ങളുമുണ്ടാകുമെന്ന് പറഞ്ഞുകൊണ്ട് നിർത്തുന്നു.

<u>ശ്രീ. കെ. സുരേഷ് കുറുപ്പ്</u>: സർ, ചട്ടം 130 അനുസരിച്ച് മുഖ്യമന്ത്രി അവതരിപ്പിച്ച ഉപക്ഷേപത്തിന് ഞാൻ പൂർണ്ണമായ പിന്തുണ നൽകുകയാണ്. ദുരന്തത്തിന്റെ വ്യാപ്തിയും അതുണ്ടാക്കിയ ദുരിതങ്ങളും ഈ സഭയിൽ എടുത്തുപറയേണ്ട കാര്യമില്ല. നമ്മളെല്ലാം അത് അനുഭവിച്ചതാണ്. സഭയിൽ നടന്ന ചർച്ച അതിന്റെ വിവിധ വശങ്ങളിലേയ്ക്ക് വിരൽ ചൂണ്ടുന്നതാണ്. 1924-ലെ വെള്ളപ്പൊക്കത്തിൽ കേരളത്തിൽ പെയ്ത മഴ 650 മില്ലി മീറ്ററാണ്. ഇപ്പോൾ പെയ്ത മഴ 2344 മില്ലി മീറ്ററാണ്. അന്ന് കേരളത്തിൽ ആയിരത്തോളം ആളുകൾ മരണമടഞ്ഞു. കേരളത്തിൽ അന്ന് ഒരു ഡാം മാത്രമായിരുന്നു ഉണ്ടായിരുന്നത്. അന്നത്തെ ജനസംഖ്യ ഏതാണ്ട് ഒരു കോടിയോടടുത്ത് മാത്രമേ വരികയുള്ളൂ. അന്ന് ഇത്രയും വീടുകളില്ല; പാടങ്ങൾ ആരും നികത്തിയിരുന്നില്ല. ഇപ്പോൾ കേരളം മുഴുവൻ വീടുകളുണ്ട്, ഡാമുകളുടെ എണ്ണം വല്ലാതെ കൂടിയിട്ടുണ്ട്, പാടങ്ങൾ ഇഷ്ടംപോലെ നികത്തിയിട്ടുണ്ട്. ഈ പ്രതികൂല ഘടകങ്ങളെല്ലാമുണ്ടായിട്ടും നമ്മൾ രക്ഷാപ്രവർത്തനങ്ങൾ കൃത്യമായി നടത്തി ആളപായം പരമാവധി കുറച്ചു എന്നുള്ളത് ഏറ്റവും പ്രശംസനീയമായ കാര്യമാണ്.

കേരളത്തിൽ പെയ്ത മഴയെ ഉൾക്കൊണ്ടത് നമ്മുടെ ഡാമുകളായിരുന്നു, അത് എല്ലാവരും മറന്നുപോകുന്ന ഒരു കാര്യമാണ്. ഡാമുകൾ മഴവെള്ളം ഏറ്റുവാങ്ങിയിരുന്നില്ലെങ്കിൽ കേരളത്തിന്റെ വലിയൊരു ഭാഗം പൂർണ്ണമായും വെള്ളത്തിൽ മുങ്ങിപ്പോകുമായിരുന്നു. 1924-ലെ വെള്ളപ്പൊക്കത്തിന് കാരണമായതിനേക്കാൾ നാലിരട്ടി മഴയാണ് കേരളത്തിൽ കുറഞ്ഞ സമയം കൊണ്ട് പെയ്തത്. ആ ദുരന്തത്തെ തടുത്തുനിർത്തുന്നതിൽ ഡാമുകൾ വലിയൊരു പങ്ക് വഹിച്ചിട്ടുണ്ട്.

അതുപോലെ, സെൻട്രൽ വാട്ടർ കമ്മീഷൻ നടത്തേണ്ട ഒരു പ്രവർത്തനവും ദുരന്തനിവാരണത്തിന്റെ ഭാഗമായെടുക്കേണ്ട ഒരു നടപടിയും കേരളത്തിൽ എടുത്തിട്ടില്ലെന്നുള്ളത് നമ്മൾ ഓർക്കണം. ടെലിമെട്രിക് സ്റ്റേഷൻ കേരളത്തിൽ സ്ഥാപിച്ചിട്ടില്ല. അതുപോലെ ഫ്ലഡ് വാണിംഗ് സിസ്റ്റം പ്രോപ്പറായി സ്ഥാപിച്ചിട്ടില്ല. Inundation map ഉണ്ടാക്കുന്നതിന്റെ പൂർണ്ണ ഉത്തരവാദിത്വം സെൻട്രൽ വാട്ടർ കമ്മീഷനാണ്. എന്നാൽ ഇതൊന്നും നടപ്പാക്കാതെ ഈ പരിമിതികൾക്കകത്തുനിന്നുകൊണ്ടാണ് വെള്ളപ്പൊക്കത്തിൽ ഒറ്റക്കെട്ടായി ദുരന്തത്തെ നേരിട്ടതും ആളുകളെ രക്ഷിച്ചതും. കേരളത്തിലെ മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ എല്ലാവരെയും സഹകരിപ്പിച്ച് പ്രളയത്തെ അതിജീവിക്കാൻ നമുക്ക് കഴിഞ്ഞു. ഇത് സ്വമേധയാ നടന്ന കാര്യമാണെന്നുള്ള രീതിയിലാണ് പ്രതിപക്ഷത്തുള്ള പലരും പ്രസംഗിച്ചത്. മത്സ്യത്തൊഴിലാളികളും മറ്റ് സന്നദ്ധ സംഘടനകളും സ്വമേധയാ വന്നു, രക്ഷാപ്രവർത്തനങ്ങൾ സ്വമേധയാ നടന്നു എന്നുള്ള രീതിയിൽ അവതരിപ്പിച്ച് ഇതിനെ കുറച്ചുകാണിക്കരുത്. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ, അദ്ദേഹത്തിന്റെ ഓഫീസിൽ, കണ്ണിലെണ്ണയൊഴിച്ച് മന്ത്രിമാരും എല്ലാ തലത്തിലുമുള്ള ഉദ്യോഗസ്ഥരും ഈ പ്രവർത്തനത്തെ ഏകോപിപ്പിച്ചതിന്റെ ഫലമായിട്ടാണ് മിലിട്ടറിയും മറ്റ് സന്നദ്ധ സംഘടനകളും മത്സ്യത്തൊഴിലാളികളും രക്ഷാപ്രവർത്തനത്തിനായി എത്തിയത്. ദുരന്ത മേഖലകളിലേയ്ക്ക് വള്ളങ്ങൾ എത്തിക്കുന്നതിന് ഈ നാട്ടിൽനിന്ന് എത്ര ലോറികളാണ് പിടിച്ചുവാങ്ങിയത്; ഇതെല്ലാം മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ നടന്ന കൃത്യമായ ഏകോപനത്തിന്റെ ഫലമായി നടന്നതാണ്. ഈ ഗവൺമെന്റിനോ മുഖ്യമന്ത്രിക്കോ അദ്ദേഹത്തിന്റെ ഓഫീസിനോ ഒരു പങ്കുമില്ലാതെ ഈ പ്രവർത്തനങ്ങളെല്ലാം നടന്നുവെന്ന് ചിത്രീകരിക്കുന്നത് എന്തിന്റെ അടിസ്ഥാനത്തിലാണ്? എല്ലാവരേയും ഏകോപിപ്പിക്കാൻ കഴിഞ്ഞതുകൊണ്ടാണ് ഈ ദുരന്തത്തെ അതിജീവിക്കാൻ കഴിഞ്ഞത് എന്നുള്ള കാര്യത്തിൽ ആർക്കെങ്കിലും സംശയമുണ്ടോ? ലോകം മുഴുവൻ അതിനെ പ്രശംസിക്കുന്നുണ്ട്. അതിനുപകരം പ്രതിപക്ഷം എന്താണ് ചെയ്തത്? ആദ്യം മുതൽ

പട്ടാളത്തെ പൂർണ്ണമായും ഏൽപ്പിക്കണം എന്നാണ് പറഞ്ഞത്. പട്ടാളത്തെ പൂർണ്ണമായും ഏൽപ്പിച്ചിരുന്നുവെങ്കിൽ ഇത്തരം ഏകോപനം സാധ്യമാകുമായിരുന്നോ? പട്ടാളം, സന്നദ്ധ സംഘടനകൾ ഉൾപ്പെടെയുള്ള ബാക്കിയെല്ലാവരേയും ഏകോപിപ്പിക്കാൻ കഴിഞ്ഞത് ജനാധിപത്യ ഭരണകൂടത്തിന്റെ നേതൃത്വത്തിൽ ഒരു മുഖ്യമന്ത്രി ഉണ്ടായിരുന്നുവെന്നതുകൊണ്ടാണ് എന്ന വസ്തുത ലോകം മുഴുവൻ അംഗീകരിച്ചിട്ടും പ്രതിപക്ഷത്തിന് അംഗീകരിക്കാൻ കഴിയുന്നില്ല. സൈനികർ നൽകിയ സേവനത്തിന് നമുക്ക് കൃതജ്ഞതയും അഭിമാനവുമുണ്ട്. പക്ഷേ ഒരു ജനകീയ സർക്കാരുള്ളപ്പോൾ അതിന്റെ നേതൃത്വം ആ ഗവൺമെന്റിനും മുഖ്യമന്ത്രിക്കും ആയിരിക്കണമെന്നുള്ളത് ഒരു പ്രധാനപ്പെട്ട ജനകീയ ജനാധിപത്യ തത്വമാണ്. ആ തത്വത്തെ മാറ്റിവച്ചാണ് ഇവിടെ പ്രളയം വന്നപ്പോൾ പട്ടാളത്തെ ഏൽപ്പിച്ചാൽ മാത്രമേ സകല കാര്യങ്ങളും നടക്കുകയുള്ളൂവെന്ന് പ്രതിപക്ഷം പറഞ്ഞത്. പക്ഷേ അത് പൂർണ്ണമായും തെറ്റായിരുന്നുവെന്ന് നമ്മുടെ മുൻപിലുണ്ടായ അനുഭവങ്ങൾ കാണിച്ചുതരുന്നുണ്ട്. എന്നിട്ടും പിന്നെയും പിന്നെയും അതുതന്നെ പിറുപിറുത്തു കൊണ്ടിരിക്കുകയാണ്. 'പട്ടാളം പട്ടാളം' എന്ന് ഉറക്കത്തിൽ പറഞ്ഞു കൊണ്ടിരിക്കുകയാണ്. ഇതാണ് പ്രതിപക്ഷം ചെയ്തുകൊണ്ടിരിക്കുന്നത്.

ഡാമുകൾ തുറന്നുവിട്ടതുകൊണ്ടാണ് പ്രളയം ഉണ്ടായതെങ്കിൽ, തമിഴ്നാട് എത്ര ഡാമുകൾ തുറന്നു? അപ്പർ ഷോളയാർ, അപ്പർ ഭവാനി ഉൾപ്പെടെയുള്ള ഡാമുകൾ തമിഴ്നാട് തുറന്നുവിട്ടില്ലേ? കാട്ടിനുള്ളിൽ ഉരുൾപൊട്ടി വൻനാശ നഷ്ടങ്ങളുണ്ടായില്ലേ? അതിനെക്കുറിച്ചൊന്നും പറയാതെ സംസ്ഥാന വൈദ്യുതി വകുപ്പും അതിന്റെ മന്ത്രിയും എത്ര കൃത്യമായി കാര്യങ്ങൾ മോണിറ്റർ ചെയ്തു; ഡാം തുറന്നു വിടാതിരിക്കാൻ കഴിയുമോ? മാക്സിമം വാട്ടർ ലെവൽ കഴിഞ്ഞാൽ ഡാമിന് അപകടം സംഭവിക്കില്ലേ? രാത്രിയിൽ ഒരു ഡാമും തുറന്നുവിട്ടിട്ടില്ലായെന്ന് നിരന്തരമായി വൈദ്യുതി വകുപ്പുമന്ത്രി പറഞ്ഞാലും അതംഗീകരിക്കാൻ പ്രതിപക്ഷം തയ്യാറല്ല. ഇനി നമ്മുടെ മുൻപിലുള്ള കാര്യം, മുഖ്യമന്ത്രി ആവർത്തിച്ചു പറയുന്നതുപോലെ പുതിയ കേരളം കെട്ടിപ്പടുക്കാൻ എല്ലാവരും ഒരുമിച്ച് നീങ്ങണമെന്നുള്ളതാണ്. ആദ്യം 'പട്ടാളം പട്ടാളം' എന്ന് പിച്ചും പേയും പറഞ്ഞ പ്രതിപക്ഷം ഇപ്പോൾ ദുരിതാശ്വാസത്തിന് പ്രത്യേക ഏജൻസി വേണമെന്നാണ് പറയുന്നത്. ഈ ഗവൺമെന്റിന് ഇക്കാര്യങ്ങൾ നടത്താനുള്ള കെൽപ്പില്ലേ; ഈ ഗവൺമെന്റിൽ ഈ നാട്ടിലെ ജനങ്ങൾക്ക് വിശ്വാസം ഇല്ലേ? ദുരിതാശ്വാസത്തിനുള്ള ഏത് ഫണ്ട് ആരൊക്കെയാണ് വകമാറ്റിയെന്നത് കേരളത്തിനറിയാം. 'ഓഖി' ദുരന്തത്തിന്റെ ഏത് ഫണ്ട് എവിടെയാണ് വകമാറ്റി ചെലവഴിച്ചത്? സുനാമി ഫണ്ട് വകമാറ്റി ചെലവഴിച്ചതിനെക്കുറിച്ചുള്ള കംപ്ട്രോളർ

ആന്റ് ഓഡിറ്റർ ജനറലിന്റെ റിപ്പോർട്ട് എന്റെ കയ്യിലുണ്ട്. സുനാമി ഫണ്ട് മുഴുവൻ അവരവരുടെ മണ്ഡലത്തിലേയ്ക്ക്, ഒരു വെള്ളപ്പൊക്കവുമുണ്ടാകാത്ത, ഒരു കൊടുങ്കാറ്റും വീശാത്ത മണ്ഡലത്തിലേയ്ക്ക് കൊണ്ടുപോയില്ലേ? അതിന്റെ രേഖകളുണ്ട്. എന്തെല്ലാം നിർമ്മിച്ചു; ഏതെല്ലാം തരത്തിൽ വകമാറ്റി ചെലവഴിച്ചു? ആ ഫണ്ട് ധൂർത്തടിച്ചില്ലേ? അതിനെക്കുറിച്ച് എന്താണ് പ്രതിപക്ഷം പറയാത്തത്? ആ രീതിയിലുള്ള ഒരു വകമാറ്റി ചെലവഴിക്കലും ഈ സർക്കാരിന്റെ കാലത്ത് ഉണ്ടാകില്ല. പ്രതിപക്ഷത്തിനൊഴികെ ഈ നാട്ടിലും പുറത്തുമുള്ള ജനങ്ങൾക്ക് ഗവൺമെന്റിനെ പൂർണ്ണവിശ്വാസമാണ്. ഒരു ജനാധിപത്യ ഗവൺമെന്റിന്റെ കീഴിലോ മുഖ്യമന്ത്രിയുടെ കീഴിലോ ഈ ഫണ്ട് വിനിയോഗം നടക്കരുത് എന്നാണ് ഉദ്ദേശിക്കുന്നത്. ആദ്യം ദുരന്തത്തെ നേരിടാൻ പൂർണ്ണമായും പട്ടാളത്തിന് അധികാരം കൊടുക്കണമെന്നും പുതിയ കേരളം നിർമ്മിക്കുന്നതിനുവേണ്ടി ലോകം മുഴുവൻ സഹായിക്കാൻ തയ്യാറായി മുന്നോട്ടുവരുമ്പോൾ ആ ഫണ്ട് വിനിയോഗം സ്വതന്ത്ര ഏജൻസിയെ ഏൽപ്പിക്കണമെന്നും ഗവൺമെന്റിന് ഒരു കാര്യത്തിലും പങ്ക് വഹിക്കാനോ തീരുമാനങ്ങളെടുക്കാനോ പറ്റില്ലെന്നും പറയുന്നത് എന്തടിസ്ഥാനത്തിലാണ്? ഫണ്ട് വകമാറ്റി ചെലവഴിച്ചത് ഏത് ഗവൺമെന്റാണ്; എങ്ങനെ ചെലവഴിച്ചു എന്നുള്ളതെല്ലാം ഈ നാട്ടിലെ സാധാരണക്കാർക്ക് അറിയാം.

ഈ ദുരന്തത്തിൽനിന്നും നമ്മൾ പല പാഠങ്ങളും പഠിക്കേണ്ടതായിട്ടുണ്ട്. പരിസ്ഥിതിയെ നിർദാക്ഷിണ്യം അപഹസിക്കുന്ന നിർമ്മാണ രീതികൾ, കുന്നുകൾ ഇടിച്ചുനിരപ്പാക്കൽ, ക്വാറികൾ, കായൽ നികത്തൽ തുടങ്ങിയ കാര്യങ്ങളിലെല്ലാം നമുക്ക് പുനർവിചിന്തനം വേണം. ഇതുകാലം പറഞ്ഞതെല്ലാം വനരോദനമായിപ്പോയി. ഇപ്പോൾ ആളുകളെ സംബന്ധിച്ച്, അവരുടെ നിത്യജീവിതത്തിൽ വന്നുഭവിച്ച ദുരന്തം മുൻപിലുണ്ട്. പരിസ്ഥിതി സംബന്ധിച്ച കാര്യങ്ങൾ കൃത്യമായി നടപ്പാക്കാനുള്ള ഒരവസരം കൂടിയാണിത്. അത് നടപ്പാക്കാനുള്ള രാഷ്ട്രീയ ഇച്ഛാശക്തി നമുക്കുണ്ടാകണം. ഇക്കോ-ടൂറിസത്തിന്റെ പ്രാധാന്യം നമ്മൾ മനസ്സിലാക്കണം. കാലാവസ്ഥാ വ്യതിയാനം യാഥാർത്ഥ്യമാണെന്നും അതനുസരിച്ച് നമ്മുടെ ജീവിതം രൂപപ്പെടുത്തണമെന്നും നമ്മൾ മനസ്സിലാക്കണം. വെള്ളപ്പൊക്കബാധിത പ്രദേശങ്ങളിലെ വീടുകൾ ശാസ്ത്രീയമായി നിർമ്മിക്കണം. അതോടൊപ്പം ഈ ദുരന്തമേഖലയിൽ ഒരുപാട് unsung heroes ഉണ്ട്. മത്സ്യത്തൊഴിലാളികളുടെ കാര്യം നമ്മൾ പറഞ്ഞു. കേരളത്തിലെ എല്ലാ വിഭാഗം ജനങ്ങളും എപ്പോഴും പരിഹസിക്കുകയും വിദ്വേഷിക്കുകയും ചെയ്യുന്ന ടോറസ് വണ്ടികൾ ലക്ഷക്കണക്കിന് ആളുകളെയാണ് ദുരന്തബാധിത പ്രദേശങ്ങളിൽ നിന്ന് രക്ഷപ്പെട്ട

ത്തിയത്. അവരുടെ ഹെഡ്‌ലൈറ്റ് അടക്കം വെള്ളത്തിൽ മുങ്ങിക്കൊണ്ടിരുന്ന സമയത്ത് കുട്ടനാട്ടിൽ നിന്നെത്തിയ ആയിരക്കണക്കിന് ആളുകളെയാണ് ടോറസ് ഓടിച്ച് രക്ഷപ്പെടുത്തിയത്. ഇതെല്ലാം ഈ ദുരന്തത്തെ സംബന്ധിച്ച unsung heroes ആണ്. കുട്ടനാട്ടിലെ പ്രളയബാധിത പ്രദേശങ്ങളിലെ മുഴുവൻ ജനങ്ങളെയും ദുരിതാശ്വാസ ക്യാമ്പുകളിൽ എത്തിച്ചതിനെക്കുറിച്ച് ശ്രീ. സി. എഫ്. തോമസ് ഇവിടെ പറഞ്ഞു. ചങ്ങനാശ്ശേരി മുതൽ കറുകച്ചാൽ-നെടുങ്കുന്നം വരെയുള്ള റോഡിന് ഇരുവശവുമുള്ള സ്കൂളുകൾ, ഹാളുകൾ, ചങ്ങനാശ്ശേരി രൂപതയുടെ കീഴിലുള്ള പാരിഷ് ഹാളുകൾ ഇതെല്ലാം പൂർണ്ണമായും ഈ ദുരന്തബാധിത പ്രദേശങ്ങളിൽ നിന്നും എല്ലാം ഉപേക്ഷിച്ചുവന്ന ആളുകൾക്ക് ക്യാമ്പ് ഒരുക്കുന്നതിനുവേണ്ടി വിട്ടുകൊടുത്തു. അങ്ങനെ കേരളത്തിലെ മുഴുവൻ സന്നദ്ധ സംഘടനകളും ഐ. ടി. മേഖലയിൽ പണിയെടുക്കുന്ന ചുറുചുറുക്കുള്ള ചെറുപ്പക്കാരും ചെറുപ്പക്കാരികളുമെല്ലാം വലിയ സേവനം ഈ മേഖലയിൽ നടത്തി. ഇത് നമുക്കൊരു അവസരമാണ്. കേരളത്തെ പുനർ നിർമ്മിക്കാനും അതോടൊപ്പം നമുക്ക് എന്തെങ്കിലും പാളിച്ചകൾ പറ്റിയിട്ടുണ്ടെങ്കിൽ ആ പാളിച്ചകൾ പരിഹരിച്ച് മുമ്പോട്ടുകൊണ്ടുപോകാനുമുള്ള ഒരു സുവർണ്ണാവസരം ഇതുമൂലം കേരളത്തിന് ഭംഗ്യന്തരേണ കൈവന്നിട്ടുണ്ടെന്ന് നമ്മൾ മനസ്സിലാക്കണം. അതുപോലെ, ഇപ്പോൾ കടം കയറി മുടിഞ്ഞിട്ടുള്ള ആളുകൾ, സർഫാസി ആക്ട് നിർബാധം നടപ്പാക്കിക്കൊണ്ടിരിക്കുകയാണ്. അതിനെല്ലാം മൊറട്ടോറിയം പ്രഖ്യാപിക്കുന്നതിന് അവസരമുണ്ടാകണം. അങ്ങനെ എല്ലാവരേയും ഒന്നിപ്പിക്കാൻ ഈ ഗവൺമെന്റിന് കഴിയില്ലെന്നായിരിക്കാം പ്രതിപക്ഷത്തിന്റെ ചിന്ത. എല്ലാവരേയും ഒരുമിപ്പിച്ച് രക്ഷാപ്രവർത്തനം നടത്തിയ ഈ ഗവൺമെന്റിന് എല്ലാവരേയും കോർത്തിണക്കി പുതിയ കേരളം നിർമ്മിക്കാനുള്ള പ്രവർത്തനങ്ങൾക്ക് നേതൃത്വം കൊടുക്കാൻ കഴിയുമെന്ന കാര്യത്തിൽ യാതൊരു സംശയവുമില്ല. അതിന് എല്ലാവരും ഒരുമിച്ച് നിൽക്കണം എന്നുമാത്രം പറഞ്ഞുകൊണ്ട് ഞാൻ നിർത്തുന്നു.

3.00 PM]

പ്രതിപക്ഷനേതാവ് (ശ്രീ. രമേശ് ചെന്നിത്തല): സർ, ഉപക്ഷേപത്തെ പിന്താങ്ങുന്നു. കേരളം നേരിട്ട ഗുരുതരമായ പ്രളയത്തെ സംബന്ധിച്ചുള്ള ചർച്ചയാണ് രാവിലെ 9 മണി മുതൽ ഇവിടെ നടക്കുന്നത്. സഭയുടെ എല്ലാ കോണുകളിൽനിന്നും ഈ ദുരന്തത്തെ അതിജീവിക്കാനും കേരളത്തിലെ ലക്ഷക്കണക്കിന് വരുന്ന ജനങ്ങൾ നേരിടുന്ന പ്രശ്നങ്ങൾ കൂട്ടായി പരിഹരിക്കാൻ മുൻകയ്യെടുക്കണമെന്നുമാണ് ഈ ചർച്ചയിലൂടെ ഉയർന്നുവന്ന പ്രധാനപ്പെട്ട കാതൽ. ഈ ദുരന്തമുണ്ടായത് മൂന്ന് ഘട്ടമായാണ്. ആദ്യം കേരളം മുഴുവൻ മഴപെയ്ത് 14

ജില്ലകളിലും മഴക്കെടുതിയുണ്ടായി. രണ്ടാമത് കോട്ടയം, ആലപ്പുഴ ജില്ലകളിൽ അതിശക്തമായ വെള്ളപ്പൊക്കമുണ്ടായി. അതിന്റെ ഭാഗമായി മറ്റ് ജില്ലകളിൽ ഉരുൾപൊട്ടലുമുണ്ടായി. മൂന്നാമത്തേതാണ് കേരളം ഒരിക്കലും ആഗ്രഹിക്കാത്ത തരത്തിലുള്ള വൻപ്രളയമുണ്ടായത്. പ്രളയമുണ്ടായ ഘട്ടം മുതൽ രാഷ്ട്രീയ അഭിപ്രായവ്യത്യാസങ്ങൾവെടിഞ്ഞ് ഭരണ-പ്രതിപക്ഷ കക്ഷി വ്യത്യാസമില്ലാതെ ഒരുമിച്ചുപോകണമെന്നുള്ള നിലപാടാണ് ഞങ്ങൾ സ്വീകരിച്ചത്. ഞാൻ എറണാകുളത്തായിരുന്നപ്പോൾ ബഹുമാനപ്പെട്ട മുഖ്യമന്ത്രി എന്നോട് കേരളത്തിലെ പ്രളയബാധിത പ്രദേശങ്ങൾ അദ്ദേഹത്തോടൊപ്പം സന്ദർശിക്കാൻ ചെല്ലണമെന്ന് പറഞ്ഞു. ഞാൻ പാർട്ടിയുടെ നേതാക്കൻമാരുമായി ആലോചിച്ച് അദ്ദേഹത്തോട് സമ്മതം മൂളുകയാണ് ചെയ്തത്. അന്ന് മുഖ്യമന്ത്രി പറഞ്ഞ ഒരു വാചകം - "നല്ല ഒരു മെസേജ് ആയിരിക്കും നൽകുന്നത്" എന്നത് ഞാൻ ഇപ്പോഴും ഓർക്കുന്നു. ഞങ്ങൾ ഒരുമിച്ച് യാത്ര ചെയ്ത് കേരളം പ്രളയത്തെ നേരിടാൻ ഒരുമിച്ച് നിൽക്കുന്നു എന്നുള്ള സന്ദേശമാണ് നൽകിയത്. പ്രളയം കൂടുതൽ രൂക്ഷമായ സന്ദർഭത്തിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രി, കേന്ദ്ര ആഭ്യന്തര മന്ത്രിയെ വിളിച്ച് കൂടുതൽ സേനയും സൗകര്യങ്ങളും വേണമെന്നും ദുരന്തനിവാരണ അതോറിറ്റിയുടെ സഹായം വേണമെന്നും ആവശ്യപ്പെട്ടു. ശ്രീ. രാജ്നാഥ് സിംഗുമായി മുൻകാല പരിചയമുള്ളതുകൊണ്ട് ഞാനും അദ്ദേഹത്തെ പല ഘട്ടങ്ങളിലായി മൂന്ന് പ്രാവശ്യം വിളിക്കുകയും സഹായം ലഭ്യമാക്കണമെന്ന് ആവശ്യപ്പെടുകയും ചെയ്തിരുന്നു. അതിനുശേഷം ശ്രീ. രാജ്നാഥ് സിംഗ് കേരളം സന്ദർശിച്ചപ്പോൾ ആ ചർച്ചയിൽ പങ്കെടുക്കണമെന്ന് മുഖ്യമന്ത്രിയുടെ ഓഫീസ് ആവശ്യപ്പെടുകയും ഞാൻ അതിൽ പങ്കെടുക്കുകയും ചെയ്തിരുന്നു. പ്രധാനമന്ത്രി വന്ന സന്ദർഭത്തിൽ ചർച്ചയിൽ പങ്കെടുക്കാൻ വിളിക്കാത്തതുകൊണ്ട് പോകാൻ കഴിഞ്ഞില്ല. അതിനുശേഷം വിളിച്ച സർവ്വകക്ഷി യോഗത്തിലും പ്രതിപക്ഷത്തുള്ള എല്ലാ കക്ഷികളും ഈ ദുരന്തം നേരിടുന്ന കാര്യത്തിൽ സർക്കാരിനോട് ഒരുമിച്ചുനിൽക്കാനാണ് തീരുമാനിച്ചത്. പ്രളയമുണ്ടായ സന്ദർഭത്തിൽ ഞാൻ താമസിക്കുന്ന കന്റോൺമെന്റ് ഹൗസിൽ കൺട്രോൾ റൂം ആരംഭിക്കുകയും പതിനായിരക്കണക്കിന് ആളുകളുടെ അഭ്യർത്ഥനകൾ മുഖ്യമന്ത്രിയുടെ ഓഫീസിലേയ്ക്കും സെക്രട്ടേറിയറ്റിലെ കൺട്രോൾ റൂമിലേയ്ക്കും കൈമാറുകയും ചെയ്തു. ഹരിപ്പാട് നിയോജക മണ്ഡലത്തിൽ ആരംഭിച്ച കൺട്രോൾ റൂം ജില്ലാ കളക്ടർ ലെവലിൽ കൈകാര്യം ചെയ്തു. മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേയ്ക്ക് മുഖ്യമന്ത്രി ഒരു ലക്ഷം രൂപ പ്രഖ്യാപിച്ച അന്നുതന്നെ ഞാൻ ഫെയ്സ് ബുക്ക് പോസ്റ്റിലൂടെ സംസ്ഥാനത്തെ പ്രളയ ദുരിതമനുഭവിക്കുന്ന ജനങ്ങളെ സഹായിക്കാൻവേണ്ടി ഒരു മാസത്തെ ശമ്പളം കൊടുക്കാൻ ഓഗസ്റ്റ് 12-ന് തീരുമാനിച്ചു. അന്ന് ഫെയ്സ്ബുക്ക് പോസ്റ്റിലൂടെ മുഖ്യമന്ത്രിയുടെ

ദുരിതാശ്വാസ നിധിയിലേയ്ക്ക് പണം കൊടുക്കരുതെന്നാവശ്യപ്പെട്ട് ആളുകൾ പോസ്റ്റിട്ടപ്പോൾ അവരെ നിശിതമായി വിമർശിച്ചുകൊണ്ടാണ് ഞാൻ എന്റെ പോസ്റ്റ് ഇട്ടത്. ഞാൻ എഴുതിയത് "മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേയ്ക്ക് തുക നൽകരുതെന്ന സോഷ്യൽ മീഡിയ കാമ്പയിൻ നിങ്ങൾ തള്ളിക്കളയണം. ദുരന്തത്തിൽനിന്ന് കരകയറാൻ നിങ്ങൾ ഓരോരുത്തരുടെയും ഒരു കൈ സഹായം കേരളത്തിന് ആവശ്യമുണ്ട്" എന്നാണ്. എന്റെ നിയോജകമണ്ഡലത്തിൽ അഞ്ച് പഞ്ചായത്തുകൾ പൂർണ്ണമായും (അപ്പർ കുട്ടനാട്) വെള്ളത്തിനടിയിലായിരുന്നു. അവിടെ ദുരിതാശ്വാസ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതോടൊപ്പം സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ പോയി അത് നേരിൽ കാണാനും എനിക്ക് കഴിഞ്ഞതാണ്. ഞാൻ ഇത്രയും കാര്യങ്ങൾ പറഞ്ഞത് ഭരണകക്ഷിയിലുള്ള ചില എം.എൽ.എ.-മാർ, ആരുടെയും പേരുകൾ എടുത്ത് പറയുന്നില്ല, അവരുടെ പ്രസംഗത്തിൽ സൂചിപ്പിച്ചതുകൊണ്ടാണ്. ദുരന്തത്തിൽ യാതൊരു രാഷ്ട്രീയവുമില്ല. ഞങ്ങളെല്ലാവരും ഒരുമിച്ച് പോകാൻ തന്നെയാണ് തീരുമാനിച്ചത്. കേരളത്തിന്റെ പുനർനിർമ്മാണ പ്രവർത്തനങ്ങൾക്കും പ്രതിപക്ഷം മുമ്പിൽനിന്നുതന്നെ പ്രവർത്തിക്കും എന്ന് പറയാൻ ഞാൻ ആഗ്രഹിക്കുകയാണ്. അതിലൊന്നും ഒരു തർക്കവുമില്ല കാരണം, കേരള ജനതയ്ക്ക് നേരിട്ട ഒരു പ്രഹരം തന്നെയാണിത്. ആ പ്രഹരത്തിൽ ജനങ്ങളെ സഹായിക്കാൻ ഗവൺമെന്റിനേക്കാൾ ഒരടിമുമ്പിൽ പ്രതിപക്ഷം ഉണ്ടായിരിക്കുമെന്ന് പറയാൻ ഞാൻ ആഗ്രഹിക്കുകയാണ്. പക്ഷേ പ്രതിപക്ഷത്തിന് ചില കടമകളില്ലേ, ചില ഉത്തരവാദിത്വങ്ങളില്ലേ? ഇന്നുണ്ടായ പ്രളയം തുലാവർഷമുണ്ടാകുമ്പോൾ ഇനിയുമുണ്ടാകാൻ പാടുണ്ടോ; ഭാവി കേരളത്തിൽ ഇത്തരമൊരു ദുരന്തം ഇനി ഉണ്ടാകാതിരിക്കണ്ടേ; അത് പരിശോധിക്കണ്ടേ; ഇതിന്റെ കാരണങ്ങൾ കണ്ടെത്തണ്ടേ? രാഷ്ട്രീയം മാറ്റിവച്ചു കൊണ്ട് ആലോചിക്കുക. ഇന്ത്യയിലെ പ്രമുഖരായ ഭൗമശാസ്ത്രജ്ഞൻമാരും വിദഗ്ദ്ധരും പറഞ്ഞതെല്ലാം ഞാൻ വായിക്കുന്നില്ല. ഡൽഹി ജെ.എൻ.യു.-വിലെ ഡിസാസ്റ്റർ റിസർച്ച് വിഭാഗം ചെയർപേഴ്സണായ ശ്രീ. അമിത് സിംഗ് പറഞ്ഞത് "കേരളത്തിലെ പ്രളയം മനുഷ്യനിർമ്മിതമാണ്, തടയാൻ കഴിയുമായിരുന്ന ദുരന്തം മുൻകൂട്ടി കാണുന്നതിൽ സർക്കാർ പരാജയപ്പെട്ടു" എന്നാണ്. ഡൽഹി ഐ.ഐ.ടി.- യിലെ പ്രൊഫ. എ. കെ. ഗോസെയിൻ പറഞ്ഞത്, "പ്രളയത്തിന്റെ യഥാർത്ഥ കാരണം കണ്ടെത്താൻ ശാസ്ത്രീയ പഠനം അനിവാര്യം" എന്നാണ്. ശ്രീ. ഇ. ശ്രീധരൻ പറഞ്ഞത്, "കാലാവസ്ഥാ നിരീക്ഷണത്തിലും ഒപ്പം അണക്കെട്ട് മാനേജ്മെന്റിലുമുള്ള പാളിച്ചയാണ് പ്രളയത്തിനിടയാക്കിയത്, ഡാമുകൾ നിറയാൻ കാത്തിരിക്കേണ്ടായിരുന്നു, 15 ദിവസമെങ്കിലും മുമ്പേ ഡാമുകൾ തുറക്കാമായിരുന്നു" എന്നാണ്. ശ്രീ. ഹിമാൻഷു താക്കർ, ജലവിഭവ വിദഗ്ദ്ധൻ, സൗത്ത് ഏഷ്യ

നെറ്റ്‌വർക്ക് ഓൺ ഡാംസ്, റിവേഴ്സ് ആന്റ് പീപ്പിൾ ബി.ബി.സി.-യിൽ പറഞ്ഞതും ഇതേ കാര്യം തന്നെയാണ്. ഡോ. എം. രാജീവന്റെ കാര്യം ഡോ. എം. കെ. മുനീർ ഇവിടെ പറഞ്ഞതുകൊണ്ട് ഞാൻ അതിലേയ്ക്ക് കടക്കുന്നില്ല. ഡാമുകൾ തുറന്നുവിട്ടത് ഈ ദുരന്തത്തിന്റെ പ്രധാനപ്പെട്ട കാരണമാണെന്ന് വിദഗ്ദ്ധൻമാരെല്ലാം പറയുന്നു. ഞാൻ ഇത് ജനങ്ങളോട് പറയാൻ ബാധ്യസ്ഥനായ ഒരാളാണ്. Otherwise, I am failing in my duty as an Opposition Leader, അതുകൊണ്ടാണ് ഞാനിത് തുറന്നുപറഞ്ഞത്. കേരളത്തിലെ ലക്ഷക്കണക്കിന് ജനങ്ങൾ ഈ ദുരിതത്തിൽ എത്തിയതിന്റെ കാരണം നാളെ കണ്ടുപിടിക്കുന്നില്ലെങ്കിൽ വരുംതലമുറ നമുക്ക് മാപ്പ് തരില്ലെന്നുള്ളതാണ് യാഥാർത്ഥ്യം. വന്നതുവന്നു, നാളെ വരാൻ പാടില്ല. അങ്ങനെയെങ്കിൽ അതിനുള്ള കാരണങ്ങൾ കണ്ടെത്തണം. അതുകൊണ്ടാണ് യു.ഡി.എഫ്.-ഉം പ്രതിപക്ഷവും ജുഡീഷ്യൽ അന്വേഷണം വേണമെന്ന് പറയുന്നത്. നിങ്ങൾക്ക് തീരുമാനിക്കാം. കാലവും ചരിത്രവും സാക്ഷിയാകട്ടെ. കൊല്ലവർഷം 1099-ലെ വെള്ളപ്പൊക്കത്തെക്കുറിച്ച് ഇവിടെ പറഞ്ഞു. അതുപോലെ 2018-ൽ ഉണ്ടായ ദുരന്തത്തെപ്പറ്റി, ഇനിയൊരിക്കലും ഇതുപോലുള്ള ദുരന്തമുണ്ടാകുമെന്ന് ചരിത്രം കഥകൾ എഴുതാൻ പാടില്ല. അതുകൊണ്ടാണ് ഒരന്വേഷണം ആവശ്യപ്പെടുന്നത്. ഗവൺമെന്റ് മുന്നോട്ട് വയ്ക്കുന്ന ദുരിതാശ്വാസ പ്രവർത്തനങ്ങളിൽ ഞങ്ങൾ ഒപ്പമുണ്ടായിരുന്നു. കേരളത്തിലെ യു.ഡി.എഫ്.-ന്റെ എല്ലാ എം.എൽ.എ.-മാരും സർക്കാരുമായി സഹകരിച്ചു. എവിടെയെങ്കിലും ഒരാൾ മാറിനിന്നോ? എല്ലാ കാര്യങ്ങൾക്കും മുന്നിലുണ്ടായിരുന്നു. വിളിച്ച എല്ലാ യോഗങ്ങൾക്കും പോയി. റവന്യൂ വകുപ്പിന് എന്തെങ്കിലും കോ-ഓർഡിനേഷനുണ്ടായിരുന്നോ? എറണാകുളം ജില്ലയുടെ ചാർജ്ജ് പ്രൊഫ. സി. രവീന്ദ്രനാഥിനായിരുന്നു. അദ്ദേഹത്തെ അവിടെ കാണാനില്ലായിരുന്നു. അവസാനമാണ് ശ്രീ. എ. സി. മൊയ്തീൻ രംഗത്ത് വരുന്നത്. അപ്പോഴേയ്ക്കും അവിടെ വെള്ളപ്പൊക്കം കഴിഞ്ഞിരുന്നു. മറ്റൊരു മന്ത്രി പ്രളയ കാലത്ത് വിദേശയാത്ര നടത്തി. അതിന് ഞാൻ എതിരല്ല. ശ്രീ. കെ. രാജു ബൊക്കെയും പിടിച്ചുകൊണ്ട് നിൽക്കുന്നത് ടി.വി.-യിൽ കണ്ടപ്പോൾ നമുക്ക് ദുഃഖം തോന്നി. ശ്രീ. കെ. രാജുവിനെ എനിക്ക് വലിയ സ്നേഹവും അദ്ദേഹം എന്റെ സുഹൃത്തുമാണ്. ഞാൻ ഇതുവരെ പരസ്യമായി അദ്ദേഹത്തിനെതിരെ ഒന്നും പറഞ്ഞില്ല. അദ്ദേഹം ആ യാത്ര ഒഴിവാക്കേണ്ടതായിരുന്നു. ബഹുമാന്യനായ മുഖ്യമന്ത്രി ആ യാത്ര അറിഞ്ഞില്ലെന്നാണ് പറഞ്ഞത്. അതാണോ കോ-ഓർഡിനേഷൻ. ശ്രീ. കെ. രാജുവിനെപ്പറ്റി കൂടുതൽ പറയുന്നത് ശരിയല്ലാത്തതുകൊണ്ട് ഞാൻ പറയുന്നില്ല. അദ്ദേഹത്തെ പാർട്ടി പരസ്യമായി ശാസിച്ചു. പ്രതിപക്ഷ നേതാവ് എന്നുള്ള നിലയിൽ ഞാൻ ഒരു കമന്റും പറഞ്ഞില്ല. അതിനുള്ള സമയം അല്ലാത്തതുകൊണ്ടാണ് ഒന്നും പറയാതിരുന്നത്.

ശ്രീ. കെ. സുരേഷ് കുറുപ്പ് കുറച്ച് കാര്യങ്ങൾ ഇവിടെ പറഞ്ഞു. അദ്ദേഹത്തിന്റെ മണ്ഡലത്തിൽ കുമരകവും തിരുവാർപ്പും ആർപ്പൂക്കരയും ഉൾപ്പെടെ വെള്ളത്തിലായിരുന്നു. ജില്ലയുടെ ചാർജ്ജുള്ള മന്ത്രി എവിടെപ്പോയെന്ന് ശ്രീ. കെ. സുരേഷ് കുറുപ്പും അന്വേഷിച്ചില്ല. എന്ത് കോ-ഓർഡിനേഷനാണ് ഉണ്ടായിരുന്നത്? ആലപ്പുഴ ജില്ലയിലെ കളക്ടർ ഒരിക്കൽപ്പോലും എം.എൽ.എ.-മാരെ വിളിച്ചില്ല. ഞങ്ങൾ അങ്ങോട്ട് വിളിക്കുകയാണ് ചെയ്തത്. ഒരു യോഗം ചേർന്നത് പ്രളയത്തിന് മുമ്പാണ്. ശ്രീ. ജി. സുധാകരനുമായി നിരന്തരം സംസാരിച്ചിരുന്നു. പല സ്ഥലങ്ങളിലും കോ-ഓർഡിനേഷൻ ഇല്ലായിരുന്നുവെന്നാണ് ഞാൻ പറഞ്ഞത്. കോ-ഓർഡിനേഷന്റെ കാര്യത്തിൽ റവന്യൂവകുപ്പ് പൂർണ്ണ പരാജയമായിരുന്നു. എല്ലാ സ്ഥലങ്ങളിലും പരാതികളായിരുന്നു. ക്യാമ്പുകളിൽ ആളുകൾക്ക് കിട്ടിയത് സന്നദ്ധ സംഘടനകളും രാഷ്ട്രീയ പാർട്ടികളും നൽകിയ സഹായങ്ങളാണ്. ഞാൻ ഒരു രാഷ്ട്രീയ പാർട്ടിയെയും കൊച്ചാക്കി കാണിക്കുന്നില്ല. എല്ലാ പാർട്ടികളും അവർക്ക് ചെയ്യാൻ കഴിയുന്ന സഹായങ്ങൾ ചെയ്തിട്ടുണ്ട്. സന്നദ്ധ സംഘടനകൾ, സാമൂഹ്യ പ്രവർത്തകർ, വ്യക്തികൾ, ക്ലബ്ബുകൾ, വലിയ വിഭാഗം ചെറുപ്പക്കാർ തുടങ്ങിയവർ ക്യാമ്പ് നടത്താൻ രംഗത്തുവന്നു. എന്റെ നിയോജകമണ്ഡലത്തിൽ ധാരാളം ആളുകൾ സാധനങ്ങൾ കൊണ്ടുവന്നു. സാധനങ്ങൾ അധികമായപ്പോൾ കിറ്റാക്കി കൊടുക്കുകയാണ്. സർക്കാർ സഹായം ജനങ്ങൾ പ്രതീക്ഷിച്ചില്ല. സർക്കാർ സഹായത്തിനേക്കാൾ കൂടുതലായി ജനങ്ങൾ മുന്നോട്ടുവന്നു. അതുകൊണ്ട് തന്നെ ഈ ദുരിതാശ്വാസ പ്രവർത്തനം, റെസ്ക്യൂ ഓപ്പറേഷൻ ജനങ്ങളുടെ വിജയമാണെന്നാണ് എനിക്ക് പറയാനുള്ളത്. റെസ്ക്യൂ ഓപ്പറേഷന് വന്നതാരാണ്? ഞാൻ സൈന്യത്തെ വിളിച്ചുവെന്ന് ശ്രീ. കെ. സുരേഷ് കുറുപ്പ് കളിയാക്കിപ്പറഞ്ഞു. അഞ്ചുദിവസം കാത്തിരുന്നു. ഞാൻ കൂടി ഉൾപ്പെടുന്ന മണ്ഡലമാണ് ചെങ്ങന്നൂർ. ചെങ്ങന്നൂർ എം.എൽ.എ. ഇവിടെ സംസാരിച്ചില്ല. ഞാൻ അദ്ദേഹത്തിനുവേണ്ടി സംസാരിക്കുകയാണ്. പ്രളയത്തിൽ ഏറ്റവും കൂടുതൽ ദുരന്തമനുഭവിച്ചത് തിരുവൻവണ്ടൂർ, പാണ്ടനാട്, ചെങ്ങന്നൂർ ടൗൺ, മാന്നാർ, ചെന്നിത്തല, ആല, ബുധനൂർ, പുലിയൂർ, വെണ്മണി, മുളക്കുഴ തുടങ്ങിയ പഞ്ചായത്തുകളിലാണ്. അവിടെ ഇപ്പോഴും ആളുകൾ ഒരു നേരത്തെ ആഹാരത്തിന് വകയില്ലാതെയും ഉടുതുണിക്ക് മറുതുണി ഇല്ലാതെയും പ്രയാസപ്പെടുന്നുണ്ട്. ഗവൺമെന്റ് സഹായം ലഭിക്കുന്നുണ്ട്, ഇല്ലെന്ന് ഞാൻ പറയുന്നില്ല. അവിടെയാണ് ഏറ്റവും വലിയ ദുരന്തമുണ്ടായത്. അഞ്ചുദിവസം മാറത്തടിച്ച് നിലവിളിച്ചുകൊണ്ട് ഗൾഫിൽ നിന്നും അമേരിക്കയിൽ നിന്നും നമ്മളെ വിളിക്കുമ്പോൾ, ശ്രീ. സജി ചെറിയാൻ പറഞ്ഞ വാചകത്തെ നമുക്ക് എങ്ങനെ എതിർക്കാൻ കഴിയും. എതിർക്കുന്നവരുണ്ടെങ്കിലും ഞാൻ എതിർക്കുന്നില്ല. ഇന്ന് എന്തെങ്കിലും ചെയ്തില്ലെങ്കിൽ നാളെ പതിനായിരം പേർ മരിക്കുമെന്നാണ് അദ്ദേഹം പറഞ്ഞത്. സൈന്യത്തെ പ്രവർത്തിക്കാൻ

അനുവദിക്കണം, കൂടുതൽ സൈന്യം വരണമെന്ന് ഞാൻ പറഞ്ഞത് ശരിയാണ്. ഞാൻ അതിൽ ഉറച്ചുനിൽക്കുന്നു. സൈന്യം കൃത്യമായി വന്നിരുന്നെങ്കിൽ ഇത്രയും ആളുകൾ മരിക്കില്ലായിരുന്നു. ചെങ്ങന്നൂരിൽ അഞ്ചുദിവസം ആളുകൾ സഹായത്തിനുവേണ്ടി യാചിച്ചുനിന്ന സന്ദർഭമുണ്ടായിരുന്നു. അതുകൊണ്ടാണ് ശ്രീ. സജി ചെറിയാനെ ഞങ്ങളാരും കുറ്റം പറയാത്തത്. കേരളത്തിലെ മുഖ്യമന്ത്രിയെ മാറ്റി അവിടെ പട്ടാള മേധാവിയെ ഭരണം ഏൽപ്പിക്കണമെന്ന് ഞാൻ പറഞ്ഞില്ല. ശ്രീ. കെ. സുരേഷ് കുറുപ്പ് പറഞ്ഞതുകൊണ്ട് ഞാൻ ഇത്രയും പറഞ്ഞുവെന്നേയുള്ളൂ. ആരും ക്ഷണിക്കാതെ മത്സ്യത്തൊഴിലാളികൾ രക്ഷാപ്രവർത്തനത്തിന് വന്നു. ശ്രീ. സജി ചെറിയാനും വിളിച്ചിരുന്നു, ആറാട്ടുപുഴയിൽ നിന്നും തൃക്കുന്നപ്പുഴയിൽ നിന്നും സി.ഐ.ടി.യു.-വിന്റെയും ഐ.എൻ.ടി.യു.സി.-യുടെയും മത്സ്യത്തൊഴിലാളികളെ ഞങ്ങൾ പറഞ്ഞുവിടുകയും അവർ ചെങ്ങന്നൂരും മറ്റ് സ്ഥലങ്ങളിലും പോവുകയും ചെയ്തു. മത്സ്യത്തൊഴിലാളി കോൺഗ്രസ്സിന്റെയും ചിത്തരഞ്ജൻ അടക്കമുള്ള സി.ഐ.ടി.യു.വി.-ന്റെയും എസ്.ടി.യു.-വിന്റെയും ചാൾസിന്റെയും സ്വതന്ത്ര മത്സ്യത്തൊഴിലാളി യൂണിയന്റെയും ആളുകളെല്ലാം പോയി. അവരെ ആരും നിർബന്ധിച്ചിട്ട് പോയതല്ല; സ്വയം പോയതാണ്. ഞാൻ അവരെ അഭിനന്ദിക്കുന്നു. അവർക്ക് കൂടുതൽ സഹായങ്ങൾ ചെയ്തുകൊടുക്കണം. അവരുടെ കടാശ്വാസ പ്രവർത്തനങ്ങൾ കൂടുതൽ ശക്തിപ്പെടുത്തണം. മത്സ്യത്തൊഴിലാളികളുടെ ലോണുകൾ എഴുതിത്തള്ളണമെന്ന ആവശ്യമുണ്ട്. അത് മറ്റൊരു വിഷയമാണ്. റെസ്ക്യൂ ഓപ്പറേഷനിൽ പങ്കെടുത്ത നിരവധി ചെറുപ്പക്കാരുണ്ട്. മുഖ്യമന്ത്രി പറഞ്ഞത് ശരിയാണ്. ഒരു രാഷ്ട്രീയവുമില്ലാത്ത ചെറുപ്പക്കാരായ ആളുകൾ മറ്റുള്ളവരെ രക്ഷിക്കാനും സഹായിക്കാനും മുന്നോട്ടുവന്നത് കേരളത്തിൽ കണ്ട അപൂർവ്വമായ റെസ്ക്യൂ ഓപ്പറേഷൻ ആയിരുന്നുവെന്ന കാര്യത്തിൽ സംശയമില്ല. അവിടെയാണ് ഈയൊരു സാഹചര്യം എങ്ങനെ ഉണ്ടായി എന്നുള്ളത് അന്വേഷിക്കേണ്ടത് ഞങ്ങൾ പറയുന്നത് ഇതൊരു ഡാം ദുരന്തമാണെന്നാണ്. അതിനുകാരണം, കേരളത്തിലെ ജനങ്ങൾ സ്വപ്നത്തിൽപ്പോലും പ്രതീക്ഷിക്കാത്ത പ്രകൃതി ദുരന്തമാണ് ഉണ്ടായത്. മഴ നമുക്ക് പരിചയമുള്ളതാണ്. ആറ് മാസത്തോളം മഴ ലഭിക്കുന്ന നാടാണ് നമ്മുടേത്. മഴ പെയ്താൽ 24 മണിക്കൂറിനകം വെള്ളം കടലിൽ എത്തും. അതാണ് കേരളത്തിന്റെ ഭൂപ്രകൃതി. എന്നിട്ടും നിരന്ന ഭൂപ്രദേശമുള്ള ഉത്തരേന്ത്യൻ സംസ്ഥാനങ്ങളെപ്പോലെ അർദ്ധരാത്രി ജനങ്ങളുടെ തലയ്ക്കുമീതെ വെള്ളം ഇരച്ചുകയറി. ഇതെങ്ങനെ സംഭവിച്ചു, ആരാണ് ഇതിനുത്തരവാദി, ഇപ്പോഴത്തെ അത്യാപത്തിൽ നിന്നും കരകയറാൻ എന്തൊക്കെ ചെയ്യണം തുടങ്ങിയ കാര്യങ്ങളാണ് നാം ആലോചിക്കേണ്ടത്. ദൈവത്തിന്റെ സ്വന്തം നാടായ കേരളം, പ്രകൃതിയുടെ മനോഹരമായ തുരുത്ത്, എല്ലാ ഭംഗിയോടെയും അന്തസ്സോടെയും

നാളെ തലയുയർത്തിപ്പിടിച്ച് ലോകത്തിന് മുമ്പിൽ നിൽക്കണമെങ്കിൽ നാം ഒരുമിച്ച്തന്നെ മുന്നോട്ട് പോകണമെന്ന കാര്യത്തിൽ യാതൊരു സംശയവും വേണ്ട. ഇത്തവണത്തെ മൺസൂണിൽ 44.44 ശതമാനം കൂടുതൽ മഴ പെയ്തുവെന്നുള്ളത് സത്യമാണ്. എന്നാൽ പ്രളയം ഉണ്ടായത് അതുകൊണ്ടാണോ? അങ്ങയുടെ മണ്ഡലത്തിൽ പ്രളയം ഉണ്ടായത് മഴ പെയ്തതുകൊണ്ടാണോ; മലമ്പുഴ ഡാം തുറന്ന് വിട്ടതുകൊണ്ടല്ലേ? ഡോ. കെ. ടി. ജലീലിന്റെ മണ്ഡലത്തിൽ മഴ പെയ്തതു കൊണ്ടാണോ പ്രളയമുണ്ടായത്; മലമ്പുഴ ഡാം തുറന്ന് വിട്ടതുകൊണ്ടല്ലേ? നിഷേധിക്കാനാകാത്ത സത്യമല്ലേ അത്. ബഹുമാനപ്പെട്ട സ്പീക്കർ അറിഞ്ഞി രുന്നോ; ഇല്ലല്ലോ. ഈ ചെറിയ സംസ്ഥാനത്ത് എത്ര ഡാമുകൾ മുന്നറിയിപ്പില്ലാതെ തുറന്നുവിട്ടു? അതാണ് പ്രളയത്തിന് കാരണമായത്. ഭരണകൂടമാണ് പ്രളയം സൃഷ്ടിച്ചത്. ഞാൻ മാത്രമല്ല, എല്ലാ വിദഗ്ദ്ധരും ഇതുതന്നെയാണ് പറയുന്നത്. കൊല്ലവർഷം 1099-ലെ വെള്ളപ്പൊക്കം സംബന്ധിച്ച് ശ്രീ. കെ. സുരേഷ് കുറുപ്പ് ഒരു ചോദ്യമുന്നയിച്ചു. ഒരു ഡാം മാത്രം ഉണ്ടായിരുന്നപ്പോൾ എങ്ങനെ വെള്ളപ്പൊ ക്കമുണ്ടായെന്നാണ് അദ്ദേഹം ചോദിച്ചത്. സത്യത്തിൽ ഡാമുകൾ വെള്ളം സംഭരിക്കുന്നതുകൊണ്ടാണ് കൂടുതൽ വെള്ളപ്പൊക്കം ഉണ്ടാകാത്തതെന്നതാണ് യാഥാർത്ഥ്യം. ഞാൻ ഡാമിനെതിരല്ല; ഡാം മാനേജ്മെന്റിന് എതിരാണ്. ഡാം മാനേജ്മെന്റിന്റെ വീഴ്ച സംബന്ധിച്ചാണ് ഞാൻ പറഞ്ഞത്. ഡാം എന്നുപറയുന്നത് ഇടതുപക്ഷം കെട്ടിയതാണോ, നമ്മളെല്ലാവരും കൂടി കേരളത്തിൽ കെട്ടിയതല്ലേ? ഇതുകേട്ടാൽ ഡാമിന്റെ അവകാശം നിങ്ങൾക്കുള്ളതാണെന്ന് തോന്നും. ഡാം ഇവിടെ എല്ലാവർക്കുമുള്ളതല്ലേ; ഡാം വേണ്ട എന്നല്ലല്ലോ ഞാൻ പറഞ്ഞത്. ഡാം മുഴുവൻ ഡീ-കമ്മീഷൻ ചെയ്യണമെന്നുള്ള വാദഗതിക്കാരനല്ല ഞാൻ. അങ്ങനെയുള്ളവർ നമ്മുടെ രാജ്യത്തുണ്ട്. ഞാൻ ആ ഗണത്തിൽപ്പെട്ട ആളല്ല. 1924-ൽ വെള്ളപ്പൊക്കം ഉണ്ടായി എന്നുള്ളത് സത്യമാണ്. അന്ന് തുടർച്ചയായി 17 ദിവസം തീവ്രമായ മഴയുണ്ടായി. ആ മഴയുടെ അളവിനെക്കുറിച്ച് വ്യത്യസ്തമായ കണക്കുകളുണ്ടെങ്കിലും ആധികാരികമായി സ്വീകരിക്കുന്ന കണക്ക് 3368 മില്ലി മീറ്റർ മഴ 17 ദിവസം കൊണ്ടുണ്ടായിയെന്നാണ്. അതാണ് പ്രളയം അന്ന് വരുത്തിവച്ചത്. ഇത്തവണ പെയ്തത് 2500 മില്ലി മീറ്റർ മഴയാണ്. അതിനേക്കാൾ കുറവാണ്. ഇത്തവണ മഴ തീവ്രമായി പെയ്തത് മൂന്നുദിവസം, അതായത് ആഗസ്റ്റ് 14, 15, 16 എന്നീ ദിവസങ്ങളിൽ മാത്രമാണ്. അതേസമയം, ജൂലൈ അവസാനത്തോടെ കേരളത്തിലെ എല്ലാ ഡാമുകളും ഏതാണ്ട് അതിന്റെ സ്റ്റോറേജ് കപ്പാസിറ്റിയേക്കാൾ കൂടുതൽ അളവിലെത്തി എന്നുള്ളതാണ് സത്യം. ഈ മൂന്നുദിവസത്തെ മഴ താങ്ങാനുള്ള കരുത്ത് അവയ്ക്കില്ലാതെപോയി. പമ്പയിലെ 9 ഡാമുകളും ഇടുക്കി, എറണാകുളം ജില്ലയിലെ 11 ഡാമുകളും ചാലക്കുടി പുഴയിലെ 6 ഡാമുകളും ഒന്നിച്ചാണ് തുറന്നത്. ഡാമുകളുടെ മാനേജ്മെന്റിലുണ്ടായ വ്യക്തമായ

വീഴ്ചയല്ലേ ഇത്? ഇത്തവണ ഈ പ്രതിഭാസം അപ്രതീക്ഷിതമാണെന്ന് പറഞ്ഞുകൂടാ. ജൂൺ-ജൂലൈ മാസങ്ങളിൽത്തന്നെ കനത്ത മഴയും നാശനഷ്ടങ്ങളും കേരളത്തിലുണ്ടായതാണ്. വയനാട് ഒറ്റപ്പെട്ടുപോയതാണ്. ഞാൻ പറഞ്ഞത് ആദ്യഘട്ടത്തിലെ പ്രളയമാണ്. കേന്ദ്ര മന്ത്രിമാരും കേന്ദ്ര സംഘവും വരികയും അവർ നാശത്തെപ്പറ്റിയുള്ള അസെസ്മെന്റ് നടത്തുകയും ചെയ്തതാണ്. കേന്ദ്ര ഭൗമശാസ്ത്ര മന്ത്രാലയം സെക്രട്ടറി ഡോ. എം. രാജീവൻ പറഞ്ഞ കാര്യം ഡോ. എം. കെ. മുനീർ ഇവിടെ പറഞ്ഞു. Indian Meteorological Department-ൽ നിന്ന് നമുക്ക് മുന്നറിയിപ്പുണ്ടായിരുന്നു. പക്ഷെ ആ മുന്നറിയിപ്പ് നമ്മൾ അവഗണിച്ചുവെന്നുള്ളതാണ് സത്യം. സെക്കന്റിൽ 7.5 ലക്ഷം ഘനലിറ്റർ വെള്ളം പുറത്തുവന്നു. ചെറുതോണിക്ക് പുറമേ ഇടമലയാർ, ലോവർ പെരിയാർ, കല്ലാർകുട്ടി, ഭൂതത്താൻകെട്ട്, പൊന്മുടി, മാട്ടുപ്പെട്ടി, ചെങ്കുളം എന്നീ ഡാമുകളും തുറന്നു. ഞാൻ പത്രസമ്മേളനത്തിൽ പറഞ്ഞതിന് മുഖ്യമന്ത്രി ആകെ പറഞ്ഞ മറുപടി എന്റെ ഫെയ്സ്ബുക്ക് പോസ്റ്റിനെക്കുറിച്ചാണ്. 29-ാം തീയതി ഞാൻ ഇടുക്കിയിൽ പോയിരുന്നു. ശ്രീ. റോഷി അഗസ്റ്റിൻ, എം.എൽ.എ. ഇവിടെയുണ്ട്. ഞാൻ അവിടത്തെ കളക്ടറുമായി സംസാരിക്കുകയും ഡാം സന്ദർശിക്കുകയും ചെയ്തു. എന്റെ ഫെയ്സ്ബുക്ക് പോസ്റ്റിൽ പറഞ്ഞത് ഡാം തുറന്നുവിടണമെന്നുതന്നെ യാണ്. മാധ്യമങ്ങൾ എന്നോട് ചോദിച്ചപ്പോൾ എല്ലാ യു.ഡി.എഫ്. പഞ്ചായത്ത് പ്രസിഡന്റുമാരോടും റെസ്ക്യൂ ഓപ്പറേഷനുവേണ്ടി തയ്യാറെടുക്കാൻ നിർദ്ദേശം നൽകുമെന്നാണ് പറഞ്ഞത്. യു.ഡി.എഫ്. നേതാക്കളെല്ലാം എന്റെ കൂടെയുണ്ടായിരുന്നു. ഞങ്ങളെല്ലാവരും കൂടി ആലോചിച്ചതിനുശേഷം ഞാൻ പറഞ്ഞതാണ്. അതാണ് എന്റെ ഫെയ്സ്ബുക്ക് പോസ്റ്റിൽ സൂചിപ്പിച്ചത്. രണ്ടാമത്തെ ഫെയ്സ്ബുക്ക് പോസ്റ്റിൽ ഞാൻ പറഞ്ഞത് മുല്ലപ്പെരിയാർ അണക്കെട്ടിന്റെ ജലനിരപ്പ് കൂടുന്നത് ആശങ്കാജനകമാണ് എന്നുള്ള കാര്യമാണ്. അതിലെന്താണ് തെറ്റ്? ഇടുക്കിയിൽ മാത്രമാണ് കളക്ടർ അൽപ്പം മുന്നൊരുക്കം നടത്തിയത്. വേറെ ഒരിടത്തും നടന്നില്ല. ഇടുക്കി ജില്ലാ കളക്ടർ പഞ്ചായത്ത് പ്രസിഡന്റുമാരെ വിളിച്ചു, മന്ത്രി ശ്രീ. എം. എം. മണി, ശ്രീ. റോഷി അഗസ്റ്റിൻ, ശ്രീമതി ഇ. എസ്. ബിജിമോൾ എന്നിവരുണ്ടായിരുന്നു. അവർ മീറ്റിംഗ് കൂടിയിട്ടാണ് പഞ്ചായത്ത് പ്രസിഡന്റുമാർ ഉൾപ്പെടെയുള്ളവരെ വിളിക്കണമെന്ന് പറഞ്ഞത്. ഞാൻ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോട് ചോദിക്കാനാഗ്രഹിക്കുന്നത്, കേരളത്തിലെ ഏതെങ്കിലും ജില്ലകളിൽ ഡാമുകൾ തുറക്കുന്നതിനുമുമ്പ് ഇടുക്കിയിൽ ചെയ്തതുപോലെയൊരു മുന്നൊരുക്കം നടത്തിയോ എന്നാണ്. മുഖ്യമന്ത്രി പറഞ്ഞത് ബ്ലൂ അലർട്ട്, ഓറഞ്ച് അലർട്ട്, റെഡ് അലർട്ട് എന്നിവ ഉണ്ടായിരുന്നുവെന്നാണ്. കേരളാ ഇലക്ട്രിസിറ്റി ബോർഡിലെ ഉദ്യോഗസ്ഥർ ബുക്കിലെഴുതിവച്ചതുകൊണ്ട് കാര്യമില്ല, ജനങ്ങൾ അറിഞ്ഞില്ല

എന്നുള്ളതാണ് യാഥാർത്ഥ്യം. റാന്നി എം.എൽ.എ. പറയുകയോ പറയാതിരിക്കുകയോ ചെയ്യട്ടെ, പക്ഷെ റാന്നിയിൽ വെള്ളം കയറിയത് രാത്രി ഒരു മണിക്കാണ്. പത്തനംതിട്ടയിൽ കളക്ടർ ഉറങ്ങുകയായിരുന്നു. അദ്ദേഹത്തെ വിളിച്ച് ഒരു പത്രക്കാരൻ പറഞ്ഞപ്പോഴാണ് അദ്ദേഹം ഇതറിയുന്നത്. അനൗൺസ്മെന്റ് നടത്തിയ മൂന്ന് വണ്ടികൾ വെള്ളത്തിൽ മുങ്ങിപ്പോയി. കക്കി ഡാമിന്റെ മുകളിൽ വയർലസ് സെറ്റുമായി പോലീസുകാരുണ്ടായിരുന്നു. ആ വയർലസ് സെറ്റിൽ എന്തുകൊണ്ട് അവർ അറിയിച്ചില്ല; ബ്ലൂ അലർട്ട്, ഓറഞ്ച് അലർട്ട്, റെഡ് അലർട്ട് എന്നിവ വന്നപ്പോൾ എന്തുകൊണ്ട് അറിയിച്ചില്ല? വാട്ടർ കമ്മീഷനെപ്പറ്റി ഡോ. എം. കെ. മുനീർ ഇവിടെ പറഞ്ഞു. അവർ വ്യക്തമായ സൂചന നൽകുന്നുണ്ട്, സമയമില്ലാത്തതുകൊണ്ട് ഞാൻ അതിലേയ്ക്ക് കടക്കുന്നില്ല. ഓറഞ്ച് അലർട്ട് പ്രഖ്യാപിക്കുമ്പോൾ എന്തെല്ലാം ചെയ്യണം, ജനപ്രതിനിധികൾ, എം.പി.മാർ, എം.എൽ.എ.-മാർ, പഞ്ചായത്ത് പ്രസിഡന്റുമാർ, ബന്ധപ്പെട്ട ഉദ്യോഗസ്ഥർ എന്നിവരെ അറിയിക്കണം. അങ്ങ് കേട്ടുകാണും, ഫെയ്സ്ബുക്കിൽ ഇപ്പോൾ വരുന്നുണ്ട്. ആസ്റ്റർ മെഡിസിറ്റി, വെള്ളം കയറിയ ഒരു ഹോസ്പിറ്റലാണ്. നാലുദിവസംകൊണ്ട് മുൻകരുതലെടുത്ത്, ഇന്റൻസീവ് കെയർ യൂണിറ്റിൽ വെള്ളം കയറിയപ്പോൾ അവസാനത്തെ ഹാർട്ട് പേഷ്യന്റിനെവരെ സുരക്ഷിതമായി എറണാകുളത്തെ മറ്റൊരു ആശുപത്രിയിലേയ്ക്ക് മാറ്റി. It is very clear that how rescue operation can be done. അതെന്തുകൊണ്ട് നമുക്ക് കഴിഞ്ഞില്ല എന്നുള്ളതാണ് എന്റെ ചോദ്യം. ആസ്റ്റർ മെഡിസിറ്റിയിലെ മുഴുവൻ രോഗികളെയും വെള്ളം കയറുന്ന സമയത്ത് അവർ മാറ്റിക്കഴിഞ്ഞിരുന്നു. അമേരിക്കയിൽ ഒരു ഡാം പൊട്ടുന്നുവെന്ന് അറിഞ്ഞയുടൻ തന്നെ മുഴുവൻ ആളുകളെയും സുരക്ഷിതമായ സ്ഥാനത്തേയ്ക്ക് മാറ്റി. കേരളത്തിൽ ഇത്രയും ഡാമുകൾ ഒരുമിച്ച് തുറന്നുവിട്ടിട്ട് ഒരു അറിയിപ്പ് നൽകാനോ ഒരു ഫോൺ കോളിലൂടെ ജില്ലാ കളക്ടറെ അറിയിക്കാനോ കഴിഞ്ഞില്ല എന്നുപറഞ്ഞാൽ എന്താണ് ഇത്? ആർക്കാണ് ഇതിന് ഉത്തരവാദിത്വം? സെക്കന്റിൽ 7.5 ലക്ഷം ഘനലിറ്റർ വെള്ളം പുറത്തുവന്നു. ആഗസ്റ്റ് 14-ന് ശബരിഗിരി പദ്ധതിയിലെ എല്ലാ ഡാമുകളും തുറന്നുവിട്ടു. യാതൊരു മുന്നറിയിപ്പും ഉണ്ടായില്ല. മാത്രമല്ല, ഒരു സെക്കന്റിൽ പുറത്തുവന്നത് 4.68 ലക്ഷം ലിറ്ററായി ഉയർന്നു. ഉച്ചയ്ക്ക് ഒരു മണിക്ക് 6.5 ലക്ഷം ലിറ്ററായും വൈകിട്ടായപ്പോൾ 9.39 ലക്ഷം ലിറ്ററായി കക്കി അടക്കമുള്ള ഡാമുകളിലെ വെള്ളം ഉയർന്നു. ചെങ്ങന്നൂർ അങ്ങനെയാണ് വെള്ളത്തിൽ മുങ്ങിയത്. ഞാൻ കുട്ടിയായിരിക്കുന്ന കാലം മുതൽ എനിക്കറിയുന്ന പ്രദേശമല്ലേ, ചെങ്ങന്നൂർ? ഇന്നുവരെ അവിടെ വെള്ളപ്പൊക്കമുണ്ടായതായി അറിയില്ല. പമ്പയുടെ തീരത്തുണ്ടാകും. പക്ഷെ ടൗണിലൊക്കെ വെള്ളം കയറി ഇതുപോലെ മഹാമാരി ഞങ്ങളാരും ചരിത്രത്തിൽ കേട്ടിട്ടില്ല. നദിയുടെ തീരത്തൊക്കെ ചിലപ്പോഴുണ്ടാകും. പക്ഷെ വേറെ ഒരിടത്തും ഇതു

പോലൊരു സംഭവമുണ്ടായിട്ടില്ല. പന്തളത്ത് വെള്ളം കയറിയത് എങ്ങനെയാണ്; മീനച്ചിലാറിൽ ഡാമില്ല. പക്ഷെ, പാലാ പ്രദേശങ്ങളിൽ വെള്ളം കയറിയില്ലേ എന്നാണ് ചോദിക്കുന്നത്. നല്ലൊരു മഴ പെയ്താൽ പാലായിൽ എന്നും വെള്ളം കയറും. ഇരാറ്റുപേട്ടയിൽനിന്നും അടുക്കം തുടങ്ങിയ മേഖലകളിൽ ഉരുൾപൊട്ടുകയോ കനത്ത മഴ പെയ്യുകയോ ചെയ്താൽ മീനച്ചിലാർ എന്നും നിറയുന്നതാണ്. നിങ്ങൾ കോട്ടയത്തുള്ള ആരോടു വേണമെങ്കിലും ചോദിച്ചു നോക്കൂ. ശ്രീ. കെ. സുരേഷ് കുറുപ്പിനോടുതന്നെ ചോദിക്കാമല്ലോ. എന്നും പാലായിൽ വെള്ളം കയറും. ഇവിടെ പന്തളത്ത് വെള്ളം കയറി. പന്തളത്ത് എങ്ങനെയാണ് വെള്ളം കയറിയത്; അച്ചൻകോവിലാറ്റിൽ ഡാമില്ലാത്തതുകൊണ്ടല്ല, പമ്പാനദി നിറഞ്ഞാൽ അച്ചൻ കോവിലാർ, മണിമലയാർ, എന്നിവയിൽ അതിന്റെ ഇഫക്ടുണ്ടാകും. അച്ചൻ കോവിലാറിന്റെ കൈവഴിയാണ് എന്റെ വീടിനടുത്തുകൂടെ പോകുന്ന നദിയായ പുത്തനാർ. അത് നിറയും. അവിടെ ഡാം വേണമെന്നില്ല. ഇവിടെ സംഭവിച്ചതെന്താണ്; ചാലക്കുടിയിൽ എങ്ങനെയാണ് വെള്ളം കയറിയത്? ചാലക്കുടിയിൽ വെള്ളം കയറിയത് ഷോളയാർ, പറമ്പിക്കുളം എന്നീ ഡാമുകളിൽനിന്ന് തമിഴ്നാട് വെള്ളം ഇങ്ങോട്ടുവിട്ടതുകൊണ്ടാണ്. ശ്രീ. മാത്യു ടി. തോമസ്, ജോയിന്റ് വാട്ടർ കമ്മീഷൻ ബോർഡിന്റെ ചെയർമാൻ കേരളത്തിലെ ഇറിഗേഷൻ ചീഫ് എഞ്ചിനീയർ അല്ലേ? അദ്ദേഹം ഒരു യോഗം വിളിച്ചുകൂട്ടി, തമിഴ്നാടിന്റെ രണ്ട് പ്രതിനിധികളും കേരളത്തിന്റെ രണ്ട് പ്രതിനിധികളും ഉണ്ട്. കൂടാതെ ചെയർമാൻ കേരളത്തിൽ നിന്നുള്ള ആളാണ്. അങ്ങനെ ഭൂരിപക്ഷം നമുക്കാണ്. ജോയിന്റ് വാട്ടർ ബോർഡിന്റെ മീറ്റിംഗ് വിളിച്ചുകൂട്ടി ഇപ്പോൾ വെള്ളം തുറന്നുവിടരുതെന്ന് ആ യോഗത്തിൽ നിങ്ങൾ തീരുമാനിച്ചാൽ തമിഴ്നാടിന് വെള്ളം തുറന്നുവിടാൻ കഴിയില്ല. നിങ്ങളത് ചെയ്തില്ല. അതുകൊണ്ടാണ് ചാലക്കുടി പുഴയും പെരിങ്ങൽക്കുത്തും നിറഞ്ഞത്. പെരിങ്ങൽക്കുത്ത് നിറഞ്ഞതുകൊണ്ടാണ് ചാലക്കുടി ഒഴുകിപ്പോയത്. നിങ്ങൾ മറുപടി പറയാൻ ബാധ്യസ്ഥരല്ലേ? ഏറ്റവും വലിയ അനാസ്ഥ കാട്ടിയ വകുപ്പാണ് ഇറിഗേഷൻ വകുപ്പ്. അതാണ് ബഹുമാനപ്പെട്ട മുഖ്യമന്ത്രി പരിശോധിക്കണമെന്ന് ഡോ. എം. കെ. മുനീർ ഇന്ന് പറഞ്ഞത്. അപ്പർ ഷോളയാറിൽനിന്ന് പറമ്പിക്കുളത്തേയ്ക്ക് വെള്ളം ഒഴുകി. ജോയിന്റ് വാട്ടർ റഗുലേറ്ററി ബോർഡിന്റെ ചെയർമാൻ സ്ഥാനം കേരളത്തിനുണ്ടായിട്ടും ഒരു നടപടിയും സ്വീകരിച്ചില്ല. അവർ ജൂലൈ 24 മുതൽ വെള്ളം ഒഴുക്കുകയാണ്. പെരിങ്ങൽക്കുത്ത് നിറഞ്ഞുകവിഞ്ഞ് ചാലക്കുടിപ്പുഴ ഗതിമാറി ഒഴുകി. ചാലക്കുടിയിലെ മുഴുവൻ ആളുകളും കഷ്ടപ്പെട്ടു. വയനാട്ടിലെ ബാണാസുരസാഗർ അണക്കെട്ട് എങ്ങനെയാണ് തുറന്നുവിട്ടത്? ബഹുമാന്യനായ മുഖ്യമന്ത്രി പറഞ്ഞത് മണൽ ഡാം എന്നാണ്. അത് ശരിയാണ്. അതുകൊണ്ട് എപ്പോൾ വേണമെങ്കിലും തുറന്നുവിടാമോ? ജില്ലാ കളക്ടർ അറിഞ്ഞില്ല.

5-ാം തീയതിവരെ അത് തുറന്നുവിട്ടിരുന്നു, പിന്നീട് അടച്ചു. മഴ കുറഞ്ഞതു കൊണ്ടാണ് അടച്ചത് എന്നാണ് പറഞ്ഞത്. 7-ാം തീയതി ആരുമറിയാതെ വീണ്ടും തുറന്നുവിട്ടു. ശ്രീ. സി. കെ. ശശീന്ദ്രൻ എന്തുപറഞ്ഞാലും ശരി, പനമരം വരെ വെള്ളം വന്നു. ശ്രീ. ഒ. ആർ. കേളു, എം.എൽ.എ. പറഞ്ഞ കാര്യം ശ്രീ. സി. കെ. ശശീന്ദ്രൻ ഓർത്താൽ മതി. ഇതെങ്ങനെയുണ്ടായി എന്നാണ് അദ്ദേഹം നിലവിളിച്ചത്; ഇതൊക്കെ സത്യമാണ്. ബാണാസുരസാഗർ തുറന്നുവിടുന്ന കാര്യം അറിഞ്ഞില്ലെന്ന് കളക്ടറും ചീഫ് സെക്രട്ടറിയും പറയുന്നു. അപാകതയുണ്ടായിയെന്ന് പറയുന്നു. ആ അണക്കെട്ട് തുറന്നുവിടുന്നതിനുമുമ്പ് കർണ്ണാടക ഗവൺമെന്റുമായി സംസാരിക്കണ്ടേ, ഒരു ചർച്ച നടത്തേണ്ടതായിരുന്നില്ലേ. അവിടെയൊരു അലർട്ടുമില്ല എപ്പോൾ വേണമെങ്കിലും തുറന്നുവിട്ടേയ്ക്കാമെന്നാണ് മുഖ്യമന്ത്രി പറയുന്നത്. വയനാട്ടുകാർക്ക് ചോദിക്കാനും പറയാനും ആരുമില്ലാത്തതുകൊണ്ട് എപ്പോൾ വേണമെങ്കിലും അത് തുറന്നു വിടാമെന്നാണോ?

ഇലക്ട്രിസിറ്റി ബോർഡ് ചെയർമാനെപ്പറ്റി ഞാനൊന്നും പറയുന്നില്ല. 'ഏത് പിള്ള', 'എന്ത് പിള്ള' എന്ന് പണ്ട് ചോദിച്ചതുപോലെതന്നെയാണ് ഇപ്പോൾ കാര്യങ്ങൾ പോയ്ക്കൊണ്ടിരിക്കുന്നത്. ഞാൻ അതിനൊന്നും മറുപടി പറയുന്നില്ല. അദ്ദേഹത്തിന്റെ ഒരു പ്രസ്താവന ഞാൻ കണ്ടു, അതിന് മറുപടി പറയാൻ പാടില്ലാത്തതുകൊണ്ട് ഞാനത് മെൻഷൻ ചെയ്യുന്നില്ല. ഞാനൊന്ന് ചോദിക്കട്ടെ, കേരളത്തിലെ ആർക്കെങ്കിലും ഓറഞ്ച് അലർട്ട്, ബ്ലൂ അലർട്ട്, റെഡ് അലർട്ട് എന്നുപറഞ്ഞാൽ അറിയാമോ? പഠിച്ചപ്പോഴാണ് എനിക്കുതന്നെ ഇതെന്താണെന്ന് മനസ്സിലായത്. യാതൊരു മുന്നൊരുക്കവുമില്ലാതെ ഡാമുകൾ തുറന്നുവിട്ടതു കൊണ്ടുണ്ടായ ദുരന്തമാണ് കേരളം നേരിടുന്നത്. ബഹുമാനപ്പെട്ട തോമസ് ചാണ്ടിയുടെ വാചകം ഞാൻ കടമെടുക്കുകയാണ്. അദ്ദേഹം പറഞ്ഞത് കുട്ടനാട്ടിൽ വെള്ളമൊഴിയുന്നില്ല എന്നാണ്. ഒഴിയില്ല, കാരണം രണ്ടാണ്. എന്റെ നിയോജക മണ്ഡലത്തിന്റെ തൊട്ടടുത്തുള്ള ശ്രീ. ജി. സുധാകരന്റെ മണ്ഡലത്തിലെ തോട്ടപ്പള്ളി സ്പിൽവേ മണ്ണുകയറി കിടക്കുകയാണ്. തണ്ണീർമുക്കം ബണ്ടിന്റെ മൂന്നാം സ്റ്റേജ് ഇതുവരെ ഉദ്ഘാടനം ചെയ്തില്ല. മുഖ്യമന്ത്രിയെ കാത്തിരിക്കുകയാണെന്നാണ് പത്രത്തിൽ കണ്ടത്. ഏതായാലും ശരി അവിടത്തെ മണ്ണിതുവരെ നീക്കിയിട്ടില്ല. ഇതെന്ത് ജലവിഭവ വകുപ്പാണ്; ഇതാണോ ജലവിഭവ വകുപ്പ്? കുട്ടനാട് വെള്ളത്തിൽ മുങ്ങിത്താഴുകയാണ്. ഇപ്പോഴും വെള്ളത്തിൽനിന്നും കരകയറിയിട്ടില്ല. അപ്പർ കുട്ടനാടിന്റെ ഒരു എം.എൽ.എ.-കൂടിയാണ് ഞാൻ. അവിടെ വെള്ളം കയറിയിട്ട് ഇറങ്ങുന്നില്ല. കാരണമെന്താണ്? ജലനിർഗ്ഗമന മാർഗ്ഗങ്ങളില്ല. ജലം എങ്ങോട്ട് ഒഴുകിപ്പോകും? ഈ നദികളിലെയെല്ലാം വെള്ളം ഒഴുകിവരുന്നത് വേമ്പനാട്ട് കായലിലാണ്. ആ കായലിൽനിന്ന് വെള്ളം ഒഴുകിപ്പോകുന്നില്ല. ആ

മാർഗ്ഗങ്ങളെല്ലാം അടഞ്ഞുകിടക്കുകയാണ്. എന്തുകൊണ്ട് നടപടി സ്വീകരിച്ചില്ല? തോട്ടപ്പള്ളി സ്പിൽവേ തുറന്നുവിടുന്ന കാര്യത്തെക്കുറിച്ച് ഞാൻ കളക്ടറോട് എത്ര തവണ സംസാരിച്ചു. അവസാനം 17-ാം തീയതിയാണ് തുറക്കുന്നത്. എന്നിട്ടും 17-ാം തീയതി പൂർണ്ണമായും തുറന്നില്ല. ഇപ്പോഴും വെള്ളം ഒഴുകുന്നില്ല. സിലിക്ക മണലിന്റെ പേരിൽ ഉണ്ടായിരിക്കുന്ന തർക്കമാണ് മറ്റൊരു കാര്യം. തണ്ണീർമുക്കത്തെ മണ്ണ് മാറ്റുന്നത് പഞ്ചായത്തും കോൺട്രാക്ടറും തമ്മിലുള്ള തർക്കത്തിന്റെ പേരിൽ മുടങ്ങിപ്പോയി. ശ്രീ. തോമസ് ചാണ്ടീ, കുട്ടനാട്ടിൽ അടുത്തകാലത്തൊന്നും വെള്ളമൊഴിയാൻ പോകുന്നില്ല. Unless and until you remove the silt and mud.

എന്റെ സുഹൃത്തുക്കൂടിയായ ശ്രീ. സുരേഷ് കുറുപ്പ് ഇവിടെ ഗൗരവതരമായൊരു ആരോപണം ഉന്നയിച്ചു. കേന്ദ്ര ജല കമ്മീഷൻ ഈ കാര്യങ്ങളൊന്നും കേരളത്തെ അറിയിച്ചില്ലായെന്നാണ് അദ്ദേഹത്തിന്റെ ആരോപണം. എത്ര അബദ്ധജടിലമായൊരു കാര്യമാണ് അദ്ദേഹം പറഞ്ഞത്. കേന്ദ്ര ജല കമ്മീഷന് ഒരു പദ്ധതിയുണ്ട്. വെള്ളപ്പൊക്കം നിരീക്ഷിക്കുകയാണ് അതിന്റെ ചുമതല. കഴിഞ്ഞ രണ്ടുവർഷമായി കേരളം ഇതിനുള്ള അപേക്ഷ സമർപ്പിച്ചിട്ടില്ല. കേരളം അപേക്ഷ സമർപ്പിച്ചിരുന്നുവെങ്കിൽ കേന്ദ്ര വാട്ടർ കമ്മീഷൻ വെള്ളപ്പൊക്കം മുൻകൂട്ടി കാണുകയും നടപടി നിർദ്ദേശിക്കുകയും ചെയ്യുമായിരുന്നു. സെൻട്രൽ വാട്ടർ കമ്മീഷൻ 2018 ഏപ്രിലിൽ പുറത്തിറക്കിയ Standard Operating Procedure (SOP) for Flood Forecasting -ൽ കേരളം ഉൾപ്പെടുന്നില്ല. ഇന്ത്യയിലെ മറ്റ് 24 സംസ്ഥാനങ്ങളുമുണ്ട്. സംസ്ഥാനത്തിന്റേതു മാത്രമായൊരു SOP പോലും ഇതുവരെ തയ്യാറാക്കിയിട്ടില്ല. ശ്രീ. മാത്യു ടി. തോമസ്, അങ്ങ് എന്ത് ജലവിഭവമാണ് നടത്തിക്കൊണ്ടിരിക്കുന്നതെന്ന് ചോദിക്കാൻ ഞാൻ ആഗ്രഹിക്കുന്നു. അതിനെക്കാൾ ഗുരുതരമായൊരു കാര്യം, വാട്ടർ റിസോഴ്സസ് വകുപ്പിൽ നദിയിലെ വെള്ളപ്പൊക്കവും മറ്റും പഠിക്കുന്നതിനായി നാഷണൽ ഹൈഡ്രോളജി പ്രോജക്ടനുസരിച്ച് കേരളത്തിന് 82 കോടി രൂപ ലഭിച്ചു. ഇതിൽ കാര്യമായി ഒന്നും ചെലവായില്ല. പത്തോ ഇരുപതോ വാഹനങ്ങൾ വാങ്ങി എന്നല്ലാതെ ഇതിനുവേണ്ടി അങ്ങ് ഒന്നും ചെയ്തില്ല എന്നുള്ളത് ഇന്നിവിടെ എല്ലാവർക്കും അറിയുന്ന കാര്യമാണ്. 15-7-2016-ലാണ് ഇതുസംബന്ധിച്ച് ഉത്തരവിറങ്ങിയത്, 8 വർഷത്തെ പ്രോജക്ടാണ്. ഒന്നും ചെയ്തിട്ടില്ല. ഇതനുസരിച്ചുള്ള പഠനം നടത്തിയിരുന്നെങ്കിൽ വെള്ളപ്പൊക്കം മുൻകൂട്ടി പ്രവചിക്കാൻ കഴിയുമായിരുന്നു. ഇറിഗേഷൻ വകുപ്പിന് അതീവഗുരുതരമായ തെറ്റാണ് ഇവിടെ സംഭവിച്ചിരിക്കുന്നത്. 1-8-2018-ൽ ഇലക്ട്രിസിറ്റി ബോർഡ് ചെയർമാന്റെ ഉത്തരവാണ്. ഡാം തുറക്കുമ്പോൾ സ്വീകരിക്കേണ്ട നടപടികൾ പോലും പാലിച്ചില്ല. ഇത് ഞങ്ങളാരും പറഞ്ഞതല്ല. ബഹുമാനപ്പെട്ട മന്ത്രിയെ ഞാൻ അതിലൊന്നും

കുറ്റപ്പെടുത്തുന്നില്ല. ഏതായാലും ഇലക്ട്രിസിറ്റി ബോർഡിൽ ഡാമുകളുടെ ചുമതല വഹിക്കുന്ന സിവിൽ വിഭാഗം ഡയറക്ടർ പോലുമില്ല. നാഥനില്ലാത്ത കളരിയാണ് ഇന്ന് ഇലക്ട്രിസിറ്റി ബോർഡ്. ഇവരെക്കൊണ്ട് എങ്ങനെയാണ് ഫ്ലഡ് മാനേജ്മെന്റ് ഉണ്ടാക്കാൻ കഴിയുന്നത്. ദുരന്തമുണ്ടാക്കി വച്ചതിനുശേഷം സർക്കാർ ഇപ്പോൾ രക്ഷകന്റെ വേഷം തേടുകയാണ്. മുല്ലപ്പെരിയാർ അണക്കെട്ട് തുറന്നുവിട്ടതുകൊണ്ടാണ് വെള്ളപ്പൊക്കം ഉണ്ടായതെന്ന് സുപ്രീംകോടതിയിൽ സ്ഥാപിക്കാനാണ് കേരളം ആദ്യം ശ്രമിച്ചത്. അണക്കെട്ട് തുറന്നുവിട്ടതുകൊണ്ടല്ല മഴ പെയ്തതുകൊണ്ടാണ് വെള്ളപ്പൊക്കമുണ്ടായതെന്ന് പറഞ്ഞ് മുഖം രക്ഷിക്കാൻ ഗവൺമെന്റ് ഇപ്പോൾ ശ്രമിക്കുന്നു. ഇത് പരസ്പര വിരുദ്ധമാണ്. സുപ്രീംകോടതിയിൽ കൊടുത്ത അഫിഡവിറ്റിൽ പറയുന്നത് മുല്ലപ്പെരിയാർ ഡാം തുറന്നുവിട്ടതുകൊണ്ടാണ് വെള്ളപ്പൊക്കമുണ്ടായതെന്നാണ്. ഈ നിയമസഭയിൽ പറയുന്നത് മഴ കാരണമാണ് വെള്ളപ്പൊക്കമുണ്ടായത് എന്നാണ്. മുല്ലപ്പെരിയാർ കേസ്സിൽ നമുക്ക് തിരിച്ചടി ഉണ്ടാകില്ലേ? തമിഴ്നാടിന് ഗുണകരമായ നിലപാടല്ലെ ഇവർ ഇവിടെ സ്വീകരിക്കുന്നത്. ഡോ. എം. കെ. മുനീർ പറഞ്ഞതാണ് ശരി. 75 ശതമാനം ഡാം തുറന്നതു കൊണ്ടും 25 ശതമാനം മഴപെയ്തതുകൊണ്ടുമാണ് വെള്ളപ്പൊക്കമുണ്ടായത് എന്നാണ് പറയേണ്ടത്. അത് പറഞ്ഞില്ല. ഞാൻ രണ്ടുമൂന്ന് നിർദ്ദേശങ്ങൾകൂടി വയ്ക്കുകയാണ്. കേരളത്തിലെ ജനങ്ങൾ മനസ്സിലാക്കണം. കേരളത്തിൽ ഡാം ദുരന്തമാണുണ്ടായത്. It is a man made disaster എന്ന കാര്യം വ്യക്തമാണ്. ധാരാളം ഉദാഹരണങ്ങളുണ്ട്. സമയമില്ലാത്തതുകൊണ്ട് ഞാൻ അതിലേയ്ക്ക് കടക്കുന്നില്ല. അതുകൊണ്ടാണ് ഞങ്ങൾ ജുഡീഷ്യൽ അന്വേഷണം ആവശ്യപ്പെടുന്നത്. നഷ്ടപരിഹാരതുക കൊടുക്കുന്നതിനെ സംബന്ധിച്ച് യു.ഡി.എഫ്. ചർച്ച ചെയ്ത് ക്രിയാത്മകമായൊരു നിർദ്ദേശം ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്ക് നൽകിയിട്ടുണ്ട്. വെള്ളപ്പൊക്ക ദുരിതബാധിതർക്കുള്ള നഷ്ടപരിഹാര തീർപ്പ് കൽപ്പിക്കൽ ട്രൈബ്യൂണൽ സ്കീം. മൂന്നുമാസത്തിനുള്ളിൽ നഷ്ടപരിഹാരം കൊടുത്തുതീർക്കാൻ വേണ്ടിയുള്ളൊരു സ്കീമാണ്. ഭോപ്പാൽ ട്രാജഡി ഉണ്ടായപ്പോൾ രൂപീകരിച്ച ട്രൈബ്യൂണലിന്റെ അതേ സ്വഭാവത്തിലുള്ളതാണ് ഇപ്പോൾ ഞങ്ങളുണ്ടാക്കിയിരിക്കുന്നത്. ഒന്നോ ഒന്നിൽ കൂടുതലോ ട്രൈബ്യൂണലുകൾ ഉണ്ടാക്കാം. ആ ട്രൈബ്യൂണലിന്റെ നേതൃത്വത്തിൽ അർഹതപ്പെട്ടവർക്ക് സഹായം കൊടുക്കാം. അതോടൊപ്പംതന്നെ ഇത് കോടതിയിൽ ചോദ്യം ചെയ്യാൻ പാടില്ല. മൂന്നു മാസത്തിനുള്ളിൽ തീർപ്പ് കൽപ്പിക്കണം. മാക്സിമം ആറു മാസം. അത്തരത്തിൽ ആളുകൾക്ക് എത്രയും പെട്ടെന്ന് സഹായം എത്തിക്കാൻ കഴിയത്തക്ക നിലയിലുള്ള ഒരു പദ്ധതിയാണിത്. ഇത് തയ്യാറാക്കിയത് എന്തുകൊണ്ടാണ്? ഓഖി ദുരന്തത്തിന്റെ കാര്യമെടുക്കാം. ഞാൻ ആരെയും കുറ്റപ്പെടുത്തുന്നതല്ല. കേന്ദ്ര സഹായമുൾപ്പെടെ

240 കോടി രൂപ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ കിട്ടി. മുഖ്യമന്ത്രിയുടെ കണക്കാണിത്. അത്രയുമില്ലായെന്നുള്ളത് എനിക്കറിയാം. അതിൽ നിന്ന് 65 കോടി രൂപയാണ് ഇതുവരെ ചെലവഴിച്ചത്. ബാക്കി തുക ചെലവഴിച്ചിട്ടില്ല. അത് സത്യമാണ്. ആ തുക ചെലവഴിക്കാതെ ഒമ്പത് മാസം കടന്നുപോയിരിക്കുന്നു. ഓഖി ദുരന്തത്തിൽപ്പെട്ട ആളുകളെ കാത്തിരിക്കുന്ന പാവങ്ങൾ ഇപ്പോഴും നമ്മുടെ നാട്ടിലുണ്ട്. ഓഖി ദുരന്തത്തിൽപ്പെട്ട ആളുകൾക്കുപോലും കൃത്യമായി സഹായം കൊടുക്കാൻ കഴിയാത്തതുകൊണ്ടാണ് വെള്ളപ്പൊക്ക ദുരിതാശ്വാസത്തിനുവേണ്ടി ഒരു ട്രൈബ്യൂണൽ രൂപീകരിച്ച് അവർക്ക് എത്രയും വേഗം സഹായം നൽകണമെന്ന നിർദ്ദേശം ഞങ്ങൾ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ മുന്നിൽ സമർപ്പിച്ചത്. അങ്ങേയ്ക്കും അതിന്റെയൊരു കോപ്പി ഇന്ന് നൽകുന്നുണ്ട്. ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്ക് കൊടുത്തുകഴിഞ്ഞു.

ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രീ, അവശ്യസാധനങ്ങൾക്ക് ജി.എസ്.ടി.-യുടെ മുകളിൽ പത്തു ശതമാനം സെസ്സ് ഏർപ്പെടുത്തണമെന്നുള്ള അങ്ങയുടെ നിർദ്ദേശം അപ്രായോഗികമാണ്. അത് ദുരിതമനുഭവിക്കുന്ന ജനങ്ങൾക്ക് വളരെയേറെ ബുദ്ധിമുട്ടുണ്ടാക്കും. നിങ്ങൾ ഇതിനിടയിൽ ഇന്ത്യൻ നിർമ്മിത വിദേശമദ്യത്തിന്റെ വില കൂട്ടിയത് നല്ല കാര്യമാണ്. വേണമെങ്കിൽ പത്തിരുപതു രൂപകൂടി കൂട്ടിക്കോളൂ. നമുക്ക് കുഴപ്പമൊന്നുമില്ല. നിങ്ങൾ ഓണത്തിന് ബിവറേജസ് കോർപ്പറേഷൻ അടച്ചിട്ടു. പക്ഷെ ബാറുകൾ തുറന്നുവച്ചത് ശരിയായില്ല. പത്ത് മുന്നൂറു കോടി രൂപ ബാറുടമകൾക്ക് ലാഭമായി. ഡ്രൈ ഡേ എന്നുപറഞ്ഞാൽ എല്ലാപേർക്കും ഒരുപോലെയാണ്. പക്ഷെ നിങ്ങളത് ചെയ്തില്ല, തെറ്റായിപ്പോയി. അതോടൊപ്പം അഞ്ച് ലക്ഷം രൂപവരെയുള്ള കാർഷിക കടങ്ങൾ എഴുതിത്തള്ളണം. ചെറുകിട കർഷകർക്ക് ഇനി അത് തിരിച്ചടയ്ക്കാൻ നിവൃത്തിയില്ല. മൊറട്ടോറിയം എന്നുപറഞ്ഞാൽ അടുത്ത വർഷത്തേയ്ക്ക് അത് മാറ്റുന്നു എന്നുമാത്രമാണ്. അപ്പോൾ അതിന്റെ പലിശയുംകൂടി കൊടുക്കേണ്ടി വരും. പലിശ രഹിതമാണെങ്കിൽപ്പോലും തിരിച്ചടയ്ക്കാൻ നിവൃത്തിയില്ല. അതുകൊണ്ട് അഞ്ച് ലക്ഷം രൂപവരെയുള്ള കർഷകരുടെ കടങ്ങൾ എഴുതിത്തള്ളണം. അതുപോലെ, ക്യാമ്പിൽ താമസിച്ചവർക്കുമാത്രമല്ല, തൊട്ടടുത്തുള്ളവർക്കുപോലും സഹായങ്ങൾ ലഭിക്കുന്നില്ല. റവന്യൂ വകുപ്പുമന്ത്രി അത് കൊടുക്കുമെന്ന് പറഞ്ഞു. അദ്ദേഹത്തിന്റെ വാക്ക് ഞാൻ വിശ്വസിക്കുന്നില്ല. കാരണം, എല്ലാവർക്കും സൗജന്യറേഷൻ കൊടുക്കുമെന്ന അങ്ങയുടെ പ്രസ്താവനയുടെ കോപ്പി എന്റെ കയ്യിലുണ്ട്. ഇതുവരെ ഒരാൾക്കും സൗജന്യറേഷൻ കൊടുത്തില്ല. അതുകൊണ്ട് എനിക്ക് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോട് പറയാനുള്ളത് ആളുകൾക്ക് കൊടുക്കാമെന്ന് പറഞ്ഞ പണം

കൊടുക്കണം. അതോടൊപ്പംതന്നെ കച്ചവടക്കാർക്ക് പലിശയില്ലാതെ പത്ത് ലക്ഷം രൂപ വായ്പ കൊടുക്കാമെന്നു പറഞ്ഞു, ഇതൊക്കെ ബാങ്കുകൾ സമ്മതിക്കുമെന്ന കാര്യത്തിൽ എനിക്ക് സംശയമാണ്. സമ്മതിച്ചാൽ നല്ലകാര്യം. നമുക്ക് പ്രഷർ ചെലുത്താം. ഇൻഷ്വറൻസ് അധികൃതരുമായി സംസാരിച്ച് കൂടുതൽ ആനുകൂല്യങ്ങൾ എത്തിക്കാൻ ശ്രമിക്കും.

പ്രധാനമന്ത്രി 'Mann Ki Baat' റേഡിയോ പ്രോഗ്രാമിൽ പറഞ്ഞതനുസരിച്ച് നമുക്ക് വലിയ കേന്ദ്രസഹായം കിട്ടാൻ പോകുന്നില്ല. അദ്ദേഹം പറഞ്ഞത് നോംസിനനുസരിച്ച് കൊടുക്കുമെന്നാണ്. കേരളത്തിന് വേണ്ടത് സ്പെഷ്യൽ പാക്കേജാണ്. സ്പെഷ്യൽ പാക്കേജ് കിട്ടിയെങ്കിൽ മാത്രമേ ഇപ്പോൾ ഗവൺമെന്റ് കണക്കാക്കിയിരിക്കുന്ന ഇരുപതിനായിരം കോടി രൂപയുടെ നഷ്ടം നികത്താൻ കഴിയൂ. ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞത് അതിനേക്കാൾ കൂടുതൽ നഷ്ടമുണ്ടെന്നാണ്. അതുകൊണ്ട് കേന്ദ്ര ഗവൺമെന്റ് സ്പെഷ്യൽ പാക്കേജ് അനുവദിക്കണം.

ഇന്ന് സന്തോഷകരമായ ഒരു കാര്യമുണ്ട്. കേരളത്തിലെ എല്ലാ എം.പി.-മാരും കക്ഷിഭേദമന്യേ ശ്രീ. എ. കെ. ആന്റണിയുടെ നേതൃത്വത്തിൽ ശ്രീ. രാജ്നാഥ് സിംഗിനെ കണ്ട് ഈ ആവശ്യം ഉന്നയിച്ചിട്ടുണ്ട്. നമുക്ക് കേന്ദ്രത്തിൽ കൂടുതൽ സമ്മർദ്ദം ചെലുത്തണം. സർവ്വകക്ഷി സംഘം കേന്ദ്രത്തിൽ സമ്മർദ്ദം ചെലുത്തി കൂടുതൽ ധനസഹായം കേരളത്തിനുവേണ്ടി വാങ്ങിയെടുക്കാൻ ശ്രമിക്കണം. യു.എ.ഇ.-യിൽ നിന്ന് സഹായം കിട്ടുമെന്ന് പറഞ്ഞപ്പോൾ നമ്മളൊക്കെ സന്തോഷിച്ചതാണ്. ശ്രീ. നരേന്ദ്ര മോദി 600 കോടി രൂപ തരുമ്പോൾ യു.എ.ഇ. ഭരണാധികാരി 700 കോടി രൂപ തരുമല്ലോയെന്ന് സന്തോഷിച്ചതാണ്. ആ സഹായം എത്രയാണെങ്കിലും 700 കോടി രൂപ ഇല്ലെങ്കിലും വാങ്ങാൻ തയ്യാറാകണം. അതിൽ ദുരഭിമാനം വേണ്ട. IMF ധനസഹായം നമുക്കാർക്കും എതിർപ്പുള്ള കാര്യമല്ല. IMF-ൽ നിന്ന് ലോൺ കിട്ടുമെങ്കിൽ നല്ലതാണ്. വേൾഡ് ബാങ്കിൽനിന്നും വാങ്ങുന്നെങ്കിലും സന്തോഷമാണ്. എ.ഡി.ബി.-യിൽ നിന്നും വാങ്ങിയാലും സന്തോഷമാണ്. കരിഓയിൽ ഒഴിക്കാൻ ഞങ്ങളേതായാലും വരില്ല. നിങ്ങൾ ഇതിന്റെ പേരിൽ സഹായം വാങ്ങിയാൽ ഞങ്ങൾ കുറ്റം പറയില്ല. IMF, World Bank, ADB എന്നിവയിൽനിന്നും ധനസഹായം വാങ്ങുന്നതിന് ഞങ്ങൾക്ക് എതിർപ്പില്ല. ആശയപരവും പ്രത്യയശാസ്ത്രപരവുമായ ഒരു പിടിവാശിയും ഞങ്ങൾക്ക് ഇല്ലാത്തതുകൊണ്ട് അക്കാര്യത്തിൽ നിങ്ങളോട് പൂർണ്ണമായും യോജിക്കാൻ തയ്യാറാണ്. പതിനായിരം കോടി രൂപ കടമെടുക്കുന്നതിനെക്കാൾ നല്ലത് ഇങ്ങനെയുള്ള സഹായങ്ങൾ വാങ്ങുന്നതാണ്. യുണൈറ്റഡ് നേഷൻസിന്റെ സഹായം വാങ്ങണം. പതിനായിരം

കോടി രൂപ കടമെടുത്താൽ വീണ്ടും അത് നമ്മുടെ തലയിൽ തന്നെ വരും. അതുണ്ടാകാതെ ലോകത്തുള്ള മറ്റ് ഏജൻസികളുടെ കയ്യിൽ നിന്ന് സഹായം നേടാൻ ശ്രമിക്കണമെന്നാണ് എനിക്ക് പറയാനുള്ളത്. ഞാൻ ദീർഘിപ്പിക്കുന്നില്ല. കേരളത്തെ സംബന്ധിച്ചിടത്തോളം ജനങ്ങൾ ഒരുമിച്ച് നിന്ന് ഇത് നേരിടും. ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞ സ്പിരിറ്റിനോട് ഞങ്ങൾ പൂർണ്ണമായി യോജിക്കുന്നു. അതിനുവേണ്ടി ഒരുമിച്ച് നിൽക്കുമെന്ന കാര്യത്തിൽ സംശയമില്ല. ബഹുമാനപ്പെട്ട പാർലമെന്ററികാര്യ വകുപ്പുമന്ത്രി തന്ന പ്രമേയത്തെപ്പറ്റി ഞങ്ങൾ ചില അഭിപ്രായം പറഞ്ഞു. അത് ഐകകണ്ഠ്യേന പാസ്സാക്കണമെന്നാണ് ഞങ്ങളുടെ അഭിപ്രായം. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുമായി ആലോചിച്ച് അത് ഐകകണ്ഠ്യേന പാസ്സാക്കണം. അതിൽ പിടിവാശിയുടെ ആവശ്യമില്ല എന്നാണ് ഞങ്ങളുടെ അഭിപ്രായം. നോസ്ട്രഡാമസിന്റെ പ്രവചനാത്മകമായ ഒരു വാചകമുണ്ട്. അതുകൂടി പറഞ്ഞ് ഞാൻ ചർച്ച അവസാനിപ്പിക്കാം. " Fire and floods will be fomented by ignorant rulers; much time will go by before it is rectified." ഈ ചർച്ചയുടെ മൊത്തത്തിലുള്ള വികാരം എന്നുപറയുന്നത് കേരളത്തിന്റെ പുനർനിർമ്മാണത്തിനും കേരളത്തിലെ ജനങ്ങളുടെ ജീവിത പ്രയാസങ്ങൾ ദൂരീകരിക്കുന്നതിനുംവേണ്ടി സഭ ഒറ്റക്കെട്ടായി നിൽക്കണമെന്നാണ്. പ്രമേയം അതേ രീതിയിൽ മാറ്റാൻ ബഹുമാനപ്പെട്ട സ്പീക്കർ കൂടി മുൻകയ്യെടുക്കണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് എന്റെ വാക്കുകൾ നിർത്തുന്നു.

(അദ്ധ്യക്ഷവേദിയിൽ മി. ഡെപ്യൂട്ടി സ്പീക്കർ)

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. മാത്യു. ടി. തോമസ്): സർ, കേരള നിയമസഭയുടെ ചരിത്രത്തിൽ ഒരിക്കലും ഉണ്ടായിട്ടില്ലാത്ത ഒരു നടപടി ക്രമത്തിലൂടെയാണ് നാം കടന്നുപോയ്ക്കൊണ്ടിരിക്കുന്നത്. കഴിഞ്ഞ ദിവസങ്ങളിൽ കേരളത്തിലുണ്ടായ മഹാപ്രളയം ഏതെല്ലാം തരത്തിൽ നാശങ്ങളുണ്ടാക്കിയെന്നത് നമുക്കെല്ലാവർക്കുമറിയാം. ഞാൻ അതിന്റെ വിശദാംശങ്ങളിലേയ്ക്ക് കടക്കുന്നില്ല. ജലവിഭവ വകുപ്പുമായി ബന്ധപ്പെട്ട കാര്യങ്ങളെ സംബന്ധിച്ചുമാത്രം മറുപടി പറയാനാണ് ഞാൻ ശ്രമിക്കുന്നത്. നമ്മുടെ ഡാമുകളെയാണ് നമ്മളിപ്പോൾ പഴിക്കുന്നത്. നാം ഒന്നറിയണം, കേരളത്തിലെ 44 നദികളിൽ 41 നദികളും പടിഞ്ഞാറോട്ടാണ് ഒഴുകുന്നത്. വാർഷിക മഴയുടെ യീൽഡ് സാധാരണനിലയിൽ 75,000 മില്ല്യൺ ക്യൂബിക് മീറ്ററാണെങ്കിൽ ഇറിഗേഷൻ വകുപ്പിന്റെ 16 ഡാമുകളിലായുള്ള സംഭരണശേഷി 1570.6 എം.സി.എം. മാത്രമാണ്. ഫുൾ റിസർവോയർ ലെവലിൽ, സാധാരണയുണ്ടാകുന്ന യീൽഡിന്റെ 2.1 ശതമാനം മാത്രമാണ് കേരളത്തിലെ 16 ഡാമുകളുടെയും കൂടിയുള്ള ആകെയുള്ള സംഭരണശേഷി. അപ്പോൾ ഈ നാട്ടിലുണ്ടായ വെള്ളപ്പൊക്കം ഡാമിന്റേതാണെന്ന്

പറഞ്ഞുതുടങ്ങിയാൽ നമുക്കിത് ഒരിടത്തും എത്തിക്കാൻ കഴിയില്ല. എന്നാൽ ഈ വർഷമുണ്ടായ മഴയെക്കുറിച്ച് നമ്മളൊന്ന് മനസ്സിലാക്കണം, ഈ ഡാമുകളൊക്കെ എന്നാണ് തുറന്നത് എന്നതുസംബന്ധിച്ച് കൃത്യമായ കണക്കുകളുണ്ട്. മഴ കൂടി വന്നപ്പോൾ ഷട്ടർ കൂടുതൽ ഉയർത്തേണ്ടിവന്നു. 16 ഡാമുകളും തുറന്ന തീയതി ഞാനിവിടെ പറയാം. വാഴാനി ഡാം - 2-8-2018, കുറ്റ്യാടി ഇറിഗേഷൻ പ്രോജക്ടിന്റെ പെരുവണ്ണാമൂഴി ഡാം - 14-6-2018, കാരാപ്പുഴ ഡാം - 1-6-2018, മലമ്പുഴ ഡാം - 1-8-2018 എന്നീ തീയതികളിലാണ് തുറന്നത്. ബഹുമാനപ്പെട്ട ഷാഫി പറമ്പിൽ ആണല്ലോ ഇവിടെ ഈ വിഷയം ഉന്നയിച്ചത്. എന്റെ വകുപ്പിൽനിന്നും ലഭിച്ച വിവരം തെറ്റാണെങ്കിൽ ഞാൻ പിൻവലിക്കാം. എന്റെ അറിവിൽ ഡാം തുറന്നത് ബഹുമാനപ്പെട്ട എം.എൽ.എ.-യുടെ സാന്നിദ്ധ്യത്തിലാണ്. ചിമ്മിണി ഡാം തുറന്നത് - 10-8-2018-ലും മംഗലം ഡാം-14-6-2018-ലുമാണ് ശിരുവാണി ഡാം അൺഗേറ്റഡ് സ്പിൽവേയായതു കൊണ്ട് അത് തുറന്നുവയ്ക്കേണ്ട കാര്യമില്ല. കാഞ്ഞിരപ്പുഴ ഡാമിന്റെ ഷട്ടർ മാറ്റിവയ്ക്കുന്ന പ്രവൃത്തി നടന്നുകൊണ്ടിരിക്കുന്നു. അതുകൊണ്ട് ഈ സീസണിൽ അത് ക്ലോസ് ചെയ്തിട്ടേയില്ല. പീച്ചി ഡാം 27-7-2018-ലും നെയ്യാർ ഡാം - 14-6-2018-ലും ചുള്ളിയാർ ഡാം - 14-8-2018-ലും കല്ലട -19-7-2018- ലും വാളയാർ ഡാം -14-8-2018-ലും മീങ്കര ഡാം - 13-8-2018-ലും പോത്തുണ്ടി ഡാം - 31-7-2018-ലും മലങ്കര ഡാം - 19-7-2018-ലും ആണ് തുറന്നത്. ഭൂതത്താൻകെട്ട് (ഡാമല്ല) ബാരേജിലെ 15 ഷട്ടറുകളും 1-6-2018 മുതൽ തുറന്നിരിക്കുകയാണ്. PIP മണിയാർ ബാരേജിൽ 9-6-2018 മുതൽ തുറന്നിരിക്കുകയാണ്. പഴശ്ശി ബാരേജ് 28-5-2018 മുതൽ തുറന്നു വച്ചിരിക്കുകയാണ്. നേരത്തെതന്നെ തുറന്നുവച്ചിരിക്കുന്ന ഡാമുകളാണ് ഈ നാട്ടിൽ വെള്ളപ്പൊക്കമുണ്ടാക്കിയതെന്നുള്ള തിയറി ദയവായി പിൻവലിക്കണമെന്നാണ് ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവിനോട് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. അതിനേക്കാൾ പ്രസക്തമായ വിഷയം, ഏറ്റവും കൂടുതൽ മഴ പെയ്ത ദിവസങ്ങളെ സംബന്ധിച്ചാണ്. സ്വാഭാവികമായും ഡാമുകൾ തുറന്നുവച്ചുവെന്ന് പറയുമ്പോൾ മഴ കൂടുതൽ പെയ്ത ദിവസങ്ങളിൽ ഷട്ടർ കൂടുതൽ ഉയർത്തിയിട്ടുണ്ട്. ആഗസ്റ്റ് മാസം 15 മുതൽ 17 വരെയുള്ള തീയതികളിൽ കൂടുതൽ മഴ പെയ്തു. നമുക്ക് ലഭിക്കുന്ന കണക്കനുസരിച്ച് ആ മൂന്ന് ദിവസങ്ങളിലായി 414 മില്ലീമീറ്റർ മഴ പെയ്തിട്ടുണ്ട്. 38,800 സ്ക്വയർ കിലോമീറ്ററാണ് കേരളത്തിലെ ഭൂവിസ്തൃതി. അങ്ങനെ 16063.2 മില്ല്യൺ $M^3$ വെള്ളം ആകാശത്തിൽനിന്ന് താഴെവീണു. 1500 ആണ് നമ്മുടെ കപ്പാസിറ്റി. ഈ 16063.2 മില്ല്യൺ $M^3$ വെള്ളം മഴയായി 15 മുതൽ 17 വരെയുള്ള തീയതികളിൽ കേരളത്തിൽ വീണുവെന്നത് കാണാതെ പോകരുത്. ഈ സമയത്ത് ഡാമുകളിലേയ്ക്ക് ഒഴുകിയെത്തിയ വെള്ളം കൂടുതലായി തുറന്നുവിട്ടോ എന്നുള്ളതാണ് പ്രസക്തമായ ചോദ്യം. ഈ

മൂന്നുദിവസങ്ങളിലായി ഈ പറഞ്ഞ 16 ഡാമുകളിൽ ഒഴുകിയെത്തിയ വെള്ളം 696.785 മില്ല്യൺ ക്യൂബിക് മീറ്ററാണ്. ഡാമുകളിൽനിന്ന് പുറത്തുവിട്ട വെള്ളം 700.373, അതായത് 4 മില്ല്യൺ $M^3$ മാത്രമാണ് ഡാമുകളിൽ വന്നതിനേക്കാൾ കൂടുതലായി പുറത്തുവിട്ടത്. ഡാം അശാസ്ത്രീയമായി തുറന്നുവിട്ടതുകൊണ്ടാണ് കേരളത്തിൽ വെള്ളപ്പൊക്കമുണ്ടായതും ജനങ്ങൾ ദുരിതമനുഭവിച്ചതെന്നുമുള്ള ഈ തിയറി ഉപേക്ഷിക്കാൻ ആദ്യം തയ്യാറാകണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്.

മലയാള മനോരമ പത്രത്തിൽ വന്ന വാർത്ത ബഹുമാനപ്പെട്ട പി.സി. ജോർജ് ഇവിടെ സൂചിപ്പിച്ചു. കൊല്ലവർഷം 1099-ലെ പത്രത്തിലെ വാർത്ത ഈ ആഗസ്റ്റ് മാസം 25-ാം തീയതി പത്രം പുറത്തുവിട്ടു. ഇവിടെ എല്ലാവരും സംസാരിക്കുമ്പോൾ പത്തനംതിട്ട ജില്ലയിലുണ്ടായ വെള്ളപ്പൊക്കത്തെപ്പറ്റി സൂചിപ്പിച്ചില്ല. അപ്പർ കുട്ടനാടിനെപ്പറ്റി പറഞ്ഞപ്പോഴും ബഹുമാനപ്പെട്ട രമേശ് ചെന്നിത്തല നിരണം, കടപ്ര എന്നിവയെപ്പറ്റി പറഞ്ഞില്ല. ഈ പത്രത്തിൽ പറയുന്ന ഡാമുകൾ വരുന്നതിനുമുമ്പുണ്ടായ എല്ലാ സ്ഥലങ്ങളിലുമാണ് 1924-ൽ വെള്ളപ്പൊക്കമുണ്ടായതായി സൂചിപ്പിച്ചിട്ടുള്ളത്. അതേ സ്ഥലങ്ങളിൽ തന്നെയാണ് 2018-ലും വെള്ളപ്പൊക്കമുണ്ടായതെന്ന് കൃത്യമായി മനസ്സിലാകും. ഭൂതത്താൻകെട്ടിന് 5 കിലോമീറ്റർ മുകളിൽ അപ്സ്ട്രീമിൽ പാലമറ്റം എന്ന എസ്റ്റേറ്റ് മുങ്ങിപ്പോയതായി പത്രത്തിൽ പറയുന്നു. അന്നത്തെ വെള്ളത്തിന്റെ നിരപ്പ് അവിടെ മാർക്ക് ചെയ്തിട്ടുണ്ട്. ജലവിഭവ വകുപ്പിലെ ഉദ്യോഗസ്ഥർ പോയി അവിടെ സന്ദർശിച്ചതിനുശേഷം പറയുന്നത് അന്ന് മാർക്ക് ചെയ്തതിനേക്കാൾ 9 അടി താഴെയാണ് ഇപ്പോൾ വെള്ളം എത്തിനിൽക്കുന്നതെന്നാണ്. കാലടി എന്ന സ്ഥലത്ത് 1.4 മീറ്റർ താഴെയാണ് വെള്ളം നിൽക്കുന്നത്. അതുകൊണ്ട് ഡാമില്ലാത്ത കാലത്തുണ്ടായ വെള്ളപ്പൊക്കത്തിന്റെ അതേ സ്ഥലങ്ങളിൽ ഇപ്പോൾ വെള്ളപ്പൊക്കമുണ്ടായപ്പോൾ അതുമുഴുവൻ ഡാം തുറന്നുവിട്ടതുകൊണ്ടാണെന്ന രീതിയിലുള്ള പരാമർശം ഒഴിവാക്കണമായിരുന്നു എന്നാണ് എനിക്ക് പറയാനുള്ളത്.

(അദ്ധ്യക്ഷവേദിയിൽ മി. സ്പീക്കർ)

കുട്ടനാട്ടിലെ വെള്ളപ്പൊക്കത്തിന് കാരണം തോട്ടപ്പള്ളി സ്പിൽവേയാണെന്ന് സൂചിപ്പിച്ചു. തോട്ടപ്പള്ളി സ്പിൽവേയിലെ എല്ലാ ഷട്ടറുകളും തുറന്നുവച്ചിരിക്കുകയാണ്. പൊഴി മുറിക്കുന്നതിന് ആവശ്യമായ എസ്റ്റിമേറ്റ് മേയ് മാസം തയ്യാറാക്കുകയും അതിന് ഭരണാനുമതി കൊടുക്കുകയും ചെയ്തിട്ടുണ്ട്. അന്ന് ഇലക്ഷൻ പെരുമാറ്റചട്ടം നിലനിൽക്കെ ഇലക്ഷൻ കമ്മീഷനിൽ നിന്ന് പ്രത്യേക അനുമതി വാങ്ങി മഴക്കാലം തുടങ്ങുന്നതിന് മുമ്പായി ജൂൺ മാസം നാലാം തീയതി തന്നെ പൊഴിമുറി ആരംഭിക്കുകയും 12-ാം തീയതി പ്രവൃത്തി പൂർത്തീകരിക്കുകയും അധിക ജലം

കടലിലേയ്ക്ക് ഒഴുക്കി വിടുകയും ചെയ്തു. തോട്ടപ്പള്ളി സ്പിൽവേയിലെ 40 ഷട്ടറുകളും ഏപ്രിൽ-മേയ് മാസങ്ങളിൽ തുറന്നു വച്ചിരിക്കുകയാണ്. പൊഴിയിലൂടെ ഏകദേശം 150 മീറ്റർ വീതിയിൽ ജലം ഒഴുകുകയും ചെയ്തുകൊണ്ടിരുന്നു. സാധാരണഗതിയിൽ ഈ പ്രവൃത്തി മതിയാകുന്നതാണ്. എന്നാൽ ആഗസ്റ്റ് മാസത്തിലെ ഒന്നും രണ്ടും ആഴ്ചയിൽ സംഭവിച്ച മൺസൂൺമൂലമുണ്ടായ അമിതജലം കുട്ടനാട്ടിൽ പ്രളയം സൃഷ്ടിക്കുമെന്ന് മുൻകൂട്ടികണ്ട് ആഗസ്റ്റ് മാസം രണ്ടാം ആഴ്ച ആറ് മണ്ണുമാന്തികൾ ഉപയോഗിച്ച് പൊഴിമുഖത്തിന്റെ ആഴവും വീതിയും കൂട്ടാൻ തുടങ്ങി. കുട്ടനാട്ടിൽ അമിതമായി വെള്ളപ്പൊക്കം എത്തിച്ചേർന്നപ്പോൾ പൊഴിമുഖത്തിന്റെ വീതി ഏതാണ്ട് 250 മീറ്റർ ആകുകയും വളരെയധികം വെള്ളം ഒഴിഞ്ഞു പോവുകയും ചെയ്തുകൊണ്ടിരിക്കുകയാണ്. സ്പിൽവേയുടെ അപ്പുറത്തുള്ള വെള്ളത്തിന്റെ നിരപ്പ് ഇപ്പുറത്തേക്കാൾ താഴ്ന്നുനിന്നാൽ മാത്രമേ വെള്ളം ഒഴുകി പോവുകയുള്ളൂ. തണ്ണീർമുക്കം ഷട്ടറിന്റെ രണ്ട് ബാരേജുകളിലുള്ള 62 ഷട്ടറുകളും തുറന്നുവച്ചിരിക്കുകയാണ്. കുട്ടനാടൻ പാക്കേജിൽ ഉൾപ്പെട്ട മൂന്നാം ബാരേജിന്റെ പണി പൂർത്തീകരിച്ചിട്ടില്ല. മൂന്നാം ബാരേജിലുള്ള 28 ഷട്ടറുകളുടെ പ്രവൃത്തിയുമായി ബന്ധപ്പെട്ട് കരാറുകാരന്റെ കാലാവധി തീരുന്നത് സെപ്റ്റംബർ മാസം അവസാനമാണ്. എന്നിട്ടും ചില ആക്ഷേപങ്ങൾ ഉണ്ടായപ്പോൾ ഞാൻ സ്ഥലത്തുപോയി ജനറേറ്റർ ഉപയോഗിച്ച് മൂന്നാം ബാരേജിലുള്ള 28 ഷട്ടറുകൾ ഉയർത്തിവച്ചു. 62 ഷട്ടറുകൾ തുറന്നുവച്ചിരിക്കുകയാണ്. ജൂലൈ മാസത്തിൽ 62 ഷട്ടറുകളും പരിശോധിച്ചപ്പോൾ അപ്പുറത്തേയ്ക്ക് വെള്ളം ഒഴുകുന്നില്ല. വേലിയേറ്റമുള്ള സമയമായതിനാൽ വെള്ളം അങ്ങോട്ട് ഒഴുകി പോകുന്ന സ്ഥിതിയല്ല. കാലാവധി തീർന്നില്ലെങ്കിൽ പോലും മൂന്നാം ബാരേജ് തുറന്നുവിട്ടുകൊണ്ട് അവിടെയുള്ള മൺതിട്ട പൊളിച്ചു മാറ്റാൻ പറഞ്ഞു. ഇത് പണി തീർന്ന പ്രവൃത്തിയല്ല. സെപ്റ്റംബർ മാസം അവസാനം വരെ കരാർ കാലാവധിയുള്ള പ്രവൃത്തിയിൽ 450 മീറ്റർ വരെ പൊളിക്കാനുള്ള മൺതിട്ട 50 മീറ്റർ വരെ പൊളിച്ചിട്ടുണ്ട്. വളരെ വേഗത്തിൽ ഇന്നലെയും ഇന്നുമായി പൊളിച്ചുകൊണ്ടിരിക്കുകയാണ്.

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്): സർ, തോട്ടപ്പള്ളി സ്പിൽവേയെക്കുറിച്ച് ഒരുപാട് പഠനങ്ങളുണ്ട്. കുട്ടനാട് ഡെവലപ്മെന്റ് പ്രോഗ്രാമിന്റെ രണ്ട് വിമർശനങ്ങളിലൊന്ന് ബാരേജിനെക്കുറിച്ചാണ്. തോട്ടപ്പള്ളി സ്പിൽവേയുടെ ലീഡിംഗ് ചാനലിന് വീതിയും ആഴവും പോരാ. അതുകൊണ്ട് വെള്ളപ്പൊക്ക സമയത്ത് ജലം കടലിലേയ്ക്ക് ഒഴുക്കുന്നതിന് അപര്യാപ്തമാണ് എന്നുള്ളതാണ് അടിസ്ഥാന വിമർശനം. ഈ സർക്കാർ വന്നതുകൊണ്ട് ഉണ്ടായിട്ടുള്ളതല്ല.

പ്രതിപക്ഷനേതാവ് (ശ്രീ. രമേശ് ചെന്നിത്തല): സർ, കുട്ടനാട്ടിലെ വെള്ളം ഒഴുകണമെങ്കിൽ ഈ രണ്ട് മാർഗ്ഗമേയുള്ളൂ. അവിടെ നിന്ന് വെള്ളം ഒഴുക്കിക്കളയാൻ നിങ്ങൾ എടുക്കുന്ന കാലതാമസമാണ് പ്രശ്നം. ഈ രണ്ട് സ്ഥലത്തെ മണ്ണ് നീക്കാത്തതാണ് പ്രശ്നം. ഇപ്പോഴും 50 ശതമാനം മണ്ണ് മാറിയില്ലായെന്നാണ് പറഞ്ഞത്. കുട്ടനാട്ടിലെ ജനങ്ങൾ അനുഭവിക്കുന്ന ഈ ബുദ്ധിമുട്ടിന് കാരണം കോൺട്രാക്ടറും പഞ്ചായത്തും തമ്മിലുള്ള തർക്കമാണ്.

ശ്രീ. മാത്യു ടി. തോമസ് : സർ, നിലവിലുള്ള തണ്ണീർമുക്കം ബണ്ടിന്റെ രണ്ട് ബാരേജുകളിലെയും 62 ഷട്ടറുകളും തുറന്നുവച്ചിരിക്കുകയാണ്. മൂന്നാം ബാരേജിന്റെ പണി തീർന്നിട്ടില്ല, അവിടെ വൈദ്യുതിബന്ധം ആയിട്ടില്ല. മുഖ്യമന്ത്രിയുടെ ഡേറ്റ് കിട്ടാത്തതുകൊണ്ട് ഉദ്ഘാടനം ചെയ്യില്ലായെന്ന് പറയുന്നുണ്ട്. പണി തീർന്നാൽ മാത്രമേ ഉദ്ഘാടനം ചെയ്യുകയുള്ളൂ. പണി തീരാതെ ഉദ്ഘാടനം ചെയ്യുന്ന പരിപാടിയൊന്നും ഇവിടെയില്ല. പണി തീർത്തതിനുശേഷം മാത്രമേ ഉദ്ഘാടനം ചെയ്യുകയുള്ളൂ. 28 ഷട്ടറുകളും ജനറേറ്റർ ഉപയോഗിച്ച് ഉയർത്തിവച്ചിരിക്കുകയാണ്. 450 മീറ്റർ മണ്ണ് മാറ്റേണ്ടിടത്ത് 50 മീറ്റർ മാത്രമാണ് പൊളിച്ചുമാറ്റിയിട്ടുള്ളത്, അത് പോരാ. ബാക്കി യുദ്ധകാലാടിസ്ഥാനത്തിൽ പൊളിക്കാൻ ഇന്നലെ നിർദ്ദേശം കൊടുത്തിട്ടുണ്ട്. ഞാൻ അവിടെ പോയി പരിശോധിച്ചതാണ്. ആ ഷട്ടറിന്റെ വടക്കുവശവും തെക്കുവശവും ജലനിരപ്പിൽ വലിയ വ്യത്യാസമില്ല. ജലം ഒഴുകി പോകാൻ കഴിയില്ല. ഇത്രയും ദിവസത്തെ ശരാശരി കണക്ക് കൃത്യമായി എടുത്തിട്ടുണ്ട്. എതാണ്ട് മൂന്ന് സെന്റിമീറ്റർ മാത്രമാണ് നിരപ്പിലുള്ള വ്യത്യാസം. ഒഴുകിപ്പോകാൻ കഴിയുന്ന അവസ്ഥയിൽ അല്ല അത് നിൽക്കുന്നത്.

പെരിയാർ, ഭാരതപ്പുഴ, ചാലക്കുടിപ്പുഴ എന്നിവയെ ബന്ധിപ്പിച്ചുകൊണ്ടുള്ള പറമ്പിക്കുളം-ആളിയാർ പദ്ധതിയുടെ നിയന്ത്രണം ജെ.ഡബ്ല്യൂ.ആർ. ബോർഡാണ് ഏറ്റെടുത്തിരിക്കുന്നത്. ഇതിനാവശ്യമായ നടപടികൾ നേരത്തെ തന്നെ നടപ്പിലാക്കിയിട്ടുണ്ട്. ജോയിന്റ് വാട്ടർ റെഗുലേറ്ററി ബോർഡ് യോഗം ചേരുമ്പോൾ വെള്ളം കുറവായിരുന്നു. കഴിഞ്ഞവർഷം കനത്ത വരൾച്ചയും ഇത്തവണ ഈ പ്രയാസവുമുണ്ടായി. മഴ കുറവായതിനാൽ പറമ്പിക്കുളത്തുനിന്നുള്ള വെള്ളം തമിഴ്നാട്ടിലേയ്ക്ക് കൊണ്ടുപോകുന്നതിനെ നമ്മൾ എതിർക്കുകയാണുണ്ടായത്. ജൂലൈ മാസത്തിൽ മഴ കൂടുകയും പറമ്പിക്കുളം-ആളിയാർ പദ്ധതിയിലെ എല്ലാം ഡാമുകളും നിറയുകയും ഇതേത്തുടർന്ന് ജലം സ്പിൽ ചെയ്ത് കേരളത്തിലേയ്ക്ക് വരുന്ന സ്ഥിതിവിശേഷമുണ്ടായി. പറമ്പിക്കുളം-ആളിയാർ പദ്ധതിയിലെ ആളിയാർ, പറമ്പിക്കുളം, തമിഴ്നാട് ഷോളയാർ, നീരാർ തുടങ്ങിയ ഡാമുകളിൽ നിന്നാണ് കേരളത്തിലേയ്ക്ക് ജലം തുറന്നുവിട്ടത്. ആളിയാർ ഡാമിൽനിന്ന് തുറന്ന് വിടുന്ന ജലം ചിറ്റൂർ പുഴയിലും പറമ്പിക്കുളം, ഷോളയാർ ഡാമുകളിൽ നിന്ന് തുറന്നുവിടുന്ന ജലം

ചാലക്കുടിപ്പുഴയിലുമാണ് എത്തുന്നത്. നീരാറിൽനിന്നും തുറന്നുവിടുന്ന ജലം പെരിയാറിലെ ഇടമലയാറിലാണ് വന്നുചേരുന്നത്. പെരിങ്ങൽകുത്ത് ഡാമിലേയ്ക്ക് നേരിട്ട് ജലം തുറന്നുവിടുന്നത് പറമ്പിക്കുളം സിസ്റ്റത്തിൽ നിന്നുമാത്രമാണ്. തമിഴ്നാട് ഷോളയാർ ഡാമിൽ നിന്നും തുറന്നുവിടുന്ന ജലം കേരള ഷോളയാർ ഡാമിൽ എത്തുകയും അവിടെ നിന്ന് ഡാം തുറക്കുമ്പോൾ മാത്രമാണ് പെരിങ്ങൽകുത്തിലേയ്ക്ക് ജലം എത്തുന്നത്. ഈ ഡാമുകൾ തുറക്കുന്നത് സംബന്ധിച്ച് വ്യക്തമായ മുന്നറിയിപ്പുകൾ നൽകിയിട്ടുള്ളതും ഇതിനെ നേരിടുന്നതിനാവശ്യമായ മുന്നൊരുക്കങ്ങൾ നേരത്തെ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. ഈ സീസണുകളിൽ താഴെപ്പറയുന്ന തീയതികൾ പ്രകാരമാണ് ഡാമുകൾ തുറന്നിട്ടുള്ളത്. ആളിയാർ- 21-7-2018, പറമ്പിക്കുളം- 24-7-2018, നീരാർ-14-8-2018, തമിഴ്നാട് ഷോളയാർ- 10-7-2018, കേരളാ ഷോളയാർ- 28-7-2018. സ്വാഭാവികമായും മഴ കൂടിയപ്പോൾ ഷട്ടറുകൾ കൂടുതൽ ഉയർത്തിയിട്ടുണ്ടാകും. 15-8-2018 രാത്രി ഷോളയാർ, വാൽപ്പാറ ഭാഗത്തുണ്ടായ 410 എം.എം. മഴയിൽ അനിയന്ത്രിതമായി വെള്ളം പൊങ്ങിയപ്പോൾ മാത്രമാണ് കൂടുതലായി ജലം തുറന്നുവിടേണ്ടി വന്നത്. ഇത് ഓരോ ഡാമിന്റെയും പരമാവധി ഡിസ്ചാർജിന്റെ 50 ശതമാനം മാത്രമാണ്. അതാണ് ജോയിന്റ് വാട്ടർ റെഗുലേറ്ററി ബോർഡിനെ സംബന്ധിച്ച് എനിക്ക് സൂചിപ്പിക്കാനുള്ളത്.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, ഞാൻ പോയിന്റ് ഓഫ് ഓർഡർ ഉന്നയിക്കുന്നു*. അദ്ദേഹം കൈകാര്യം ചെയ്ത വകുപ്പല്ലായെന്ന് എനിക്കറിയാം. ഇന്റർസ്റ്റേറ്റ് വാട്ടർ ബഹുമാനപ്പെട്ട മുഖ്യമന്ത്രി നേരിട്ട് കൈകാര്യം ചെയ്യുന്ന വകുപ്പാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി മറുപടി പറയുന്ന സമയത്ത് അക്കാര്യം പറയുമെന്ന് ഞാൻ പ്രതീക്ഷിക്കുന്നു. ഇവിടെ ജോയിന്റ് വാട്ടർ റെഗുലേറ്ററി ബോർഡുണ്ട്. അതിന്റെ ചെയർമാൻ സംസ്ഥാന ജലവിഭവ വകുപ്പുമന്ത്രിയാണ്. ഈ ചർച്ചയിൽ വന്നത് അതാണ്.

മി. സ്പീക്കർ : അങ്ങ് പോയിന്റ് ഓഫ് ഓർഡർ പറയണം.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, അതാണ് സഭയെ തെറ്റിദ്ധരിപ്പിച്ചത്.

മി. സ്പീക്കർ: ഏത് ചട്ടപ്രകാരമാണ് പോയിന്റ് ഓഫ് ഓർഡർ ഉന്നയിക്കുന്നത്?

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, 307 പ്രകാരമാണ് ഉന്നയിക്കുന്നത്. ഈ ബോർഡ് യോഗം കൂടാതെ ഏകപക്ഷീയമായി വെള്ളം ഇങ്ങോട്ട് ഒഴുക്കുകയാണ് ചെയ്തത്. കേരളത്തിന്റെ ചരിത്രത്തിൽ ഇന്നുവരെ മഴക്കാലത്ത് പറമ്പിക്കുളത്തുനിന്ന് കേരളത്തിലേയ്ക്കുള്ള വെള്ളം കനാൽ വഴി തുറന്നുവിട്ടിട്ടില്ല.

* ബഹുമാനപ്പെട്ട സ്പീക്കറുടെ ഉത്തരവിൻ പ്രകാരം (30-8-2018-ലെ ഫയൽ നമ്പർ 4972/ ഇ.ബി./2018/നി.സെ.) രേഖയിൽ നിലനിർത്താൻ തീരുമാനിച്ച

മി. സ്പീക്കർ: വസ്തുതാവിരുദ്ധമായ കാര്യങ്ങളുണ്ടെങ്കിൽ പരിശോധിച്ച് നടപടി സ്വീകരിക്കാം*.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, ഇക്കാര്യം സംബന്ധിച്ച് ബഹുമാനപ്പെട്ട ജലവിഭവ വകുപ്പുമന്ത്രിയല്ല, ബഹുമാനപ്പെട്ട മുഖ്യമന്ത്രിയാണ് മറുപടി പറയേണ്ടത്. എങ്കിലും അദ്ദേഹം സഭയെ തെറ്റിദ്ധരിപ്പിച്ചതുകൊണ്ടാണ് സഭാരേഖയിൽ ഉണ്ടാകരുതെന്ന് പറയുന്നത്.

ശ്രീ. മാത്യു ടി. തോമസ്: സർ, ഇവിടെ എടുത്ത തീരുമാനമനുസരിച്ച് വെള്ളം കടത്തിവിടാൻ സമ്മതിച്ച കാര്യങ്ങളാണ് ഞാൻ സൂചിപ്പിച്ചത്. ഓരോ ഘട്ടത്തിലും നടത്തിയ പ്രവൃത്തികളെ സംബന്ധിച്ച് സമയം എടുക്കുമെന്നുള്ളതുകൊണ്ടാണ് ഞാൻ പറയാത്തത്. 19-7-2018 മുതൽതന്നെ ജോയിന്റ് വാട്ടർ റെഗുലേറ്ററി ബോർഡിന്റെ ചെയർമാൻ എന്ന നിലയിൽ കത്തിടപാടുകൾ നടത്തിയിട്ടുണ്ട്, ആവശ്യപ്പെട്ടിട്ടുണ്ട്. എന്നിട്ടും അവസാനം വെള്ളം കൂടുതലായി വന്നപ്പോഴാണ് അവർക്ക് കൂടുതലായി തുറന്നുവിടേണ്ടി വന്നതെന്ന കാര്യമാണ് ഞാൻ സൂചിപ്പിച്ചത്.

മുല്ലപ്പെരിയാറിൽ വെള്ളം 136 അടിയായപ്പോൾത്തന്നെ ഡിസ്ചാർജ് ചെയ്യണമെന്ന് നമ്മൾ ആവശ്യപ്പെട്ടെങ്കിലും തമിഴ്നാട് അത് പരിഗണിച്ചില്ല. എന്നാൽ പ്രത്യേക പരിധിക്കുശേഷം അവർ ആരംഭിച്ചു, ഇപ്പോൾ ഡിസ്ചാർജ് ഉണ്ട്. 26-8-2018-ലെ കണക്കനുസരിച്ച് 139.25 അടിയാണ് ജലനിരപ്പ്. അതിന്റെ വിശദാംശങ്ങളിലേയ്ക്ക് കടക്കുന്നില്ല. മലമ്പുഴ ഡാം തുറന്നത് സംബന്ധിച്ചാണ് പ്രധാനമായി ആക്ഷേപമുണ്ടായത്. അതിന്റെ പരമാവധി സംഭരണശേഷി 115.06 മീറ്ററാണ്. 19-7-2018-ൽ ലെവൽ 113 മീറ്ററിൽ എത്തിയപ്പോൾ ആദ്യ മുന്നറിയിപ്പും 25-7-2018-ൽ ലെവൽ 114 മീറ്ററിൽ എത്തിയപ്പോൾ രണ്ടാം മുന്നറിയിപ്പും 114.65 മീറ്ററിൽ എത്തിയപ്പോൾ മൂന്നാം മുന്നറിയിപ്പും നൽകുകയുണ്ടായി. 31-7-2018-ൽ പത്ര മാധ്യമങ്ങളിലൂടെ മുന്നറിയിപ്പും മറ്റെല്ലാ നടപടിക്രമങ്ങളും നൽകിയതിനു ശേഷം ജനപ്രതിനിധികളുടെ സാന്നിദ്ധ്യത്തിൽ ആഗസ്റ്റ് 1-ന് രാവിലെ 11.00 മണിയോടുകൂടി മലമ്പുഴ ഡാം തുറക്കുകയുണ്ടായി. ഡാമിലേയ്ക്ക് ഒഴുകിയെത്തിക്കൊണ്ടിരിക്കുന്ന ജലത്തിന്റെ അളവ് കണക്കാക്കി ഡാം തുറന്ന് ആവശ്യമായ ജലം ഒഴുക്കിക്കൊണ്ടിരുന്നു. എന്നാൽ ആഗസ്റ്റ് 8-ന് ഉണ്ടായ ശക്തമായ മഴയും വൃഷ്ടിപ്രദേശത്തുണ്ടായ ഉരുൾപൊട്ടലുംമൂലം ഡാമിലെ ജലനിരപ്പ് ഭയാനകമായി ഉയരുകയും ജില്ലാ കളക്ടർ ജില്ലാ ദുരന്തനിവാരണ അതോറിറ്റി എന്നിവരെ വിവരം അറിയിക്കുകയും കഴിയുന്നത്ര മുന്നറിയിപ്പുകളും മുൻകരുതലുകളും സ്വീകരിച്ചുകൊണ്ട് ഡാമിലെ ജലവിതാനം ക്രമാതീതമായി അളവുകളിൽ മാറ്റം വരുത്തി തുറന്നുവിടാൻ നിർബന്ധിതമാവുകയുമാണ് ഉണ്ടായത്.

---

* ബഹുമാനപ്പെട്ട സ്പീക്കറുടെ ഉത്തരവിൻപ്രകാരം (30-8-2018-ലെ ഫയൽ നമ്പർ 4972/ ഇ.ബി./ 2018/നി.സെ.) രേഖയിൽ നിലനിർത്താൻ തീരുമാനിച്ചു

4.00 PM]

ഡാമിലെ ജലവിതാനം പരമാവധി സംഭരണശേഷിയായ 115.06 മീറ്ററിൽനിന്ന് 30 സെന്റീമീറ്റർ വരെ അധികം ഉയർന്ന സാഹചര്യത്തിലാണ് ഇപ്രകാരം ചെയ്തത്. ഉരുൾപൊട്ടൽമൂലമുണ്ടായ അവിചാരിതവും നിയന്ത്രണാതീതവുമായ സാഹചര്യംമൂലമാണ് 8-ാം തീയതി ഷട്ടർ അധികം തുറക്കേണ്ടിവന്നതെന്നുള്ളത് ഒരു യാഥാർത്ഥ്യമായി നമ്മുടെ മുമ്പിൽ നിൽക്കുകയാണ്. ഇത്രയും കാര്യങ്ങളാണ് പ്രധാനമായും മലമ്പുഴ, മുല്ലപ്പെരിയാർ, തണ്ണീർമുക്കം, തോട്ടപ്പള്ളി എന്നീ ഡാമുകളുടെ തുറക്കലിനെ സംബന്ധിച്ച് സൂചിപ്പിച്ചത്. ഡാമുകൾ തുറന്നുവിട്ടതിനെ കുറ്റപ്പെടുത്താൻ കഴിയില്ല. നിയമത്തിൽ 'act of God' എന്നൊരു ഭാഷയുണ്ട്. നമ്മുടെ കയ്യിൽ നിൽക്കാത്ത പ്രകൃതിദുരന്തമുണ്ടായപ്പോൾ ഒരുമിച്ചുനിന്ന് അതിനെ നേരിട്ടതുപോലെ ഇനിയുള്ള പ്രവൃത്തികളെയും നേരിടണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്.

മന്ത്രിമാർ തമ്മിൽ എന്തോ തർക്കമുണ്ടായെന്ന രീതിയിൽ ഇവിടെ സംസാരമുണ്ടായി. ഇത് ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റാണ്. മന്ത്രിമാർ ഒത്തൊരുമയോടെയാണ് ഈ ദുരന്തത്തെ നേരിടാൻ ശ്രമിച്ചത്. ഒരഭിപ്രായ വ്യത്യാസവും ഇക്കാര്യത്തിലുണ്ടായിട്ടില്ല. ബഹുമാനപ്പെട്ട വൈദ്യുതി വകുപ്പുമന്ത്രിയുടെയും മുഖ്യമന്ത്രിയുടെയും അറിവോടും അംഗീകാരത്തോടും കൂടിയാണ് ജൂലൈ മാസത്തിൽ ഞാൻ ഇടുക്കിയിൽ പോയത്. ഇടുക്കി ഡാം തുറന്നുവിടേണ്ട സാഹചര്യമുണ്ടായാൽ വെള്ളം ഒഴുക്കിനെ തടസ്സപ്പെടുത്തുന്ന എന്തെങ്കിലുമുണ്ടെങ്കിൽ അത് ഒഴിവാക്കുന്ന കാര്യത്തെക്കുറിച്ച് ആലോചിക്കാനാണ് പോയത്. ബഹുമാനപ്പെട്ട റോഷി അഗസ്റ്റിൻ, എം.എൽ.എ. എന്നോടൊപ്പമുണ്ടായിരുന്നു. ഞങ്ങൾ ഒരുമിച്ചാണ് പത്രക്കാരെ കണ്ടത്. പത്രക്കാരോട് സംസാരിച്ചത് ഇപ്പോഴും യു ട്യൂബിലുണ്ട്. ജില്ലാ കളക്ടർ അടക്കം ഞങ്ങൾ ചെറുതോണി ബസ് സ്റ്റാന്റിൽപ്പോയി ഒരുമിച്ചുനിന്നു. ബസ് സ്റ്റാന്റ് ഇപ്പോൾ പൊളിക്കണോ, അതോ വെള്ളം തുറന്നുവിടുമ്പോൾ തനിയെ പോയാൽ മതിയോ എന്നതുൾപ്പെടെ ഇറിഗേഷൻ ഉദ്യോഗസ്ഥരുടെ സാന്നിദ്ധ്യത്തിൽ ചർച്ച ചെയ്യാൻ പോയത് തർക്കമുണ്ടായിട്ടല്ല, മറിച്ച് പരസ്പരധാരണയോടും ഏകോപനത്തോടെയുമുള്ള പ്രവർത്തനത്തിന്റെ ഭാഗമായാണ് ഈ രണ്ട് വകുപ്പുകളും ഒരുമിച്ച് പ്രവർത്തിച്ചത്. ഒരു ആശയക്കുഴപ്പവും ഈ മന്ത്രിമാർ തമ്മിലുണ്ടായിട്ടില്ല.

പ്രതിപക്ഷനേതാവ് (<u>ശ്രീ. രമേശ് ചെന്നിത്തല</u>): സർ, ഇടുക്കി ഡാമിന്റെ ജലനിരപ്പ് 2397 അടി ആയാൽ ഡാം തുറക്കുമെന്ന് ബഹുമാനപ്പെട്ട വൈദ്യുതി വകുപ്പുമന്ത്രി പറഞ്ഞു. അങ്ങയുടെ പത്രസമ്മേളനമാണ് എന്റെ കയ്യിലുള്ളത്. അണക്കെട്ട് തുറക്കേണ്ട അടിയന്തര സാഹചര്യമില്ലെന്നാണ് അന്ന് പറഞ്ഞത്. ഞാനും അന്ന് പങ്കെടുത്തിരുന്നു. ആ സമയത്താണ് 2397 അടി ആയാൽ ഡാം തുറക്കുമെന്ന് വൈദ്യുതി വകുപ്പുമന്ത്രി പറഞ്ഞത്. ഡാമിൽ 2397 അടി വെള്ളമായപ്പോൾ തുറന്നില്ലെന്ന് മാത്രമല്ല 2400 അടി വെള്ളമായപ്പോഴാണ് ഡാം തുറന്നുവിട്ടത്. അവിടെയാണ് ഈ പ്രശ്നമുണ്ടായത്. അങ്ങയുടെ സ്റ്റേറ്റ്മെന്റ് വന്നിട്ടുണ്ട്.

ശ്രീ. മാത്യു ടി. തോമസ്: സർ, ഇടുക്കിയിലെയും ചെറുതോണിയിലെയും അണക്കെട്ടുകൾ നിയന്ത്രിക്കുന്നത് വൈദ്യുതി വകുപ്പാണ്. 31-7-2018-ന് 2395 അടി വെള്ളമായിരുന്നു. എന്തെങ്കിലും ആശയക്കുഴപ്പം ഉണ്ടായിരുന്നോയെന്ന് ബഹുമാനപ്പെട്ട റോഷി അഗസ്റ്റിനോട് ചോദിക്കുക. അന്ന് ഒരു ദിവസം കൊണ്ട് അവിടെ എത്തിയത് അര അടി വെള്ളമാണ്. അന്ന് ഡാം തുറക്കേണ്ട സാഹചര്യമില്ലായിരുന്നു. പക്ഷേ ഡാം തുറന്നുവിടേണ്ട സാഹചര്യമുണ്ടായാൽ വെള്ളം ഒഴുകുന്നതിന്റെ തടസ്സങ്ങൾ നീക്കാനാണ് ഞാൻ അവിടെ എത്തിയിരിക്കുന്നതെന്ന് കൃത്യമായി പറഞ്ഞുകൊണ്ടാണ് ജില്ലാ കളക്ടറുടെയും ശ്രീ. റോഷി അഗസ്റ്റിന്റെയും സാന്നിദ്ധ്യത്തിൽ പത്രസമ്മേളനം നടത്തിയത്. അന്ന് 2395 അടി വെള്ളം മാത്രമാണുണ്ടായിരുന്നത്. അത് എപ്പോൾ തുറന്നുവിടണമെന്നുള്ള കാര്യങ്ങൾ തീരുമാനിക്കുന്നത് വൈദ്യുതി ബോർഡാണ്. ഡാം തുറന്നുവിട്ടാൽ വെള്ളം തടസ്സമില്ലാതെ ഭൂതത്താൻകെട്ടിലെ ഷട്ടർ അടക്കം കടന്നുപോകുന്ന സാഹചര്യമൊരുക്കുകയെന്ന ജലവിഭവ വകുപ്പിന്റെ ജോലി ചെയ്യാനാണ് ഞാൻ പോയത്. അല്ലാതെ വൈദ്യുതി വകുപ്പിന്റെ അധികാരത്തിൽ കൈ കടത്താൻ വേണ്ടിയല്ല.

ഈ കാലഘട്ടത്തിൽ നിരവധി വാട്ടർ സപ്ലൈ സ്കീമുകൾ അഫക്റ്റഡായിട്ടുണ്ട്. അതിനെ സംബന്ധിച്ച് അധികം ചർച്ചയുണ്ടായില്ല. 1083 വാട്ടർ സപ്ലൈ സ്കീമുകളിൽ 504 സ്കീമുകൾ വരെ ഒരു ഘട്ടത്തിൽ പല കാരണങ്ങളാൽ അഫക്റ്റഡായിരുന്നു. ചിലപ്പോൾ വൈദ്യുതി ബന്ധം വിച്ഛേദിക്കപ്പെട്ടു. ചില സമയത്ത് കലക്കൽ കൂടി. പമ്പുസെറ്റുകൾ മുങ്ങിപ്പോയി. അങ്ങനെ 504 എണ്ണം അതായത് 52.46 ശതമാനം വരെ സ്കീമുകൾ പ്രവർത്തനരഹിതമായ സമയമുണ്ടായിരുന്നു. അതുണ്ടായത് 18-ാം തീയതിയാണ്. അതെല്ലാം റെക്റ്റിഫൈ ചെയ്തു. ഇനി മൂന്ന് ശതമാനം കൂടി മാത്രമേ റെക്റ്റിഫൈ ചെയ്യാനുള്ളൂ. ബാക്കി എല്ലാ പ്രവൃത്തികളും പൂർത്തീകരിക്കാൻ കഴിഞ്ഞു.

കേരള വാട്ടർ അതോറിറ്റി 30 ശതമാനം ആളുകൾക്ക് മാത്രമാണ് വെള്ളം കൊടുക്കുന്നത്. ബാക്കിയുള്ള ആളുകൾ കിണറുകളെയാണ് ആശ്രയിക്കുന്നത്. കിണറുകൾ മലിനപ്പെട്ടിട്ടുണ്ട്. ഈ സമയത്ത് ശുദ്ധിയായ വെള്ളം കൊടുത്തില്ലെങ്കിൽ ഒരുപക്ഷേ രോഗങ്ങൾ പടർന്നു പിടിക്കാനിടയുണ്ട്. അങ്ങനെ വരാതിരിക്കാനുള്ള ജാഗ്രത കാണിക്കണം. ബഹുമാനപ്പെട്ട ആരോഗ്യവകുപ്പു മന്ത്രിയൊക്കെ ശ്രദ്ധിക്കുന്ന വിഷയമാണിത്. അതുകൊണ്ട് വാട്ടർ അതോറിറ്റി ശുദ്ധീകരിച്ച വെള്ളം ലഭ്യമാക്കിയാൽ അത് വിതരണം ചെയ്യാനുള്ള സംവിധാനത്തെക്കുറിച്ച് ബഹുമാനപ്പെട്ട തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രിയും ഞാനും കൂടി ആലോചിച്ചിട്ടുണ്ട്. ബഹുമാനപ്പെട്ട മന്ത്രി ശ്രീ. എ. സി. മൊയ്തീൻ

ഇന്നലെ ഒരു വീഡിയോ കോൺഫറൻസിംഗ് നടത്തി വാട്ടർ അതോറിറ്റിയുടെ സോഴ്സുകളിൽനിന്ന് ശുദ്ധീകരിച്ച വെള്ളം പരമാവധി ജനങ്ങളിലെത്തിക്കാനുള്ള ശ്രമമുണ്ടാകണമെന്ന് അഭ്യർത്ഥിച്ചിട്ടുണ്ട്. ജലവിഭവ വകുപ്പ് ഈ കാലഘട്ടത്തിൽ ചെയ്യേണ്ട എല്ലാ കാര്യങ്ങളും സൂക്ഷ്മതയോടെ കൃത്യമായ മുന്നറിയിപ്പ് നൽകി പ്രവർത്തിച്ചിട്ടുണ്ട്.

ശ്രീ. വി. ഡി. സതീശൻ: സർ, അങ്ങയുടെ ഡിപ്പാർട്ട്മെന്റുമായി ബന്ധപ്പെട്ട ഡാമുകളുടെ കാര്യം പറഞ്ഞിട്ട് ഡാമുകൾ തുറന്നുവിട്ടതുകൊണ്ടല്ല ഈ ദുരന്തമുണ്ടായതെന്ന തരത്തിൽ അങ്ങ് ഒരു കൺക്ലൂഷനിലേക്കെത്തി. മേജർ ഡാമുകൾ മുഴുവൻ ഇലക്ട്രിസിറ്റി ബോർഡിന്റെ കീഴിലാണ്. ഇടുക്കിയും കക്കിയും ശബരിഗിരിയും ഉൾപ്പെടെയുള്ള മേജർ ഡാമുകൾ തുറന്നു. അങ്ങ് 4 MCM വെള്ളത്തിന്റെ കാര്യമാണ് പറഞ്ഞത്. 14-ാം തീയതി ഇടുക്കി ഡാമിൽ നിന്നുമാത്രം 43 MCM വെള്ളമാണ് തുറന്നുവിട്ടത്. മൂന്ന് അടിയാണ് വെള്ളത്തിന്റെ ഉയർച്ച. പിറ്റേ ദിവസം 43 MCM-ൽ നിന്ന് 390 MCM വെള്ളമാണ് തുറന്നുവിട്ടത്. മൂന്നടി ഉയർച്ചയിൽനിന്ന് 25 അടി ഉയർച്ചയിലേയ്ക്കാണ് പോയത്. ഇതെല്ലാം അങ്ങ് ഒരുവശത്ത് മറച്ചുവച്ചു. ഡാമുകളെല്ലാം നേരത്തെ തുറന്നുവെന്നും പിന്നെ വെള്ളം വന്നപ്പോൾ കൂട്ടിയെന്നും പറഞ്ഞു. അന്ന് അങ്ങ് തുറന്നുവിട്ടിരുന്ന വെള്ളത്തിന്റെ അളവും ഇവിടെ പ്രളയമുണ്ടായ സമയത്ത് അങ്ങയുടെ ഡിപ്പാർട്ട്മെന്റിന്റെ ഡാമുകളിൽനിന്ന് തുറന്നുവിട്ട വെള്ളത്തിന്റെ അളവും സംബന്ധിച്ച ഫ്ലോ ചാർട്ട് പബ്ലിഷ് ചെയ്യാൻ തയ്യാറുണ്ടോ?

ശ്രീ. മാത്യു ടി. തോമസ്: സർ, ഫ്ലോ ചാർട്ട് ഗവൺമെന്റിന്റെ കൈവശമുണ്ട്. അത് കൃത്യമായി പരിശോധിക്കാം.

ശ്രീ. വി. ഡി. സതീശൻ: സർ, ചെറുതും വലുതുമായ ഡാമുകൾ തമ്മിൽ വലിയ വ്യത്യാസമുണ്ട്.

ശ്രീ. മാത്യു ടി. തോമസ്: സർ, അതിൽ വലിയ വ്യത്യാസമുണ്ട്. 15, 16, 17 തീയതികളിൽ ഇറിഗേഷൻ ഡിപ്പാർട്ട്മെന്റിന്റെ ഡാമുകളിലേയ്ക്ക് ഒഴുകിയെത്തിയ വെള്ളം 696.785 MCM ആണ്. ആ ഡാമുകളിൽനിന്ന് പുറത്തേയ്ക്കുവിട്ടത് 700.373 MCM ആണ്. ഡാമിലേയ്ക്ക് വന്നതിനേക്കാൾ അൽപ്പം കൂടുതലാണ് പുറത്തേയ്ക്കുവിട്ടത്. വെള്ളം പുറത്തേയ്ക്ക് വിടാതിരിക്കാൻ കഴിയുമോ? ഡാമുകൾ പൊട്ടിപ്പോകണമെന്നാണോ പറയുന്നത്. ഡാമുകൾ പൊട്ടിയാൽ നാട്ടിലുണ്ടാകാൻ പോകുന്ന ആപത്തുകൾ എത്ര വലുതാണ്. ഈ ആപത്ത് ഒഴിവാക്കാൻവേണ്ടി 696.785 MCM വെള്ളം വന്നിടത്ത് 700.373 MCM വെള്ളം മാത്രം പുറത്തുവിടുകയുണ്ടായി. ഏതാണ്ട് 3.6 MCM വെള്ളം മാത്രമാണ് ഒഴുകിയെത്തിയതിനേക്കാൾ കൂടുതലായി പുറത്തുവിട്ടത്. സംസ്ഥാനത്തെ ഡാമുകൾ

ഫ്ലഡ് കൺട്രോൾ ഡാമുകളല്ലെന്ന് ആദ്യം മനസ്സിലാക്കണം. നമ്മുടെ ഡാമുകൾ ചെറിയ ഡാമുകളായതിനാൽ വാർഷിക മഴയുടെ വെറും രണ്ട് ശതമാനം മാത്രമാണ് ജലസേചന വകുപ്പിന്റെ ഡാമുകളിൽ ശേഖരിക്കാൻ കഴിയുക. അങ്ങനെ ഡാമുകൾ നിറഞ്ഞിരുന്ന സമയത്ത് 696 MCM-ന്റെ കൂടെ നാല് മില്ലീമീറ്റർകൂടി മാത്രമേ വിട്ടിട്ടുള്ളൂ. വളരെ സൂക്ഷ്മതയോടുകൂടിയാണ് ജലവിഭവ വകുപ്പ് ഇത് കൈകാര്യം ചെയ്തത്. ഇനിയുള്ള സമയത്ത് എല്ലാവർക്കും ശുദ്ധമായ കുടിവെള്ളം എത്തിക്കാനുള്ള പ്രവർത്തനങ്ങളിൽ കൂട്ടായ പരിശ്രമമുണ്ടാകണം. അതിന് ജനപ്രതിനിധികളുടെയും തദ്ദേശ ഭരണ സ്ഥാപനങ്ങളുടെയും സഹായം വലിയതോതിലുണ്ടാകണം. ബഹുമാനപ്പെട്ട തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി അതിനുള്ള നിർദ്ദേശം കൊടുത്തിട്ടുണ്ട്. അത് ഫലപ്രദമാക്കാനുള്ള നടപടികളിൽ എല്ലാവരും പങ്കുചേരണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു.

റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ): സർ, കാലവർഷാരംഭത്തിനുമുമ്പ് മേയ് മാസം 16-ാം തീയതിയോടുകൂടി കാലവർഷക്കെടുതി നേരിടുന്നതിനാവശ്യമായ മുന്നൊരുക്കങ്ങൾ ഡിസാസ്റ്റർ മാനേജ്മെന്റിന്റെ നേതൃത്വത്തിൽ ആരംഭിച്ചിരുന്നതാണ്. ജില്ലാ കളക്ടർമാർക്ക് ഏതാണ്ട് നാൽപ്പത്തിയഞ്ചോളം നിർദ്ദേശങ്ങളടങ്ങിയ കുറിപ്പുകൾ 16-5-2018-ന്റെ യോഗതീരുമാനമനുസരിച്ച് നൽകിയിരുന്നതാണ്. ഇത്തവണ 29-5-2018-ന് കാലവർഷം ആരംഭിച്ചിരുന്നു. കാലവർഷം ആരംഭിച്ച് ഏതാനും ആഴ്ചയോളം നീണ്ടുനിന്നപ്പോൾ പിന്നീട് മഴയുടെ ശക്തി അൽപ്പം കുറയുകയാണ് ചെയ്തത്. 9-7-2018 മുതൽ മഴ വീണ്ടും ശക്തമായി തുടർന്നു. ജൂലൈ മാസം 16, 17 തീയതി കളിൽ വലിയ തോതിൽ മഴയുണ്ടാവുകയും കുട്ടനാട് ഉൾപ്പെടെയുള്ള പ്രദേശങ്ങൾ വെള്ളത്തിൽ മുങ്ങുന്ന സാഹചര്യമുണ്ടാവുകയും ചെയ്തു. കോട്ടയം, അപ്പർ കുട്ടനാടിന്റെ ഭാഗമായ പത്തനംതിട്ട ജില്ലയിലെ തിരുവല്ല പ്രദേശ മുൾപ്പെടെയുള്ള സ്ഥലങ്ങൾ മുങ്ങിപ്പോയത് അത്തരമൊരു സാഹചര്യത്തിലാണ്. അതിനെത്തുടർന്ന് വിവിധ സന്ദർഭങ്ങളിൽ നടത്തിയിട്ടുള്ള പ്രവർത്തനങ്ങളെ സംബന്ധിച്ചുള്ള വീഡിയോ കോൺഫറൻസിൽ മുഖ്യമന്ത്രിയും റവന്യൂ വകുപ്പുമന്ത്രിയുമെല്ലാം പങ്കെടുത്ത് കാല വർഷത്തിന്റെ ഭാഗമായി വിവിധ ജില്ലകളിൽ നടക്കുന്ന സംഭവങ്ങളെക്കുറിച്ചുള്ള പരിശോധനകളും അഭിപ്രായങ്ങളും അപ്പപ്പോൾ ആരായുന്നതിനുവേണ്ടി പ്രത്യേകമായി ശ്രദ്ധിക്കുകയുണ്ടായി. ബഹുമാന്യനായ മുഖ്യമന്ത്രി പ്രമേയാവതരണത്തിൽ ചൂണ്ടി ക്കാണിച്ചതു പോലെ ആഗസ്റ്റ് മാസം 8-ാം തീയതി മുതൽ ആരംഭിച്ച ശക്തമായ മഴ തുടർച്ചയായി പെയ്ത് കേരളത്തെ ഏതാണ്ട് വെള്ളത്തിൽ മുക്കിക്കളയുകയാണു ണ്ടായതെന്ന് എല്ലാവർക്കുമറിയാം. ആഗസ്റ്റ് 14, 15, 16, 17 തീയതികളിലാണ് വെള്ളപ്പൊക്കം രൂക്ഷമായതും വലിയതോതിലുള്ള ബുദ്ധിമുട്ടുകൾ ഉയർന്നുവന്നതു മെന്നുള്ളതാണ് നമ്മുടെ അനുഭവം. അതിനെത്തുടർന്ന് നിരവധി ദുരന്തങ്ങളുണ്ടായി.

ഇപ്പോൾ ചർച്ച ചെയ്തതിൽ ഏറ്റവും പ്രധാനപ്പെട്ട കാര്യം പ്രളയം മാത്രമാണ്. കൂടാതെ ഏതാണ്ട് 414 ഉരുൾപൊട്ടലുകൾ നമ്മുടെ സംസ്ഥാനത്തുണ്ടായി. അത് ഏറ്റവും കൂടുതൽ നടന്നത് ഇടുക്കി ജില്ലയിലാണ്. അതുപോലെ വയനാട്, മലപ്പുറം, പാലക്കാട്, കോഴിക്കോട്, കണ്ണൂർ എന്നീ ജില്ലകളിലുമുണ്ടായി. എണ്ണത്തിൽ വ്യത്യാസമുണ്ടെങ്കിലും ഈ ജില്ലകളിലൊക്കെ ദുരന്തങ്ങളുണ്ടായി. 1800-ൽപ്പരം ഉരുൾപൊട്ടലല്ലാത്ത ചെറിയതോതിലുള്ള മണ്ണിടിച്ചിൽ ഇടുക്കിയിൽ മാത്രമുണ്ടായി. അങ്ങനെ മണ്ണിടിച്ചിലിന്റെയും ഉരുൾപൊട്ടലിന്റെയും ഫലമായിട്ടാണ് മരണസംഖ്യ കൂടാൻ കാരണമായതെന്നാണ് കണക്കുകൾ പരിശോധിച്ചാൽ വ്യക്തമാകുന്നത്. പ്രളയത്തിന്റെ ഭാഗമായി വെള്ളം വന്നതുമൂലമാണ് 483 ആളുകൾ മരിച്ചതെന്ന് പറയുന്ന കണക്ക് ശരിയല്ല. അത് 29-5-2018 മുതൽ ഇന്നോളമുള്ള കണക്കാണ്. ആഗസ്റ്റ് 8-ന് ശേഷം നടന്നിട്ടുള്ള മരണങ്ങളുടെ കണക്ക് നോക്കിയാൽ 331 പേരിൽ 14 പേരെ കാണാതായിട്ടുണ്ട്. 29-5-2018 മുതൽ പരിശോധിച്ചാൽ വെള്ളത്തിൽ മുങ്ങി മരിച്ചവർ ആകെ 190 എണ്ണമാണ്. അതുപോലെ landslide-ന്റെ ഭാഗമായി 151 പേരാണ് മരിച്ചത്. ഈ കാലയളവിൽ മറ്റ് വിഭാഗത്തിൽ മരിച്ചിട്ടുള്ളവർ 142 എണ്ണമാണ്. ഇതെല്ലാം ചേർന്നാണ് 483 മരണം എന്നുപറയുന്നത്. ഏത് മരണവും ദു:ഖകരമാണ്; എങ്ങനെ മരിച്ചതായിരുന്നാലും ഈ കാലയളവിലുണ്ടായ മരണത്തെ നിസ്സാരമായി പറയാൻ വേണ്ടിയല്ല, യഥാർത്ഥത്തിൽ വെള്ളത്തിൽ മുങ്ങി മരിച്ചവരുടെ എണ്ണം 190 എണ്ണമാണെന്ന് വ്യക്തമാക്കുന്നതിനുവേണ്ടിയാണ് ഞാനിത് പറഞ്ഞത്. 412-ലധികം ഉരുൾപൊട്ടലുണ്ടായത് വലിയതോതിൽ ആൾനാശവും സമ്പത്തിന്റെ നഷ്ടവും കൃഷിനാശവും സർവ്വസ്വവും നഷ്ടപ്പെടുന്ന ഒരു സാഹചര്യമുണ്ടാക്കിയിട്ടുണ്ട്.

ഇവിടെ ബഹുമാന്യനായ പ്രതിപക്ഷനേതാവും ശ്രീ. ഹൈബി ഈഡനും ശ്രീ. പി. കെ. ബഷീറും ഉൾപ്പെടെയുള്ള അപൂർവ്വം ആളുകൾ വേണ്ടതുപോലെ ശ്രദ്ധയുണ്ടായില്ല എന്ന് ചൂണ്ടിക്കാണിച്ചു. അതല്ലാതെ മറ്റാരും ഈ കാര്യങ്ങളെക്കുറിച്ച് പറഞ്ഞിട്ടില്ല. റവന്യൂ വകുപ്പിനെ സംബന്ധിച്ചിടത്തോളം ഇതിന്റെ ഏകോപനവും പ്രവർത്തനവും നടത്തുന്നതിൽ, 16-5-2018 തൊട്ട് ഇങ്ങോട്ടുള്ള പ്രവർത്തനങ്ങളിൽ വിവിധ സന്ദർഭങ്ങളിലായി നടത്തിയിട്ടുള്ള ജില്ലാതലത്തിലുള്ള ഒരുക്കങ്ങൾ, ജില്ലാ തലത്തിൽ കളക്ടർമാരുടെ നേതൃത്വത്തിൽ നടത്തിയിട്ടുള്ള കാലവർഷക്കെടുതി നേരിടുന്നതിനു വേണ്ടിയുള്ള പ്രവർത്തനങ്ങൾ, ആഗസ്റ്റ് 8-ന് ശേഷമുള്ള സംഭവങ്ങൾ രൂക്ഷമായപ്പോൾ ആഗസ്റ്റ് 9-ാം തീയതിയോടുകൂടി സെക്രട്ടേറിയറ്റിൽ അഡീഷണൽ ചീഫ് സെക്രട്ടറി (റവന്യൂ)യുടെ നേതൃത്വത്തിൽ ആരംഭിച്ചിട്ടുള്ള കൺട്രോൾ റൂം, അതിന്റെ നേതൃത്വത്തിൽ നടന്നിട്ടുള്ള മറ്റ് കാര്യങ്ങൾ എന്നിവയെല്ലാം പരിശോധിച്ചാൽ ഡിപ്പാർട്ടുമെന്റ് ഈ പ്രവർത്തനത്തിൽ

എന്തെല്ലാം തരത്തിലുള്ള കഴിവുകൾ പ്രയോഗിച്ചിട്ടുണ്ടെന്ന് കാണാൻ കഴിയും. ഒരു കാര്യം ഉറപ്പാണ്. ഇവിടെ നടന്ന കാര്യങ്ങളിലെല്ലാം ജനങ്ങളുടെ വലിയ തോതിലുള്ള സഹകരണമുണ്ടായിട്ടുണ്ട്. ഭരണ-പ്രതിപക്ഷ വ്യത്യാസമില്ലാതെ ഈ സന്ദർഭത്തിൽ ജീവൻരക്ഷാ പ്രവർത്തനത്തിനുള്ള സഹകരണമുണ്ടായിട്ടുണ്ട്, റിലീഫ് പ്രവർത്തനങ്ങളെ സഹായിച്ചിട്ടുണ്ട്, വിവിധ സന്നദ്ധ സംഘടനകളുടെ പ്രവർത്തനമുണ്ട്. ഇതിനെല്ലാമപ്പുറത്ത് നേരത്തെ പറഞ്ഞതുപോലെ സംസ്ഥാനത്തുള്ള സേനാ വിഭാഗങ്ങളുടെ, പോലീസിന്റെ, ഫയർഫോഴ്സ് ഉൾപ്പെടെയുള്ളതിന്റെ, എല്ലാം പറയുമ്പോഴും റവന്യൂ ഡിപ്പാർട്ടുമെന്റിലെ 18,000-ത്തോളം വരുന്ന ജീവനക്കാരും സെക്രട്ടേറിയറ്റ് മുതൽ വില്ലേജ് ഓഫീസിലെ വില്ലേജ് അസിസ്റ്റന്റുമാരും വില്ലേജ്മാനും ഉൾപ്പടെയുള്ളവരുടെ പ്രവർത്തനവും ഉണ്ടെന്നുള്ള യാഥാർത്ഥ്യം മറക്കാതിരിക്കണം. ഇതെല്ലാം എല്ലാവരുടെയും സഹകരണത്തോടെ നടത്തുന്നുവെന്ന് പറയുമ്പോഴും അതിന് നേതൃത്വപരമായി ചുമതല വഹിക്കാൻ കേരളത്തിൽ ഈ കാലയളവിലുണ്ടായത് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയാണെന്നത് അടിവരയിട്ട് പറഞ്ഞേ മതിയാകൂ. റവന്യൂ വകുപ്പിനല്ലേ അതിന്റെ ചുമതലയെന്ന് പലരും ചോദിക്കുകയാണ്. നമ്മളെല്ലാം ജനിക്കുന്നതിനുമുമ്പ് 1924-ലാണ് കേരളത്തിൽ വെള്ളപ്പൊക്കമുണ്ടായത്. നമുക്ക് അനുഭവമില്ല; വായിച്ചുള്ള അറിവുമാത്രം വച്ചുകൊണ്ടാണ് എല്ലാവരും പറയുന്നത്. ഈ സഭയിലിരിക്കുന്ന ആളുകൾക്കാർക്കും ഇനി ഇത്തരമൊരു ദുരന്തത്തെ നേരിടേണ്ടിവരികയില്ലെന്നും ഞാൻ കരുതുകയാണ്. അത്ര അതീവ ഗൗരവതരമായ ഒരു ദുരന്തം, മഹാപ്രളയം, അല്ലെങ്കിൽ നാടിനെയാകെ വിറങ്ങലിപ്പിച്ച് ആഗസ്റ്റ് 16-ാം തീയതി മുതൽ 25- തിരുവോണനാൾ വരെയുള്ള ദിവസങ്ങളിൽ നടന്നിട്ടുള്ള പ്രവർത്തനങ്ങൾ പരിശോധിച്ചാൽ കാണാൻ കഴിയും. ഇതിനെയെല്ലാം കൂട്ടിയോജിപ്പിച്ചുകൊണ്ടുള്ള പ്രവർത്തനം റവന്യൂ ഡിപ്പാർട്ടുമെന്റിന് മാത്രം സാധ്യമാകുന്ന കാര്യമല്ല; ഞങ്ങളാരും അങ്ങനെ അവകാശപ്പെടുന്നില്ല. കേരളത്തിലെ ഏകോപനമെന്ന് പറയുന്നത് നമ്മൾ ഒരിക്കലും കണ്ടിട്ടില്ലാത്തതാണ്. ഈ ഗവൺമെന്റിലെ മുഴുവൻ ഐ.എ.എസ്./ ഐ.പി.എസ്. ഉദ്യോഗസ്ഥരുമുൾപ്പെടെ ഏത് വകുപ്പിന്റെ ഉദ്യോഗസ്ഥനെന്ന് നോക്കാതെ കേരളത്തിലെ മുഴുവൻ ജീവനക്കാരെയും രാവിലെയും വൈകുന്നേരവും ഒന്നിച്ച് അവലോകന യോഗങ്ങളിൽ പങ്കെടുപ്പിച്ചുകൊണ്ട് ഓരോ പ്രശ്നങ്ങളെക്കുറിച്ചും പരിശോധിച്ച് തീരുമാനമെടുത്ത്, ഏതേത് ഇടങ്ങളിൽ ഏത് സംഭവം നടക്കുന്നുവെന്ന് മനസ്സിലാക്കി തൽസമയം ഇടപെട്ടുകൊണ്ട് നേതൃത്വപരമായ ചുമതല വഹിച്ച ബഹുമാന്യനായ കേരളത്തിന്റെ മുഖ്യമന്ത്രിക്കും ഈ സർക്കാരിനും കിട്ടിയ അംഗീകാരത്തിനുള്ള അസഹിഷ്ണുതയുടെയും പ്രതിഷേധത്തിന്റെയുമൊക്കെ ഭാഗമായിട്ടാണ് ഇത്തരം പ്രചരണങ്ങൾ ഇപ്പോൾ നടക്കുന്നതെന്നുള്ളത് ഉറപ്പാണ്.

അതല്ലാതെ ഒരു ചോദ്യത്തിന്റെയും ആവശ്യം ഇപ്പോഴില്ല. (.........ബഹളം...........) ഒരു ചോദ്യവും ഇപ്പോൾ പ്രസക്തമല്ല. ആർക്കും സഹിക്കാൻ കഴിയാത്തവിധം ഇതിൽ മറ്റൊരു പ്രശ്നവുമില്ല. ഈ കാര്യങ്ങളൊക്കെ ഭംഗിയായി നടക്കുമ്പോൾ ആ പ്രവർത്തനത്തിൽ പങ്കാളികളായവർ തന്നെ ഇത്തരം പ്രവർത്തനങ്ങൾ പൂർത്തീകരിച്ച സമയത്ത് അതിനെക്കുറിച്ച് ആക്ഷേപകരമായ രീതിയിൽ പറയുന്നത് ഏറ്റവും മോശമായ കാര്യമാണെന്നാണ് എനിക്ക് ചൂണ്ടിക്കാണിക്കാനുള്ളത്. ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് ഇവിടെ ചൂണ്ടിക്കാണിച്ച ഒരു കാര്യമുണ്ട്. അദ്ദേഹം റവന്യൂ വകുപ്പുമന്ത്രി പറഞ്ഞ കാര്യങ്ങൾ വിശ്വസിക്കുന്നില്ലായെന്ന് പറഞ്ഞു. ആര് വിശ്വസിക്കുന്നു വിശ്വസിക്കുന്നില്ല എന്നുള്ളതല്ല, ഈ നാട് വിശ്വസിക്കുന്നു വെന്നുള്ളത് ഞങ്ങൾക്ക് ഉറപ്പാണ്.

സംസ്ഥാനത്ത് സൗജന്യറേഷൻ കൊടുക്കുമെന്ന് റവന്യൂ വകുപ്പുമന്ത്രി പറഞ്ഞിട്ട് ആർക്കും കൊടുക്കുന്നില്ല എന്നാണ് പ്രതിപക്ഷനേതാവ് പറഞ്ഞത്. എവിടെ നിന്നാണ് ബഹുമാന്യനായ പ്രതിപക്ഷനേതാവിന് ഈ വിവരമുണ്ടായതെന്ന് അറിയില്ല. ആരാണ് ആ വിവരം കൊടുത്തതെന്നറിയില്ല. 2,70,397 കുടുംബങ്ങൾ ഇപ്പോൾ സൗജന്യറേഷൻ വാങ്ങിയിരിക്കുകയാണ്. അതിനുപുറമേ 5 കിലോഗ്രാം അരി വീതം വീണ്ടും വാങ്ങുകയാണ്. റേഷൻ വിതരണം ആഗസ്റ്റ് മാസത്തിൽ 76 ശതമാനം നടന്നിരിക്കുകയാണ്. അതുപോലെ 92 ശതമാനം പ്രയോറിറ്റിയുള്ള എ.എ.വൈ കുടുംബങ്ങളും റേഷൻ വാങ്ങിക്കഴിഞ്ഞു. ക്യാമ്പുകളിൽ നിന്ന് വീടുകളിൽ തിരിച്ചെത്താതെ നിൽക്കുന്ന ആളുകൾ ചിലപ്പോൾ റേഷൻ വാങ്ങിയിട്ടുണ്ടാവില്ല. അതിന്റെ പേരിൽ ആർക്കും റേഷൻ കൊടുക്കുന്നില്ലെന്നും റവന്യൂ വകുപ്പുമന്ത്രി പറഞ്ഞിട്ടുള്ള കാര്യം നടപ്പിലായിട്ടില്ലെന്നും വിശ്വസിക്കുന്നില്ലായെന്നും പറയുന്നത് പ്രതിപക്ഷനേതാവിനെപ്പോലെ വളരെ ഉത്തരവാദപ്പെട്ട ഒരാൾ കാണിക്കുന്ന വിലകുറഞ്ഞ അടവ് മാത്രമായേ കാണാൻ കഴിയൂ. സൗജന്യ റേഷൻ വിതരണം ഇപ്പോഴും നടന്നുകൊണ്ടിരിക്കുകയാണ്. വീട്ടിലെത്താത്ത ആളുകൾ തിരിച്ച് വീട്ടിലെത്തുമ്പോൾ തീർച്ചയായും അവർക്കും നിശ്ചയിച്ചിട്ടുള്ള റേഷൻ ലഭ്യമാക്കുമെന്നുള്ളതിൽ സംശയമില്ല.

മറ്റൊരു പ്രധാനപ്പെട്ട കാര്യം ബഹുമാനപ്പെട്ട എം.എൽ.എ.-മാർ ഏതെല്ലാം പ്രദേശങ്ങളെയാണ് പ്രളയബാധിത/ദുരന്തബാധിത മേഖലകളായി ഉൾപ്പെടുത്തിയിട്ടുള്ളതെന്ന് അന്വേഷിക്കുകയുണ്ടായി. സഭയുടെയും അംഗങ്ങളുടെയും ശ്രദ്ധയിൽപ്പെടുത്തുന്നതിനുവേണ്ടി ഒരു കാര്യം ഞാൻ പറയുകയാണ്. നമ്മുടെ സംസ്ഥാനത്ത് ഏഴ് ജില്ലകൾ (ആലപ്പുഴ, കോട്ടയം, പത്തനംതിട്ട, എറണാകുളം, തൃശ്ശൂർ, വയനാട്, ഇടുക്കി) പൂർണ്ണമായും പ്രളയബാധിത/ദുരന്തബാധിത മേഖലകളായി പ്രഖ്യാപിക്കാൻ തീരുമാനിച്ചിരിക്കുകയാണ്. ഞാൻ നേരത്തെ സൂചിപ്പിച്ചതുപോലെ എല്ലാം പ്രളയബാധിത

പ്രദേശങ്ങളല്ല, മറ്റു ദുരന്തങ്ങൾ ഉൾപ്പെടെയുള്ള പ്രദേശങ്ങളെയാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. മറ്റു ജില്ലകളുടെ കണക്കിൽ, കൊല്ലം ജില്ലയിൽ ഏതാണ്ട് 37 വില്ലേജുകളാണ് കരുനാഗപ്പള്ളി, കൊല്ലം, കൊട്ടാരക്കര, കുന്നത്തൂർ, പത്തനാപുരം, പുനലൂർ തുടങ്ങിയ താലൂക്കുകളിൽ ഉൾപ്പെട്ടിട്ടുള്ളത്. മലപ്പുറം ജില്ലയിൽ 53 വില്ലേജുകളും പാലക്കാട് ജില്ലയിൽ 57 വില്ലേജുകളും ദുരന്തബാധിത പ്രദേശങ്ങളായി പ്രഖ്യാപിച്ചിട്ടുണ്ട്. കണ്ണൂർ ജില്ലയിൽ ഇരിട്ടി ഉൾപ്പെടെ......(ബഹളം)....

ശ്രീ. വി. ഡി. സതീശൻ: സർ, ഇതെന്ത് മര്യാദയാണ്?

ശ്രീ. ഇ. ചന്ദ്രശേഖരൻ: സർ, മര്യാദയുടെ കാര്യമൊന്നും ആരും പറയേണ്ട. പരസ്പരം ബഹുമാനത്തിലുള്ളതാണ് മര്യാദ. പരസ്പരം മര്യാദയുണ്ടായാൽ ബഹുമാനമുണ്ടാകും.

മി. സ്പീക്കർ: പ്ലീസ്....... പ്ലീസ്....... ശ്രീ. വി. ടി. ബൽറാം .... ഇരിക്കൂ.... അദ്ദേഹം വഴങ്ങുന്നില്ലെങ്കിൽ നിർബന്ധിക്കാൻ പറ്റുമോ?

ശ്രീ. ഇ. ചന്ദ്രശേഖരൻ: സർ, പരസ്പരം ബഹുമാനത്തോടുകൂടി പറയുമ്പോൾ എല്ലാവരും മര്യാദയോടുകൂടിയാണ് പറയുക. സഭയ്ക്കകത്ത് മര്യാദകെട്ട പെരുമാറ്റത്തിന് ആരെങ്കിലും തയ്യാറാകുമെന്ന് എനിക്ക് തോന്നുന്നില്ല. അങ്ങനെ ഉണ്ടായാൽ അതംഗീകരിക്കാൻ കഴിയില്ല. ഇക്കാര്യത്തിൽ നമ്മൾ അനുവദിച്ചിട്ടുള്ള തുകയെ സംബന്ധിച്ച് പറയുകയുണ്ടായി. ......(ബഹളം).... 3800 രൂപ .... (ബഹളം)..... ഇത് കഴിഞ്ഞതിനുശേഷം നിങ്ങളുടെ ചോദ്യങ്ങൾ ഞാൻ കേൾക്കാം.

മി. സ്പീക്കർ: ദീർഘമായ പ്രസംഗങ്ങൾ നടന്നില്ലേ? എല്ലാ–ചോദ്യങ്ങളും ഉന്നയിക്കപ്പെട്ടു.

ശ്രീ. ഇ. ചന്ദ്രശേഖരൻ: സർ, കേരളത്തിൽ ഏതാണ്ട് 634.91 കോടി രൂപ S.D.R.F-ൽ നിന്ന് അനുവദിച്ചിട്ടുണ്ട്. എല്ലാ ജില്ലകളിലും ആവശ്യമായ വിധത്തിൽ ഇത് നൽകാനുള്ള സംവിധാനങ്ങൾ ചെയ്തിട്ടുണ്ട്. അതുപോലെ C.M.D.R.F-ൽ നിന്നുൾപ്പെടെ അനുവദിച്ചിട്ടുള്ള തുക ലഭ്യമായിട്ടില്ലെന്നു പറയുന്നതിന് കാരണം കഴിഞ്ഞ 22-ാം തീയതി മുതലുള്ള ദിവസങ്ങളിലെ (ബക്രീദ്, ഓണം) ബാങ്കുകളുടെ അവധി കൂടി അതിനൊരു കാരണമായിരുന്നു എന്നത് വസ്തുതയാണ്. അതുകൊണ്ട് അനുവദിച്ച തുക പൂർണ്ണമായും വിതരണം ചെയ്യാൻ സാധിക്കാത്ത സാഹചര്യമുണ്ടായിട്ടുണ്ട്. അത് പൂർണ്ണമായി വിതരണം ചെയ്യുന്നതിനുള്ള നടപടികൾകൂടി സ്വീകരിക്കുന്നതാണ്. ബഹുമാനപ്പെട്ട ഹൈബി ഈഡൻ, ശ്രീ. പി. കെ. ബഷീർ എന്നിവരൊക്കെ പറഞ്ഞ സ്ഥലങ്ങൾ ദുരന്തബാധിത പ്രദേശങ്ങളായി ഉൾപ്പെട്ടിട്ടുണ്ടെന്ന്

ഞാൻ ഇന്നലെ തന്നെ ബഹുമാനപ്പെട്ട എം.എൽ.എ.-മാരെ അറിയിച്ചിട്ടുണ്ട്. 29-ാം തീയതിയാണ് പുതിയ വില്ലേജുകൾ ഉൾപ്പെടുത്തിക്കൊണ്ടുള്ള ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളതെന്ന കാര്യം കൂടി ഈ അവസരത്തിൽ സൂചിപ്പിക്കുകയാണ്.

ശ്രീ. വി. ടി. ബൽറാം: സർ, പാലക്കാട് ജില്ലയിലെ പുതിയ വില്ലേജുകളുടെ കാര്യം അങ്ങ് പറഞ്ഞു. ആദ്യഘട്ടത്തിൽ ഉൾപ്പെട്ടിട്ടുള്ള വില്ലേജുകളുടെ ലിസ്റ്റ് ഞങ്ങൾ കണ്ടതാണ്. രണ്ടാമത്തെ പുതിയ ലിസ്റ്റിനെക്കുറിച്ച് അറിയില്ല. എന്റെ നിയോജകമണ്ഡലമായ തൃത്താല ഭാരതപ്പുഴ, തൂതപ്പുഴ എന്നീ പുഴകളുടെ കരയിലുള്ളതാണ്. ഏഴ് വില്ലേജുകളിൽ വലിയ രീതിയിൽ ദുരന്തം ബാധിച്ചു. ഏറ്റവും കൂടുതലായി ദുരന്തം ബാധിച്ച ആനക്കര അടക്കമുള്ള വില്ലേജുകൾ പുതുക്കിയ ലിസ്റ്റിലും ഇല്ലെന്നുള്ളതാണ് എന്റെ പരിമിതമായ അറിവ്. പട്ടാമ്പി നിയോജക മണ്ഡലത്തിലും അതുപോലെ സമാനമായ നിരവധി വില്ലേജുകൾ പുതിയ ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ളതായി കാണുന്നില്ല. അതുകൂടി ഉൾപ്പെടുത്തിയാൽ മാത്രമെ അർഹതപ്പെട്ട നിരവധി ആളുകൾക്ക് ആനുകൂല്യം കിട്ടുകയുള്ളൂ എന്ന കാര്യം കൂടി ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധയിൽ കൊണ്ടുവരികയാണ്.

ശ്രീ. ഇ. ചന്ദ്രശേഖരൻ: സർ, ബഹുമാനപ്പെട്ട എം.എൽ.എ. പറഞ്ഞ ആനക്കര ഇതിൽ ഉൾപ്പെട്ടിട്ടുണ്ട്. ഏതെങ്കിലും പ്രളയബാധിത പ്രദേശങ്ങൾ/ ദുരന്തബാധിത മേഖല ഉൾപ്പെടാതിരുന്നിട്ടുണ്ടെങ്കിൽ അത് ശ്രദ്ധയിൽപ്പെടുത്തി ജില്ലാ കളക്ടറേറ്റിൽ നിന്നുള്ള റിപ്പോർട്ടുകൾ വരുന്ന മുറയ്ക്ക് അതുകൂടി ഉൾപ്പെടുത്തുന്നതിനാവശ്യമായ നടപടി സ്വീകരിക്കുന്നതാണ്.

ശ്രീ. കെ. സി. ജോസഫ്: സർ, ഭരണപക്ഷവും പ്രതിപക്ഷവും അറിയേണ്ടൊരു കാര്യമുണ്ട്. രണ്ട് ദിവസത്തിലധികം വെള്ളം കെട്ടി നിൽക്കുക, മണ്ണിടിച്ചിൽ തുടങ്ങിയ കാരണങ്ങളാൽ വീട് വാസയോഗ്യമല്ലാതായവർക്ക് മാത്രമേ പ്രളയക്കെടുതിക്കുള്ള സഹായം കൊടുക്കാൻ കഴിയുകയുള്ളൂവെന്നാണ് അങ്ങ് വായിച്ച 16.08.2018-ലെ സർക്കാർ ഉത്തരവിൽ പറയുന്നത്. പ്രളയക്കെടുതിമൂലം വീട് വിട്ട് മാറി താമസിക്കേണ്ടിവന്ന എല്ലാവർക്കും (ക്യാമ്പിൽ പോയാലും ഇല്ലെങ്കിലും) സഹായം കൊടുക്കണമെന്നാണ് സഭയുടെ ആവശ്യം. രണ്ട് ദിവസത്തിലധികം വെള്ളം കെട്ടി നിൽക്കുന്ന വീടുകൾക്ക് മാത്രമേ സഹായം നൽകുകയുള്ളൂവെന്നാണ് ഉത്തരവിൽ പറയുന്നത്. അത് ശരിയല്ല. സഭയുടെ പൊതുവികാരമാണിത്. പ്രളയക്കെടുതിമൂലം ആർക്കൊക്കെ വീട് മാറി താമസിക്കേണ്ടി വന്നോ അവർക്കൊക്കെ സഹായം കൊടുക്കാൻ തയ്യാറാകണം.

ശ്രീ. ഇ. ചന്ദ്രശേഖരൻ: സർ, കാലവർഷക്കെടുതിയുടെ ഭാഗമായി വെള്ളം കയറുകയോ അതല്ലെങ്കിൽ ഉരുൾപൊട്ടലുണ്ടാകുകയോ ചെയ്ത് വീടുകളിൽ താമസിക്കാൻ കഴിയാതെ രണ്ട് ദിവസമെങ്കിലും മാറി നിൽക്കേണ്ടി വന്നവരാണ് പലയിടങ്ങളിലെയും ക്യാമ്പുകളിലുള്ളതെന്ന അർത്ഥത്തിലാണ് അക്കാര്യം സൂചിപ്പിച്ചിട്ടുള്ളത്. അവിടെ നിന്നും മാറിതാമസിച്ചതുമായി ബന്ധപ്പെട്ട റവന്യൂ ഡിപ്പാർട്ട്മെന്റിന്റെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാണ് ഇക്കാര്യങ്ങൾ തീരുമാനിച്ചിട്ടുള്ളത്.

ശ്രീ. വി. ഡി. സതീശൻ: സർ, അപേക്ഷ വാങ്ങിക്കുന്നില്ല.

ശ്രീ. ഇ. ചന്ദ്രശേഖരൻ: സർ, അപേക്ഷ വാങ്ങേണ്ട കാര്യമില്ല. ഇത്തരം ആളുകൾ ദുരന്തബാധിത മേഖലയിൽപ്പെട്ടവരാണെന്ന റവന്യൂ ഡിപ്പാർട്ടുമെന്റിന്റെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാണ് ഇതിൽ തീരുമാനമെടുക്കുന്നത്.

ശ്രീ. രമേശ് ചെന്നിത്തല: സർ, ക്യാമ്പിൽ പോകാതെ ബന്ധുക്കളുടെയും സുഹൃത്തുക്കളുടെയും വീടുകളിൽ താമസിക്കുന്നവർക്ക് ആനുകൂല്യം നൽകുമെന്ന് നേരത്തെ മുഖ്യമന്ത്രി പറഞ്ഞതാണ്. മാറി താമസിച്ച എല്ലാവർക്കും സഹായം നൽകുമെന്നാണ് ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞത്. പിന്നെ എന്തിനാണ് ഈ ഓർഡർ പുറപ്പെടുവിച്ചത്?

ശ്രീ. വി. ഡി. സതീശൻ: സർ, പോയിന്റ് ഓഫ് ഓർഡർ. ബഹുമാനപ്പെട്ട മന്ത്രിയുടെ പ്രസ്താവനയിൽ 279000 പേർക്ക് സൗജന്യറേഷൻ കൊടുത്തുവെന്ന് പറഞ്ഞു. ഞങ്ങളുടെയൊക്കെ താലൂക്ക് മുഴുവൻ പ്രളയബാധിത പ്രദേശങ്ങളാണ്. പ്രളയബാധിത പ്രദേശങ്ങളിലെ 70 ശതമാനം റേഷൻ കടകളും പ്രവർത്തിക്കുന്നില്ല. കാരണം വെള്ളം കയറി നശിച്ചുപോയി. ആ റേഷൻ കടകൾക്കുപകരമുള്ളൊരു മെക്കാനിസം സിവിൽ സപ്ലൈസ് ഡിപ്പാർട്ടുമെന്റ് ഉണ്ടാക്കിയിട്ടില്ല. അതായത് പ്രളയബാധിത പ്രദേശങ്ങളിലെ 70 ശതമാനം റേഷൻ കടകളിലൂടെയും സൗജന്യ റേഷൻ വിതരണം നടക്കുന്നില്ല. എവിടെയാണ് 279000 പേർക്ക് സൗജന്യറേഷൻ കൊടുത്തുവെന്ന് പറയുന്നത്? അത് വസ്തുതകൾക്ക് നിരക്കുന്നതാണോ? വസ്തുതാ പരമായ തെറ്റ് ക്രമപ്രശ്നം ഉന്നയിച്ച് ഞാൻ അങ്ങയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.*

മി. സ്പീക്കർ: വസ്തുതാ വിരുദ്ധമായൊരു കാര്യം ബഹുമാനപ്പെട്ട മന്ത്രി സഭയിൽ പറയുമോ? സാധ്യതയില്ല. അത് പരിശോധിക്കാം.*

* സഭാദ്ധ്യക്ഷന്റെ ഉത്തരവിൻ പ്രകാരം (ഫ.നം.4970/ഇ.ബി./12/9/2018/നി.സെ.) രേഖയിൽ നിലനിർത്താൻ തീരുമാനിച്ചു.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, അതീവ ഗൗരവമായ ചർച്ച തന്നെയാണ് ഇവിടെ നടന്നത്. നമുക്ക് വന്നുചേർന്ന ദുരന്തം പരിഹരിക്കുന്നതിന് ഒറ്റക്കെട്ടായി നിൽക്കുകയെന്ന കേരളത്തിന്റെ പൊതുവായ വികാരത്തോടൊപ്പം തന്നെയാണ് സഭയും ഉറച്ചുനിൽക്കുന്നത്. അതാണ് ഈ ചർച്ചയിലൂടെ വ്യക്തമായിട്ടുള്ളത്. ഇതാണ് നമ്മുടെ അതിജീവനത്തിന്റെ അടിസ്ഥാനം തന്നെ. പക്ഷേ ഒരു കാര്യം, എന്റെ ആമുഖ പ്രസംഗത്തിൽ ഞാൻ ഊന്നിപ്പറഞ്ഞ പുനർനിർമ്മാണം എത്തരത്തിലുള്ളതായിരിക്കണം എന്നത് സംബന്ധിച്ച് ഒരു കാഴ്ചപ്പാട് നമ്മുടെ ചർച്ചയിൽ ഉരുത്തിരിയണം എന്നുണ്ടായിരുന്നു. പൊതുവെ ആ ദിശയിലേയ്ക്ക് ചർച്ച നീങ്ങിയില്ല എന്നതാണ് ഒരു ദൗർബല്യമായി കാണാൻ സാധിച്ചത്. ഏതായാലും കൂടുതൽ വിശാലമായ പ്ലാറ്റ്ഫോമുകളിൽ ഈ ചർച്ച നടത്തിക്കൊണ്ടുവേണം നമ്മുടെ പുനർനിർമ്മാണത്തിന്റെ അന്തിമരൂപം നൽകാൻ എന്നുതന്നെയാണ് സർക്കാർ കാണുന്നത്. ഇതുസംബന്ധിച്ച കരട് രൂപരേഖ മന്ത്രിസഭായോഗത്തിൽത്തന്നെ ചർച്ച ചെയ്ത് മുന്നോട്ടുപോകേണ്ടതായിട്ടുണ്ട്. പുനർനിർമ്മാണപ്രവർത്തനം വൈകുന്നത് ജനജീവിതത്തെ സാധാരണ നിലയിലേയ്ക്ക് നയിക്കുന്നതിന് തടസ്സമാകാൻ ഇടയുണ്ട്. ചില കാര്യങ്ങൾ ചർച്ചയിൽ ഉയർന്നുവന്നിട്ടുണ്ട്, പക്ഷേ സാമ്പത്തികം എങ്ങനെ സ്വരൂപിക്കാം എന്നത് സംബന്ധിച്ച് നിർദ്ദേശമൊന്നും ഉയർന്നുവന്നതായി കണ്ടില്ല. എന്നാൽ മറ്റ് ചില നിർദ്ദേശങ്ങൾ വന്നു. അത് പരിസ്ഥിതികൂടി കണക്കിലെടുത്ത് കൊണ്ടു വേണം നിർമ്മാണപ്രവർത്തനങ്ങൾ നടത്തേണ്ടത് എന്നതാണ്. നാം ഒരു മഹാദുരന്തമാണ് നേരിട്ടത്. അതിന്റെ ഭാഗമായി വലിയ തോതിലുള്ള വെള്ളപ്പൊക്കമുണ്ടായി, പ്രതീക്ഷിക്കാത്ത തരത്തിലുള്ള മണ്ണൊലിപ്പും മലയിടിച്ചിലും ഉരുൾപൊട്ടലുമെല്ലാമുണ്ടായി. അത്തരമൊരു സാഹചര്യത്തിൽ ഈ പ്രദേശങ്ങളിലെ നിർമ്മാണപ്രവർത്തനങ്ങൾ ഇനിയൊരു ആപത്തുണ്ടായാൽ ബാധിക്കാത്ത തരത്തിൽ വേണം നടത്തേണ്ടത്. ഈ പ്രദേശങ്ങളിൽ നിർമ്മാണപ്രവർത്തനങ്ങൾ നടത്താൻ കഴിയുമോയെന്നത് ഗൗരവമായ വിഷയമാണ്. ഈ മഹാപ്രളയത്തിൽ മാത്രമല്ല, അല്ലാതെ തന്നെ വെള്ളം കയറുന്ന സ്ഥലങ്ങളിൽ താമസിക്കുന്നവരുണ്ട്, ഓരോ വെള്ളപ്പൊക്കത്തിനും അവിടെനിന്നും മാറിതാമസിക്കേണ്ടിവരുന്നവരുണ്ട്. ഈ മഹാപ്രളയത്തിൽ എത്രത്തോളം വെള്ളം കയറാൻ സാധ്യതയുണ്ടെന്ന് കണ്ടിട്ടുണ്ട്. വലിയ ദുരന്തസാധ്യതയുള്ളിടത്ത് ഇനിയും ജനവാസം വേണോ?

ഉരുൾപൊട്ടൽ ഉണ്ടാകാൻ ഇടയില്ല എന്ന ധാരണയിലാണ് അവിടെ ആളുകൾ താമസിച്ചിരുന്നത്, പക്ഷേ ഉരുൾപൊട്ടലുണ്ടായി. അതുകൊണ്ട് ഉരുൾപൊട്ടാൻ സാധ്യതയുള്ള സ്ഥലങ്ങൾ വേറെയുമുണ്ടോ എന്നതുസംബന്ധിച്ച് ശാസ്ത്രീയമായ അന്വേഷണം വേണ്ടേ? അതിന്റെ ഭാഗമായി ഉരുൾപൊട്ടിയ സ്ഥലങ്ങളിലും ഉരുൾപൊട്ടാൻ സാധ്യതയുള്ള സ്ഥലങ്ങളിലുമുള്ള കെട്ടിടനിർമ്മാണം നമുക്ക് പ്രോത്സാഹിപ്പിക്കാൻ കഴിയുന്നതാണോ; ഇത്തരം കാര്യങ്ങൾ ഗൗരവമായി

പരിശോധിക്കേണ്ടതുണ്ട്. വിശദമായ പരിശോധനയ്ക്കും അന്വേഷണത്തിനും ശേഷം മാത്രമേ അത്തരത്തിലൊരു തീരുമാനത്തിലെത്താൻ സാധിക്കുകയുള്ളൂ. പരിസ്ഥിതിക്കിണങ്ങിയ വിവരസാങ്കേതികവിദ്യയുടെ സുസ്ഥിര വികസനപദ്ധതി ആവിഷ്കരിക്കേണ്ടതുണ്ട് എന്ന നിർദ്ദേശവും അതോടൊപ്പം ഉയർന്നുവന്നിട്ടുണ്ട്. പുനരധിവാസ നടപടികൾക്ക് അന്താരാഷ്ട്രതലത്തിലുള്ള വിദഗ്ദ്ധരുടെ ഉപദേശം തേടണമെന്ന നിർദ്ദേശവും ഉയർന്നുവന്നു. എല്ലാ വിദഗ്ദ്ധരുടെയും ഉപദേശം തേടുന്നതിന് നമുക്ക് തടസ്സമൊന്നുമില്ല. ആ ഉപദേശം കൂടുതൽ നല്ല തലത്തിലേയ്ക്ക് നമ്മുടെ നാടിനെ ഉയർത്താൻ ഉപകരിക്കും എന്നുതന്നെയാണ് കാണുന്നത്. എന്താണോ നല്ലത്, നമ്മുടെ നാടിന് ചേരുന്നത്, നമ്മുടെ ഭാവിക്ക് ഗുണകരമായിട്ടുള്ളത് അത് നമുക്ക് സ്വീകരിക്കാമെന്നുതന്നെയാണ് സർക്കാർ കാണുന്നത്.

സമഗ്രമായ റിസർവ്വോയർ പരിപാലനം വേണമെന്ന കാര്യം പറഞ്ഞു. അത് വസ്തുതയാണ്. അതുമായി ബന്ധപ്പെട്ട നടപടികളിലേയ്ക്ക് നാം കടക്കേണ്ടതായിട്ടുണ്ട്. ഇപ്പോൾ ചില നടപടികൾ സ്വീകരിച്ചിട്ടുണ്ട്. എന്നാൽ കൂടുതൽ നല്ല രീതിയിലുള്ള റിസർവ്വോയർ പരിപാലനം നമ്മുടെ നാട്ടിൽ നടക്കേണ്ടതായിട്ടുണ്ട്. അന്തർ സംസ്ഥാന റിസർവ്വോയറുകളുടെ കാര്യത്തിലും മറ്റും ചില നടപടികൾ ഇപ്പോൾത്തന്നെ ചെറിയ തോതിൽ വന്നുകഴിഞ്ഞിട്ടുണ്ട്. എന്നാൽ നല്ല രീതിയിലുള്ള റിസർവ്വോയർ പരിപാലന നടപടികൾ നമുക്ക് സ്വീകരിക്കാൻ കഴിയേണ്ടതായിട്ടുണ്ട്. നമുക്ക് വലിയ മഴയാണ് ലഭിക്കുന്നത്. മഴ കൂടുതലുള്ള നാട്ടിലെ റോഡ് സ്ഥിരമായി നിലനിൽക്കുന്നതിനാവശ്യമായ തരത്തിൽ, മഴയെ പ്രതിരോധിക്കാൻ ശേഷിയുള്ളതാക്കി മാറ്റണം. ഇത്തരമൊരു നിർദ്ദേശവും ഉയർന്നുവന്നിട്ടുണ്ട്. അതിന് ശാസ്ത്രീയവും ദീർഘവുമായ പദ്ധതി വേണ്ടിവരും. ഒപ്പിച്ചെടുക്കുന്ന നില മാറ്റി നല്ല രീതിയിലുള്ള റോഡ് പണിയിലേയ്ക്ക് കടക്കേണ്ടതായിട്ടുണ്ട്. അങ്ങനെയായാൽ ഓരോ മഴയിലും റോഡ് തകർന്നു പോകുന്ന അവസ്ഥ നമുക്ക് വരില്ല. ഇപ്പോൾത്തന്നെ അങ്ങനെ കുറെ റോഡുകൾ നമ്മൾ നിർമ്മിച്ചിട്ടുണ്ട്. ഇനി കൂടുതൽ റോഡുകൾ അത്തരത്തിലേയ്ക്ക് മാറേണ്ടതായിട്ടുണ്ട് എന്നുതന്നെയാണ് കാണുന്നത്. ഉരുൾപൊട്ടലുണ്ടായ സ്ഥലങ്ങളിൽ ഒരു നിർമ്മാണവും അനുവദിച്ചില്ലെങ്കിൽ അത് കർഷകദ്രോഹമാകുമെന്ന് ബഹുമാന്യനായ കെ. എം. മാണി പറഞ്ഞു. കർഷകദ്രോഹം ഉദ്ദേശിക്കുന്നതേയില്ല. ഈ സ്ഥലങ്ങളിൽ കൃഷിയും മറ്റ് കാര്യങ്ങളും നടത്തുന്നതിന് ഒരു പ്രയാസവുമുണ്ടാകില്ല. ഉരുൾപൊട്ടലുണ്ടായാലും കൃഷിയല്ലേ നശിക്കുകയുള്ളൂ. ജീവൻ നഷ്ടപ്പെട്ടു പോയാൽ പിന്നെയൊന്നും പകരം വയ്ക്കാൻ കഴിയില്ലല്ലോ. അതുകൊണ്ട് അവിടെ ജനവാസം വേണോ എന്ന കാര്യമാണ് നാം ആലോചിക്കേണ്ടത്. അത് ഗൗരവമായ ഒരു പഠനത്തിലൂടെ കാണേണ്ട കാര്യമാണ്. അതുസംബന്ധിച്ച് ഒരു അന്തിമവാക്ക് ഇപ്പോൾ കാണണമെന്നല്ല ഉദ്ദേശിക്കുന്നത്.

(അദ്ധ്യക്ഷവേദിയിൽ മി. ഡെപ്യൂട്ടിസ്പീക്കർ)

<u>ശ്രീ. കെ. എം. മാണി</u>: സർ, ഞാൻ പറഞ്ഞത് സദുദ്ദേശ്യത്തോടുകൂടിയാണ്. ഇടുക്കി ജില്ലയിൽ മുഴുവൻ ഉരുൾപൊട്ടുകയാണ്. 270-ഓളം സ്ഥലങ്ങളിൽ മണ്ണിടിച്ചിലും നൂറ് കണക്കിന് സ്ഥലങ്ങളിൽ ഉരുൾപൊട്ടുകയുമുണ്ടായി. ആ പ്രദേശത്ത് അധിവസിക്കാൻ സാധിക്കില്ലെന്ന് പറഞ്ഞാൽ എങ്ങനെയാണ്; ഇടുക്കിയിലുള്ള മുഴുവൻ ആളുകളും മറ്റ് സ്ഥലങ്ങളിലേയ്ക്ക് പോകണോ? അത് സാധിക്കില്ല. അത് സൂക്ഷിക്കണം, ഇതിനെതിരെയുള്ള പ്രതിരോധവും സംരക്ഷണവും വേണം. അല്ലാതെ ആ സ്ഥലങ്ങളിൽ ആളുകൾ അധിവസിക്കരുത് എന്നുപറഞ്ഞാൽ ശരിയാകുമോ? അത് വളരെ എളുപ്പമാണ്. ഗവൺമെന്റിന്റെ ചുമതല നിറവേറ്റുന്നതിൽനിന്നും ഒരു എസ്കേപ്പിസം ആയാണ് ഞാൻ ഇതിനെ പരിഗണിക്കുന്നത്.

<u>ശ്രീ. പിണറായി വിജയൻ</u>: സർ, ഇതാണ് ആടിനെ പട്ടിയാക്കുന്ന ന്യായം. അതിൽ അദ്ദേഹം വിദഗ്ദ്ധനാണെന്നാണ് ഇത് കാണിക്കുന്നത്. ഇടുക്കിയിലുള്ള ആളുകളെയെല്ലാം ഒഴിപ്പിക്കാൻ പോകുന്നുവെന്ന ഭീതി പരത്താനാണ് അദ്ദേഹം ശ്രമിക്കുന്നത്. എത്ര താഴ്ന്ന രീതിയിലാണ് കാര്യങ്ങൾ കാണുന്നത് എന്നാണ് എനിക്ക് മനസ്സിലാക്കാൻ സാധിക്കുന്നത്. എത്രമാത്രം അപമാനകരമായ രീതിയാണ് ഇതൊക്കെ? ഇവിടെ ഒരു മഹാദുരന്തം നമ്മൾ അനുഭവിച്ചിരിക്കുന്നു. അതിന്റെ ഭാഗമായി കുറെപ്പേരുടെ ശരീരംപോലും കാണാൻ കഴിയാത്ത അവസ്ഥയിൽ മണ്ണിനടിയിലായിപ്പോയി. അങ്ങനെയൊരു നില വീണ്ടും വരാതിരിക്കാൻ കരുതലെടുക്കണ്ടേ? നമ്മൾ ഒരു പരിഷ്കൃത സമൂഹത്തിലല്ലേ ജീവിക്കുന്നത്. അതിന് ആവശ്യമായ കരുതൽ നമുക്ക് വേണമെന്നാണ് ഞാൻ പറഞ്ഞത്. ഞാൻ ഒന്നിന്റെയും അന്തിമവാക്ക് ഇപ്പോൾ പറയുന്നില്ല. അതുമായി ബന്ധപ്പെട്ട വിദഗ്ദ്ധരെവച്ച് ശാസ്ത്രീയമായ പഠനം നടത്തണം. അതിനുശേഷം എന്താണോ ഉള്ളത് അത് നമ്മൾ കണ്ടെത്തണം. നമ്മുടെ ആളുകളെ കൊലയ്ക്ക് കൊടുക്കാൻ സാധിക്കില്ല. അതേ ഞാൻ ഇതിൽ കാണുന്നുള്ളൂ. മറ്റൊരു കാര്യവും അതിലില്ല.

പ്രതിപക്ഷനേതാവ് (<u>ശ്രീ. രമേശ് ചെന്നിത്തല</u>): സർ, ഇവിടെ ശ്രീ. കെ. എം. മാണി അങ്ങ് പറഞ്ഞതിന് എതിരഭിപ്രായമല്ല പറഞ്ഞത്. ഒരു സർക്കുലർ ഇറങ്ങിയിട്ടുണ്ട്. ഇത് അന്തിമ വാക്കല്ലായെന്ന് അങ്ങ് ഇപ്പോൾ പറഞ്ഞു. സ്വാഭാവികമായും പഠനം നടത്തണം. പ്രകൃതിദുരന്തങ്ങളുണ്ടാകാൻ സാധ്യതയുള്ള മേഖലയിൽ ആളുകൾ അധിവസിക്കരുത് എന്നതാണല്ലോ അങ്ങയുടെ ഉദ്ദേശ്യം. അത് പ്രായോഗികമായി പഠിക്കാമെന്നും അങ്ങ് പറഞ്ഞു. പക്ഷേ അതിനുമുമ്പ് ഒരു സർക്കുലർ ഇറങ്ങിയതിനെക്കുറിച്ചാണ് അദ്ദേഹം ചൂണ്ടിക്കാണിച്ചത്. അത് അങ്ങ് കണ്ടിട്ടുണ്ടാവില്ല. അത് സംബന്ധിച്ച് അങ്ങ് പരിശോധിക്കണം. റവന്യൂ വകുപ്പ് പുറപ്പെടുവിച്ച സർക്കുലറാണ്.

ശ്രീ. പിണറായി വിജയൻ: സർ, ഏതായാലും ഉദ്ദേശ്യം ഞാൻ വ്യക്തമാക്കിക്കഴിഞ്ഞു. അത്തരത്തിൽ കാര്യങ്ങൾ നീക്കാനാണ് ഉദ്ദേശിക്കുന്നത്. നമ്മുടെ പുഴയുടെ തീരങ്ങൾ എങ്ങനെ ഭദ്രമാക്കാൻ സാധിക്കും, അവിടത്തെ കൃഷിയും വീടുകളും ഭാവിയിൽ ഒലിച്ചുപോകാത്ത വിധത്തിലുള്ള സാഹചര്യം നമുക്ക് എങ്ങനെയുണ്ടാക്കാൻ സാധിക്കും എന്നിവയും പരിശോധിക്കേണ്ട കാര്യം തന്നെയാണ്. സംസ്ഥാനത്ത് ഡാം സുരക്ഷാ അതോറിറ്റി നല്ല രീതിയിൽ പ്രവർത്തിക്കുന്നുണ്ട്. ഇനി അതിനെക്കാളും കൂടുതൽ വിദഗ്ദ്ധരുടെ സേവനം ആവശ്യമുണ്ടോയെന്നുള്ളത് പരിശോധിച്ച് തീർച്ചപ്പെടുത്താം.

ഇവിടെ നാം കാണേണ്ട ഒരു വസ്തുത, നമ്മുടെ നിർമ്മാണ പ്രവർത്തനങ്ങൾക്കു വേണ്ട അസംസ്കൃത വസ്തുക്കളുടെ ദൗർലഭ്യം വലിയ തോതിലുണ്ട്. ആ ദൗർലഭ്യം പരിഹരിക്കാൻ എങ്ങനെ സാധിക്കും, അതിൽ ക്രിയാത്മക നിർദ്ദേശങ്ങളുണ്ടാകണമെന്ന് പറഞ്ഞിരുന്നു. അക്കാര്യത്തിൽ ആരും അഭിപ്രായങ്ങൾ പറഞ്ഞിട്ടില്ല.

(അദ്ധ്യക്ഷവേദിയിൽ മി. സ്പീക്കർ)

നമ്മുടെ ജീവനോപാധികളുടെ സംരക്ഷണവുമായി ബന്ധപ്പെട്ട പ്രശ്നങ്ങളെക്കുറിച്ച് പറയുമ്പോൾ, നമ്മുടെ സംസ്ഥാനത്ത് ആയിരക്കണക്കിന് ചെറുകിട വ്യാപാരികളുണ്ട്. അവരുടെ സംരക്ഷണം ഒരു പ്രധാന ഘടകം തന്നെയാണ്. അവർക്ക് ഇൻഷ്വറൻസ് പരിരക്ഷ ഇല്ല എന്നത് പലപ്പോഴും പ്രയാസങ്ങളുണ്ടാക്കുന്നുണ്ട്. അവർക്കുകൂടി ഇൻഷ്വറൻസ് പരിരക്ഷ എങ്ങനെ ഏർപ്പെടുത്താൻ കഴിയുമെന്നത് നാം ഗൗരവമായി ചിന്തിക്കേണ്ട കാര്യമാണ്. അതിനാവശ്യമായ നടപടികൾ സ്വീകരിക്കും.

അതോടൊപ്പം വളർത്തുമൃഗങ്ങൾ നഷ്ടപ്പെട്ടവരുടെ പ്രശ്നമാണ്. അതിന് നിശ്ചിത സഹായമുണ്ട്, അത് ലഭ്യമാക്കുന്നതിനുള്ള നടപടികളുണ്ടാകും. അത് പ്രത്യേകം ഗൗരവമായി എടുക്കും. ഈ കാലവർഷക്കെടുതിയുടെ അനുഭവങ്ങളെ സർക്കാർ വലിയ തോതിൽത്തന്നെ വിശകലനം ചെയ്യും. അതിന്റെ അടിസ്ഥാനത്തിൽ നിലവിലുള്ള സമ്പ്രദായങ്ങളിൽ എന്തെല്ലാം മാറ്റങ്ങൾ ആവശ്യമുണ്ട് എന്നതിനെക്കുറിച്ച് ആലോചിച്ച് ആവശ്യമായ തീരുമാനങ്ങൾ എടുത്തിട്ടുണ്ട്.

ഫയർ സർവ്വീസിന്റെ ആധുനികവൽക്കരണത്തെക്കുറിച്ച് ഇവിടെ ചില അംഗങ്ങൾ സൂചിപ്പിക്കുകയുണ്ടായി. പ്രത്യേകിച്ച് ശ്രീ. കെ. ബി. ഗണേഷ് കുമാർ ആ കാര്യം എടുത്തുപറയുകയുണ്ടായി. ഇതിൽ നിരവധി പ്രവർത്തനങ്ങൾ സർക്കാർ ആരംഭിച്ചുകഴിഞ്ഞിട്ടുണ്ട്. നല്ല രീതിയിലുള്ള ആധുനികവൽക്കരണം വേണമെന്നു തന്നെയാണ് ഉദ്ദേശിക്കുന്നത്. അതിനാവശ്യമായ പുതിയ ഉപകരണങ്ങൾ അവർക്ക്

ലഭ്യമാക്കേണ്ടതായിട്ടുണ്ട്. ജനങ്ങളെ വലിയതോതിൽ ദുരന്തനിവാരണ പ്രവർത്തനങ്ങളിൽ ഭാഗഭാക്കാക്കുന്ന ഒരു പദ്ധതി സർക്കാർ ആലോചിക്കുന്നുണ്ട്. നേരത്തെതന്നെ ഫയർ ആന്റ് റസ്ക്യൂ സർവ്വീസുമായി ബന്ധപ്പെട്ട് ഒരു വോളണ്ടിയർ സേന രൂപീകരിക്കുന്ന കാര്യം നമ്മൾ ആലോചിച്ചിരുന്നു. ചിലയിടങ്ങളിൽ അത് ആരംഭിച്ചിട്ടുണ്ട്, അത് നമുക്ക് നല്ലതുപോലെ ശക്തിപ്പെടുത്താവുന്നതാണ്. കമ്മ്യൂണിറ്റി റസ്ക്യൂ വോളണ്ടിയർ സ്കീം എന്ന പേരിൽ ഒരു പദ്ധതിയായിരുന്നു 2017-ൽ ആരംഭിച്ചത്. അത് കൂടുതൽ ശക്തിപ്പെടുത്തേണ്ടതായിട്ടുണ്ട്. കൂടുതൽ ആളുകളെ അതിൽ റിക്രൂട്ട് ചെയ്യാൻ കഴിയണം. അവർക്ക് പരിശീലനം ലഭിക്കുന്നുണ്ട്. ഇത്തരം ഒരു ഘട്ടമുണ്ടായാൽ അവർക്കവിടെ നല്ല രീതിയിൽ പ്രവർത്തിക്കാൻ കഴിയുമെന്ന പ്രത്യേകത മാത്രമേയുള്ളൂ. അത് നമുക്ക് പ്രോത്സാ ഹിപ്പിക്കാവുന്ന ഒരു കാര്യമാണ്. പ്രാദേശികതലത്തിൽ ഇത്തരം സേവനത്തിന് സന്നദ്ധരായിട്ടുള്ളവരെ കണ്ടെത്തി അവർക്ക് പരിശീലനം നൽകുന്ന നടപടി നമുക്ക് സ്വീകരിക്കാവുന്നതാണ്.

അതുപോലെ, പ്രാദേശികമായി തൊഴിൽമേഖലയിൽ വൈദഗ്ദ്ധ്യം നേടിയ വിവിധ തൊഴിലാളികളുണ്ട്. അവരുടെ കഴിവിന്റെ അടിസ്ഥാനത്തിൽ പരിശീലനം നൽകി അവരെയും ഇതിന്റെ ഭാഗമാക്കാൻ നോക്കാം. അതിൽ മത്സ്യത്തൊഴിലാളികളുണ്ട്, മരം കയറുന്നതിന് വൈദഗ്ദ്ധ്യം ഉള്ളവരുണ്ട്, കിണർ കുഴിക്കുന്നതുമായി ബന്ധപ്പെട്ട പണികളിൽ വൈദഗ്ദ്ധ്യം നേടിയവരുണ്ട്, വീട് പൊളിച്ച് പണിയുന്ന ആൾക്കാരുണ്ട്, പ്ലംബർമാർ, ഇലക്ട്രീഷ്യൻമാർ അങ്ങനെയുള്ളവരെയൊക്കെ നമുക്കിതിന്റെ ഭാഗമാക്കാൻ കഴിയും. അവരുടെ വൈദഗ്ദ്ധ്യവുംകൂടി ചേർത്തുകൊണ്ട് നല്ല നിലയ്ക്ക് ഇതിന്റെ ഭാഗമായി പ്രവർത്തിക്കാൻ അവർക്ക് കഴിയും. അതോടൊപ്പം ഫയർ സർവ്വീസ് ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ട് ആയ Fort kochi Training Centre ഇപ്പോൾ Scuba Rescue Training Institute ആയി പ്രവർത്തിച്ചുവരുന്നുണ്ട്. ഈ ഇൻസ്റ്റിറ്റ്യൂട്ടിനെ ആധുനിക സാങ്കേതികവിദ്യകൾ ഉപയോഗപ്പെടുത്തി Institute for Advanced Training in Water Rescue എന്ന പരിശീലന കേന്ദ്രത്തിന്റെ ആസ്ഥാനമാക്കി ഉയർത്തുന്ന കാര്യം സർക്കാർ ഗൗരവമായി പരിഗണിച്ചുവരികയാണ്. ചില പിന്നോക്കപ്രദേശങ്ങളിൽ ആവശ്യത്തിന് രക്ഷാസൗകര്യങ്ങൾ ഇല്ല എന്ന സ്ഥിതിയുണ്ട്. അത്തരം മേഖലകളിൽ കൂടുതൽ സൗകര്യങ്ങൾ കൊണ്ടുവരുന്നതിന് സർക്കാർ നടപടികൾ സ്വീകരിക്കുകയും ചെയ്യും. അടിയന്തരമായി ഉയർന്നു വരുന്ന ഇത്തരം പ്രശ്നങ്ങളെ കൈകാര്യം ചെയ്യുന്ന വിവിധ മേഖലകളിൽ പരിശീലനം സിദ്ധിച്ചവരുടെ ഒരു ടീം രൂപീകരിക്കുന്ന കാര്യവും സർക്കാർ പരിഗണിക്കുന്നതാണ്. അതിന് ഒരു പ്രത്യേക ശേഷിയോടുകൂടി ഇടപെടാൻ

കഴിയുന്ന ഒരു ടീമായി അത് മാറും. ആധുനികവൽക്കരണ നടപടികളിലേയ്ക്ക് പോലീസിന്റെ കാര്യത്തിലും നടപടികൾ സ്വീകരിക്കേണ്ടതായിട്ടുണ്ട്. ഫയർ ആന്റ് റസ്ക്യൂ സർവ്വീസ് ദുരന്തനിവാരണത്തിൽ ഇടപെടാൻ ശേഷിയുള്ള വിഭാഗമാണ്. പോലീസിനും ഇത്തരത്തിലുള്ള അനുയോജ്യമായ രീതിയിലുള്ള പരിശീലനം ലഭ്യമാക്കേണ്ടതായിട്ടുണ്ട്. ഇപ്പോൾ പോലീസുകാർ സാധാരണ നിലയ്ക്ക് സന്നദ്ധതയോടുകൂടി പ്രവർത്തിച്ചുവെന്ന് മാത്രമേയുള്ളൂ. ഇക്കാര്യത്തിൽ പ്രത്യേക പരിശീലനം ലഭിച്ചവരല്ല. അവർക്കും പരിശീലനം നൽകേണ്ടതായിട്ടുണ്ട്. അടിയന്തരമായി ഇത്തരം കാര്യങ്ങളിൽ ഇടപെടാൻ എത്തുന്ന വിഭാഗമാണ് പോലീസ്. അവർക്ക് അതിനാവശ്യമായ സാഹചര്യം ഉണ്ടാകണമെങ്കിൽ നല്ല പരിശീലനം ലഭിച്ചിരിക്കണം. അത് ലഭ്യമാക്കാൻ ഉദ്ദേശിക്കുന്നുണ്ട്.

മത്സ്യത്തൊഴിലാളികളിൽനിന്ന് സമർത്ഥരായ ചെറുപ്പക്കാരെ കണ്ടെത്തി തീരദേശ സേനയാക്കി മാറ്റണമെന്ന നിർദ്ദേശം നേരത്തേ ഉയർന്നുവന്നിട്ടുണ്ട്. ഓഖി ദുരിതാശ്വാസ നടപടികളുടെ ഭാഗമായി ഇത്തരമൊരു സംവിധാനം ആരംഭിക്കുമെന്ന് പ്രഖ്യാപിച്ചിരുന്നു. അതിനുള്ള നടപടികൾ ഏറെക്കുറെ അന്തിമഘട്ടത്തിലാണ്. മത്സ്യത്തൊഴിലാളി മേഖലയിലുള്ള 200 പേരെയാണ് ഇത്തരത്തിൽ നിയമിക്കാൻ ഉദ്ദേശിക്കുന്നത്.

ദുരന്തത്തിന്റെ ഭാഗമായി വിവിധ രേഖകൾ നഷ്ടപ്പെട്ട് പോയവരുടെ പ്രശ്നമാണ് ഉയർന്നുവന്ന മറ്റൊരു കാര്യം. അത്തരം രേഖകൾ ലഭിക്കുന്നതിന് ഫലപ്രദമായ നടപടികൾ സർക്കാർ സ്വീകരിച്ചുകഴിഞ്ഞിട്ടുണ്ട്. സമയബന്ധിതമായി രേഖകൾ നൽകുന്നതിനുള്ള നടപടികളാണ് എടുത്തിട്ടുള്ളത്.

പ്രതിപക്ഷാംഗങ്ങൾ പ്രധാനമായും ചൂണ്ടിക്കാണിച്ച കാര്യം ഡാമുമായി ബന്ധപ്പെട്ട പ്രശ്നങ്ങളാണ്. ഡാം സേഫ്റ്റി അതോറിറ്റി 2006-ലാണ് രൂപീകരിച്ചത്. റിട്ടയേർഡ് ജസ്റ്റിസ് ശ്രീ. സി. എൻ. രാമചന്ദ്രൻ നായരാണ് ഇപ്പോഴത്തെ ചെയർമാൻ. കേരളാ ഡാം സേഫ്റ്റി അതോറിറ്റി എല്ലാ മാസവും യോഗം ചേരുകയും ഡാമുകൾ പരിശോധിക്കുകയും ചെയ്യുന്നുണ്ട്. ആഗസ്റ്റ് മാസം 7-ന് കാലവർഷത്തെത്തുടർന്ന് സ്വീകരിക്കേണ്ട നടപടികൾ സംബന്ധിച്ച് മാർഗ്ഗരേഖയനുസരിച്ചുതന്നെ യോഗം ചേർന്നിരുന്നു. ഇതിന്റെ വെളിച്ചത്തിൽ നടപടികളും സ്വീകരിച്ചിരുന്നു. ഇവിടെ വലിയതോതിൽ ഉയർന്നുവന്ന ഒരു കാര്യം കാലാവസ്ഥാ പ്രവചനം ശരിയായ രീതിയിൽ പിന്തുടർന്നില്ല എന്നതാണ്. കാലാവസ്ഥാ പ്രവചനത്തിലുള്ള കാര്യങ്ങൾ ശരിയായ രീതിയിൽത്തന്നെ ഇവിടെ അംഗീകരിച്ചിട്ടുണ്ട്. യഥാർത്ഥത്തിൽ സംഭവിച്ചത് അവർക്ക് കണ്ടെത്താൻ കഴിഞ്ഞിരുന്നില്ല. അവരെ കുറ്റം പറയുന്നതല്ല. പിന്നീടുണ്ടായ അനുഭവം

നോക്കിയാൽ കാലാവസ്ഥാ പ്രവചനത്തിൽ ന്യൂനതകളുണ്ടായിരുന്നു. മാത്രമല്ല, അത്തരം ന്യൂനതകൾ കാരണം ഗണ്യമായ പിശകകുകൾ ഉണ്ടാകുന്നുവെന്നാണ് നമ്മുടെ അനുഭവം വ്യക്തമാക്കുന്നത്. കാലാവസ്ഥാ വകുപ്പിന്റെ മാനദണ്ഡമനുസരിച്ച് ശക്തമായ മഴ (Heavy Rain Fall) - 7 മുതൽ 11 സെന്റിമീറ്റർ വരെയുള്ള മഴയാണ്. എന്നാൽ ശക്തമായ മഴയ്ക്കുപുറമെ അതിശക്തമായ മഴയുണ്ട് (Very Heavy Rain Fall) - ഇത് 12 മുതൽ 24 സെന്റിമീറ്റർ വരെയാണ്. എന്നാൽ അതും കഴിഞ്ഞ് ഒരു മഴയുണ്ട്. അതിതീവ്രമഴ. അത് Extremely Heavy Rain Fall ആണ്. അത് 20 സെന്റിമീറ്ററിൽ അധികമുള്ള മഴയാണ്. കാലാവസ്ഥാ വകുപ്പിന്റെ ഏറ്റവും ഉയർന്ന സ്ഥിതിയിലുള്ള മഴയുടെ മുന്നറിയിപ്പായ അതിതീവ്രമഴ എന്ന മുന്നറിയിപ്പ് ആഗസ്റ്റ് മാസത്തിലൊന്നും കേരള സർക്കാരിന് കേന്ദ്ര കാലാവസ്ഥാ വകുപ്പ് നൽകിയിട്ടില്ല. അങ്ങനെയൊരു മുന്നറിയിപ്പ് നമുക്കുണ്ടായിരുന്നില്ല.

ഇനി നമുക്ക് ലഭിച്ച പ്രവചനങ്ങൾ എന്താണെന്ന് പരിശോധിക്കാം. ആഗസ്റ്റ് 1 മുതൽ 8 വരെ ശക്തമായ മഴയുടെ സാദ്ധ്യതയാണ് കേന്ദ്ര കാലാവസ്ഥാ വകുപ്പ് പ്രവചിച്ചത്. ആഗസ്റ്റ് 8 മുതൽ ശക്തമായ മഴയുടെയും അതിശക്തമായ മഴയുടെയും സാദ്ധ്യതയാണ് പ്രവചിക്കപ്പെട്ടത്. ആഗസ്റ്റ് 9 മുതൽ ആഗസ്റ്റ് 15 വരെയുള്ള ദീർഘകാല ശരാശരി മഴയായി പ്രവചിച്ചത് 9.85 സെന്റിമീറ്റർ ആയിരുന്നു. 9.85 സെന്റിമീറ്ററാണ് പ്രവചിച്ചതെങ്കിലും പെയ്തത് 35.22 സെന്റിമീറ്ററാണ്. അതായത് അതിശക്തമായ മഴ പ്രവചിക്കപ്പെട്ടിടത്ത് അതിതീവ്ര മഴയാണ് പെയ്തത്. അവരുടെ കണക്കുകളിലെ Extremely Heavy Rain ആണ് നമുക്ക് ലഭിച്ചത്. കേന്ദ്ര കാലാവസ്ഥാ വകുപ്പിന്റെ പ്രവചനത്തിൽ വരുന്ന അപാകതയാണ് ഇത് ചൂണ്ടിക്കാണിക്കുന്നത്. ഇതനുസരിച്ചുള്ള നടപടിക്രമങ്ങൾ പാലിക്കുകയും മുന്നറിയിപ്പുകൾ പുറപ്പെടുവിക്കുകയും ചെയ്തിരുന്നു. പെരിയാർ തീരത്ത് മീൻ പിടിക്കുന്നതും സെൽഫി എടുക്കുന്നതുംവരെ നിരോധിച്ച് ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.

ഇടുക്കിയുടെ കാര്യം പ്രത്യേകം പരിശോധിക്കേണ്ട ഒന്നാണ്. ഇടുക്കി അണക്കെട്ടിൽ ഷട്ടർ തുറക്കാവുന്ന ഏറ്റവും കുറഞ്ഞ ഉയരത്തിന് അവർ പറയുന്ന സാങ്കേതിക നാമം ഗേറ്റിന്റെ ക്രസ്റ്റ് ലെവൽ എന്നാണ്. അത് 2373 അടിയാണ്. ഈ ലെവലിൽ ആദ്യമായി വെള്ളം എത്തുന്നത് ജൂലൈ 17-നാണ്. അതുകൊണ്ടുതന്നെ ജൂലൈ 17-നുശേഷം മാത്രമേ വെള്ളം തുറന്ന് വിടാൻ കഴിയുകയുള്ളൂ. അപ്പോൾ മാത്രമാണ് വെള്ളം ആ ലെവലിൽ എത്തിയത്. ആഗസ്റ്റ് 1-നും ഇടുക്കി ഡാമിൽ 2395 അടി വെള്ളമായിരുന്നു. അതാണ് ഓറഞ്ച് അലർട്ടിന്റെ ലെവൽ. ആ ഘട്ടത്തിലുള്ള വെള്ളം അത്രയേയുള്ളൂ. കാലവർഷ ക്കാലമായ ജൂൺ 1 മുതൽ ആഗസ്റ്റ് 8 വരെയുള്ള 69 ദിവസങ്ങളിൽ കേരളത്തിൽ സാധാരണത്തേതിൽ നിന്നും വെറും 15 ശതമാനം മാത്രം അധികമഴയാണ്

കിട്ടിയത്. അതായത് അസാധാരണമായി യാതൊരു സാഹചര്യവും ഈ ഘട്ടത്തിൽ ഉണ്ടായിട്ടില്ല. ആഗസ്റ്റ് 1 മുതൽ 7 വരെയുള്ള സമയം എടുത്താൽ, അതായത് മഹാപ്രളയത്തിന്റെ മഴ വരുന്നതിന്റെ തൊട്ടുമുമ്പുള്ള സമയം കേരളത്തിൽ പെയ്ത മഴ സാധാരണ പ്രതീക്ഷിക്കുന്നതിൽ നിന്നും 38 ശതമാനം കുറവായിരുന്നു. പക്ഷെ, പിന്നീട് എല്ലാ പ്രവചനങ്ങൾക്കുമപ്പുറം അപ്രതീക്ഷിതമായി മഴ പെട്ടെന്ന് വർദ്ധിക്കുകയായിരുന്നു. ആഗസ്റ്റ് 13 മുതൽ ആഗസ്റ്റ് 19 വരെ കേരളത്തിലെ ആകെ മഴയിൽ 362 ശതമാനം വർദ്ധനവാണ് ഈ കാലയളവിൽ ഉണ്ടായത്. ഇടുക്കിയിലെ വർദ്ധനവ് ഇതല്ല. ഇടുക്കിയിലാകട്ടെ ഈ കാലയളവിൽ 568 ശതമാനം അധികമായിരുന്നു. ഈ കാലഘട്ടത്തിൽ കേന്ദ്ര കാലാവസ്ഥാ നിരീക്ഷണകേന്ദ്രത്തിൽനിന്നും കിട്ടിയിരുന്ന പ്രവചനം ഒരേ സ്വഭാവത്തിലുള്ളതായിരുന്നു. അപ്രതീക്ഷിത മഴ സംഭവിക്കുന്നതിന്റെ ഒരു സൂചനയും പ്രവചനങ്ങളിൽ ഉണ്ടായിരുന്നില്ല. ആഗസ്റ്റ് 1 മുതൽ 4 വരെ ഇടുക്കി അണക്കെട്ടിലെ ജലനിരപ്പ് നേരിയ തോതിൽ വർദ്ധിക്കുകയുണ്ടായി. ആഗസ്റ്റ് 1-ന് 2395.8 അടി നിരപ്പാണ് ഉണ്ടായിരുന്നത്. അത് ആഗസ്റ്റ് 4 ആയപ്പോൾ 2396.34 അടി ആയാണ് ഉയർന്നത്. അതായത് ഒന്നാം തീയതി മുതൽ നാലാം തീയതി വരെയുള്ള നിലയെടുത്താൽ കേവലം അര അടി മാത്രമാണ് ഉയർന്നത്. എന്നാൽ പിന്നീട് നിരപ്പ് കുറയുകയാണ് ചെയ്തത്. ആഗസ്റ്റ് 8-ന് അപ്രതീക്ഷിതമായി വലിയ മഴ പെയ്ത് ജലനിരപ്പ് വർദ്ധിക്കുകയും ചെയ്തു. ആഗസ്റ്റ് 9-ന് മാത്രം രണ്ടടിയാണ് ജലനിരപ്പ് ഉയർന്നത്. ഒറ്റദിവസം രണ്ടടി ജലനിരപ്പ് ഉയർന്നു. അങ്ങനെ ജലനിരപ്പ് 2398.4 അടിയായി. ഇത് ഡാം തുറന്നുവിടേണ്ട സാഹചര്യമാണ്. പെട്ടെന്നാണ് രണ്ടടി ഉയർന്നത്. ഡാം തുറന്നുവിടേണ്ട സാഹചര്യം അങ്ങനെയാണ് ഉണ്ടാകുന്നത്. കാലാവസ്ഥാ നിരീക്ഷണത്തിൽ കണ്ടെത്താൻ കഴിയാതിരുന്ന പ്രശ്നങ്ങളും അതിന്റെ കാരണങ്ങളും ഡാം മാനേജ്മെന്റുമായി ബന്ധപ്പെടുത്തുന്നതിൽ കാര്യമില്ല. ഇത് അപ്രതീക്ഷിതമായി സംഭവിച്ച കാര്യമാണ്. ചെറുതോണി ഡാം തുറന്നത് വേലിയേറ്റ-വേലിയിറക്ക സമയം പരിഗണിക്കാതെയാണെന്ന ഒരു ആക്ഷേപം ഉയരുകയുണ്ടായി. അത് വസ്തുതയ്ക്ക് നിരക്കുന്നതല്ല. ചെറുതോണി ഡാം തുറന്നത് ആഗസ്റ്റ് 9-ന് ഉച്ചയ്ക്ക് 12.30-നാണ്. അന്ന് വൈകിട്ട് വേലിയിറക്കം ഏകദേശം 5 മണിയോടെ ആരംഭിക്കും. വൈകിട്ട് 9 മണിയോടെ വേലിയിറക്കം അതിന്റെ പാരമ്യതയിലെത്തും. ഇത് പരിഗണിച്ചുകൊണ്ടാണ് ഡാം തുറന്നത്. ഇവിടെ ഓർക്കേണ്ട വസ്തുത, ആഗസ്റ്റ് 11 കർക്കിടക വാവാണ്. ഇതിനോടനുബന്ധിച്ച് സാധാരണയിൽ നിന്നും ഉയർന്ന നിലയിലാണ് വേലിയിറക്ക സമയത്തെ കടൽനിരപ്പ്. അതുകൊണ്ടുതന്നെ കടലിലേക്ക് ജലം വലിയുന്നത് സാധാരണയിൽനിന്നും തീരെ കുറവായിരുന്നു. ഇതാണ് ഇടുക്കിയുടെ പ്രശ്നം.

പ്രതിപക്ഷ നേതാവ് (ശ്രീ. രമേശ് ചെന്നിത്തല): സർ, ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇവിടെ പറഞ്ഞ കാര്യങ്ങൾ ശരിയാണ്. പക്ഷെ, ഇന്ത്യൻ മെറ്റീരിയോളജിക്കൽ ഡിപ്പാർട്ട്മെന്റ് വളരെ കൃത്യമായി പറയുന്നത് സംസ്ഥാനത്ത് ഡിസാസ്റ്റർ മാനേജ്മെന്റ് അതോറിറ്റിയുണ്ട്, അവർ ഐ.എം.ഡി.-യുമായി സംസാരിച്ച് നടപടിയെടുക്കേണ്ടതായിരുന്നു. സംസ്ഥാന അതോറിറ്റിക്ക് ഞങ്ങൾ പ്രവചനം ലഭ്യമാക്കുന്നുണ്ട്, ഇത്തവണ അഡീഷണൽ ചീഫ് സെക്രട്ടറിയെ ഫോണിൽ വിളിച്ച് 14-ലെ കനത്ത മഴയ്ക്ക് മുമ്പ് ഈ ഗൗരവതരമായ സാഹചര്യം പറഞ്ഞതാണ്. അന്ന് കനത്ത മഴയെന്നത് വ്യക്തമാക്കി സ്പെഷ്യൽ ബുള്ളറ്റിൻ നൽകിയിരുന്നു, ഐ.എം.ഡി.-ക്ക് ചെയ്യാൻ കഴിയുന്ന എല്ലാ മുന്നൊരുക്കങ്ങളും ഞങ്ങൾ ചെയ്തു, പക്ഷെ ദുരന്തനിവാരണ അതോറിറ്റി ആ കാര്യത്തിൽ നടപടികൾ സ്വീകരിച്ചില്ലെന്നും അവർ വളരെ വ്യക്തമായി സൂചിപ്പിക്കുന്നുണ്ട്. അങ്ങനെ ഒരു നിർദ്ദേശം ഐ.എം.ഡി.-യിൽനിന്നും കിട്ടിയിരുന്നോ; കിട്ടിയിരുന്നെങ്കിൽ എന്ത് നടപടിയാണ് സ്വീകരിച്ചത്?

ശ്രീ. പിണറായി വിജയൻ: സർ, ഇതിന് നേതൃത്വം കൊടുത്ത ഉദ്യോഗസ്ഥൻ നല്ല അർപ്പണബോധത്തോടെ പ്രവർത്തിച്ചയാളാണ്. എന്റെ കയ്യിൽ അതിന്റെ ഉത്തരം ഇപ്പോഴില്ല. അത് നേരത്തെ ചോദിച്ചാലല്ലേ മറുപടി പറയാൻ സാധിക്കൂ. ഇപ്പോൾ ചോദിച്ചാൽ ഉത്തരം പറയാൻ സാധിക്കില്ല. പക്ഷെ, ഒരു വസ്തുത നമ്മൾ കാണണം. ഞാൻ പറഞ്ഞതെല്ലാം ആധികാരികമായ വസ്തുതകളാണ്. നേരത്തെ ഓഖിയുടെ ഘട്ടത്തിൽ നമുക്ക് ഓർമ്മയില്ലേ, ഇതുമായി ബന്ധപ്പെട്ട് ചില പ്രശ്നങ്ങൾ വന്നത്. യഥാർത്ഥത്തിൽ നമ്മുടെ സംസ്ഥാനം പറഞ്ഞ കാര്യങ്ങളായിരുന്നല്ലോ പൂർണ്ണമായും ശരി. അന്ന് ചില സംശയങ്ങൾ ഉയർത്താൻ ശ്രമിച്ചെങ്കിലും അതാണ് ശരിയെന്ന് പിന്നീട് എല്ലാവരും അംഗീകരിക്കുന്ന നില വന്നല്ലോ? അതുപോലെയാണ് ഇതിന്റെയും കാര്യം. ഇതിൽ യാതൊന്നും മറച്ചുവച്ചിട്ടില്ല.

ശ്രീ. വി. ഡി. സതീശൻ: സർ, അങ്ങയെ തെറ്റിദ്ധരിപ്പിച്ചുകൊണ്ടാണ് ഉദ്യോഗസ്ഥർ ഈ കണക്കുകൾ തന്നിരിക്കുന്നത്. ഐ.എം.ഡി.-യുടെ public domain-ൽ കിട്ടിയ കണക്കുകൾ എല്ലാവരുടെയും കയ്യിലുണ്ട്. അങ്ങ് പറഞ്ഞു heavy rain ആണെന്ന്. പക്ഷെ 14, 15 തീയതികളിൽ heavy to very heavy rainfall എന്നാണ് ഇന്റൻസിറ്റി പറയുന്നത്. Very heavy എന്ന് പറയുന്നത് 204 മില്ലിമീറ്റർ വരെ വരും. അത് അതിതീവ്ര മഴയുടെ തൊട്ടടുത്ത് നിൽക്കുന്നതാണ്. അത് മുൻകൂട്ടിയുള്ളതാണ്. അങ്ങ് 9-ാം തീയതിയിലെ വേലിയിറക്കത്തിന്റെ കാര്യം പറഞ്ഞത് കൃത്യമാണ്. അങ്ങ് പറവൂരിലെ ക്യാമ്പ് സന്ദർശിച്ചതാണ്. ചെറിയ തോതിലേ വെള്ളം ഉയർന്നിരുന്നുള്ളൂ. കാരണം എന്താണ്? വാവിന്റെ സമയത്ത് ഇഷ്ടംപോലെ വെള്ളം കടൽ സ്വീകരിച്ചു. പക്ഷെ, ഈ മഹാദുരന്തമുണ്ടായത്

രണ്ടാമത്തെ പ്രാവശ്യം വെള്ളം വിട്ടപ്പോഴുള്ള വേലിയേറ്റ സമയത്താണ്. അത് വേലിയേറ്റമുണ്ടായപ്പോഴാണ്. ആ വേലിയേറ്റത്തിൽ കടൽവെള്ളം സ്വീകരിക്കാതെ നേരെ കിഴക്കോട്ട് തള്ളുകയായിരുന്നു. അതാണ് പറവൂരും ആലുവയും മുങ്ങിയത്. അവർ 9-ാം തീയതിയിലെ കണക്ക് മാത്രം തന്നു. 15-ാം തീയതിയിലെ കണക്ക് അങ്ങേയ്ക്ക് തന്നില്ല. അതുപോലെ ഈ പബ്ലിക് ഡൊമൈനിലുള്ള കാലാവസ്ഥാ നിരീക്ഷണ കേന്ദ്രത്തിന്റെ ഓരോ ദിവസത്തെയും കണക്ക് ആർക്കും ലഭിക്കും. അങ്ങ് അതുകൂടി പരിശോധിക്കണം. അങ്ങയെ തെറ്റിദ്ധരിപ്പിക്കുന്ന വസ്തുത അവർ തന്നിട്ടുണ്ട്.

5.00 PM]

ശ്രീ. പിണറായി വിജയൻ: സർ, ഞാൻ നേരത്തെ പറഞ്ഞിരുന്നു, ഓരോ ദിവസവും രണ്ടടിയെന്ന തോതിലാണ് വെള്ളത്തിന്റെ അളവ് ഉയർന്നത്. ആ തോതിൽ വെള്ളമുയർന്നപ്പോൾ വെള്ളം തുറന്നുവിടാതെ പറ്റില്ല, അതാണ് വസ്തുത. അതിനുമുമ്പുതന്നെ ആവശ്യമായ മുന്നറിയിപ്പ് നൽകിയിരുന്നു. പക്ഷെ വെള്ളം കയറിക്കൊണ്ടിരിക്കുമ്പോൾ വേലിയേറ്റമാണ്, അല്ലെങ്കിൽ വേലിയിറക്കമാണ് അവിടെ വെള്ളം സ്വീകരിക്കില്ല എന്നൊക്കെ പറഞ്ഞ് വെള്ളത്തെ തടുത്ത് നിർത്താൻ കഴിയില്ല. അങ്ങനെ തടുത്ത് നിർത്തിയാൽ ഒന്നും നമ്മുടെ കയ്യിൽ നിൽക്കില്ല, എന്താണ് സംഭവിക്കുന്നതെന്ന് പറയാൻ സാധിക്കില്ല. അതുകൊണ്ട് വെള്ളം തുറന്നുവിട്ടേ മതിയാകൂ, അതുകൊണ്ടാണ് വെള്ളം തുറന്നുവിടുന്ന നിലയിലെത്തിയത്. പിന്നെ ഓരോ ഘട്ടത്തിലും ആ ദിവസങ്ങളിൽ ഇതുമായി ബന്ധപ്പെട്ടുള്ള റിവ്യൂ മീറ്റിംഗുകളിൽ എന്താണ് അവസ്ഥയെന്ന് ബന്ധപ്പെട്ട ഉദ്യോഗസ്ഥർ അറിയിക്കുമായിരുന്നു. മറ്റ് നടപടികളിലേയ്ക്ക് നീങ്ങുകയെന്നതു മാത്രമേ അപ്പോൾ നിർവ്വാഹമുണ്ടായിരുന്നുള്ളൂ.

പറവൂർ മേഖലയിൽ ആദ്യ രണ്ട് ദിവസങ്ങളിൽ രക്ഷാപ്രവർത്തനം നടന്നില്ലെന്ന് പറഞ്ഞു. ഐ.എം.ഡി. യുടെ നിർദ്ദേശം ആഗസ്റ്റ് 14-നാണ് ഫോണിലൂടെ കിട്ടിയത്. ഇടുക്കി ഡാം ആഗസ്റ്റ് 9-നുതന്നെ തുറന്നിരുന്നു. മുന്നറിയിപ്പ് അതിനു മുമ്പുതന്നെ നൽകിയിരുന്നു. വെള്ളം കയറുമെന്ന് വന്നപ്പോൾത്തന്നെ മുന്നറിയിപ്പ് നൽകിയിരുന്നു.

പ്രതിപക്ഷനേതാവ് (ശ്രീ. രമേശ് ചെന്നിത്തല): സർ, ഒരു കാര്യം പറയട്ടെ. ഒരു ഐ.എം.ഡി.-യേയും ഒരു കാലാവസ്ഥ മുന്നറിയിപ്പുകാരേയും മുഖ്യമന്ത്രി നോക്കണ്ട. സാധാരണഗതിയിൽ തുലാമഴ ഇനിയും വരാനിരിക്കുന്നതേയുള്ളൂ. അതുകൂടി കണക്കിലെടുത്തുകൊണ്ട് വെള്ളം കുറേശ്ശെ തുറന്നുവിടാൻ കഴിയുന്ന ഒരു ഡാം മാനേജ്മെന്റ് നമുക്ക് ഉണ്ടായില്ലായെന്നതാണ് ഞങ്ങൾ ചൂണ്ടിക്കാണിച്ചത്.

<u>ശ്രീ. പിണറായി വിജയൻ</u>: സർ, അനിതരസാധാരണമായ ഒരു മഴയാണ് പെയ്തതെന്ന് നാം കാണേണ്ടതുണ്ട്. അങ്ങനെ ഒരു പ്രവചനവും ഉണ്ടായിരുന്നില്ല. പ്രവചനം സാധാരണ മഴയായിരിക്കുമെന്നായിരുന്നു. മഴ ചെറിയ തോതിലാണ് വർദ്ധിച്ചുവരുന്നതെങ്കിൽ ഇടുക്കി ഡാമിന് താങ്ങാനുള്ള നല്ല ശേഷിയുണ്ട്. അപ്പോൾ തുറന്നുവിടേണ്ട സാഹചര്യം വരുന്നില്ല. പ്രവചനമുണ്ടായിരുന്നില്ലെന്നത് കൊണ്ടുതന്നെ നമുക്ക് അതിലേയ്ക്ക് കടക്കാൻ സാധിക്കില്ല, അതാണ് സംഭവിച്ചത്.

പറവൂരിന്റെ കാര്യം പറയാം. പറവൂരിൽ ആദ്യ രണ്ട് ദിവസങ്ങളിൽ രക്ഷാപ്രവർത്തനമൊന്നും നടന്നില്ലെന്നുള്ള ആക്ഷേപമുന്നയിക്കുകയുണ്ടായി. അത് വസ്തുതകൾക്ക് നിരക്കുന്നതല്ല. പറവൂർ, വരാപ്പുഴ, മുനമ്പം, വടക്കേക്കര, പുത്തൻവേലിക്കര എന്നീ അഞ്ച് സ്റ്റേഷനുകളിലായി നിലവിലുള്ള ഇരുന്നൂറോളം പോലീസുകാർക്കുപുറമെ ഒരു സീനിയർ ഡിവൈ.എസ്.പി.-യുടെ നേതൃത്വത്തിൽ ആദ്യ ദിവസം ഒരു പ്ലാറ്റൂൺ പോലീസുകാരും രണ്ടാം ദിവസം മറ്റൊരു പ്ലാറ്റൂൺ പോലീസുകാരും അവിടെ എത്തിയിട്ടുണ്ടായിരുന്നു.

<u>ശ്രീ. വി. ഡി. സതീശൻ</u>: സർ, അവിടെ അത്രയും പോലീസുകാർ ഉണ്ടായിരുന്നില്ല, ആകെ ഏഴ് പോലീസുകാർ മാത്രമാണുണ്ടായിരുന്നത്.

<u>ശ്രീ. പിണറായി വിജയൻ</u>: സർ, തുടർന്ന് മത്സ്യത്തൊഴിലാളികളും കേന്ദ്ര സേനകളും എത്തി. അവിടെ രക്ഷാപ്രവർത്തനം ഊർജ്ജിതമാക്കിയിട്ടുണ്ട്. അതുപോലെ അഗ്നിസുരക്ഷാ വകുപ്പ്, മത്സ്യത്തൊഴിലാളികൾ, നാട്ടുകാർ, കേന്ദ്ര സേനകൾ ഇവരുടെയെല്ലാം 62 ബോട്ടുകൾ ആ പ്രദേശത്ത് മാത്രം വിന്യസിച്ചു. ഒരു കെട്ടിടം തകർന്നുവീണ് ചിലർ മരണപ്പെട്ട നോർത്ത് കുത്തിയതോട് ആയിരുന്നു രക്ഷാപ്രവർത്തനം ഏറെ ദുഷ്കരമായിരുന്നത്. അവിടെ എസ്.പി.-യും ആർമി ഉദ്യോഗസ്ഥരും ചേർന്നാണ് രക്ഷാപ്രവർത്തനം നടത്തിയത്. വെള്ളം ഇറങ്ങിയതിനു ശേഷമാണ് രക്ഷാപ്രവർത്തനം നടത്തിയതെന്നത് വസ്തുതകൾക്ക് നിരക്കുന്നതല്ല. പല രക്ഷാബോട്ടുകളും അതിശക്തമായ നീരൊഴുക്കിൽപ്പെട്ട് തകർന്നിരുന്നു. എന്നിട്ടും മത്സ്യത്തൊഴിലാളികളും സേനകളും സ്വന്തം ജീവൻ പണയപ്പെടുത്തിയാണ് രക്ഷാപ്രവർത്തനം നടത്തിയത്. അതാണ് വസ്തുത.

<u>ശ്രീ. വി. ഡി. സതീശൻ</u>: സർ, ഇത് അങ്ങേയ്ക്ക് എഴുതി തയ്യാറാക്കി തന്നവർക്ക് നമോവാകം.

<u>മി. സ്പീക്കർ</u>: നിങ്ങൾ ശക്തമായി വിമർശിച്ചപ്പോൾ അദ്ദേഹം നിശബ്ദനായിരിക്കുകയായിരുന്നു. ഇതെന്താണ്; ഇതൊന്നും ശരിയല്ല. നിങ്ങൾ ശക്തമായി വിമർശിച്ചു, ആ സമയം മുതൽ ഇത്രയും മണിക്കൂർ വരെ മുഖ്യമന്ത്രി നിശബ്ദനായിട്ടല്ലേ ഇരുന്നത്? (....ബഹളം..)

ശ്രീ. പിണറായി വിജയൻ: സർ, മുല്ലപ്പെരിയാറിന്റെ കാര്യം പറയട്ടെ (....ബഹളം..)

മി. സ്പീക്കർ: മുല്ലപ്പെരിയാറിന്റെ കാര്യം അദ്ദേഹം പറയട്ടെ, എല്ലാവരും സീറ്റുകളിൽ ഇരിക്കൂ. നിങ്ങളെല്ലാവരും രൂക്ഷമായി വിമർശിച്ചപ്പോൾ അദ്ദേഹം നിശബ്ദനായിരുന്ന് കേട്ടതാണ്. അദ്ദേഹം സംസാരിക്കുന്നതിനിടയിൽ നിങ്ങൾ എഴുന്നേറ്റുനിന്ന് സംസാരിക്കുന്നത് ശരിയാണോ?

ശ്രീ. പിണറായി വിജയൻ: സർ, അവർ എല്ലാവരും ഇത്രയും വിശദമായി കാര്യങ്ങൾ പറഞ്ഞതിന് മറുപടി പറയുമ്പോൾ അവർ കേൾക്കേണ്ടതല്ലേ?

മി. സ്പീക്കർ: അതെ... (...ബഹളം..) ഇവിടെ മറുപടി പറയാൻ മുഖ്യമന്ത്രി നിർബന്ധിതനാകുകയാണ്.

ശ്രീ. പിണറായി വിജയൻ: സർ, മുല്ലപ്പെരിയാറിന്റെ കാര്യത്തിൽ സംസ്ഥാന സർക്കാരിന് ഒരു തെറ്റും സംഭവിച്ചിട്ടില്ല. അതിൽ യഥാസമയം ഇടപെട്ടിട്ടുണ്ട്. തമിഴ്നാട് മുഖ്യമന്ത്രിയുമായി ബന്ധപ്പെടാൻ ശ്രമിച്ചിട്ടുണ്ട്; കത്തും എഴുതിയിട്ടുണ്ട്. ബഹുമാനപ്പെട്ട സുപ്രീംകോടതിയിൽ ആവശ്യമായ നടപടികൾ സ്വീകരിക്കുകയും ചെയ്തു. യഥാർത്ഥത്തിൽ അതിന്റെ ഫലമായാണ് സുപ്രീംകോടതിയിൽനിന്നും കേരളത്തിന് അനുകൂല വിധിയുണ്ടായത്. കേന്ദ്ര ജല കമ്മീഷന്റെ ചെയർമാൻ അദ്ധ്യക്ഷനായ ഡാം സേഫ്റ്റി ഓർഗനൈസേഷൻ 139 അടിയിൽ ജലനിരപ്പ് പരിമിതപ്പെടുത്തണമെന്ന ശിപാർശയും നൽകി. സുപ്രീംകോടതി വിധിയിലെ 17-8-2018-ലെ നിരീക്ഷണം ഉദ്ധരിക്കാം. " ..... the rescue operation and rehabilitation of the people was being taken up with immense efforts by the state government." സംസ്ഥാനത്തിന്റെ പ്രവർത്തനങ്ങളെ സുപ്രീംകോടതി നല്ല നിലയിൽത്തന്നെയാണ് വിലയിരുത്തിയിട്ടുള്ളത്.

വയനാട്ടിലെ ബാണാസുരസാഗർ അണക്കെട്ട് തുറന്നതിനെപ്പറ്റിയാണ് ആക്ഷേപമുന്നയിച്ചത്. നേരത്തെ വിശദീകരിച്ച കാര്യവും ഇവിടെ ഉന്നയിക്കുകയുണ്ടായി. അവിടെയും പ്രളയകാരണമായത് ഡാമിൽനിന്നുള്ള വെള്ളമല്ല, ഈ വർഷം ബാണാസുരസാഗർ ഡാം ആദ്യമായി തുറന്നത് ജൂലൈ മാസം പതിനാലിനാണ്. ആഗസ്റ്റ് മാസം അഞ്ചുവരെ വെള്ളം തുറന്നുവിട്ടുകൊണ്ടിരുന്നു. ഡാമിലേയ്ക്കുള്ള നീരൊഴുക്ക് ഇല്ലാതായ സാഹചര്യത്തിൽ ആഗസ്റ്റ് 5-ന് ഡാമിൽനിന്നും പുറത്തേയ്ക്ക് വെള്ളം ഒഴുക്കുന്നത് അവസാനിപ്പിച്ചു. എന്നാൽ ആഗസ്റ്റ് 6-ന് വൈകിട്ട് വൃഷ്ടി പ്രദേശത്ത് വീണ്ടും മഴ പെയ്തപ്പോൾ നീരൊഴുക്ക് വർദ്ധിച്ചു. നീരൊഴുക്കിലുള്ള വർദ്ധനവ് കണക്കിലെടുത്ത് ആഗസ്റ്റ് 7-ന് രാവിലെ ആറര മണിയോടെ വീണ്ടും ഡാം തുറക്കേണ്ടിവന്നു. മഴ ശമനമില്ലാതെ തുടർന്നപ്പോൾ ഘട്ടംഘട്ടമായി ഷട്ടറിന്റെ വിടവ് വർദ്ധിപ്പിക്കേണ്ടിവന്നു. നേരത്തെ മണ്ണുകൊണ്ടാണ് ഡാം നിർമ്മിച്ചതെന്ന് പറഞ്ഞത് വസ്തുതയാണ്. ബാണാസുരസാഗർ അണക്കെട്ട് ചെളിമണ്ണ് കുഴച്ച് നിർമ്മിച്ച അണക്കെട്ടാണ്.

പ്രതിപക്ഷനേതാവ് (ശ്രീ. രമേശ് ചെന്നിത്തല): സർ, അങ്ങ് പറഞ്ഞത് നൂറ് ശതമാനവും ശരിയാണ്, ആ ഡാം മണ്ണുകൊണ്ട് നിർമ്മിച്ചതാണ്. പക്ഷെ ജില്ലാ കളക്ടർ പറയുന്നത് അദ്ദേഹത്തിനോടോ ജില്ലാ ഭരണകൂടത്തിനോടോ ആലോചിക്കാതെ രാത്രിയിൽ തുറന്നുവെന്നാണ്. ഞങ്ങൾക്ക് അങ്ങ് പറഞ്ഞ മറ്റ് കാര്യങ്ങളോടല്ല ഇവിടെ അഭിപ്രായവ്യത്യാസമുള്ളത്. രാത്രിയിൽ ആളുകൾ ഉറങ്ങിക്കിടക്കുമ്പോൾ ഡാം തുറക്കുക, ആ വിവരം ജില്ലാ കളക്ടർ അറിയുന്നില്ല, ചീഫ് സെക്രട്ടറി അതിനെ ന്യായീകരിക്കുന്നു. അതാണ് ഇവിടുത്തെ മുഖ്യമായ പ്രശ്നം.

ശ്രീ. പിണറായി വിജയൻ: സർ, അങ്ങനെയൊരു വാചകം കിട്ടിയാൽ നിങ്ങൾക്ക് അത് ഉപയോഗിക്കാൻ കഴിയുമെന്നത് ശരിയാണ്. അതിൽ ആശ്ചര്യമില്ല, പക്ഷെ അത് വസ്തുതയല്ല. അതായത് ഈ ഡാം തുറന്നുവിട്ടത് രാവിലെയാണ്. വെള്ളം അത്രയും കൂടുതൽ വർദ്ധിച്ചതുകൊണ്ട് തുറക്കാതെ വേറെ മാർഗ്ഗമില്ല. ഈ ഡാമിന് പല പ്രത്യേകതകളുണ്ട്. അതായത് ഇതിന്റെ ഫുൾ റിസർവോയർ ലെവലും മാക്സിമം റിസർവോയർ ലെവലും 775.6 മീറ്ററാണ്. അതായത്, മറ്റ് ഡാമുകളിലേതുപോലെ ഫുൾ റിസർവോയറിന് മുകളിൽ വെള്ളം കയറാൻ പാടില്ല, അതിന് മുകളിൽ വെള്ളമെത്തിയാൽ പിന്നീട് ഒഴുകി വരുന്ന മുഴുവൻ ജലവും പുഴയിലേയ്ക്ക് ഒഴുക്കിക്കളയുക മാത്രമേ സാധിക്കുകയുള്ളൂ. മറ്റൊരു മാർഗ്ഗവുമില്ല. അതുകൊണ്ടാണ് ഡാമിന്റെ ഷട്ടർ ഘട്ടംഘട്ടമായി ഉയർത്തേണ്ടി വന്നത്. ആഗസ്റ്റ് 6-ന് ഒഴികെ ജൂലൈ 14 മുതൽ എല്ലാ ദിവസവും ബാണാസുര സാഗർ അണക്കെട്ടിൽനിന്നും വെള്ളം ഒഴുകിക്കൊണ്ടിരിക്കുകയായിരുന്നു. കനത്ത മഴയായതിനാൽ ആഗസ്റ്റ് 7-ന് നദിയിൽ ജലനിരപ്പുയരുകയും വലിയ വെള്ളപ്പൊക്കമുണ്ടാവുകയും ചെയ്തു. ഇതാണ് സംഭവിച്ചത്. ഇക്കാര്യത്തിൽ ബാണാസുരസാഗർ അണക്കെട്ടിന് പ്രത്യേക പങ്കില്ല. അത് നേരത്തെ തുറന്നിട്ടുണ്ട്. എന്നാൽ മഴ പെയ്തു, വല്ലാതെ വെള്ളം കനത്തു. ബാണാസുരസാഗർ അണക്കെട്ടിൽനിന്നുള്ള വെള്ളമെത്താത്ത കൽപ്പറ്റ അടക്കമുള്ള പ്രദേശങ്ങളിലും വെള്ളപ്പൊക്കമുണ്ടായി. ഡാം തുറക്കുമ്പോൾ മുന്നറിയിപ്പ് നൽകാത്തതാണ് വെള്ളപ്പൊക്ക ദുരിതങ്ങൾ വർദ്ധിക്കുന്നതിന് കാരണമായതെന്ന വാദം ശരിയല്ല എന്നതാണ് ഈ വസ്തുതകളിൽനിന്ന് വ്യക്തമാകുന്നത്.

വയനാട്ടിൽ ഏറ്റവും കൂടുതൽ മഴ പെയ്ത ആഗസ്റ്റ് 9-ന് ബാണാസുര സാഗർ ഡാമിൽനിന്ന് സെക്കന്റിൽ 2,250 ഘനമീറ്റർ വെള്ളമാണ് കബനി നദിയിലേയ്ക്ക് ഒഴുകിയത്. വയനാട്ടിൽനിന്ന് ഒഴുകിയെത്തുന്ന വെള്ളം ശേഖരിക്കുന്നതിനുവേണ്ടി കബനി നദിയിൽ കർണ്ണാടക കെട്ടിയ ബീച്ചനഹള്ളി ഡാമിൽ അന്ന് ഒഴുകിയെത്തിയ വെള്ളം സെക്കന്റിൽ 19,400 ഘനമീറ്റർ വീതമായിരുന്നു. 2,250 ഘനമീറ്റർ വെള്ളമാണ് നമ്മൾ വിട്ടിട്ടുള്ളത്. രണ്ടും തമ്മിലുള്ള വ്യത്യാസം

നോക്കിയാൽ അത്രയും മഴവെള്ളമാണ് അവിടെ ഒഴുകിയെത്തിയത് എന്നാണർത്ഥം. അതായത് കബനിയുടെ വയനാട് ഭാഗത്ത് ഒഴുകിയ വെള്ളത്തിന്റെ 12 ശതമാനം വെള്ളം മാത്രമായിരുന്നു ബാണാസുരസാഗറിന്റെ സംഭാവന. മറ്റു നദികളിലെ കണക്കുകൾ പരിശോധിച്ചാലും ഡാമുകളിൽനിന്ന് വന്ന വെള്ളമല്ല, നദീതട ത്തിലാകെ പെയ്ത കനത്ത മഴയിലൂടെ ഒഴുകിയെത്തിയ സ്വാഭാവിക നീരൊഴുക്കാണ് ഈ വർഷം കേരളത്തിലുണ്ടായ വെള്ളപ്പൊക്കത്തിന് കാരണമായത്.

ഡാമുകളാണ് പ്രളയത്തിന് കാരണമെന്ന നിലയിൽ ആരോപണം ഉന്നയിക്കുന്നത് പ്രഥമദൃഷ്ട്യാ വസ്തുതാവിരുദ്ധമാണ്. അണക്കെട്ടുകളില്ലാത്ത അച്ചൻകോവിലാർ, മീനച്ചിലാർ, മണിമലയാർ, ചാലിയാർ എന്നീ നദികളിലെല്ലാം വെള്ളം കവിഞ്ഞൊഴുകി പ്രളയം സൃഷ്ടിച്ചിട്ടുണ്ട്. ഉരുൾപൊട്ടൽ, മണ്ണിടിച്ചിൽ എന്നിവകൊണ്ട് 151 പേർ സംസ്ഥാനത്ത് മരണപ്പെട്ടിട്ടുണ്ട്. കേന്ദ്ര ജല കമ്മീഷന്റെ പ്രളയ മുന്നറിയിപ്പ് വിഭാഗം ഡയറക്ടർ കഴിഞ്ഞ ദിവസം മാധ്യമങ്ങളോട് പറഞ്ഞ കാര്യം അതോടൊപ്പം കാണേണ്ടതുണ്ട്. അദ്ദേഹം പറഞ്ഞത്, കേരളത്തിൽ അപ്രതീക്ഷിതമായ അതിതീവ്ര മഴയാണ് പ്രളയം സൃഷ്ടിക്കാൻ കാരണം എന്നാണ്. ഡാമുകൾ പ്രളയത്തിന് കാരണമായിട്ടില്ലെന്നും ഡാമുകളുടെ പ്രവർത്തനങ്ങളിൽ എന്തെങ്കിലും പിശക് വന്നിട്ടില്ലെന്നുമാണ് ജലകമ്മീഷൻ വിലയിരുത്തിയിട്ടുള്ളത്.

<u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u>: സർ, കേന്ദ്ര ജലകമ്മീഷൻ എല്ലാ കാലത്തും കേരളത്തിന്റെ നിലപാടുകൾക്ക് വിരുദ്ധമാണ്. മുല്ലപ്പെരിയാർ ഡാമിനെ സംബന്ധി ച്ചാണെങ്കിലും കേന്ദ്ര ജലകമ്മീഷൻ എടുത്ത നിലപാട് വിരുദ്ധമാണ്. ഡാമിൽ നിന്നുള്ള വെള്ളമല്ല, മഴ കൊണ്ടുണ്ടായ വെള്ളമാണ് എന്നാണ് പറയുന്നത്. പക്ഷേ ബഹുമാനപ്പെട്ട സുപ്രീംകോടതിയിൽ നമ്മൾ കൊടുത്തിരിക്കുന്ന അഫിഡവിറ്റ് മുല്ലപ്പെരിയാർ ഡാമിലെ വെള്ളം കൂടി വന്നതുകൊണ്ടാണ് യഥാർത്ഥത്തിൽ ഇങ്ങനെയൊരു സംഭവം ഉണ്ടായത് എന്നാണ്. അങ്ങ് പരിശോധിച്ചാൽ മതി. മുല്ലപ്പെരിയാർ ഡാമിന്റെ കാര്യത്തിൽപ്പോലും സംസ്ഥാനത്തിന് വിരുദ്ധമായ ഒരു നിലപാട് എടുക്കാൻ ബഹുമാനപ്പെട്ട സുപ്രീംകോടതിയിൽ സ്വാധീനിക്കാൻ കഴിയുന്ന വിധത്തിലായിരുന്നു കേന്ദ്ര ജല കമ്മീഷന്റെ നിലപാട്.

പറമ്പിക്കുളം-ആളിയാർ സംബന്ധിച്ചുള്ള വിഷയം അങ്ങയുടെ തന്നെ വകുപ്പ് നേരിട്ട് കൈകാര്യം ചെയ്യുന്നതാണ്. ഒരു കാലഘട്ടത്തിലും പറമ്പിക്കുളം ഡാമിൽ നിന്നും വർഷകാലത്ത് കേരളത്തിലെ കനാലിലേയ്ക്ക് വെള്ളം തുറന്നു വിടില്ലായിരുന്നു. മാർച്ച് മാസത്തിലും സെപ്റ്റംബർ മാസത്തിലും അതിന് ഒരു നിശ്ചിത സമയമുണ്ട്. ആ നിശ്ചിത സമയത്താണ് അപ്പർ ഷോളയാറിൽനിന്ന് കേരള ഷോളയാറിലേയ്ക്കും അവിടെനിന്ന് താഴേയ്ക്കുമുള്ള വെള്ളത്തിന്റെ ഒഴുക്ക്

കൃത്യതയോടുകൂടി കൈകാര്യം ചെയ്യുന്നത്. പക്ഷേ ഇക്കാര്യത്തിൽ Joint Water Regulatory Board ചെയർമാന്റെ അറിവില്ലാതെ തമിഴ്നാട് കേരളത്തിലേയ്ക്ക് വെള്ളം ഒഴുക്കി എന്നൊരു ആക്ഷേപമുണ്ട്. അങ്ങത് പരിശോധിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ മേൽ നടപടികൾ സ്വീകരിക്കുമോ?

ശ്രീ. പിണറായി വിജയൻ: സർ, ബഹുമാന്യനായ അംഗം ഉന്നയിച്ചത് വളരെ പ്രധാനപ്പെട്ട ഒരു കാര്യമാണ്. ഇക്കാര്യത്തിൽ നമ്മൾ സ്വീകരിച്ച നിലപാട് പൊതുവെ ബഹുമാനപ്പെട്ട സുപ്രീംകോടതിക്ക് ഉൾപ്പെടെ ബോധ്യമായിട്ടുള്ളതാണ്. ഇതിൽ സംഭവിച്ച കാര്യം, വെള്ളം കനത്തുവരുമ്പോൾ സ്വാഭാവികമായി വെള്ളം കുറേശ്ശെ വിട്ടുകൊണ്ടിരിക്കണം. ഇക്കാര്യം നമ്മൾ നിരന്തരം അഭ്യർത്ഥിച്ചു കൊണ്ടിരിക്കുകയാണ്. എന്നാൽ മുല്ലപ്പെരിയാറിൽ കൂടുതൽ വെള്ളം നിറച്ചു നിർത്താൻ സാധിക്കുമെന്ന് തെളിയിക്കുന്നതിനുവേണ്ടി ആയിരിക്കണം അവർ തുറക്കാൻ തയ്യാറായില്ല. നമ്മൾ സമ്മർദ്ദം ചെലുത്തിക്കൊണ്ടിരുന്നു. പക്ഷെ അവർ തുറന്നില്ല. ഈ സാഹചര്യത്തിലാണ് ബഹുമാനപ്പെട്ട സുപ്രീംകോടതിയിൽ വാദങ്ങൾ വരുന്നത്. നമ്മൾ ഇതെല്ലാം സുപ്രീംകോടതി മുമ്പാകെ പറഞ്ഞു. അപ്പോഴാണ് സുപ്രീംകോടതിയുടെ ശക്തമായ ഇടപെടൽ വന്നത്. വേറൊരു നിലപാടും അതോടൊപ്പം വന്നു. ഇതിൽ ബഹുമാനപ്പെട്ട പ്രധാനമന്ത്രിയുടെ ഓഫീസിൽ നിന്ന് ഒരു ഇടപെടൽ കൂടി വേണമെന്നാണ്. പ്രധാനമന്ത്രിയോട് നേരിട്ട് ഞാൻ സംസാരിച്ചിരുന്നു. അതിന്റെ ഭാഗമായുള്ളൊരു ഇടപെടലും വന്നിരുന്നു. ഏതായാലും സെൻട്രൽ വാട്ടർ കമ്മീഷന്റെ അദ്ധ്യക്ഷതയിൽ സംസ്ഥാനത്തെ പ്രതിനിധിയും തമിഴ്നാടിന്റെ പ്രതിനിധിയും കൂടിയുള്ളൊരു കമ്മിറ്റിയെ ഇത്തരം ഘട്ടങ്ങളിൽ കാര്യങ്ങൾ തീരുമാനിക്കാൻ നിയോഗിച്ചിട്ടുണ്ട്. അതെല്ലാം ഇതിന്റെ ഭാഗമായി സംഭവിച്ചതാണ്. അവർ ചെയ്ത നടപടി ശരിയല്ലെന്നത് സത്യമാണ്. പക്ഷേ സംസ്ഥാനങ്ങൾ തമ്മിലാകുമ്പോൾ നമ്മൾ ആ വികാരമല്ലല്ലോ ആ സമയം ഉയർത്തിക്കൊണ്ടു വരേണ്ടത്. അതുകൊണ്ട് ഉയർത്തിയില്ല എന്നുമാത്രമേയുള്ളൂ. അതിന്റെ മറ്റു കാര്യങ്ങളൊക്കെ നമ്മൾ ചെയ്തിട്ടുള്ളതാണ്. അത് നേരത്തെ ബഹുമാന്യനായ മന്ത്രി ഇവിടെ പറഞ്ഞുവെന്നാണ് എനിക്ക് തോന്നുന്നത്.

രക്ഷാപ്രവർത്തനങ്ങൾക്കായി കേന്ദ്ര സേനകളെ അനുവദിക്കണമെന്ന് ആഗസ്റ്റ് 9-ന് അതിരാവിലെതന്നെ ബന്ധപ്പെട്ടവർക്ക് ദുരന്ത നിവാരണ അതോറിറ്റി കത്തെഴുതി. അപ്പോൾത്തന്നെ അനുകൂലമായി പ്രതികരിച്ചു. രക്ഷാപ്രവർത്തനങ്ങൾക്കായി ആവശ്യമായ സജ്ജീകരണങ്ങളോടെ വിവിധ സേനാവിഭാഗങ്ങൾ കേരളത്തിലെത്തി.

ഇത് പെട്ടെന്നാണ് ഉണ്ടാകുന്നത്. 7443 പേരാണ് ഇത്തരത്തിൽ രക്ഷാപ്രവർത്തനങ്ങളിൽ ഏർപ്പെട്ടത്. കേന്ദ്ര സേനകളുടെ വിവിധ വിഭാഗങ്ങൾ, ബഹുമാനപ്പെട്ട പ്രധാനമന്ത്രി, കേന്ദ്ര ആഭ്യന്തര വകുപ്പുമന്ത്രി, കേന്ദ്ര പ്രതിരോധ വകുപ്പുമന്ത്രി എന്നിവരോടൊക്കെ സംസാരിച്ചു. ആവശ്യമായ സജ്ജീകരണങ്ങളോടെ സേനയെ അയച്ചുതരാൻ ആവശ്യപ്പെടുകയും ചെയ്തു. അവരെല്ലാം അതിനുതകുന്ന നിർദ്ദേശങ്ങളും നൽകി. അതനുസരിച്ച് സേനയുടെ നല്ല സേവനമാണ് നമുക്ക് കിട്ടിയത്. കേന്ദ്രസേനയുടെ നേതൃത്വത്തിൽ ഇവിടെ നടത്തിയ രക്ഷാപ്രവർത്തനത്തിൽ 74060 പേരെയാണ് രക്ഷപ്പെടുത്തിയത്. രക്ഷാപ്രവർത്തനത്തിന് നേതൃത്വം കൊടുത്ത് ഇവിടെ പ്രവർത്തിച്ച സേനാമേധാവികൾ രക്ഷാപ്രവർത്തനത്തിൽ സർക്കാരും ജില്ലാ ഭരണകൂടങ്ങളും മറ്റ് സർക്കാർ സംവിധാനങ്ങളും നൽകിയ പിന്തുണയും നേതൃത്വവും സംബന്ധിച്ച് വളരെ നല്ല അഭിപ്രായമാണ് പറഞ്ഞിട്ടുള്ളത്. സംസ്ഥാന തലത്തിൽ നടത്തിയ പ്രതിദിന അവലോകന യോഗങ്ങളിൽ ഈ സേനകളുടെയെല്ലാം തലവൻമാരും അവരുടെ പ്രതിനിധികളും പങ്കെടുത്തിരുന്നു. പിന്നീട് അവർ പറഞ്ഞത്, സർക്കാരിന്റെ നേതൃത്വത്തിൽ നടന്ന ഈ അവലോകന യോഗങ്ങൾ അക്ഷരാർത്ഥത്തിൽ അവർക്കുള്ളൊരു മാർഗ്ഗനിർദ്ദേശമായിരുന്നു എന്നാണ്. കാരണം അവർക്ക് ഇന്ന കാര്യം ചെയ്യണമെന്നുള്ള നിർദ്ദേശം വേണം. അതാണ് അവരുടെ ശീലം. ഞങ്ങളോട് ഇന്നകാര്യം ചെയ്യണമെന്ന് പറഞ്ഞാൽ അത് ചെയ്യാൻ ഞങ്ങൾക്ക് താൽപ്പര്യമാണെന്ന് അവർ തന്നെ പറഞ്ഞു. ആ നിർദ്ദേശങ്ങൾ ആ യോഗങ്ങളിൽവച്ച് അവർക്ക് ലഭിച്ചിരുന്നു. ആർമിക്ക് കേരളത്തിൽ ബോട്ടുകളുമായി എത്തണമെന്ന് അറിയില്ലായിരുന്നു എന്നുള്ളൊരു പരാമർശം ഇവിടെ നേരത്തെ നടത്തുകയുണ്ടായി. ഇതും വസ്തുതയ്ക്ക് നിരക്കുന്നതല്ല. കേരളത്തിലെ കാലവർഷ സ്ഥിതിഗതികൾ വിശദീകരിച്ച് ജൂലൈ മാസത്തിൽ പ്രധാനമന്ത്രിക്കെഴുതിയ കത്തിൽത്തന്നെ കേരളത്തിലെ ആർമി സ്റ്റേഷനുകളിൽ 6 ബോട്ടുകളും ഡിങ്കി ബോട്ടുകളും സ്കൂബാ സംവിധാനങ്ങളും ഒരു എം.ഐ.-16 ഹെലികോപ്റ്ററും നിലനിർത്തണമെന്ന് ആവശ്യപ്പെട്ടു. പിന്നീട് ആഗസ്റ്റ് 9 മുതൽ രാജ്യം കണ്ട ഏറ്റവും വലിയ രക്ഷാപ്രവർത്തനത്തിനായി എല്ലാ സജ്ജീകരണങ്ങളോടും കൂടി സേന എത്തുകയും ചെയ്തു. 1924-ലെ വെള്ളപ്പൊക്കത്തിന് കാരണമായി ആ വർഷത്തെ വലിയ മഴയാണ് ചൂണ്ടിക്കാണിക്കുന്നത്. രേഖകൾ പ്രകാരം മൺസൂൺ സീസണിൽ, അതായത് ജൂൺ 1 മുതൽ സെപ്റ്റംബർ 30 വരെ 1924-ൽ കേരളത്തിന് കിട്ടിയ മഴ 3368 മില്ലീമീറ്ററാണ്. പ്രതിപക്ഷ നേതാവ് ഇത് 17 ദിവസം പെയ്ത മഴയാണെന്നാണ് പറയുന്നത്, രേഖകൾ പ്രകാരം അത് ശരിയല്ല. രേഖകൾ പ്രകാരം 1924-ലെ ജൂൺ മുതൽ സെപ്റ്റംബർ വരെയുള്ള

122 ദിവസം മഴയുടെ പ്രതിദിന ശരാശരി 27.6 മില്ലീമീറ്ററാണ്. ഈ വർഷം ജൂൺ 1 മുതൽ ആഗസ്റ്റ് 20 വരെ 81 ദിവസം പെയ്ത മഴ 2400 മില്ലീമീറ്ററാണ്. ഇതിന്റെ പ്രതിദിന ശരാശരി 29.6 മില്ലീമീറ്ററാണ്. അതായത്, 1924-ലെ മഴയെ അപേക്ഷിച്ച് ഈ വർഷം ഇതുവരെ കിട്ടിയ കണക്കുവച്ച് ശരാശരി മഴ കൂടുതലാണ്. എന്നാൽ ശരാശരി മഴ കൂടിയതുകൊണ്ടു മാത്രം പ്രളയം ഉണ്ടാകണമെന്നില്ല. യഥാർത്ഥത്തിൽ ആഗസ്റ്റ് 8 മുതൽ 20 വരെയുള്ള ദിവസങ്ങളിലുണ്ടായ അതി തീവ്രമഴ, എക്സ്ട്രീം ഹെവി റെയിനാണ് പ്രളയത്തിന് കാരണമായത്. ഈ സമയത്ത് സാധാരണ നിലയിൽ പെയ്യേണ്ടതിന്റെ നാലിരട്ടിയിലധികം മഴയാണ് കേരളത്തിൽ പെയ്തത്. ഇങ്ങനെ അതിതീവ്രമായ മഴ തുടർച്ചയായി പെയ്ത സാഹചര്യത്തിലാണ് പ്രളയമുണ്ടായത്.

ശ്രീ. രമേശ് ചെന്നിത്തല: സർ, എക്സ് എം.എൽ.എ. ശ്രീ. ദിനകരൻ എന്റെ ശ്രദ്ധയിൽപ്പെടുത്തിയ കാര്യമാണ്, 4 മത്സ്യത്തൊഴിലാളികൾക്ക് ഗുരുതരമായി പരിക്കേറ്റു, ഒരാളോട് അങ്ങ് ഫോണിൽ സംസാരിച്ചുവെന്ന് പറഞ്ഞു. അവർക്ക് കൂടുതൽ വൈദ്യസഹായവും അതോടൊപ്പം ആ കുടുംബത്തെ സംരക്ഷിക്കാനുമുള്ള നടപടികൾ കൂടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്.

ശ്രീ. പിണറായി വിജയൻ: സർ, അതിൽ ഒരാളുമായി ഞാൻ സംസാരിച്ചിരുന്നു, അദ്ദേഹം എറണാകുളത്തെ അമൃത ആശുപത്രിയിലാണുള്ളത്. അതുമായി ബന്ധപ്പെട്ട് ആവശ്യമായ കാര്യങ്ങളൊക്കെ ചെയ്യാൻ അപ്പോൾത്തന്നെ കളക്ടറോട് നിർദ്ദേശിച്ചിരുന്നു. മത്സ്യബന്ധന വകുപ്പുമന്ത്രി അദ്ദേഹത്തെപ്പോയി കണ്ടിരുന്നു, അതിന്റെ മറ്റു കാര്യങ്ങളൊക്കെ ശ്രദ്ധിക്കുന്നുണ്ട്.

പ്രാഥമിക വിലയിരുത്തലുകൾ പ്രകാരം 361800 കുടുംബങ്ങൾക്കാണ് കിറ്റുകൾ വിതരണം ചെയ്യാൻ തീരുമാനിച്ചത്. അതിൽ ഇന്ന് ഉച്ചവരെ 236904 കിറ്റുകൾ വിതരണം ചെയ്തിട്ടുണ്ട്. തൃശ്ശൂർ ജില്ലയിൽ 58000, എറണാകുളം- 45032, പറവൂർ - 19000, ആലപ്പുഴ - 43032, കോട്ടയം - 31000, പത്തനംതിട്ട- 29000 ഇങ്ങനെ ആകെ 65.4 ശതമാനം കിറ്റുകൾ ഇന്നുച്ചയോടെ വിതരണം ചെയ്തു കഴിഞ്ഞു. കൂടാതെ, ക്യാമ്പുകളിൽ താമസിക്കാത്തവരും എന്നാൽ ദുരിതത്തി നിരയായവരുടെയും കണക്ക് ജില്ലാ കളക്ടർമാർ ശേഖരിച്ചു കൊണ്ടിരിക്കുകയാണ്, അവർക്കുകൂടി കിറ്റുകൾ ലഭിക്കും. ഇതുവരെ 15600 കുടുംബങ്ങളെക്കൂടി പുതുതായി ലിസ്റ്റിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. എല്ലാ കിറ്റുകളും രണ്ടോ മൂന്നോ ദിവസങ്ങൾക്കകം വിതരണം ചെയ്യാനാകും. ചില ജില്ലകളിൽ പൂർണ്ണമായും വിതരണം ചെയ്തു കഴിഞ്ഞിട്ടുണ്ട്, കുറച്ചാണ് ബാക്കിയുള്ളത്. 10000 രൂപ 48774 കുടുംബങ്ങൾക്ക് നൽകിക്കഴിഞ്ഞു, 39967 കുടുംബങ്ങൾക്ക് നാളെയും തൊട്ടടുത്ത ദിവസങ്ങളിൽ മറ്റുള്ളവർക്കും നൽകാനാകും.

<u>ശ്രീ. കെ. സി. ജോസഫ്</u>: സർ, ഈ ജി.ഒ.-യിൽ പറയുന്നത് രണ്ടു ദിവസത്തിലധികം വെള്ളം കെട്ടിക്കിടന്ന വീടുകൾക്കേ കൊടുക്കുകയുള്ളൂ എന്നാണ്. പ്രളയം കയറിയതുമൂലം വീട് മാറിത്താമസിക്കുന്ന ആൾക്കാർക്കും കൊടുക്കുമെന്നാണ് അങ്ങ് പറഞ്ഞത്. ക്ലാരിഫിക്കേഷൻ ഇക്കാര്യത്തിൽ ഉണ്ടായില്ലെങ്കിൽ അവർക്ക് ലഭിക്കില്ല.

<u>ശ്രീ. പിണറായി വിജയൻ</u>: സർ, എല്ലാവർക്കും വാങ്ങാം, അതിൽ വേറെ പ്രശ്നങ്ങളൊന്നുമില്ല. പ്രളയ ദുരന്തത്തിനിരയായവർക്കെല്ലാം ഇതിന്റെ ആനുകൂല്യങ്ങൾ ലഭിക്കുന്നതിന് ഒരു പ്രശ്നവുമുണ്ടാകില്ല. ഇവിടെ വേറൊരു പ്രശ്നം, ഓഖി ദുരന്തവുമായി ബന്ധപ്പെട്ട് പണം അനുവദിച്ച കാര്യത്തിൽ ചില വീഴ്ചകളുണ്ടായി എന്ന സൂചനയോടെ ചില പ്രശ്നങ്ങൾ ഉണ്ടായിട്ടുണ്ട്. ഓഖി ദുരന്തത്തെത്തുടർന്ന് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്ക് 107 കോടി രൂപയാണ് ലഭിച്ചത്. ഇതിനകം ഉത്തരവായിട്ടുള്ളതും ചെലവഴിച്ചിട്ടുള്ളതുമായ തുക നേരത്തെ പ്രതിപക്ഷനേതാവ് ചൂണ്ടിക്കാണിച്ചതുപോലെ 65 കോടി 68 ലക്ഷം രൂപയാണ്. ഇതിനുപുറമേ ഇപ്പോൾ നടപടി സ്വീകരിച്ചുവരുന്നതും ഉത്തരവ് പുറപ്പെടുവിക്കാനുമുള്ളതിന് 84.9 കോടി രൂപ ചെലവ് വരുമെന്ന് പ്രതീക്ഷിക്കുന്നു. ചെലവഴിച്ച തുക പറയാം.

| | |
|---|---|
| ബോട്ടുകൾക്കുള്ള നഷ്ട പരിഹാരം | 3.08 കോടി |
| മൽസ്യബന്ധനോപാധികൾക്കുള്ള നഷ്ടപരിഹാരം | 1.65 കോടി |
| മറൈൻ ആംബുലൻസ് | 7.36 കോടി |
| റെസ്ക്യൂ സ്ക്വാഡ് | 7.15 കോടി |
| കുട്ടികൾക്കുള്ള സൗജന്യ വിദ്യാഭ്യാസം | 13.92 കോടി |
| മരണപ്പെട്ടവരുടെ ആശ്രിതർക്ക് | 22.88 കോടി |
| ഭൂമിയും വീടും നഷ്ടപ്പെട്ടവർക്ക് | 7.62 കോടി |
| വീടുകളുടെ അറ്റകുറ്റപ്പണികൾ | 2.02 കോടി |

<u>ശ്രീ. രമേശ് ചെന്നിത്തല</u>: സർ, അങ്ങ് പറഞ്ഞ 107 കോടി രൂപയുടെ കണക്ക് ശരിയാണ്; 133 രൂപ കോടി രൂപയുടെ കേന്ദ്ര സഹായം; രണ്ടുംകൂടി വരുമ്പോൾ 240 കോടി രൂപ. ഇതിൽ ആകെ ചെലവഴിച്ചത് 65.68 കോടി രൂപയാണ്. അങ്ങയുടെ ഉദ്യോഗസ്ഥർ ചെയ്യാത്ത കാര്യങ്ങൾ സംബന്ധിച്ച് ഞങ്ങൾ അങ്ങേയ്ക്ക് നിവേദനം തരാം, ഇത് കിട്ടിയ ആളുകളുടെ കാര്യങ്ങൾകൂടി പരിശോധിക്കണം. ഇവർക്ക് ഇതൊന്നും കിട്ടിയിട്ടില്ലെന്നതാണ് സത്യം. 9 മാസമായി എന്തുകൊണ്ട് കൊടുത്തില്ല എന്നത് അങ്ങ് പരിശോധിച്ചാൽ മതി.

<u>ശ്രീ. പിണറായി വിജയൻ</u>: സർ, എസ്.ഡി.ആർ.എഫ്.-ന്റെ തുകയിൽ 51 കോടി 11 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. അത് മരണപ്പെട്ടവരുടേയും കാണാതായവരുടേയും ആശ്രിതർക്കുള്ള നഷ്ടപരിഹാരം, അതിൽ എസ്.ഡി.ആർ.എഫ്.-ന്റെ വിഹിതവുമുണ്ട്. രണ്ടായിരം രൂപ വീതം 143032 പേർക്ക് കടലിൽ പോകാതിരുന്ന സമയത്ത് നൽകിയ സഹായം. വീട് നഷ്ടപ്പെട്ട 74 പേർക്ക് വാടക ഇനത്തിൽ കൊടുക്കാൻ കഴിയുന്നത്, 143 പേർക്ക് 10000 രൂപ വീതം നാലുമാസത്തെ ചെലവിനായി നൽകിയത്, സൗജന്യ റേഷൻ, ഗുജറാത്ത്, ഗോവ, കർണ്ണാടക, തമിഴ്നാട് എന്നിവിടങ്ങളിൽ നിന്ന് മൽസ്യബന്ധന തൊഴിലാളികളെ തിരികെ എത്തിച്ചതിന് ചെലവായത്, അവസാനഘട്ട തെരച്ചിൽ നടത്തിയതിന് 105 ബോട്ടുകൾക്കുള്ള ചെലവ്. ഇത്രയും 51 കോടി 11 ലക്ഷം രൂപ എസ്.ഡി.ആർ. എഫ്.-ൽ നിന്നും ചെലവഴിച്ചതാണ്. ഇനി ഉത്തരവ് പുറപ്പെടുവിക്കാനുള്ളത്;

| | |
|---|---|
| മത്സ്യത്തൊഴിലാളികൾക്ക് ലൈഫ് ജാക്കറ്റ് | 9.50 കോടി |
| മത്സ്യബന്ധനോപകരണങ്ങൾ നഷ്ടപ്പെട്ടവർക്ക് നൽകാനുള്ളത് | 2.2 കോടി |
| നേവി | 13.50 കോടി |
| നഷ്ടപ്പെട്ടതോ കേടുവന്നതോ ആയ ബോട്ടുകൾക്ക് പകരം ഫൈബർ റീ ഇൻഫോഴ്സ്ഡ് ബോട്ടുകൾ വാങ്ങുന്നതിന് സഹായം | 9.88 കോടി |
| ആഴക്കടൽ മൽസ്യബന്ധന തൊഴിലാളികൾക്ക് ഫിഷറീസ് സ്റ്റേഷനുകൾക്കും തിരിച്ചും ആശയ വിനിമയ സംവിധാനം | 50 കോടി |

അങ്ങനെ 84.90 കോടി രൂപ. ഇങ്ങനെ വന്നാൽ എസ്.ഡി.ആർ.എഫ്-ൽ ഓഖി ഘട്ടത്തിൽ ലഭിച്ച 111 കോടി രൂപ, സി.എം.ഡി.ആർ.എഫ്-ഉം, എസ്.ഡി.ആർ.എഫ്.-ഉം ചേർത്ത് 218 കോടി രൂപ, ഉത്തരവായതും

ചെലവഴിച്ചതുമായ തുക 116 കോടി രൂപ വരും. 84 കോടി രൂപയുടെ ചെലവ് പ്രതീക്ഷിക്കുകയാണ്. ഇത് രണ്ടും ചേർന്നാൽ 201 കോടി രൂപ ഓഖി ഇനത്തിൽ ചെലവ് വരും. ഓഖിക്കുവേണ്ടി കേന്ദ്രം നൽകിയതോ, സി.എം.ഡി.ആർ.എഫ്.-ൽ ജനങ്ങളിൽനിന്ന് ലഭിച്ചതോ ആയ ഒരു തുകയും സർക്കാർ മറ്റു കാര്യങ്ങൾക്കുവേണ്ടി ചെലവഴിച്ചിട്ടില്ല. മാത്രമല്ല മത്സ്യത്തൊഴിലാളി മേഖലയിൽ ഇനിയും ചില പദ്ധതികൾകൂടി നടപ്പിലാക്കാൻ സർക്കാർ ഉദ്ദേശിക്കുകയാണ്, അതുകൂടി കണക്കിലെടുത്താൽ ലഭിച്ചതിനേക്കാൾ കൂടുതൽ തുകയാണ് വേണ്ടി വരുന്നത്. വൈദ്യുതി വകുപ്പുമന്ത്രി അക്കാദമിക് വിദഗ്ദ്ധനൊന്നുമല്ലെങ്കിലും അദ്ദേഹം വന്നതിനുശേഷം നടത്തിയ പ്രവർത്തനത്തിന്റെ മികവുകൊണ്ട് .... (...ബഹളം..) ......ഞാൻ പറഞ്ഞ് തീർക്കട്ടെ, അപ്പോൾ മനസ്സിലാകും.—അദ്ദേഹം വൈദ്യുതി വകുപ്പ് കൈകാര്യം ചെയ്യാൻ തുടങ്ങിയപ്പോൾ നെറ്റി ചുളിച്ചുവെന്ന് പറഞ്ഞല്ലോ, ഇപ്പോൾ അതില്ലാതായല്ലോ. അദ്ദേഹത്തിന് നല്ല രീതിയിൽ കാര്യങ്ങൾ നടത്തിക്കൊണ്ടുപോകാൻ സാധിച്ചിട്ടുണ്ടെന്നാണ് ഞാൻ പറയാൻ ഉദ്ദേശിച്ചത്. ഇപ്പോൾ ആളുകൾക്ക് താമസിക്കാൻ പറ്റാത്ത സ്ഥലത്തെപ്പറ്റി ഇവിടെ ഒരു നിർദ്ദേശം വന്നു. ഗവൺമെന്റ് ആറുലക്ഷം രൂപ സ്ഥലമെടുക്കാനും നാലുലക്ഷം രൂപ വീടു വയ്ക്കാനും നൽകും. അതിൽ സ്ഥലം ഞങ്ങളെല്ലാം കൂടി ഏറ്റെടുത്തുകൊടുത്താൽ ഒരു നല്ല വീട് വയ്ക്കാമല്ലോയെന്ന നിർദ്ദേശമാണ്. ഇക്കാര്യത്തിൽ അവിടെ സമവായമുണ്ടാക്കി എന്താണ് ചെയ്യേണ്ടതെന്നാലോചിക്കാം, അതിൽ തർക്കമില്ല. ധാരാളം ആളുകൾ സ്ഥലം സംഭാവന ചെയ്യാൻ തയ്യാറാകുന്നുണ്ട്, അതുവച്ചുകൊണ്ട് കാര്യങ്ങൾ നീക്കാവുന്നതാണ്. 3,800-ഉം, 10,000-ഉം രൂപ കിട്ടാൻ അപേക്ഷ വേണമെന്ന് ചർച്ചയിൽ ആരോ പറഞ്ഞു, ഒരപേക്ഷയും ഇതിനായി ആവശ്യമില്ല, കണക്കെടുത്ത് അവരുടെ തന്നെ അക്കൗണ്ടിലേയ്ക്ക് പണം കൊടുക്കുകയാണ്. ദുരിതാശ്വാസ ക്യാമ്പുകൾ ചിലർ പിടിച്ചെടുക്കുന്നു എന്നുപറഞ്ഞു, ആരേയും ക്യാമ്പ് പിടിച്ചെടുക്കാൻ അനുവദിക്കില്ല, ക്യാമ്പ് അങ്ങനെതന്നെ പ്രവർത്തിക്കണം, മറ്റുള്ളവർ സഹായിക്കുക, ക്യാമ്പ് നടത്താൻ ഉത്തരവാദിത്വപ്പെട്ടവരുണ്ടാകും അവർക്കുമാത്രമേ അതിന് സാധിക്കൂ എന്ന നിലപാട് മാത്രമേ സ്വീകരിക്കാൻ പറ്റുകയുള്ളൂ. സി.എം.ഡി.ആർ.എഫ്. ചെലവഴിക്കുന്ന കാര്യത്തിൽ പ്രത്യേക അക്കൗണ്ട് വേണം. അത് നേരത്തേ ഓഖി ദുരന്തത്തിന്റെ കാര്യത്തിൽ തുടങ്ങിയിട്ടുണ്ട്. ഓഖിയുടെ കാര്യത്തിൽ ലഭിച്ചതിന്റെയും ചെലവഴിച്ചതിന്റെയും കണക്കെല്ലാം പറഞ്ഞു. അതിൽ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധി ആകെയെടുത്തല്ല, പ്രത്യേക അക്കൗണ്ടിലേതാണ് പറഞ്ഞത്. അതേ നടപടിക്രമം തന്നെയാണ് ഇതിലും സ്വീകരിക്കുക.

ഇവിടെ ചൂണ്ടിക്കാണിച്ച വളരെ ഗൗരവമുള്ള ഒരു പ്രശ്നം മാലിന്യം കുന്നു കൂടിക്കിടക്കുന്നതാണ്. അക്കാര്യത്തിൽ ഇപ്പോൾത്തന്നെ നടപടി സ്വീകരിച്ചിട്ടുണ്ട്. എം.എൽ.എ.-മാരെല്ലാം ഇക്കാര്യം പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. വീട്ടിലുണ്ടായിരുന്ന നശിച്ചുപോയ കിടക്കകൾ, പാത്രങ്ങൾ, ഉപയോഗശൂന്യമായ ടി.വി., മറ്റ് ഉപകരണങ്ങൾ തുടങ്ങിയവ സൂക്ഷിക്കാൻ ഒരു സ്ഥലം വേണം. ഇതിനായി ഓരോ പഞ്ചായത്തിലും ഒന്നോ അതിലധികമോ ഡമ്പിംഗ് യാർഡ് വേണം. മാലിന്യം തൽക്കാലം അവിടെ സൂക്ഷിക്കണം. ജൈവമാലിന്യവും അജൈവമാലിന്യവുമുണ്ട്. ജൈവമാലിന്യം പെട്ടെന്നുതന്നെ നമുക്ക് സംസ്കരിക്കാൻ പറ്റും, അതിനുള്ള നടപടികൾ വേഗംതന്നെ സ്വീകരിക്കുന്നതിനായി എല്ലാ പഞ്ചായത്തുകളും ശ്രദ്ധിക്കണം. നമുക്കൊരു ഫ്ലഡ് മാപ്പിംഗ് വേണമെന്ന് ഇവിടെ പറഞ്ഞു, സർക്കാരും അതുതന്നെയാണ് ആലോചിക്കുന്നത്, അതിനുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്.

പട്ടാളത്തെ വിളിക്കാൻ പറഞ്ഞത് പുച്ഛിച്ചുതള്ളിയെന്നു പറഞ്ഞു, പട്ടാളത്തെ നമ്മൾ നല്ല രീതിയിൽ ഉപയോഗിച്ചല്ലോ, അതിനെപ്പറ്റി ആർക്കും പരാതിയില്ല. പ്രശ്നമുണ്ടായത് ഒരു വാചകത്തിലാണ്, അതായത് ഇതെല്ലാം പൂർണ്ണമായും പട്ടാളത്തെ ഏൽപ്പിക്കണമെന്ന് പറഞ്ഞതിനാണ് പ്രതികരിച്ചത്, അത് അങ്ങനെയല്ല ഉദ്ദേശിച്ചതെന്ന് എല്ലാവരും പിന്നീട് വ്യക്തമാക്കിയിട്ടുണ്ട്. ഇതുവരെ എന്നെപ്പറ്റിയുള്ള പരാതി പത്രക്കാരെ കാണുന്നില്ലെന്നായിരുന്നു. ഇപ്പോൾ ഒരാൾ പറഞ്ഞു, പത്രക്കാരെ എപ്പോഴും കണ്ടുകൊണ്ടിരിക്കുന്നു, എന്തിനാണ് അങ്ങനെ കാണുന്നതെന്നാണ്. ഇത് പണ്ട് കഴുതയെ കൊണ്ടുനടന്നയാളെപ്പറ്റി പറഞ്ഞ കഥപോലെയായി. പ്രതിപക്ഷനേതാവിനെ വിമർശിക്കുന്നത് എന്തോ ഒളിക്കാനാണെന്ന് പറഞ്ഞു, ഞാൻ പ്രതിപക്ഷനേതാവിനെ വിമർശിക്കാൻ പോയിട്ടില്ല, വസ്തുതകൾ പറഞ്ഞുവെന്നേയുള്ളൂ. അദ്ദേഹത്തിനെതിരെ ഒരു വിമർശനവും ഞാനുന്നയിച്ചിട്ടില്ല, അതിന്റെ ആവശ്യമെന്താണുള്ളത്? അദ്ദേഹം ഒരു കാര്യം പറഞ്ഞു, അത് ശരിയല്ലെന്ന് ഞാനും പറഞ്ഞു, അത്രയേയുള്ളൂ. വിമർശനം വിശാല മനസ്സോടെയെടുക്കണമെന്ന് നമ്മുടെ ബഹുമാന്യനായ ഒരംഗം പറഞ്ഞു, അത് വിശാല മനസ്സോടെതന്നെയാണ് എടുക്കുന്നത്. കാണ്ടാമൃഗത്തിന്റെ തൊലിക്കട്ടിയേക്കാൾ വലിയ തൊലിക്കട്ടിയാണ് എനിക്ക് എന്ന് പറഞ്ഞാലും ഞാനത് വിശാല മനസ്സോടെതന്നെയല്ലേ സ്വീകരിക്കുന്നത്, അതിൽ എനിക്കൊരു വിഷമവുമില്ല. നമ്മളെല്ലാം എന്തെല്ലാം വിമർശനങ്ങൾ കേൾക്കുന്നവരാണ്, അതിന് പ്രത്യേക പ്രയാസമൊന്നുമില്ല, ഒരു സ്ഥാനത്തിരിക്കുമ്പോൾ വിമർശനം വന്നുകൊണ്ടിരിക്കും, അത് ആ അർത്ഥത്തിലേ ഞാനെടുത്തിട്ടുള്ളൂ. വിമർശനത്തെ സങ്കുചിതമായെടുക്കുന്ന പ്രശ്നമില്ല, വിമർശനം എപ്പോഴും സ്വാഭാവികമായി ഉണ്ടാകുന്ന കാര്യമാണ്. മന്ത്രി. പ്രൊഫ. സി. രവീന്ദ്രനാഥിന് ആ ഘട്ടത്തിൽ അസുഖമായിരുന്നു, അതുകൊണ്ടാണ് അദ്ദേഹത്തിന് അവിടെ പോകാൻ പറ്റാതിരുന്നത്, മറ്റൊന്നും കൊണ്ടല്ല.

ശ്രീ. രമേശ് ചെന്നിത്തല: സർ, ബഹു. മന്ത്രിക്ക് അസുഖമാണെന്ന കാര്യം ഞങ്ങൾക്ക് നേരത്തേ അറിയില്ലായിരുന്നു, അതുകൊണ്ട് പരാമർശിച്ചതാണ്. അങ്ങേയ്ക്ക് നേരത്തേ ഇതറിയാമായിരുന്നെങ്കിൽ ശ്രീ. എ. സി. മൊയ്തീനെ നേരത്തേതന്നെ എറണാകുളത്തേയ്ക്ക് വിടാമായിരുന്നു.

ശ്രീ. പിണറായി വിജയൻ: സർ, എറണാകുളത്ത് വലിയ കേമന്മാരാണല്ലോ ഇരിക്കുന്നത്, അതുകൊണ്ട് ഒരു മന്ത്രിയില്ലെങ്കിലും കാര്യങ്ങളെല്ലാം നടത്തുമെന്നാണ് ഞാൻ ധരിച്ചത്. റവന്യൂ വകുപ്പിന് കോ-ഓർഡിനേഷന്റെ കാര്യത്തിൽ ഒരു പരാജയവുമില്ല, നല്ല മികവുറ്റ പ്രവർത്തനമാണ് റവന്യൂ വകുപ്പ് നടത്തിയത്. ഒരു പരാതിയുമില്ലാതെ നല്ല പ്രവർത്തനം കാഴ്ചവയ്ക്കാൻ റവന്യൂ വകുപ്പിന് കഴിഞ്ഞിട്ടുണ്ട്. ഇതാകെ ജനങ്ങളുടെ വിജയമാണ്, അതിൽ ആർക്കും സംശയമില്ല. ഇതുമുഴുവൻ നമ്മുടെ നാടിന്റെ കരുത്താണ്, നമ്മുടെ ജനങ്ങൾക്കാകമാനം ഒരുമിച്ച് നിൽക്കാൻ കഴിഞ്ഞിട്ടുണ്ട്. ആദ്യഘട്ടത്തിൽ തന്നെ എടുത്തുചാടിയത് യുവാക്കളാണ്, അവരെ ആരും ആഹ്വാനം ചെയ്തിരുന്നില്ല. ഈ ആപത്ത് വന്നപ്പോൾ നാട്ടിൻപുറങ്ങളിലെല്ലാം ആ പ്രദേശങ്ങളിലെ യുവാക്കളാണ് ചാടിയിറങ്ങിയത്, അത് ആ നിലയ്ക്കാണ് കാണുന്നത്. സൈന്യം കൂടുതൽ വന്നിരുന്നെങ്കിൽ ഇത്രയധികം ആളുകൾ മരിക്കില്ലായിരുന്നു എന്നുപറയുന്നത് ശരിയല്ല. നമ്മൾ ആകാവുന്ന എല്ലാ രക്ഷാപ്രവർത്തനവും നടത്തിയിട്ടുണ്ട്. ചില കാര്യങ്ങൾ പിന്നീട് സംഭവിച്ചത് നമ്മുടെ പരിധിക്കപ്പുറത്തുള്ളതാണ്, രക്ഷാപ്രവർത്തനത്തിന്റെ കുറവുകൊണ്ട് വന്നതല്ല. ഇത്തരം ഒരു വലിയ ദുരന്തം വരുമ്പോൾ അതിനുള്ള രക്ഷാപ്രവർത്തനത്തിന് പരിമിതിയുണ്ട്, അതാണ് മരണങ്ങൾ സംഭവിക്കുന്നതിനിടയാക്കിയത്.

അമേരിക്കയിൽ ഒരു ഡാം പൊട്ടിയപ്പോൾ മുഴുവൻ പേരെയും സംരക്ഷിച്ചു വെന്ന് പറയുകയുണ്ടായി, ഇന്നലെയും ഒരാൾ എന്നെ അമേരിക്കയിൽ നിന്നും വിളിച്ചിരുന്നു. ഇവിടെയുള്ള ആളാണ്, പറഞ്ഞാൽ നിങ്ങൾക്കറിയാം, നമ്മുടെ കാർഷിക സർവ്വകലാശാലയിൽ നേരത്തേയുണ്ടായിരുന്ന പ്രൊഫസറാണ്. അദ്ദേഹം എന്തോ ആവശ്യത്തിന് അവിടെയുള്ള മകളുടെയോ മറ്റോ അടുത്തേയ്ക്ക് പോയതാണ്. അപ്പോൾ ന്യൂയോർക്കിലുള്ള ഒരു പത്രം എനിക്ക് വായിച്ചുതന്നു, അവിടെ Heureka എന്ന സ്ഥലത്ത് 2015-ൽ ഒരു ദുരന്തമുണ്ടായിരുന്നു, അതിന്റെ ഭാഗമായി മൂവായിരത്തോളം ആളുകളാണ് മരണപ്പെട്ടത്. എല്ലാ സജ്ജീകരണങ്ങളും നമുക്കുണ്ടായിട്ടും ഇത്രയും ആളുകളെ നമുക്ക് രക്ഷിക്കാൻ കഴിഞ്ഞില്ലല്ലോയെന്ന് ആ പത്രം എഴുതിയിരിക്കുകയാണ്. അതെല്ലാം വച്ച് താരതമ്യപ്പെടുത്തിയാൽ നമുക്ക് വലിയ സജ്ജീകരണങ്ങളൊന്നും ഇല്ലാത്തവരാണ്, എന്നിട്ടും അത്ര വലിയ അപകടം ഉണ്ടായില്ലല്ലോ. അങ്ങനെ നോക്കുമ്പോൾ വലിയ രക്ഷതന്നെയാണ് നമുക്കുണ്ടായത്.

ഇറിഗേഷൻ വകുപ്പിന് ഒരു തെറ്റും സംഭവിച്ചിട്ടില്ല, ശരിയായ രീതിയിൽ തന്നെയാണ് അവർ കാര്യങ്ങൾ നിർവ്വഹിച്ചുപോയത്. കെ.എസ്.ഇ.ബി.-യും ശരിയായ രൂപത്തിലാണ് കാര്യങ്ങൾ ചെയ്തത്. കെ.എസ്.ഇ.ബി.-യെ നാഥനില്ലാക്കളരിയായി വിശേഷിപ്പിക്കേണ്ടതില്ല, നല്ല നാഥനുള്ള സ്ഥാപനമായി തന്നെയാണ് അത് പ്രവർത്തിച്ചുകൊണ്ടിരിക്കുന്നത്. സർക്കാർ രക്ഷകന്റെ വേഷം കെട്ടുന്നുവെന്ന് പറഞ്ഞു, സർക്കാർ രക്ഷകനല്ലേ? സർക്കാർ, പ്രതിപക്ഷമെന്ന രീതിയിലല്ല അപ്പോൾ കാര്യങ്ങൾ കാണേണ്ടത്, നാടൊരു പ്രശ്നം നേരിടുമ്പോൾ സർക്കാരല്ലേ കാര്യങ്ങൾ ചെയ്യേണ്ടത്, അത് സ്വാഭാവികമല്ലേ? പിന്നെ ആരാ രക്ഷിക്കാൻ വേണ്ടി ഇറങ്ങേണ്ടത്? യഥാർത്ഥത്തിൽ സർക്കാർ രക്ഷകൻ തന്നെയാണ്. ട്രൈബ്യൂണൽ രൂപീകരിച്ച് ദുരിതാശ്വാസം നൽകണമെന്ന് പറയുന്നത് അനാവശ്യമായ കാലതാമസത്തിന് കാരണമാകും. നമുക്ക് കാര്യങ്ങളെല്ലാം ഇതേ രീതിയിൽ നടത്തിപ്പോകാൻ പ്രത്യേക ട്രൈബ്യൂണലിന്റെ ആവശ്യമില്ല. കച്ചവടക്കാരുടെയും ഇൻഷ്വറൻസിന്റെയും കാര്യത്തെക്കുറിച്ച് ഞാൻ പറഞ്ഞു. കേന്ദ്രസഹായം കൂടുതൽ ലഭിക്കാൻ വേണ്ടിയാണ് ശ്രമിച്ചുകൊണ്ടിരിക്കുന്നത്. ലോകത്ത് ആരുടെയെല്ലാം സഹായം ലഭിക്കുമോ അതെല്ലാം നമുക്ക് വേണം. കാരണം, നമ്മുടെ നാട് മറ്റുള്ളവർ അത്രമാത്രം വിലമതിക്കുന്നൊരു നാടാണ്. ഈ നാടിന്റെ ബന്ധം അത്രയും വിശാലമായിട്ടുള്ളതാണ്. നമ്മുടെ നാടിന് മറ്റ് രാജ്യങ്ങളുമായി അത്തരത്തിലുള്ളൊരു ബന്ധമാണ് നിലനിൽക്കുന്നത്. ഇപ്പോൾ യു.എ.ഇ. നമ്മെ സഹായിക്കാമെന്ന് പറയുന്നതെന്ത് കൊണ്ടാണ്? യു.എ.ഇ.-യിലെ ഓരോ വീടിനും ഒരു മലയാളിസ്പർശം ഉണ്ടാകും, ഏതെങ്കിലും തരത്തിൽ ഒരു മലയാളിബന്ധം കാണും. അത്രത്തോളം ആത്മബന്ധം ആ നാടിന് നമ്മുടെ നാടുമായിട്ടുണ്ട്. നമുക്കുണ്ടായ ഈ ദുരന്തം അവർക്ക് സംഭവിച്ച ദുരന്തമായാണ് അവർ കാണുന്നത്. ഞാൻ മനസ്സിലാക്കുന്നത് നമ്മൾ കേട്ട തുക മാത്രമല്ല, അതിനെക്കാൾ കൂടുതൽ അവിടെനിന്നും ലഭിക്കുമെന്നുള്ളതാണ്. അതാണ് യഥാർത്ഥത്തിൽ സംഭവിക്കാൻ പോകുന്നത്.

ശ്രീ. രമേശ് ചെന്നിത്തല: സർ, കേന്ദ്ര ഗവൺമെന്റ് പ്രധാനമന്ത്രിയുടെ 'മൻ കീ ബാത്ത്' പ്രോഗ്രാമിലെ പ്രസംഗത്തിൽ 2015-ലെ നാഷണൽ ഡിസാസ്റ്റർ മാനേജ്മെന്റ് ആക്ടിലെ നോംസ് അനുസരിച്ചുള്ള സഹായമാണ് ഇനി നമുക്ക് നൽകുന്നതെന്നാണ് പറഞ്ഞത്. നമ്മൾ ശക്തമായി ആവശ്യപ്പെടേണ്ടത് സ്പെഷ്യൽ പാക്കേജ് ആയിരിക്കണമെന്നാണ്. നോംസ് അനുസരിച്ച് വളരെ കുറഞ്ഞ തുകയേ ലഭിക്കുകയുള്ളൂ. അക്കാര്യത്തിൽ നമ്മൾ ഒറ്റക്കെട്ടായി നിൽക്കണമെന്നതാണ് എന്റെ അഭിപ്രായം.

ശ്രീ. പിണറായി വിജയൻ: സർ, ഇക്കാര്യത്തിൽ നമ്മൾ ആവശ്യപ്പെട്ടതും സ്പെഷ്യൽ പാക്കേജ് തന്നെയാണ്. നോംസ് അനുസരിച്ച് കൊടുക്കുമ്പോൾ നേരത്തെയുണ്ടായിട്ടുള്ള പ്രശ്നങ്ങളുണ്ട്. എന്നാൽ ചിലയിടങ്ങളിൽ കൂടുതൽ സഹായം കൊടുത്തിട്ടുമുണ്ട്. അങ്ങനെയുള്ള സ്പെഷ്യൽ പാക്കേജ് നമുക്ക് വേണം. ഞാൻ പ്രതീക്ഷിക്കുന്നത് നല്ല രീതിയിലുള്ള സഹായം കേന്ദ്രഗവൺമെന്റിൽനിന്നും ലഭിക്കുമെന്നു തന്നെയാണ്. കാരണം പ്രധാനമന്ത്രിയും ആഭ്യന്തര വകുപ്പു മന്ത്രിയുമൊക്കെ ഇവിടെ വന്നപ്പോൾ അവരോടൊപ്പം സഞ്ചരിക്കുമ്പോൾ, ഉണ്ടായ നാശനഷ്ടങ്ങൾ വളരെ വലുത് എന്നൊരു ഫീലിംഗോടുകൂടി ഉള്ളിൽ തട്ടിയ രീതിയിൽത്തന്നെയാണ് അവർ പ്രതികരിച്ചിട്ടുള്ളത്. അതിന്റെ പ്രതിഫലനം ഉണ്ടാകുമെന്നുതന്നെയാണ് പ്രതീക്ഷിക്കുന്നത്. വലിയ സഹായം നമുക്ക് ലഭിക്കുമെന്നുതന്നെ പ്രതീക്ഷിക്കാം. നമുക്ക് നല്ലത് പ്രതീക്ഷിക്കാം. ഏതായാലും നമ്മുടെ നാടിനെ പുതിയ മാനത്തിലേയ്ക്ക് ഉയർത്താൻ കഴിയണം. 'വീണിടത്തു കിടന്ന് കരയുക' എന്നുള്ള അവസ്ഥയല്ല, നല്ല രീതിയിൽ പുതിയ കേരളത്തെ സൃഷ്ടിക്കാൻ ഇതൊരു അവസരമായി എടുക്കുകയാണ് വേണ്ടത്. നമുക്ക് ഒരുമിച്ച് നിൽക്കാം, ഒരുമിച്ച് മുന്നോട്ടുപോകാം. ഇതാണ് പൊതുവിൽ പറയാനുള്ളത്.

മി. സ്പീക്കർ: സർക്കുലേറ്റ് ചെയ്യപ്പെട്ട ചട്ടം 275 അനുസരിച്ചുള്ള മോഷനിൽ ബഹുമാനപ്പെട്ട പ്രതിപക്ഷാംഗങ്ങൾ നിർദ്ദേശിച്ച ഭേദഗതികൾ കൂടി ഉൾപ്പെടുത്തി സബ്സ്റ്റാന്റീവ് മോഷൻ അവതരിപ്പിക്കാവുന്നതാണ്.

## III ചട്ടം 275 പ്രകാരമുള്ള സബ്സ്റ്റാന്റീവ് മോഷൻ

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, " 2018 ജൂലൈ, ആഗസ്റ്റ് മാസങ്ങളിൽ കേരളത്തിൽ ഉടനീളം പെയ്ത കനത്ത മഴയുടെ ഫലമായി സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ വ്യാപകമായ വെള്ളപ്പൊക്കവും ഉരുൾപൊട്ടലും ഉണ്ടാവുകയും കേരളം ഇന്നോളം ദർശിച്ചിട്ടില്ലാത്ത തരത്തിലുള്ള പ്രകൃതിദുരന്തം ഏറ്റുവാങ്ങേണ്ട അവസ്ഥ സംജാതമാവുകയും ചെയ്തു. ഈ ദുരന്തം കേരളത്തിന്റെ സമസ്ത മേഖലകളിലും ഏൽപ്പിച്ച ആഘാതം ഇനിയും പൂർണ്ണമായി കണക്കാക്കപ്പെട്ടിട്ടില്ല. ശാസ്ത്രീയ അടിസ്ഥാനത്തിൽ നാശനഷ്ടങ്ങളുടെയും പുനരധിവാസ-പുനർനിർമ്മാണ പ്രവർത്തനങ്ങളുടെയും കൃത്യമായ കണക്കുകൾ തയ്യാറാക്കാൻവേണ്ടി വിദഗ്ദ്ധർ ഉൾപ്പെടുന്ന ഒരു പ്രത്യേക ഏജൻസിയെ ചുമതലപ്പെടുത്തണമെന്ന് ഈ സഭ ആവശ്യപ്പെടുന്നു.

കേരളത്തിലെ 981 വില്ലേജുകളിലായി 55 ലക്ഷത്തോളം ആളുകൾ പ്രളയ ദുരന്തത്തിന് ഇരയായതായി കണക്കാക്കപ്പെടുന്നു. ദുരന്തത്തിൽ 483 പേർ മരിക്കുകയും 14 പേരെ കാണാതാവുകയും ചെയ്തു. ഇതിനുപുറമെ ഗുരുതരമായ

പരിക്കുകൾ പറ്റിയ 140 പേരുമുണ്ട്. മരണസംഖ്യ പരമാവധി കുറയ്ക്കുകയും പ്രളയബാധിതരെ രക്ഷപ്പെടുത്തി സുരക്ഷിത സ്ഥാനങ്ങളിൽ എത്തിക്കുകയും ചെയ്യുക എന്നതിനാണ് സംസ്ഥാന സർക്കാർ മുൻഗണന നൽകിയത്. ഈ മഹാദൗത്യത്തിൽ കേന്ദ്ര-സംസ്ഥാന സംവിധാനങ്ങളും സ്വന്തം ജീവൻ പണയ പ്പെടുത്തി മത്സ്യത്തൊഴിലാളികളും യുവാക്കളും സന്നദ്ധപ്രവർത്തകരും സജീവമായി അണിനിരന്നു. ഇവരോടൊപ്പം ജനപ്രതിനിധികളാകെയും ദുരിതാശ്വാസ പ്രവർത്ത നത്തിലും ശുചീകരണ പ്രവർത്തനങ്ങളിലും സ്തുത്യർഹമായ പങ്ക് വഹിച്ചു. ഇവരുടെയെല്ലാം സേവനം അഭിമാനപൂർവ്വം അനുസ്മരിക്കുന്നതോടൊപ്പം ഇവരോടുള്ള കേരള സംസ്ഥാനത്തിന്റെ കടപ്പാടും നന്ദിയും ഈ സഭ രേഖപ്പെടുത്തുന്നു.

സമാനതകളില്ലാത്ത രക്ഷാപ്രവർത്തനങ്ങളുടെ ഫലമായി 3,879 ദുരിതാശ്വാസ ക്യാമ്പുകളിൽ എത്തിച്ചവരുടെ എണ്ണം 2018 ആഗസ്റ്റ് 21-ലെ കണക്കുപ്രകാരം 3,91,494 കുടുംബങ്ങളിൽപ്പെട്ട 14,50,707 പേർ ആണ്. എന്നാൽ ദുരിതാശ്വാസ ക്യാമ്പുകളുടെ എണ്ണം ഇപ്പോൾ 305 ആയി കുറയുകയും ക്യാമ്പുകളിൽ കഴിയുന്നവരുടെ എണ്ണം 16,763 കുടുംബങ്ങളിൽ നിന്നുള്ള 59,296 പേർ ആയി കുറയുകയും ചെയ്തു. ദുരിതാശ്വാസ ക്യാമ്പുകളുടെ പ്രവർത്തനത്തിന് ആവശ്യമായ സാധന സാമഗ്രികളും ധനസഹായവും കേരളത്തിന്റെ എല്ലാ ഭാഗങ്ങളിൽനിന്നും മാത്രമല്ല സംസ്ഥാനത്തിന് പുറത്തുനിന്നും രാജ്യത്തിന് പുറത്തുനിന്നുപോലും പ്രവഹിക്കുന്ന ആവേശജനകമായ കാഴ്ചയാണ് കാണാൻ കഴിഞ്ഞത്. ദുരിതാശ്വാസ ക്യാമ്പുകളിൽ ദൃശ്യമായ സൗഹാർദ്ദവും മൈത്രിയും പ്രതികൂല സാഹചര്യങ്ങളെ അതിജീവിക്കാനുള്ള ആത്മവിശ്വാസവും ദൃഢനിശ്ചയവും പ്രത്യേക പരാമർശം അർഹിക്കുന്നു. ഒരുമയുടെയും കൂട്ടായ്മയുടെയും മഹനീയ മാതൃകയായി ലോകം വിലയിരുത്തിയ ദുരിതാശ്വാസ പ്രവർത്തനങ്ങളാണ് കേരളത്തിൽ നടന്നത്. ദുരിതാശ്വാസ പ്രവർത്തനങ്ങളിൽ കേരളത്തിനകത്തും പുറത്തുമുള്ള മാധ്യമ പ്രവർത്തകർ വഹിച്ച പങ്ക് പ്രത്യേക പ്രശംസ അർഹിക്കുന്നു. സ്വന്തം ജീവൻപോലും പണയപ്പെടുത്തിയാണ് നിരവധി മാധ്യമ പ്രവർത്തകർ ദുരന്തഭൂമിയിൽ എത്തി ദുരന്തത്തിന്റെ തീവ്രത പൊതു സമൂഹത്തിന്റെയും അധികാരികളുടെയും ശ്രദ്ധയിൽ പ്പെടുത്തിയതെന്ന കാര്യം ഈ സഭ നന്ദിയോടെ സ്മരിക്കുന്നു.

ദുരിതാശ്വാസ പ്രവർത്തനങ്ങൾക്കും തുടർന്നുള്ള പുനരധിവാസ-പുനർനിർമ്മാണ പ്രവർത്തനങ്ങൾക്കും ആവശ്യമായ സാമ്പത്തിക സ്രോതസ്സുകൾ കണ്ടെത്തേണ്ടി യിരിക്കുന്നു. മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിലേയ്ക്ക് എല്ലാ മേഖലകളിൽ നിന്നും സംഭാവനകൾ ഗണ്യമായ തോതിൽ എത്തിക്കൊണ്ടിരിക്കുന്നു. ന്യായാധി പൻമാർ, സർക്കാർ ഉദ്യോഗസ്ഥർ, പ്രവാസികൾ, വ്യവസായികൾ, തൊഴിലാളികൾ, സന്നദ്ധ സംഘടനകൾ, മാധ്യമങ്ങൾ, അഭിഭാഷകർ, വിദ്യാർത്ഥികൾ എന്നിങ്ങനെ എല്ലാ വിഭാഗങ്ങളും പരമാവധി സംഭാവന നൽകാൻ മുന്നോട്ടുവരുന്നുണ്ട്. കേരളത്തെ സ്നേഹിക്കുന്ന എല്ലാവരും ഈ മഹായത്നത്തിൽ സജീവ പങ്കാളികളാകും എന്ന

കാര്യത്തിൽ സംശയമില്ല. എല്ലാത്തരം വിഭാഗീയ ചിന്താഗതികൾക്കും അതീതമായി കേരളത്തെ പുനർനിർമ്മിക്കാനുള്ള ദൃഢനിശ്ചയത്തോടെ ഒരു പുതിയ കൂട്ടായ്മയും യോജിപ്പിന്റെ ഒരു പുതിയ സംസ്കാരവും ഉയർന്നുവരുന്നുവെന്നതിൽ ഈ സഭ അഭിമാനവും സന്തോഷവും രേഖപ്പെടുത്തുന്നു. ദുരിതാശ്വാസ പ്രവർത്തനങ്ങളിലും കേരളത്തിന്റെ പുനർനിർമ്മാണത്തിലും എല്ലാവരും ഒറ്റക്കെട്ടായി പ്രവർത്തിച്ചു കൊണ്ട് മുന്നേറണമെന്ന് ഈ സഭ ആഹ്വാനം ചെയ്യുന്നു.

ഈ ആഘാതത്തിൽനിന്നും കരകയറുക മാത്രമല്ല, "കൂടുതൽ മെച്ചപ്പെട്ട നിലയിൽ പുനർനിർമ്മിക്കുക (Build Back Better)" എന്ന മാതൃക അവലംബിച്ചു കൊണ്ട് ഒരു പുതിയ കേരളം സൃഷ്ടിക്കുക എന്ന വലിയ ലക്ഷ്യത്തിലേക്ക് നീങ്ങുമ്പോൾ, അതിനാവശ്യമായ വിഭവ സമാഹരണം നടത്തുക എന്നത് അസാധാരണമായ വെല്ലുവിളികൾ ഉയർത്തുന്നു. ഇപ്പോൾ നൽകിയിട്ടുള്ള താത്കാലികമായ ആദ്യഗഡു എന്ന നിലയിലുള്ള 600 കോടി രൂപയ്ക്ക് പുറമെ നാശനഷ്ടങ്ങളുടെ അന്തിമ കണക്കുകളുടെ അടിസ്ഥാനത്തിൽ പുനരധിവാസത്തിനും പുനർനിർമ്മാണത്തിനും പര്യാപ്തമായ കേന്ദ്ര സഹായം അനുവദിക്കണമെന്ന് കേരള നിയമസഭയുടെ ഈ പ്രത്യേക സമ്മേളനം കേന്ദ്രസർക്കാരിനോട് അഭ്യർത്ഥിക്കുന്നു. പ്രളയക്കെടുതി യുണ്ടായപ്പോൾ പ്രധാനമന്ത്രിയും ആഭ്യന്തരമന്ത്രിയും കേരളം സന്ദർശിക്കാനെത്തി യെങ്കിലും നവകേരള സൃഷ്ടിക്കായുള്ള തുടർപ്രവർത്തനങ്ങളിൽ പൂർണ്ണ സഹകരണം ഇനിയും കേരളം പ്രതീക്ഷിക്കുകയും ചെയ്യുന്നു.

ഇത്തരത്തിലുള്ള അതിബൃഹത്തായ ഒരു പുനരധിവാസ-പുനർനിർമ്മാണ പ്രവർത്തനം ഏറ്റെടുക്കുമ്പോൾ സാങ്കേതിക മേഖലയിലും ധനസമാഹരണത്തിന്റെ കാര്യത്തിലും അന്താരാഷ്ട്രതലത്തിലുള്ള സഹകരണവും സഹായവും ആവശ്യമായി വരുന്നതാണ്. അതിനാൽ വിദേശ രാജ്യങ്ങൾ, ഐക്യരാഷ്ട്രസഭ ഉൾപ്പെടെയുള്ള അന്താരാഷ്ട്ര ഏജൻസികൾ, ലോകബാങ്ക് ഉൾപ്പെടെയുള്ള ധനകാര്യ ഏജൻസികൾ എന്നിവ നൽകാൻ തയ്യാറുള്ള സാമ്പത്തിക-സാങ്കേതിക സഹായവും സഹകരണവും കേരളത്തിന്റെ താല്പര്യം സംരക്ഷിച്ചുകൊണ്ട് പുനർനിർമ്മാണത്തിന് പരമാവധി പ്രയോജനപ്പെടുത്തുന്ന കാര്യത്തിൽ അനുകൂലമായ നിലപാട് സ്വീകരിക്കണമെന്നും കൂടുതൽ കേന്ദ്രസഹായം അനുവദിക്കണമെന്നും ഈ സഭ കേന്ദ്രസർക്കാരിനോട് അഭ്യർത്ഥിക്കുന്നു" എന്ന ഉപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു. ഉപക്ഷേപം പാസ്സാക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

മി. സ്പീക്കർ: ഉപക്ഷേപം പാസ്സാക്കണമെന്ന പ്രശ്നത്തെ. . .

അനുകൂലിക്കുന്നവർ.........

പ്രതികൂലിക്കുന്നവർ.........

ഉപക്ഷേപം സഭ ഐകകണ്ഠ്യേന പാസ്സാക്കി.

## IV പ്രമേയം

### സഭ അനിശ്ചിതകാലത്തേയ്ക്ക് പിരിയുന്നത് സംബന്ധിച്ച്

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, സഭ മുമ്പാകെ മറ്റ് അത്യാവശ്യ ബിസിനസ്സുകളൊന്നും ഇല്ലാത്തതിനാൽ സഭ അനിശ്ചിതകാലത്തേയ്ക്ക് പിരിയാവുന്നതാണ് എന്ന പ്രമേയം അവതരിപ്പിക്കുന്നു.

വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി (ശ്രീ. ഇ. പി. ജയരാജൻ): സർ, പ്രമേയത്തെ ഞാൻ പിന്താങ്ങുന്നു.

മി. സ്പീക്കർ: പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു.

ഓർഡർ.... ഓർഡർ....സഭ അനിശ്ചിത കാലത്തേയ്ക്ക് പിരിയുന്നു.

(ദേശീയഗാനാലാപനത്തോടെ വൈകുന്നേരം 5.45-ന് സഭ അനിശ്ചിത കാലത്തേയ്ക്ക് പിരിഞ്ഞു.)

## SECRETARIAT OF THE KERALA LEGISLATURE

NOTIFICATION

No.4847/Table-1/2018/Leg. Dated, Thiruvananthapuram, 31st August 2018.

In exercise of the powers conferred by sub-clause (a) of clause (2) of Article 174 of the Constitution of India, the Governor of the State of Kerala hereby prorogues the Twelfth Session of the Fourteenth Kerala Legislative Assembly with effect from August 30, 201 8 at the conclusion of its sitting.

ഇന്ത്യൻ ഭരണഘടനയുടെ 174-ാം അനുച്ഛേദം (2)-ാം ഖണ്ഡം (എ) ഉപഖണ്ഡപ്രകാരം നൽകപ്പെട്ട അധികാരങ്ങൾ വിനിയോഗിച്ച് കേരള സംസ്ഥാന ഗവർണ്ണർ പതിനാലാം കേരള നിയമസഭയുടെ പന്ത്രണ്ടാം സമ്മേളനം 2018 ആഗസ്റ്റ് 30-ാം തീയതി അതിന്റെ സമ്മേളനം അവസാനിച്ചതുമുതൽ സമാപിപ്പിച്ചിരിക്കുന്നു.

By order of the Governor,

V.K. Babu Prakash,
Secretary.

©
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
2022

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്.